B 986

# ശുക്രനീതി.

പി. വി. നാണുപിള്ള ബി. എ.

SREE KRISHNA VILASOM GRANDHASALA
9835
E986

# ശുക്രനീതി.

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYAKA VEEDU
MALAYINKIL

(പരിഭാഷ)

SREE KRISHNA VILASOM GRANDHASALA
...RUM
MALAYINKIL

പരിഭാഷകൻ,

പി. വി. നാണൂപിള്ള ബി. എ.

ഒന്നാംപതിപ്പ് കാപ്പി 500.

1114

874

വില രൂപാ 1. അണ. 8.

*All rights reserved.*

# ആമുഖം.

ശുക്രനീതിയുമായിട്ടു എനിക്കു ഒരു അരശ്ശതാബ്ദത്തിനു മേലുള്ള പരിചയം ഉണ്ടു്. എന്തെന്നാൽ 1887-ലെ എഫ്. എ. പരീക്ഷയ്ക്കു അതു എനിക്കു സംസ്കൃതത്തിലേ ഒരു പാഠ്യപുസ്തകം ആയിരുന്നു. എന്നാൽ പരീക്ഷയിൽ ജയിച്ച തിനുശേഷം എന്റെ പുസ്തകം ഒരു സ്നേഹിതൻ എടുത്തു കൊണ്ടുപോകയും പിന്നീടു തിരിയെ കിട്ടാതെ വരികയുംചെ യ്തിട്ടുണ്ടു്. തന്നിമിത്തം ഒട്ടുവളരെക്കാലം ശുക്രനീതിപുസ്തകം കാണുന്നതിനോ അതിനെ കൈകാര്യം ചെയ്യുന്നതിനോ എനിക്കു ഭാഗ്യംഉണ്ടായില്ല. പിന്നീടു ഞാൻ ശുക്രനീതി പുസ്ത കം കണ്ടതു എന്റെ സതീർത്ഥ്യരിൽ ഒരാളായ ശ്രീമാൻ എം. ആർ. നാരായണപിള്ള (റിട്ടയാർഡ്ജഡ്ജി) അവർകളുടെ വസതിയിൽവച്ചു ഏകദേശം നാലുവർഷത്തിനുമുമ്പാണു്. അന്നു ഞങ്ങൾ ഞങ്ങളുടെ ബാല്യകാലത്തേ അനുഭവങ്ങളെ പ്പററി സംസാരിച്ചുകൊണ്ടിരുന്നകൂട്ടത്തിൽ ഞങ്ങളുടെ സംസ്കൃതാചാര്യന്മാരെയും സംസ്കൃതഗ്രന്ഥങ്ങളെയുംപററിയും സംഭാഷണം ഉണ്ടായി. ആ അവസരത്തിൽ ശ്രീമാൻ നാരാ യണപിള്ള അവർകൾ 1887-ൽ പഠിച്ചതും സൂക്ഷിച്ചുവച്ചി രുന്നതും ആയ ശുക്രനീതിപുസ്തകം എടുത്തുകൊണ്ടുവരികയും അതിനെപ്പററി ഞങ്ങൾ ഓരോ സംഗതികൾ പറഞ്ഞു കൊണ്ടിരിക്കയുംചെയ്തു. ശുക്രനീതിയെപ്പോലെയുള്ള ഒരു വിശിഷ്ടഗ്രന്ഥം മലയാളത്തിൽ തർജ്ജമചെയ്യേണ്ടതിന്റെ

ആവശ്യത്തെപ്പററി ശ്രീമാൻ നാരായണപിള്ള അവർകഠം ആ പത്രത്തിൽ വളരെ ഔൽസുക്യത്തോടുകൂടി പ്രതിപാദിച്ചതുകൂടാതെ ആ ജോലി ഞാൻ കയ്യേല്ക്കണമെന്ന എന്നോടു ബലമായി ആവശ്യപ്പെട്ടുകൊണ്ടു പുസ്തകം എന്നേ ഏല്പിക്കയുംചെയ്തു.

അങ്ങിനെ എന്നേ ഏല്പിച്ച പുസ്തകം മൂന്നനാലുമാസം വരെ എൻെറ മേശമേൽ വൃഥാ കിടന്നു. പിന്നീടു നാരായണപിള്ളഅവൎകളുടെ അഭിലാഷം സാധിക്കാൻ കഴിയുമോ എന്നു ഒന്നു പരിക്ഷിച്ചുനോക്കണമെന്നു എനിക്കു തോന്നുകയും, തൽഫലമായി ആദ്യത്തേ ഏതാനും ശ്ലോകങ്ങഠം കേകാവൃത്തത്തിൽ ഞാൻ വിവൎത്തനംചെയ്കയുംചെയ്തു. അനന്തരം ആദ്യത്തേ അധ്യായം മുഴുവനും അതിനെത്തുടൎന്നു രണ്ടാം അധ്യായവും അതേവൃത്തത്തിൽ എഴുതി പൂൎത്തിയാക്കി. അതോടുകൂടി ഞങ്ങഠം ക്ലാസിൽ പഠിച്ച ഭാഗങ്ങഠം അവസാനിച്ചു. അതിൽപിന്നീടു മേലിൽ ഉണ്ടാകാവുന്ന വിഷമതകളെ ഒന്നും വകവയ്ക്കാതെ മൂന്നാമത്തേ അധ്യായം തുടങ്ങിഅതും, തുടൎന്നു നാലും അഞ്ചും അധ്യായങ്ങളും കേക, കാകളി എന്നീ വൃത്തങ്ങഠം യഥാവസരം ഉപയോഗിച്ചു പുസ്തകം മുഴുവനും എഴുതിതീൎത്തു.

ഇത്രയും കഴിഞ്ഞതിനുശേഷം, ഞാൻ എഴുതിയതിനെ ഒന്നു പരിശോധിപ്പിക്കുന്നതിനും ഒരു അവതാരിക എഴുതിക്കുന്നതിനും ആരോടു ആവശ്യപ്പെടാമെന്നു വിചാരിച്ചതിൽ രണ്ടു മഹാന്മാരുടെ പേരുകഠം എൻെറ മനസ്സിൽ ഉദിച്ചു. അവ (1) മഹാമഹിമശ്രീ മാവേലിക്കര ഉദയവൎമ്മ വലിയ

തമ്പുരാൻ തിരുമനസ്സിലെയും (2) മഹാമഹിമശ്രീ മാവേലിക്കര രാജരാജവർമ്മ തമ്പുരാൻ (റിട്ടയാർഡ് ദേവസ്വം കമ്മിഷണർ) തിരുമനസ്സിലേയും നാമങ്ങളാണ്. രണ്ടുപേരും എൻെറ സതീർത്ഥ്യന്മാരും ശുക്രനീതിപുസ്തകം എന്നോടൊന്നിച്ചു ഒരേ ക്ലാസിൽ പഠിച്ചവരും ആണ്. രണ്ടുപേരും ഒരുപോലെ യോഗ്യന്മാർ ആണെങ്കിലും മൂപ്പുമുറയ്ക്കു ഉദയവർമ്മ വലിയതമ്പുരാൻ തിരുമനസ്സിനേ സമീപിക്കാമെന്നു നിശ്ചയിച്ചു. അതനുസരിച്ചു അദ്ദേഹത്തെക്കണ്ടു കാര്യം അറിയിച്ചതിൽ എൻെറ അപേക്ഷയെ അദ്ദേഹം സദയം സ്വീകരിക്കയും പുസ്തകം പരിശോധിച്ചു ഏതാനും നിർദ്ദേശങ്ങൾ ആദ്യമായി നല്കുകയുംചെയ്തു. ആ നിർദ്ദേശങ്ങളെ ഞാൻ അതുപോലെ അനുസരിച്ചു. എന്നാൽ കുറച്ചു നാൾ മുമ്പു മുതൽ അദ്ദേഹത്തിനു പിടിപെട്ടിരുന്ന ദേഹാസ്വാസ്ഥ്യം നിമിത്തം അവതാരികഎഴുതിത്തരാൻ സ്വല്പം താമസംവന്നുപോയി. എങ്കിലും എൻെറ വീണ്ടുമുള്ള നിർബന്ധംനിമിത്തം അദ്ദേഹം ഏത്രയും വിലയേറിയതും പാണ്ഡിത്യദ്യോതകവും ആയ ഒരു അവതാരിക എഴുതി അയച്ചു എൻെറ അഭിലാഷം സാധിച്ചുതന്നു.

ആ അവതാരികയിൽനിന്നും ശുക്രനീതിയുടെ ഉൽപ്പത്തിയേയും അതിൽ അടങ്ങിയിരിക്കുന്ന വിവിധതരത്തിലുള്ള അറിവിനെയുംപററി ഒരു സാമാന്യജ്ഞാനം ഗ്രഹിക്കാവുന്നതാണ്. ശുക്രനീതിയെപ്പററി അറിയേണ്ട മിക്കകാര്യങ്ങളും അവതാരികയിൽ പ്രസ്താവിച്ചിട്ടുണ്ട്. ശുക്രനീതിയുടെ ഉത്ഭവകാലത്തെയും അതിൽ വിവരിച്ചിരിക്കുന്ന ആയുധനിർമ്മാ

ങ്ങളെയുംപററി പല അഭിപ്രായവ്യത്യാസങ്ങൾ ഉണ്ട്. അതുകൊണ്ടായിരിക്കാമെന്നു തോന്നുന്ന ആ സംഗതികളേപ്പററിഒന്നുംതന്നെ അവതാരികയിൽപ്രസ്താവിച്ചിട്ടില്ലാത്തതു്. ആ .വിഷയങ്ങളെപ്പററി വല്ലവിവരവും അറിയണമെന്നു് ആഗ്രഹമുള്ളവരോടു, മുമ്പു് മദ്രാസ് പ്രസിഡൻസി കാളേജിൽ സംസ്കൃതാചാര്യനായിരുന്ന പ്രൊഫസർ ഡാക്ടർ ആപ്പെർട്ട് (Oppert) അവർകളുടെ ശുക്രനീതി പുസ്തകത്തിലേ അവതാരിക വായിച്ചുനോക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

ശുക്രനീതി പുസ്തകം ഞങ്ങൾ പഠിക്കുന്നകാലത്തുതന്നെ അതിൽ അടങ്ങിയിരിക്കുന്ന നാനാപ്രകാരമുള്ള അറിവുകളെപ്പററി ഞങ്ങൾ തമ്മിൽതമ്മിൽ സംസാരിക്കാറുണ്ടായിരുന്നു. ഈ പുസ്തകം മലയാളത്തിൽ തർജ്ജമചെയ്തുകണ്ടാൽ കൊള്ളാമെന്നു ഞങ്ങൾക്കു അന്നുതന്നേ തോന്നിയിരുന്നു. അതു അനുസരിച്ചും കൂടിയാണു ശ്രീമാൻ നാരായണപിള്ള അവർകൾ എന്നെ ഈ ഉദ്യമത്തിലേക്കു പ്രേരിപ്പിച്ചതു്.

ഈ ഉദ്യമത്തിനു എന്നേപ്രേരിപ്പിച്ചതു ശ്രീമാൻ നാരായണപിള്ള അവർകൾ ആണെന്നു് ഇതിനു മുകളിൽ ഒന്നുരണ്ടുതവണ ഞാൻ പ്രസ്താവിച്ചുവല്ലോ. അദ്ദേഹത്തിന്റെ ബലമായ പ്രേരണ ഇല്ലായിരുന്നു എങ്കിൽ ഞാൻ ഈ പുസ്തകം തുടങ്ങുകതന്നെ ഇല്ലായിരുന്നു. ഏതായാലും ഇപ്പോൾ പുസ്തകം അച്ചടിച്ചു പുറത്തുവിടുന്ന അവസരത്തിൽ ആ വസ്തുത അറിയിക്കേണ്ടതു് എന്റെ കടമയാകുന്നു. അതിനാൽ ശ്രീമാൻ എം. ആർ. നാരായണപിള്ള അവർക

ളോട്ട് എനിക്കുള്ള നിഷ്കപടമായ കൃതജ്ഞതയെ ഞാൻ ഈ അവസരത്തിൽ ഒന്നാമതായി പ്രകാശിപ്പിച്ചുകൊള്ളുന്നു.

രണ്ടാമതായി, എൻെറ കയ്യെഴുത്തുഗ്രന്ഥം ആപാദചൂഡം ക്ഷമയോടുകൂടി പരിശോധിച്ചു ചില നിർദ്ദേശങ്ങൾ നൽകുകയും പിന്നീടു ദേഹാസ്വാസ്ഥ്യം ഉണ്ടായിരുന്നതിനെപ്പോലും ഗണിക്കാതെ എന്നോടുള്ള സതീർത്ഥ്യസ്നേഹത്തെ വിചാരിച്ചു ഏററവും വിജ്ഞാനപൂർണ്ണവും രസാവഹവും ആയ ഒരു അവതാരിക എഴുതിത്തന്നു എന്നെ പ്രോത്സാഹിപ്പിക്കയും ചെയ്തതിനു മഹാമഹിമശ്രീ ഉദയവർമ്മ വലിയതമ്പുരാൻ തിരുമനസ്സിനോടു എനിക്കുള്ള കൃതജ്ഞതയും നിർവ്യാജമായ ഭക്തിയും ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു. ഉദയവർമ്മ വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടു് ഇതിൽ ചെയ്തിട്ടുള്ള ശ്രമവും അദ്ദേഹത്തിൻെറ അപാരമായ വിദ്വത്വവും പ്രൌഢമായ അദ്ദേഹത്തിൻെറ അവതാരികയിൽ നിന്നും ഗ്രഹിക്കാവുന്നതാണു്.

മൂന്നാമതായി, ഞാൻ ഈ പുസ്തകം എഴുതിക്കൊണ്ടിരുന്നപ്പോൾ പല അവസരത്തിലും എൻെറ വസതിയിൽ വന്നു എന്നോടുകൂടിയിരുന്നു മൂലഗ്രന്ഥത്തിൽ ചിലെടത്തു എനിക്കു തോന്നിയിരുന്ന സംശയങ്ങൾ തീർത്തുതന്നതിലേക്കു അക്കാലത്തു വഞ്ചിപ്പുഴമഠത്തിൽ സംസ്കൃതാചാര്യനായിരുന്ന ബ്രഹ്മശ്രീ കൃഷ്ണശാസ്ത്രി അവർകളോടു് എനിക്കുള്ള ഹൃദയംഗമമായ നന്ദിയെ പ്രകടിപ്പിച്ചുകൊള്ളുന്നു.

അവസാനമായി, എൻെറ ഈ പുസ്തകം അച്ചടിക്കാൻ കൊടുത്തതിനുശേഷം, ഞാൻ ചെയ്ത അപേക്ഷയെ

യാതൊരു തക്കവുംപറയാതെ സസന്തോഷംസ്വീകരിച്ചു ഇതിൻെറപ്രൂഫ് കഴിയുന്നതും അവധാനപൂർവ്വം പരിശോധിച്ചും മററും എന്നെ സഹായിച്ചതിലേക്കു എൻെറ മാന്യസ്നേഹിതനും തിരുവനന്തപുരം ആർട്ട്സ്കാളേജിൽ ദ്രാവിഡഭാഷാ സൂപ്രണ്ടായിരുന്നു റിട്ടയാർചെയ്ത ദേഹവുമായ ബ്രഹ്മശ്രീ സി. എൻ. എ. രാമയ്യാശാസ്ത്രി അവർകളോട്ട് എനിക്കുണ്ടായിട്ടുള്ള യഥാർത്ഥമായ കൃതജ്ഞതയേയും ഇവിടെ പ്രദർശിപ്പിച്ചുകൊള്ളുന്നു.

ശുക്രനീതിസാരം പുസ്തകം വിപുലവും വിവിധതരത്തിലുള്ള അറിവുകരം അവിടവിടെ ചിതറിക്കിടക്കുന്നതും ആയ ഒരു ഗ്രന്ഥമാകയാൽ മുഴുവൻ ഗ്രന്ഥവും വായിച്ചു നോക്കാൻ പലക്കും ക്ഷമ ഉണ്ടായില്ല എന്നുവന്നേക്കാം. അങ്ങിനേയുള്ള ആളുകളെ പ്രത്യേകമായും വായനക്കാരുടെ സൌകര്യത്തെ പൊതുവായും ഉദ്ദേശിച്ചു മിക്ക അദ്ധ്യായങ്ങളുടേയും പ്രകരണങ്ങളുടെയും മുമ്പിലായി വരിക്രമത്തിലുള്ള ഒരു സംഗതിവിവരസംഗ്രഹം ചേത്തിട്ടുള്ളതാകുന്നു. * അകാരാദിക്രമത്തിനു ഒരു സൂചീപത്രംക്രുടി ചേക്കണമെന്നു് എനിക്കു് ആഗ്രഹം ഉണ്ടായിരുന്നു എങ്കിലും അതിനു തൽക്കാലം സാധിക്കാത്തതിൽ വ്യസനിക്കുന്നു.

ഈ ഗ്രന്ഥം ശുക്രമഹഷി എഴുതിയിട്ടുള്ള നീതിശാസ്ത്രത്തിൻെറ ഒരു സംഗ്രഹം മാത്രമാകയാൽ ഇതിനു ശുക്രനീതിസാരമെന്നാണു് മൂലത്തിൽ പേരു കൊടുത്തിട്ടുള്ളതു്.

---

* വരിക്രമത്തിൽ അവിടവിടെ രണ്ടോ നാലോ വരികളുടെ വ്യത്യാസങ്ങരം വന്നുപോയിട്ടുണ്ടു്.

വേറെ ശുക്രനീതിപുസ്തകം ഇല്ലാത്തതുകൊണ്ടും സാധാരണയായിട്ടു ഇതിനെ ശുക്രനീതിട്ട എന്നുമാത്രം പറഞ്ഞുവരുന്നതിനെ ഓത്തും എന്റെ വിവത്തനത്തിൽ ഇതിനു ശുക്രനീതി എന്ന പേരു മാത്രമേ കൊടുത്തിട്ടുള്ളു.

എന്റെ ഈ വിനിതമായ ഉദ്യമത്തിൽ വല്ല തെററുകളോ സ്ഖലിതങ്ങളോ വന്നുപോയിരിക്കാൻ ഇടയുണ്ടാകാം അതെല്ലാം പണ്ഡിതന്മാരായ വായനക്കാർ സദയം പൊറുത്തുകൊള്ളുമെന്നു ഞാൻ വിശ്വസിക്കുന്നു. സാരമായ വല്ല തെററുകളും ചൂണ്ടിക്കാണിച്ചുതന്നാൽ അടുത്ത പതിപ്പിൽ ശരിപ്പെടുത്തുന്നതിനു ഞാൻ തയാറാണ്.

ഈ പുസ്തകം സഹൃദയന്മാരായ സകല ആളുകളും സദയം വായിച്ചുനോക്കുന്നതുതന്നേ എനിക്കു കൃതാർത്ഥത നൽകുന്നതാകയാൽ അപ്രകാരം ചെയ്യണമെന്നുള്ള അപേക്ഷയോടുകൂടി ഈ ആമുഖം ഉപസംഹരിച്ചുകൊള്ളുന്നു.

ഗ്രന്ഥകത്താ.

ശ്രീ

# അവതാരിക.

E 486

മിസ്റ്റർ പി. വി. നാണുപിള്ളയും ഞാനും ഒരുമിച്ചു തിരുവനന്തപുരം കാളേജിൽ വിദ്യാഭ്യാസം ചെയ്തുകൊണ്ടിരുന്ന കാലത്തു ഞങ്ങൾ "ശുക്രനീതി"യുടെ ഒരു ഭാഗം പഠിച്ചിരുന്നു. ഇഗ്ഗ്രന്ഥം ഒരു വിജ്ഞാനനിധിതന്നെയാണെന്നു ഞങ്ങൾ പറഞ്ഞുകൊണ്ടിരുന്നു. അദ്ദേഹം അതിനെ കേരളഭാഷാഗാനമായി വിവർത്തനം ചെയ്തതിന്റെ ശേഷം അദ്ദേഹത്തിന്റെ കൃതിക്കു ഞാൻ ഒരു അവതാരിക എഴുതിക്കൊടുക്കണമെന്നു് അപേക്ഷിച്ചു. അതിന്നു മതിയായ യോഗ്യതയുള്ള പണ്ഡിതന്മാർ ഇരിക്കേ എന്നോടു അപേക്ഷിക്കാനുള്ള കാരണം സതീർത്ഥ്യസ്നേഹംതന്നെയാണെന്നു ഞാൻ വിചാരിക്കുന്നു. എന്റെ സുഹൃത്തിന്റെ അപേക്ഷയെ നിരസിക്കുന്നതു് അദാക്ഷിണ്യമാണെന്നു തോന്നിയതിനാൽ ഞാൻ ആ ഭാരം ഏറ്റു. എന്നാൽ എന്റെ ശരീരാസ്വാസ്ഥ്യംകൊണ്ടു് അവതാരിക എഴുതിക്കൊടുക്കുന്ന കാര്യത്തിൽ വന്നുപോയ വിളംബത്തെ മിസ്റ്റർ നാണുപിള്ള സദയം ക്ഷമിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

ദുഷ്ടനിഗ്രഹവും ശിഷ്ടപരിപാലനവും ചെയ്വാൻ ഉപദേശിക്കുന്ന ശാസ്ത്രം ദണ്ഡനീതി എന്നുപറയപ്പെടുന്നു. രാജാവിന്റെ മുഖ്യമായ ധർമ്മം പ്രജാപരിപാലനവും ദുഷ്ടനിഗ്രഹണവുംആയതിനാൽ ദണ്ഡനീതിയെ രാജനീതിവിദ്യയെന്നു

അഭിജ്ഞന്മാർ നാമകരണം ചെയ്തിട്ടുണ്ടു്. സ്വധർമ്മത്തെ വിധിപ്രകാരം അനുഷ്ഠിക്കുന്ന രാജാക്കന്മാൎക്കു ഭൂഹിരണ്യാദിയായ അൎത്ഥത്തെ സമ്പാദിക്കുവാനും രക്ഷിക്കുവാനും രാജനീതിവിദ്യ ഉപായഭൂതമായ ശാസ്ത്രമാകയാൽ ഇതിനെ അൎത്ഥശാസ്ത്രം എന്നും വ്യവഹരിക്കുന്നുണ്ടു്.

"മഹാഭാരതം" ശാന്തിപർവ്വത്തിൽ "ദണ്ഡനീതി" ഉത്ഭവിക്കാനുണ്ടായ കാരണം വിവരിച്ചുകാണുന്നു. പണ്ടു കൃതയുഗത്തിൽ രാജാവും രാജ്യവും ഇല്ലായിരുന്നു. ദണ്ഡവും ദണ്ഡ്യനും ഉണ്ടായിരുന്നില്ല. മനുഷ്യർ ധാർമ്മികന്മാരും സത്യവാന്മാരും ആയിരുന്നു. കാലക്രമേണ അവർ കാമക്രോധാദികൾക്കു അധീനന്മാരായി തീൎന്നു. അതിനാൽ അധർമ്മം ഭൂമിയിൽ പരന്നു. യാഗങ്ങൾ മുടങ്ങി. അപ്പോൾ ദേവന്മാർ ബ്രഹ്മാവിനെ കണ്ടു വിവരങ്ങളെല്ലാം ഗ്രഹിപ്പിച്ചു. ന്യായത്തെ ഉപദേശിക്കാനും ശിക്ഷാർഹന്മാരെ ശിക്ഷിക്കാനും ഒരു ചുമതലക്കാരൻ അല്ലെങ്കിൽ അധിപതി ഉണ്ടായിരിക്കേണ്ടതു് ആവശ്യമാണെന്നു കണ്ടതിനാൽ ബ്രഹ്മാവു രാജാധികാരം സ്ഥാപിച്ചു ഭൂലോകവാസികളെ ബലവാന്റെ ആക്രമണങ്ങളിൽനിന്നു രക്ഷിക്കാനുതകുന്ന ഉപദേശങ്ങൾ നൽകുന്നതിലേക്കു "ദണ്ഡനീതി" എന്നശാസ്ത്രം രചിച്ചു. ബ്രഹ്മാവിന്റെ ഗ്രന്ഥത്തിൽ നൂറായിരം അധ്യായങ്ങൾ ഉണ്ടായിരുന്നു. ശങ്കരൻ അതിനെ സംക്ഷേപിച്ചു 10000 അധ്യായങ്ങളിൽ "വൈശാലാക്ഷം" എന്ന ഗ്രന്ഥം ഉണ്ടാക്കി. ഇന്ദ്രൻ അതിനെ സംക്ഷേപിച്ചു 5000 അധ്യായങ്ങളിൽ "ബാഹുദണ്ഡകം" എന്ന ഗ്രന്ഥം നിർമ്മിച്ചു. ഇതിനെയും സംക്ഷേ

പിച്ചു ബൃഹസ്പതി 3000 അദ്ധ്യായങ്ങളിൽ "ബാർഹസ്പത്യം" എന്ന ഗ്രന്ഥം ഉണ്ടാക്കി. ഇതും വായിച്ചു ഗ്രഹിപ്പാൻ കൃച്ഛ്റസാദ്ധ്യമെന്നു കണ്ടു ശുക്രൻ 1000 അദ്ധ്യായങ്ങളിൽ "ഔശനസം" എന്ന സംക്ഷിപ്ത ഗ്രന്ഥം രചിച്ചു. "മഹാഭാരത"ത്തിൽ കാണുന്നതിപ്രകാരമാണു്. എന്നാൽ "ശുക്രനീതിസാര"ത്തിൻെറ ആരംഭത്തിൽ ബ്രഹ്മാവു ലോകഹിതത്തിനായിക്കൊണ്ടു ശതലക്ഷശ്ലോകമിതമായ നീതിശാസ്ത്രത്തെ രചിച്ചു എന്നും വസിഷ്ഠാദികളായ ഞങ്ങൾ അതിൻെറ സാരത്തെ സംഗ്രഹിച്ചു് പ്രത്യേകം ഗ്രന്ഥങ്ങൾ ഉണ്ടാക്കി എന്നുമാണു് ശുക്രാചാൎയ്യർ പറഞ്ഞിരിക്കുന്നതു്.

"ശുക്രനീതിസാരം" "ഔശനസ"ത്തിൻെറ ഒരു സംക്ഷേപമാകുന്നു, ഗ്രന്ഥകാരൻെറ നാമം അജ്ഞാതമായിരിക്കുന്നു. ആരായിരുന്നാലും "ഔശനസ"ത്തെ മഥനംചെയ്തു സാരാംശങ്ങളെ ഇണക്കിച്ചേൎത്തു ഈ വിശിഷ്ടഗ്രന്ഥം ലോകോപകാരത്തിനായി പ്രചരിപ്പിച്ച പണ്ഡിതൻ മഹാമനസ്കൻതന്നെ. 4-ാം അദ്ധ്യായത്തിൻെറ അവസാനത്തിൽ പറഞ്ഞിരിക്കുന്നതു നോക്കുമ്പോൾ ഇതിൽ 2200 ശ്ലോകങ്ങൾ അടങ്ങിയിരിക്കാനേ സംഗതിയുള്ളു. എന്നാൽ ഇതിൽ 2766 ശ്ലോകങ്ങൾ ഉണ്ടെന്നു Dr. Oppert എണ്ണിക്കണ്ടിരിക്കുന്നു. കൂടുതലായി കാണുന്ന 566 ശ്ലോകങ്ങൾ പ്രകൃതത്തിനു യോജിച്ച വിധം മററാരോ ഗ്രന്ഥങ്ങളിൽനിന്നും ഉദ്ധരിച്ചു ചേൎത്തിട്ടുള്ളവ ആയിരിക്കാം. ശുക്രനീതിസാരത്തിലുള്ള ശ്ലോകങ്ങൾ തന്നെ "മഹാഭാരത"ത്തിലും, "ഹരിവംശ"ത്തിലും, "പഞ്ചതന്ത്ര"ത്തിലും, "കാമന്ദകീയ"ത്തിലും ഉണ്ടെന്നു് ഡാക്ടർ

ആപ്പെട്ടിൻെറ പരിശോധനയിൽ തെളിഞ്ഞിട്ടുണ്ട്. ഈ ഗ്രന്ഥത്തിലേ ശ്ലോകങ്ങളോട് ആശയസാമ്യമുള്ള ശ്ലോകങ്ങൾ "മനുസ്മൃതി"യിലും "യാജ്ഞവല്ക്യ"ത്തിലും "ബൃഹൽസംഹിത"യിലും "വസിഷ്ഠസ്മൃതി"യിലും ഉണ്ട്. അഷ്ടാംഗഹൃദയത്തിലേ ആചാരാദ്ധ്യായത്തിലുള്ള മിക്ക ശ്ലോകങ്ങളും "ശുക്രനീതിസാര"ത്തിൽ ഉണ്ട്. "അഷ്ടാംഗഹൃദയം" "ശുക്രനീതിസാര"ത്തെ ഉപജീവിച്ചോ "ശുക്രനീതിസാരം" "അഷ്ടാംഗഹൃദയ"ത്തെ ഉപജീവിച്ചോ എന്നറിയാൻ പ്രയാസമാകുന്നു. വിഷദുഷ്ടമായ അന്നത്തെ പരിക്ഷിക്കാനുള്ള ഉപായങ്ങൾ "ശുക്രനീതിസാര"ത്തിലും "അഷ്ടാംഗഹൃദയ"ത്തിലും വിവരിക്കപ്പെട്ടുകാണുന്നു. "മഹാഭാരത"ത്തിലും "കാമന്ദകീയ"ത്തിലും "നീതിപ്രകാശിക"യിലും "പരാശരസ്മൃതി"യിലും ശുക്രനീതിയെപ്പററിയുള്ള പ്രസ്താവമുണ്ട്. "ശുക്രനീതി"ക്കു വിപുലമായ പ്രാമാണ്യം സിദ്ധിച്ചിരുന്നു എന്നു മേല്പറഞ്ഞ സംഗതികൾ സാക്ഷീകരിക്കുന്നു.

അധികം പ്രചാരം സിദ്ധിച്ചിട്ടുള്ള നീതിശാസ്ത്രങ്ങൾ മൂന്നാകുന്നു. (1) കൌടലീയം (2) കാമന്ദകീയം (3) ശുക്രനീതിസാരം.

സുരഗുരുവായ ബൃഹസ്പത്യാചാൎയ്യരേയും അസുരഗുരുവായ ശുക്രാചാൎയ്യരേയും വന്ദിച്ചുകൊണ്ടാണു കൌടല്യൻ അർത്ഥശാസ്ത്രം ആരംഭിച്ചിരിക്കുന്നതു്. ചാണക്യൻെറ ഗ്രന്ഥത്തിൽ വിദ്യാസമുദ്ദേശം, വൃദ്ധസംയോഗം, ഇന്ദ്രിയജയം, അമാത്യോൽപ്പത്തി, രാജലക്ഷണം, രാജഗുണങ്ങൾ, ഗൂഢപുരുഷലക്ഷണം, കോശരക്ഷ, സൈന്യസ്ഥിതി, അശ്വഗജപദാത്യാദികളുടെ ലക്ഷണം, ആയുധങ്ങൾ മുതലായി ഒരു രാജാവു ഗ്രഹിച്ചിരിക്കേണ്ട സകലകാൎയ്യങ്ങളേയും ക്രൂലങ്ക

ഷമായി വിവരിച്ചിട്ടുണ്ട്. ചാണക്യൻ തൻെറ പൂർവ്വപക്ഷങ്ങളെ ഉപക്ഷേപിക്കയും സിദ്ധാന്തങ്ങളെ സ്ഥാപിക്കയും ചെയ്യുമ്പോൾ ഒരു അധാർമ്മികനാണെന്നു തോന്നത്തക്കവിധത്തിൽ രാജനീതിനൈപുണ്യത്തെ പ്രകടിപ്പിച്ചിരിക്കുന്നു.

"കാമന്ദകീയം" "കൌടലീയ"ത്തിൻെറ സംക്ഷേപമാകുന്നു. 180 പ്രകരണങ്ങളിൽ വിസ്തരിച്ചിട്ടുള്ള നീതിവിദ്യയെ കാമന്ദകൻ 36 പ്രകരണങ്ങളിൽ സംഗ്രഹിച്ചു.

"ശുക്രനീതിസാര"ത്തിൽ മററു രണ്ടു ഗ്രന്ഥങ്ങളുടെ പരിധിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത പല കാര്യങ്ങളും വർണ്ണിക്കപ്പെട്ടിട്ടുണ്ട്. ദേവാലയങ്ങൾ, പ്രതിമകൾ, മൂർത്തികളുടെ വാഹനങ്ങൾ, പ്രത്യേകിച്ചു ഗണപതിവിഗ്രഹം ഇവകളുടെ നിർമ്മാണവ്യവസ്ഥ, പ്രതിമകളുടെ സപ്തതാലാദിവ്യവസ്ഥ, ആയുധങ്ങളുടെ നിർമ്മാണരീതി, ചെമ്പു മുതലായ ലോഹങ്ങൾ തമ്മിൽചേരുമ്പോൾ ഉണ്ടാകുന്ന വികാരങ്ങൾ, വെടിമരുന്നുണ്ടാക്കാൻ ചേർക്കേണ്ട സാധനങ്ങളും അവയുടെ മാത്രകളും, അസ്ത്രപ്രയോഗത്തിൻെറ അടവു, യുദ്ധത്തിനുള്ളകാലം, ശത്രുവെ എതിക്കാൻ അഞ്ചുവിധത്തിലുള്ള യാത്രകൾ, സൈനികപരിശീലനം മുതലായ പലവിഷയങ്ങളെ വിശദമായും സൂക്ഷ്മമായും വിവരിച്ചിട്ടുണ്ട്.

മന്ത്രാലോചനയുടെ സ്വഭാവം ഇതിൽ വിസ്തരിച്ചു കാണിച്ചിട്ടുണ്ട്. സഭയിൽ അദ്ധ്യക്ഷൻ രാജാവായിരുന്നു. രാജാവു എല്ലായ്പ്പോഴും യുവരാജാവിനോടും ബ്രാഹ്മണരോടും മന്ത്രജ്ഞന്മാരായ മററു മന്ത്രിമാരോടും സഭയിൽ പ്രവേശിച്ചു് ധർമ്മാസനത്തിലിരുന്നു ധർമ്മനിഷ്ഠയാ കാര്യങ്ങൾ

കേൾക്കണം. ജാതിധർമ്മം, കുലധർമ്മം, നാട്ടുധർമ്മം, ശ്രേണിധർമ്മം ഇതുകൾ നോക്കി സ്വധർമ്മം പാലിക്കണം. ദേശങ്ങൾ, ജാതികൾ, കുലങ്ങൾ ഇവ പണ്ടേ ആചരിച്ചു പോന്ന ധർമ്മങ്ങളെ രാജാവു പാലിക്കതന്നെ ചെയ്യണം. രാജാവു തനിച്ചോ മന്ത്രി തനിച്ചോ വിചാരണ ചെയ്യുന്ന സമ്പ്രദായം ഇല്ലായിരുന്നു. രാജസഭയിൽ പ്രാജ്ഞന്മാരും വൃത്തശീലഗുണസമ്പന്നന്മാരും ആയ എല്ലാ ജാതിയിലുമുള്ളവരേയും അംഗങ്ങളായി നിയമിച്ചുവന്നു. സഭ്യന്മാർ, അധികാരികൾ, പ്രകൃതികൾ ഇവരോട്ട് ആലോചിച്ചു രാജാവു കാര്യങ്ങളെ നടത്തിവന്നിരുന്നു. യുവരാജാവും മന്ത്രിവർഗ്ഗവും രാജാവിൻെറ ഭുജയുഗളവും ശ്രവണനയനങ്ങളും ആയിരുന്നു. ഇപ്രകാരം യോഗംകൂടി രാജ്യകാര്യങ്ങളെ തീരുമാനിക്കുന്ന വ്യവസ്ഥ പ്രജാസഞ്ചയത്തിനു എത്രയോ ആശ്വാസപ്രദവും പൊതുവേ രാജ്യത്തിൽ ക്ഷേമൈശ്വര്യങ്ങളെ പുലർത്തുന്നതിനുള്ള ഉപായവുമായിരുന്നു

"ശുക്രനീതിസാരം" ബ്രാഹ്മണനു ശ്രേഷ്ഠത്വം കല്പിക്കയും അതു ജന്മനാ സിദ്ധിക്കുന്നതല്ലെന്നു നിർദ്ദേശിക്കയും ചെയ്യുന്നു. ജ്ഞാനകർമ്മോപാസനകളോടുകൂടെ ദേവാരാധനതൽപ്പരനായും ശാന്തനായും ദാന്തനായും ദയാലുവായും ഇരിക്കുന്നവനാണു ബ്രാഹ്മണൻ. വന്ദ്യന്മാരും പക്ഷപാതരാഹിത്യാദി സൽഗുണങ്ങളുള്ളവരും ആയ ബ്രാഹ്മണരെ രാജാവിൻെറ മന്ത്രിമാരായും ഗ്രാമപന്മാരായും നിയമിച്ചുകൊണ്ടിരുന്നു.

ഈ നീതിസാരത്തിലുള്ള ചില പഴയ വ്യവസ്ഥകളെ അറിയുന്നതു രസാവഹമായിരിക്കും:—

1. ഒരു ഭൃത്യനു ആണ്ടിൽ 15 ദിവസത്തെ ഒഴിവു കൊടുക്കണം.

2. 40 വർഷം ജോലിചെയ്ത ഭൃത്യന്മാരെ അടുത്തൂൺ കൊടുത്തു പിരിക്കയും അവക്കു ശമ്പളത്തിൽ പകുതി അടുത്തൂൺ കൊടുകയും ചെയ്യണം.

3. ഗ്രാമത്തിൽ കാവൽനില്ക്കുന്ന ഭൃത്യന്മാരുടെ ശമ്പളം ഗേഹവാസികളെക്കൊണ്ടു കൊടുപ്പിക്കണം.

4. യുദ്ധത്തിനു പുറപ്പെടുന്ന ഭൃത്യന്മാക്കു കാൽപങ്കു ശമ്പളം കൂടുതലായി കൊടുക്കണം

5. രാജാവിന്റെ സ്യാലന്മാരെയും ബന്ധുക്കളേയും സേനാപതിയായി നിയമിക്കണം.

6. രാജാവു നിത്യവും വ്യൂഹാദിവിദ്യ അഭ്യസിച്ചുകൊണ്ടിരിക്കണം.

7. ബ്രാഹ്മണർ ദണ്ഡാർഹന്മാരല്ലാത്തതിനാൽ വലിയ കുററം ചെയ്യുന്നവരെ നാടുകടത്തണം.

8. ഗുരുതരമായ കുററത്തിനു പിഴ 1000 പണം ആയിരിക്കണം. ഒരു പണം രാജമുദ്രാങ്കിതമായ ഒരു ചെമ്പുതുട്ടായിരുന്നു. തൂക്കം പത്തുമാഷവുമായിരുന്നു.

9. മാർഗ്ഗങ്ങൾ ആണ്ടുതോറും ചരലിട്ടു ഉറപ്പിക്കയും ആ ജോലി പാറാപ്പുള്ളികളെക്കൊണ്ടു നടത്തിക്കയുംവേണം.

10. കെട്ടിടങ്ങൾക്കു കരം ചുമത്തണം.

11. പലിശയ്ക്കു പലിശ വാങ്ങി പ്രജകളെ ദ്രോഹിക്കുന്ന മുതലാളന്മാരെ ശിക്ഷിക്കണം.

12. ധർമ്മശാസ്ത്രവും അർത്ഥശാസ്ത്രവും തമ്മിൽ വിപ്രതിപത്തിയുണ്ടായാൽ ധർമ്മശാസ്ത്രത്തെ അനുസരിച്ചു കൊള്ളണം.

"ശുക്രനീതിസാര"ത്തിൽ അമൂല്യങ്ങളായ വളരെ സൂക്തിരത്നങ്ങൾ നിക്ഷിപ്തങ്ങളായിട്ടുണ്ട്. ഉദാഹരണമായി ചില സൂക്തികളെ എടുത്തുകാണിക്കാം:—

1. ജാതിയും കുലമതും ലക്ഷ്യമാക്കിയാൽ പോരാ
ശീലവും പ്രവൃത്തിയും ഗുണവും നോക്കിടണം.
2. ചൊല്ലുന്ന പുണ്യങ്ങളിലൊക്കെയും പുണ്യമായി
ചൊല്ലെഴും പരോപകാരത്തെയും സത്യത്തെയും.
3. ആയവും വ്യയങ്ങളും കുറിക്കും ലേഖകന്മാർ
ആവോളം ന്യൂനാധിക്യം ഭവിക്കാതിരിക്കുവാൻ
ദ്രവ്യങ്ങൾ കൊടുപ്പതു കുറിച്ചുംകൊണ്ടുവേണം
ദ്രവ്യങ്ങളെടുപ്പതും കുറിച്ചുംകൊണ്ടുതന്നെ.
4. നാട്ടിലധർമ്മം പുലർത്തി വസിച്ചിട്ടും
മിത്രത്തിനോ ഗുരുഭ്രാതനോ പുത്രനോ
രക്ഷണം നൽകൊലാ ഭൂപൻ ശരണ്യവും.
5. സൽഗുണമായതു ശത്രുവിൽ കാൺകിലും
സൽക്കാരമോടേ ഗ്രഹിച്ചുകൊണ്ടിടണം
ദുർഗ്ഗുണം തൻെറ ഗുരുതന്നെയാകിലും
ഉൾക്കൊണ്ടുകണ്ടാലുടനേ വെടിയണം.
6. പേർത്തും പരിക്ഷിച്ചനുഭൂതനാകിയോ-
രാപ്തനെ മാത്രമേ നമ്പാവു പാരിതിൽ.
7. ആക്കം പരാധിനമാക്കിച്ചമയ്ക്കൊലാ

ലാക്കിൽ തരുണി, ധനം, പുസ്തകമിവ
കിട്ടിയാൽതന്നെയും വീണ്ടും വിധിവശാൽ
ഭ്രഷ്ടയായ്, നഷ്ടമായ്, മർദ്ദിതമായ്‌വരും.

8. എല്ലാധനത്തിലും വിദ്യാധനം വരം
കില്ലില്ല നൽകിയാൽ നിത്യം വളൎന്നിടും
എള്ളോളവുമതു ഭാരമായ് വന്നിടാ
തെല്ലമൊരുവനും കൊണ്ടുകടന്നിടാ.

9. സൎപ്പമശിച്ച പയസ്സു വിഷത്തിനു
പററീടുമല്ലാതമൃതത്തിനായിടാ.

10. ഒരിക്കലൊരാൾതന്നോരന്നത്തെബ്ഭക്ഷിച്ചാകിൽ
ത്യജിച്ചുകൊണ്ടീടണം പ്രാണനുമവനായി.

'ശുക്രനീതിസാരം' വിജ്ഞാനപ്രദമായ ഒരു ഉത്തമ ഗ്രന്ഥമാകുന്നു. ഇതു രാജാക്കന്മാൎക്കുമാത്രമല്ല, ലോകയാത്ര ചെയ്യുന്നവൎക്കെല്ലാം മാൎഗ്ഗദൎശിയായി തീരുന്നതാണു്. കൃതിയുടെ രുചി അറിയിക്കാനായി ഇതിൽ പ്രതിപാദിച്ചിട്ടുള്ള വിഷയങ്ങളിൽ ചിലതിനെപ്പററി ഞാൻ അല്പം പ്രസ്താവിക്കയും ചില ഉദാഹരണങ്ങൾ എടുത്തുകാണിക്കയും ചെയ്തു. ഗ്രന്ഥത്തിന്റെ സാരസ്യം അറിഞ്ഞു ജനങ്ങളെല്ലാം മുഴുവൻ വായിച്ചു ഗ്രഹിക്കാൻ കുതുകിതഹൃദയരായി തീരുമെന്നു ഞാൻ വിശ്വസിക്കുന്നു. മുമ്പിൽ തിരുവിതാംകൂർ രാജ്യത്തിൽ ന്യായാലയങ്ങളിൽ ഒരു ശാസ്ത്രിയെക്കൂടെ ജഡ്ജിയായി നിയമിച്ചുകൊണ്ടിരുന്നു എന്നു് ഇദാനീന്തനന്മാൎക്കു് അറിയാൻ ഇടയായിട്ടില്ലായിരിക്കാം. പാശ്ചാത്യ ഭരണസമ്പ്രദായം പ്രയോഗത്തിൽ വന്നതോടുകൂടെ ആ വ്യവസ്ഥ ലുപ്തമായി

പ്പോയി. ഇപ്പോഴത്തെ വിദ്യാഭ്യാസരീതിയിൽ സന്മാർഗ്ഗ പാഠത്തിനു പ്രസക്തിയില്ല. ഈ നീതിസാരത്തിന്റെ ചില ഭാഗങ്ങൾ വിദ്യാർത്ഥികളെ പഠിപ്പിക്കാൻ ഏർപ്പാടുണ്ടായി രുന്നാൽ അവർ സൽസ്വഭാവികളും വിവേകികളും ആയി വളർന്നുവരാൻ സംഗതിയാകും. നീതിശാസ്ത്രം സർവ്വാ-ഭീഷ്ടകരവും സർവ്വസമ്മതവും ധർമ്മാർത്ഥകാമമൂലവും മോക്ഷപ്രദവും ആണെന്നു ഗ്രന്ഥത്തിൽ സ്ഥാപിച്ചിട്ടുള്ളതു പരമാർത്ഥമാകുന്നു.

സരളമായ കേരളഭാഷയിൽ സുഗ്രഹമാകുംവണ്ണം "ശുക്ര നീതി"സാരം എന്ന മഹാഗ്രന്ഥത്തെ വിജയപൂർവ്വം വിവർത്ത നംചെയ്വാൻ സാധിച്ചതിൽ ഞാൻ മിസ്റ്റർ നാണുപിള്ളയെ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. നീതി എന്തെന്നോ നീതി മാൻ ആരെന്നോ സൂക്ഷ്മമായി അറിയുന്നവർ ഇക്കാലത്തു ചുരുക്കംതന്നെ. കേരളഭാഷയിൽ നീതിശാസ്ത്രം ഉണ്ടോ എന്നു സംശയമാകുന്നു. സംസ്കൃതഭാഷ അഭ്യസിച്ചിട്ടില്ലാത്ത സാമാന്യജനങ്ങൾക്കു മൂലഗ്രന്ഥം വായിച്ചു ഗ്രഹിക്കാൻ സാധിക്കയില്ല. അതിനാൽ മിസ്റ്റർ നാണുപിള്ള വലുതായ ഉപകാരമാണു ചെയ്തതു്. ഉദ്യോഗമൊഴിഞ്ഞതിന്റെ ശേഷം ലഭിച്ച വിശ്രമസമയത്തെ ഇപ്രകാരം മഹത്തും സ്തുത്യർഹവു മായ ഒരു കാര്യത്തിൽ വിനിയോഗിച്ചു ജയംനേടിയ മിസ്റ്റർ നാണുപിള്ളയോടു കേരളീയർ എക്കാലവും കടപ്പെട്ടിരിക്കു മെന്നു ധൈര്യസമേതം അഭിപ്രായപ്പെട്ടുകൊണ്ടു് ഞാൻ ഈ പുസ്തകത്തെ സജ്ജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

തിരുവനന്തപുരം,
11-6-114.

എം. ഉദയവർമ്മ (ഒപ്പ്)

RAO SAHIB MAHA KAVI ULLUR
S. PARAMESWARA AIYAR M. A., B. L.
*(Retired Dewan Peishkar)*
HONORARY DIRECTOR
HUZUR CENTRAL VERNACULAR RECORDS

"SARADANIKETAN"
JAGATI
TRIVANDRUM

# OPINION.

I have perused portions of the Malayalam translation of Sukraniti by Mr. P. V. Nanoo Pillai B. A. Sukraniti is one of the classics of politico-economic literature in Sanskrit and is well-known for its comprehensive sweep and catholicity of views. The only translation in Malayalam, so far, of this great work is that of Sri Paliyat Kunjunni Achchan written in Sanskrit metres. Only two Adhyayas of his translation have been published. Mr. Nanoo Pillai has now presented the whole of the work in Malayalam verse composed in Kilippattu metres, and I warmly congratulate him on the success which has undoubtedly crowned his effort in this respect. Mr. Nanoo Pillai's book is a valuable addition to Malayalam Literature. Mr. Nanoo Pillai is a well-known Malayalam Scholar with more than one good book to his credit, and his present work is sure to enhance his reputation as an author. His Sukraniti deserves every encouragement. The price fixed, viz., one and a half rupees, is extremely low, considering the size of the volume which goes up to about 400 pages.

(Sd) S. Parameswara Aiyar.
15—2—1939.

# ശുക്രനീതി.

## ഒന്നാം അദ്ധ്യായത്തിന്റെ സംഗതിവിവരം
## (വരിക്രമത്തിനു്)

൧-മുതൽ ൩൮-വരെ വരികൾ. നീതിശാസ്ത്രത്തിന്റെ ഉല്പത്തിയും മാഹാത്മ്യവും, മററു ശാസ്ത്രങ്ങളുമായി ഉപമിക്കുമ്പോൾ അതിന്റെ അനിവാൎയ്യമായ ആവശ്യവും.

൩൯—൫൦. ദേഹികൾക്കു ദേഹരക്ഷയ്ക്കു ആഹാരമെന്നതു പോലെ മനുഷ്യന്റെ സകല വ്യാപാരചേഷ്ടാദികളുടേയും രക്ഷയ്ക്കു നീതിശാസ്ത്രം ആവശ്യമാണു്. നീതിഹീനനു ശത്രുക്കൾ ഉണ്ടാകും; കണ്ടമാനം ഭക്ഷിക്കുന്നവനു രോഗം ഉണ്ടാകുന്നതുപോലെ.

൫൧—൭൪. രാജാവിന്റെ ധൎമ്മങ്ങളിൽ പരമമായവ ലോകരക്ഷണവും ദുഷ്ടനിഗ്രഹവും ആകുന്നു. ഇവ രണ്ടും നീതിയെ അവലംബിച്ചിരിക്കുന്നു. നീതിയില്ലാത്ത രാജാവിന്റെ രാജ്യത്തു സകലവും അലങ്കോലത്തിൽ ചെന്നു അവസാനിക്കും.

൭൫—൭൮. പൂൎവ്വജന്മത്തിലെ തപസ്സിന്റെ ഫലമായിട്ടാണു രാജത്വം ലഭിക്കുന്നതു്.

൭൯—൧൦൦. വൃഷ്ടികൾ, ശീതോഷ്ണങ്ങൾ, നക്ഷത്രങ്ങളുടെ ഗതിഭേദങ്ങൾ എന്നിവയാലും ആചാരങ്ങളുടെ ന്യൂനതാധിക്യങ്ങൾ ഹേതുവാലും ലോകത്തു കാലഭേദങ്ങൾ സിദ്ധമാകുന്നു. ആചാരങ്ങളുടെ ന്യൂനതാധിക്യങ്ങൾക്കു രാജാവാണു് കാരണം. അതിനാൽ കാലത്തിനു കാരണം രാജാവാണു്.

൧൦൧—൧൦൮. ഒരാൾ ഏതുമാർഗ്ഗത്തിൽക്കൂടിയായാലും രാജപദത്തിൽ വന്നതിൻെറശേഷം അയാൾ നീതി പരിപാലിച്ചു പ്രജാപരിപാലനം ചെയ്യണം.

൧൦൯—൧൧൦. ശൌൎയ്യം, ബലം, വിത്തം, നീതി, ഇവ നാലും ഒരാൾക്കു അധീനമാണെങ്കിൽ പക്ഷിമൃഗാദികൾപോലും അയാൾക്കു പാട്ടിലാകും.

൧൧൧—൧൩൪. സാത്വികം, രാജസം, താമസം എന്നിങ്ങനെ മൂന്നുവിധം തപസ്സുകളാണുള്ളതു്. അതിൽ ഏതേതിനം തപസ്സാണു ഒരാൾ കൂടുതലായിഅനുഷ്ഠിക്കുന്നതു് അപ്രകാരം അവൻ വന്നുഭവിക്കുന്നു. ഈ മൂന്നുവിധം തപസ്സിനും അധീനരായ രാജാക്കന്മാരുടെ വിവരങ്ങൾ.

൧൩൫—൧൪൨. സത്വവും തമസ്സും സമമായി നിൽക്കുമ്പോഴാണു് മാനുഷജന്മം ഉണ്ടാകുന്നതു്. സത്വരജസ്തമോഗുണങ്ങളുടെ ആധിക്യം അനുസരിച്ചു മനുഷ്യൻെറ ഭാഗധേയവും ഭവിക്കുന്നു. സൽഗതി ലഭിപ്പാനും ദുൎഗ്ഗതിപൂകുവാനും മനുഷ്യനു കൎമ്മമാണു് കാരണം.

൧൪൩—൧൭൦. ജാതിഭേദങ്ങൾ ഗുണകൎമ്മങ്ങൾകൊണ്ടുണ്ടാകുന്നു, അല്ലാതെ ജനനാൽ അല്ല. ബ്രാഹ്മണാദിനാലുജാതികളുടേയും മ്ലേച്ഛജാതിയുടേയും ലക്ഷണങ്ങൾ.

൧൭൧—൨൩൫. മുജ്ജന്മകൎമ്മത്തിനു വഴിപ്പെട്ടാണു മനുഷ്യനു പാപപുണ്യങ്ങളിൽ മനസ്സുപോകുന്നതു്. എന്നാൽ മുജ്ജന്മകൎമ്മ (ദൈവ)ത്തെക്കാൾ പൌരുഷത്തെ (പുരുഷപ്രയത്നത്തെ) മഹത്തുക്കൾ ആരാധിക്കുന്നു. പുരുഷപ്രയത്നങ്ങൾ ചെയ്വാൻ ശക്തിയില്ലാത്ത ക്ലീബന്മാർ ഭാഗധേയ (ദൈവ) ത്തിനു പ്രാധാന്യം കല്പിക്കുന്നു. മനുഷ്യൻെറ ഭാഗധേയം പൂൎവ്വജന്മത്തെ ആശ്രയിച്ചിരിക്കുന്നു എന്നുള്ളതിനു സംശയമില്ല.

൨൩൬—൨൪൬. രാജ്യം എന്നതു സപ്താംഗങ്ങൾ അടങ്ങിയ ഒരു മൂൎത്തിയാണു്. ആ അംഗങ്ങളുടെ വിവരം.

൨൪൭—൨൭൪. പ്രജകളെ ഭരിക്കാൻ രാജാവു് അത്യാവശ്യമാണു്. രാജാവില്ലാത്ത രാജ്യം അമരക്കാരനില്ലാതെ നടുക്കടലിൽ

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

അകപ്പെട്ട തോണിപോലെ നശിക്കും. രാജാവു ധർമ്മപരിപാലനംചെയ്യണം. അധർമ്മംകൊണ്ടു് അനവധി രാജാക്കന്മാർ നശിച്ചു. നേരേമറിച്ചു ധർമ്മംകൊണ്ടു മററനേകംപേർ ലോകപ്രസിദ്ധരായി. ധർമ്മവാനായ രാജാവു ദേവാംശജനാണു്. അല്ലാത്തവൻ രാക്ഷസാംശജനാകുന്നു.

വ൭൯—വൻവൃ. ഇന്ദ്രൻ, വായു, യമൻ, അക്കൻ, അഗ്നി, വരുണൻ, ചന്ദ്രൻ, ധനദൻ എന്നിങ്ങനെ എട്ടുമൂർത്തികളുടെ ഗുണത്തോടുകൂടിയാണു് രാജാവു ജനിക്കുന്നതു്. ഇതിൽ ഓരോ മൂർത്തിയുടെയും ഗുണങ്ങൾ.

വൻൻ—ന൰വ൦. രാജാവിനു് ഏഴുപേരുടെ പ്രത്യേകഗുണങ്ങൾ ഉണ്ടാകണം. അതായതു് മാതാവു്, പിതാവു്, ബന്ധു, ഗുരു, ഭ്രാതാവു്, ധനദൻ, യമൻ ഇവരുടേതാണു്.

ന൰വ൧—ന൰വവൃ. അപരാധങ്ങൾ പൊറുക്കുന്നവനാണു് ദമനത്തിനു ശക്തൻ. അവൻതന്നെയാണു ക്ഷമാവാനും.

ന൰വൻ—ന൰ർനൃ. ദേവാംശം രക്ഷോംശം എന്നിതുകൾക്കു അധീനരായ രാജാക്കന്മാരെപ്പററി.

ന൰ർ൭—ന൰൬൬. മനുഷ്യൻ ചെയ്യുന്ന കർമ്മത്തിന്റെ ഫലം അവൻ അവശ്യം അനുഭവിക്കതന്നെചെയ്യും. എന്നാൽ പ്രതിവിധികൾകൊണ്ടു ശമനം ഉണ്ടാക്കാം; മരുന്നുകൊണ്ടു രോഗം ശമിപ്പിക്കുന്നതുപോലെ.

ന൰൬൭—ന൰നൃനൃ. വിനയത്തിന്റെ ആവശ്യം. രാജാവു വിനയിയായി ഭവിക്കണം. വിനയം രാജാവു സ്വയം അഭ്യസിച്ചു മററുള്ളവക്കു മാതൃകയാകണം.

ന൰നൃ൭—ന൰൭൭. രാജ്യത്തിനു രാജാവില്ലാതെയിരിക്കാൻപാടില്ല. ഇന്ദ്രാണിയൊരിക്കലും വിധവയായാവുകയില്ല. അതുപോലെ രാജ്യം എപ്പോഴും പതിയോടുകൂടിയിരിക്കണം.

ന൰൭൨—ന൰വ്വാ. ധർമ്മവാനായുംമററും വാഴുന്ന രാജാവിനെ ശ്രീദേവി വിട്ടുപിരികയില്ല.

ന൰വ്വ൧—ന൰ൻർ. മനുഷ്യൻ ഇന്ദ്രിയങ്ങളെ സംയമനം ചെയ്യണം.

൩൯൭—൪൨൦. ഇന്ദ്രിയവിഷയങ്ങൾ ഓരോന്നുംതന്നെ മനുഷ്യൻെറ വിനാശത്തിനായി ഭവിക്കുന്നു. അതിനുള്ള ദൃഷ്ടാന്തങ്ങൾ. (൧) ആന, (൨) മാൻ, (൩) ശലഭം, (൪) മീൻ, (൫) വണ്ട്.

൪൨൧—൪൩൩. ദ്യൂതം, സ്ത്രീ, മദ്യം ഇവ മൂന്നും ക്രമാതീതമാകരുത്. ക്രമാതീതമായതുനിമിത്തം അനത്ഥം അനുഭവിച്ചവരുടെ ഉദാഹരണങ്ങൾ.

൪൩൪—൪൪൦. കാമക്രോധങ്ങൾ മദ്യത്തിനു സമമാണ്. ഇവയെ വളരെ സൂക്ഷിച്ചു കൈകാര്യംചെയ്യണം.

൪൪൧—൪൪൪. പാലനംചെയ്യാത്ത മേദിനീപാലനേയും തപസ്സുചെയ്യാത്ത വിപ്രനേയും ദാനംചെയ്യാത്തധനവാനേയും ദേവന്മാർ ഹനിക്കുന്നു. അധഃപതിപ്പിക്കുന്നു.

൪൪൫—൪൪൯. ഒരാൾയജമാനനാകുന്നതും, ധനവാനാകുന്നതും ദാതാവാകുന്നതും, അയാൾചെയ്തതപസ്സിൻെറ ഫലമായിട്ടാണ്. ദാരിദ്ര്യംഏല്ക്കുന്നതും, ദാസ്യവും, യാചകത്വവും അടയുന്നതും പാപത്തിൻെറ ഫലമായിട്ടാകുന്നു.

൪൫൯—൫൦൨. രാജാവിൻെറ കൃത്യങ്ങൾ എട്ടാണ്. ആ എട്ടുതരം കൃത്യങ്ങളും ചെയ്യാഞ്ഞാലുണ്ടാകുന്ന അവസ്ഥ.

൫൦൩—൫൦൪. ഗൂഢ ചാരന്മാർമൂഖേന പ്രജകളുടെ വാത്തകൾ രാജാവു അറിയണം. പ്രജകളെ അഗണ്യമാക്കരുത്. രാജാവിൻെറ കുററങ്ങൾ ആരുംനേരിട്ടു പറകയില്ല. അവയെതന്നെത്താൻ അറിഞ്ഞുകൊള്ളണം. അല്പനായ വെളുത്തേടൻെറ വാക്കുകേട്ടു മഹാനായ ശ്രീരാമൻ സീതയെ ഉപേക്ഷിച്ചു.

൫൪൧—൫൪൪. യൌവനം, മനസ്സ്, ഛായ, ലക്ഷ്മി, പ്രഭുത്വം, ജീവിതം ഇവ ആറും അസ്ഥിരങ്ങളാണ്.

൫൪൫—൫൫൩. ചിലതരം രാജാക്കന്മാരെ പ്രജകൾ വെടിയും. മറിച്ചുള്ളവരേ സ്നേഹിക്കും.

൫൬൭—൫൭൩. നായാട്ടു, ചൂതു, മദ്യപാനം ഇവയെ രാജാവു വർജ്ജിക്കണം. ഷഡ്വർഗ്ഗത്തെ (അതായതു കാമം, ക്രോധം,

മോഹം, ലോഭം, മാനം, മദം) ഇവയെ വെടിയണം. ഇതുകൾ മൂലം നാശംഅടഞ്ഞ ഭൂപാലന്മാരുടെപേരുകൾ. ഇവയെവർജ്ജിച്ചതുമൂലം ഭാഗ്യവാന്മാരായിതീൎന്ന രാജാക്കന്മാരുടെവിവരങ്ങൾ.

ഔൈ—ഒൻസ. രാജാവു ഗുരുവിൽനിന്നും വിദ്യ സമ്പാദിക്കണം.

ഒൻൈ—സൈർ. ആന്വീക്ഷികി, ത്രയീ, വാൎത്താ, ദണ്ഡനീതി എന്നിങ്ങനേ നാലുവിദ്യകൾ രാജാക്കന്മാർ അഭ്യസിക്കണം. ദണ്ഡനീതി എന്നതിൻെറവ്യാഖ്യാനം.

സൈഒ—സവ്വ. ആനൃശംസ്യം (അതായതു ഭൂതദയ) മനുഷ്യൻെറപരമമായധർമ്മമാണ്. മനുഷ്യൻ സജ്ജനസേവചെയ്യണം. ദുർജ്ജനത്തെ, കൃഷ്ണസൎപ്പത്തെപ്പോലെയും മരുഭൂമിയെപ്പോലെയും വർജ്ജിക്കണം. ആരോടും സത്തായവാക്ക് ഉരക്കണം; ഓരോതരം ജനങ്ങളോടും എങ്ങിനെപെരുമാറണമെന്നു്.

സവ്വൻ—ൈഫൈ. ശക്തിയും പരാക്രമവും ബുദ്ധിയും ഉള്ള രാജാവു നൃപത്വം ഭുജിക്കും, അല്ലാത്തവനു സാധിക്കയില്ല.

ൈഫന—ൈൈ൦. സമ്പാദിച്ചുവച്ചധനം തോന്നിയതുപോലെ ചെലവാക്കാൻ തുടങ്ങിയാൽ അതു ആക്കുംതന്നെ തികഞ്ഞുവരികയില്ല. വിത്തേശനായാൽതന്നെയും തികയുകയില്ല.

ൈൈഫ—ൈനവ്വ. മുതലെടുപ്പു അനുസരിച്ചു രാജാക്കന്മാരെ തരംതിരിക്കൽ: അതായതു സാമന്തൻ, രാജാവു, മഹാരാജാവു എന്നിങ്ങനേയുംമററും.

ൈനൻ—ൈഒന. രാജാവു പ്രജകളുടെ ദാസനാണ്.

ൈഔൈ—ൈന്ന൦. ഗ്രാമം, പള്ളി, കുംഭം എന്നിവാക്കുകളുടെ അൎത്ഥവിവരണം.

ൈന്നഫ—വ്വനർ. ഭൂമിഅളക്കുന്നതിനുള്ള അളവുപ്രമാണങ്ങൾ.

വ്വനഒ—ഫ൦ൈവ്വ. രാജധാനി പണിയിക്കുന്നതു ഏതുവിധം സ്ഥലത്തു ആയിരിക്കണമെന്നു. രാജധാനിയുടെ ആകൃതിമുതലാ

യതു. രാജധാനിയിൽ എന്തെല്ലാം കെട്ടിടങ്ങൾ വേണമെന്നും അവയുടെ സ്ഥാനങ്ങളും:

കോട്ടകൊത്തളങ്ങൾ
സഭാമണ്ഡപം
സൈന്യസന്നിവേശം
പാന്ഥശാല
റോഡുകൾ
കമ്പോളങ്ങൾ
പാന്ഥശാലയിലെ ചട്ടങ്ങൾ.

൧൦൭൯—൧൧൨൪. ഓരോ അഹോരാത്രത്തേയും മുപ്പതുമുഹൂത്തങ്ങളായിഭാഗിക്കണം, ഈ ഓരോ മുഹൂത്തത്തിലും രാജാവു ഇന്നിന്നകൃത്യങ്ങൾ ചെയ്യണമെന്നും മററും.

൧൧൨൫—൧൧൫൨. കൊട്ടാരം, പട്ടണം, ഗ്രാമം എന്നീസ്ഥലങ്ങളിൽ യാമികന്മാരെ (പാറാക്കാരെ) നിയമിക്കണം. അവരുടെ ജോലികൾ.

൧൧൫൩—൧൨൩൮. രാജാവു ചില ശാസനകൾ പരസ്യം ചെയ്യണമെന്നു്.

൧൨൩൯—൧൨൫൦. ഗ്രാമത്തിലെ വരുമാനങ്ങൾ ഇന്നിന്നപ്രകാരം വീതിക്കണെമെന്നു്.

൧൨൫൧—൧൨൬൦. രാജ്യവും യശസ്സും, ഉള്ളതു വദ്ധിപ്പിക്കണം; കൂടുതൽ സമ്പാദിക്കയും ചെയ്യണം.

ശൌയ്യം, പാണ്ഡിത്യം, വക്തൃത്വം, ദാതൃത്വം, ബലം, പരാക്രമം, ഉത്ഥാനം ഇതുകൾ ഒരിക്കലും വെടിയരുതു്.

൧൨൬൧—൧൨൮൨. ശൂരൻ, പണ്ഡിതൻ, വക്താവു, ദാതാവു, പരാക്രമി, ബലം, ഉത്ഥാനം എന്നിവയുടെ അത്ഥവ്യാഖ്യാനം.

൧൨൮൩—൧൨൯൪. രാജാവിൻെറ ഭക്ഷണങ്ങൾ കപികുക്കുടാദികളെക്കൊണ്ടു ശോധനചെയ്യിക്കണം. ഭോജനം ഷഡ്രസം കലന്നതായിരിക്കണം.

൧൱൨൰൮—൧൱൩൰൩. ഏതു പരാതിവന്നാലും അതു മന്ത്രിമാരോടുകൂടികേൾക്കണം. വ്യായാമം മുതലായതു ശരിയായിചെയ്യണം. നായാട്ടുചെയ്യണം. നായാട്ടിന്റെ ഗുണങ്ങൾ അതിന്റെ ദോഷങ്ങൾ.

൧൱൩൰൪—൧൱൪൰. പ്രജകൾ, മന്ത്രിമാർ, ഉദ്യോഗസ്ഥന്മാർ, ശത്രുക്കൾ, സ്ത്രീജനങ്ങൾ, ഇവരുടെ അന്തർഗ്ഗതങ്ങളും അഭിപ്രായങ്ങളും ഗൂഢചാരന്മാർമുഖേന അറിയണം. ഗൂഢചാരന്മാരെ രക്ഷിക്കയും ശിക്ഷിക്കയും ചെയ്യണം.

൧൱൪൰൧—൧൱൫൰. രാജവംശത്തിലെ പിൻതുടർച്ചക്രമം.

൧൱൫൰൧—൧൱൬൰. രാജാവു, രാജപുത്രന്മാർ മുതലായവരോടു എങ്ങിനേപെരുമാറണമെന്നും മററും.

൧൱൬൰൧—൧൱൬൰൫. ഭാവികൃത്യങ്ങൾ രാജാവു രഹസ്യസ്ഥലങ്ങളിൽവച്ചു ഗൂഢമായി ആലോചിക്കണം.

൧൱൬൰൬—൧൱൭൰൩. മററുകാര്യങ്ങൾ രാജസഭയിൽ വച്ചു പരസ്യമായി ആലോചിക്കണം. രാജസഭയുടെ വർണ്ണന.

൧൱൭൰൪—൧൱൮൰. വാരണവാജികളേയും, സൈന്യങ്ങളേയും മററും രാജാവു നിത്യവും പരിശോധിക്കണം.

൧൱൮൰൧—൧൱൮൰൯. രാജധാനിയിൽ പാക്കുമ്പോൾ രാജാവു ആനമേലേറി അകമ്പടിയോടുകൂടി സവാരിചെയ്യണം.

ആണ്ടിൽ ഒരിക്കൽ രാജാവു സകലനഗരങ്ങളും ഗ്രാമങ്ങളും സന്ദർശിക്കണമെന്നും മററും.

൧൱൯൰—൧൱൯൰൩. അന്യന്റെ രാജ്യം പിടിച്ചാൽ അവിടെ ശരിയായ ധർമ്മാധികരണങ്ങൾസ്ഥാപിക്കണം. അവിടത്തെരാജാവിനു അടുത്തുണ്ടുകൊടുക്കണം. വേറെയും ചെയ്യേണ്ടകാര്യങ്ങൾ.

ശ്രീ ഗുരവേ നമഃ.

സ്മരിച്ചുസൎഗ്ഗസ്ഥിതിനാശകാരണം
സമസ്തഭൂതാദിമനാദിമീശ്വരം
കഥിച്ചിടുന്നേൻ മലയാളവാണിയിൽ
പ്രസിദ്ധഗൈൎവ്വാണികശുക്രനീതിയെ.

# ശുക്രനീതി.

## ഒന്നാം അദ്ധ്യായം.

(കേക)

പാദതാർപണിഞ്ഞഥ പൂജിച്ചുഭക്തിപൂർവ്വം
സാദരംസ്തുതിചെയ്തുതൊഴുതുചോദിക്കയാൽ
പ്രീതനാംകാവ്യൻ കനിഞ്ഞീരേഴുലോകത്തിനും
ആധാരമായസൎഗ്ഗസ്ഥിത്യന്തനിദാനനെ
മോദേന നമസ്കരിച്ചൎച്ചിച്ചു വഴിപോലെ
ദൈതേയരോടുനീതിശാസ്ത്രത്തെയരുൾചെയ്താൻ.
ധാതാവു ശതലക്ഷശ്ലോകങ്ങൾ കൊണ്ടുലോക-
ക്ഷേമാൎത്ഥമരുൾചെയ്തു നീതിശാസ്ത്രംവിശാലം.
സാരമങ്ങതിനേറ്റു വസിഷ്ഠാദികൾഞങ്ങൾ
പാരാതെസംക്ഷേപിച്ചു തക്വിസ്തൃതംന്യൂനം
പാരിതിൽപരമായുസ്സേററവും കുറഞ്ഞോരു
ഭൂപാലാദ്യൎക്കുവേണ്ടി മാഴ്കാതെവൃദ്ധിക്കായി.

ഉണ്ടല്ലോക്രിയാഭാഗമേകൈകമോത്തുന്നതാ-
യുള്ളതാമന്യശാസ്ത്രം പലതുംതന്നെ പാരിൽ
എന്നാലോ ലോകരക്ഷചെയ്യുന്നനീതിശാസ്ത്രം
എല്ലാക്കുമൊന്നുപോലെ ജീവിതാവശ്യമത്രേ.
ധർമ്മാത്ഥകാമങ്ങൾക്കു മൂലമായ് സ്മൃതമതു
നിർമ്മായമതിനാലേ മോക്ഷദമായും മതം.
ആകയാൽ സർവ്വമാകും യത്നങ്ങൾചെയ്തുംനൃപൻ
ആവോളം നീതിശാസ്ത്രമഭ്യസിക്കുകവേണം;
യാതൊന്നങ്ങറിഞ്ഞീടിൽ ഭൂമീശാദികൾ വൈരി-
ജേതാക്കളായും പ്രജാരഞ്ജകരായുംതീരും,
യാതൊന്നങ്ങറിയുമ്പോൾ ഭൂപാലവീരർപാരം
നീതിയിൽകുശലരായ് ഭവിക്കുമെല്ലാനാളും.
ശബ്ദാർത്ഥജ്ഞാനം ഭുവി ഭവിക്കാതായിട്ടുമോ
സൂക്ഷ്മമാം വ്യാകരണംതന്നുടെയഭാവത്തിൽ?
പ്രാകൃതപദാർത്ഥങ്ങളായതിൻജ്ഞാനംനൂനം
പൂകുമോ തിരോധാനം ന്യായതർക്കാപിധാനാൽ?
വിശിഷ്ടവിധിക്രിയാവ്യവസ്ഥാജ്ഞാനമെല്ലാം
നശിച്ചുതുലയുമോ മീമാംസാവിയോഗത്തിൽ?
ദേഹാദിവസ്തുക്കൾക്കു നാശമുണ്ടെന്നബോധം
വേദാന്തവിരഹത്തിലില്ലാതെയായിട്ടുമോ?
ഒരോരോമതത്തിനെ പ്രതിപാദിപ്പതായി-
ട്ടോരോന്നുമിരിക്കുന്നു ചിന്തിക്കിലിവയെല്ലാം
ഓരോന്നുമനുഗമിച്ചീടുന്നമനുഷ്യരാൽ
ഓരോന്നുമനാരതം ഗ്രഹിക്കപ്പെടുന്നതായ്.
ഇച്ചൊന്നശാസ്ത്രങ്ങളാൽ ബുദ്ധികൗശലമേത്തും
സിദ്ധമാകുന്നതുണ്ടോ വ്യവഹാരിക്കു പാരിൽ?
തിട്ടമാണെന്നാൽ ലോകവ്യാപാരചേഷ്ടാദികൾ-
ക്കൊട്ടുമേ സ്ഥിതിവരാ നീതിയില്ലെന്നുവന്നാൽ;

ഭക്ഷണമില്ലെന്നായാൽ ദേഹിക്കുദേഹത്തിങ്കൽ
കിട്ടുമോസ്ഥിതിയതു നിണ്ണയമതുപോലെ.
സർവ്വക്കുമഭീഷ്ടത്തെ നൽകുന്നനീതിശാസ്ത്രം
സർവ്വരാലേയുമഹോസമ്മതമത്രേപാരിൽ
ഉർവ്വീനായകനോർത്താൽ നിത്യവുമത്യാവശ്യം
സവ്വക്കുമവൻപാരിൽ പതിയാകിയമൂലം.
കണ്ടമാനമായ്ത്തിന്നും മനുഷ്യക്കുണ്ടുപാർത്താൽ
ഉണ്ടാകുമല്ലോ രോഗം തിണ്ണെന്നതന്നോദ്ഭവം,
ഉണ്ടാകുമതുപോലെ നീതിഹീനക്കു നൂനം
തിണ്ണെന്നുശത്രുക്കളും പിന്നീടാകില്ലതാനും.
രാജാവിൻധർമ്മങ്ങളിൽ പരമമാകുന്നതു
ലോകരക്ഷണം തഥാദുഷ്ടനിഗ്രഹം നിത്യം.
നീതിയേയവലംബിച്ചിരിപ്പുരണ്ടുമിവ-
നീതിയില്ലാതെവന്നാൽരണ്ടുമേഭവിച്ചിടാ.
നീതികേടതു രന്ധ്രംവീണൊരുവഞ്ചിപോലേ
ഭൂവരനഹോ സദാകാലവും ഭയാവഹം.
വൈരിവദ്ധനമായി പ്രോക്തമാണതുനൂനം
ഉർവ്വീശൻബലത്തിനേ നിർഭരംഭഞ്ജിപ്പതും.
നീതിയെവെടിഞ്ഞിട്ടു വത്തിപ്പോൻസ്വതന്ത്രൻതാൻ
വാഴ്മമില്ലവൻ നിത്യദുഃഖഭാക്കാകുന്നവൻ.
സ്വതന്ത്രരാജാവിനേ സേവിക്കുന്നതുപാർത്താൽ
നിശിതഖഡ്ഗത്തിൻെറ വായ്മുനനക്കുംപോലെ.
നീതിമാനായ രാജാവാരാധിക്കുവാൻയോഗ്യൻ
നീതിഹീനനോ നൂനമാരാധ്യനല്ലതെല്ലും.
യാതൊരുരാജാവിനു നീതിയുംബലവുമു-
ണ്ടായവൻതന്നിൽശ്രീയും സവ്വതോമുഖിയത്രേ.
പ്രയത്നംക്രൂടാതകണ്ടെങ്ങിനേ സവ്വരാഷ്ട്രം
ഭവിക്കുംരാജ്യത്തിൻേറ ഹിതത്തിൽവത്തിപ്പതായ്,

തരത്തിലതുപോലെ നീതിപാലിക്കവേണം
ധരയ്ക്കുനാഥനായോൻ സ്വന്തമാംക്ഷേമത്തിനായ്.
നീതികേടതു സദാചെയ്യുന്നരാജാവിൻെറ
സേനയുംഭിന്നിച്ചീടും, രാഷ്ട്രവുംഭിന്നമാകും,
മന്ത്രിമാർഭിന്നിച്ചീടും രാജ്യകാൎയ്യത്തിലെല്ലാം
നിൎണ്ണയമനൈപുണ്യമെന്നതുംവന്നുകൂടും.
രാജാവു തപസ്സിനാൽ തേജസ്സുസമ്പാദിപ്പു
പാലകൻ രഞ്ജകനും ശാസ്താവുമത്രേനൃപൻ,
പൂൎവമാം ജന്മത്തിലേക്കർമ്മത്താലേയുമവൻ
പാരിതുഭരിക്കുന്നു സ്വന്തമാം തപസ്സാലും.
വൃഷ്ടികൾ, ശീതോഷ്ണങ്ങൾ, നക്ഷത്രഗതി, പുനർ-
ഋക്ഷത്രൂപങ്ങൾ ഋക്ഷപ്രകൃതിയിവയാലും
ഇഷ്ടാനിഷ്ടാധികോനാചാരഭേദങ്ങളാലും
സൃഷ്ടമാകുന്നു പാരിൽ കാലഭേദങ്ങൾനൂനം.
ആചാരങ്ങൾക്കു പാരിൽ പ്രേരകൻ രാജാവത്രേ,
കാലത്തിന്നതിനാലേ കാരണംരാജാവുതാൻ.
കാലമേ പ്രമാണമെന്നിരുന്നാലാരിൽനിന്നും
പാരിതിൽ ധൎമ്മമങ്ങുഭവിപ്പു കൎത്താക്കളിൽ?
രാജാവിൻ ദണ്ഡനീതിഭയത്താലല്ലോ ധരാ-
വാസികൾഭവിപ്പതു സ്വധർമ്മനിരതരായ്.
യാതൊരാൾസ്വധൎമ്മത്തേ നിശ്ചയാപാലിക്കുന്നു
ഭൂതലേഭവിക്കുന്നു തേജസ്വിയായിട്ടവൻ.
സ്വന്തധൎമ്മത്തെ വിട്ടാലുണ്ടാകയില്ലസുഖം
സ്വന്തമാം ധൎമ്മമത്രേപരമമാകുംതപം.
സ്വന്തധൎമ്മത്തിൻരൂപം പൂണ്ടെഴുംതപസ്സതു
സന്തതംവളൎക്കുന്ന മാനുഷനങ്ങുപാരിൽ
കിങ്കരന്മാരായ്തീരും ദേവന്മാർപോലുംപിന്നെ
എങ്ങിനേ തീരാതാകും ഭൂമിയിൽമനുജന്മാർ?

മഹത്താം ദണ്ഡനീതിഭയത്താൽ നൃപോത്തമൻ
സമസ്തജനത്തേയും ധർമ്മിഷ്ഠരാക്കീടണം.
ഭവിച്ചീടണംനൃപൻ സ്വധർമ്മനിരതനായ്
ഭവിക്കുമല്ലായ്കിലോ തനിക്കുതേജഃക്ഷയം.
സ്വബുദ്ധിബലങ്ങളാലഥവാശൌര്യത്തിനാൽ
നൃപത്വംകൈവരുത്തിക്കഴിഞ്ഞാലൊരുനരൻ
മുറയ്ക്കഭിഷിക്തനായാലുമല്ലായ്കിലും
പെരുത്തനീതിയോടേ ഭരിച്ചുകൊണ്ടീടണം
സമസ്തജനത്തേയും കരുത്തോടനുദിനം
ധരിച്ചുദണ്ഡംസദാ ത്യജിച്ചുകളങ്കവും.
ബുദ്ധിമാനായുള്ളൊരു ഭൂപൻെറ ധനംതുലോം
അല്പമെന്നിരുന്നാലും നിത്യവുംവർദ്ധിച്ചിടും.
ശൌര്യവും, ബലം, വിത്തം, നീതിയുമിവ നാലാൽ
കൈവശംവരുംനൂനം തിര്യഗ്ജാതികൾപോലും.
പാർക്കിലോ തപസ്സതു മൂന്നുമാതിരിവരും
സാത്വികം രാജസവും താമസമെന്നിങ്ങനേ.
ആയതിലേതിനത്തിലത്യർത്ഥം തപംചെയ്യ-
തായതുപോലെ ഭവിച്ചീടുന്നുനൃപാലകൻ.
സ്വന്തധർമ്മത്തിൽരതൻ, സ്വപ്രജാരക്ഷാപരൻ,
സന്തതംസർവ്വവിധയജ്ഞവും യജിപ്പവൻ,
ശത്രുവെജ്ജയിപ്പവൻ, ദാനത്തിൽ മദിപ്പവൻ,
നിത്യവും ശൂരൻ, ക്ഷമീ, സർവ്വദാ വിഷയത്തിൽ
നിസ്പൃഹൻ, വിരക്തനെന്നിങ്ങനെയുള്ളനൃപൻ
സാത്വികനായുള്ളവൻ, മോക്ഷവുമവൻപൂകും.
മറിച്ചുള്ളവൻനൂനം താമസനായിത്തീരും
ഒടുക്കത്തവൻ ചെന്നുചേർന്നിടുംനരകത്തിൽ.
യാതൊരുനൃപൻസദാ നിർഘൃണൻ, മദോന്മത്തൻ,
സർവ്വദാ ഹിംസാത്മകൻ, സത്യത്തെവർജ്ജിപ്പവൻ,

ലോഭവാൻ, വിഷയിയും, വഞ്ചകൻ, ഡംഭാന്വിതൻ,
വാങ്മനോവിപൎയ്യയൻ, കലഹപ്രിയൻ, ശഠൻ,
നീചരിൽപ്രിയമുള്ളോൻ, സ്വതന്ത്രൻ, നീതിഹീനൻ,
വാദമില്ലവൻതന്നേ രാജസനാകുന്നവൻ.
കേവലം നൃപാധമനാമവനന്ത്യത്തിങ്കൽ
സ്ഥാവരമായോതഥാ ഭവിപ്പൂതിൎയ്യക്കായോ.
ദേവാംശം ഭുജിക്കുന്നു സാത്വികനാകുംനൃപൻ
രാക്ഷസാംശത്തെത്തഥാ താമസനാകുന്നവൻ,
രാജസൻഭുജിക്കുന്നു നിൎണ്ണയം മാനവാംശം
ധാൎയ്യമാണതിനാലേ മനസ്സുസത്വത്തിങ്കൽ.
സത്വവും തമസ്സതും സമമായ്നില്ക്കുംവിധൌ
പൃഥ്വിയിൽഭവിക്കുന്നു മാനുഷമാകുംജന്മം.
ഏതേതുവിധമാകും തപസ്സുചെയ്വുനരൻ
വാദമില്ലതിനൊത്തുഭവിപ്പൂഭാഗ്യത്തിലും.
സൽഗതിലഭിപ്പാനും ദുൎഗ്ഗതിപൂകുവാനും
മൎത്ത്യനു കൎമ്മംതന്നേ കാരണം പാരിടത്തിൽ.
പ്രാക്തനകൎമ്മമതുമൂലംപ്പെട്ടമിതിൽനൂനം
ആക്രമേ സാധിക്കയില്ലക്രിയനായിട്ടുവാൻ.
ജാതിയാലല്ല പാരിൽ ബ്രാഹ്മണൻ, ക്ഷത്രിയനും,
ഭേദിതനാകുന്നതു വൈശ്യനും, ശൂദ്രൻ താനും;
ഭേദങ്ങളുണ്ടാവതു നിൎണ്ണയംഗുണകൎമ്മ-
ഭേദങ്ങളാലേ പുനരല്ലഹോ മറെറാന്നിനാൽ.
ബ്രഹ്മാവിൽനിന്നും സമുൽപ്പന്നരായതുമൂലം
ബ്രാഹ്മണരായിട്ടുമോ നിൎണ്ണയമവരെല്ലാം?
ബ്രാഹ്മ്യമാം തേജസ്സതു വൎണ്ണത്തിൽനിന്നോതഥാ
താതനിൽ നിന്നോഭവിച്ചീട്ടുകയില്ലസിദ്ധം.
ജ്ഞാനത്താൽ, കൎമ്മത്തിനാൽ, പിന്നെയും നിരന്തരം-
ധ്യാനത്താൽ സദാ ദേവാരാധനാനിരതനും,

ശാന്തനും ദാന്തൻ, ദയാശീലനുമായുള്ളവൻ
ബ്രാഹ്മണനാകുന്നവൻ, ഗുണങ്ങളാലേകൃതൻ.
ലോകസംരക്ഷണത്തിൽ ദക്ഷനും നിരന്തരം
ശൂരനും പരാക്രമീ സന്തതം ദാന്തൻ സദാ
ലോകപീഡകന്മാരെ ശ്ശിക്ഷിപ്പാനുദ്യുക്തനും
ആയിടുന്നവൻതന്നേ ക്ഷത്രിയനായുള്ളവൻ.
വ്യാപാരകാര്യ്യങ്ങളിൽ കുശലന്മാരും തഥാ
വ്യാപാരമതുതന്നെ ജീവിതമായുള്ളോരും
ഗോരക്ഷചെയ്യുന്നോരും കാർഷികവൃത്തിക്കാരും
പാരിതിൽ പ്രകീർത്തിതരാകുന്ന വൈശ്യരായി.
ദ്വിജസേവാർച്ചകളിൽ നിരതന്മാരായ് തഥാ
വിജിതേന്ദ്രിയന്മാരായ് ശൂരരായ് ദാന്തരായി
വിറകും കലപ്പയും തൃണവും ചുമപ്പോരായ്
അമരും നീചരായോക്കളും ശൂദ്രനാമം.
സ്വന്തമാം ധർമ്മങ്ങളുമാചാരങ്ങളുംവിട്ടും
സന്തതം കരുണയേവെടിഞ്ഞും നിരന്തരം
ഹിംസകരായും പരപീഡകരായും മേവും
ചണ്ഡാളരായോർ മ്ലേച്ഛരവിവേകികളന്ത്യനാം.
പൂർവ്വമാംജന്മത്തിലേ കർമ്മാനുഭോഗാർഹമായ്
ജാതമാകുന്നുബുദ്ധി മാനുഷനിങ്ങുപാരിൽ,
പാപമാംകർമ്മത്തിലോ പുണ്യമായതിങ്കലോ
സ്വൈരമന്യഥാചെയ്യാൻ ശക്തനാകുന്നില്ലവൻ.
കർമ്മത്തിൻഫലോദയമെവ്വിധമിരിക്കുമോ
നിർണ്ണയമവ്വിധത്തിൽ ബുദ്ധിയുമുൽപ്പതിപ്പൂ.
ഭവിപ്പാൻ പോകുന്നതിൻ സദൃക്കായ് തന്നെവന്നു
ഭവിപ്പൂ മനുഷ്യനു നിശ്ചയം സഹായികൾ.
മുജ്ജന്മകർമ്മത്തിനു വഴിപ്പെട്ടത്രേ പാരിൽ
ഇജ്ജന്മമതിലേതും ഭവിക്കയുള്ളുസിദ്ധം.

നിശ്ചയമതിനാലേ കാൎയ്യാകാൎയ്യങ്ങളോൎത്തും
ഉത്തമമന്ത്രണങ്ങൾ വ്യൎത്ഥങ്ങളായിത്തീരും.
വന്ദ്യവൃത്തന്മാരാകും ധീമാന്മാർ പാരിടത്തിൽ
ചിന്തിച്ചീടുന്നതിട്ടം പൌരുഷംമഹത്തായി.
പുരുഷപ്രയത്നങ്ങൾ ചെയ്യ്തിടാനശക്തരാം
പൌരുഷവിഹീനന്മാർ ദൈവത്തെയാരാധിപ്പൂ.
ദൈവമായതിങ്കലും പുരുഷയത്നത്തിലും
സർവ്വവും പ്രതിഷ്ഠിതമായിട്ടങ്ങിരിക്കുന്നു.
പുരുഷപ്രയത്നവും ദ്വിവിധമത്രേദൃഢം
അതിലൊന്നിഹാർജ്ജിതം പ്രാഗ്ജന്മകൃതമന്യം.
ബലവാനായുള്ളവൻ പ്രതികാരിയായ്നില്പൂ
ബലഹീനനുപാത്താൽ നിൎണ്ണയമെല്ലായ്പൊഴും.
സബലാബലന്മാരെന്നറിയുന്നതു പിന്നേ
സുദൃഢം ഫലപ്രാപ്തികൊണ്ടുതാൻ മറിച്ചല്ല.
പ്രത്യക്ഷമായിടുന്ന ഹേതുവാലാൎക്കുംതന്നേ
ദൃശ്യമാകുന്നതില്ല ഫലത്തിൻപ്രാപ്തി പാരിൽ.
പൂർവ്വകർമ്മത്തെയതങ്ങാശ്രയിച്ചിരിക്കുന്നു
സ്വൈരമന്യഥാ വരില്ലെന്നതും സിദ്ധംതന്നേ.
അല്പമാംപ്രയത്നത്താൽ മഹത്തായിട്ടുംഫലം
സിദ്ധിക്കിൽനരക്കതു നിശ്ചയംപ്രാക്കർമ്മജം.
ഇജ്ജന്മമതിലാദ്യം ചെയ്യുകർമ്മത്തിനാലെ
സിദ്ധിപ്പതായും ചിലർവദിക്കുന്നുണ്ടു തിട്ടം.
ഇഹത്തിൽചെയ്യുന്നതാം പ്രവൃത്തികൊണ്ടുതന്നേ
ഭവിപ്പുമനുഷ്യൎക്കു പൌരുഷമെന്നുചൊൽവൂ.
തൈലത്താൽ തിരിതന്നിൽ കത്തുന്നദീപത്തിനെ
വാതത്തിൽനിന്നും രക്ഷിക്കാമല്ലോപ്രയത്നത്താൽ.
ഭാവിയിൽഭവിക്കാനായിരിക്കും വിധിക്കെല്ലാം
ഭൂമിയിൽ പ്രതിവിധിയുണ്ടാകുമെന്നാകിലോ

പാരിതിൽ ബുദ്ധിബലമത്ഥവുമിരിപ്പോളം
കേവലം ശ്രേയസ്സുതാൻ ദോഷങ്ങൾനിഷ്ഫലസിക്ക.
പ്രതികൂലാനുകൂലമെന്നുള്ള ഫലങ്ങളെ
വഴിപോലകതാരിൽ കരുതിയെല്ലായ്പ്പോഴും
ചെറുതും മദ്ധ്യംതഥാ വലുതുമെന്നിങ്ങനേ
ത്രിവിധം ദൈവമതുന്നവർചിന്തിക്കണം.
ദശകണ്ഠനും ഭീഷ്മപ്രമുഖന്മാക്കും ഭൂമി
പ്രതികൂലമായ്നിന്നു ദൈവമെന്നറിയുന്നു
വനഭംഗത്തിൽതഥാ ഗോഗ്രഹണത്തിങ്കലും
ഒരുവാനരത്താലും നരനാലെയുംക്രമാൽ
അതുപോലനുകൂലമായിനിന്നിതു ദൈവം
രഘുവിൻകുലജനും പാണ്ഡുവിൻതനയനും
വിധിയങ്ങനുകൂലമായി നില്ക്കുന്നനേരം
ലഘുവ്യാംപ്രയത്നവും ശുഭമാംഫലംചെയ്യും.
പ്രതികൂലമായ് വിധിനില്ക്കുന്നനേരംതന്നിൽ
പെരുതാംസൽകർമ്മവുമശുഭംതന്നെചെയ്യും.
ഗുണവാൻ ബലി ബദ്ധനായിതുദാനത്തിനാൽ
ഋതവാൻ ഹരിശ്ചന്ദ്രൻതാനുമങ്ങതേവിധം.
സൽക്രിയകൊണ്ടുനൃനും ശുഭമുണ്ടായിട്ടുന്നു
ദുഷ്ക്രിയമൂലം തഥാ വന്നിടുമനിഷ്ടവും.
ശാസ്ത്രത്താലതിനാലേ സത്തസത്തറിഞ്ഞിട്ടു
സത്തിനേവരിക്കണം ത്യജിച്ചിട്ടസത്തിനേ.
കാരണം കാലത്തിനു രാജാവാണത്രേദൃഢം.
പാരിതിലതിനാലേ സദസൽകർമ്മത്തിനും.
സ്വക്രൌര്യംകൊണ്ടും നൃപനുദ്യതദണ്ഡത്താലും
സ്വപ്രജകളേ സ്വസ്വധർമ്മത്തിൽ സ്ഥാപിക്കണം
സ്വാമിയുമമാത്യനും സുഹൃത്തും കോശംതഥാ
സർവ്വമാംരാഷ്ട്രങ്ങളും ദുർഗ്ഗങ്ങൾ ബലങ്ങളും

...VILASOM GRANDHASALA ...DRUM M.LAYINKIL

ചേൎന്നേഴംസപ്താംഗമായുരപ്പു രാജ്യത്തിനെ
ചേണാൎന്നമഹീശ്വരൻ മൂൎദ്ധാവായതിൽസ്മൃതം.
ദൃക്കായതമാത്യനം, ശ്രോത്രങ്ങൾ സുഹൃത്തത്തും,
ചൊൽക്കൊണ്ടമുഖംകോശം ബലമങ്ങഹോമനം
ഹസ്തപാദങ്ങൾരണ്ടും ദുൎഗ്ഗങ്ങൾ രാഷ്ട്രങ്ങളും
വ്യക്തമായേവംവിധം സ്മൃതമാകുന്നരാജ്യം.
അംഗങ്ങളോരോന്നിന്റെ ഗുണങ്ങളുരചെയ്യാം
മങ്ങാതെഭൂതിപ്രദമായവയവയെല്ലാം.
നിൎണ്ണയമിഗ്ഗുണത്തോടൊക്കെയും ഭവിക്കുന്നു
മന്നിതിൽ സുവൃദ്ധിമാന്മാരായ നൃപാലന്മാർ.
ഇജ്ജഗത്തിന്നു വൃദ്ധികാരകൻ രാജാവുതാൻ
വൃദ്ധരാലഭിമതനായതും രാജാവുതാൻ.
രാത്രിയിൽപയോധിക്കു ചന്ദ്രനെന്നതുപോലെ
നേത്രത്തിനാനന്ദദനായതും രാജാവുതാൻ.
ഭരിക്കാൻ വഴിപോലെ രാജാവില്ലെന്നുവന്നാൽ
ഭവിക്കും പ്രജാവലി വിപ്ലവാധീനരായി
നയിക്കാനമരത്തിൽ നാവികനില്ലെന്നായാൽ
നശിക്കുംപോലെ കപ്പൽ ജലധിനടുവിങ്കൽ.
ഭൂപാലനില്ലെന്നായാൽ പ്രജകളാരുംതന്നെ
താന്താങ്ങൾധൎമ്മങ്ങളിൽ സ്ഥിതിചെയ്കില്ലസിദ്ധം
പ്രജയെക്കൂടാതഹോ ശോഭിക്കില്ലൊരുനാളും
പൃഥിവീപതിപാരിൽ സംശയമില്ലതെല്ലും.
ന്യായത്തിൽ വൎത്തിക്കുന്ന ഭൂമിപൻ ത്രിവൎഗ്ഗത്തെ
സാധിച്ചീടുന്നുനിത്യം തനിക്കും പ്രജകൾക്കും.
ന്യായത്തിൽ വൎത്തിക്കാത്ത ഭൂമിപൻമറിച്ചങ്ങു
വേഗത്തിൽ പ്രജയേയും തന്നെയും ഹനിക്കുന്നു.
ധൎമ്മത്താൽ വൈജവനനാകിയ നൃപാലകൻ
നിൎമ്മായമവനിയേ ഭുജിച്ചു ചിരകാലം.

അധർമ്മംചെയ്കയാലേ നഹുഷനാകുംനൃപൻ
അടയാനിടയായി സുചിരം രസാതലം.
വേനനാംനരപതി നഷ്ടനായധർമ്മത്താൽ
നൂനമങ്ങിനേ പൃഥു വൃദ്ധനായ് ധർമ്മത്തിനാൽ.
ആകയാൽ ധർമ്മത്തിനേ മുൻനിറുത്തിയുംകൊണ്ടു
ഭൂമിപൻശ്രേയസ്സിനായ് പ്രയത്നിക്കുകവേണം.
ധർമ്മത്തിൽ നിരതനാം രാജാവു ദേവാംശജൻ
ധർമ്മത്തിന്നന്യനായോൻ രാക്ഷസാംശജൻതാനും.
നിർണ്ണയമവനെന്നും ധർമ്മലോപിയായ്തീരും
എന്നുതന്നെയുമല്ലാ സ്വപ്രജാപീഡകനും.
ഇന്ദ്രനും യമൻപുനരഗ്നിയും വരുണനും
ചന്ദ്രനുമർക്കൻതഥാ വിത്തേശൻ സമീരനും
എന്നിവരുടെയെല്ലാം സ്ഥിരമാമംശങ്ങളെ
മന്നവൻഗ്രഹിച്ചിട്ടു തന്നുടേ തപസ്സിനാൽ
ജംഗമസ്ഥാവരങ്ങളാകിയ സർവ്വത്തിനും
അങ്ങവനധീശനായ് ഭവിച്ചിടുന്നു മന്നിൽ.
ഇന്ദ്രനെന്നതുപോലെ ഭാഗഭാഗ്രക്ഷണത്തിൽ
മന്നവൻ വിചക്ഷണനായിട്ടു ഭവിക്കുന്നു.
ഗന്ധത്തേ സമീരണൻ പ്രചരിപ്പിക്കുംപോലെ
മന്നവൻപ്രേരിപ്പിപ്പു സദസൽക്കർമ്മങ്ങളെ.
അന്ധകാരത്തെയർക്കൻ തുലയ്ക്കുന്നതുപോലെ
ഹന്ത രക്ഷിച്ചുധർമ്മമധർമ്മം തുലയ്ക്കുന്നു.
ദണ്ഡകൃത്താകുംയമൻ ദണ്ഡനംചെയ്യുംപോലെ
ദണ്ഡിച്ചുകൊണ്ടിടുന്നു ദുഷ്ടരേ നരവരൻ.
അഗ്നിയേപ്പോലെ ശുദ്ധികാരകനായിനൃപൻ
രക്ഷണത്തിനായ്സർവ്വഭാഗങ്ങൾക്കായിടുന്നു.
വരുണൻ ജലംകൊണ്ടു സർവ്വവും പുഷ്ടിയാക്കു-
ന്നതുപോൽ ധനംകൊണ്ടു പുഷ്ടിനൽകുന്നു ഭൂപൻ.

കിരണാവലിയാലേ വിമലനിന്ദുപോലെ
ഗുണകർമ്മങ്ങളാലേ നൃവരൻ മോദിപ്പിപ്പൂ.
നിധികൾ രക്ഷിപ്പതിൽ ധനദനെന്നപോലെ
ക്ഷിതിപൻ കോശരക്ഷാദക്ഷനായ് ഭവിക്കുന്നു.
മററുള്ള സമസ്തമാം ഗുണവുമിരിക്കിലും
ചെററുമേ ശോഭിച്ചിടാ ചന്ദ്രാംശംവിനാ ഭൂപൻ.
മാതാവു, പിതാവഥ, ബന്ധുവും, ഗുരുഭൃതൻ,
ഭ്രാതാവു, ധനാധിപൻ, യമനെന്നിവരുടെ
ഗുണങ്ങളേഴുംചേൎന്നു ഭവിച്ചിടുന്നുസദാ
നൃവരൻ മറിച്ചുണ്ടു ഭവിച്ചുകൂടാദൃഢം.
സ്വപ്രജകൾക്കു ഗുണസമ്പാദ്യം നൽകുന്നതിൽ
അച്ഛനെന്നപോൽ നൃപൻ ശക്തനായ്ഭവിക്കുന്നു.
കുററങ്ങൾ പൊറുക്കുക, പുഷ്ടിയേനൽകീടുക,
തിട്ടമങ്ങിവരണ്ടിലമ്മയേപ്പോലെതഥാ.
ശിഷ്യനു സുവിദ്യയേ നൽകുന്ന ഗുരുപോലെ
പൃഥ്വീശൻ ഹിതോപദേഷ്ടാവായിബ്ഭവിക്കുന്നു.
ശാസ്ത്രവൽ പിതൃധനംഭാഗിക്കും ഭ്രാതാവുപോൽ
പൃഥ്വീശൻ സ്വകീയാംശം ഭാഗിച്ചങ്ങെടുക്കുന്നു.
തങ്ങടേ സ്ത്രീജനങ്ങൾ, ധനങ്ങൾ, രഹസ്യങ്ങൾ
എന്നിവ സദാകാലം രക്ഷിച്ചുവഴിപോലെ
നിന്നിടുംബന്ധുപോലേ നിൎണ്ണയംപ്രജകൾക്കു
മന്നാവൻ തീൎന്നിടുന്നു സൎവ്വദാമിത്രമായി.
ധനദാനങ്ങൾകൊണ്ടു ധനദനായുംതഥാ
നൃവരൻഭവിക്കുന്നു ദണ്ഡനാൽ യമനായും.
വൃദ്ധിമാനായിടുന്ന സമ്രാട്ടിലെല്ലാനാളും
അത്യന്തം പ്രശോഭിക്കുമിച്ചൊന്നഗുണമെല്ലാം.
ഇച്ചൊന്നഗുണമേഴും യാതൊരുരാജാവാലും
ത്യക്തവ്യമല്ല നൂനം യാതൊരുകാലത്തിലും.

അപരാധങ്ങൾ പൊറുത്തീടുവോനെവനാണോ
ദമനത്തിന്നശക്തനവനാണത്രേ ക്ഷമി.
ക്ഷമയാ രഹിതനാം നൃവരൻശോഭിച്ചിടാ;
സകലസൽഗ്ഗുണങ്ങളവനിലിരിക്കിലും.
സ്വകമാംദുർഗ്ഗുണങ്ങളകലേ വെടിഞ്ഞിട്ടു
നിഖിലം പൊറുക്കണമതിവാദങ്ങൾ നൃപൻ
സ്വകമാംജനങ്ങളെ ദാനമാനങ്ങളാലും
മികവേ സൽക്കരിച്ചും രഞ്ജിപ്പിക്കണം സദാ.
ഇന്ദ്രിയജേതാവഥ ശസ്ത്രാസ്ത്ര വിശാരദൻ
നിർണ്ണയം ശൂരൻതഥാ സപത്നകുലാന്തകൻ
പിന്നെയുമസ്വതന്ത്രൻ ജ്ഞാനവിജ്ഞാനയുതൻ
വന്ദ്യരാൽ പരിവൃതൻ നീചരാലസേവിതൻ
ദീർഘവീക്ഷണൻ സദാ നീതിയിൽവിചക്ഷണൻ
സജ്ജനനിഷേവിതൻ നിശ്ചയം സുധീവരൻ,
ഇത്തരം ഗുണങ്ങളങ്ങൊക്കെയും ചേർന്നെഴുന്ന
പൃഥ്വീശൻ ദേവാംശകനെന്നതായറിയണം.
തിട്ടമന്യഥാഭവിക്കുന്നവൻ രക്ഷോംശകൻ
മുറ്റുമങ്ങവൻനിത്യം നരകത്തിന്നുപാത്രം.
ദേവാംശം രക്ഷോംശമെന്നിങ്ങനേ രണ്ടുള്ളതിൽ
ഏതൊരംശത്തിൽ ഭവിച്ചീടുന്നു നൃപാലകൻ
അതിന്നങ്ങൊത്തവണ്ണമവന്നു സഹായികൾ
അവനെ വന്നുചേരുമതിന്നില്ലൊരുഭേദം.
അവരങ്ങഥചെയ്യും സകല പ്രവൃത്തിയും
നൃവരനാദരിക്കും മോദിക്കും സന്തോഷിക്കും
അതുപോലല്ലാതെകണ്ടന്യഥാ ചെയ്തീടുവാൻ
നിയതിബലത്തിനാൽ ശക്തനാകില്ലാനൃപൻ.
മനുഷ്യൻചെയ്തിടുന്ന കർമ്മത്തിൻഫലമവൻ
ഭുജിക്കതന്നെവേണം പ്രതികാരേതരത്തിൽ;

ഭുജിക്കവേണ്ടാ പ്രതിവിധികൾ ചെയ്തീടുകിൽ
ചികിത്സചെയ്താൽ രോഗം പൊറുക്കുമെന്നപോലെ.
അനിഷ്ടഹേതുക്കളെ പറഞ്ഞുകൊടുത്താലും
മനസ്സുവയ്ക്കുന്നതാരാവിധം പ്രവൃത്തിപ്പാൻ?
ശുഭമാംഫലത്തിലേ മനസ്സുരഞ്ജിച്ചിട്ടു
ശുഭമല്ലാത്തതിങ്കൽ രഞ്ജിക്കാമനമാർക്കും.
അതിനാൽ ഗുണാഗുണബോധകമെന്നറിഞ്ഞു
മനുജൻ ശാസ്ത്രങ്ങളെയാചരിക്കുകവേണം.
നയത്തിൻമൂലമത്തു വിനയംതന്നെപാരിൽ
വിനയത്തിന്നുമൂലം ശാസ്ത്രശാസനമത്തും
വിനയംകൊണ്ടുന്നതം വരുമിന്ദ്രിയജയം
ദൃഢമിന്ദ്രിയജേതാവഭ്യസിക്കുന്നു ശാസ്ത്രം.
വിനയം നൃപൻതന്നെ സമ്പാദിക്കണമാദ്യം
തദനു തനയന്മാർക്കഭ്യസിപ്പിക്കവേണം
തദനു വിനയത്തെ മന്ത്രിമാർക്കേകിടേണം
തദനു ഭൃത്യന്മാർക്കു തദനു പ്രജകൾക്കും.
പരന്മാർക്കോതീടുവാൻ കുശലനായാൽപോരാ
വിനയം നൃപൻതന്നെ ശീലിച്ചുകാട്ടീടണം.
ചിലപ്പോൾ ഗുണവാനായിരുന്നീടിലുംനൃപൻ
ഭവിക്കാം പ്രജകളുമധികാരവുംവിനാ.
മറിച്ചുജനാവലി ദുർഗ്ഗുണരായിടിലും
ഭവിച്ചുകൂടാദൃഢം നൃപതിഹീനരായി.
ഭവിക്കാവിധവയായിന്ദ്രാണിയെന്നപോലെ
ഭവിച്ചീടണംപ്രജാ സപതിയായിനിത്യം.
യാതൊരുരാജ്യത്തിങ്കൽ രാജാവെന്നിയേമന്ത്രി-
വീരരോ വിനീതരാം ദായാദിപ്രവരരോ
ദാന്തരാംതനയരോ ബന്ധുക്കളന്യന്മാരോ
നൂനമില്ലതുരാജ്യശ്രീയത്തു ശൂന്യംതന്നെ.

യാതൊരുനൃപൻ പ്രജാപാലനപരായണൻ
സാദരംപ്രജകളാൽ സ്നേഹമോടഭിമതൻ
നീതിമാൻ വിനീതിമാനാകമാനൃപാലകൻ
ഭൂയസിയാകുംശ്രീയാൽ സേവിതനായിടുന്നു.
കീൎണ്ണമായ്കിടക്കുന്ന വിഷയാരണ്യംതന്നിൽ
തൂൎണ്ണമായ്മദിച്ചോടുമിന്ദ്രിയദന്തിതന്നേ
ജ്ഞാനമാമങ്കുശത്താലമത്തിനിൎത്തീടണം
മാനുഷനായിടുന്ന വിദഗ്ദ്ധൻ ദന്തിപാലൻ.
വിഷയാമിഷംതന്നിലുളവാംലോഭത്തിനാൽ
മനസ്സിന്ദ്രിയങ്ങളേ സതതം പ്രേരിപ്പിപ്പൂ.
അതിനാൽ മനസ്സിനേ ദൃഢമായടക്കണം;
അതിനേയടക്കുവോൻ സുദൃഢംജിതേന്ദ്രിയൻ.
മാനസമൊന്നടക്കാൻ ശക്തിയില്ലാത്ത മൎത്ത്യൻ
സാഗരാന്തമാമൂഴിയെങ്ങിനേ പാലിച്ചിടും?
പ്രഥമം മനസ്സിനു ഹിതമായ്തോന്നിക്കിലും
പരിണാമത്തിലേററം വിരസമാകുന്നതാം
വിഷയങ്ങളാൽ മനം ഹൃതമാകുന്ന മൎത്ത്യൻ
പിടിനല്കീടുന്നിതു കരിപോൽ വനാന്തരേ.
ശബ്ദവുംസ്പൎശംതഥാ രസനംപിന്നെരൂപം
തഥാവിധംഗന്ധമിവയഞ്ചിലോരോന്നുംതന്നേ
മൎത്ത്യനു വിനാശത്തെ നല്കുവാനേതുനാളും
ശക്തമാംപ്രലോഭനമായിട്ടുഭവിക്കുന്നു.
ശുദ്ധമാം കുശപ്പുല്ലിൻ നാമ്പതുഭക്ഷിച്ചുംകൊ-
ണ്ടെത്രയുംദൂരെയോടിച്ചാടിടാൻ വിചക്ഷണൻ
മുഗ്ദ്ധനാംകൃഷ്ണസാരം ലുബ്ധകൻതൻെറശബ്ദം
കേട്ടഹോ മയങ്ങിച്ചെന്നൊടുങ്ങുന്നു മൃത്യുവിങ്കൽ.
പൎവ്വതശിഖരംപോലുന്നതാകാരനായും
ലീലയാ വൃക്ഷങ്ങളേ പുഴുതുവിറപ്പിച്ചും

വാണിടുംവാരണേന്ദ്രൻ കരിണീസ്പൎശത്തിനാൽ
മോഹമാൎന്നാവഴിക്കു പൂകുന്നുബന്ധനത്തേ.
സ്നിഗ്ദ്ധമാംദീപത്തിൻെറയുജ്ജ്വലജ്വാലകണ്ടി-
ട്ടക്ഷികൾക്കാനന്ദത്തേ നല്കുവാൻഭ്രാന്തിമൂലം
തൽക്ഷണം വിരണ്ടങ്ങു പറന്നു പതംഗങ്ങൾ
രൂക്ഷമാംതീയിൽവീണു മൃത്യുവേപ്രാപിക്കുന്നു.
ഏററവുമഗാധമാമാഴിതൻ കീഴിലുള്ള
പാൎപ്പിടംതന്നിലതിദൂരത്തുവാഴും മീനം
മുക്കുവൻചൂണ്ടതന്നിൽ കോൎത്തിടുമാമിഷത്തേ
തൃഷ്ണയാഭുജിച്ചിട്ടു മൃത്യുവേയടയുന്നു.
ദക്ഷനെന്നിരുന്നാലും കൊത്താനും തുരപ്പാനും
പക്ഷങ്ങളുണ്ടു പറന്നീടുവാനെന്നാകിലും
ലുബ്ധനാകിയ വണ്ടു ഗന്ധലോഭത്തിനാലേ
അബ്ജത്തിന്നകംപുക്കു ബന്ധനംപ്രാപിക്കുന്നു.
ഇന്ദ്രിയവിഷയങ്ങളോരോന്നുമേവംവിധം
നിൎണ്ണയം നാശത്തിനുകാരണം വിഷംപോലെ.
പിന്നെയഞ്ചുംചേൎന്നാലുണ്ടാകുംനാശത്തിനെ
വൎണ്ണിപ്പാൻകഴിയുമോ മന്നിലിങ്ങാരാലെയും?
ദ്യൂതവും സ്ത്രീയും മദ്യമെന്നിവമൂന്നുംക്രമാ-
തീതമായ്തീൎന്നാൽ പാരമനൎത്ഥപ്രദംപാരിൽ.
ആവതുംമിതമായിബ്ഭുജിച്ചാൽ ക്രമാലിവ
കൈവരുത്തീടുംധനം സന്താനംപ്രതിഭയും.
ധൎമ്മസൂനുവും നളപ്രമുഖന്മാരും പുരാ
നിൎമ്മായമായചൂതാൽ ചെന്നാണഞ്ഞിതുനാശം.
കള്ളമാംചൂതിനാലേ ധനങ്ങളുണ്ടാവ്വരും
ചൊല്ലെഴും കള്ളച്ചൂതിൽ ചതുരന്മാൎക്ക പാരിൽ.
സ്ത്രീയെന്നനാമംതന്നേ പാരമാഹ്ലാദകരം
പൊയ്യല്ല വികാരങ്ങളുണ്ടാക്കിത്തീൎക്കുന്നതും

മയ്യേലുംമിഴികളും ചില്ലിവില്ലാട്ടങ്ങളും
അയ്യയ്യോ കണ്ടാൽപിന്നെയെന്താകുമവസ്ഥകൾ?
ശ്രദ്ധസംഭാഷണത്തിൽ ദക്ഷതചേൎന്നുമൃദു-
ഭാഷിണിയായുംതഥാ ഗൽഗദവാണിയായും
ലോഹിതനേത്രയായും വാണിടും നാരീമണി-
യാരെയങ്ങഹോ വശത്താക്കാതെയിരുന്നിടും?
ഇന്ദ്രിയജയംചെയ്ത മുനിമാരുടെമനം-
തന്നെയും രാഗവത്തായ്തീൎത്തവൾ പാട്ടിലാക്കും!
പിന്നെയെങ്ങിനേ ന്യൂനമിന്ദ്രിയവശഗരാം
അന്യരേ നാരീമണി പാട്ടിലാക്കാതേ വരും?
ഇന്ദ്രനും ദണ്ഡക്യനും നഹുഷൻ ദശാസ്യനും
പിന്നെയും നിരവധിയന്യരാം നൃപന്മാരും
അംഗനാമണികളിലാശയാ വിവശരായ്
ചെന്നണഞ്ഞിതുനാശം നിൎണ്ണയമവർമൂലം.
കേവലമതൽപ്പരനാകിയപുരുഷനേ
സ്ത്രീബത ഭവിക്കുള്ളൂ സതതം സുഖത്തിനായ്.
ഗാൎഹികകൃത്യങ്ങളിൽ നരനു സഹായിനി-
യാകുവാനാരുണ്ടഹോ ഭാൎയ്യയെന്നിയേ പാരിൽ?
മദ്യമങ്ങതിമാത്രം സേവിക്കുംമനുഷ്യനു
നിശ്ചയം ബുദ്ധിലോപം മദ്യമതുണ്ടാക്കിടും.
മാത്രയായ് ഭുജിക്കിലോ നല്കിടുംപ്രതിഭയും
ഉൾക്കരുത്തുൾസ്ഥൈൎയ്യവും ബുദ്ധിക്കുവൈശദ്യവും.
തിട്ടമന്യഥാ ഭവിച്ചിടുമ്പോൾ ഹലിപ്രിയാ
മൎത്ത്യനു നല്കിടുന്നുണ്ടത്യന്തനാശത്തിനേ.
കാമക്രോധങ്ങൾരണ്ടും മദിരാസമാനങ്ങൾ
കൈകാൎയ്യംചെയ്തീടണമിവയേയഥോചിതം
കാമത്തെനിത്യം പ്രജാപരിപാലനംതന്നിൽ
ക്രോധത്തെന്നൂനം രിപുമൎദ്ദനമതിങ്കലും.

ജയത്തേ കാംക്ഷിക്കുന്ന നൃപതിക്കണ്ടുലോഭം
മഹത്താംഗുണംതന്നേ സൈന്യസന്ധാരണത്തിൽ.
പരസ്ത്രീസംഗമത്തിൽ ഭവിച്ചുക്രൂടാ കാമം
ധരിത്രീശനുലോഭം പരൻെറ വിത്തത്തിലും.
ഭവിച്ചുക്രൂടാ തഥാ സ്വന്തമാംപ്രജകളെ
കനക്കെ ദണ്ഡിപ്പതിൽ പരുത്തരോഷമതും.
പരസ്ത്രീപരനായിബ്ഭവിക്കും മനുഷ്യനേ
കഥിച്ചുക്രൂടിട്ടുമോ കുടുംബിയെന്നായ്പാരിൽ?
സ്വപ്രജാദണ്ഡനത്താൽ ശൂരനാകുമോ നരൻ
വിത്തവാനായിട്ടുമോ പരൻെറ വിത്തത്തിനാൽ?
പാലനംചെയ്തിടാത്ത മേദിനീപതിയെയും
സാരമാം തപം വെടിഞ്ഞുള്ളോരു വിപ്രനേയും
ദാനമേകാതെമേവും ധനവാനെയുംന്ത്രനാം
വാനവർഹനിക്കുന്നു പതിപ്പിക്കുന്നുകീഴിൽ.
ധനവാനാകുന്നതും പ്രട്ടതപൂകുന്നതും
മനുജൻ തപസ്സിനാൽ ദാനവാനാകുന്നതും
ദാരിദ്ര്യമേല്ക്കുന്നതും ദാസനായ്ഭവിപ്പതും
ഏനസ്സിൻഫലമത്രേ യാചകനാകുന്നതും.
ശാസ്ത്രങ്ങൾനോക്കിപ്പുനരാത്മാവെ യഥോചിതം
ആത്മാവാൽ നിയന്ത്രിച്ചു കൃത്യങ്ങൾമഹീശ്വരൻ
ഭോഷ്കല്ലങ്ങിഹത്തിലും പരത്തിങ്കലുംപാരം
സൌഖ്യത്തെയടയുവാനായ്ക്കൊണ്ടുചെയ്തീടണം.
ദുഷ്ടനിഗ്രഹംചെയ്ക, പ്രജയെപ്പാലിക്കുക,
മുട്ടാതെയജിക്കുക രാജസൂയാദിയജ്ഞം,
വാട്ടമെന്നിയേ ദാനധർമ്മങ്ങൾനടത്തുക,
കോട്ടമില്ലാതെകോശം ന്യായമായ്വളൎക്കുക,
കപ്പങ്ങൾവാങ്ങിടുക, ശത്രുവേമർദ്ദിക്കുക,
കെൽപ്പോടുഭൂമിയത്തു വീണ്ടുമങ്ങുപാൎജ്ജിക്ക,

ഇത്തരമെട്ടുവിധമായിട്ടാണോർത്തുകണ്ടാൽ
കൃത്യങ്ങളിരിപ്പതു ഭൂമിപന്മാൎക്കു പാരിൽ.
സേനയേ വേണ്ടുംവിധം വർദ്ധിതമാക്കാതെയും
രാജാക്കന്മാരിൽനിന്നും തിറകൾവാങ്ങാതെയും
പ്രജയേ വഴിപോലെ പാലനംചെയ്യാതെയും
മരുവും നൃപാലന്മാർ ഷണ്ഡതുല്യന്മാർതന്നേ.
പ്രജകളെവനിൽനിന്നുദ്വേഗമടയുന്നു
സതതം നിന്ദിക്കുന്നിതെവൻെറ പ്രവൃത്തിയെ
ഗുണികൾ വെടിയുന്നിതെവനേ ധനികരും
സുദൃഢമവൻ പാരിലധമാധമൻ നൃപൻ.
നടന്മാർ, ഗായകന്മാർ, മല്ലന്മാർ, ഷണ്ഡന്മാരും,
ഗണികാഗണം പുനരല്പജാതിജരായോർ
ഇവരോടതിപ്രിയം കലരും നൃപൻ നിന്ദ്യൻ
രിപുവിൻമുഖംതന്നിൽ സ്ഥിതിചെയ്യുന്നിതവൻ.
മതിമാന്മാരെ നിത്യം ദ്വേഷിച്ചുകൊണ്ടുംതഥാ,
സതതം കുടിലന്മാരോടു ചേൎന്നാമോദിച്ചും,
സ്വകമാം ദുൎഗ്ഗുണങ്ങളറിയാതെയുംമേവും
നൃവരൻഭവിക്കുന്നു തന്നുടേനാശത്തിനായ്.
അപരാധങ്ങളേതും പൊറുത്തിടില്ല തിട്ടം
കഠിനശിക്ഷനൽകും ധനവും ഹരിച്ചിടും
സ്വകമാംദുൎഗ്ഗുണങ്ങൾ ചെവിയിൽകേട്ടിടുകിൽ
സഹസാ കോപിച്ചുടൻ പ്രജയെദണ്ഡിച്ചിടും;
ഇതുമാതിരിയെല്ലാം നൃവരൻഭവിക്കുമ്പോൾ
ജനതാക്ഷോഭിച്ചിടും ഘടനാഭിന്നരാകും.
“ആരെല്ലാംപഴിക്കുന്നു തന്നുടേ ചെയ്തികളേ?”
“ആയതങ്ങറിഞ്ഞിട്ടു മന്ത്രിമാരെന്തുചെയ്‌വൂ?”
“പ്രീതിയങ്ങേതുമട്ടിലിരിപ്പൂ തൻെറമേലിൽ?”
“പ്രീതരാകാത്തതേവർ തൻഗുണാഗുണങ്ങളാൽ?”

ഈവിധമോരോവാൎത്തയാരാഞ്ഞങ്ങറിയിക്കാൻ
ചൊവ്വോടേ ഗൂഢചാരന്മാരെവച്ചവർമൂലം
ഉർവ്വിയിൽ സുകീർത്ത്യനാം നൃവരൻ ലോകദൃഷ്ട്യാ
സർവ്വമറിയേണം തന്നുടെ കുറവുകൾ.
കയ്യോടെയവയെല്ലാം സന്ത്യജിക്കേണംപിന്നെ
ചെയ്യരുതപമാനം പ്രജകൾക്കൊരിക്കലും.
പഴിക്കുന്നുണ്ടുരാജൻ! ലോകരെല്ലാരുംനിന്റെ
പ്രവൃത്തി'യെന്നു ചാരന്മാർവന്നുപറയുമ്പോൾ
തെരിക്കെന്നങ്ങു ദൌഷ്ട്യാൽ കോപിക്കുംനരവരൻ
മറയ്ക്കുന്നാത്രേദൃഢം തന്നുടേ കുറവുകൾ.
സാധ്വിയെന്നിരുന്നാലും സീതയേ വെടിഞ്ഞില്ലേ
ധാത്രീശനായരാമൻ ലോകാപവാദമൂലം?
ശക്തനാകിലും രാമനല്പനാംരജകനേ
ശിക്ഷിപ്പാനൊരുങ്ങിയോ ദണ്ഡവാനായി രോഷാൽ?
ജ്ഞാനവിജ്ഞാനഗുണസമ്പന്നനാകുംനര-
പാലനാൽ ദത്താഭയനാകിലുമൊരുവനും
ഓതുവാനൊരുങ്ങുകില്ലേതുമേയരചന്റെ
ദോഷങ്ങൾ സഗൌരവമാകിലുംതിരുമുമ്പിൽ
വൈകുണ്ഠനാദിയായ ദേവന്മാർപോലുംസ്തുതി-
ലോലുപന്മാരെന്നല്ലേ ചൊല്ലുന്നുപ്രമാണങ്ങൾ?
ആവിധമിരിക്കവേ മാനുഷൻതന്റെകഥ-
യോതുവാനുണ്ടോ? നൂനം ക്രോധമോ നിന്ദാഫലം.
ആകയാലേതുനാളും നൃവരൻ ക്ഷമാശീല-
നാകണം സുഭാഗദണ്ഡീ തഥാ രഞ്ജിതാവും.
യൌവനം, മനം, ഛായാ, ലക്ഷ്മിയും, പ്രഭുത്വവും,
ജീവിതമിവയാറും പാരിതിലസ്ഥിരങ്ങൾ.
ചേതസിസദാ ഗ്രഹിച്ചേവരുമിക്കാര്യത്തേ
നീതിയിൽ നിരതരായ് തീരണമെല്ലാനാളും.

ദാനമില്ലായ്കകൊണ്ടും, ക്രൂരമാംവാക്കിനാലും,
ന്യൂനമങ്ങപമാനം മൂലവും ഫലത്താലും
ക്ഷോണിപൻതന്റെ കൊട്ടുംക്രൂരദണ്ഡനത്താലും
ക്ഷോണീനായകൻതന്നേ വെടിയും പ്രജാവലി.
അത്യന്തംഭീരു, തഥാ ദീർഘസൂത്രിയുംപുന-
രത്യന്തം പ്രമാദിയുമത്യന്താസക്തിമൂലം
അത്യർത്ഥം വിഷയിയുമായിട്ടും നൃപാലനേ
നിശ്ചയം സേവിക്കാതേ പ്രജകൾവെടിഞ്ഞിടും.
മറിച്ചുള്ളോരുഗുണം ചേൎന്നിഴംരാജാവിനേ
കുലത്തോടനുദിനം സ്നേഹിക്കും പ്രജാവലി.
ഏകമായിട്ടുംദോഷംനല്കീട്ടും ദുഷ്കീൎത്തിയെ
സംഘമായ്വന്നാൽപിന്നേ നൽകാതെയിരിക്കുമോ?
നായാട്ടും, ചൂതും, സുരാപാനവും, വസുന്ധരാ-
നായകന്മാൎക്ക പാൎത്താൽ ഗൎഹിതമത്രേപാരം.
പാണ്ഡുവും, നളൻ, വൃഷ്ണികുലവുമിവമൂലം
പ്രാപിച്ചവിപത്തുകൾ ദൃഷ്ടാന്തമല്ലേ പാരിൽ?
കാമവുംക്രോധംതഥാ മോഹവുംലോഭംപിന്നേ
മാനവും മദമതും ഷഡ്വൎഗ്ഗമായിച്ചൊൽവു.
ഭൂവരനിവയാറും വൎജ്ജിച്ചുകൊണ്ടീടണം
കൈവരുമത്രേസുഖമിവയേ വൎജ്ജിക്കുകിൽ.
ദണ്ഡക്യനാകുംനൃപൻ കാമത്താൽ നഷ്ടനായാൻ,
നിൎണ്ണയംക്രോധത്തിനാൽ ജനമേജയഭൂപൻ.
പിന്നെയും ലോഭത്തിനാൽ രാജൎഷിയായൊരൈളൻ
ചെന്നണഞ്ഞിതുനാശം മോഹത്താൽ വാതാപിയും.
പൌലസ്ത്യനാകും രക്ഷോനായകൻ മാനത്തിനാൽ
പ്രാപിച്ചുനാശത്തിനേ മദത്താൽ ദംഭോത്ഭവൻ.
ഈവിധം ഷഡ്വൎഗ്ഗത്തെയാശ്രയിച്ചതുമൂലം
പൂകിനാർ നാശം ദൃഢമോരോരുത്തരുമിവർ.

ഷഡ്വർഗ്ഗമായിടുന്ന ശത്രുവേയുത്സജ്ജിച്ചു
ശക്തിമാനായിരുന്ന ജാമദഗ്ന്യനംതഥാ
ഭക്തിമാൻ മഹാഭാഗനംബരീഷനുംമുന്നം
ധാത്രിയെച്ചിരകാലം ഭുജിച്ചുവാണിടിനാർ.
നിമ്മായം സജ്ജനങ്ങൾ സാദരം സേവിപ്പതാം
ധർമ്മാത്ഥദ്വയത്തിനേ മുറപോൽ വദ്ധിപ്പിച്ചും
നിണ്ണയം ഷഡിന്ദ്രിയസഞ്ചയം സംയമിച്ചും
മന്നവൻ ഗുരുപാദസേവനയ്ക്കൊരുങ്ങണം.
ശാസ്ത്രസമ്പാദനാത്ഥം ഗുരുവിൻ സാഹചര്യം
ശാസ്ത്രസമ്പത്തിന്നുനം വിനയവൃദ്ധ്യത്ഥവും.
വിദ്യയാൽ വിനീതനായ്ഭവിക്കും നരപതി
നിത്യവും സജ്ജനത്താൽ സമ്മതനായിടുന്നു;
നിശ്ചയം ദുവൃത്തരാൽ പ്രേരിതനായീടിലും
ബുദ്ധിപോകില്ലവന്നു തെററായകാര്യ്യങ്ങളിൽ.
പണ്ഡിതനാകും നൃപൻ സകലകലകളും
വേണ്ടപോൽ പ്രതിദിനമഭ്യസിച്ചതിൻശേഷം
ധമ്മമെന്നായി ശ്രുതിസ്മൃതികളാലും ലോക-
സമ്മതിയാലും തൻെറ സ്വന്തമാം ബുദ്ധിയാലും
വെണ്മയിൽ കാണുന്നതാം സകലകമ്മങ്ങളും
ഉണ്മയിൽ പ്രയത്നിച്ചു ഗ്രഹിച്ചുകൊണ്ടിടുന്നു.
ഇന്ദ്രിയജയംചെയ്തും നീതിതെററാതെകണ്ടും
മന്നിതു ഭരിക്കുന്ന മന്നവൻ തനിക്കെന്നും
ഉന്നതമായ രാജലക്ഷ്മിയും നിരന്തരം
വിണ്ണിനോടുരസിടും കീത്തിയും സിദ്ധമാകും.
നാലുവിദ്യകളെന്നും മുടക്കം വരുത്താതെ
ഭൂമിപാലിക്കും നൃപനഭ്യസിക്കുകവേണം;
ആയതൊന്നാമന്വീക്ഷികി, പിന്നേതുന്നനംത്രയീ
മൂന്നാമത്തതു വാത്താ, ചതുർത്ഥം ദണ്ഡനീതി.

എന്നതിലാന്വീക്ഷികിയായതിൽ തക്കശാസ്ത്രം
അന്യൂനം പ്രതിഷ്ഠിതം വേദാന്താദ്യവുംതഥാ.
ത്രയിയാം വിദ്യതന്നിൽ സുദൃഢം പ്രതിഷ്ഠിതം
വിവിധം ധമ്മാധമ്മം, കാമവുമകാമവും.
വാത്തയിൽ പ്രതിഷ്ഠിതമത്ഥവുമനത്ഥവും
ചീത്തെഴും ദണ്ഡനീതിയായതിൽ ന്യായാന്യായം.
സമസ്തധർമ്മങ്ങളും, സമസ്താശ്രമങ്ങളും,
സമഗ്രമീഃവിദ്യകൾ നാലിലായധിഷ്ഠിതം.
വേദങ്ങൾ, വേദാംഗങ്ങൾ, മീമാംസാ, ന്യായംതഥാ
ഭേദമെന്നിയേ ധർമ്മശാസ്ത്രങ്ങൾ, പുരാണങ്ങൾ,
ഇതുകളെല്ലാമന്തർഭവിച്ചുകൊണ്ടുനിത്യം
വിലസീടുന്നു പാരിൽ ത്രയിയാകുന്നവിദ്യാ.
പലിശമുറകളും കൃഷിയും, വാണിജ്യവും
പശുരക്ഷയുംതഥാ വാത്തയിലുരയ്ക്കുന്നു.
വാത്തയിൽവിദഗ്ദ്ധനാം മനുഷ്യനൊരിക്കലും
വൃത്തിമാറ്റത്തിൽ ഭയമുണ്ടാകവേണ്ടാ ഭുവി.
ദണ്ഡമെന്നതിന്നർത്ഥം ദമമെന്നത്രേദൃഢം
മന്നനെയതിനാലേ ദണ്ഡനെന്നുരചെയ്വു.
ദണ്ഡമൂലമാം നീതിയാകയാൽ ദണ്ഡനീതി-
യെന്നായും, നയിക്കയാൽ നീതിയെന്നായും ചൊല്വു.
ചേലെഴുമാന്വീക്ഷികീമൂലവുമാത്മജ്ഞാന-
ത്താലെയുമുപേക്ഷിപ്പു ഹർഷശോകങ്ങൾമർത്ത്യൻ.
നൂനമത്ത്രയീവിദ്യ പഠിച്ചു യഥാവിധി
മാനുഷൻ കൊണ്ടിടുന്നുണ്ടുഭയലോകത്തെയും.
പ്രാണനേ ധരിക്കുന്ന സകലഭൂതത്തിനും
ചേണാന്നൊരാനൃശംസ്യം പരമമായധർമ്മം.
നൂനമങ്ങാനൃശംസ്യത്താലെയങ്ങാകയാലേ
ദീനരാംജനങ്ങളെ പാലിക്കവേണംനൃപൻ.

E 986

കൃപണജനങ്ങളെ പ്പീഡിപ്പിക്കരുതേതും
സ്വകമാംസുഖത്തിനേ കാംക്ഷിച്ച മഹീശ്വരൻ.
കൃപണജനത്തിനു പീഡയാൽമൃതിവന്നാൽ
സുദ്ദുഃഖമതുപിന്നെ ഹനിക്കും രാജാവിനേ.
സുജനങ്ങളോടുള്ള സംഗമം ചെയ്തീടണം
സുഖമുണ്ടായിടാനും ധർമ്മത്തിനായും നരൻ.
സുജനങ്ങളാൽ നിത്യം സേവിതനായിടുന്ന
മനുജൻ ശോഭിച്ചീടുമളവില്ലാതെതന്നേ
നവമായുൽഫുല്ലമാമുൽപലജാലങ്ങളാൽ
വിലസും സരസ്സിനു ശീതാംശുമാലിപോലേ.
സുജനാവലിയാലേ പരിവേഷ്ടിതൻ നരൻ
ഹൃദയാനന്ദമേകും സകലലോകത്തിനും.
ഗ്രീഷ്മകാലത്തിങ്കലേ സൂര്യ്യാതപത്താൽതപി-
ച്ചുഗ്രമായുദഗ്രമായാശ്രയഹീനമായി
വ്യാപ്തമായ് മരുവുന്ന മരുഭൂമിയേപ്പോലേ
വർജ്ജിക്കവേണം നരൻ ദുർജ്ജനസംഗത്തിനേ.
മൂക്കിൽനിന്നുദ്ഗീർണ്ണമാം നിശ്വാസശ്രേണിയാകും
ആശ്രയാശജ്വാലതൻ കാറേററു കരിപൂണ്ടു
കൃഷ്ണവർണ്ണനായ്തീർന്ന രൂക്ഷസർപ്പത്തിൻസംഗം
ദുർജ്ജനസംഗത്തേക്കാളെത്രയോ ശുഭാവഹം.
വന്ധ്യരായിരിപ്പോരു സുജനത്തോടു ചെയ്യും
അഞ്ജലിബന്ധത്തിനേ വെല്ലുമോരുപചാരം
നിർണ്ണയം ചെയ്തിടേണം ദുർജ്ജനത്തോടുനിത്യം
മന്നിതിൽ ക്ഷേമത്തിനേ കാംക്ഷിച്ചീടുന്ന മർത്ത്യൻ.
സതതം മനസ്സിനെയാകർഷിക്കുന്ന വാക്കാൽ
നിയതം ജഗത്തിനെയാഹ്ലാദിപ്പിച്ചിടേണം.
ധനദാനങ്ങളും ചെയ്യും മനുജൻപോലുമൊരു
കടുവാക്കോതീടുകിലസുഖം ജനിപ്പിക്കും.

ഹൃദയം കുത്തിത്തുളയ്ക്കുന്നപോൽ മനസ്സിനു
വ്യഥനല്കുന്നതായി ബ്ഭവിക്കും വചസ്സിനേ
മതിമാനായമർത്ത്യനുരചെയ്യരുതേതും
കൃതമായെന്നാകിലും പെരുതാം മനഃക്ഷോഭം.
സജ്ജനത്തോടാകിലും ശത്രുവോടെന്നാകിലും
നിത്യവുമുരയ്ക്കണം പ്രിയമായുള്ള വാക്യം.
മധുരവാക്യമുരചെയ്യണം ജനപ്രിയൻ
മധുരമായ കേക കേകി ചൊല്ലുന്നപോലെ.
മദത്താൽ രക്തനാകും കളഹംസവും കള-
രവത്താൽ പ്രസിദ്ധരാം കോകിലബർഹികളും
വദിക്കും വാണിയൊന്നും മതിമാനായമർത്ത്യൻ
കഥിക്കും വാക്കുപോലെ ഹരിക്കില്ലങ്ങുചിത്തം.
പ്രിയവാക്കുരയ്ക്കയും പ്രിയവും സൽക്കാരവും
നിയതമാശിക്കയും ചെയ്തിട്ടുംമനുജന്മാർ,
അനിശം ശ്രീമാന്മാരും വന്ദ്യവൃത്തരുമത്രേ
മനുജരൂപം ധരിച്ചമരും ദേവന്മാരും.
ഭൂതജാലത്തോടനുകമ്പയും മൈത്രിയതും
ആദരപൂർവ്വമായ വാണിയും ദാനം തഥാ
വാദമില്ലിവ നാലോടൊത്തതാം വശീകര-
സാധനമില്ല പാർത്താൽ പാരിതു മൂന്നിങ്കലും.
പൂജചെയ്യുകവേണം ദേവരേയനുദിനം ।
മോദമോടാസ്തിക്യത്താൽ പൂതമാമാത്മാവാലേ.
ദേവനെപ്പോലെ ഗുരുജനത്തേ പൂജിക്കണം
പൂജിച്ചിടേണം തന്നെപ്പോലെ തൻവയസ്യരേ.
നമസ്കാരത്താൽ ഗുരുജനത്തിൻ പ്രിയത്തെയും,
വരിഷ്ഠചേഷ്ടകളാൽ സജ്ജനപ്രീതിയേയും
പെരുത്തസൽക്കർമ്മത്താൽ ദേവതാതുഷ്ടിയേയും
വരുത്തികൊണ്ടിടണം മനുഷ്യൻ ശ്രേയസ്സിനായ്.

മിത്രബാന്ധവന്മാരേ സൽസ്വഭാവത്താലെയും,
പത്നിയേ പ്രേമത്താലും ഭൃത്യരേ മാനത്താലും,
ദാക്ഷിണ്യംകൊണ്ടു നിത്യമന്യരാംജനത്തെയും
ചിത്തരഞ്ജനംചെയ്തു കൈക്കലാക്കുകവേണം.
ശക്തിമാൻ, പരാക്രമീ, ബുദ്ധിമാനെവൻ ശൂരൻ,
വിത്തസമ്പൂർണ്ണധാത്രീഭുക്തിമാനവൻ നൂനം.
ഇത്തരംഭവിക്കുന്ന പൃഥ്വീനായകൻ തന്നേ
പൃഥ്വിക്കു സാക്ഷാൽ പതിയായവൻ പാരിടത്തിൽ.
ശക്തിയും, പരാക്രമം, ബുദ്ധിയും, ശൌര്യമിവ-
യൊക്കെയും വരങ്ങളാംഗുണങ്ങളത്രേ നൃണാം.
ചെററുമീഗുണങ്ങളാൽ ത്യക്തനാം മഹീവരൻ
മറെറല്ലാഗുണങ്ങളുമർത്ഥവുമിരിക്കിലും
സ്വല്പമാം രാജ്യംപോലും ഭുജിക്കാനശക്തനാം;
ക്ഷിപ്രമങ്ങവൻ രാജ്യഭ്രഷ്ടനാകയുംചെയ്യും.
അപ്രതിഹതാജ്ഞനായ് തേജസ്വിയായിവാഴും
അല്പമാംരാജ്യത്തിൻെറ രാജാവുപോലും പാരിൽ
അത്യന്തംപ്രശോഭിക്കും വിത്തേശതുല്യരായ
പൃഥ്വീപാലരെക്കാളും തിട്ടമീഗുണങ്ങളാൽ.
ഭൂമിയേ പ്രസാധിപ്പാൻ രാജാവിനാലല്ലാതേ
കേവലമന്യന്മാരാൽ സാധിതമല്ല തെല്ലും.
ദൈവതദൈതേയന്മാർമർദ്ദിനിയായ ഭൂമി
സർവ്വമാംധനത്തിനും ഖനിയാണല്ലൊ പാർക്കിൽ.
ഭൂമിക്കുവേണ്ടി നിജ ജീവിതംപോലും പാടേ
ഭൂമീശപ്രമുഖന്മാർ വെടിഞ്ഞിടുന്നു പാരിൽ.
ജീവനും ധനമതും രക്ഷിച്ചുപോരുന്നതു
കേവലം മനുഷ്യൻെറ സുഖത്തിന്നായി നൂനം.
ഭൂമിയെ രക്ഷിക്കാതെ വാണിടും മനുജൻെറ
ജീവിതധനങ്ങളാലെന്തഹോ പ്രയോജനം?

ആർജ്ജിച്ചുവച്ചധനം സ്വേച്ഛപോൽ വ്യയംചെയ്യാൻ
ഓർക്കിലോ തികഞ്ഞങ്ങു വരുകില്ലാക്കലംതന്നേ.
നിത്യവും നവംധനം വന്നുകൊണ്ടിരിക്കാതേ
വിത്തേശനായീടിലും നിശ്ചയം തികഞ്ഞിടാ.
മേൽച്ചൊന്നഗുണങ്ങളാൽ പൂജ്യനാകുന്ന ഭൂപൻ
പൃഥ്വീശനാകാ ദൃഢം ജനനംകൊണ്ടുമാത്രം.
ശക്തിയും പരാക്രമം ശൌര്യവുംമൂലം വരും
ഭക്തിയും സൽക്കാരവും ജനനാലുണ്ടായിടാ.
ഏതൊരുഭൂമിപന്റെ വാർഷികധനാഗമം
ഏകമാം ലക്ഷംമുതൽ ത്രിലക്ഷം*കർഷം വരേ
ആയിനിന്നിട്ടും പ്രജാപീഡനമുണ്ടാകാതേ
ഭൂമിപനവൻ പ്രോക്തനാകുന്ന സാമന്തനായ്.
ആയതിൽ കവിഞ്ഞഥ ദശലക്ഷത്തോളവും
ആദായം വരും നൃപൻ മാണ്ഡലികനായ് സ്മൃതൻ.
അതിലങ്ങൂർദ്ധ്വമിരുദശമാം ലക്ഷത്തോളം
വരുമാനങ്ങളുള്ളോൻ രാജാവായ് പ്രകീർത്തിതൻ.
അതിലുമൂർദ്ധ്വം പുനരയ്മ്പതു ലക്ഷംവരേ
നികുതിപിരിവുള്ളോൻ നിർണ്ണയം മഹാരാജാ.
അമ്പതുലക്ഷംമുതൽ കോടിപര്യന്തം ധനം
വന്നിട്ടും നൃപാലനേ ചൊല്ലിടും സ്വരാട്ടായി.
പിന്നെയഞ്ചുമുതൽ ദശമാംകോടിവരേ
യുള്ളൊരുരാജാവിന്നേ സമ്രാട്ടായ് ചൊല്ലിടുന്നു.
പിന്നെയും പുനരഞ്ചൊരമ്പതുകോടിവരേ-
യുള്ളവൻ വിരാട്ടത്രേ പിന്നേവൻ സാർവ്വഭൌമൻ.
അവനങ്ങഹോ സപ്തദ്വീപയാം പൃഥിവിതൻ-
പതിയായ്തീർന്നു സർവ്വമടക്കിബ്ഭരിക്കുന്നു.
രാജഭോഗമാം തന്റേ ഭൃതിയും പററിക്കൊണ്ടു
വ്യാജമെന്നിയേ പ്രജാദാസനായ് വാണിടുവോൻ

* കർഷം=ഒരു രൂപായോളംവിലയുള്ള ഒരു നാണയം.

വേധാവു ചമച്ചിതു ഭൂമിനായകൻതന്നേ
വാദമില്ലരചൻതൻ പ്രഭുത്വം പാലനാർത്ഥം.
സാമന്താദ്യന്മാരുടെ തുല്യരായ് ഭൃതിനല്കി
ഭൂമീശൻ നിയമിക്കമധികാരികളെല്ലാം
സാമന്തസംജ്ഞന്മാർതാനവരും യഥാക്രമം
ഭൂപന്റെ ഭാഗത്തിങ്കൽ ഭാഗങ്ങൾ കൊണ്ടിടുന്നു.
സാമന്താദ്യങ്ങളാകും സ്ഥാനങ്ങൾ പോയശേഷം
ഭൂമീശൻ തത്തുല്യമാം ഭൃതികൾ നല്കി മേലും
സാമോദം പാലിച്ചിടുമധികാരികൾക്കെല്ലാം
നാമമങ്ങോതിടുന്നു ഹീനസാമന്തരെന്നായ്.
ഗ്രാമങ്ങളൊരുന്നൂറിന്നീശനായീടുന്നോനും
സാമന്തനെന്നപേരാൽ വിദിതനായിടുന്നു.
ഗ്രാമങ്ങൾനൂറിന്നധികാരിയായ് ഭൂമീശ്വരൻ
നേമിക്കും ജനത്തിന്നു പേരതു നൃസാമന്തൻ.
ഗ്രാമങ്ങളൊരുന്നൂറിന്നീശനായ് വസുന്ധരാ-
നാഥനാൽ നിയമിതൻ നായകസംജ്ഞാധരൻ.
ഗ്രാമങ്ങളയുതത്തിൻ നികുതി വാങ്ങുന്നവൻ
നാമമങ്ങാശാപാലൻ ചൊല്ലിടും സ്വരാട്ടെന്നും.
ഗ്രാമമെന്നതു നൂനം ക്രോശവിസ്തീർണ്ണം സ്ഥലം
ആദായമതിനുള്ളതായിരം രൂപ്യകർഷം.
ഗ്രാമത്തിൻ പകുതിക്കു(1)'പല്ലി'യെന്നായിച്ചൊൽവൂ
നാമമങ്ങതിൽ പകുതിക്കങ്ങഹോ(2)'കുംഭ'മെന്നും.
കരങ്ങളയ്യായിരം ചേരുമോരളവിന്നേ
പറഞ്ഞിടുന്നിതല്ലോ ക്രോശമായ് പ്രജാപതി.
മനുവിൻകണക്കിനാലതിന്നു കല്പിക്കും നാ-
രളവു നാലായിരം ഹസ്തങ്ങൾമാത്രമത്രേ

---

(1) പല്ലി=see for example വാഴപ്പള്ളി, പുതുപ്പള്ളി &c.
(2) കുംഭം=see കുംഭകോണം &c.

ബ്രഹ്മാവിൻകണക്കിനാൽ ക്രോശവിസ്തീൎണ്ണംസ്ഥലം
രണ്ടുകോടിയും പുനരരക്കോടിയും ഹസ്തം.
ഉണ്ടല്ലോപിന്നെപ്പരിവൎത്തനമായിച്ചൊല്കിൽ
ദണ്ഡമെന്നിയേയതുമഞ്ഞൂറൊടീരായിരം.
മദ്ധ്യമവിരലിന്റെ മദ്ധ്യമപൎവ്വത്തിന്റെ
ദൈൎഘ്യമെന്തുണ്ടോ പുനരായതാണൊരംഗുലം.
അംഗുലമതിൻനീളം കനവും യഥാക്രമം
ചൊന്നീടും യവോദരമെട്ടുമൊരഞ്ചുമായി.
അറുനാലംഗുലങ്ങൾ തികയുന്നതു കരം
പരിചിൽ പ്രജാപതിതന്നുടേ കണക്കിനാൽ.
ഇതുതാനല്ലോ ഭൂമിയളന്നീട്ടുവാൻ ശ്രേഷ്ഠ-
വിധിയായതു പാരിൽ മറ്റെല്ലാമധമവും.
കരങ്ങൾ നാലുചേൎന്നൊരളവാണത്രെ ദണ്ഡം
ലഘുവിന്നങ്ങുപിന്നേ കരങ്ങളഞ്ചുവേണം.
ദണ്ഡവും ലഘുവതുമളക്കാൻ മനു നൽകും
അംഗുലം യവോദരമഞ്ചുചേരുന്നതത്രേ.
(1) വസുഷൺമുനിസംഖ്യമായിട്ടും യവോദരം
ഒരു ദണ്ഡായിച്ചൊൽവു നിൎണ്ണയം പ്രജാപതി.
മനുവിൻകണക്കിനാൽ ദണ്ഡിന്റെ യവോദരം
അറുനൂറായിട്ടത്രേ പറയുന്നുള്ളു തിട്ടം.
രണ്ടാളിൻകണക്കിലുമിരുപത്തഞ്ചുതന്നെ
ദണ്ഡുകൾ നിവൎത്തനമതിനുള്ളതു സിദ്ധം.
മനുവിൻനിവൎത്തനമതിനുണ്ടല്ലോ സൂക്ഷ്മം
അളവായതു പാൎത്താൽ മുപ്പതു ശതാംഗുലം;

(1) വസുഷൺമുനിസംഖ്യ — 768

| | | | |
|---|---|---|---|
| വസു = അഷ്ടവസുക്കൾ | = | 8 | 768 |
| ഷഡ് — | = | 6 | |
| മുനി = | = | 7 | |

യവവുമുണ്ടുപിന്നെ മൂവ്വഞ്ചു സഹസ്രകം
ഒരുന്തൂററിരുപത്തഞ്ചുണ്ടല്ലോ ഹസ്തങ്ങളും.
ബ്രാഹ്മ്യമാം നിവത്തനമായതിൻ യവോദരം
ചൊൽവതു പത്തൊമ്പതിനായിരത്തിരുന്തൂറായ്.
അംഗുലം രണ്ടായിരത്തോടൊരുനാന്തൂറായും
ചൊന്നിട്ടും കരങ്ങളങ്ങൊരുന്തൂറായും തഥാ.
രണ്ടിലും നിവത്തനമായതിൻക്ഷേത്രഫലം
ദണ്ഡുകളവുന്തൂററിയിരുപത്തഞ്ചുതന്നേ.
എന്തുകൊണ്ടെന്നുംചൊല്ലാം നിണ്ണയംനിവത്തനം
രണ്ടുഭാഗത്തുമോരോന്നിരുപത്തഞ്ചുദണ്ഡം.
മനുവിൻകണക്കിനാൽ * പരിവത്തനത്തിനു
ദ്ദൈഘമുണ്ടംഗുലങ്ങളെഴുപത്തയ്യായിരം.
നിയതം പ്രജാപതി തൻ പരിവത്തനത്തി-
ന്നളവങ്ങറുപ്പതിന്നായിരം വിരലത്രേ.
ഹസ്തങ്ങൾ മൂവായിരത്തൊരുന്തൂററിരുപത്ത-
ഞ്ചുൾക്കൊൾവു മനുവിൻെറ പരിവത്തനംന്തനം.
നിശ്ചയം പ്രാജാപത്യമായതിൽ മറിച്ചങ്ങു
ഹസ്തങ്ങൾ രണ്ടായിരമുണ്ടൊരഞ്ഞൂറുംപിന്നേ.
ചൊല്ലുകൊള്ളുംമനുവിൻെറ പരിവത്തനത്തിനു
ലക്ഷങ്ങൾ മൂന്നേമുക്കാലുണ്ടഹോ യവം സൂക്ഷ്മം.
തിട്ടമാണെന്നാൽ പ്രാജാപത്യമാംകണക്കതിൽ
ലക്ഷങ്ങൾനാലും പുനരായിരമോരെൺപതും.
മനുവിൻകണക്കിനാൽ നാലെട്ടുനിവത്തനം
ഒരു നാലായിരമാം ഹസ്തങ്ങളാകുമത്രേ.
അതിന്നേ ദണ്ഡമായിപ്പറയുന്നാകിലതു
പുനരഞ്ഞിരുനാലുന്തൂറുദണ്ഡങ്ങളാകും.
ഭുജമെന്നതുന്തനം പരിവത്തനമതിൻ-

* പരിവത്തനവും നിവത്തനവും ഒന്നുതന്നെ.

വശമാണതിനുണ്ടങ്ങിരുപത്തഞ്ചുദണ്ഡം.
അതിനാലങ്ങു പരിവൎത്തനമതിൻക്ഷേത്ര-
ഫലമായതു സൂക്ഷ്മമയുതംകരമത്രേ.
കൃഷിഭൂമിക്കവയ്ക്കും പരിവൎത്തനമതു
പരിചോടൊരുനാലുഭുജമായ് ചൊല്ലിടുന്നു.
നൃപതിക്കടയതാം നികുതിപിരിയ്ക്കുവാൻ
അളവായെടുക്കണം പ്രാജാപത്യത്തെ നൃപൻ.
മഹത്താമാപത്തിലും ബുദ്ധിമുട്ടിലുമല്ലാ-
തെടുത്തുകൂടാ നൃപൻ മാനവമാകും മാനം.
മൎദ്ദിച്ചു നികുതികളൎത്ഥലോഭത്താൽവാങ്ങും
പൃഥ്വീനായകൻ നാശമടയുംപ്രജയോടും.
സ്വന്തമാമവകാശം വിട്ടുപോംമട്ടിലാരും
ഹന്ത നല്കരുതല്ലോ തരിമ്പുഭൂമിപോലും.
അന്യന്റെ വൃത്യൎത്ഥമായ് നല്കിടാംഭൂമിന്നൂനം
എന്നാലങ്ങതുതാനും ജീവിതാവധിവേണം.
ദൈവതങ്ങൾക്കായിട്ടുമാരാമനിൎമ്മിതിക്കും
അഗ്നിധംകുടുംബികൾക്കിരിപ്പാൻ ഗൃഹത്തിനും
ചെവ്വോടങ്ങേകിടണം ദാനമായ് ഭൂമികളേ
സൎവ്വദാ ഗുണവാന്മാരായിട്ടും മനുജന്മാർ.
രാജധാനിയെ നൂനം നിൎമ്മിച്ചുകൊണ്ടീടണം
രാജാവു സമതലമാകിയദേശം തന്നിൽ;
നാനാവൃക്ഷങ്ങളാലും ലതകളാലും പരി-
കീൎണ്ണവും പശുപക്ഷിജാതിയാലാവൃതവും,
ധാരാളം ജലമതും ധാന്യവും ലഭിപ്പതും,
ധാരാളം തൃണങ്ങളും വിറകും കിട്ടുന്നതും,
പാരാവാരംവരെക്കും തോണികൾപോകുന്നതും,
ചേലാൎന്നശൈലങ്ങൾക്ക ദൂരമങ്ങേറാത്തതും,
പാരാതെ നയനത്തിനാനന്ദമേകുന്നതും,

നേരാണു പരിരമ്യമായതുമായടിക്കിൽ.
അർദ്ധേന്ദുരൂപം തഥാവർത്തുളം ചതുരമെ-
ന്നിത്ഥമാം രൂപമൊന്നിൽ ചമച്ചീടണം പുരം.
ചുററാകെവേണം കോട്ടകൊത്തളം കിടങ്ങുകൾ
മുട്ടാതെയിടങ്ങളും ഗ്രാമാദ്യം നിവേശിപ്പാൻ.
മദ്ധ്യഭാഗത്തായ് സഭാമണ്ഡപം തീർത്തീടണം,
കൃത്യമായ്‌വേണം കൂപവാപികൾ കുളങ്ങളും.
കോട്ടവാതിലും നാലുദിക്കിലായ് നാലുവേണം
കോട്ടമെന്നിയേ മാർഗ്ഗാരാമവീഥികൾതാനും.
കെല്പെഴും സുരാലയം സത്രങ്ങൾ ദേവാലയം
എപ്പേരും ചമച്ചിട്ടുപണികളെല്ലാംതീർന്നാൽ
സ്വപ്രജകളോടൊത്തു പൃഥ്വീശനെഴുന്നള്ളി
തൽപ്പുരമതിൽ പാർത്തുകൊള്ളണംസുഗുപ്തമായ്.
രാജമന്ദിരം സഭാമദ്ധ്യമായ്‌തീർത്തീടണം
വേണമങ്ങശ്വഗജശാലകൾ ഗോശാലയും.
ശോഭിക്കവേണം വാപീകൂപാദിയാലും തഥാ
ശോഭിതമായിടേണം ജലയന്ത്രങ്ങളാലും.
നാലുഭാഗവും സമഭുജമായിരിക്കണം
താണുകൊണ്ടുദീചിയുമുയർന്നിട്ടവാചിയും.
ശാലയല്ലാതെയുള്ളതെല്ലാവും ബഹുഭുജ-
മായതായിരിക്കണം വിഷമബാഹുവായും.
പ്രായേണ ചതുശ്ശാലയായിട്ടുതീർത്തിടാഞ്ഞാൽ
ശോഭിക്കയില്ലാ ദൃഢം ശാലകളൊന്നുംതന്നേ.
ശസ്ത്രാസ്ത്രധാരികളാമാളുകൾ കാവൽനില്ക്കും-
കോട്ടകൾവേണം നല്ലയന്ത്രസഞ്ചയംവേണം.
കക്ഷ്യങ്ങൾ മൂന്നുവേണം, നാലുഭാഗത്തുമായി
നിശ്ചയം നാലുവാതിലെത്രയുംഭംഗിയോടും.
കക്ഷ്യങ്ങൾതോറും കാവൽനിർത്തണമോരോയാമം

രാപ്പകൽ മാറിമാറിക്കാത്തുനില്ക്കുന്നതാകും
ശസ്ത്രാസ്ത്രധാരികളാമാളുകളഞ്ചോ നാലോ
തദ്വിധമാറോ ചേരും രക്ഷകസംഘത്തിനേ.
മുട്ടാതെ നാനാഗൃഹജാലങ്ങൾ ചമയ്ക്കണം
അട്ടങ്ങളുപ്പുകയ്യയാദിയായെല്ലാം തന്നേ.
വസ്ത്രങ്ങളലക്കുക, കുളിക്ക, ജപിക്കുക,
ഭക്ഷണംകഴിക്കുക, ഭക്ഷണം പാകംചെയ്ക
ഇത്തരമോരോ കൃത്യം നടത്താൻ കെട്ടിടങ്ങൾ
പ്രത്യേകം പൂർവദിക്കിൽ ചമച്ചീടുകവേണം.
നിദ്രാർത്ഥം, വിഹാരാർത്ഥം, പാനാർത്ഥം, രോദനാർത്ഥം,
നിത്യമവ്വിധം ധാന്യകോഷ്ഠാർത്ഥം, പേഷണാർത്ഥം,
ഭൃത്യാർത്ഥം, ദാസ്യർത്ഥവുമുത്സർഗ്ഗാർത്ഥവും തഥാ
ദക്ഷിണത്തിങ്കൽ ചമച്ചീടണം യഥാക്രമം.
ഗോക്കളും മൃഗങ്ങളുമൊട്ടകം ഗജാദിയും
സൂക്ഷിപ്പാൻചമയ്ക്കണം ഗൃഹങ്ങൾ പശ്ചിമത്തിൽ.
രഥാർത്ഥം, വാജ്യർത്ഥവും, ശസ്ത്രാർത്ഥമസ്ത്രാർത്ഥവും
സൂദാർത്ഥം വ്യായാമാർത്ഥം യാമികാർത്ഥവും തഥാ
വസ്ത്രാർത്ഥം, ദ്രവ്യാർത്ഥവും, വിദ്യാഭ്യാസാർത്ഥമായും
ഹൃദ്യമായ് ചമയ്ക്കണം ഗൃഹങ്ങളുദീചിയിൽ.
ഇച്ചൊന്നഗൃഹമെല്ലാം ഭൂപന്റെ യുക്തംപോലെ
നിശ്ചയമെവിടെയും ചമയ്ക്കാം യഥാസുഖം.
ധർമ്മാധികാരസ്ഥാനം വടക്കുഭാഗത്തായി
നിർമ്മായം ചമയ്ക്കണം ശില്പശാലയും തഥാ.
*കോഷ്ഠവിസ്താരത്തിന്റെയഞ്ചിലൊരംശംകൂടി
കൂട്ടിയാൽവന്നിടണം ചുവരിന്നുള്ളപൊക്കം.
കോഷ്ഠത്തിനുള്ള വിസ്താരത്തിന്റെയാറിലൊന്നു
മുട്ടാതെ കിട്ടീടണം ചുവരിൻകനത്തിനും.

* കോഷ്ഠം=മുറി

ഇച്ചൊന്ന കണക്കൊററനിലയാം ഗൃഹങ്ങൾക്കാ-
ണിത്തോതൊപ്പിച്ചുകൂട്ടും നിലകൾ കൂട്ടുംതോറും.
ഭിത്തികൾവച്ചും തഥാ തൂണുകൾപണിചെയ്തും
പ്രത്യേകം പ്രത്യേകമായ് കോഷ്ഠങ്ങൾ തിരിക്കണം.
കോഷ്ഠങ്ങൾ മൂന്നല്ലെങ്കിലഞ്ചുമൊരേഴുമാകാം
കെട്ടിടമോരോന്നിലും കിട്ടിട്ടുമിടംപോലെ.
എട്ടായിബ്ഭാഗിക്കണം ദ്വാരാർത്ഥം ഗൃഹത്തിന്നേ
സ്പഷ്ടമഞ്ഞോരോവശത്തിരണ്ടുവീതം ദൃഢം.
കോട്ടമററേവംവിധം ദ്വാരങ്ങൾ ചമയ്ക്കുകിൽ
വാട്ടമെന്നിയേ വരും ധനവും സന്താനവും.
ദ്വാരങ്ങളെല്ലാംനൂനം സ്ഥാനങ്ങളല്പംപോലും
മാറാതെ പണിയണം പാടില്ല വേറേവിധം.
വാതായനങ്ങൾ പണിചെയ്തിടാം മുറിതോറും
ചേതസ്സിൽ സുഖമെന്നുതോന്നുന്നതാകുംമട്ടിൽ.
അന്ന്യന്റെ ഗൃഹദ്വാരത്താലഹോ വിദ്ധമാകും-
വണ്ണവും, മരം, മുക്ക, കിണറു, മാർഗ്ഗം, പീഠം,
സ്തംഭമെന്നിതുകളാൽ വിദ്ധമാം മട്ടിങ്കലും
കമ്പമെന്നിയേ സ്ഥാപിക്കരുതു ഗൃഹദ്വാരം.
കൊട്ടാരനടയിലും മണ്ഡപവാതുക്കലും
ചെറുമേ മാർഗ്ഗവേധം വന്നിടാൻമേലാ ദൃഢം.
കോഷ്ഠത്തിൻ ചുവരിന്റെ കാൽപ്പങ്കു കണക്കാക്കി
വീട്ടിന്റെ തറപ്പൊക്കമിട്ടുകൊള്ളുകവേണം.
കൊട്ടാരം കോവിലെന്നീകെട്ടിടങ്ങൾക്കു പൊക്കം
തെററാതെയരപ്പങ്കു വേണമെന്നൊരുപക്ഷം.
വാതായനങ്ങൾപോലും പരന്മാർഗൃഹങ്ങൾതൻ-
വാതായനങ്ങളാലേ വിദ്ധമാകരുതത്രേ.
ഓടിട്ടമേൽക്കൂരതൻ മദ്ധ്യത്തിനുള്ളപൊക്കം
കൂടത്തിൻ വിസ്താരത്തിൽ പാതിയായിരിക്കണം,

ക്രൂരമേൽ വീണിടുന്ന വെള്ളങ്ങൾ വടിഞ്ഞിട്ടു
കൂടത്തിൻപുറത്തേക്കു വാൎന്നിടത്തക്കവണ്ണം.
ഹീനവുമായിക്കൂടാ നിമ്നവും മേൽക്കൂരകൾ,
ന്യൂനമവ്വണ്ണംതന്നേ കോഷ്ഠത്തിൻ വിസ്താരവും.
കോട്ടഭിത്തിക്കുവേണം സമമാമസ്തിവാരം
കോട്ടമെന്നിയേയത്ര പൊക്കത്തിൽ പകുതിയോ
തിട്ടമായ്മൂന്നിലൊന്നോ കൊണ്ടതായിരിക്കണം,
തെററാതെഭിത്തിക്കനം പൊക്കത്തിൽ പകുതിയും.
ദസ്യുക്കൾ ചാടിക്കടന്നീടുവാൻ പാടില്ലാത്ത
മട്ടിലായിരിക്കണം മതിലിന്നുള്ള പൊക്കം.
(1) നാളികാസ്ത്രങ്ങളോടുകൂടിയങ്ങെല്ലായ്പോഴും
നീളവേ കാത്തീടണം കോട്ടയേ യാമികന്മാർ.
ഒട്ടേറെ നിബിഡമായ് (2)ഗുല്മങ്ങൾവേണം പിന്നെ
കോട്ടയിൽ ഗവാക്ഷങ്ങളായതും ധാരാളമായ്.
മുട്ടാതെ രണ്ടാംവരിക്കോട്ടയുമല്പം നിമ്നം
തിട്ടമുണ്ടായിടേണം മലയില്ലെങ്കിലാരാൽ.
മെച്ചത്തിലവിടുന്നു കിടങ്ങുപണിയണം
വിസ്താരമഗാധത്തിലിരട്ടിയായും തഥാ
ഭിത്തിയോടതിമാത്രമടുക്കാതെയും പുന-
രത്യത്ഥം കയം കെട്ടിക്കിടക്കും ജലത്തോടും.
ഗൂഢമാം സാധനങ്ങൾ സംഭരിച്ചീടാതെയും
പ്രൌഢരാം യോദ്ധാക്കളേ കാവലങ്ങാക്കാതെയും
ക്ഷ്മാപതി കോട്ടയ്ക്കുള്ളിൽ വാഴ്‌വതുനന്മയ്ക്കാകാ
കേവലം ബന്ധനാത്ഥമായതു ഭവിച്ചീടും.
രാജാവു, സുഗുപ്തമായ് സുമനോഹരമായി
രാജിക്കും രാജസഭ പണിയിക്കുകവേണം.

---

(1) നാളികാസ്ത്രം=കുഴൽവെടി=തോക്കു.

(2) ഗുല്മങ്ങൾ=ഒരുവക ചെടികൾ.

പാരാതെ മൂന്നോ പുനരഞ്ചോ പിന്നെയുമേഴോ
ഭാരിച്ച കോഷ്ഠങ്ങളായതിനേ ഭാഗിക്കണം.
ദക്ഷിണോത്തരം ദൈർഘ്യം പൂർവ്വപശ്ചിമത്തിൻെറ
ദൈർഘ്യത്തിലിരട്ടിയോ മൂന്നിരട്ടിയോ വേണം.
തദ്വിധം സഭാഗൃഹമൊററ ഭൂമികയായോ
തീർത്തിടാം രണ്ടോ മൂന്നോ ഭൂമികയുള്ളതായോ.
ഉച്ചിമേൽ പിന്നേയതിൽ തെററാതെ പണിയണം
മെച്ചമാമുപകാര്യാജാലങ്ങൾ രാജോചിതം.
കോഷ്ഠങ്ങളെല്ലാം ശോഭിച്ചീടണമതാതിൻെറ
ചുററുമായ് പണിയിച്ച ഗവാക്ഷരാജിയാലേ.
പാർശ്വകോഷ്ഠങ്ങൾക്കുള്ള വീതിയിലിരട്ടിയായ്
മദ്ധ്യമകോഷ്ഠത്തിൻെറ വിസ്താരമിരിക്കണം.
മദ്ധ്യമകോഷ്ഠത്തിന്നു പൊക്കമുണ്ടാകവേണം
വിസ്താരമതിന്നെക്കാളഞ്ചിലൊരംശം കൂടി.
പൊക്കവും വിസ്താരവുമൊപ്പമായിട്ടും വരാം
പൊക്കമതഞ്ചിലൊന്നു കവിഞ്ഞുംവരാം ദൃഢം.
കോഷ്ഠങ്ങൾക്കാവശ്യമാം ഭൂമികകളും തഥാ
മേൽക്കൂരകളും ചെമ്മേ ചമച്ചുകൊണ്ടീടണം.
പാർശ്വകോഷ്ഠങ്ങൾ രണ്ടും ഭൂമിക രണ്ടുള്ളതായ്
തീർക്കണം മദ്ധ്യകോഷ്ഠമേകഭൂമികയായും.
പ്രത്യേകം സ്തംഭങ്ങളിട്ടകത്തു കോഷ്ഠാതിരി-
ച്ചിത്രയും ശോഭായുതമാക്കണം സഭാഗൃഹം.
തദ്വിധം ചതുർഭാഗത്തിങ്കലും യഥാസുഖം
നിർഗ്ഗമാഗമമാർഗ്ഗമായതുമുണ്ടാകണം.
ജലശീകരമൂർദ്ധ്വം ചൊരിഞ്ഞുകൊണ്ടിരിക്കും
ജലയന്ത്രങ്ങൾ തഥാ സുസ്വരയന്ത്രങ്ങളും,
വാതപ്രേരകയന്ത്രം, കാലബോധകയന്ത്രം,
ഭാസുരമുകുരങ്ങളാലേഖ്യനികരങ്ങൾ,

ഈവക സാധനങ്ങളാകവേ സഭാഗൃഹം
ആയതിൽ പ്രതിഷ്ഠിതമായിരിക്കയും വേണം.
ഈവിധമെല്ലാം വിളങ്ങിടുന്ന സഭാഗൃഹം
മേവുന്ന മന്ത്രണാർത്ഥം കാൎയ്യാലോചനാർത്ഥമായ്.
മെച്ചത്തിലമാത്യന്മാർ, ലേഖകർ, സദസ്യന്മാർ,
ഉദ്യോഗസ്ഥന്മാരിവൎക്കൊക്കെയും നിവാസങ്ങൾ
പ്രത്യേകം പ്രത്യേകമായ് ചമച്ചുകൊണ്ടിടണം
ഉത്തരദിക്കിങ്കലോ പൂർവ്വമാം ഭാഗത്തിലോ.
രാജമന്ദിരത്തിൽനിന്നുത്തരഭാഗത്താകി-
ലൂനമെന്നിയേ ന്തുരഹസ്തങ്ങളത്തും തഥാ
പൂൎവ്വദിക്കിങ്കലാകിലിരുന്തുറത്തും തള്ളി
സ്ഥാപിച്ചുകൊണ്ടിടേണം സൈന്യസന്നിവേശത്തെ.
അർത്ഥവുമാഭിജാത്യമായതും ഗണിച്ചിട്ടു
നിശ്ചയം പ്രജകൾക്കു പാൎപ്പിടം തീൎത്തീടുവാൻ
വിട്ടുകൊള്ളണം സ്ഥലം ബുദ്ധിമാനാകും നൃപൻ
ചുററുമേ രാജാലയമായതിൻ സമീപത്തായ്.
തീൎത്തുകൊള്ളണംപിന്നേ പ്രകൃതിമാൎക്കും ഗൃഹം
തീൎക്കണം പുനരനുപ്രകൃതിമാൎക്കും തഥാ
തീൎക്കണംപിന്നെയധികാരിമാർഗണത്തിനും
ഊക്കെഴും സേനാപതിതനിക്കും ഗൃഹങ്ങളേ.
ഉത്തുംഗപദാതികളശ്വസൈന്യങ്ങൾ തഥാ
സാശ്വന്മാർ, സഗജന്മാർ, ഗജപാലന്മാരഥ
പാൎത്ഥലം തകൎത്തിടും ബൃഹന്നാളികയന്ത്രം
ചീൎത്തെഴും തുരഗികൾ, ശൌല്മികരാരണ്യന്മാർ
ഇത്ഥമങ്ങെല്ലാററിനുമിരിപ്പാൻ ഗൃഹങ്ങളെ
ചിത്തമോഹനങ്ങളായ് തീൎക്കണം യഥാക്രമം.
പാന്ഥശാലകൾപിന്നേ പണിയിക്കുകവേണം
അന്തരംവിനാ നല്ല നിരാഴിയോടുംകൂടി.

പാന്ഥശാലകൾക്കുള്ള മുറികളെല്ലാമൊരു
ജാതിയായിരിക്കണം വരിയായിട്ടുംവേണം.
ദർശനം കിഴക്കായോ വടക്കായിട്ടോ വരാം
ഗ്രാമത്തിലായീടിലും പുരത്തിലെന്നാകിലും.
കമ്പോളസ്ഥലങ്ങളിൽ സാധനമോരോന്നിനും
കമ്പമെന്നിയേവേണം ശാലകൾ വെവ്വേറെയായ്.
രാജപാതയ്ക്കു രണ്ടുഭാഗത്തും ധനികന്മാ-
രാദിയാം ക്രമത്തിനു ഗൃഹങ്ങൾ രചിക്കണം.
ഇച്ചൊന്നവിധമെല്ലാം പത്തനംചമയ്ക്കണം
നിശ്ചയം ഗ്രാമങ്ങളുമിവണ്ണംതന്നേ നൃപൻ.
തദ്വിധം രാജഗേഹമായതിൽനിന്നു നാലു
ദിക്കിലും രാജമാർഗ്ഗം ചമച്ചീടുകവേണം.
ഉത്തമമായ രാജമാർഗ്ഗത്തിനുള്ള വീതി
ഹസ്തങ്ങൾ മുപ്പതായിട്ടിരുന്നീടുകവേണം.
മദ്ധ്യമത്തിനുവേണം ഹസ്തങ്ങളിരുപതും
തപ്പാതെയധമത്തിന്നങ്ങൊരു പതിനഞ്ചും.
കച്ചോടമാർഗ്ഗങ്ങളായിതുകൾ ഭവിക്കണം
നിശ്ചയം പുരത്തിലും ഗ്രാമദേശങ്ങളിലും.
വിസ്താരം മൂന്നുഹസ്തം ചേന്നു പദ്യയായും
തെററാതെയഞ്ചുചേന്നാലായതുവീഥിയായും
പത്തുഹസ്തങ്ങൾചേന്നാൽ മാർഗ്ഗമെന്നായുംചൊൽവു
പത്തനപ്രദേശത്തും ഗ്രാമത്തിലായീടിലും.
ഗ്രാമമദ്ധ്യത്തിൽനിന്നും ദക്ഷിണോത്തരമായോ
പൂവ്വപശ്ചിമമായോ തിക്കണമിപ്പാതകൾ.
പുരത്തെ നോക്കി രാജമാർഗ്ഗങ്ങളനേകങ്ങൾ
സമൃദ്ധിയായി നൃപൻ പണിയിക്കുക വേണം.
രാജധാനിയിലെങ്ങും പദ്യയോ വീഥികളോ
രാജാവു പണിയിച്ചു കൊള്ളരുതൊരിക്കലും.

ആറുയോജനചേരുമാരണ്യഭൂമികളിൽ
മാറാതെ പണിയണമുത്തമം രാജമാൎഗ്ഗം.
ആ വിധം മദ്ധ്യമത്തിൽ മദ്ധ്യമമാൎഗ്ഗങ്ങളും
കേവലമിവരണ്ടിൻമദ്ധ്യത്തിലധമവും.
ഗ്രാമങ്ങൾതോറും ദശഹസ്തങ്ങൾ ചേരുംമാൎഗ്ഗം
ആമതൻപുറംപോലെ പണിയിക്കുകവേണം.
പാലങ്ങൾ കലിങ്കുകളിവയും വേണ്ടുംവിധം
പാരാതെ ചമച്ചുകൊണ്ടിടണമോരോന്നിലും.
പാതതന്നിരുഭാഗത്തിങ്കലുമോടകളും
നീളവേ ചമയ്ക്കണം വടിഞ്ഞുപോകാൻ വെള്ളം.
ഗേഹങ്ങളെല്ലാററിനും ദൎശനഭാഗമെങ്ങും
രാജമാൎഗ്ഗങ്ങൾ തന്നെയായിരിക്കുകവേണം.
ഗേഹങ്ങളിരുനിരയായിട്ടുവേണം പിമ്പിൽ
വീഥിയുംവേണം മലവിസൎഗ്ഗസ്ഥലങ്ങളും.
മാൎഗ്ഗങ്ങളെല്ലാമോരോവൎഷവും ചരലിട്ടോ
സാദ്ധ്യമാണെങ്കിൽ സുധ തേച്ചിട്ടോ യഥോചിതം
ഭുക്ഷിത്തു തടങ്ങലിൽ പാൎപ്പിക്കും ഗ്രാമജന-
ക്കൂട്ടരെക്കൊണ്ടേചെമ്മേ ഘടിപ്പിക്കുക വേണം.
ഗ്രാമങ്ങളീരണ്ടിന്റെ മദ്ധ്യത്തിൽ പാന്ഥാലയം
ക്ഷാമമെന്നിയേ നൃപൻ സ്ഥാപിച്ചുകൊണ്ടീടണം.
ഗ്രാമപാലന്മാർ പിന്നെയതിനെ ക്രമമായി
പാലിച്ചു സുഗുപ്തമായ് സൂക്ഷിച്ചുകൊണ്ടിടണം.
പാന്ഥശാലയിലെത്തും പാന്ഥരോടെല്ലാരോടും
പാന്ഥശാലാധിപതി ചോദ്യങ്ങൾ ചെയ്തിടണം:-
"എങ്ങുനിന്നെന്തുകാൎയ്യമായിട്ടു വന്നു ഭവാൻ?
"എങ്ങുപോകുന്നു? പറഞ്ഞിടണം പരമാൎത്ഥം.
"വല്ലോരും കൂടെയുണ്ടോ? കൂടെയങ്ങാരുമില്ലേ?
"ചൊല്ലേണമായുധങ്ങളുണ്ടോ? വാഹനമുണ്ടോ?

“എന്തുജാതിയിൽ ചേൎന്നോൻ? എന്തുവംശജൻ ഭവാൻ?
“എന്തുനാമം ധരിപ്പു സ്ഥിരമായെങ്ങുവാസം?”
ഇങ്ങനെയോരോതരം ചോദ്യങ്ങൾ ചെയ്തശേഷം
ഭംഗിയായവയെല്ലാമെഴുതി വച്ചിടണം.
പിന്നീടു സായങ്കാലമായുധം വാങ്ങിവച്ചു
ചൊല്ലണം സാവധാനചിത്തനായുറങ്ങുവാൻ.
പിന്നെയങ്ങവിടുള്ള ജനത്തെയോരോന്നായി-
ട്ടെണ്ണിനോക്കിയശേഷം വാതലും പൂട്ടിടണം.
യാമങ്ങൾതോറും പിന്നേക്കാവലാൾ മാറിമാറി
മേവണം പ്രഭാതത്തിലുണൎത്തീടുകവേണം.
ആയുധം വീണ്ടുംകൊടുത്തോരോരോ ജനത്തെയും
വൈകാതെ വീണ്ടുമെണ്ണിത്തുറന്നുവിട്ടശേഷം
സീമാന്തംവരെപ്പിന്നെ നിത്യവും ഗ്രാമജനം
സാമോദം സഹായമായ് പോകയും വേണമത്രേ.
രാജധാനിയിൽ മേവുംകാലത്തു ദിനകൃത്യം
രാജാവു നടത്തണം കീഴിൽ ചൊല്ലുന്നപോലെ.
പശ്ചിമയാമംതന്നിലുത്ഥാനം ചെയ്തശേഷം
നിശ്ചയം(1)ദ്വിമുഹൂൎത്തം വിനിയോഗിച്ചുചെമ്മേ
നിശ്ചിതമായമെത്ര? വ്യയംനിശ്ചിതമെത്ര?
നിക്ഷിപ്തദ്രവ്യത്തിങ്കൽ വ്യയമായതങ്ങെത്ര?
മുദ്രിതമായോരായവ്യയത്തിൻ ബാക്കിയെത്ര?
തദ്ദിനംതന്നിൽ ചെലവുണ്ടാകുംധനമെത്ര?
ഇത്രയും പ്രത്യക്ഷത്തിലറിഞ്ഞു രേഖയാലും
അദ്ദിനത്തിന്നുവേണ്ടും ധനമങ്ങെടുക്കണം.
തിട്ടമങ്ങതിൽപിന്നെ(2)വേഗനിൎമ്മോക്ഷത്തിനായ്
വച്ചുകൊള്ളേണമേക മുഹൂൎത്തം സ്നാനാൎത്ഥം.
നീക്കിവയ്ക്കണം രണ്ടുമുഹൂൎത്തം സന്ധ്യാകാല-

(1) മുഹൂൎത്തം=രണ്ടുനാഴിക കൂടുന്നസമയം.
(2) വേഗനിൎമ്മോക്ഷം=മലവിസൎജ്ജനാദികൾ.

പ്രാൎത്ഥനയ്ക്കായും പുരാണത്തിനും ദാനത്തിനും.
വാരണവാജിയാനവ്യായാമാൎത്ഥമായ്പിന്നേ
പ്രാതഃകാലത്തെയേകമുഹൂൎത്തം നയിക്കണം.
പാരിതോഷികദാനത്തിന്നായി മുഹൂൎത്തൈകം
പാരാതെ നയിക്കണം ധീമാനാം നൃപൻപിന്നേ.
ധാന്യവും വസ്ത്രങ്ങളും സ്വൎണ്ണവും രത്നങ്ങളും
സൈന്യവും സംബന്ധമാമായവും വ്യയങ്ങളും
നിൎണ്ണയംചെയ്തീടാനുമാജ്ഞകളെഴുതാനും
പിന്നെയങ്ങൊരുനാലു മുഹൂൎത്തംനയിക്കണം.
ഭോജനത്തിനായ് പിന്നേയേകമാം മുഹൂൎത്തത്തേ
സ്നേഹിതന്മാരുമായി സ്വസ്ഥമായ് നയിക്കണം.
ഏകമാംമുഹൂൎത്തത്തേ നയിച്ചീടണംപിന്നേ
ജീൎണ്ണവും നവീനവും സാധനം പാൎത്തിടുവാൻ.
പ്രാഡ്വിവാകാദ്യരോതും കാൎയ്യങ്ങൾ കേട്ടിടുവാൻ
തെററാതെ നയിക്കണം മുഹൂൎത്തദ്വയത്തിനെ.
വേട്ടയ്ക്കും കളികൾക്കുമായിട്ടു പിന്നെ നൂനം
നീക്കിവയ്ക്കണം രണ്ടുമുഹൂൎത്തം നരവരൻ.
വ്യൂഹാഭ്യാസത്തിനായും സന്ധ്യാരാധനാൎത്ഥവും
ഓരോരോമുഹൂൎത്തത്തെ വിനിയോഗിക്കവേണം.
ഭോജനത്തിനായ്പിന്നെ വയ്ക്കണം മുഹൂൎത്തൈകം
ഗൂഢചാരന്മാരുമായ് പേശുവാൻ ദ്വിമുഹൂൎത്തം.
പാരാതെ നയിക്കണം മുഹൂൎത്തമെട്ടുംപിന്നേ
നേരാണു നരവരൻ സാരമാം നിദ്രതന്നിൽ.
ഈവിധം വിഹരിച്ചുകൊള്ളുന്ന രാജാവിനു
കൈവരും സുഖമതു നിൎണ്ണയമേതുനാളും.
രാപ്പകലിവിധത്തിൽ മുപ്പതുമുഹൂൎത്തങ്ങ-
ളായ്പകുത്തിട്ടു ഭൂപൻ നയിച്ചീടണം കാലം.
ഇത്ഥമല്ലാതെ ഭൂപൻ സ്ത്രീമദ്യസേവനത്തിൽ

വ്യൎത്ഥമായ് കാലത്തിന്നേ വ്യയംചെയ്യരുതേതും.
ഏതൊരുവിധമായകാൎയ്യവുമതാതിന്റെ
കാലത്തു ചെയ്തീടുകിൽ ശോഭനമായ്ഭവിക്കും.
കാലാകാലത്തു പെയ്യും മഴയാൽ പുഷ്ടിയുണ്ടാം
കാലമല്ലാതെപെയ്താൽ നാശമോ സിദ്ധമത്രേ.
ചാടുവാക്കോതിടാനും നീതിയും വിനീതിയും
ഗാഢമായ് പാലിപ്പാനും പാടവം കൂടുംനൃപൻ,
നീളവേ കാൎയ്യസ്ഥാനമായതിലെല്ലാററിനും
ചൂഴവേ യാമികൌഘം കാവലങ്ങിട്ടീടണം.
കാവലായ്നില്ക്കുന്നവരോരോരോ സ്ഥാനത്തിലും
നാലാൾകളല്ലയെങ്കിലഞ്ചോ നിൎണ്ണയമാറോ
പേരുകളടങ്ങിയ സംഘമായിരിക്കണം
ഓരോരുത്തനും നൂനം ശസ്ത്രാസ്ത്രവിദഗ്ദ്ധനും.
അന്നന്നങ്ങോരോന്നിലും നടക്കുംകാൎയ്യമെല്ലാം
മന്നവനറിയണം ലേഖകാധിപർമൂലം.
പിന്നെയും ദൈനംദിനമോരോരോസംഘത്തെയും
നിൎണ്ണയം മാറിമാറി പ്രതിഷ്ഠിക്കുകവേണം.
ഗേഹപംക്തികളുടെ തലയ്ക്കലെല്ലായ്പോഴും
യാമികൌഘങ്ങൾ കാവൽദ്വാരങ്ങൾ തീൎത്തിടേണം.
യാമികജനത്തിന്റെ വാൎത്തകളെല്ലാം നിത്യം
ഭൂമിപനവരിൽ നിന്നറിഞ്ഞുകൊണ്ടീടണം.
കാവലാൾസംഘത്തിന്റെ ശമ്പളച്ചെലവുകൾ
ഗേഹവാസികളാകും ജനങ്ങൾ വഹിക്കണം.
ഗ്രാമത്തിനകത്തേക്കു കടക്കും ജനത്തെയും
ഗ്രാമത്തിൻപുറത്തു നിർഗമിക്കുന്നവരെയും
യാമികൻ സാവധാനം പരിശോധിച്ചശേഷം
ജാമ്യങ്ങൾ വാങ്ങിക്കൊണ്ടു വിട്ടയയ്ക്കുകവേണം.
പ്രഖ്യാതവൃത്തരായും വിഖ്യാതശീലരായും

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

വത്തിക്കും ജനങ്ങളേ വിട്ടിടാം നോക്കാതെതാൻ.
ചോരന്മാർ, ജാരന്മാരെന്നിവരേ തടയുവാൻ
ഓരോരോ വീഥിമേലുമോരോയാമാർദ്ധകാലം
ഓരോരോ യാമികൗഘം കാവൽച്ചുററണം സദാ-
നേരവും രാത്രിതന്നിൽ വികല്പംവരുത്താതെ.
ശാസനമേവംവിധം ധരണീനാഥൻ ധരാ-
വാസികളറിയുവാൻ പ്രസിദ്ധം ചെയ്തീടണം.
"ദാസരോടായോ സ്വന്തഭൃത്യരോടായോ നിജ-
ഭാര്യയോടായോ പുത്രരോടായോ ശിഷ്യരോടൊ
യാതൊരാൾകളുമെൻെറ നാടതിൽ മരുവുന്നോർ
ഓതായ്ക കൊള്ളിവാക്യം പാരുഷ്യവാക്യങ്ങളും.
ത്രാസുകളളവുകൾ, പത്രങ്ങൾ നാണ്യങ്ങളും,
ജാതിയിലുള്ളധാതുവർഗ്ഗങ്ങൾ, നിര്യാസങ്ങൾ,
തൈലങ്ങൾ, ഘൃതം, മധു, ക്ഷീരങ്ങൾ, കൊഴുപ്പുകൾ,
ഈവകയൊന്നിങ്കലും പിഷ്ടാദിവർഗ്ഗത്തിലും
യാതൊരു മറിമായമായതുമെൻെറ നാട്ടിൽ
യാതൊരു മനുഷ്യരും ചെയ്യരുതൊരുനാളും.
ആരുമങ്ങാരോടുമേ ബലങ്ങൾ പ്രയോഗിച്ചു
യാതൊരുവിധമായ രേഖയും വാങ്ങിടൊലാ.
കോഴയും കൈക്കാണവും വാങ്ങരുതാരുംതന്നെ
സ്വാമികാര്യത്തിലാരും ലോപവും വരുത്തായ്ക.
ദുർവൃത്തകാരികളും ചോരരും, ജാരന്മാരും,
ഭൂഭൃദ്ദ്രോഹികൾ, തഥാ ശത്രുക്കളെന്യന്മാരും,
താദൃശമപരാധം ചെയ്തവർ മററാൾകളും
ആയിട്ടുന്നോരേയാരും മറച്ചു വച്ചീടൊലാ.
മാതാവു, പിതാവഥ, പൂജ്യന്മാർ വിദ്വാന്മാരും
ഭേദമെന്നിയേ തഥാ സദ്വൃത്തശീലന്മാരും
ആയിടും ജനങ്ങളേയപമാനിച്ചീടരു-

താരുമേയപഹസിച്ചീടരുതൊരിക്കലും.
ഭാൎയ്യാഭൎത്താക്കന്മാരും, സ്വാമിയും ഭൃത്യന്മാരും,
ഭ്രാതാവും ഭ്രാതാക്കളും, ഗുരുവും ശിഷ്യന്മാരും,
താതനും പുത്രന്മാരും തങ്ങളിൽ ഭേദിച്ചിടാൻ
യാതൊരു പ്രവൃത്തിയുമാരുമേ ചെയ്തിടൊലാ.
വാപികൾ, കൂപങ്ങളും സീമകളാരാമവും,
ദേവതാഗൃഹം, ധൎമ്മശാലകൾ, മാൎഗ്ഗങ്ങളും
ആരുമേ തടയരുതാരുമേയന്ധരേയും
ദീനരാം ജനത്തേയും വികലാംഗന്മാരെയും.
രാജാജ്ഞകൂടാതാരുമായുധം ധരിക്കൊലാ
നായാട്ടും മദ്യപാനം ദ്യൂതവും ചെയ്തിടൊലാ.
ഗോക്കളും, ഹസ്തികളുമശ്വങ്ങളുഷ്ട്രങ്ങളും,
പോത്തുകൾ, മനുഷ്യരും, സ്ഥാവരവസ്തുക്കളും,
രത്നങ്ങൾ, പൊൻവെള്ളികൾ, വിഷങ്ങൾ, മാദകങ്ങൾ,
ഇത്രയും വിൽക്കൽവാങ്ങൽ രാജാജ്ഞയോടെ വേണം.
തദ്വിധം ക്രയപത്രം ദാനപത്രവുമൃണ-
നിശ്ചയപത്രങ്ങളും ചമച്ചുകൊള്ളുന്നതും
മദ്യങ്ങൾ വാറ്റുന്നതും, ചികിത്സനയിപ്പതും
ഒക്കെയും രാജാവിന്റെയാജ്ഞയോടത്രേയാവൂ.
ഘോരമാം ശാപങ്ങളേ ശപിച്ചുകൊള്ളുന്നതും,
സാരമാം നിധികളേ ന്യാസമായ്‌വാങ്ങുന്നതും,
നൂതനസമുദായവിധികൾ ചമപ്പതും,
ജാതിയേദ്ദൂഷിപ്പതും, മന്ത്രത്തെബ്ഭേദിപ്പതും,
സ്വാമിയില്ലാതെകണ്ടോ, കളഞ്ഞോ, കിട്ടുന്നതാം
ശേവധികളേക്കയ്യിലൊതുക്കംചെയ്യുന്നതും,
ഭൂപതിയുടെ ദോഷമാലപിച്ചീടുന്നതും,
കേവലമാരുംതന്നേ ചെയ്യരുതാത്തതത്രേ.
ഹാനികൾവരുത്തുക സ്വന്തമാംധൎമ്മത്തിനു,

ന്യൂനമങ്ങന്യനാരീജനത്തേ പുല്കീടുക,
കൂടസാക്ഷ്യംകഥിക്ക, കൂടലേഖ്യംചമയ്ക്ക,
ഗൂഢമായ്‌പ്രതിഗ്രഹം വാങ്ങിയങ്ങെടുക്കുക,
ന്യായമാംവണ്ണം വരാനുള്ളതിൽ കവിഞ്ഞഥ
കൂടുതൽകരംപിരിച്ചീടുക, ചൌൎയ്യംചെയ്ക,
സ്വാമിയെദ്രോഹിക്കുക, സാഹസംപ്രവൎത്തിക്ക,
ചേതസ്സിൽ നിരൂപിക്കപോലുമേ പാടില്ലിവ.
ആരുമങ്ങാൎക്കുമൊരു പീഡയുംചെയ്തീടൊലാ,
കാപടികത്വത്തിനാൽ, ബലത്താൽ, ദൎപ്പത്തിനാൽ,
വേതനംഗ്രഹിപ്പതിൽ, കരവും ശുല്ക്കങ്ങളും
വീതിച്ചുവാങ്ങുന്നതിൽ, വട്ടികൾപിരിപ്പതിൽ.
കോലുകളളവുകൾ, നാഴികളാദികളേ
നീളവേ നിശ്ചയിച്ചു മുദ്രിതമാക്കും നൃപൻ.
ആളുകളെല്ലാവരും നന്മകൾചെയ്തീടുവാൻ
ലോലുപരായിബ്ഭവിച്ചീടുകവേണം സദാ.
ആതതായികളാകും ജനത്തേ ബന്ധിച്ചിട്ടു
സാഹസാധികാരിയെയേല്പിച്ചുകൊണ്ടീടണം.
വീഥിമേൽ വൃഷഭങ്ങളാദിയെ വിടുന്നേരം
ബാധകമാകാതവ നിയന്ത്രിച്ചിരിക്കണം.
ഈവിധം മദീയമാം ശാസനം ശ്രവിച്ചുകൊ-
ണ്ടാവിധം നടന്നിടാതന്യഥാ പ്രവൎത്തിക്കും
ദുൎവ്വിനീതന്മാരെ ഞാൻ സംശയമേതുംവിനാ
സൎവ്വഥാ നശിപ്പിക്കും തീവ്രമാംശിക്ഷനല്കി."
ശാസനമെല്ലാമിതു നിത്യവും തമുക്കടി-
ച്ചേവരുമറിഞ്ഞിടാൻ പരസ്യം ചെയ്തീടണം.
നാലുമുക്കുകൾ കൂടും സ്ഥലങ്ങൾതോറും പിന്നേ
ഭാസുരലിപികളിലെഴുതിവച്ചീടണം.
ശത്രുമൎദ്ദനത്തിനും ദുഷ്ടനിഗ്രഹത്തിനും

ഉദ്യതദണ്ഡനായിട്ടിരുന്നീടണം നൃപൻ.
തദ്വിധം പ്രജകളെ നീതിക്കു വശഗനായ്
നിത്യവും രക്ഷിക്കുവാൻ സന്നദ്ധനായിടണം.
പാന്ഥന്മാരുടെ സുഖമോർത്തിട്ടു ധരാനാഥൻ
അന്തരംവിനാ പാലിച്ചീടണം പന്ഥാവെല്ലാം.
പാന്ഥരെപ്പീഡിപ്പിക്കും ദുഷ്ടരേ ദയാഹീനം
അന്തകാലയത്തിനായയച്ചീടുകവേണം.
ഗ്രാമത്തിൻവരുമാനമായതിൻദ്വാദശാംശം
ഗ്രാമപാലന്മാർക്കായി വിനിയോഗിക്കവേണം.
മൂന്നംശം സൈന്യത്തിനുമർദ്ധാംശം ദാനത്തിനും
വീണ്ടുമൊരർദ്ധാംശത്തേ പ്രകൃതിജനത്തിനും
പിന്നെയൊരർദ്ധാംശത്തെയധികാരസ്ഥന്മാർക്കും
പിന്നെയുമർദ്ധാംശത്തേ സ്വന്തമാംഭോഗത്തിനും
നിർണ്ണയം വിനിയോഗിച്ചീടണം ധരാനാഥൻ
പിന്നെയുള്ളവയെല്ലാം കോശപോഷണത്തിനും.
ഈവിധമായത്തിനേയാറായിബ്ഭാഗിച്ചുവ-
ച്ചായതുകൊണ്ടു നൃപൻ വ്യയങ്ങൾ ചെയ്തീടണം.
സാമന്താദ്യന്മാർക്കുള്ള ഞായമാണിതു പാർത്താൽ
സാമന്തന്മാരിൽ കുറഞ്ഞോർക്കിതു ബദ്ധമാകാ.
രാജ്യവും, യശസ്സതും, കീർത്തിയും, ധനങ്ങളും,
പൂജ്യമാംഗുണങ്ങളുമുള്ളവ രക്ഷിപ്പാനും
മേല്ക്കുമേലന്യങ്ങളേ സമ്പാദിപ്പാനുമുള്ളോ-
രുദ്യമത്തിനു ലേശം ശമവും വരുത്തൊലാ.
ഉള്ളതുരക്ഷിപ്പാനുമില്ലാത്തതുണ്ടാക്കാനും
നല്ലപോൽപ്രയത്നങ്ങളെല്ലാവുംചെയ്തിടേണം.
ശൌര്യ്യവും, പാണ്ഡിത്യവും, വക്തൃത്വം, ദാതൃത്വവും
സ്വൈരമങ്ങാരുംതന്നേ വെടിഞ്ഞീടരുതല്ലോ.
ബലവും, പരാക്രമം, നിത്യവുമുത്ഥാനവും

ലവവും വെടിയരുതൊരുകാലത്തും നൃപൻ.
സ്വന്തമാം കാര്യത്തിലും സ്വാമിതൻകാര്യത്തിലും
സ്വന്തജീവനെപ്പോലും ത്യജിക്കാൻമടിക്കാതേ
സന്തതം പോരുചെയ്യുന്നവനാണത്രേ പാരിൽ
അന്തരംവിനാപാത്താൽ ശൂരനായിടുന്നവൻ.
ചെറുബാലൻെറപോലും നലമാംമൊഴിപക്ഷ-
രഹിതം ഗ്രഹിപ്പാനും ധർമ്മതത്വം സമസ്തം
സതതം പഠിപ്പാനും സർവ്വദാ യത്നിച്ചിടും
നരനാണത്രേ പാരിൽ പണ്ഡിതനാകുന്നവൻ,
നൃവരൻ ദുർഗ്ഗുണത്തേ ഗുണമായിട്ടുവാഴ്ത്തി
സ്തുതിപാടാതെയേവൻ നൃപതിതൻെറമുമ്പിൽ
ശകലംശങ്കയെന്യേ ദോഷമായ്തന്നെ ചൊൽവു
നിയതമവൻതന്നേ വക്താവായിടുന്നവൻ.
ദേയമല്ലാത്തതായിട്ടൊന്നുമേ തനിക്കില്ലാ
ജായയോ പുത്രാദിയോ ധാന്യമോ ധനങ്ങളോ
പ്രാണനേപ്പോലും പാത്രമായതിൽ ദാനംചെയ്വാൻ
താനുണ്ടുതയാറവൻ താനത്രേ ദാതാവായോൻ.
ക്ലേശലെന്നിയേയൊരു കാര്യത്തെ സാധിക്കുവാൻ
ശേഷിനൽകുന്നതേതാണായതുതന്നേ ബലം
ഈഷലെന്നിയേ സർവ്വഭൂപരും തൻെറകീഴിൽ
ദാസരാണെന്നഭാവമാണത്രേ പരാക്രമം.
പോരിനു സന്നദ്ധനായ് സർവ്വദാ മേവുന്നതു
പാരിതിൽ പ്രകീർത്തിതമുത്ഥാനമെന്നതായി.
ഭോജനം സർവ്വം വിഷഭീതിയാൽ പരീക്ഷണം
ചെയ്യണം നൃപൻ കപികുക്കുടജാതികളാൽ.
ഭോജനേ വിഷംകണ്ടാൽ ഹംസങ്ങൾസ്ഖലിച്ചിടും,
കൂജനംചെയ്യുംഭൃംഗമാടിടുംമയൂരങ്ങൾ,
കോഴികൾകരഞ്ഞിടും കൊക്കുകൾ മദിച്ചിടും
കോൾമയിർക്കൊള്ളും ബഭ്രൂ, ശാരികാ വമിച്ചിടും,

രേചനംചെയ്യും കപിജാതികളാകയാലേ
ഭോജനമെല്ലാം പരിശോധന ചെയ്തിടേണം.
ഷഡ്രസം ഭുജിക്കണം നിത്യവും നരവരൻ
മുട്ടാതെ രണ്ടോ മൂന്നോ ഭുജിച്ചാൽപോരാ ദ്രവം.
അത്യധികവുംമേലാ, ഹീനവുമായിക്കൂടാ,
വർജ്ജിക്കവേണം കടുമധുരക്ഷാരങ്ങളും.
യാതൊരുപരാതിയും നൃപനേയറിയിച്ചാൽ
ആയതുമന്ത്രിമാരോടൊത്തുതാൻകേട്ടീടണം.
ആരാമാദികളാകുമുല്ലാസസ്ഥാനങ്ങളിൽ
ഗായകർ, നർത്തകന്മാർ, സ്ത്രീജനം, പ്രകൃതികൾ,
മാഗധരിന്ദ്രജാലക്കാരിവരോടുംകൂടി
ഭൂപതി സാവധാനം വിഹരിക്കുകവേണം.
അശ്വങ്ങൾ, വാരണങ്ങൾ, രഥങ്ങൾ, വാഹനങ്ങൾ
ഇത്യാദിനയിക്കുവാൻ പററുമോരഭ്യാസങ്ങൾ
നിത്യവുമുഷസ്സിലും സായാഹ്നകാലത്തിലും
പൃഥ്വീശൻനടത്തണം പററാതെ നേരനിക്കം.
സൈനികജനങ്ങൾ തൻവ്യൂഹാഭ്യാസങ്ങളെല്ലാം
താൻതന്നെ പഠിക്കയും പഠിപ്പിക്കയും വേണം.
ശാർദ്ദൂലമാദിയായ വന്യജന്തുക്കളോടും
ബർഹ്യാദിവിഹംഗമകുലങ്ങളോടും തഥാ
പൃഥ്വീശൻ വിഹരണംചെയ്യണം നായാട്ടിങ്കൽ
സ്വച്ഛന്ദം ദുഷ്ടമൃഗവധവും ചെയ്തീടണം.
ശൌര്യവർദ്ധനം, തഥാ ലക്ഷ്യങ്ങൾതെററാതെക-
ണ്ടായുധമയയ്ക്കുവാൻ സിദ്ധമാം സാമർത്ഥ്യവും,
കാതര്യവിധ്വംസനം, ശസ്ത്രാസ്ത്രപ്രയോഗത്തിൽ
ജാതമാം കൈവേഗവും നായാട്ടിൻ ഗുണമെല്ലാം.
നേരാണജന്തുക്കളേ ക്രൂരമായ്ഹിംസിച്ചിടും
സാരമാം ദോഷമതും നായാട്ടിനുണ്ടു സിദ്ധം.

പ്രജകളധികാരിജനങ്ങൾ, പ്രകൃതികൾ,
അഹിതജനങ്ങൾ, നൽസൈനികജനംതഥാ
സകലബന്ധുജനം, സഭയിൽ സാമാജികർ,
സതതമന്തഃപുരമമരും സ്ത്രീജനങ്ങൾ,
ഇവർതന്നിംഗിതങ്ങൾ, ചേഷ്ടകൾ, മതങ്ങളും
നിശയിൽശ്രവിക്കണം ഗൂഢചാരന്മാർവഴി.
സിദ്ധാശസ്ത്രാസ്ത്രനായിസ്സാവധാനമായെല്ലാം
കേട്ടതിൻശേഷം സർവമെഴുതിവച്ചീടണം.
അസത്യം ചൊല്ലിടുന്ന ഗൂഢചാരനെച്ചെമ്മേ
കനക്കെശ്ശിക്ഷിക്കാത്ത ഭൂമിനായകൻതന്നേ
വധിപ്പു മ്ലേച്ഛനെന്നും പ്രജകൾജീവനേയും
തദത്ഥജാലത്തെയും ഹരിക്കും ദുഷ്ടനെന്നും.
വണ്ണിയോ തപസ്വിയോ സിദ്ധനോ തീണ്ടാളതോ
സന്ന്യാസിപ്രവരനോ തന്നെയായ്ഗൂഢചാരൻ
വന്നെത്തുംനേരമൊരു ശോധന നടത്തണം
മന്നാവൻപ്രത്യക്ഷത്തിലല്ലെങ്കിൽ കാപട്യത്തിൽ.
അങ്ങിനെ പരീക്ഷണം നടത്തീടാഞ്ഞാലൃതം
മന്നാവൻ ഗ്രഹിച്ചിടാ വ്യസനിച്ചീടും പിന്നെ.
വേണ്ടപോൽ പരീക്ഷിതനാകാഞ്ഞാൽ ചാരനുള്ളിൽ
ഉണ്ടാകാ ഭയം വ്യാജം ചൊല്ലുവാൻ നൃപൻമുമ്പിൽ.
ഗൂഢചാരനെയധികാരിമാർതന്നിൽനിന്നും
ഗാഢമായ്രക്ഷിക്കണം പ്രകൃതികളിൽനിന്നും.
ഏകനായകമാക്കിബ്ഭവിപ്പിക്കണംരാജ്യം,
പൂകാതെസൂക്ഷിക്കണം ബഹുനാഥത്വത്തിനേ
കേവലമനായകമാക്കാനും രാജ്യത്തിനേ
ഭൂവരനൊരിക്കലും തുനിഞ്ഞുകൂടാ ദൃഢം.
രാജവംശത്തിൽ ബഹുപൂരുഷരുണ്ടെന്നായാൽ
രാജാവായ്ഭവിക്കണം കൂടുതൽമൂപ്പുള്ളവൻ;

ശേഷമുള്ളവരെല്ലാം തിരണമവനുടെ
ശേഷിയുള്ളവരായ കാൎയ്യസാധകരായി.
മററുള്ളസഹായകരേവരേക്കാളും രാജ്യ-
പുഷ്ടിക്കായ്ഭവിച്ചിടുമിച്ചൊന്ന രാജന്യന്മാർ.
(1)മൂത്തയാളന്ധൻ, മൂകൻ,ബധിരൻ,ഷണ്ഡൻ,കുഷ്ഠി
ഇത്യേവമേതാകിലും രാജ്യാർഹനാകാ ദൃഢം.
രാജ്യാർഹൻ പിന്നെബ്ഭ്രാതാ, മൂത്തപുത്രന്റെപുത്രൻ
മൂത്തപുത്രൻകനിഷ്ഠൻ, പിന്നെബ്ഭ്രാതാവിൻസുതൻ.
അഗ്രജനില്ലാതായാൽ കനിഷ്ഠരായുള്ളവർ
വ്യഗ്രതയെന്യേ തീരും രാജ്യാർഹരായി ക്രമാൽ.
ദായാദരെല്ലാവരുമൈക്യത്തിൽ വാണിടുകിൽ
രാജാവിന്നതു പാരം ശ്രേയസ്സിന്നായ്ഭവിക്കും.
ദായാദർ തമ്മിൽതമ്മിൽ ഛിദ്രിച്ചാൽ രാജ്യത്തിനും
വൈകാതെ കുലത്തിനും നാശഹേതുവതാകും.
ആകയാൽ ദായാദൎക്കു തനിക്കുള്ളതിനൊപ്പം
ഭോഗങ്ങളെല്ലാമനുവദിച്ചീടണം നൃപൻ.
അവ്യാഹതാജ്ഞമൂലം ഛത്രസിംഹാസനാദ്ധ്യം
ചൊവ്വോടേ നല്കിയിവൎക്കേകണം സന്തുഷ്ടിയേ.
രാജ്യത്തിൻവിഭജനം ശ്രേയസ്സിന്നാകാദൃഢം
അല്പാല്പമംശിപ്പതു ശത്രുക്കൾക്കിരയാകും.
രാജാവിൻ നികുതിയിൽ തുൎയ്യാംശമിവൎക്കേകി-

---

(1) രാജവംശത്തിലെ അവകാശക്രമം:—

1· മൂത്തപുത്രൻ

അ ആളിനു മുകളിൽ പറഞ്ഞവണ്ണം അനർഹതയുണ്ടായാൽ.

2· രാജാവിന്റെ ഭ്രാതാവു
3· രാജാവിന്റെ മൂത്തപുത്രന്റെ പുത്രൻ
4· അ മൂത്തപുത്രന്റെ അനുജൻ
5· രാജാവിന്റെ ഭ്രാതാവിന്റെ പുത്രൻ

*I have followed Prof: Benoy Kumar Sirkar's interpretation in this matter.*

പ്പാരാതെ നാലുപാടുമിവരെപ്പാൎപ്പിക്കണം.
നാലുപാടിലും തഥാ ദേശാധിപതികളായ്
നീളവേ നിയമിച്ചുകൊൾകയുമാകാമത്രേ.
ഗോകുലം, ഗജകുലമശ്വങ്ങളുഷ്ട്രകുലം
കോശമെന്നിതുകൾക്ക പതികളായുംവയ്ക്കാം.
മാതാവിനേയും മാതൃതുല്യരാംജനത്തെയും
പാകശാലയിലധികാരികളാക്കിടേണം.
സ്യാലന്മാർ, ബാന്ധവന്മാരിവരെയെല്ലാം സദാ
സേനാധിപതികളായ് നേമിച്ചുകൊണ്ടീടണം.
തന്നുടേ ദോഷങ്ങളെക്കാണിച്ചുതരുന്നവൻ-
തന്നെയാക്കണം ഗുരുവായിട്ടോ സുഹൃത്തായോ.
വസ്ത്രങ്ങളലങ്കാരം പാത്രങ്ങളിത്യാദിയിൽ
പ്രത്യേകം നിയമിച്ചുകൊള്ളണം സ്ത്രീജനത്തേ.
ഒക്കെയും നൃപൻതന്നെ പരിശോധിച്ചിടേണം
ഒക്കെയും യഥാക്രമം മുദ്രയും വച്ചിടേണം.
വീട്ടിന്റെയന്തൎഭാഗത്തിങ്കലോ തെളിച്ചതാം
കാട്ടിങ്കൽവച്ചോ തഥാ നിൎജ്ജനസ്ഥലംതന്നിൽ
രാത്രിയോ പകലിലോ മന്ത്രിമാരോടുകൂടി
ഭ്രക്ഷിത്തു ഭാവികൃത്യം മന്ത്രണം ചെയ്തിടേണം.
ഭ്രാതാക്കൾ, സുഹൃത്തുകൾ, പുത്രന്മാർ, ബാന്ധവന്മാർ,
സാമാജികന്മാർ, സേനാനാഥന്മാരിവരുമായ്
വ്യാജമെന്നിയേ സഭാമന്ദിരം തന്നിൽവച്ചു
രാജകാൎയ്യങ്ങളെല്ലാമാലോചിക്കുക വേണം.
രാജാവിൻ സദസ്സിന്റെ പശ്ചിമാൎദ്ധത്തിൻമദ്ധ്യേ
രാജസിംഹാസനത്തെ വിനിവേശിക്കവേണം.
പാർശ്വകോഷ്ഠഗരെല്ലാമിരുന്നീടണമതിൻ-
ദക്ഷിണഭാഗത്തിലും ദക്ഷിണേതരത്തിലും.
പൃഷ്ഠഭാഗത്തിലായിട്ടിരുന്നീടണംപിന്നേ

ദക്ഷിണഭാഗംമുതൽ തുടങ്ങി വാമസ്ഥരായ്,
പുത്രന്മാർ, പൌത്രന്മാരും, ഭ്രാതാക്കൾ, ഭാഗിനേയർ,
പുത്രിതൻ പുത്രന്മാരുമൊക്കെയും യഥാക്രമം.
തദ്വിധം പിതൃവ്യന്മാർ, സ്വകുലശ്രേഷ്ഠന്മാരും
സഭ്യരും സൈന്യത്തിൻെറ നായകന്മാരുമെല്ലാം
പ്രത്യേകാസനങ്ങളിലഗ്രഭാഗത്തു താനും
ദക്ഷിണേ പൂർവ്വദിക്കിലായിട്ടിങ്ങിരിക്കണം.
ഭൂപൻെറ മാതാമഹവംശത്തിൽ ശ്രേഷ്ഠന്മാരും,
ഭൂപതിതൻെറ മന്ത്രിവീരരും ബന്ധുക്കളും,
വാമാഗ്രത്തിങ്കലിരുന്നീടണം ശ്വശുരരും,
സാമോദം സ്യാലന്മാരുമധികാരികൾ താനും.
ഭൂപൻെറ ജാമാതാവും ഭഗിനീപതികളും
വാമദക്ഷിണങ്ങളിലുപവേശിച്ചിടേണം.
ഭൂപതിക്കൊപ്പം സുഹൃത്തരികിലല്ലെന്നാകിൽ
ഭൂപൻെറയർദ്ധാസനം തന്നിലായിരിക്കണം.
ദൌഹിത്രർ, ഭാഗിനേയരിവർക്കു വിധിച്ചതാം
സ്ഥാനത്തു ദത്തകാദ്യർക്കിരിക്കാമത്രേ ദൃഢം;
ആവിധം പുത്രാദിക്കുവിധിച്ച സ്ഥാനംതന്നിൽ
ദൌഹിത്രർക്കിരുന്നിടാം ഭഗിനീസുതന്മാർക്കും.
അച്ഛനുതുല്യനായി ശ്രേഷ്ഠമാമാസനത്തിൽ
നിശ്ചയമിരുത്തണം സാദരമാചാര്യനേ.
പാർശ്വങ്ങൾരണ്ടിങ്കലും മുമ്പിലും മന്ത്രിമാർതൻ-
പൃഷ്ഠഭാഗത്തായ് സ്ഥിതരാകണം ലേഖകന്മാർ.
എല്ലാർക്കും പിറകിലായ് സംസ്ഥിതരായിടണം
ചൊല്ലാർന്ന പരിചാരഗണങ്ങളെല്ലാവരും.
സ്വർണ്ണദണ്ഡങ്ങൾ ധരിച്ചവരും രണ്ടാളുകൾ
രണ്ടുഭാഗത്തും നതിബോധകരായിനിന്നും,
സ്വർണ്ണഭൂഷണം, രത്നം, രാജചിഹ്നങ്ങൾ, വസ്ത്രം,

നിൎണ്ണയമണിഞ്ഞഥ കവചം കിരിടവും,
തന്നുടേ വാളുമൂരിപ്പിടിച്ചും, സശസ്ത്രനായും,
മന്നവൻ സാവധാനം പൂകണം സിംഹാസനം.
ഇന്നുള്ള ഭൂപന്മാരിലെല്ലാരിൽവച്ചും ഭവാൻ
ധൎമ്മിഷ്ഠനേററംശ്ശൂരൻ ദാതാവുമെന്നെല്ലാവും
ചൊല്ലുന്ന വാക്യങ്ങളേ ശ്രവിച്ചീടരുതേതും
ചൊല്ലുന്ന ജനമെല്ലാം വഞ്ചകന്മാരാണത്രേ.
രാഗലോഭങ്ങളാലും ഭൂപനിൽ ഭീതിയാലും
മൂകരായിരുന്നിടാം മന്ത്രിമാരായുള്ളവർ.
ആയവരെല്ലാമനുവാദകന്മാരായ്നൃപൻ
സ്വീയമാം ക്ഷേമമോൎത്തു ചിന്തിച്ചുകൂടാ ദൃഢം.
മന്ത്രിമാൎക്കുള്ളോരഭിപ്രായങ്ങൾ വെവ്വേറെയായ്
മന്നവനെഴുതിവാങ്ങിടണം സകാരണം.
സ്വന്തമാമഭിപ്രായത്തോടിവ വിമർശിച്ചു
സന്തതംഭൂരിപക്ഷാഭിപ്രായമെടുക്കണം.
വാരണവാജികളും, രഥങ്ങൾ, പശ്വാദിയും,
സാധനസംഭാരവും, ദാസഭൃത്യജാലങ്ങളും,
സൈനികഗണങ്ങളും, സൎവ്വവും ദിനേ ദിനേ
ഭൂമിപൻ സുധീവരൻ പരിശോധിച്ചു ചെമ്മേ
കാൎയ്യത്തിനുതകുന്നതൊക്കെയും രക്ഷിക്കണം,
കാലത്താൽ ജീൎണ്ണമായതൊക്കെയും വെടിയണം.
ഓരോരോദിനത്തിലും ശതക്രോശങ്ങൾവരേ
ദൂരത്തിലുള്ളവാൎത്ത ഗ്രഹിച്ചീടണം നൃപൻ.
ഭൃതിപോഷിതരാകും ഭാരവാഹികൾക്കെല്ലാം
നിഖിലകലാവിദ്യാഭ്യസനം നൽകിടണം.
അവരാവിധം വിദ്യാസമ്പന്നരായിക്കണ്ടാൽ
അവരെയക്കാൎയ്യത്തിൽ നിയമിക്കയുംവേണം.
വിദ്യകൾ, കലകളെന്നിവയിൽ ശ്രേഷ്ഠന്മാരെ

വത്സരംതോറും നോക്കിബഹുമാനിക്കവേണം.
വിദ്യകൾ കലകളെന്നിതുകൾക്കഭിവൃദ്ധി
സിദ്ധമായിടാൻ വേണ്ടതൊക്കെയുംചെയ്തീടണം.
ക്രൂരവേഷരായ്,നതിനീതിപേശലരായി,
ബാണധാരികളായി, നഗ്നഹേതികളായി,
വാണിടും ഭടന്മാരേ നിയമിക്കണം നൃപൻ
ചാരത്തു മുമ്പും പിമ്പുമാനുയാത്രികരായി.
രാജധാനിയിൽ നിത്യമാനമേലേറിന്നൂനം
രാജാവുചുററിടണം പ്രജകൾരഞ്ജനാർത്ഥം.
രാജവാഹനംതന്നിലാരൂഢനായിടുമ്പോൾ
രാജതുല്യനായ്തോന്നിക്കില്ലയോ ശ്വാനൻപോലും?
രാജാവിനേയുംതന്നെ ശുനകനായിക്കവി-
രാജന്മാർ ചിന്തിച്ചീടുന്നില്ലയോ യഥാർത്ഥത്തിൽ?
ആകയാലെന്നും നൃപൻ മിത്രബന്ധുക്കളാലും
ആത്തതദ്ഗുണങ്ങളാൽ നിജമാം സാമ്യത്തിനേ
പ്രാപിതരായോരധികാരികളാലുമനു-
യാതനായ്പോയിടണം നീചരാൽ പാടില്ലതാൻ.
നീചരും സാധുക്കളും സ്മൃതരാകുന്നു ക്രമാൽ
വ്യാജമിഥ്യകളാലും, സച്ചരിത്രത്തിനാലും.
നീചന്മാർ സാധുക്കളേക്കാളുമങ്ങതിമാത്രം
ഭാവമാധുര്യങ്ങളേക്കാണിക്കുമത്രേ ദൃഢം.
ഭൂമിപൻ വർഷംതോറും തന്നുടെ പുരികളും
ഗ്രാമങ്ങൾ ദേശങ്ങളും സന്ദർശിച്ചിട്ടുചെമ്മേ
ആരെല്ലാമധികാരിഗണത്താൽ രഞ്ജിതന്മാർ
ആരെല്ലാം കർഷിതന്മാരെന്നതായറിയണം.
പാരാതെയവരിൽനിന്നുണ്ടാകും വ്യവഹാര-
കാര്യങ്ങൾ വിചിന്തനം ചെയ്കയും ചെയ്തിടേണം.
ഉദ്യോഗസ്ഥന്മാരുടെ പക്ഷത്തുനിന്നിടാതെ

നിത്യവും പ്രജാപക്ഷമാശ്രയിക്കണം നൃപൻ.
പ്രജകൾ നൂറുപേരാൽ സംദ്വിഷ്ടനായിട്ടുള്ളോ-
രധികാരിയെ നൃപൻ സന്ത്യജിക്കുകവേണം.
മന്ത്രിയാണെന്നാകിലുമൊരിക്കൽ കുററംകണ്ടാൽ
മന്നവനേകാന്തത്തിലവനേ ദണ്ഡിക്കണം.
പതിവായ് കുററം ചെയ്തീടുന്നതായ് കണ്ടീടുകിൽ
നിയതം പരസ്യമായവനെ ത്യജിക്കണം.
അന്യായംചെയ്തിടുന്ന ഭൂമിപാലരിൽനിന്നും
മന്നവൻഹരിക്കണം രാജ്യവും സർവ്വസ്വവും.
യുദ്ധത്തിൽ തോററ നൃപന്മാരുടെ രാജ്യങ്ങളിൽ
കൃത്യമായ് സ്ഥാപിക്കണം ധർമ്മാധികരണങ്ങൾ.
തോററഭൂപാലന്മാർക്കു തച്ചരിത്രാനുരൂപം
തെററാതെ നൽകീടണം ഭൃതികളോരോവിധം.
നല്ലഭൂഷണംചാർത്തി, നല്ലവാസസ്സുടുത്തു,
നല്ലഭാഷിണിയായി, നല്ലനുരക്തയായി,
നല്ലശുദ്ധയായ്, നല്ല രൂപിണിയായിമേവും
നല്ലാരേബ് ഭജിക്കണം ശയനത്തിനുഭൂപൻ.
രണ്ടുയാമങ്ങൾനേരം ഗാഢമായ് നിദ്രചെയ്താൽ
പൂണ്ടിടാമാത്യന്തികമായിട്ടും സുഖത്തിനേ.
സ്വസ്ഥാനമൊരിക്കലും ത്യജിച്ചുകൂടാ നൃപൻ
ശത്രുക്കൾതമ്മേ ജയിച്ചീടണം നീതിയാലും.
ഭൂക്ഷിത്തും നഖങ്ങളും ദന്തവും കേശങ്ങളും
സ്വസ്ഥാനഭ്രഷ്ടരായാൽ നിശ്ചയം ശോഭിച്ചിടാ.
ഘോരമാം വിപത്തിങ്കൽ ഗിരിദുർഗ്ഗങ്ങൾ ഭൂപൻ
പാരാതെ സമാശ്രയം പൂകണം മടിയാതേ.
നേരാണു പിന്നീടവിടുന്നഹോ ദസ്യുവൃത്തി-
മൂലമായ് സമാഹരിച്ചീടണം സ്വരാജ്യത്തേ.
വിദ്വാന്മാരബലകൾ ലതകളിവയൊന്നും

പൃഥ്വിയിൽ പരാശ്രയമെന്നിയേ തഴച്ചിടാ.
പൃഥ്വീശൻ ദസ്യുവായിബ്ഭവിച്ചു ശത്രുക്കൾതൻ-
വിത്തങ്ങൾ ഹരിക്കണം നാലുപാടിങ്കൽനിന്നും,
യജ്ഞാർത്ഥം, വിവാഹാർത്ഥം, ജ്ഞാനാർത്ഥമായും. തഥാ
നിശ്ചയമഷ്ടാംശത്തിൻ ശിഷ്ടത്തെയൊഴിക്കണം.
ഒട്ടുമങ്ങൊരുദിക്കിൽ നിത്യവും വസിക്കരു-
തൊട്ടുമേ "നമ്പീട"രുതാരെയും പാരിടത്തിൽ.
തിട്ടമങ്ങെല്ലായ്പൊഴും വാഴണം സാവധാനം
ചെററുമേ ചിന്തിക്കരുതാത്മനാശത്തിനേയും.
ദസ്യുവൃത്തിയിലേതുനേരത്തു മുദ്യുക്തനും
ഉഗ്രകർമ്മാവും ഘൃണാഹീനനുമായിടേണം.
തൊട്ടുപോകരുതെന്നാൽ കുലകന്യകമാരെ
ചെററുമേ പരഭാര്യമാരെയുമൊരിക്കലും.
പുത്രരോടൊപ്പം സദാ താൻപാലിച്ചിരുന്നതാം
ഭൃത്യൗഘം സമയത്തു ശത്രുപക്ഷത്തേ പൂകിൽ
അല്പവും ദോഷമില്ല തന്റെയിയുദ്യമത്തിൽ
കല്പിതമവ്വണ്ണമായ് ഭവിച്ചുപോയി ദൃഢം.
വ്യർത്ഥമായ്കണ്ടാൽ തന്റെ ശ്രമങ്ങൾ, നൃപൻപിന്നേ
സ്വസ്ഥനായ് തപംചെയ്തു സ്വർഗ്ഗത്തെ പ്രാപിക്കണം.
ഉക്തമായിതു രാജകൃത്യങ്ങൾ സമഷ്ടിയായ്
ബാക്കിയുള്ളവ ചൊല്ലാമിന്നിയും മിശ്രംതന്നിൽ.

൪-ാം അദ്ധ്യായം സമാപ്തം.

# രണ്ടാം അദ്ധ്യായത്തിൻെറ സംഗതിവിവരം

## (വരിക്രമത്തിന്.)

൧—൭൨. എത്രയും ലഘുവായ ഒരു കാൎയ്യമായാലും ആയതു അന്യസഹായംകൂടാതെ സാധിക്കാൻ ഒരു ഒററയാളിനു വിഷമമാകും. ആ സ്ഥിതിക്ക് മഹത്തായ രാജ്യകാൎയ്യത്തിൽ രാജാവിനു സഹായംആവശ്യമാണ്. യോഗ്യന്മാരായ മന്ത്രിമാർ വേണം. ശരിയായ സാമാജികന്മാർ വേണം. അവരുടെ ആലോചനയോടുകൂടി സകലവും നടത്തണം. രാജാവിൻെറ കണ്ണും കയ്യും ചെവിയും ആകുന്നതു യുവരാജാവും മന്ത്രിമാരും ആകുന്നു. ഇടത്തും വലത്തും എന്നുള്ള വ്യത്യാസംമാത്രമേയുള്ളു.

൭൩—൧൨൨. സാധാരണയായിട്ടു സ്വന്ത ധൎമ്മപത്നിയിൽ ജനിച്ച ഔരസനേ വേണം യുവരാജാവായി വാഴിക്കേണ്ടതു. ഔരസനില്ലെന്നുവന്നാൽ ഇന്നിന്നയാളുകളെ വയ്ക്കണമെന്നു. രാജപുത്രന്മാരെ ശരിയായി വളൎത്തണം. അവരെ പീഡിപ്പിക്കരുതു്.

൧൨൩—൧൮൨. സ്വന്ത കുലത്തിൽ സന്താനമില്ലെങ്കിൽ സ്വന്തപുത്രിയുടെ പുത്രനെ യുവരാജാവായി വാഴിക്കണം.

൧൮൩—൨൧൨. യുവരാജപദം ലഭിച്ചശേഷം ഒരാൾ അഹങ്കരിക്കരുതു്. അച്ഛൻെറ ആജ്ഞപോലെ നടക്കണം. അച്ഛൻെറ ആജ്ഞയ്ക്കു വിപരീതമായി നടന്ന വിശ്വാമിത്രപുത്രന്മാരും മററും രാജ്യഭ്രഷ്ടരായി. നേരേമറിച്ചു അച്ഛൻെറ ആജ്ഞയെ ബഹുമാനിച്ച ശ്രീരാമനും പരശുരാമനും അത്യന്തം ഭാഗ്യവാന്മാരായിതീൎന്നു. യോഗ്യനായ യുവരാജാവു ശുക്ലപക്ഷത്തിലെ ചന്ദ്രനെന്നപോലെ നാൾതോറും വൎദ്ധിച്ചുകൊണ്ടിരിക്കും.

൨൧൩—൨൩൩. രാജാവു ഭൃത്യന്മാരേ (സൎക്കാർഉദ്യോഗസ്ഥന്മാരേ) നിയമിക്കേണ്ടതു ഏതുപ്രകാരം എന്നു. തട്ടാന്മാർ പൊന്നിനെ ഉരുക്കിത്തൂക്കിയും നിറഭേദംനോക്കിയും പൊന്നിൻെറ മാററു അറിയുന്നതുപോലെ ശരിയായ പരിശോധനനടത്തി ഉദ്യോഗത്തിനു ആളാക്കണം. ഈ സംഗതിയിൽ ആളിൻെറ യോഗ്യതയാണ് നോക്കേണ്ടതു്; ജാതിയും കുലവും നോക്കിയാൽ പോരാ. ഉദ്യോഗസ്ഥന്മാൎക്കു എന്തെല്ലാം യോഗ്യതകൾ ഉണ്ടായിരിക്കണമെന്ന്.

വന്ദൌ—വവ്വ. ഏതെല്ലാം തരക്കാർ നല്ല ഉദ്യോഗസ്ഥ ന്മാരാകയില്ലാ എന്നു്. മതിയായ ശമ്പളമില്ലാത്തവർ, ഭീരുക്കൾ, കോഴവാങ്ങുന്നവർ, ചൂതുകളിക്കാരാദികൾ.

വവ്വന—ർർം. രാജാവിനു ദശമന്ത്രിമാർ (അഥവാ ദശപ്ര കൃതികൾ) വേണം. അവരുടെ പേരുവിവരങ്ങളും പ്രത്യേകജോലി കളും, യോഗ്യതകളും. മന്ത്രിമാരെ കൂടക്കൂടെ സ്ഥാനംമാററി പ്രതിഷ്ഠിക്കണം. അവർ ഒരിക്കലും രാജാവിനേക്കാൾ ശക്തരാകാൻ പാടില്ല.

ർർഫ—ർവ്വർ. മന്ത്രിമാക്കു പുറമെ, ഓരോ തുറയ്ക്കും ഓരോ അധ്യക്ഷനും അവരുടെ കീഴിൽ ദർശകന്മാരും (ഇൻസ്പെക്ടറന്മാരും) വേണം. ഇവരെയും ദീർഘകാലം ഒരേ ജോലിയിൽവച്ചുകൂടാ. അധികാരമദം ബുദ്ധിക്കു മയക്കം ഉണ്ടാക്കും. അതുകൊണ്ടു ഉദ്യോഗസ്ഥന്മാരെ കൂടക്കൂടെ മാററി പ്രതിഷ്ഠിക്കണം. അതുകൂടാതെ യോഗ്യന്മാക്കു പ്രൊമോഷനും കൊടുക്കണം.

ർവ്വഭ—ർവ്വ്വ. ഓരോ ഗ്രാമത്തിലും നാലു സക്കാർഉദ്യോഗ സ്ഥന്മാർ ഉണ്ടായിരിക്കണം. അവരുടെ പേരുവിവരവും ജോലിയും.

ർവ്വൻ—ഭംവ. ദാനശീലന്മാർ, താപസന്മാർ, ശാസ്ത്രജ്ഞ ന്മാർ ആദിയായവരെ മാനിക്കണം.

ഭംന—ഭംസ. മന്ത്രമാകാത്ത അക്ഷരം ഇല്ല. മരുന്നാ കാത്ത വേരും ഇല്ല; അതുപോലെ കൊള്ളരുതാത്ത മനുഷ്യനുമില്ല. എന്നാൽ ഇവയെ കൊള്ളിക്കാൻ അറിയാവുന്നവരാണു് ദുല്ലഭമാ യുള്ളതു്.

ഭംൌ—ഭന്ദവ. ആനകൾക്കു് അധിപനായിരിക്കേണ്ടവൻെറ യോഗ്യതകൾ. കുതിരകളുടെ മേൽവിചാരിപ്പനുള്ള യോഗ്യതകൾ; തേരാളിയായിരിക്കേണ്ടവൻെറ യോഗ്യതകൾ; സാദികളുടെ (തുറു പ്പുകാരുടെ) യോഗ്യതകൾ; അശ്വശിക്ഷകന്മാരുടെ (കുതിരകളെ പഴക്കുന്നവരുടെ) യോഗ്യതകൾ; അശ്വസേവകന്മാരുടെ (കുതിര ക്കാരുടെ) യോഗ്യതകൾ; സൈനികന്മാരുടെയും സേനാധിപന്മാ രുടേയും യോഗ്യതകൾ.

ദന്നാ—ദവ്വന്ന. പട്ടാളത്തിൽ ചെറുസംഘങ്ങൾ മുതൽ തുടങ്ങി പടിപടിയായി ഓരോ സംഘത്തിനും പ്രത്യേകം അധിപന്മാർ വേണം. അവരുടെ പേരുവിവരങ്ങൾ.

ദവ്വൊ—ന്നംർ. പട്ടാളം ലേഖകൻ (പട്ടാളംറൈട്ടർ) എന്തെല്ലാം കാര്യങ്ങൾ അറിയണമെന്നു.

നായകൻ എന്നാൽ ആരാണ് എന്ന്. ആടുമാടുകൾ മുതലായവയ്ക്കു ഓരോ അധിപന്മാർ വേണം. പട്ടാളക്കാർ തിത്തിര മുതലായ പക്ഷികളെ വളർത്തുന്നതിന്നു പരിശീലിച്ചിരിക്കണം.

ന്നംദ—ന്നഫം. രത്നങ്ങൾ മുതലായതിനു അധികാരിയാകേണ്ടവൻ എങ്ങിനെയുള്ളവനായിരിക്കണമെന്നു.

ന്നഫഫ—ന്നഫർ. കോശാധിപൻ (ഖജാന ഉദ്യോഗസ്ഥൻ) ഏതുപ്രകാരമുള്ളവനായിരിക്കണമെന്നു.

ന്നഫദ—ൌനവ്വ. വസ്ത്രാധിപൻ, വിതാനാധിപൻ, പാചകാധിപൻ, ആരാമാധിപൻ, ഗൃഹാദ്യധിപൻ, സംഭാരാധിപൻ, ദേവതാതുഷ്ടിപതി (ദേവസ്വം അധിപൻ) ദാനാധിപൻ, രാജസഭാംഗങ്ങൾ, സത്രാധിപൻ, ഗ്രാമാധിപൻ, ഭാഗഹാരൻ, ലേഖകൻ, പ്രതിഹാരി ഇവരുടെ യോഗ്യതകൾ.

താപസൻ, ദാനശീലൻ, ശ്രുതിജ്ഞൻ, പൌരാണികൻ, ശാസ്ത്രജ്ഞൻ, ജ്യോത്സ്യൻ, മാന്ത്രികൻ, വൈദ്യൻ, താന്ത്രികൻ ഇവർ ഏതേതു ഗുണങ്ങൾ ഉള്ളവരായിരിക്കണമെന്ന്.

ൌനൻ—ൌർവ. അന്തഃപുരത്തിൽ ഭൃത്യരായിരിക്കേണ്ടവർ ഏതുപ്രകാരമുള്ളവരായിരിക്കണമെന്ന്.

ൌർന—ൌദം. പരിചാരകന്മാരുടെ ഗുണങ്ങൾ.

ൌദഫ—ൌദർ. ഗൂഢചാരന്മാരുടെ യോഗ്യതകൾ.

ൌദദ—ൌദവ്വ. വേത്രവാന്മാരുടെ പ്രത്യേകയോഗ്യതകൾ.

ൌദൻ—ൌന്നർ. ഗായകാധീശൻ (ഭാഗവതന്മാരുടെ പ്രധാനി) ഏതു പ്രകാരമുള്ളവനായിരിക്കണം.

൬൫൮—൬൭൦. പണ്യാംഗന (Courtezan)യ്ക്കു എന്തെല്ലാം യോഗ്യതകൾ വേണം.

൬൭൧—൬൮൪. മററു വേലക്കാർ.

൬൮൫—൭൧൪. രാജധാനിയിലും മററും ഉണ്ടായിരിക്കേണ്ട വിവിധ തൊഴിൽക്കാരുടെ വിവരങ്ങൾ.

൭൧൫—൭൨൫. എല്ലാത്തരം പുണ്യങ്ങളിലുംവച്ചു ഏററവും ശ്രേഷ്ഠമായ പുണ്യം പരോപകാരവും സത്യവും ആണ്. ഇവരണ്ടും ഉള്ള ആളുകളെ ജീവനക്കാരായി നിയമിക്കണം.

എല്ലാ പാപത്തിൽവച്ചും ഘോരതരമായ പാപം ഹിംസയാണ്. എന്നാൽ അതിലും ഘോരതരമാണ് അസത്യോക്തി. ഈവക ദോഷങ്ങൾ തീണ്ടിയ ഭൃത്യന്മാരെ (ജീവനക്കാരെ) രാജാവു സർവ്വീസിൽനിന്നും പിരിച്ചുവിടണം.

൭൨൬—൭൩൭. } രാജഭൃത്യൻെറ ചുമതലകൾ. രാജാവിൻെറമുമ്പിൽ ചെന്നാൽ ആചരിക്കേണ്ട നടപടികൾ. രാജഭൃത്യന്മാർ ഏതുപ്രകാരം നടക്കണമെന്നു്.
൭൩൮—൭൮൫. }

൭൮൬—൧൦൦൦. രാജാവും രാജാവിൻെറ ഉദ്യോഗസ്ഥന്മാരും അവരവരുടെ കൃത്യങ്ങൾ ശരിയായി നിർവ്വഹിക്കുമ്പോൾ രാജ്യത്തിൽനിന്നും ശ്രീദേവി വിട്ടുമാറുകയില്ല.

൧൦൦൧—൧൦൦൪. രാജാവ് ഒരു ഉദ്യോഗസ്ഥൻ മുഖേന മറെറാരുദ്യോഗസ്ഥൻെറ തെറവുകൾ ഗ്രഹിക്കരുത്. അതിനു് ഇടയും കൊടുക്കരുത്.

൧൦൦൫—൧൦൨൭. രാജാവിനു ക്ഷേമകരമായതും, അല്ലാത്തതും ആയ സംഗതികൾ രാജാവിനെ അറിയിക്കാത്ത ഉദ്യോഗസ്ഥൻ രാജാവിൻെറ ഗൂഢശത്രുവാണ്. ഈവക കാൎയ്യങ്ങൾ മന്ത്രിമാരിൽനിന്നും ശ്രവണംചെയ്യാത്ത രാജാവു രാജവേഷധാരിയായ തസ്കരൻ ആകുന്നു.

൧൦൨൮—൧൦൪൦. മഹത്തായ കാൎയ്യത്തിനായിട്ടും രാജാവിനുവേണ്ടിയും ഒരു ഭൃത്യൻ പ്രാണനേപ്പോലും വെടിയണം. ഭൃത്യനെ രക്ഷിക്കുന്നതു കുടുംബരക്ഷയ്ക്കാണ്. യുദ്ധങ്ങൾ മുതലായ മഹൽകാൎയ്യങ്ങളിൽ ഭൃത്യൻ രാജാവിനുവേണ്ടി പ്രാണനെ വെടിയുന്നു.

രാജാവു ഈ വിധത്തിൽ ഭൃത്യന്റെ പ്രാണനെ അപഹരിക്കുന്നു. ഭൃത്യൻ തന്റെ പ്രവൃത്തി ചെയ്തു രാജാവിന്റെ ധനത്തിനെയും അപഹരിക്കുന്നു.

൧൪൧—൧൨൬. രാജാവിനെ ഒന്നാമതായി ആദരിക്കണം. അതു കഴിഞ്ഞാൽ അധികം ആദരവു കൊടുക്കേണ്ടതു യുവരാജാവിനാണു്. അതിനുശേഷം മന്ത്രിമാർ, സേനാധിപതി എന്നിവരെ യഥാക്രമം ആദരിക്കണം. ഉദ്യോഗസ്ഥന്മാർ കൈക്കൂലി വാങ്ങരുതു്. സത്യമല്ലാത്തതു ഒന്നും രാജാവിനോടു് അറിയിക്കരുതു്. ഇത്യാദി.

൧൨൩—൧൨൮. പുതിയ കരങ്ങളും പുതിയ ചുങ്കങ്ങളും ഉണ്ടാക്കുന്നതു ലോകർക്കു അപ്രീതിക്കു കാരണമാകും.

൧൨൯—൧൩൦. രാജാവു അത്യന്തം ദുഷ്ടനായിബ്ഭവിച്ചാൽ അദ്ദേഹത്തെ കളഞ്ഞിട്ടു രാജകുടുംബത്തിൽനിന്നും വേറൊരാളെ രാജാവാക്കണം.

൧൨൮൩—൧൧൪൦. രാജസഭയിൽ ഓരോതരം ഉദ്യോഗസ്ഥന്മാർക്കും മററുമുള്ള സ്ഥാനങ്ങൾ. അസ്ത്രം ധരിച്ചവർ ഇത്ര അകലേ നിൽക്കണം. ശസ്ത്രം ധരിച്ചവർ ഇത്ര അകലേ നിൽക്കണം. സേനാധിപനെ കൂടാതെ സൈനികർ സഭയിൽ പ്രവേശിച്ചുകൂടാ. ഓരോ ഉദ്യോഗസ്ഥന്റെയും സ്ഥാനക്രമങ്ങൾ. മന്ത്രിമാരെ സഭയിൽ രാജാവുതന്നെ സ്വീകരിക്കണം. ഓരോരുത്തനേയും സ്വീകരിക്കേണ്ട വിധങ്ങൾ. വിദ്വാന്മാരോടും ശത്രുക്കളോടും പ്രജകളോടും രാജാവു എങ്ങിനെ പെരുമാറണമെന്നു്.

ഭൃത്യന്മാരോടു രാജാവു വിളയാടരുതു്. അതു ആപൽക്കരമാണു്.

൧൧൪൬—൧൧൭൦. രാജാവിന്റെ രേഖാമൂലമായ കല്പനകൂടാതെ ഉദ്യോഗസ്ഥൻ ഒന്നുംചെയ്തുകൂടാ. രേഖകൂടാതെയുള്ള യാതൊരു കല്പനയും രാജാവു കൊടുക്കയും ചെയ്യരുതു്. നൃപന്റെ രേഖയാണു് സാക്ഷാൽ നൃപൻ. ഉദ്യോഗസ്ഥന്മാരും യുവരാജാവും അനുകാലികറിപ്പോർട്ടുകൾ രാജാവിനു അയയ്ക്കണം.

ഫഫൈ—ഫഫവ്വ—രാജാവുകൊടുക്കുന്ന സകലകല്പനകൾക്കും മന്ത്രിമാർ അയയ്ക്കുന്ന സകല ഉത്തരവുകൾക്കും സ്മൃതിപത്രം (മെമ്മോ) വയ്ക്കണം.

ബ്രഹ്മാവു ആദ്യം ലിഖിതം (അക്ഷരം) ഉണ്ടാക്കി.

അതു മനുഷ്യന്റെ പൂർവ്വവൃത്തങ്ങൾ ഓർമ്മയിൽ വയ്ക്കുന്നതിനായിട്ടാണു്.

ഫഫൈൻ—ഫഫവ്വവ. ലേഖ്യങ്ങൾ (എഴുത്തുകുത്തുകൾ അല്ലെങ്കിൽ കത്തിടപാടുകൾ) രണ്ടുവിധമാണു്. (ഫ) വൃത്താന്തക്കുറിപ്പു്, (വ) വരവുചെലവു കുറിപ്പു്.

ഫഫവ്വന—ഫവർം. ജയപത്രം, ആജ്ഞാപത്രം, ശാസനപത്രം, പ്രസാദനപത്രം, ഭോഗപത്രം, ഭാഗപത്രം, ദാനപത്രം, ക്രയപത്രം, സാദിപത്രം, സത്യപത്രം, സംവിൽപത്രം, ഋണലേഖ്യം, ശുദ്ധിപത്രം, സാമയികപത്രം, സമ്മതിപത്രം എന്നിവയുടെ വിവരണങ്ങൾ.

ഫവർ,ഫ—ഫവസ്ര. സാധാരണ കത്തുകൾ (യോഗക്ഷേമാദികളെക്കുറിച്ചുള്ള കത്തുകൾ) എങ്ങിനെ തുടങ്ങണമെന്നും, അവയിൽ എന്തെല്ലാം വിവരങ്ങൾ അടങ്ങണമെന്നും.

ക്ഷേമപത്രം എന്നാൽ എന്തു്?

ഭാഷാപത്രം എന്നാൽ എന്തു്?

ഫവസ്രഫ—ഫവവ്വർ. ആയവ്യയങ്ങളെ കുറിക്കുന്ന ലേഖനങ്ങൾ പലേവിധം പേരുകളാൽ അറിയപ്പെടുന്നു.

ആയം എന്നാൽ എന്തു്?

വ്യയം എന്നാൽ എന്തു്?

ആയവ്യയങ്ങളുടെ വകഭേദങ്ങൾ.

ഫവവ്വഭ—ഫനവസ്രസ്ര. ഔപനിധ്യം, യാചിതാർത്ഥം, ഔത്തമർണികം, ഇതുകളുടെ വിവരണം.

അസ്വാമികാർത്ഥം

സാഹജികം

അധികം

പാർത്ഥിവം

അപാർത്ഥിവംഇതുകളുടെ അർത്ഥവിവരണം.

| | |
|---|---|
| പുനരാവൎത്തകം. | ആധമൎണികം. |
| നിധി. | ഐഹികം. |
| ഉപനിധി. | പാരലൌകികം. |
| വിനിമയീകൃതം. | വേതനം. |
| | ഭോഗ്യം. |

ഇതുകളുടെ അൎത്ഥവിവരണം.

പാരലൌകികം ധനത്തിൻെറ വകഭേദങ്ങൾ.

൧൩൬൭—൧൩൭൭. മാനം, ഉന്മാനം, പരിമാണം, സംഖ്യ എന്നിവയുടെ അൎത്ഥവിവരണം.

൧൩൭൮—൧൩൮൨. } ധനം, ദ്രവ്യം, മൂല്യം ഇത്യാദികളുടെ വിവരണങ്ങൾ.
൧൩൮൩—൧൪൦൬. }

൧൪൦൭—൧൪൨൭. രാജലേഖ്യങ്ങളിൽ ആരെല്ലാം ഒപ്പിടണമെന്നും മുദ്രവയ്ക്കണമെന്നും മററും.

൧൪൨൮—൧൪൩൨. വരവു ചെലവു കണക്കുകളിൽ വലതുവശത്തു വരവും, ഇടതുവശത്തു ചെലവും കുറിയ്ക്കണമെന്നു.

൧൪൩൩—൧൪൪൪. ഗുഞ്ജാ, മാഷം, കർഷം, പദാൎദ്ധം, പ്രസ്ഥം, ഇത്യാദി അളവുകളുടെ വിവരണങ്ങൾ.

൧൪൪൫—൧൪൬൦. സംഖ്യകൾ എഴുതേണ്ട ക്രമം. ഏകം, ദശം, ശതം, സഹസ്രം, അയുതം, നിയുതം, പ്രയുതം, കോടി, അർബ്ബുദം, അബ്ജം, ഖർവ്വം, നിഖർവ്വം, പത്മം, ശംഖം, അബ്ധി, മധ്യം, അന്തം, പരാൎദ്ധം എന്നിങ്ങനെ സ്ഥാനപ്പേരുകളും കൂട്ടിക്കണക്കാക്കുമ്പോൾ ബ്രഹ്മാവിൻെറ ആയുസ്സു രണ്ടു പരാൎദ്ധങ്ങൾ എന്നു പറയപ്പെടുന്നു.

൧൪൬൧—൧൪൭൬. ലോകത്തു കാലമാനം മൂന്നുവിധം. അതായതു (൧) ചാന്ദ്രമാനം (൨) സൌരമാനം (൩) സാവനം ഇവയാണു്. വേതനംകൊടുക്കുന്നതിനും മററും ഏതേതു കണക്കിനെ സ്വീകരിക്കണമെന്നു. ഭൃതികൾ (വേതനം അല്ലെങ്കിൽ കൂലി) മൂന്നു വിധമുണ്ടു്.

(൧) കാൎയ്യമാനം.

(൨) കാലമാനം.

(൩) കാൎയ്യകാലമാനം എന്നിങ്ങനെ.

ഭൃതികൾ വീണ്ടും മൂന്നുവിധം ഭാഗിക്കാം. (൧) മദ്ധ്യം, ശ്രേഷ്ഠം (൩) ഹീനം എന്നിങ്ങനെ.

൧൪൮൪—൧൫൧൨. ഭൃതികളെപ്പററി കൂടുതൽ വിവരങ്ങൾ.

൧൫൧൩—൧൫൫൩. ജീവനക്കാൎക്കു അവധി കൊടുക്കുക, പെൻഷൻ കൊടുക്കുക മുതലായവയെ സംബന്ധിച്ചു.

൧൫൫൪—൧൫൮൮. ജീവനക്കാരോടു പെരുമാറേണ്ട വിധങ്ങൾ.

൧൫൮൯—൧൫൯൮. ഓരോ തരം ജീവനക്കാരും ആരാരെന്നു തിരിച്ചു അറിയുന്നതിനു പ്രത്യേകം അടയാളങ്ങളും വാഹനാദികളും കൊടുക്കണമെന്നു്.

൧൫൯൯—൧൬൨൮. ഇന്നിന്ന ജാതിക്കാൎക്കേ ഇന്നിന്ന ഉദ്യോഗങ്ങൾ കൊടുക്കാവൂ എന്നും മററും.

## ൨-ാം അദ്ധ്യായം.

9835

(കേക)

എത്രയും നിസ്സാരമാം കാൎയ്യമായതുപോലും
എത്രയും ദുസ്സാധമാമേകനാം പുരുഷനാൽ.
എത്രയും മഹത്തായ രാജ്യകാൎയ്യത്തിൽപിന്നേ
നിസ്സഹായനാമേകനെന്തുതാൻ ചെയ്തുകൊള്ളും?
ഭൂക്ഷിത്തു സൎവ്വവിദ്യാകുശലനായിടിലും
ദക്ഷനെന്നിരുന്നാലും സത്താകും മന്ത്രണത്തിൽ
പൂജ്യരാമമാത്യന്മാരോടുകൂടാതേ സ്വയം
രാജ്യകാൎയ്യങ്ങളേതും ചിന്തിച്ചീടരുതല്ലോ.
സഭ്യന്മാർ, പ്രകൃതികളധികാരികളിവ-
രെല്ലാരുമൊരുമിച്ചു സഭയിൽ ചെയ്യുന്നതാം
തീൎപ്പുപോൽ നടക്കണം പ്രാജ്ഞനാം നരവരൻ
സ്വപ്രതിപത്തിപോലെ നടന്നീടരുതേതും.
സ്വേച്ഛപോൽ നടക്കുന്ന ഭൂമിപൻ ഭവിച്ചിടും
തീൎച്ചയായനൎത്ഥത്തിന്നെപ്പാടും പാത്രമായി.
രാജ്യവും ഭിന്നമായിബ്ഭവിക്കുമവനുടേ
രാജ്യത്തിൽവാഴും പ്രജാവൎഗ്ഗവും ഭിന്നിച്ചിടും.
ബുദ്ധിവൈഭവം പാരിലോരോരോ ജനത്തിലും
വ്യത്യസ്തമായിത്തന്നെ ഭവിക്കുമെന്നുള്ളതായ്
ആപ്തവാക്യങ്ങളാലുമനുഭൂതികളാലും,
പ്രത്യക്ഷത്താലും പുനരനുമാനങ്ങളാലും,
ശാസ്ത്രതത്വങ്ങളാലും സാദൃശ്യം സാഹസങ്ങൾ
ശക്തികളിവയാലുമൊക്കെയും ഗ്രഹിച്ചിടാം.
ഗുരുലാഘവങ്ങളാൽ മനുജൻ പ്രവൃത്തികൾ-
ക്കുളവാം വൈചിത്ര്യവും നിയതമൗന്നത്യവും.
അതുകളെല്ലാമൊരുനരനാൽതന്നെ നിത്യം

അറിവാനസാദ്ധ്യമാമേകനായ് നിന്നുകൊണ്ടാൽ.
അതിനാൽ കുലശീലഗുണസമ്പന്നന്മാരും,
അതുലഭക്തന്മാരും, ശൂരരും, ധർമ്മിഷ്ഠരും,
സതതംപ്രിയംവദർ, സന്തതം (1) നിരാലസർ,
നിയതം ഹിതോപദേഷ്ടാക്കളും ശുചികളും,
സകലമാത്സർയ്യവുമകലേ കളഞ്ഞവർ,
പ്രഥിതകാമക്രോധലോഭങ്ങൾ വെടിഞ്ഞവർ,
അരചൻ വഴിതെററി നടന്നാൽ നേർവഴിക്കു
തിരിയേ നയിക്കുവാൻ ബുദ്ധിയുക്തരുമാകും
പുരുഷരത്നങ്ങളേ രാജ്യാഭിവൃദ്ധിയോർത്തു
നരപൻ വരിക്കണം തന്നുടേ സഹായരായ്.
കുസഹായരാൽ നൃപൻ സ്വധർമ്മഭ്രഷ്ടനാകും
സഹസാ രാജ്യഭ്രഷ്ടനാകയുംചെയ്യും ദൃഢം.
കുത്സിതകർമ്മത്താലും കുസഹായികളാലും
നഷ്ടരായ്ഭവിച്ചിതു ദിതിതൻ സന്താനങ്ങൾ.
തദ്വിധം നശിച്ചിതു ദുർയ്യോധനാദികളാം
ശക്തരും ശൂരന്മാരുമാകിയ നൃപന്മാരും.
ആകയാലഹങ്കാരഹീനനായ് സുസഹായ-
നായിവാഴുകവേണം സർവ്വദാ മഹീശ്വരൻ.
നൃവരൻതന്റെ ഭുജയുഗളമാകുന്നതു
യുവരാജാവും തന്റെ മന്ത്രിവർഗ്ഗവുമത്രേ.
ശ്രവണനയനങ്ങളായതുമിവർ തന്നേ
വലതുമിടതുമായ് സ്ഥിതമാകുന്നു ക്രമാൽ.
ഇവരേ കൂടാതുള്ള നൃവരൻ ഭുജഹീനൻ
ശ്രവണേക്ഷണയുഗവികലൻതന്നെ പാരിൽ.
വളരെച്ചിന്തചെയ്തിട്ടിവരേ നേമിക്കണം
വലുതാം നാശത്തിനാം സുദൃഢമന്യഥാത്വേ.

---

(1) മൂലത്തിലും നിരാലസർ എന്നു കാണുന്നു.

ആലസ്യം വെടിഞ്ഞെല്ലാനേരത്തും രാജകൃത്യം
മാലററുനടത്തുവാൻ ശക്തനായീടുംവണ്ണം
ചേലൊത്ത തന്റെ ധർമ്മപത്നിയിൽ ജനിച്ചതാം
ഔരസൻതന്നെ യുവരാജാവായ് വാഴിക്കണം.
ഔരസനില്ലെന്നായാൽ തന്നിലുമിളയതാം
പിതൃസോദരനെയോ സ്വന്തസോദരനെയോ
മുറപോൽ വാഴിക്കണം ജ്യേഷ്ഠന്റെ പുത്രനെയോ
തദനു സുതനെയോ ദത്തനാംപുത്രനെയോ.
ഇവരുമില്ലെന്നായാൽ ദുഹിതൃപുത്രനെയോ
ഭഗിനീസുതനെയോ നിർണ്ണയം യഥാക്രമം
യുവരാജാവിൻപദം കൊടുത്തു വഴിപോലെ
നൃപതി നിയമിച്ചുകൊള്ളണം പിഴയാതെ.
സ്വന്തമാം ഹിതത്തിനായിവരേയൊരിക്കലും
സന്തപിപ്പിച്ചുകൂടാ മനസ്സാൽപോലും നൃപൻ.
സ്വന്തധർമ്മത്തിൽ ദൃഢവ്രതരായ്, ശൂരരായി,
സന്തതം ഭക്തരായി, നീതിശാലികളായി,
ഹന്ത മേവിടും രാജപുത്രരേ ശ്രമപ്പെട്ടും
ചന്തമായ് പാലിക്കണം ബാലരെന്നാലും നൃപൻ.
അങ്ങിനെ ചെയ്തിടാഞ്ഞാൽ നിർണ്ണയമിവർപിന്നേ
തിങ്ങിടും ലോഭംപൂണ്ടു നൃപനേ ഹനിച്ചിടും.
നല്ലോണമെല്ലാം പരിലാളിതരായീടിലും
എള്ളോളം പഴുതൊന്നു കിട്ടിയാലിവർ പിന്നേ
ചൊല്ലെഴും സിംഹശാബം ദ്വിപത്തെയെന്നപോലെ
കില്ലെന്യേ നിമേഷത്തിൽ കൊന്നിടും രക്ഷിതാവേ.
പിടിച്ചുനിർത്തീടുവാൻ പാപ്പാനില്ലാതെതീരും.
മദിച്ചഗജങ്ങളും രാജപുത്രരുമൊക്കും.
ഹനിക്കും താതനേയും ഭ്രാതാവിനേയുമിവർ,
കഥിപ്പാനുണ്ടോ പിന്നെയന്യരാം ജനങ്ങളേ?
മൂർഖന്മാരായീടുന്ന ബാലന്മാർപോലുമുള്ളിൽ

ആഗ്രഹിക്കുന്ന പാരം സ്വാമിത്വം ലഭിക്കുവാൻ.
ആസ്ഥിതിക്കാശിക്കാതെ വരുമോ യൗവനത്തേ
പ്രാപ്തരായിരിപ്പോരു പുരുഷഹര്യക്ഷന്മാർ?
തന്റെയത്യന്തമാകും സാമീപ്യംതന്നിൽവച്ചു-
കൊണ്ടു രക്ഷിച്ചിടേണം രാജപുത്രരേ നൃപൻ.
പിന്നെയും സൽഭൃത്യന്മാർ മൂലമങ്ങിവരുടെ
ഇംഗിതം ഗ്രഹിക്കണം ചരലത്താൽതന്നേ സദാ.
നീതിശാസ്ത്രത്തിൽ നല്ല നിപുണരായിദ്ധനു-
ർവ്വേദപാരഗരായിദ്ധർമ്മതൽപ്പരരായി,
ക്ലേശസംയമികളായ്, വാഗ്ദണ്ഡപാരുഷ്യങ്ങൾ
കൂസാതെ സഹിക്കുവാൻ സന്തതം ശക്തരായി,
ചേലെഴും മഹാകലാവിദ്യകളെല്ലാററിലും
ചാലവേ കുശലരായ് നിർണ്ണയം വിനീതരായ്,
ഭൂമിപൻ തീർത്തീടണം തന്നുടേ സുതന്മാരേ
ധീമാന്മാരായിടുന്ന മന്ത്രിമാരാദിയാലേ.
നല്ലവസ്ത്രങ്ങൾ, നല്ലഭൂഷണമിവ നല്കി
നല്ലോണം ലാളിപ്പിച്ചു നല്ലതാം കളികളാൽ,
നല്ലഭദ്രാസനാദ്യം കൊടുത്തുമാനിപ്പിച്ചു,
നല്ലഭോജനങ്ങളാൽ നല്ലോണം പോഷിപ്പിച്ചു,
ചൊല്ലെഴും യൗവരാജ്യമതിന്നു യോഗ്യരാക്കി-
സ്സോല്ലാസമഭിഷേകം ചെയ്യണം യൗവരാജ്യേ.
വിനയഹീനരാകും തനയരുള്ള കുലം
തനിയേ വിനാശത്തെയടയുമസംശയം.
നൃവരസുതനേററം വികൃതിയായിടിലും
നൃപതി വെടിയരുതവനേയൊരുനാളും.
അവനേ നോവിക്കുകിലവനാശ്രയിച്ചി-
ട്ടഹിതജനത്തിനെക്കൊന്നിടും പിതാവിനേ.
ദുർവൃത്തനായ തന്റെ പുത്രനെ ധരാനാഥൻ

ദുർവൃത്തശാലികളാൽ ക്ലേശിപ്പിക്കുകവേണം.
ദുർവൃത്തി കാട്ടീടുന്ന ദുഷ്ടനാം ഗജേന്ദ്രനേ
സർവ്വഥാ ബന്ധനത്തിൽ നയിക്കുന്നതുപോലെ.
ഏററവും ദുർവൃത്തരായ് തീരുന്ന ദായാദരേ
തെററാതെ നശിപ്പിച്ചുകൊള്ളണം പ്രയത്നിച്ചും
വ്യാഘ്രാദിയാലോ തഥാ ശത്രുവെക്കൊണ്ടോ ഫലം
ഭോഷ്ക്കന്യേ പ്രയോഗിച്ചോ രാജ്യത്തിൻ ശ്രേയസ്സിനായ്.
മേൽച്ചൊന്നവണ്ണമല്ലാതന്യഥാ പ്രവത്തിച്ചാൽ
ഭൂക്ഷിത്തും പ്രജകളും നാശത്തിൽ ചെന്നുചാടും.
ദായാദരായോരെല്ലാം പാരിച്ച ഗുണങ്ങളാൽ
ഭൂപാലവീരൻതന്നേ പ്രീണിപ്പിക്കുകവേണം.
നേരാണു മറിച്ചായാൽ താന്താങ്ങൾഭാഗംവിട്ടും
പ്രാണനേപ്പോലും വിട്ടു പോകേണ്ടതായ്‌വന്നിടും.
സ്വന്തമാം സാപിണ്ഡ്യന്മാരല്ലാത്ത ജനത്തെയും,
അന്യന്മാക്കുളരായ മററു പൂരുഷരെയും
പിന്നെയും ദത്തപുത്രരാദികളായോരെയും
നണ്ണുരുതകതാരിൽത്തന്നെയും സ്വപുത്രരായ്.
ധനവാനെന്നുകണ്ടാലവനു ദത്തനാകാൻ
അനിശമാശിച്ചിടുമിവരങ്ങെല്ലാവരും.
അതിനാൽ സ്വകുലത്തിൽ ജനിച്ച കന്യതന്റെ
സുതനാണത്രേ വീരനിവരിലെല്ലാററിലും.
സുതനേപ്പോലെതന്നേ സുതയും മനുഷ്യനു
സകലാംഗത്തിൽ നിന്നുമുൽപ്പന്നയായിടുന്നു.
അതിനാൽ പിണ്ഡദാനക്രിയയിൽ സുതന്മാരും
സുതതൻ സുതന്മാരും തമ്മിലില്ലോരന്തരം.
ധരയേപ്പാലിപ്പാനും പ്രജയേ ഭരിപ്പാനും
ധരണീനാഥൻ ദത്തപുത്രനെപ്പാലിക്കുന്നു.
പ്രജയേപ്പാലിക്കുവാൻ നൃപനു ധനംവേണം,

നിജമാണതിനല്ലാതല്ലഹോ നൃപധനം.
പരപുത്രനെ സ്വന്തപുത്രനായ് ദത്തെടുത്തു
നരപാലകൻ സർവ്വമവനായ്ക്കൊടുക്കുന്നു.
ക്ഷിതിപൻ പിന്നേ ദാനയജ്ഞങ്ങൾ ചെയ്തിടാഞ്ഞാൽ
അതിലും പരമായിട്ടെന്തുള്ളൂ വിചിത്രമായ്?
മുറയ്ക്കു യുവരാജപദത്തിൽ വന്നശേഷം
മറിച്ചു വികൃതിയേ പ്രാപിച്ചുകൂടായയൊരാൾ.
പരക്കെപ്പൂജ്യരായ മാതാപിതാക്കളേയോ
ഗുരുക്കൾ, സഹോദരി, സോദരരിവരെയോ
ഭരിക്കും രാജാവിന്റെ പ്രിയത്വം പൂണ്ടോരെയോ
പെരുത്തജനാവലി തന്നെയോ പിന്നെ ന്യൂനം
മദിച്ചു സമ്പത്തിയാൽ നിന്ദിച്ചീടരുതേതും
വരുത്തിക്കൂടാ ദുഃഖമിവർക്കു പീഡകളും.
രാജാവിൻ ജ്ഞാതിയല്ലാതുള്ളൊരുജനം വന്നു
രാജവംശസ്ഥനാവാനർത്ഥിപ്പതായി കണ്ടാൽ,
ജ്ഞാതിയല്ലാത്തൊരവൻതന്നഭിപ്രദർശനം
ഏതുമേ സഹിച്ചിടാ സത്തുക്കളായുള്ളവർ.
എത്രയും മഹത്താകും വൃദ്ധിയേ പ്രാപിക്കിലും
വർത്തിക്കവേണം പുത്രൻ രാജകല്പനപോലെ.
പുത്രനു പാരിടത്തിലച്ഛന്റെയാജ്ഞതന്നേ-
യുത്തമം വിഭൂഷണമെന്നല്ലോ സ്മൃതിയതും.
ഭാർഗ്ഗവൻ വധിച്ചീലേ തന്നുടേ മാതാവിനെ?
രാജ്യത്തെ വെടിഞ്ഞീലേ വനത്തിന്നായി രാമൻ?
അച്ഛന്റെ തപോബലം കൊണ്ടിവർക്കു പിന്നെ
സിദ്ധമായ് വന്നിലയോ മാതാവും രാജ്യംതാനും?
ശാപശക്തിയും വരശക്തിയുമുള്ളവന്റെ
ശാസനം പാരിടത്തിലെത്രയും മഹത്തത്രേ.
സോദരന്മാരായവരോടുംതന്നെ നിജ-

പ്രാധാന്യം കാട്ടീടരുതൊരുകാലത്തിങ്കലും.
ഭാഗാർഹരായ നിജഭ്രാതാക്കളോടുചെയ്ത
ഘോരാപമാനത്താലേ നശിച്ചു സുയോധനൻ.
രാജപുത്രന്മാർ പരമാകിയ പദവിയേ
പ്രാപിച്ചശേഷംപോലും രാജാജ്ഞ ലംഘിക്കുകിൽ
കേവലമതുമൂലം രാജ്യഭ്രഷ്ടരായ്ത്തീർന്നി-
ട്ടായവർ ദാസന്മാരെപ്പോലഹോ ഭവിക്കുന്നു.
പേരെഴും യയാതിതൻപുത്രരും വിശ്വാമിത്ര-
രാജർഷിസുതന്മാരുമില്ലയോ ദൃഷ്ടാന്തമായ്?
കായവാങ്മാനസങ്ങളാലെയങ്ങാകയാലേ
മായമെന്നിയേ താതസേവനംചെയ്തിടേണം.
യാതൊരുകർമ്മത്തിനാൽ താതന്നു മനതാരിൽ
പ്രീതിയുണ്ടാകുമതു സാദരം ചെയ്തിടേണം.
ചേതസി ചെറുതാകും താപമായതുപോലും
താതന്നു നല്കുന്നതാം കാര്യത്തെ വർജ്ജിക്കണം.
താതന്നു വല്ലദിക്കിൽ പ്രീതിയുണ്ടെന്നുകണ്ടാൽ
സാദരം താനും തത്ര പ്രീതികാട്ടുകവേണം.
താതന്നങ്ങാരോടുമേ ദ്വേഷമുണ്ടെന്നുവന്നാൽ
ഭൂതലേ തനിക്കവൻ ദ്വേഷ്യനായ് ഭവിക്കണം.
താതന്നാലനുമതമാകാത്ത കാര്യമതും
താതന്നു വിരോധമാം കാര്യവും ചെയ്തിടൊലാ.
ചാരന്മാർ, സൂചകന്മാരിവർതൻദോഷത്തിനാൽ
പാരമാം വൈപരീത്യം താതനിൽ കണ്ടീടുകിൽ
ആരാഞ്ഞു ഹിതമാകും പ്രകൃതിയറിഞ്ഞിട്ടു
പാരാതെചെന്നു കാര്യമേകാന്തേ കേൾപ്പിക്കണം.
കാര്യമന്യഥാ വന്നാൽ സൂചകന്മാരെ നൂനം
ഘോരമാം ദണ്ഡനത്താൽ ദണ്ഡിച്ചുകൊണ്ടീടണം.
ഏതുനേരവും പൊതുജനത്തിൻമനോഭാവം

ഭേദമെന്നിയേ ഗ്രഹിച്ചീടണം കാപട്യത്താൽ.
നിത്യവുമുഷസ്സിങ്കലച്ഛനമ്മമാർ തമ്മേ
കൃത്യമായ് നമിക്കണം ഗുരുവിനേയും തഥാ.
തദ്വിധം ദിനകൃത്യമോരോന്നുതാൻചെയ്തും
പൃഥ്വീനായകൻതന്നോടുണർത്തിക്കുക വേണം.
ഇത്തരം ഗൃഹംതന്നിൽ ഛിദ്രമെന്നിയേ രാജ-
പുത്രനങ്ങഹോവാണു സകലജനത്തെയും
വിദ്യയാൽ, കർമ്മത്തിനാൽ, പിന്നെയും ശീലത്തിനാൽ
ചിത്തരഞ്ജനംചെയ്തു തുഷ്ടരായ്തീർത്തിടണം.
എത്രയും ത്യാഗിയായും സത്വസമ്പന്നനായും
വർത്തിച്ചു സർവ്വരേയും പാട്ടിലാക്കണം പുത്രൻ.
ഇത്തരം വർദ്ധിക്കണം മെല്ലെമെല്ലവേ സുതൻ
ശുക്ലമാംപക്ഷത്തിലേ ശർവ്വരീനാഥൻപോലെ.
ഇങ്ങിനെ ദിനകൃത്യംനയിക്കും രാജപുത്രൻ
തുംഗമാംനൃപപദം പ്രാപിച്ചിട്ടകണ്ടകം
എന്നുമാനന്ദംപൂണ്ടു ഭുജിക്കും ധരണിയെ-
ത്തന്നുടെ സഹായകരമാത്യരിവരുമായ്.
ഇത്ഥമിങ്ങുരചെയ്തുകഴിഞ്ഞു യുവരാജ-
കൃത്യമായതു ന്യൂനമെത്രയും ഹിതകരം.
ഒട്ടിനിയമാത്യാദ്യന്മാർക്കുള്ള കൃത്യങ്ങളും
തിട്ടമങ്ങവരുടെ ലക്ഷണങ്ങളുമോതാം.
സ്വർണ്ണത്തേയുരുക്കിയും തൂക്കിയുമതിന്നുടെ
വർണ്ണഭേദങ്ങൾപാർത്തും നാദാദിഭേദംകൊണ്ടും
പിന്നെയും ലഘുഗുരുമാനഭേദങ്ങളാലും
നിർണ്ണയപ്പെടുത്തുന്നു പൊന്നായിപ്പരീക്ഷകർ.
നിർണ്ണയമതുപോലെ പ്രവൃത്തി, സഹവാസം,
ധന്യശീലത്വം, ഗുണം, കുലമെന്നിവനോക്കി
മന്നവൻ ഗ്രഹിക്കുന്നു തന്നുടേ ഭൃത്യന്മാരെ;

പിന്നാലെ നമ്പീടുന്നു വിശ്വാസ്യനെന്നുകണ്ടാൽ.
ജാതിയും കുലമതും ലക്ഷ്യമാക്കിയാൽ പോരാ
ശീലവും, പ്രവൃത്തിയും, ഗുണവും നോക്കീടണം.
ഈവക കാൎയ്യം മൂന്നുമുണ്ടെങ്കിൽ മാനിക്കണം
ജാതിയെ നോക്കിടേണ്ടാ, നോക്കേണ്ടാ കുലത്തെയും
ജാതിയാലല്ല നൂനം കുലത്താലെയുമല്ലാ
ജാതമായിടുന്നതു മഹത്വം മനുഷ്യരിൽ.
ജാതിയും കുലമതും നോക്കേണ്ടതങ്ങുപാരിൽ
ഭോജനവിഷയത്തിൽ, നിൎണ്ണയം വിവാഹത്തിൽ.
സത്യവാക്കായിഗ്ഗുണസമ്പന്നനായിപ്പിന്നെ
വിഖ്യാതനായിത്തഥാ വിത്തവാനായിനൂനം,
സൽകുലജാതനായിസ്സൽകൎമ്മവാനുമായി,
സച്ഛീലനായിപ്പുനരാലസ്യഹീനനായി,
വൎത്തിക്കും മനുജാതൻ സ്വന്തമാംകാൎയ്യത്തെക്കാൾ
അത്യൎത്ഥം ഭക്തിപൂൎവ്വംചെയ്തിടും സ്വാമികാൎയ്യം,
യത്നവും ശരീരവാങ്മാനസങ്ങളുമാകും
വിശ്രുതചതുൎഗ്ഗുണപ്രേരിതനായി നിത്യം.
തനിക്കുവെച്ചിട്ടുള്ള വേതനംകൊണ്ടുതന്നേ
കനക്കെ തൃപ്തനായിസ്സൗമ്യവാക്കായിത്തഥാ,
പെരുത്തു കാൎയ്യദക്ഷനായഥ ദൃഢനായി,
പരൎക്കു ഗുണംചെയ്വാൻ സൎവ്വഥാ പടുവായി,
സേവിച്ചുകൊണ്ടിടണം സൽഭൃത്യനായുള്ളവൻ
നിവൃത്തനായി ദ്ദ്രോഹമപകാരത്തിൽനിന്നും.
താതനാകിലും സ്വന്തപുത്രൻതാനായിടിലും
സ്വാമിയെ ദ്രോഹിക്കുകിൽ കണ്ടുടൻ പിടിക്കണം.
സ്വാമിയങ്ങുപഥത്തിൽ നടന്നാലതുപോലെ
താനുമാകാതെ കാൎയ്യബോധകനായിടേണം.
സ്വാമിയോടെതിർവാക്യമുരച്ചിടരുതേതും,

സ്വാമിതൻ വൈകല്യങ്ങൾ മറച്ചുവച്ചീടണം.
സൽകാൎയ്യം ചെയ്തീടുവാൻ സത്വരം സന്നദ്ധനും
ദുഷ്കാൎയ്യമതിൽ ദീൎഘസൂത്രിയുമായിടണം.
സ്വാമിതൻ ഭാൎയ്യാപുത്രമിത്രങ്ങൾദോഷങ്ങളെ-
ക്കാണിനേരവും കാണാൻ താൻതുടങ്ങരുതേതും.
സ്വാമിതൻ ഭാൎയ്യാപുത്രമിത്രങ്ങളിവരോടു
സ്വാമികാട്ടീടും മനഃസ്ഥിതി താൻ കാട്ടീടണം.
തന്നെത്താൻ ശ്ലാഘിക്കരുതന്യനേ ദ്രോഹിക്കരു-
തന്യനിലരുതേതും സ്പൎദ്ധയുമസൂയയും.
അന്യന്റെയധികാരം കൊതിച്ചുകൂടാ ദൃഢം
എന്നാളും സ്പൃഹാഹീനനാകണം സന്തുഷ്ടനും.
സ്വാമിനല്കീടുന്നതാം വസ്ത്രഭൂഷാദികളെ
സാമോദം ധരിക്കണം, നില്ക്കണം തിരുമുമ്പിൽ.
ശമ്പളംകൊണ്ടുതന്നേ ചെലവുകഴിക്കണം
ശാന്തനും ദയാലുവും ശൂരനുമായിടേണം.
സ്വാമിതൻ ദൂഷ്യങ്ങളേ പിന്നെയും വരഭൃത്യൻ
സാമോദം കാട്ടിക്കൊടുത്തീടണം രഹസ്യമായ്.
ഇതിനു വിപരീതഗുണങ്ങൾ ചേൎന്നെഴുന്ന
ഭൃത്യകനുദീരിതനാകുന്നു നിന്ദ്യനായി.
മതിയാംവണ്ണമുള്ള ഭൃതികളില്ലാത്തവർ,
അതിയാം ദണ്ഡനത്താൽ പീഡിതരായുള്ളവർ,
ശഠന്മാർ, കാതരന്മാർ, മത്തരായവർ, ലുബ്ധർ,
പടുതയോടെ മുഖസ്തുതികൾ പാടുന്നവർ,
വ്യസനിജനം, കോഴകൊള്ളുവോരാൎത്തരായോർ,
വിതഥമോതീടുവാൻ വിരുതുകൂട്ടുന്നവർ,
പകിടകളിക്കാരർ പരമനാസ്തികന്മാർ,
തികയുമസൂയകർ, ദാംഭികരായുള്ളവർ,
അരചൻതന്നിൽനിന്നുമപമാനങ്ങളേറ്റോർ,

പരുഷവാക്യങ്ങളാൽ മമ്മഭേദിതരായോർ,
പഴയവൈരമുള്ളിൽ കരുതിവയ്ക്കുന്നവർ,
അളവേ വൈരിമാർതൻ മിത്രങ്ങൾ, ഭൃത്യരിവർ,
സഹസാ കോപപ്രിയർ, സാഹസപ്രിയർ, ധമ്മ-
രഹിതരിവരാരും നല്ല സേവകരാകാ.
ഭൃതകജനങ്ങൾതൻഗുണവുമഗ്ഗുണവും
ഉദിതമായീ മയാ നിണ്ണയം ചുരുക്കത്തിൽ.
അതുപോൽ ചുരുക്കമായ് തന്നെയൊട്ടുരചെയ്യാം.
പ്രഥിതപുരോധാദിപ്രകൃതിലക്ഷണങ്ങൾ.
(1)പ്രഥമൻ പുരോധസ്സു, രണ്ടാമൻ പ്രതിനിധി,
തദനു പ്രധാനനും, നാലാമൻ സചിവനും,
മതിമാൻ മന്ത്രി, പുനരാറാമൻ പ്രാഡ്വിവാകൻ,
തദനു പണ്ഡിതാഖ്യനെട്ടാമൻ സുമന്ത്രകൻ,
നവമനമാത്യനും പിന്നീടു ദൂതനിതി.
നൃവരൻ പ്രകൃതിമാർ പത്തായിച്ചൊല്ലിടുന്നു.

---

(1) പ്രകൃതിമാർ=മന്ത്രിമാർ.

അവരുടെ പേരുകൾ

(1) പുരോധസ്സ്=പുരോഹിതൻ
(2) പ്രതിനിധി=വൈസറായി
(3) പ്രധാനൻ=പ്രധാനമന്ത്രി
(4) സചിവൻ=യുദ്ധമന്ത്രി
(5) മന്ത്രി=വിദേശമന്ത്രി
(6) പ്രാഡ്വിവാകൻ=പ്രധാന ന്യായാധിപൻ (നിയമമന്ത്രി)
(7) അമാത്യൻ=റവന്യൂമന്ത്രി
(8) സുമന്ത്രകൻ-കോശമന്ത്രി
(9) പണ്ഡിതൻ=വിദഗ്ദ്ധൻ
(10) ദൂതൻ=അംബാസിഡർ

പേരുകൾമുറയ്ക്കിവരാദ്ഭുതം ഭൂതികൊൾവൂ
കൂട്ടുതൽ പത്തിലൊന്നു തൻസമീപസ്ഥനെക്കാൾ.
ഓതുന്നു ചിലരെല്ലാം ഭൂപൻതൻപ്രകൃതിമാർ
ഭേദമെന്നിയേ നാലുരണ്ടായിട്ടങ്ങുമാത്രം.
പേരുകൾ സുമന്ത്രനും, പണ്ഡിതൻ, മന്ത്രി തഥാ
ശ്രീലനാം പ്രധാനനും, സചിവൻ താനുംപിന്നെ
ധീരനാമമാത്യനും, പ്രാഡ്വിവാകനുംന്യനാം
സാരനാം പ്രതിനിധി താനുമായുരചെയ്വൂ.
ഓരോരുത്തനുംവാങ്ങും ശമ്പളംതന്നിലിവർ
ആരുമേ ഭേദമില്ല തുല്യരാണെല്ലാവരും.
മാനുഷവികാരങ്ങളാകാരചേഷ്ടിതങ്ങൾ
ഊനമെന്നിയേ യഥായോഗമായറിയുവാൻ
മാനസശിക്ഷചെയ്തദ്ദൂതനെയോതിടുന്നു
ന്നൂനമങ്ങിവരുടേയനുചാരകനായി.
ഇച്ചൊന്നപേരിലാദ്യം നില്ക്കുന്ന പുരോധസ്സു
നിശ്ചയം ശ്രേഷ്ഠൻ, രാജരാജ്യഭൃത്തായുള്ളവൻ.
ഉത്തമൻ പ്രതിനിധി നില്ക്കുന്നു രണ്ടാമതായ്,
മുഖ്യനാംപ്രധാനനു മൂന്നാമതത്രേ സ്ഥാനം.
വിശ്രുതൻ സചിവൻതൻസ്ഥാനമോ നാലാമതും
തദ്വിധം മന്ത്രിതന്റെ പദമഞ്ചാമതും.
പ്രാഡ്വിവാകനു ന്നൂനമാറാമതാകുംസ്ഥാനം
കല്പിപ്പു പണ്ഡിതാഖ്യനേഴാമതാകുന്നതും.
എട്ടാമനാകുന്നതു സുമന്ത്രനമാത്യനു
തിട്ടമൊമ്പതാംസ്ഥാനം പത്താമനങ്ങു ദൂതൻ.
യാതൊരാൾ മന്ത്രാനുഷ്ഠാനങ്ങളിൽ വിശാരദൻ,
വേദവേദാംഗവിദ്യാസാഗരപാരംഗതൻ,
ക്രോധവർജ്ജിതൻ, കൃത്യനിരതൻ, ജിതേന്ദ്രിയൻ,
ചേതസി സർവ്വലോഭമോഹങ്ങൾ വെടിഞ്ഞവൻ,

യാതൊരാൾ ധൎമ്മശാസ്ത്രമാകവേ ഗ്രഹിച്ചവൻ,
ഖ്യാതമാംധനുൎവ്വേദം സാംഗമഭ്യസിച്ചവൻ,
യാതൊരുവൻെറ കോപഭയത്താൽ ഭേദമെന്ന്യെ
നീതിമാനായിടുന്നു ഭൂമിപൻ ധൎമ്മവാനും,
നീതിശാസ്ത്രത്തിലസ്ത്രവിദ്യയിൽ വ്യൂഹാദിയിൽ
പേശലനായൊരവൻ നിൎണ്ണയം പുരോഹിതൻ.
ശാപാനുഗ്രഹശക്തിയുള്ളവനവൻതന്നേ
ആചാൎയ്യനാകുന്നതങ്ങവൻതാൻ പുരോധസ്സും.
ഇല്ലെന്നാൽ പ്രകൃതിമാർതങ്ങടേ സന്മന്ത്രണം,
കില്ലെന്ന്യേ രാജ്യനാശംവന്നങ്ങുഭവിച്ചിടും.
വേണ്ടപോൽ ഭയമിവർ തങ്ങടേ നിരോധത്തിൽ
ഉണ്ടാകിൽ രാജാവിനു, സന്മന്ത്രിമാരാമിവർ.
ഇല്ലെന്നാൽ രാജാവിനു മന്ത്രിമാർതന്നിൽ ഭയം
തെല്ലുണ്ടോ ഭവിപ്പതങ്ങവരാൽ രാജ്യക്ഷേമം?
നല്ലലങ്കാരവസ്ത്രാദ്യങ്ങളാൽ മങ്കമാർപോൽ
മന്ത്രിമാരലംകൃതരാകണം രാജാവിനാൽ.
എന്നല്ല രാജ്യം, പ്രജാ, ബലവും, ഭണ്ഡാരവും
നിൎണ്ണയം സൂനൃപതാപമായതും വളൎക്കാതേ
സന്തതം വിനാശാൎത്ഥം മന്ത്രണംഭവിക്കുകിൽ
എന്തുതാൻ പ്രയോജനമത്തരം മന്ത്രിമാരാൽ?
കാൎയ്യവുമകാൎയ്യവും നേരുപോൽ ഗ്രഹിച്ചിടും
സാരനാം മന്ത്രിവൎയ്യനാണത്രേ പ്രതിനിധി.
സൎവ്വകാൎയ്യവും വിചാരിപ്പവൻ പ്രധാനനും,
സൎവ്വസൈനികകാൎയ്യം നോക്കുന്നോൻ സചിവനും.
മന്ത്രിയെന്നായിച്ചൊൽവു നീതിയിൽകുശലനേ
പണ്ഡിതനെന്നു ധൎമ്മതത്വവിത്തായോനേയും.
ലോകവ്യാപാരങ്ങളും മന്ത്രങ്ങൾ നയങ്ങളും
ജാഗരൂകനായ്ഗ്രഹിച്ചിടുവോൻ പ്രാഡ്വിവാകൻ.

വസ്തുക്കൾ, പ്രമാണങ്ങളിവയിൽ വിദഗ്ദ്ധനാം
ശക്തനാംപ്രകൃതിയെ ചൊല്ലുന്നുണ്ടമാത്യനായ്.
തദ്വിധമായവ്യയകാൎയ്യങ്ങൾ വിചാരിക്കും
പ്രാപ്തനാംമന്ത്രിക്കുള്ളപേരതു സുമന്ത്രകൻ.
മാനുഷവികാരങ്ങളാകാരചേഷ്ടിതങ്ങൾ
ഊനമെന്നിയേഗ്രഹിച്ചീടുവാൻ ശക്തനായി,
കാലദേശജ്ഞനായിഷ്ഷാഡ്ഗുണ്യമന്ത്രവിത്തായ്
ധീരനായ് വാഗ്മിയായി വാണീടുന്നവൻ ദൂതൻ.
കാൎയ്യമങ്ങഹിതമാണെങ്കിലുമുടനടി
കാൎയ്യമാണെന്നുകണ്ടാലായതു ചെയ്തിടാനും,
ബാധമാം ഹിതമാണെന്നിരുന്നീടിലുമതു
പാടില്ലയെന്നുകണ്ടാൽ ചെയ്തിടാതിരിപ്പാനും,
രാജാവിന്നുപദേശംകൊടുത്തുനടത്തണം
കേളാഞ്ഞാൽ ഗ്രഹിപ്പിച്ചുകൊള്ളണം പ്രതിനിധി.
സത്യവുമസത്യവും വിസ്തരിച്ചറികയും
കൃത്യങ്ങളാകമാനമേവരും ചെയ്യേണ്ടതിൽ
ഒട്ടുക്ക ചെയ്തുതീൎത്തിട്ടുള്ളതിൻ പരിമാണം
തിട്ടമായ് ഗ്രഹിക്കയും ചെയ്യണം പ്രധാനാഖ്യൻ.
ആന, തേർ, കുതിരകൾ, കാലാൾകൾ, ക്രമേളക-
സേനകൾ, വൃഷഭങ്ങൾ, വാദകർ, പതാകികൾ,
വ്യൂഹനിൎമ്മാണരീതിശീലനശാലികളും
ദൂതകൎമ്മാക്കളൊക്കും മുന്നോടിപിന്നോടികൾ,
വേലെഴും രാജചിഹ്നവാഹികളായുള്ളോരും
ചാലവേ ശസ്ത്രാസ്ത്രങ്ങൾ തോളതിൽ വഹിപ്പോരും,
താണതുമിടത്തരം മേത്തരമെന്നിങ്ങനേ
നാനാമാതിരിയുള്ള സേവകഗണങ്ങളും,
ബാണങ്ങൾ, ബാണവൃന്ദമിവയുമഖിലവും
ചേണാൎന്നസചിവനു ഹൃദിസ്ഥമായീടണം.

ഓരോരോഗണത്തിലും പൂൎത്തിയാം സംഖ്യയെത്ര?
ഓരോന്നിൽ കാൎയ്യക്ഷമമായവ പുനരെത്ര?
ജീർണ്ണമായവയെത്ര? നവ്യമായുള്ളതെത്ര?
കാൎയ്യത്തിന്നുപയുക്തമല്ലാതെ വന്നതെത്ര?
ആയുധസാമഗ്രികൾ, ഗോളങ്ങളഗ്നിചൂർണ്ണം.
ആയവ കയ്യിലുള്ള ഭടന്മാർ സംഖ്യയെത്ര?
സാധനസംഭാരമുണ്ടെത്ര? എന്നിവയെല്ലാം
ബോധിച്ചു നൃപാലനോടോതണം സചിവാഖ്യൻ.
സാമവും ദാനംഭേദം ദണ്ഡവുമെന്നുള്ളതാം
നാലുപായങ്ങളാരോടേതു മാൎഗ്ഗത്തിലെപ്പോൾ
കാൎയ്യമാകണമെന്നുമായതിൻ ഫലമതു
കൂടുതൽകുറവതോ മദ്ധ്യമോ പുനരെന്നും
ഗാഢമായ്‌വിചാരിച്ചു നിശ്ചയിച്ചുറച്ചിട്ടു
പാടവമാൎന്ന മന്ത്രി ഭൂപനോടോതീടണം.
സഭ്യരോടൊത്തു സഭാമദ്ധ്യത്തിൽ സ്ഥിതിചെയ്തു
സാക്ഷികളനുഭോഗം രേഖകളിതുകളും,
ചൊല്ലുക്കൊള്ളും കൌശലങ്ങൾ, വിദ്യകൾ, മുറകളും,
ശക്തമാം ദിവ്യങ്ങളുമുള്ളതിലോരോന്നതും,
തത്തദാവശ്യമറിഞ്ഞൊക്കെയും പ്രയോഗിച്ചു
വിസ്തരിച്ചിട്ടു ചേമ്മേ ന്യായാൎത്ഥിജനങ്ങളെ,
പ്രത്യക്ഷാലനുഭവാലനുമാനോപമാനാൽ
യുക്തിയാൽ പുനരഥ ലോകശാസ്ത്രോക്തിയാലും
എത്തിടും ഭൂരിപക്ഷാഭിപ്രായനിശ്ചയത്തെ
പൃഥ്വീശനോടറിയിച്ചീടണം പ്രാഡ്വിവാകൻ.
പാരിലുള്ളവർ പണ്ടുമിന്നുമാചരിപ്പതും,
പാരാതെ ശാസ്ത്രങ്ങളിലീരിതമായുള്ളതും
ലോകത്തിലിക്കാലത്തു വിരുദ്ധമാകുന്നതും
ലോകശാസ്ത്രത്താൽതഥാ നിഷിദ്ധമായുള്ളതും

ആയിട്ടും ധർമ്മാധർമ്മമേതെല്ലാമെന്നുള്ളതായ്
ആരാഞ്ഞുപണ്ഡിതാഖ്യനറിഞ്ഞിടിനശേഷം
ഭൂമിപനിഹത്തിലും പരത്തിങ്കലും സുഖ-
ദായകമായിടുന്ന ധർമ്മങ്ങളോതിടണം.
ഭണ്ഡാകാരത്തിനുള്ളിലിരിപ്പു മുതലിത്ര,
തന്നാണ്ട കടങ്ങളും മററുമാം സംഖ്യയിത്ര,
ഇന്നാൾപര്യന്തമുള്ള ചെലവിൻതുകയിത്ര,
ജംഗമസ്ഥാവരങ്ങൾ ബാക്കിയുള്ളവ ഇത്ര,
എന്നുള്ളീവിവരങ്ങൾ സർവവും സുമന്ത്രകൻ
മന്നവൻതന്നെ മെല്ലേ ധരിപ്പിക്കുകവേണം.
രാജ്യത്തിന്നകത്തെത്രപട്ടണം? ഗ്രാമമെത്ര?
രാജ്യമൊട്ടാകെയുള്ള കാടുകൾ സംഖ്യയെത്ര?
ഒട്ടുക്കു കൃഷിചെയ്യും സ്ഥലത്തിൻകണക്കെത്ര?
കിട്ടുന്നകരമെത്ര? വാങ്ങുന്നതാരാണഥ?
മുട്ടാതെ രാജഭോഗംകഴിച്ചുള്ളതിൻബാക്കി
പററുന്നതാരാരത്രേ? തരിശുഭൂമി എത്ര?
ശുല്കങ്ങൾ ദണ്ഡനീതി മുതലാമിനങ്ങളിൽ
തക്കത്തിൽ പ്രതിക്ഷിക്കും മുതലിൻസംഖ്യ എത്ര?
കൃഷ്ടമാകാത്തഭൂമിതന്നിലേ വരവെത്ര?
കാട്ടുഭൂമിയിൽനിന്നുമുണ്ടാകും സംഖ്യയെത്ര?
നാട്ടിലാകവേയുള്ള ഖനികൾതന്നിൽനിന്നും
കിട്ടാവുംമുതലെത്ര? നിധികൾ വരവെത്ര?
സ്വത്തുക്കളുടമസ്ഥനില്ലാതെവന്നതെത്ര?
കട്ടതാം മുതൽ വീണ്ടുംകിട്ടിയസംഖ്യയെത്ര?
ഒട്ടാകെ മുതലാക്കിവച്ചതിൻതുകയെത്ര?
തെററാതെയിവയെല്ലാമോതണമമാത്യാഖ്യൻ.
മുഖ്യരാം ദശമന്ത്രിമാരുടേ കൃത്യങ്ങളും
ലക്ഷണങ്ങളുമെല്ലാം ചുരുക്കിച്ചൊല്ലീടിനേൻ.

ലേഖ്യങ്ങളോരോരുത്തരെഴുതിയയപ്പതു
നോക്കിയാലറിഞ്ഞിടാമാരുതാനാരെന്നതായ്.
ഇവരേ യഥോചിതമന്യോന്യം സ്ഥാനംമാററി
നൃവരൻ പ്രതിഷ്ഠിച്ചുകൊള്ളണം കാലേകാലേ.
തന്നെക്കാൾ ബലവാന്മാരാക്കിവയ്ക്കരുതേതും
മന്നവനധികാരിജനത്തേയൊരിക്കലും.
പിന്നെയും ദശമന്ത്രിമാൎക്കുമെങ്ങൊന്നുപോലെ-
യന്യോന്യമധികാരം കൊടുത്തു വച്ചീടണം.
ഓരോരോ വകുപ്പിലുമൊരുമൂന്നല്ലയെങ്കിൽ
ഓരഞ്ചോ പുനരേഴോ പത്തോ കാലത്തിലേയ്ക്കായ്
പാരാതെ മൂന്നാൾകളേ ശേഷ്ഠിമാന്മാരായ്നോക്കി
നേരാണെ നൃപാലകൻ നേമിച്ചുകൊണ്ടീടണം;
ശേമുഷിക്കൂടുന്നോനെയിവരിൽ മുഖ്യനായും
ശേഷിച്ചരണ്ടാൾകളേ ദശ്കന്മാരായിട്ടും.
ഓരോരുത്തനും തന്റെ വേലയിൽ കാട്ടിടുന്ന
കാൎയ്യകൌശലം പാൎത്തു മാററങ്ങൾ ചെയ്തീടണം.
ഒള്ളോള്ളകാലത്തേക്കായാൎക്കുമേയധികാരം
തെല്ലുമേ നല്കിക്കൂടാ നിൎണ്ണയം നൃപാലകൻ.
എന്നതുപോലെതന്നേയധികാരങ്ങളാൎക്കും
എല്ലാൎക്കും കണ്ടമാനം കൊടുത്തുകൂടാതാനും.
വഹിപ്പാൻ യോഗ്യനെന്നു കണ്ടാകിലങ്ങുമാത്രം
കൊടുക്കാമത്രേ ദൃഢമധികാരങ്ങളാൎക്കും.
ആസ്വാദിച്ചതിൻശേഷമധികാരത്തിൻമദം
ആൎക്കുതാൻ മതിക്കങ്ങു മയക്കമുണ്ടായിടാ?
ആകയാൽ മഹീപാലൻ കാൎയ്യകൌശലംനോക്കി
വേറൊരു വേലതന്നിലവനേ നേമിക്കണം
അവൻതൻ പ്രവൃത്തിയിലടുത്ത യോഗ്യനായോ-
രപരഭൃതകനേ നേമിച്ചുകൊണ്ടീടണം.

അപരനില്ലെന്നാകിൽ പിന്നെയൊരന്യൻതന്നേ-
യവൻെറ പദംതന്നിൽ പ്രതിഷ്ഠിക്കുകവേണം.
പുത്രനുണ്ടെന്നാകിലോ തൽഗ്ഗുണം തികഞ്ഞവൻ
തൽസ്ഥാനംതന്നിൽ ദൃഢമവനേ നേമിക്കണം.

ഇങ്ങിനേ നിയമിക്കപ്പെട്ടുന്നോരുദ്യോഗസ്ഥൻ
ഉന്നതപദവിക്കു യോഗ്യനായ്‌വരുന്തോറും
നിൎണ്ണയം കയററങ്ങളവനു ലഭിക്കണം
അന്ത്യത്തിൽ നയിക്കണം പ്രകൃതിപദത്തിലും.

കൎത്തവ്യബാഹുല്യത്തിൻ പരിമാണത്തെനോക്കി
കൃത്യനിൎവ്വഹണാൎത്ഥമൊട്ടുദൎശകന്മാരേ
മുട്ടാതെ നിയമിച്ചുകൊള്ളണം മഹീപാലൻ
ഒററയാളെയുംവയ്ക്കാം ദൎശകന്മാരില്ലാതേ.
കാൎയ്യകൌശലമുള്ള മറേറാരോ ജനങ്ങളേ
വേറെയുമോരോ കാൎയ്യംനടത്താൻ നേമിക്കണം.

ആന, തേർ, കുതിരകൾ, കാലാൾകളൊട്ടകങ്ങൾ,
ഏണങ്ങൾ, പശു, പക്ഷിവൃന്ദങ്ങളിതുകൾക്കും,
മാണിക്യം, പൊൻവെള്ളികൾ, വസ്ത്രങ്ങളെന്നിവയ്ക്കും
ഊനമെന്നിയേയോരോ പതിയേ വച്ചീടണം.

വിത്തത്തിന്നധിപതി, ധാന്യാധിപതി പിന്നേ
തോട്ടങ്ങൾക്കധിപതി, പാകത്തിന്നധിപതി,

കൊട്ടാരമധിപതി, കെട്ടിടങ്ങൾക്കു പതി,
കോട്ടമററൊരുസംഭാരങ്ങൾക്കങ്ങധിപതി,
വാട്ടമെന്നിയേ പിന്നേ ദേവതാതുഷ്ടിപതി,
ചട്ടററ ദാനപതി ഇവരേ നേമിക്കണം.

സാഹസാധിപൻ, ഗ്രാമനേതാവു, ഭാഗഹാരൻ,
ലേഖകൻ, ശുല്ക്കഹാരൻ, പ്രതിഹാരനെന്നേവം
രാജപൂരുഷഷട്കം നേമിച്ചുകൊണ്ടീടണം.
ഗ്രാമങ്ങൾ, പുരങ്ങളെന്നിവയിലോരോന്നിലും.

ദാനശീലന്മാർ, തപോധനന്മാർ, ശ്രുതിസ്മൃതി-
ജ്ഞാനശാലികൾ, തഥാശാസ്ത്രജ്ഞർ,പൌരാണികർ,
മാന്ത്രികർ, താന്ത്രികന്മാരായുർവേദജ്ഞർ, കർമ്മ-
കാണ്ഡജ്ഞർ, ദൈവജ്ഞന്മാരിങ്ങനേയുള്ളോരെയും
ധീയുതർ, ഗുണയുതർ, ശ്രേഷ്ഠന്മാർ, ജിതേന്ദ്രിയർ,
ഈവിധം ഗുണംതികഞ്ഞുള്ള മററാൾകളെയും
ഭൂമിപൻ ഭൃതികൊണ്ടും ദാനമാനങ്ങളാലും
പൂജിച്ചു സൽക്കരിച്ചു പുഷ്ടരാക്കീടണം.
ഈവിധം ചെയ്തീടാഞ്ഞാൽ രാജാവു മാനക്ഷയം
പൂകിടും കീർത്തിനാശമായതും പൂകും ദ്രുതം.
ഇച്ചൊന്നകാര്യങ്ങൾക്കു പുറമേ സാധിക്കേണ്ടും
മെച്ചമാംകാര്യമങ്ങു പലതുമുണ്ടായിടും.
നിശ്ചയമതിനെല്ലാം കാര്യശേഷിയേ നോക്കി
നിശ്ചയിക്കണം രാജപൂരുഷന്മാരെ നൃപൻ.
മന്ത്രമാകാതെയുള്ളോരക്ഷരമില്ല പാരിൽ,
ചന്തമാംമരുന്നായിത്തീരാത്ത വേരായതും,
കൊള്ളരുതാത്തതായ മർത്ത്യനുമില്ല നൂനം,
ദുർല്ലഭതരമായതിവയേ കൊള്ളിപ്പവൻ.
ഭദ്രാദ്യങ്ങളാകുമാനകൾ ജാതികളും,
ചികിത്സാക്രമങ്ങളും, ശിക്ഷയും, വ്യാധികളും,
അവറേറ തീറുന്നതിൻമുറകൾ, വിധികളും,
മുഖം നാക്കുകണ്ണാക്കകൾ നോക്കി ലക്ഷണങ്ങളും
ഗ്രഹിക്കാൻ ദക്ഷനായുമിഭത്തിൽ കേറിടാനും,
ദ്വിപത്തിൻഗതികളെ നയിച്ചുകൊണ്ടിടാനും
പടുത്വം ചേർന്നതായും ഭവിക്കുംജനത്തിനേ
മടിക്കാതാക്കിടേണം ഗജത്തിൻപാലനാർത്ഥം.
തരത്തിലിഗ്ഗുണങ്ങൾ തികയാത്ത ദന്തിപാലൻ
ഹരിക്കുമാനതന്റെ മനസ്സു നിസ്സംശയം.

അശ്വത്തിൻ ഹൃദയവും, തജ്ജാതി, വൎണ്ണം തഥാ
തൽഭ്രമമിത്തുകളാൽ തൽഗ്ഗുണാഗ്ഗുണങ്ങളും,
ശിക്ഷയും, ചികിത്സയും, ഗതിയും, യാനം, മാനം,
സത്വവും, സാരം, തഥാ ദന്തവും, രോഗംപ്രായം,
തദ്വിധം ഹിതാഹിത പോഷണമിത്തുകളും
ഒക്കെയുംഗ്രഹിച്ചിടാൻ ദക്ഷനായ്, ശ്ശൂരനായി,
പ്രാജ്ഞനായ്, വ്യൂഹവിത്തായ് മേവിടും ജനത്തിനേ
നിശ്ചയിക്കണം നൂനമശ്വാധിപതിയായി.

ഇച്ചൊന്നഗ്ഗുണങ്ങളാലൊക്കെയും യുക്തനായും
മെച്ചമാം സൂതനുള്ള കൃത്യവും ധുൎയ്യകളും,
ചട്ടററ രഥത്തിന്റേ സാരവും ഗമനവും,
ചുററലും തിരിച്ചിലും ഗ്രഹിക്കാൻശക്തനായും,
ശത്രുക്കളെയയ്ക്കുന്ന ശസ്ത്രാസ്ത്രജാലമൊന്നും
ലക്ഷ്യത്തിൽ വീഴാതെ തേർതെളിപ്പാൻ ദക്ഷനായും
അശ്വസംയോഗഗുപ്തിവിദ്യയിൽ പടുവായും
വൎത്തിക്കും മനുഷ്യനെയാക്കണം തേരാളിയായ്.

ആജിയിൽശ്ശൂരരായി, വ്യൂഹവിത്തുക്കളായി,
വാജികൾഗതികളേയറിവാൻ വിദഗ്ദ്ധരായ്,
പ്രാജ്ഞരായ് ശസ്ത്രാസ്ത്രങ്ങൾ ധരിച്ചു യുദ്ധംചെയ്വാൻ
പ്രാപ്തരായിരിപ്പോരെയാക്കണം സാദികളായ്.

ചക്രിതം, രേചിതവും, വല്ഗതികവും, പുന-
രാപ്ലുതം, ധൌരിതവും, തുരവും, മന്ദമതും,
തദ്വിധം കുടിലവും, സൎപ്പണമതും പരി-
വൎത്തനം, സ്കന്ദിതവുമിങ്ങനേ പ്രസിദ്ധമാം
അശ്വജാതികൾഗതിഭേദങ്ങൾ പതിനൊന്നും
നിഷ്പ്രയാസമായറിഞ്ഞീടുവാൻ ദക്ഷനായും,
ശിക്ഷണം ചെയ്യേണ്ടുന്നകാൎയ്യവും മൃഗത്തിന്റെ
ശക്തിയുംനോക്കി യഥായോഗ്യമാം ശിക്ഷനല്കാൻ

ശക്തിയുള്ളവനായും ഭവിക്കും ജനത്തിനേ
നിശ്ചയിക്കണം നൂനമശ്വശിക്ഷകനായി.

വാജിസേവനംതന്നിൽ വിരുതരായും തഥാ
ജീനികൾ മുറുക്കാനും കോപ്പുകളണിവാനും
പേശലരായും ദൃഢവിഗ്രഹരായും മേവും
ശൂരരേ നേമിക്കണമശ്വസേവകരായി.

നീതിശാസ്ത്രത്തിലസ്ത്രവിദ്യയിൽ, ശസ്ത്രാദിയിൽ,
വ്യൂഹനിർമ്മിതിതന്നിൽ, നതിവിദ്യയിൽ, തഥാ
പേശലരായി, ദൃഢഗാത്രരായ് ശൂരരായി-
ബാലരല്ലാതെ മദ്ധ്യവയസ്കരായി, നൂനം

സ്വാമിഭക്തരായ്, സദാ രിപുദ്വേഷികളായി,
ദാന്തരായ്, സ്വധർമ്മത്തിൽ നിരതരായി മേവും
മാന്യരേ ജിഗീഷുവാം നൃവരൻ നേമിക്കണം
തന്നുടേ സൈനികരും സേനാധിപന്മാരുമായ്.
ഇങ്ങിനേ തിരഞ്ഞെടുത്താകുന്ന പുരുഷന്മാർ
ഭൂസുരരാം ക്ഷത്രിയരോ വൈശ്യരോ ശൂദ്രന്മാരോ
പിന്നെയും മ്ലേച്ഛന്മാരോ സങ്കരന്മാരോ പുന-
രെന്നുള്ള ജാതിഭേദമൊന്നുമേ നോക്കിടേണ്ട.

അഞ്ചല്ലയെങ്കിലാറു കാലാളുകൾക്കു നൂനം
പഞ്ചമെന്നിയേയോരോപതിയുണ്ടായിടേണം.

ചൊല്ലുന്നു പത്തിപാലനായിട്ടങ്ങിവൻതന്നേ
ചൊല്ലിടും മുപ്പതാൾക്കു പതിയേ ഗൌല്മികനായ്.
നൂറാളുകൾക്കു പതിയായവൻ ശതാനീകൻ,
വേറെയുണ്ടൊരാളനുശതികനെന്നുപേരായ്.

സേനാനിയുണ്ടുപിന്നേ പിന്നെയും ലേഖകാഖ്യൻ,
നൂറുമ്പർ പതികളാണിവരങ്ങെല്ലാവരും.
ആയിരംപേർക്കും പതിനായിരംപേർക്കും ക്രമാൽ
മായമെന്നിയേയോരോ പതിമാരുണ്ടുപിന്നേ.

അന്തിനേരത്തും പ്രാതഃകാലത്തും സൈനികന്മാ-
ക്കന്തരംവിനാ വ്യൂഹാഭ്യാസങ്ങൾകൊടുക്കയും
ചന്തമാം പോരും തഥാ പോക്കളെങ്ങളുമെല്ലാം
സാന്ദ്രമായറികയും ചെയ്യണം ശതാനീകൻ.

ഇച്ചൊന്നകൃത്യമെല്ലാമുണ്ടതനുശതികനും
നിശ്ചയം ശതാനീകൻസാധകനത്രേയവൻ.

യുദ്ധസംഭാരത്തെയും യോഗ്യരാം യോധരേയും
വ്യത്യസ്തമെന്യേ സദാ തിട്ടമായറികയും
കൃത്യങ്ങൾകല്പിക്കയും യാമിക ജനങ്ങളെ
നിശ്ചയിക്കയുംവേണം സേനാനിയാകുന്നവൻ.

കാവൽകാത്തിടുന്നതാം യാമികജനങ്ങൾതൻ-
കാവൽ മാററങ്ങൾ ചെയ്യുമധിപൻ പത്തിപാലൻ.
കാവലാൾകളെയെല്ലാം സൂക്ഷ്മമായ് ഗ്രഹിക്കുന്നോൻ
ഏവനങ്ങവൻതന്നേ ഗൌല്മികനാകുന്നവൻ.

സേനയിലാകെയുള്ളോരാളുകൾസംഖ്യ എത്ര?
സൈനികർ പററിടിന ശമ്പളത്തുക എത്ര?
പ്രാചീനരായിടിനോരെത്രപേർ? എങ്ങുപോയാർ?
പ്രാവീണ്യമോടിതെല്ലാമറിവോൻ ലേഖകാഖ്യൻ.

വാരണതുരഗങ്ങളോരോന്നിലിരുപത്തു
ചേരുന്നസംഘത്തിനു നായകൻ നായകാഖ്യൻ.
ഓരോരോ വിശേഷകചിഹ്നങ്ങളാലേയിവർ
ഓരോരുത്തരും ക്രമാലങ്കിതരായിടേണം.

ആടുകൾ മാടുകളുമേണാദിമൃഗങ്ങളും
ആടലെന്നിയേ തിററിപ്പോററുവാൻ വിരുതരും,
ഗാഢമാം കാരുണ്യമങ്ങവരോടുള്ളോരുമാം
ആൾകളെയാക്കിടേണമതുകൾക്കധിപരായ്.

ആനകളൊട്ടകങ്ങളാദിയാം ജന്തുക്കൾക്കും
ന്യൂനമിവിധമുള്ളോരാകണം സേവകന്മാർ.

തിത്തിര മുതലായ പക്ഷികൾ വളക്കാനും,
തടവിധം ശുകാദിക്കു പാഠങ്ങൾ കൊടുക്കാനും
കെല്പെഴും ശ്യേനാദികൾ പതനം ഗ്രഹിപ്പാനും
ശക്തരായ് ഭവിക്കണമിച്ചൊന്നകൂട്ടരെല്ലാം.

പക്ഷിജാതികൾമനോവൃത്തികളറിഞ്ഞിടാൻ
ദക്ഷരാകണമിവർയുദ്ധത്തിൽവിദഗ്ദ്ധരും.

രത്നങ്ങൾ, പൊൻവെള്ളികൾ, നാണ്യങ്ങളിവകൾതൻ-
തൂക്കവും വലിപ്പവും, ജാതിയും വർണ്ണം സാമ്യം
ചൊല്ക്കൊള്ളും പ്രഭയതും നോക്കിമൂല്യം ഗ്രഹിപ്പാൻ
ശക്തരേയാക്കിടണമതുകൾ വിചാരിപ്പാൻ.

ദാന്തനായ്, ധനികനായ്, ലോകകാര്യജ്ഞനായി,
സന്തതം ധനംതന്നേ തന്നുടേ ജീവനായി
നണ്ണിടുന്നവനായി വാണിടുമതിലുബ്ധൻ-
തന്നെ നേമിച്ചിടേണം കോശത്തിന്നധിപനായ്.

ദേശഭേദങ്ങളാലും, ജാതിഭേദങ്ങളാലും
സ്ഥൂലസൂക്ഷ്മങ്ങൾ, ബലാബലങ്ങളിവയാലും
കൌശേയാദികൾക്കുള്ള വിലകൾ നിശ്ചയിപ്പാൻ
കൌശല്യമേറും ജനം വസ്ത്രപനായിടേണം.
കൂടാരമുട്ടപ്പുകൾ, മറകൾ, മണ്ഡപങ്ങൾ,
ആടകളാദിയുടെ സൌചികവേലകളും,
കൂടാതെ ചായവേല, ശയനസന്ധാനവും,
കൂടവേ വിതാനങ്ങൾ, വസ്ത്രാദിരചനയും,
ഗാഢമായറിയുന്ന ജനത്തേ നേമിക്കണം
പാടവമേറും വിതാനാദികൾക്കധിപനായ്.

ധാന്യവർഗ്ഗങ്ങൾക്കുള്ള ജാതികളളവുകൾ,
മൂല്യങ്ങൾ, സാരം, ഭോഗം, സഞ്ചയമിത്തുകളും
ധാന്യങ്ങൾ വെളുപ്പിക്കലായതുമറിയുന്നോൻ
ധാന്യാധിപതിയായിട്ടിരുന്നിടുകവേണം.

ധൌതവുമധൌതവുമായിട്ടും വിപാകങ്ങൾ
വെവ്വേറെ തിരിച്ചറിഞ്ഞീടുവാൻ വിദഗ്ദ്ധനും
പാചകം ചെയ്യേണ്ടുന്ന സാധനങ്ങളുംപുന-
രായവയ്ക്കുള്ള രസസംയോഗഭേദങ്ങളും
കയ്യോടേ ഗ്രഹിക്കുവാൻ ശക്തൻമായുള്ളവൻ
പൊയ്യെന്ന്യേഭവിക്കണം പാചകാധീശനായി.
കാകളും പുഷ്പങ്ങളും തഴയ്ക്കും ഹേതുക്കളും,
കാലാകാലത്തു വെള്ളംവളമെന്നിവ നല്കി-
പ്പാദപം വളത്തിടും രീതിയുംപ്രകാരവും,
പാദപജാതികൾ തന്നോഷധീഗുണങ്ങളും
ചേതസി സദാ ഗ്രഹിച്ചമരും പുമാൻതന്നേ
ചാതുരിചേരുമാരാമാധിപനാകുന്നവൻ.
പ്രാസാദം, പരിഖയും, ദുർഗ്ഗവും, പ്രാകാരവും,
പ്രാമാണ്യംകലർന്നെഴും പ്രതിമാജാലങ്ങളും,
പാലങ്ങൾ, കലിങ്കുകൾ, വാപികൾ, കൂപങ്ങളും,
ചേലെഴുംതടാകങ്ങൾ, പൊയ്കകൾ, കബന്ധങ്ങളും,
വാരിയേ കുഴൽവഴി മേല്പോട്ടു പായിച്ചിടും
ഭാരിച്ച ജലസൂത്രമാദിയാം യന്ത്രങ്ങളും,
പാടവംപൂണ്ടു പണിചെയ്തിടാനറിഞ്ഞിട്ടും
ഈടെഴും പുമാൻ ഗൃഹാദ്യാധിപനാകുന്നവൻ.
ഭൂപാലനുപയോഗയോഗ്യമാം പദാർത്ഥങ്ങൾ
ആപാദചൂഡമേതും ഗാഢമായറികയും
ആയതുയഥാകാലം ശേഖരിക്കയുംചെയ്യും
സേവകനത്രേ ദൃഢം സംഭാരാധിപനായോൻ.
സ്വാന്തമാംധർമ്മത്തിലുമാചാരത്തിലുമെവൻ
സന്തതം ദക്ഷൻതഥാ ദേവതാരാധനത്തിൽ
അന്തരംവിനാ നിത്യനിരതൻ സ്പൃഹാഹീനൻ
ഹന്ത തൽപ്പുമാൻ തന്നേ ദേവതാതുഷ്ടിപതി.

യാചകജനങ്ങളെ ബ്ഭഗ്നാശരാക്കിടാതെ,
കാശ്തുകൾ സംഗ്രഹിക്കാനാശയും പോയിടാതേ,
ദാനശീലനായ്, മൃദുഭാഷിയായ്, ഗുണജ്ഞനായ്,
ദീനരിൽ ദയാലുവായ്, ലോഭവജ്ജിതനായി,
ദാനപാത്രജ്ഞനായി,നതിതൽപ്പരനായി,
വാണിടുന്നവൻ ദാനാദ്ധ്യക്ഷനായ്പ്രകീൎത്തിതൻ.
വ്യവഹാരജ്ഞരായി, പ്രാജ്ഞരായ്, വൃത്തശീല-
ഗുണസമ്പന്നരായി, സ്സത്യവാദികളായി,
രിപുമിത്രാദിഭേദഹീനരായ്, ധൎമ്മജ്ഞരായ്,
വിജിതകാമക്രോധലോഭരായ്, നിസ്തന്ദ്രരായ്,
സതതം പ്രിയംവദരായഥ മരുവിടും
വിവിധജാതിയരാം വൃദ്ധരാംജനങ്ങളെ
നിയതം യഥോചിതം തിരഞ്ഞങ്ങെടുത്തിട്ടു
ന്നുവരൻ നേമിക്കണം തന്നുടെ സദസ്യരായ്.
സകലഭൂതത്തോടും സമഭാവനനായോൻ,
സകലസ്പൃഹകളുമകലേ വെടിഞ്ഞവൻ,
സതതം ദാനശീലനതിഥിപൂജാരതൻ,
സുദ്ധമവൻതന്നേ സത്രാധിപതിയായോൻ.
പരന്മാൎക്കുപകാരംചെയ്തിടാൻ സദാ രതൻ,
പരന്മാർമൎമ്മങ്ങളേ ഗ്ഗ്രഹനംചെയ്യുന്നവൻ,
സതതം നിൎമ്മത്സരൻ ഗുണജ്ഞൻ ഗുണഗ്രാഹി,
പ്രഥിതനവൻതന്നേ നിൎണ്ണയം പരീക്ഷകൻ.
പ്രജയ്ക്കു ഹാനികൂടാതിരിക്കംവിധം ദണ്ഡം
നയിപ്പാൻ ദക്ഷനതിക്രൂരനല്ലാതുള്ളവൻ,
മൃദുതപം ക്രമാതീതം പ്രവൃദ്ധമാകാത്തവൻ,
കരുത്തനവൻതന്നേ സാഹസാധിപനായോൻ.
ആക്രമികളിൽനിന്നും,തസ്കരന്മാരിൽനിന്നും,
ശക്തരാമധികാരിഗണങ്ങൾ തന്നിൽനിന്നും,

ചിക്കുന്നേ പ്രജകളെയച്ഛനമ്മമാർപോലെ
രക്ഷണംചെയ്യാൻ ദക്ഷൻ ഗ്രാമപനാകുന്നവൻ.
യഥാവിധം മാലാകാരൻ വൃക്ഷങ്ങളെല്ലാം വേണ്ട
യത്നങ്ങൾചെയ്തുചെമ്മേ പുഷ്ടമാക്കിയശേഷം
പുഷ്പവും ഫലങ്ങളുമെടുത്തുകൊണ്ടിടുന്നു
തഥാവിധമിരിക്കണം നിർണ്ണയംഭാഗഹാരൻ.
അത്യന്തം വിചക്ഷണൻ കണക്കുകാര്യങ്ങളിൽ,
അത്യർത്ഥം ദേശഭാഷാഭേദങ്ങളറിയുന്നോൻ,
നിസ്സന്ദേഹകമായും ശ്രദ്ധാർത്ഥഹീനമായും,
ലേഖ്യങ്ങൾ ചമപ്പവൻ ലേഖകനാകുന്നവൻ.
ശസ്ത്രാസ്ത്രകുശലനായ്, കെല്പെഴും ദേഹവാനായ്,
ഉത്സാഹശീലനായി, നിർഗ്ഗതാലസ്യനായി,
ആജ്ഞകൾ കേൾപ്പാൻ തയാറായഥ നമ്രനായി
പ്പാർത്തിടുന്നവൻതന്നേ പ്രതിഹാരാഖ്യനായോൻ.
കച്ചോടമുതലിനു നഷ്ടമാകാത്തവണ്ണം
കച്ചോടക്കാരിൽനിന്നും ശുല്ക്കങ്ങൾ പിരിച്ചിടും
കർത്തവ്യമനുദിനം നിഷ്ഠയോടനുഷ്ഠിച്ചു
പാർത്തിടും ജനത്തിന്നേ ശൌല്ക്കികനെന്നുചൊൽവൂ.
വ്രതങ്ങൾ, നിയമങ്ങൾ, ധ്യാനങ്ങൾ, കർമ്മങ്ങളും,
അതതിൻക്രമംപോലെ സതതമനുഷ്ഠിച്ചും
ക്ഷമിയായ്, ദാന്തനായി, നിസ്സ്പൃഹനായും തഥാ
മരുവും ജനത്തിന്നേ താപസനെന്നു ചൊൽവൂ.
അർത്ഥികൾക്കർത്ഥത്തെയും ഭാര്യാപുത്രാദിയേയും
വ്യത്യസ്തമെന്യേ ദാനംചെയ്യുവാൻ തയാറായും
പ്രത്യുപകാരമേതുമിച്ഛിക്കാതെയും മേവും
ഭദ്രനാംപുരുഷന്നേ ദാനശീലനായ് ചൊൽവൂ.
ശ്രുതികൾ, പുരാണങ്ങൾ, സ്മൃതികളിവ മൂന്നും
പഠനംചെയ്തിടാനും പാഠനംചെയ്തിടാനും,

ചതുരരായിപ്പുനരഭ്യാസയുതരായി,
മരുവും മഹാന്മാർ താൻ ശ്രുതജ്ഞരായുള്ളവർ.
സാഹിത്യശാസ്ത്രംതന്നിൽ കുശലനായുള്ളവൻ,
സാരസ്യംകലൎന്ന സംഗീതത്തിൽ വിചക്ഷണൻ,
ചാരുസുസ്വരൻ, തഥാ സർഗ്ഗാദിപഞ്ചകജ്ഞൻ,
സൂരികളഗ്രേസരൻ, നിൎണ്ണയം പൌരാണികൻ.
മീമാംസാ, തൎക്കം, തഥാ വേദാന്തം, ശബ്ദശാസ്ത്രം
ഈ നാലുവിദ്യകളിൽ പാരഗനായുള്ളവൻ,
ഊഹവാൻ, സാരാസാരബോധനവിശാരദൻ,
ധീമാനാമെവൻതന്നേ ശാസ്ത്രജ്ഞനാകുന്നവൻ.
സംഹിതാ, ഹോരാ, തഥാ ഗണിതമിവററയിൽ
സംസ്ഥിതമാകും ജ്ഞാനമെല്ലാവും ഗ്രഹിച്ചവൻ
സന്തതം ത്രികാലജ്ഞനായഥ വാഴുന്നവൻ,
അന്തരംവിനാ ജ്യോതിൎവ്വിത്തായി പ്രകീൎത്തിതൻ.
മന്ത്രങ്ങൾക്കുള്ളതാകും നന്മതിന്മകളെല്ലാം
ചന്തമാം ബീജാക്ഷരക്രമംകൊണ്ടറിയുവോൻ,
മന്ത്രാനുഷ്ഠാനങ്ങളിൽ സമ്പന്നനായുള്ളവൻ,
മാന്ത്രികനായിസ്മൃതൻ, ദൈവതമവൻപാട്ടിൽ.
രോഗത്തിൻഹേതുക്കളും ലക്ഷണം ചികിത്സയും
ആകവേ നോക്കി നൂനം വ്യാധി നിൎണ്ണയിപ്പവൻ,
വൈകാതെ സാദ്ധ്യാസാദ്ധ്യം ഗ്രഹിച്ചീടിനശേഷം
ഭൈഷജം കല്പിപ്പവൻ നിൎണ്ണയം ഭിഷഗ്വരൻ.
ശ്രുതികൾ, സ്മൃതികളെന്നിവയിലുള്ളതല്ലാ-
തിതരമന്ത്രങ്ങളാൽ ദേവതാപൂജചെയ്കിൽ
അതുകൾ ഹിതതരമാകുമെന്നുള്ളിൽനിൎണ്ണി
യത്നംചെയ്യുന്നവൻ താന്ത്രികനായിസ്മൃതൻ.
സത്യവാദികളായി, പ്രിയവാദികളായി,
സ്വച്ഛഭാഷികളായി, സുഭഗശരീരരായ്,

സൽക്കുലജാതരായി വർത്തിക്കും നപുംസക-
വർഗ്ഗത്തെ നേമിക്കണം നിശ്ചയമന്തഃപുരേ.
തദ്വിധമന്യാദൃശസ്വാമിഭക്തിയുംപുന-
രത്യന്തം തീവ്രമായ ധർമ്മനിഷ്ഠയും പൂണ്ടും
ആദ്യത്തേ ദശയായ ബാല്യത്തെവിട്ടു നൂനം
മദ്ധ്യപ്രായത്തിൽവന്ന ദൃഢഗാത്രന്മാരായും
ക്ലിഷ്ടതകൂടാതേതു താണകൃത്യവും ചെയ്‌വാൻ
മുട്ടാതെ തയാറായും സേവനദക്ഷരായും
ഉത്തമകുലജാതന്മാരായും മരുവിടും
സൽഗ്ഗുണികളെപ്പരിചാരകരാക്കിടണം.
ശത്രുക്കൾവാർത്തകളും പ്രജകൾവൃത്താന്തവും
ഭൃത്യർതൻ ചെയ്തികളും ഗ്രഹിപ്പാൻ കുശലരും
കേട്ടപോൽ ബോധിപ്പിക്കാൻ സമർത്ഥന്മാരുമാകും
കൂട്ടരേ നേമിക്കണം ഗൂഢചാരന്മാരായി.
രാജാവിൻ തിരുമുമ്പിലെത്തിടും ജനങ്ങളോ-
ടാചാരമുറകളും നില്ക്കേണ്ടും സ്ഥാനങ്ങളും
ഓതിടാനഭ്യസിച്ചോരാൾകളെ നേമിക്കണം
പാടവംപൂണ്ട വേത്രവാന്മാരായ് ദണ്ഡമോടും.
കണ്ഠത്തിൽനിന്നും, തഥാ തന്ത്രികൾ മാർഗ്ഗമായും
ഉണ്ടാകും നിഷാദാദിസപ്തമാം സ്വരങ്ങളേ
ചന്തമോടുൽപ്പാദിപ്പിച്ചീടാനും ഗ്രഹിപ്പാനും
സന്തതം താളം സ്വരം നൃത്തവുമൊപ്പിച്ചഥ
വേണ്ടപോൽ പാടുവാനും പടുവാംപുരുഷനേ
കൊണ്ടാടിടുന്നു പാരിൽ ഗായകാധീശനായി.
ഇച്ചൊന്നഗുണങ്ങളാൽ യുക്തയായ് ശൃംഗാരത്തിൽ
അത്യന്തം രസജ്ഞയായ് വാഴ്‌വതുപണ്യാംഗനാ,
ചിത്തരഞ്ജികയായിബ്ഭാവസംയുതയായി,
സുസ്മിതവദനയായ്, സുന്ദരശരീരയായ്,

പുത്തനായ് മുളച്ചഥ കാഠിന്യമാൎന്നെഴുന്ന
വക്ഷോജയുതയായി, നിൎണ്ണയം നിൎല്ലജ്ജയായ്.
ഇത്തരം പണ്യാംഗനതന്നെയും പാലിക്കണം.
തദ്വിധം സേവനത്തിൽ ദക്ഷരായ് മരുവുന്ന
ചിത്തരഞ്ജകരാകും മററു സൽഭൃത്യരേയും,
പൃഥ്വീശൻ നേമിക്കണം തന്നുടെ ക്ഷേമാൎത്ഥമായ്.
ദക്ഷരാം വൈതാളികർ, സൽക്കവിതിലകന്മാർ,
വേത്രധാരികളഥ, ദണ്ഡധാരികളിവർ,
ശില്പവേലക്കാർ, കലാവിദ്യയിൽ കുശലന്മാർ,
കൃത്രിമവനം പൂങ്കാവെന്നിവ ചമയ്പവർ,
ദുർഗ്ഗകാരന്മാർ തഥാ, ദുർഗ്ഗുണസൂചകന്മാർ,
നൎത്തകർ, കൃത്തുകാരർ, ബഹുരൂപികളഥ,
ഉഗ്രമായിട്ടും മഹാനാളികയന്ത്രങ്ങളിൽ
സംസ്ഥിതമാക്കിവെയ്ക്കുമായസ ഗോളങ്ങളെ
വിഘ്നമെന്നിയേ വിട്ടു വിദൂരമതാതിന്റെ
ലക്ഷ്യമായതിൽ തച്ചുഭഞ്ജിപ്പാൻ വിരുതന്മാർ,
കെല്പെഴും ലഘുയന്ത്രമാഗ്നേയചൂൎണ്ണംഗോളം,
അത്ഭുത വിശിഖങ്ങളിത്യാദി ചമയ്പവർ
ശസ്ത്രാസ്ത്രചാപാദിയും ചിത്രമാം യന്ത്രങ്ങളും
ശക്തമാം തൂണീരവും പണിയാൻ വിദഗ്ദ്ധന്മാർ,
രത്നങ്ങൾ പണിയുന്നോർ, പൊൻവെള്ളിവേലക്കാരർ,
ചൊല്ലൊങ്ങും രഥംപണിയായതിൽ ചതുരന്മാർ,
കല്പണിക്കാരർ, ലോഹവേലക്കാർ, പൂച്ചുവേല-
യഭ്യസിച്ചവർ, ചെമ്പുപണിക്കാർ, കുംഭകാരർ,
തച്ചുവേലക്കാർ, തഥാ പാതകൾ പണിക്കാരർ,
ദക്ഷരാം ക്ഷുരകന്മാർ, തദ്വിധം രജകന്മാർ,
തോട്ടിവേലക്കാർ, വാൎത്താവാഹികൾ, സൌചികന്മാർ,
രാജ്യചിഹ്നങ്ങൾ തോളിൽ വഹിക്കും സേവകന്മാർ,

ഭേരികൾ, പടഹങ്ങൾ, ഗോപുച്ഛം, ശംഖം തഥാ
വേണുക്കളിതുകൾ തൻ നാദസംയുതമായി
വ്യൂഹങ്ങൾ ചമയ്ക്കുവാൻ ചാലവേ വിചക്ഷണർ,
നാവികർ, ഖനകന്മാർ, വ്യാധന്മാർ, കിരാതന്മാർ,
ഭാരങ്ങൾ വഹിപ്പവർ, ശസ്ത്രങ്ങൾ തുടപ്പവർ,
ധാന്യങ്ങൾ ചുമപ്പവർ, ജലങ്ങൾ വഹിപ്പവർ,
വാദ്യങ്ങൾകൊണ്ടും ഭാൎയ്യമാരാലും സ്വജീവിതം
ആസ്ഥയാ നയിപ്പവരാംപണികന്മാർ തഥാ.
ചൊല്ക്കൊള്ളും ഗണികകൾ, പക്ഷികൾപിടിപ്പവർ
ദക്ഷമാം തന്തുവായവൃത്തിയാൽ ജീവിപ്പവർ,
ചിത്രവേലക്കാർ തഥാ, തോലുകൾ പണിക്കാരർ,
പാത്രങ്ങൾ തേയ്ക്കുന്നവർ, ഗൃഹങ്ങളടിപ്പവർ,
വസ്ത്രങ്ങൾ തുകപ്പവർ, ധാന്യങ്ങൾ കുത്തുന്നവർ,
മെത്തകളൊരുക്കുവോർ, വിരിപ്പു പണിയുന്നോർ,
ശിക്ഷണം കൊടുപ്പവർ, വെററിലതിരുപ്പവർ,
കെല്പെഴും സുഗന്ധങ്ങളുണ്ടാക്കി വില്ക്കുന്നവർ,
ഇത്തരമോരോതരം ചെറുതാംപണിക്കാരർ
തത്തദാവശ്യംപോലെ യോജ്യരങ്ങായിടണം.
ചൊല്ലുന്ന പുണ്യങ്ങളിലൊക്കെയുംപുണ്യമായി-
ച്ചൊല്ലെഴും പരോപകാരത്തെയും സത്യത്തെയും.
ചൊല്ലാന്നോരിഗ്ഗുണങ്ങൾ രണ്ടുമുള്ളോരെന്നോക്കി
എല്ലാനാളിലും നൃപൻ ഭൃത്യരേ നേമിക്കണം.
എല്ലാപ്പാപത്തിൽവച്ചും ഹിംസതാൻ മഹാപാപം,
കള്ളമല്ലസത്യോക്തിയതിലും കടുംപാപം.
വല്ലാതെയിവരണ്ടും തീണ്ടിയഭൃത്യന്മാരേ
തെല്ലുമേ കനിവെന്യേ തള്ളുകവേണം നൃപൻ.
ഏതൊരുകാൎയ്യമതുമൌചിത്യമറിഞ്ഞിട്ടും
ഓതേണ്ടുംസമയത്തും ചെയ്യേണ്ടുംകാലത്തിലും

ഏതൊരാളോതിടുന്നു ചെയ്യുന്നു ഭേദമെന്യേ
വാദമില്ലവൻതന്നേ സൽഭൃത്യനാകുന്നവൻ.
പശ്ചിമയാമംതന്നിലുത്ഥാനംചെയ്തു ഗൃഹ-
കൃത്യങ്ങൾ വിചാരിച്ചു, വേഗനിർമ്മോക്ഷംചെയ്തു,
വിഷ്ണുവേ സ്മരിച്ചഥ സ്നാനംചെയ്തനന്തരം
സാദ്ധ്യമാം മുഹൂർത്തംകൊണ്ടുഷഃകൃത്യവുംചെയ്തു,
തൽക്ഷണം തന്റെരാജോലിസ്ഥലത്തങ്ങെത്തി നൂനം
കൃത്യാകൃത്യങ്ങൾ ചെമ്മേ ചിന്തനംചെയ്തുപിന്നേ,
കൃത്യമായ്‌രാജഭൃത്യൻ രാജമന്ദിരംതന്നിൽ
ദ്വാസ്ഥനായ്‌നിന്നീടണമത്യന്തംഭക്തിയോടെ.
കല്പനകൂടാതാർക്കുമകത്തുപ്രവേശനം
ആപ്തമാക്കരുതേതും തടഞ്ഞുനിർത്തീടണം.
തപ്പാതെ പിന്നെച്ചെന്നുകാര്യമങ്ങുണർത്തിച്ചു
കല്പനവാങ്ങിവന്നു വിട്ടയയ്ക്കുകവേണം.
രാജാവിൻസഭാമദ്ധ്യമെത്തുന്ന ജനങ്ങൾത-
ന്നാചാരനതികളേ നൃപനോടറിയിച്ചു
പാരാതെയോരോരുത്തനിരുന്നീടേണ്ടുംസ്ഥാനം
നേരാണു ചൂണ്ടിക്കാണിച്ചീടണം ദണ്ഡധരൻ.
രാജമന്ദിരംതന്നിൽ പിന്നീടുപോയീടണം
രാജാവുകല്പിച്ചീടിൽ ചെല്ലണംതിരുമുമ്പിൽ.
നൂനമങ്ങപരനാം വിഷ്ണുവെന്നോർത്തുകൊണ്ടു
താണുവീണടിപണിഞ്ഞീടണം നൃപാലനെ.
മന്നവൻതിരുമുമ്പിലെത്തിയശേഷം പിന്നേ
നിർണ്ണയം സാനുരാഗനായഥ ചിത്തജ്ഞനായ്
കണ്ടിടുംസ്വാമിതന്റെയദ്ധ്യാസനത്തിൽതന്നേ
കണ്ണുകൾ പതിയണമന്യത്രപോയിടാതെ.
ഉജ്ജ്വലിച്ചുയരുന്ന വീതിഹോത്രനേ സമീ-
പിച്ചിടുംപോലെയടുത്തീടണം സ്വാമിതന്നേ.

ക്രൂദ്ധനാമാശിവിഷമെന്നപോൽ കരുതണം
സ്വപ്രാണധനങ്ങൾക്കു നാഥനാം മഹീശനെ.
എത്രയുംസൂക്ഷ്മമായിച്ചെയ്യണമുപചാരം
ചിത്തത്തിലഹമെന്നഭാവത്തേ മറക്കണം.
തൽപക്ഷംപോലെയെല്ലാം ചൊല്ലണംഭംഗിയോടെ,
കല്പിച്ചാൽ കാൎയ്യംതുറന്നറിയിക്കയുംവേണം.
ലഘുവാംവാദങ്ങളിൽ പ്രതിവാദികൾമതം
അറിയാമെന്നാകിലും ചൊല്ലരുതുത്തരംതാൻ.
സതതമനുദ്ധതവേഷനായിരിക്കണം,
നൃപതി വിളിക്കുമ്പോളഞ്ജലികൂപ്പിടേണം.
അരികിൽചെന്നു വായും വസ്ത്രേണ പൊത്തിനിന്നു
പരിചിൽകേട്ടീടണം നൃപതിചൊല്ലും മൊഴി.
അതിനുശേഷം തൻെറ പ്രവൃത്തികാൎയ്യങ്ങളേ
അതുലവിനീതനായറിയിക്കുകവേണം.
നമിച്ചുംകൊണ്ടേവൻമാസീനനായീടണം
ലഭിക്കുമാജ്ഞപോലെ മുമ്പിലോപാർശ്വത്തിലോ.
ഉച്ചത്തിൽചിരിക്കുക, ചുമയ്ക്കു, തുപ്പീടുക,
കോട്ടുവാ വിട്ടീടുക, തിരിക, പിരിയുക,
ഞൊട്ടകളൊടിക്കുക, കത്ഥനംചെയ്തീടുക,
തിട്ടമങ്ങിവയെല്ലാം വൎജ്ജിച്ചുകൊണ്ടീടണം.
ഇരിക്കാനരുൾചെയ്തോരിടത്തുതന്നേ ദൃഢം
പെരുത്തതുഷ്ടിയോടങ്ങിരുന്നീടുകവേണം,
വിദഗ്ദ്ധനായീടിലും മേധാവിയായീടിലും
മനസ്സിലല്പംപോലും മദിച്ചുകൊണ്ടിടാതേ.
ആപത്തുകാലത്തിലുമപഥം കാണുമ്പൊഴും
കാൎയ്യങ്ങൾ യഥാകാലം ചെയ്യാതെവരുമ്പൊഴും
ക്ഷേമത്തേക്കാംക്ഷിപ്പവൻ ശുഭവാക്കോതീടണം
ചോദിച്ചീടാതെതന്നെ നിൎണ്ണയംനൃപനോടായ്.

പ്രിയമായതും പത്ഥ്യമായതുമുരയ്ക്കണം,
ഋതമായതും തഥാ ധാൎമ്മികമായുള്ളതും.
ഹിതമായതുതന്നേ നൃപനോടെല്ലായ്പൊഴും
സമനാണെന്നമട്ടിലുരചെയ്യുകവേണം.
അപരനരപാലന്മാരുടേ കീൎത്തികളും
കഥനംചെയ്തിടേണം നീതിതൻഫലങ്ങളും.
"അവിടന്നഹോ മഹാനീതിമാൻ ധൎമ്മിഷ്ഠനും
പ്രഥിതദാതാ,തഥാ ശ്ശൂരനുമത്രേ സ്വാമിൻ!
അകതാരിങ്കലേതും നീതികേടതു ഭവാ-
നുളവാകില്ലാ ദൃഢ"മെന്നെല്ലാമോതിടണം.
നീതികേടിനാൽഭ്രഷ്ടരായുള്ള നൃപന്മാർ തൻ-
പേരുകളുരയ്ക്കണം നിൎണ്ണയമോരോന്നായി.
ഭൂപന്മാരിലും ഭവാൻ ശ്രേഷ്ഠനെന്നോതീടണം,
ഓതരുതെല്ലാരിലും ശ്രേഷ്ഠനെന്നുള്ളതായി.
ദേശകാലജ്ഞനായോൻ സാധിച്ചുകൊണ്ടീടണം
ദേശകാലാനുരൂപം സന്തതം പരാൎത്ഥത്തേ.
പരന്മാൎക്കശേഷവും ദോഷമാകാത്തമട്ടിൽ
പരിചോട്ടുരയ്ക്കണം കാൎയ്യങ്ങളെല്ലായ്പ്പോഴും.
ഒരുകാലവും പ്രജാക്ഷേമത്തിന്നെതിരാകും
ഒരുകാൎയ്യവുംതന്നേ പറഞ്ഞുകൊണ്ടിടൊലാ.
ക്ഷുത്തിനാൽ ശോഷിച്ചുതാൻ തൃണംപോലിരുന്നാലും
കുത്സിതവൃത്തിതേടീടരുതു പഠിപ്പുള്ളോൻ.
യൽകാൎയ്യം ചെയ്തീടുവാൻ യാതൊരാൾ നിയുക്തനോ
തൽക്കാൎയ്യംതന്നിലവൻ ശ്രദ്ധാലുവായിടണം.
അന്യന്റെയധികാരമാഗ്രഹിക്കൊലാ തെല്ലും
അന്യനോടസൂയാവാനായിട്ടും ഭവിക്കൊലാ.
ആരുടേ ദോഷങ്ങളും താൻ കുറിക്കരുതേതും,
ആവതുംശ്രമിക്കണമായവ മാറ്റീടുവാൻ.

അന്യന്മാൎക്കുപകാരം ചെയ്യതിൽപ്പരമായി-
ട്ടന്യമില്ലൊരുകാൎയ്യം മിത്രത്തെയുണ്ടാക്കുവാൻ.
നിന്നുടെ കാൎയ്യത്തിന്നേസ്സാധിച്ചുകൊള്ളാമെന്നു
ചൊന്നിട്ടു പിറേറനാളിലാക്കരുതക്കാൎയ്യത്തേ.
നിൎണ്ണയം ദീൎഘകാലമാശയിൽവച്ചിടാതേ
തിൎണ്ണെന്നുചെയ്തിടണമക്കാൎയ്യമതന്ദ്രിതം.
തൻ്റേസ്വാമിതൻെറ ഗൂഢമാംവൃത്തങ്ങളും
തന്മന്ത്രങ്ങളും പുറത്തറിയിക്കരുതേതും.
നണ്ണരുതതുപോലെ മനസ്സിൽപോലുംദൃഢം
മന്നനിൽവിദ്വേഷവും മന്നൻെറവിനാശവും.
തന്നുടേ പരമമാം മിത്രമാണെന്നു ചിത്തം-
തന്നിലെണ്ണരുതാരും നിൎണ്ണയം മഹീശനേ.
പെണ്ണുങ്ങളോടും പെണ്ണിലുള്ളഴിഞ്ഞോൎക്കളോടും,
തന്നുടേ സപത്നന്മാർ, ദുൎജ്ജനമിവരോടും
പിന്നെയും നിരാകൃതരായിട്ടും ജനത്തോടും
സംഗവും സാഹചൎയ്യം മൈത്രിയും വൎജ്ജിക്കണം.
മന്നവൻതൻെറ വേഷം ഭാഷയെന്നിതുകളെ
നന്നല്ലയനുകരിക്കുന്നതു നൂനമാരും.
സമ്പന്നനായീടിലും ബുദ്ധിമാനായീടിലും
ദാംഭികനായീടരുതാരുമാഗ്ഗുണങ്ങളാൽ.
പണ്ഡിതനാകുന്നവൻ ഭൂപൻെറ ഹിതാഹിതം
ഇംഗിതാകാരചേഷ്ടിതങ്ങളാൽ ഗ്രഹിച്ചഥ
കണ്ടതുഹിതമെന്നാൽ ചൊല്ലണം കാൎയ്യത്തിന്നേ
കണ്ടതു വിപരീതമാകിലോ വിട്ടിടേണം.
അനിഷ്ടംതോന്നിടുമ്പോൾ ഭൂപതി നാശത്തെയും
സപത്നോദയത്തെയും നിൎണ്ണയമുണ്ടാക്കിടും.
മനസ്സിലാശാവൃദ്ധി ജനിപ്പിച്ചതിൻ ശേഷം
നശിപ്പിച്ചീടും ദൃഢമതിൻെറ ഫലത്തിനെ.

കോപമില്ലെന്നാകിലും കോപവാനെന്നുതോന്നും
മാനസംതെളിഞ്ഞാലും ഫലമില്ലാതെയാകും.
ഓതിടുമനുഭാവമേറിട്ടും വചനങ്ങൾ
വേതനം പിടിച്ചിട്ടും നിൎണ്ണയമതേകാലം.
ഭൂപൻെറ ഗുണാഗുണം വാഴ്ത്തുന്ന സമയത്തു
ഭൂപതി വിമുഖത കാണിച്ചു മേവുന്നതും,
കാൎയ്യങ്ങളേതെങ്കിലും പറഞ്ഞുകൊണ്ടിരിക്കേ
വേറെയുള്ളതിൽ ദൃഷ്ടി പതിപ്പിച്ചീടുന്നതും,
ഭൂപൻെറയസംതൃപ്തിലക്ഷണമെന്നതായി-
ട്ടേവനുമോൎത്തിടണം നിൎണ്ണയമകതാരിൽ.
കാണുമ്പോൾ മുഖഭാവം തെളിഞ്ഞുകാണുന്നതും,
ഓതുമ്പോൾ വാക്യമെല്ലാമാദരാൽ കേൾക്കുന്നതും,
ക്ഷേമങ്ങൾചോദിപ്പതുമാസനം നല്കുന്നതും,
ഏകാന്തദർശനത്തിലാശങ്ക കാട്ടാത്തതും
കാര്യങ്ങളുണർത്തുമ്പോൾ പ്രീതനായ്കാണുന്നതും,
പ്രീതികേടോതിയാലും മാനിച്ചുകേൾക്കുന്നതും,
സ്തോകമാം കാഴ്ചപോലും കാൎയ്യമായ്ഗ്രഹിപ്പതും,
ആലാപമദ്ധ്യേ തൻെറ സ്മരണകാട്ടുന്നതും,
പ്രീതനാണെന്നതിൻെറ ലക്ഷണമത്രേ ദൃഢം.
സേവനംചെയ്തീടണം നിൎണ്ണയമവൻതന്നേ.
ഭൂപനാൽ ദത്തമാകും വസ്ത്രഭൂഷാദിചിഹ്നം
ഏവനുംധരിക്കണം ദേഹത്തിലെല്ലായ്പോഴും.
ന്യൂനമങ്ങവൻതൻെറയധികാരസ്ഥലത്തേ
ന്യൂനതാധിക്യങ്ങളെയറിയിക്കണം സദാ.
തന്നുടെകാൎയ്യങ്ങളും താൻചെയ്തകൃത്യങ്ങളും
മന്നവൻചൊല്ലുന്നാകിൽ കേട്ടുകൊണ്ടിരിക്കണം;
എന്നുമല്ലകാൎയ്യങ്ങൾ സ്വയമേതന്നേ തഥാ
ചൊന്നുകൊൾകയുംചെയ്യാം നിൎണ്ണയംതിരുമുമ്പിൽ.

ചാരന്മാർ സൂചകന്മാരിവർതൻദോഷങ്ങളാൽ
കാൎയ്യങ്ങൾ മറിച്ചങ്ങു നൃവരനോതിടുകിൽ
പാരാതെ സകലവും മിണ്ടാതെ കേട്ടീടണം,
നേരാണെന്നശേഷവും സമ്മതിക്കാനുംമേലാ.
ആപത്തിലകപ്പെട്ട ഭൂമിപൻ തന്നെയാരും
താപത്തിൽ ത്യജിക്കരുതാവിധം പതനത്തിൽ.
ഏതാളുംതന്നൊരന്നമൊരുനാൾ ഭക്ഷിച്ചീടിൽ
ചേതസ്സിലാശിക്കണമവൻെറ നന്മയെന്നും.
ആകയാൽ തന്നെയെന്നും രക്ഷിച്ചനാഥൻതൻെറ
ശ്രേയസ്സു സദാകാലമാശിച്ചീടേണ്ടതല്ലേ?
അപ്രധാനനാം പുമാൻ സേവനാധിക്യത്തിനാൽ
കെല്പെഴും പ്രധാനനായ് ഭവിക്കുമല്ലോകാലേ.
തൽപ്രകാരമായൊരു കാലത്തു പ്രധാനനും
അപ്രധാനനായ് തീരും സേവനാലസ്യത്തിനാൽ.
നിത്യവുംസ്വകൃത്യത്തിൽ നിഷ്ഠയുള്ളോരു ഭൃത്യൻ
നിശ്ചയം നൃപാലനു തൃപ്തനായ്ഭവിച്ചിടും.
ചിക്കനേ ചെയ്യുമവൻ തന്നുടേയധികാര-
ശക്തിയിൽപ്പെട്ട കൃത്യമൊക്കെയും തുഷ്ടിയോടും.
താണകൃത്യങ്ങളാരും ചെയ്യേണ്ടതില്ലാ ദൃഢം
താണകൃത്യങ്ങൾ ചെയ്യാൻ കല്പിച്ചുകൂടാനൃപൻ.
ന്യൂനമങ്ങതിനുള്ള ഭൃത്യൻെറയഭാവത്തിൽ
മാനിച്ചുവഴങ്ങണം ഭൂപൻെറ നിദേശത്തെ.
കാലാനുരൂപമേതു താണതാം കൃത്യത്തെയും
പാരാതെ ചെയ്തീടണം മേൽത്തരംഭൃതകനും.
ഭൂപതിയാരോടുമേ പ്രീതികാട്ടുന്നതാകിൽ
ചേതസി ചിന്തിക്കരുതവൻെറയനിഷ്ടത്തെ.
സ്വാധികാരത്തിനുള്ള ഗൌരവത്തിനേയാരും
ഏതുമേ പ്രദർശിപ്പിച്ചീടരുതന്യനോടായ്.

അന്യോന്യസ്പൎദ്ധകളുമന്യോന്യവൈരങ്ങളും
നന്നല്ലയധികാരിജനങ്ങൾക്കൊരിക്കലും.
മന്നവനാലേ തങ്ങൾ നിയുക്തരായുള്ളതു
നിൎണ്ണയം താന്താങ്ങൾ തൻ പ്രവൃത്തിനടത്തുവാൻ.
പൃഥ്വീനായകൻതാനും പൃഥ്വീശഭൃത്യന്മാരും
തത്തദ്വൃത്തികൾനിത്യം നിഷ്ഠയാപാലിക്കുമ്പോൾ
ലക്ഷ്മിതാൻ തത്രവന്നു വിലസുമന്യാദൃശ-
ശക്തിയുൾക്കൊണ്ടും തഥാ ചാഞ്ചല്യംകൈവെടിഞ്ഞും.
അന്യനാമുദ്യോഗസ്ഥൻതന്നുടേ വൃത്താന്തത്തെ
മന്നവൻശ്രമിച്ചാലുമന്യനോടോതീടൊലാ.
നിൎണ്ണയമതുപോലെയന്യന്റെ വൎത്തമാനം
അന്യനിൽ നിന്നുകേൾപ്പാനിടവുംകൊടുക്കൊലാ.
ഭൂപന്റെ ഹിതമെത്തും നിൎണ്ണയമഹിതവും
ഭൂപനെയറിയിക്കാതിരിക്കുമധികൃതൻ
ഭൂപന്റെ ഗൂഢമാകും ശത്രുവാണല്ലോ ദൃഢം
കേവലംദാസരൂപം ധരിച്ചങ്ങിരുന്നാലും.
ഹിതവുമഹിതവും മന്ത്രിമാർതന്നിൽനിന്നും
ശ്രവണംചെയ്തിടാത്ത പൃഥിവീനാഥൻ തഥാ
നിയതം പ്രജാധനം കവരാനിരിക്കുന്ന
ധരണീനാഥവേഷധരനാം സ്തേനനത്രേ.
സ്വച്ഛമാമുദ്ദേശത്തോടൊത്തഹോ രാജപുത്രർ
പൃച്ഛിക്കും ചോദ്യങ്ങൾക്കങ്ങൊക്കെയും വൈപരീത്യം
സ്വച്ഛന്ദമോതുന്നതാം പൃഥ്വീശമന്ത്രിമാരും
പ്രച്ഛന്നവേഷരാകും തസ്കരന്മാരാകുന്നു.
രാജപുത്രന്മാർ വെറുംബാലരെന്നിരുന്നാലും
രാജമന്ത്രിമാർ നൂനമവരേ മാനിക്കണം.
ഏതുകാലത്തും ബഹുവചനംതന്നെചൊല്ലി-
സ്സാദരം സംബോധനചെയ്യണമിവർ തമ്മേ.

രാജപുത്രന്മാരുടെ ദുശ്ചേഷ്ടിതങ്ങളൊന്നും
രാജാവിനോടറിയിച്ചീടരുതൊരുവനും.
ശ്രേയസ്സിന്നാകാ ദൃഢമവരെദ്ദ്വേഷിപ്പതു,
പൊയ്യല്ല ഭാര്യാപുത്ര സ്നേഹാതിരേകത്തിനാൽ.
ക്ഷോണീശനാവശ്യമാം കാൎയ്യമൊന്നാമതായ്ഞാൻ
പ്രാണസന്ദേഹത്തിലും ചെയ്തിടാൻ തയാറിതാ,
വൈകാതെ കല്പിച്ചാലും എന്നുരചെയ്തുവേഗാൽ
ആകുന്നമട്ടിലതു സാധിക്കാൻ ശ്രമിക്കണം.
മഹത്താംകാൎയ്യത്തിനും ക്ഷോണിപാലനുംവേണ്ടി
ത്യജിച്ചീടണമാരും പ്രാണനെപ്പോലും നൂനം.
ഭൃത്യരേ രക്ഷിപ്പതു കുടുംബപുഷ്ടിക്കായി,
പൃഥ്വിയിലന്യകാൎയ്യ സിദ്ധ്യൎത്ഥമല്ലാ ദൃഢം.
ഭൃത്യന്മാർഹരിക്കുന്നു പ്രഭുവിൻ ധനത്തിനേ
പൃഥ്വീശൻ ഹരിക്കുന്നു ഭൃത്യന്റെ ജീവിതത്തേ.
യുദ്ധാങ്ങളാദിയായ മഹത്താംകാൎയ്യങ്ങളിൽ
ഭൃത്യന്റെ ജീവിതത്തേ പൃഥ്വീശൻ ഹരിക്കുന്നു.
ഭൃത്യനുമതുപോലെ ഹരിച്ചുകൊണ്ടിടുന്നു
പൃഥ്വീശൻധനത്തിനേ സ്വച്ഛമാംഭൂതിയായി.
ഇച്ഛിച്ചൊന്നവണ്ണമല്ലാതന്യഥാ ഹരിക്കുകിൽ
നിശ്ചയം രണ്ടാൾകളുമെത്തിടും വിനാശത്തിൽ.
രാജാവിനെയും യുവരാജാവിനേയും സദാ
മാനിച്ചുകൊണ്ടിടണം മന്ത്രിമാരാദിയായോർ.
മാന്യരാകുന്നു നവമന്ത്രിമാരതിലൂനം,
മാന്യരാണതിങ്കലുമൂനമായധികൃതർ.
മന്ത്രികൾ സമമായി മാനിച്ചുകൊണ്ടിടണം
സന്തതമയുതമാം കാലാളിന്നധിപനേ.
ആയിരം കാലാളുകൾക്കധിപൻതന്നെപ്പുന-
രായതിൽ കുറവായിബ്ബഹുമാനിച്ചിടേണം.

രാജാവിനോടുകൂടി വിളയാടരുതാരും,
രാജാവു വിഹരിച്ചാലുത്സാഹിപ്പിച്ചിടേണം.
രാജപത്നിയേ ന്യൂനം ധിക്കരിക്കരുതത്രേ,
രാജകന്യകമാരെത്തന്നെയുമമാത്യന്മാർ.
രാജസംബന്ധിമാരും രാജാവിൻമിത്രങ്ങളും
പൂജിതരായിടേണം നിൎണ്ണയം യഥാൎത്ഥിതം.
പെരുതാം കാൎയ്യമങ്ങു പലതും വെടിഞ്ഞിട്ടും
അരചൻവിളികേട്ടാലുടനേ ചെന്നീടണം.
പരിചോടാലോചിച്ച രാജ്യകാൎയ്യത്തെയാരും
ഉരചെയ്യരുതേതും മിത്രങ്ങളോടുപോലും.
തനിക്കു കിട്ടാനുള്ള വേതനമല്ലാതെ ക-
ണ്ടൊരുത്തൻ കൊതിക്കരുതടത്തം നൃപധനം.
പ്രവൃത്തിമധ്യത്തിലെശ്ശമ്പളംപോലുമൊരാൾ
കൊതിച്ചുകൂടാ തഥാ കല്പനയില്ലെന്നാകിൽ.
ഹനിച്ചുകൂടാ ദൃഢമന്യന്റെ ഗുണത്തിനേ
തനിക്കുണ്ടായീടുമോരൎത്ഥലാഭേച്ഛമൂലം.
തന്നുടേ ഭാൎയ്യാപുത്രന്മാരാലും ധനത്താലും
തന്നുടേ പ്രാണനാലുമേതൊരു ഭൃതകനും
തന്നുടേ നൃപാലനെ രക്ഷണംചെയ്തീടണം
നിൎണ്ണയമതിനുള്ളോരാവശ്യം വരുങ്കാലം.
കൈക്കാണം വാങ്ങീടരുതുരിയാടരുതേതും
സത്യത്തിന്നെതിരാകും കാൎയ്യത്തേ നൃപനോടായ്.
അക്രമമായും പുനരുഗ്രകാഠിന്യംപൂണ്ടും
ശിക്ഷകൾനല്കും പൃഥീപാലനേ തടഞ്ഞിട്ടു
തൎക്കമെന്നിയേ കാൎയ്യമേകാന്തേ കേൾപ്പിക്കണം
തക്കപോൽ രാജഭൃത്യൻ രാജ്യഗുപ്തിക്കുവേണ്ടി.
ഭൂപനു ഹിതമേതും ജനങ്ങൾക്കഹിതവും
ആയിട്ടും കാൎയ്യമേതും ചെയ്യരുതൊരിക്കലും.

പുതുതാം കരങ്ങളും പുതുതാം ചൃങ്കങ്ങളും
സുദൃഢമുണ്ടാക്കിടും ലോകക്ക് സങ്കടത്തെ.
കുലത്തിൽ ജനിച്ചവനായാലും നരവരൻ
വെറുത്തു ഗുണങ്ങളും നീതിയും ബലമതും,
ഭവിച്ചുകൊണ്ടീടുകിൽ ധർമ്മവിദ്വേഷിയായി,
ത്യജിച്ചീടണം രാഷ്ട്രധ്വംസിയാമവൻതന്നെ.
തൽപ്പദംതന്നിൽ രാജ്യഗുപ്തിക്കായ് പുരോഹിതൻ
തൽകുലജാതനായും ഗുണസമ്പന്നനായും
വർത്തിക്കുമൊരുവനേ രാജാവായ് വാഴിക്കണം
സിദ്ധിച്ചിട്ടനുവാദം പ്രകൃതിമാരിൽനിന്നും.
അസ്ത്രധാരികളസ്ത്രം പായുന്ന ദൂരത്തേയും,
ശസ്ത്രധാരികൾ ദശഹസ്തമാം സ്ഥലത്തെയും
വിട്ടു ഭൂപനിൽനിന്നും മാറിയങ്ങിരിക്കണം,
ഉററസേവന്മാർ നൃപൻ കല്പിക്കും സ്ഥലത്തിലും.
മന്ത്രിമാരായുള്ളോരും ലേഖകന്മാരുമെല്ലാം
സന്തതം പഞ്ചഹസ്തം ദൂരേയായിരിക്കണം.
സേനാനിമാരില്ലാതേ ശസ്ത്രാസ്ത്രധരരാകും
സൈനികജനം കടക്കരുതു സഭതന്നിൽ.
എല്ലാരിൽവച്ചും ശ്രേഷ്ഠതമനപ്പുരോഹിതൻ,
ചൊല്ലാന്നു സേനാധിപൻ ശ്രേഷ്ഠനായിട്ടും സ്മൃതൻ
തുല്യരാണത്രേ സുഹൃജ്ജനവും സംബന്ധിയും
കല്യരാംമന്ത്രിവീരരുത്തമരായും സ്മൃതം.
മധ്യമരത്രേ ദൃഢമധികാരികളെല്ലാം,
തദധമധമന്മാർ ദശ്കലേഖകന്മാർ.
ഭൃത്യന്മാർ, പരിചാരഗണങ്ങളിവരെല്ലാം,
ഉക്തമാകുന്നു ന്യൂനമധമതമരായി.
നിശ്ചയം പരിചാരഗണത്തേക്കാളും താണു
നില്ക്കുന്ന ഹീനരാകും ജോലിക്കാരെല്ലാവരും.

ഉത്ഥാനംചെയ്തു ചെമ്മേ മുന്നോട്ടുഗതികൊണ്ടും
സ്വസ്ഥാനേ നിവേശിച്ചും കുശലം വിചാരിച്ചും
സൽക്കാരംചെയ്തീടണം സഭയിൽ പുരോഹിത-
മുഖ്യരാംമന്ത്രിമാരെ സ്സുസ്മേരനായി നൃപൻ.
മററുള്ളയധികാരിഗണത്തോടെല്ലാരോടും
മുററുന്ന മമതയെ ക്കാണിച്ചുകൊണ്ടിടണം.
വിദ്യയുള്ളവൎക്കെല്ലാം ശാരദചന്ദ്രനായും
വിദ്വേഷികൾക്കു നൂനം ഗ്രീഷ്മചണ്ഡാൎക്കനായും
സ്വപ്രജകൾക്കു സൎവ്വം വസന്താദിത്യനായും
നിത്യവും ഭവിക്കണം ത്രിവിധം നരവരൻ.
ബ്രാഹ്മണരല്ലാത്തുള്ള ജനങ്ങളോടു നൃപൻ
വെണ്മയാം മൃദുളത്വം കാട്ടുവാൻ തുടങ്ങിയാൽ
മന്നവൻതന്നെയകപ്പെടുത്തും നീചരവർ
നിൎണ്ണയം ഗജത്തിനേ ഹസ്തിപകന്മാർപോലേ.
ഭൃത്യന്മാരാദിയായ ജനങ്ങളോടു നൃപൻ
കൃത്യമായ് വൎജ്ജിക്കണം കളിയും വിനോദവും.
മിഥ്യയല്ലതുമൂലം നൃപനു വന്നുകൂടും
അത്യന്തമപമാനമായതുമനൎത്ഥവും.
സ്വാൎത്ഥങ്ങൾ സാധിക്കുവാൻ വേണ്ടിയങ്ങിവരെല്ലാം
കൃത്യങ്ങൾ ചെയ്യേണ്ടതു ഭംഗിയിൽ ചെയ്തുചെമ്മേ
പ്രത്യേകം പ്രത്യേകമായടുക്കും നൃപനോടു;
നിസ്തൎക്കമത്രേ സ്വാൎത്ഥതൽപ്പരരെല്ലാവരും.
രാജകല്പനയ്ക്കിവർ വികല്പം വരുത്തിടും
രാജാജ്ഞനിരസിക്കുമുല്ലംഘിക്കയും ചെയ്യും.
രാജഭോജ്യങ്ങളെല്ലാം ഭുജിച്ചുകൊണ്ടിടുമേ
വ്യാജമല്ലവനവൻകൃത്യവും ത്യജിച്ചിടും.
രാജാവിൻ രഹസ്യങ്ങൾ പുറത്തേ പറഞ്ഞിടും,
രാജാവു ചെയ്തിട്ടുന്നോരകൃത്യം വൎണ്ണിച്ചിടും,

രാജവേഷത്തെ ധരിച്ചിരിക്കുമെല്ലാപ്പോഴും,
രാജാവുതന്നേ വഞ്ചിച്ചീടുകയത്തും ചെയ്യും.
താന്താങ്ങൾഭാൎയ്യമാരേ പ്പൂജിച്ചുകൊണ്ടിരിക്കും
എന്തെന്നു ചോദിക്കുകിൽ സ്വാമിയെ ഹസിച്ചിടും;
എന്തുമേയുരചെയ്യും നാണമില്ലാതെ നൂനം
ഹന്ത തൻപ്രഭുവിനെ ക്കളിയാക്കയും ചെയ്യും.
കല്പന നിരസിക്കുമകൃത്യം ചെയ്യാനിവ-
ൎക്കല്പവും ഭയമുള്ളിലില്ലാതെയായും വരും.
ഇത്തരം ദോഷമെല്ലാം നിശ്ചയം സംഭവിക്കും
ഭൃത്യാദിജനത്തോടു പൃഥ്വീശൻ വിഹരിക്കിൽ.
ക്ഷിതിപൻതന്റെ രേഖാമൂലമാമാജ്ഞയെന്ന്യേ,
ഭൃതകൻ ചെയ്തീടരുതേതൊരു കാൎയ്യത്തെയും;
അരുളിച്ചെയ്തുകൂടാ നൃപതി ചെയ്തീടുവാൻ
ചെറുതാംകാൎയ്യമതോ, വലുതോ, രേഖയെന്ന്യേ.
പിഴകൾവന്നുപോകും പുരുഷധൎമ്മമതിൽ;
പിഴയാതുള്ള മാൎഗ്ഗമതിനാൽ രേഖതന്നേ.
രാജകൃത്യങ്ങൾ രേഖകൂടാതെ നടത്തുവാൻ
കൂസലെന്നിയേയാജ്ഞ നല്കുന്ന നൃപാലനും
രാജകൃത്യങ്ങൾ രേഖയെന്നിയേ ചെയ്തീടുവാൻ
കൂസാത്ത ഭൃതകനും ചോരന്മാർതന്നെ പാരിൽ.
ഭൂപന്റെ തിരുവടയാളമുള്ളോരു ലേഖ്യം
ഭൂപതിതന്നെ നൂനം ഭൂപനല്ലഹോ ഭൂപൻ!
ഭൂപന്റെ തൃക്കയ്യിനാൽ ലിഖിതമായുള്ളതും
ഭൂപതിതന്റെ തിരുമുദ്രയേ വഹിപ്പതും
ആയിടും രേഖതന്നേ ലേഖ്യത്തിലെല്ലാററിലും
മായമെന്നിയേ പാരമുത്തമോത്തമം ലേഖ്യം.
ഉത്തമമായ രേഖ രാജാവിൽ നിന്നുള്ളതും,
മദ്ധ്യമമാകുന്നതു മന്ത്ര്യാദ്യർ നൽകുന്നതും,

ചട്ടററപൌരാവലി നൽകിയാൽ കനിഷ്ഠവും,
തിട്ടമാണെല്ലാമിതു നിഷ്ഠയോടനുഷ്ഠേയം.
യാതൊരു കാൎയ്യങ്ങളിൽ താന്താങ്ങൾ നിയുക്തരോ
ജാതമോദേന നരപാലനാൽ പ്രീതിപൂൎവ്വം,
ആയവയെല്ലാം യഥാകാലത്തു യഥോചിതം
ചെയ്യുന്ന വിധങ്ങളെ ക്കാണിച്ചു യഥാക്രമം
വാസരം പ്രതിയായോ മാസികമായോ തഥാ
വാൎഷികമായോ ബഹുവാൎഷികമായോ ദൃഢം
ലേഖനമെഴുത്തിട്ടു സമൎപ്പിക്കണം ധരാ-
നായകനമാത്യന്മാർ യുവരാജാദിയായോർ.
ഉൎവ്വീശനാദികളാലങ്കിതമായുള്ളതാം
സൎവമാം ലേഖ്യങ്ങൾക്കും വയ്ക്കണം സ്മൃതിപത്രം.
ഓൎമ്മകൾ നശിച്ചുപോം കാലങ്ങൾചെല്ലുംതോറും,
പിന്നെയും പ്രമാദങ്ങൾതന്നെയും വന്നുകൂടും.
ബ്രഹ്മാവു മുന്നം ചമച്ചീടിനാനെഴുത്തിനേ
നിൎമ്മായമോൎമ്മിപ്പിപ്പാൻ നരൻെറ പൂൎവവൃത്തം;
നിൎണ്ണയം വചസ്സുകൾക്കുള്ളതാം വൎണ്ണം സ്വരം
എന്നിതുകൾക്കു നിത്യചിഹ്നമായിട്ടു തന്നേ.
ലേഖ്യങ്ങൾരണ്ടുവിധം:—വൃത്താന്തക്കുറിപ്പൊന്നു
മറേറതു ഋനമായവ്യയങ്ങൾ കുറിപ്പതും.—
മൎത്ത്യൻെറ വ്യവഹാരക്രിയകൾഭേദങ്ങളാൽ
വൎദ്ധിച്ചു രണ്ടും ബഹുവിധങ്ങളായിത്തീൎന്നു.
വാദസംഗതി, പുനരുത്തരം, പ്രത്യുത്തരം,
വാദങ്ങൾ കേട്ടുചെയ്യും സാരമാം തീൎപ്പെന്നിവ,
വാദമെന്നിയേയടങ്ങീടുന്ന ലേഖ്യത്തിനു
ഖ്യാതമാകുന്നു നാമം ജയപത്രമെന്നായി.
സാമന്തർ, ഭൃതകന്മാർ, രാഷ്ട്രപരാദിയായോർ
സാമാന്യംചെയ്യേണ്ടുന്ന കാൎയ്യങ്ങൾ നിദേശിച്ചു

ഭൂമീശനെഴുതിവിട്ടീടുന്ന ലേഖ്യത്തിന്ന
നാമമോതുന്നു നൂനമാജ്ഞാപത്രമെന്നായി.
ഋത്വിക്ക്, പുരോഹിതനാചാൎയ്യനെന്നിവൎക്കും
തഥാവിധമുള്ള മററുമാന്യൎക്കും പൂജ്യന്മാൎക്കും
പൃഥ്വീശനയയ്ക്കുന്ന കത്തിടപാടിനെല്ലാം
ഉക്തമാം പ്രജ്ഞാപനപത്രമെന്നുള്ള നാമം.
എല്ലാരുമറിയണം മമശാസനമിദം
എല്ലാരുമതിന്മണ്ണം നടന്നുകൊണ്ടിടണം
എന്നിത്ഥം തിഥിവച്ചു മന്നവൻ തുല്യംചാൎത്തി
വന്നെത്തും ലേഖ്യമതു ശാസനപത്രമത്രേ.
സേവനംകൊണ്ടും തഥാ ശൌൎയ്യാദിഗുണംകണ്ടും
ഭൂമിപൻ പ്രസാദിച്ചു ദേശാദി സമ്മാനിക്കിൽ
ഭൂപൻതൻ പ്രസാദത്താലുളവാമാപ്രമാണം
ജ്ഞാതമാം 'പ്രസാദപത്രാ'ഭിധാനത്തിനാലേ.
കരങ്ങൾ പിരിച്ചെടുത്തീടുവാനായും തഥാ
പരിചോടുപായനം വാങ്ങിച്ചുകൊള്ളുവാനും
അവകാശങ്ങൾനൽകും ഭോഗപത്രം കൊടുക്കാം
പുരുഷാവധിയായോ കാലങ്ങൾ നിശ്ചയിച്ചോ.
ഭ്രാതാക്കളാദിയായോർ വസ്തുക്കൾ പരസ്പരം
ഭാഗിച്ചു മനസ്സാലേ വേറിട്ടു പിരിയുമ്പോൾ
ഭാഗിച്ചുപിരിഞ്ഞവരെഴുതിപ്പിടിക്കുന്ന
രേഖയ്ക്കുപേർചൊല്ലുന്നു ഭാഗലേഖ്യമെന്നായി.
ഭൂമിയും ഗൃഹാദിയും ദാനംചെയ്യുന്നനേരം
ദായകനതിലേക്കു രേഖയെച്ചമയ്ക്കണം.
നൂനമങ്ങതിന്നുപേർ ദാനലേഖ്യമായ് ചൊൽവു,
ചേണൊന്നൊരാപ്രമാണമച്ഛേദ്യമഭേദ്യവും.
ഗൃഹവും ഭൂമികളും വിലയ്ക്കുവില്ക്കുന്നതി-
ന്നെഴുതും പ്രമാണത്തിലളവും മൂല്യമതും

ലിഖിതമായിടേണം സാക്ഷികൾ വിവരവും;
നിയതമതിന്നുപേർ ക്രയപത്രമെന്നാത്രേ.
ജംഗമസ്ഥാവരങ്ങളീടായിബ്ബന്ധിപ്പിച്ചും
വാങ്ങുന്നപണമതും വസ്തുവും വിവരിച്ചും
എന്നല്ല സാക്ഷിവച്ചുമെഴുതും പ്രമാണത്തെ
ചൊന്നിടും സാദിപത്രമെന്നതായിട്ടു പാരിൽ.
ഗ്രാമങ്ങൾ തമ്മിൽത്തമ്മിൽ ചെയ്തിടുംകരാറിനു
നാമമോതിടുന്നിതു സത്യലേഖ്യമെന്നായി.
പൃഥ്വീശന്മാർതങ്ങളിൽ യുദ്ധത്തെവിട്ടു ധർമ്മ-
രക്ഷയ്ക്കായ് ചെയ്യും കരാർ സംവിൽപ്പത്രമെന്നുക്തം.
പണങ്ങൾ പലിശയ്ക്കുകൊടുത്തും സാക്ഷിവച്ചും
ലിഖിതമാകുംപത്രമൃണലേഖ്യമായ് ചൊൽവൂ.
ശാപങ്ങളുത്തീർണ്ണമായിടുന്ന പൊഴുതിലും
കാര്യങ്ങൾ പിഴചെയ്തുതീരുന്ന സമയത്തും
പാരാതെ സാക്ഷിവച്ചു ബുധന്മാരാലേ ദത്ത-
മാകുന്ന ലേഖ്യത്തിനു പേരതു ശുദ്ധിപത്രം.
കൂട്ടുപങ്കുകാർചേന്നു പണങ്ങൾശേഖരിച്ചു
കൂട്ടുകച്ചോടംചെയ്വാനെഴുതിപ്പിടിക്കുന്ന
കൂട്ടുടമ്പടിക്കുള്ള പേരതുചൊല്ലിടുന്നു
കോട്ടമറ്റൊരു 'സാമയികപത്ര'മെന്നായി.
സഭ്യന്മാരധികാരിജനങ്ങൾ പ്രകൃതിമാർ
കെല്പെഴും സഭാസദന്മാരിവരൊപ്പിടാത്ത
പത്രത്തെയെതിർകക്ഷി തർക്കിക്കാതാദരിക്കിൽ
ഉക്തമായിട്ടുമതു സമ്മതിപത്രമായി.
തന്നതുകാര്യങ്ങളെയന്യോന്യം ഗ്രഹിപ്പിക്കാൻ
എഴുതും ലേഖ്യങ്ങളിൽ 'ശ്രീ'മംഗളാദിപദം
തുടങ്ങീടണം തഥാ മുൻകത്തിൻ വിവരവും
അടങ്ങീടണം മറുപടിയുമുണ്ടെന്നാകിൽ.

സന്ദിഗ്ദ്ധാൎത്ഥവുംമേലാ ഗൂഢാൎത്ഥമതുംമേലാ
സന്ദിഗ്ദ്ധാക്ഷരം തഥാ സന്ദിഗ്ദ്ധപദങ്ങളും;
സ്വന്തമാം പേരും പുനരൎത്ഥ്യനമ്മമാർപേരും
അന്തരംവിനാ പറഞ്ഞീടണം ലേഖ്യംതന്നിൽ.
ഏകദ്വിബഹുവചനാദരപദങ്ങളേ
ലേഖനത്തിങ്കൽ പ്രയോഗിക്കണം യഥാൎഹിതം.
വൎഷവും മാസം പക്ഷം ദിനവുമെഴുതണം
ജാതിനാമാദികളുമങ്കിതമായിടേണം.
നമസ്കാരവുമാശീൎവാദവും ചൊല്ലിക്കൊണ്ടും
നടക്കും കാൎയ്യങ്ങളേ കുറിച്ചീടുന്നതായും
മുറയ്ക്കു ഭൃത്യന്മാരും യജമാനനും തമ്മിൽ
നടത്തീടുന്ന ലേഖ്യം ക്ഷേമപത്രമെന്നുക്തം.
തരത്തിലിച്ചൊന്നതാം ലക്ഷണമെല്ലാംചേൎന്നും
തനിക്കു സംഭവിച്ചോരപമാനങ്ങളേയോ
സഹിച്ച വ്യഥയേയോ വിവരപ്പെടുത്തിയും
കുറിക്കും ലേഖ്യത്തിനേ 'ഭാഷാപത്രമായ്' ചൊൽവൂ.
വാൎത്തകൾ കുറിക്കുന്ന ലേഖ്യങ്ങൾ സമഷ്ടിയായ്
പ്രോക്തമായിതു മയാ ലക്ഷണസമന്വിതം.
അല്പമങ്ങിനിയായവ്യയങ്ങൾ കുറിക്കുന്ന
കത്തിടപാടുകളേ വിസ്തരിച്ചുരചെയ്യാം.
ആയവും വ്യയങ്ങളും കുറിക്കും ലേഖനങ്ങൾ
ആയവയുടെ വ്യാപ്യവ്യാപകഭേദങ്ങളും
മൂല്യമാനാദികളുമാശ്രയിച്ചനേകമാം
സംജ്ഞകളാലേ പാരിൽ വിദിതമായിടുന്നു.
സ്വൎണ്ണവും പശുക്കളും ധാന്യാദിവസ്തുക്കളും
നിൎണ്ണയം വൎഷാവൎഷമല്ലെങ്കിൽ മാസാമാസം
അല്ലെങ്കിൽ ദൈനംദിനം സ്വാധീനമാക്കിവയ്ക്കിൽ
ചൊല്ലിടുമതിന്നുപേർ "ആയ"മെന്നുള്ളതായി.

അന്ന്യന്മാൎക്കധീനമായ് തീൎത്തിടുംധനത്തിന്നു
ചൊന്നിടുന്നുണ്ടുനാമം വ്യയമെന്നായും തഥാ.
ആയമായതു രണ്ടുവിധമാകുന്നു പാരിൽ
ആയവ സാദ്ധ്യസ്ഥവും പിന്നെയും പ്രാചീനവും.
വ്യയമായതും രണ്ടുവിധമായുണ്ടായിടും,
അതിലൊന്നുപഭുക്തം മറ്റേതു വിനിമയം.
സഞ്ചിതധനമതു മൂന്നുമാതിരി വരും;
തന്നുടേധനമെന്നു സംശയംതീൎന്നുള്ളതും
അന്ന്യന്റെ ധനമെന്നു നിശ്ചയമറിഞ്ഞതും
പിന്നെയുമുടമസ്ഥൻ നിൎണ്ണീതമാകാത്തതും.
അന്ന്യന്റെധനമതും വന്നിടുംമൂന്നുവിധം.
ചൊന്നിടാമതുകളുമൊന്നൊന്നായിട്ടു നൂനം.
ഒന്നാമതൌപനിധ്യം പിന്നേതു യാചിതാൎത്ഥം
മൂന്നാമതായുള്ളതങ്ങൌത്തമൎണ്ണികമതും.
എന്നതിലൌപനിധ്യം സത്തുക്കൾ വിശ്വാസമായ്
തന്നുടെ കൈവശത്തിലേല്പിക്കും ധനമതും,
നിൎണ്ണയം വൃദ്ധിയെന്ന്യേ ഭൂഷണാദികളായി-
ട്ടന്ന്യരിൽനിന്നു വാങ്ങിടുന്നതു യാചിതവും.
പിന്നെയും വട്ടിനല്കാമെന്നുള്ള കരാറിന്മേൽ
വാങ്ങിടും ധനമതങ്ങൌത്തമൎണ്ണികമതും.
വഴിമേൽകിടന്നിട്ടും മറ്റുമായ്കിട്ടുന്നതാം
നിധികൾമുതലായതസ്വാമികാഖ്യം ധനം.
സ്വന്തമാംധനമതും രണ്ടായിപ്രകീൎത്തിതം
ചന്തത്തിൽ "സാഹജികം" "അധികം"എന്നിങ്ങനെ,
നാൾതോറും, മാസംതോറും, വത്സരംതോറുംക്രമാൽ
ഭേദമെന്നിയേ വരുമായംതാൻ"സാഹജികം."
വിലയിൽ വരുംലാഭം, പലിശ, പാരിതോഷ്യം,
പ്രതിദത്താൎത്ഥം, തഥാ ഭൃതിയായ്വരുംധനം,

ഇതുകളഖിലവും വിജിതാദിയും നൂനം
ഉദിതമാകും സ്വന്തസ്വത്തിലേ“യധികമാ”യ്.
ഇതരമായുള്ളതാം വരുമാനങ്ങളെല്ലാം
സ്മൃതമാകുന്നു ദൃഢം ‘സാഹജിക’മെന്നായി.
സഞ്ചിതധനം വീണ്ടും രണ്ടായിപ്രകീർത്തിതം
മുന്നാണ്ടുമിച്ചമെന്നും തന്നാണ്ടുവരവെന്നും.
പിന്നെയുമധികവും സാഹജികവും നൂനം
രണ്ടായിപ്പകുത്തിടാം പാർത്ഥിവാപാർത്ഥിവമായ്.
പൃഥ്വിയിൽനിന്നുണ്ടാകും വരുമാനത്തെയെല്ലാം
പാർത്ഥിവമായിടുന്നോരായമായ് ചൊല്ലിടുന്നു.
കൃത്രിമജലംതഥാ ദൈവിയായിടുംജലം,
തദ്വിധം ഗ്രാമം ദേശം പുരമെന്നിതുകളാൽ,
വ്യത്യസ്തീകൃതമായിബ്ഭവിച്ചിടുന്നു ദൃഢം
പാർത്ഥവമായിടുന്നോരായങ്ങൾ ബഹുവിധം.
അല്പമദ്ധ്യാധികമാം ഫലങ്ങളാലും തഥാ
വ്യത്യസ്തീഭവിച്ചിടും ഭൂവിഭാഗങ്ങളാലും.
ശുല്ക്കങ്ങൾ, ദണ്ഡം, ഖനി, ഭാടകം, ഉപായനം,
ഇത്യാദിമാർഗ്ഗങ്ങളിൽ സിദ്ധമാം വരവുകൾ
ഉക്തമായിടുമല്ലോ പാർത്ഥിവേതരമായി,
തൽക്കാര്യവിദഗ്ദ്ധരാം ലേഖകമുഖ്യന്മാരാൽ.
യൽക്കാര്യസിദ്ധ്യർത്ഥമായേതൊരായം ഭവിപ്പൂ
തൽക്കാര്യമതിൻനാമം വഹിപ്പൂ വ്യയമതും.
വ്യയമായതും വ്യാപ്യവ്യാപകസമന്വിതം
നിയതംഭവിക്കുന്നു പാരിതിൽ രണ്ടുവിധം.
അതിലൊന്നിതുനൂനം പുനരാവർത്തകവും
സുദൃഢം രണ്ടാമതു സ്വത്വത്തിൻ നിവൃത്തിയും.
നിധ്യുപനിധികളേയുണ്ടാക്കിവയ്ക്കുന്നതും
വൃദ്ധിക്കായിട്ടും മററുംപണങ്ങൾ കൊടുപ്പതും

PRESENTED BY:
1051 M. K. VASUDEVAN NAIR
MANIYAKA VEEDU
MALAYINKIL

അർത്ഥങ്ങൾ വിനിമയം ചെയ്തിടുന്നതുമെല്ലാം
ഉക്തമായീടുന്നതു പുനരാവർത്തകമായ്.
ഭൂമിയിൽധനങ്ങളേ ക്കുഴിച്ചുവെയ്ക്കുന്നാകിൽ
ആയതിനങ്ങു പേരുചൊല്ലുന്നു'നിധിയായി.'
പരന്മാർതന്നിൽ സ്ഥിതിചെയ്യുന്ന ധനത്തിനു
പറയും 'ഉപനിധി' എന്നുള്ള നാമമത്തും.
വിലകൾ കൊടുത്തേതും പകരംവാങ്ങുന്നാകിൽ
അതിനേ "വിനിമയീകൃതം" എന്നുരചെയ്യും.
ഉഭയംവച്ചോ പുനരുഭയമില്ലാതെയോ
വിതരിക്കുന്ന ധനമാധമർണ്ണികമത്രേ.
ഉഭയത്തിന്നായ്നല്കും ധനത്തേ 'ഋണ'മെന്നും
ഉഭയരഹിതത്തേ യാചിതമെന്നുംചൊൽവു.
സ്വത്വത്തിൻ നിവൃത്തിയതൈഹികമായുംവരാം
തദ്വിധംവരാമതു പാരലൌകികമായും.
പ്രതിദാനവും പാരിതോഷ്യവും വേതനവും
പ്രഥിതഭോഗ്യമതുമൈഹികമത്രേ നാലും.
പാരലൌകികമാകും വ്യയത്തിന്നങ്ങുപാത്താൽ
പാരാതെ നിരവധിഭേദങ്ങളുണ്ടായ്‌വരും.
യാതൊരുധനമതു യാതൊന്നിൻവിലയായി
യാതൊരാൾ കൊടുക്കുന്നുണ്ടായതു പ്രതിദാനം.
സേവനം വിചാരിച്ചോ ശൌര്യാദിഗുണംപാത്തോ
സൌജന്യമായിനല്കും ധനംതാൻ പാരിതോഷ്യം.
വേലയ്ക്കു കൂലിയായി നല്കിടുംധനത്തിനു
ചാലവേ ചൊല്ലിടുന്നു വേതനമെന്നു നാമം.
ധാന്യവസ്ത്രങ്ങൾ, ഗൃഹാരാമങ്ങൾ, രഥാദികൾ,
ഗോഗജാദികൾ, വിദ്യാരാജ്യാദിസമ്പാദ്യങ്ങൾ,
ഈവകകൾക്കും ധനാദ്യർത്ഥവും രക്ഷാർത്ഥവും
ചെയ്തിടും വ്യയത്തിനേ ചൊല്ലിടുമുപഭോഗ്യം.

സുവൎണ്ണരത്നരൂപ്യനിഷ്കശാലകളതും,
രഥാശ്വഗോഗജോഷ്ട്രമേഷാജശാലകളും,
വാദ്യശാലകൾ, തഥാ ശസ്ത്രാസ്ത്രശാലകളും,
വസ്ത്രശാലകൾ, മന്ത്രിശാലകൾ, വൈദ്യശാല,
ശില്പശാലകൾ, നാട്യശാലകളിതുകളും,
കെല്പെഴും ധാന്യശാല, സംഭാരശാലകളും,
ഊക്കെഴും മൃഗശാല, പാകശാലകൾ തഥാ,
പക്ഷികൾക്കായിട്ടുള്ള ശാലകളിതുകളും
ഒക്കെയും മനുഷ്യന്റെ ഭോഗ്യാൎത്ഥമാകയാലേ
ഭോഗ്യമെന്നുരച്ചീടുമാവക വ്യയങ്ങളെ.
നാലുമാൎഗ്ഗത്തിൽ വരും പാരലൌകികംവ്യയം,
നേരാണു തപം, ഹോമം, അൎച്ചനം, ദാനമെന്നായ്.
പാരാതെ "യാവത്കം" നിവൎത്തിയെന്നിങ്ങനേ
പാരിതിലായവ്യയം രണ്ടായിപ്പകുത്തിടും.
ആയവും വ്യയങ്ങളും കുറിക്കുംലേഖകന്മാർ
ആവതും ന്യൂനാധിക്യം ഭവിക്കാതിരിക്കുവാൻ
ദ്രവ്യങ്ങൾ കൊടുപ്പതു കുറിച്ചുംകൊണ്ടുവേണം
ദ്രവ്യങ്ങളെടുപ്പതും കുറിച്ചുംകൊണ്ടുതന്നേ.
ആയവും വ്യയങ്ങളും ബഹുധാ ഭിന്നമാകും
ആയവയുടെ ഹേതുഭേദങ്ങൾ, സംബന്ധങ്ങൾ,
മാനഭേദങ്ങൾ, പരിമാണങ്ങളുന്മാനങ്ങൾ,
ന്യൂനമങ്ങവയുടെ സംഖ്യകളിതുകളാൽ.
വ്യാപാരകാൎയ്യങ്ങളിൽ കുശലരായുള്ളവർ
വ്യാപാരപ്രമാണമായെടുത്തുകൊണ്ടിടുന്നു
ചിലപ്പോൾ മാനത്തെയും ചിലപ്പോളുന്മാനവും,
ചിലപ്പോൾ സംഖ്യയേയും ചിലപ്പോളെല്ലാററെയും.
അംഗുലാദികളാകുമളവാണത്രേ മാനം,
ഉണ്മയിൽ ത്രാസിലിട്ടു തൂക്കുന്നതുന്മാനവും,

ധാന്യാദിയളപ്പത്തു പരിമാണവും പുന-
രൊന്നുതൊട്ടെണ്ണുന്നതു സംഖ്യയുമത്രേദൃഢം.
ഈവകയളവുകളോരോന്നുമതാതിന്റെ-
യാവശ്യംപോലെയുപയോഗിച്ചുകൊണ്ടീടണം.
പൊൻ വെള്ളി ചെമ്പു നാണ്യം രത്നങ്ങൾ കവടികൾ
എന്നിവയെല്ലാം ചൊൽവു "ദ്രവ്യ"മെന്നുള്ള നാമം.
പശുക്കൾ, ധാന്യങ്ങളും, വസ്ത്രാദി തൃണാന്ത്യവും-
ഉരയ്ക്കപ്പെട്ടുന്നിതു ധനമെന്നുള്ളപേരിൽ.
ഒരുത്തന്നുടയതാം സുവർണ്ണാദികൾ പാരിൽ
ഭവിച്ചീടുന്നിതത്രേ മൂല്യത്വം വ്യാപാരത്തിൽ.
ജഗത്തിൽ കാരണാദിസർവ്വം തികഞ്ഞൊത്തു
ഭവിച്ചീടുമ്പോൾ ദൃഢം ജനിപ്പു പദാർത്ഥവും.
യാതൊന്നു വാങ്ങിടുവാൻ യാതൊരുവ്യയം ചെയ്‌വു
വാദമില്ലാവ്യയം താനായതിന്നുള്ള മൂല്യം.
സാധനത്തിന്റെ വിലക്കൂടുതൽ കുറവുകൾ
സാധനമതിന്നുള്ള സുലഭാസുലഭത്വം,
ആയതിന്നുള്ളഗുണാഗുണങ്ങളതിന്നുള്ള
മോഹമെന്നിതുകളേയാശ്രയിച്ചിരിക്കുന്നു.
രത്നങ്ങൾ പൊൻവെള്ളികളാദികൾക്കുള്ളതാകും
തഥ്യമായിട്ടുംവിലയിടിച്ചീടരുതാരും.
തിട്ടമാണെന്നാൽ പൃഥ്വീനായകന്മാർതങ്ങടേ
ദുഷ്ടതമൂലം വിലയിടിവു ഭവിക്കുന്നു.

*    *    *    *

*    *    *    *

ചൊല്ലെഴും, രാജലേഖ്യം മന്നവൻ തൃക്കൺപാർത്തു
നല്ലോണമാലോചിച്ചു തുല്യംചാർത്തുകവേണം.
മന്ത്രിയും, പ്രാഡ്വിവാകൻ, പണ്ഡിതൻതാനും തഥാ
മന്ത്രവിത്തായിടുന്ന ദൂതനും ലേഖ്യത്തിന്നേ
തങ്ങടേ സമ്മതത്തോടെഴുതിയെന്നുള്ളതായ്

മങ്ങാതെ കൈയ്യെഴുത്തിലെഴുതിയൊപ്പിടേണം.
ചൊല്ലാമന്നൊരമാത്യനും സാധുവെന്നെഴുതണം
തെല്ലുമേ തെററില്ലെന്നു നിർണ്ണയം സുമന്ത്രനും.
പിന്നെയാപ്രധാനാഖ്യൻ സത്യമെന്നെഴുതണം
പിന്നാലേ പ്രതിനിധിയംഗീകാര്യമെന്നായും.
അംഗീകർത്തവ്യമെന്നു യുവരാജാവെഴുതണം
അങ്ങിനേയാകാമെന്നു പിന്നെയപ്പുരോധസ്സും.
എല്ലാരുമവനവൻതന്നുടെ മുദ്രകളും
കില്ലെന്ന്യേ പതിക്കണം നിർണ്ണയം പ്രമാണത്തിൽ.
പിന്നെയങ്ങതിൽ "അംഗീകൃതം" എന്നുള്ള വാക്ക
മന്നവനെഴുത്തിട്ടു മുദ്രയും വച്ചീടണം.
ലേഖ്യങ്ങളെല്ലാം നൃപൻ കൃത്യബാഹുല്യംമൂലം
സൂക്ഷ്മമായ് പാർത്തിടുവാൻ ശക്യമല്ലാതെ വരാം.
നോക്കണം തൽക്കാരണാൽ യുവരാജാവും മന്ത്രി-
വർഗ്ഗവും ലേഖ്യങ്ങളെ വയ്ക്കണം മുദ്രകളും.
നോക്കിടാൻ വേണ്ടപോലെ സാധ്യമല്ലാതേ വരും
ലേഖ്യത്തിൽതൃക്കൈകൊണ്ടു "കണ്ടു" എന്നെഴുതണം.
ആദ്യമായായത്തിനേക്കുറിച്ചുകൊണ്ടീടണം
വ്യത്യസ്തമെന്ന്യേ പിന്നേ കൃത്യമായ് വ്യയത്തെയും.
പത്രത്തിൽ വാമഭാഗത്തായത്തേ യെഴുതണം
ദക്ഷിണഭാഗത്തായി വ്യയവും കുറിക്കണം.
ലേഖ്യത്തേക്കുറിച്ചല്പം പറഞ്ഞു ചുരുക്കി ഞാൻ
ലേഖ്യമായതു ന്യൂനം പാർക്കിലോ സ്മൃതിപത്രം.
ഗുഞ്ജയും, മാഷം, തഥാ കർഷവും, പദാർദ്ധവും
അഞ്ചിതാകാരമാകും പ്രസ്ഥവുമുള്ളതിങ്കൽ
അഞ്ചുമങ്ങതാതിൻെറ മുമ്പിലായ് ചൊൽവതിൻെറ-
യഞ്ചുരണ്ടിരട്ടികൊണ്ടീടുന്നോരളവത്രേ.
അഞ്ചുചേർന്നീടിൽ പ്രസ്ഥം ആഢകമായിത്തീരും
അഞ്ചോടുമൂന്നുചേരും ആഢകം അർമ്മണവും,

അർമ്മണമിരുപതു ചേൎന്നു ഖാരികയും
നിർമ്മായമിവയെല്ലാം ദേശങ്ങൾതോറുംമാറും.
അഞ്ചംഗുലങ്ങളാഴം നാലംഗുലങ്ങൾ വീതി
ചെഞ്ചെമ്മേ ചേരും പാത്രം "പ്രസ്ഥപാദമെന്നുക്തം".
സംഖ്യകളാരോഹണക്രമത്തിലായോ പുന-
രങ്ങവയവരോഹണത്തിന്റെ ക്രമത്തിനോ
സമ്യക്കായിട്ടും വണ്ണം ലിഖിതമായിടുമ്പോൾ
ഉണ്മയിലിടത്തുന്നു വലത്തോട്ടെഴുതണം.
ഓരോന്നും വലത്തോട്ടു പത്തിരട്ടിയാംമട്ടിൽ
സ്ഥാനങ്ങൾ പരാൎദ്ധത്തിൻവരേക്കുമെഴുതിടാം.
കാലമായതു ന്യൂനം ദുൎഗ്ഗമമാകയാലേ
കേവലമശക്യംതാൻ സംഖ്യയേ നിൎവ്വചിപ്പാൻ.
ധാതാവിനുള്ളോരായുസ്സായതു മനീഷികൾ
ക്രൂസാതെ പരാൎദ്ധങ്ങൾ രണ്ടായിച്ചൊല്ലിടുന്നു;
ഏകവും, ദശമതും, ശതവും, സഹസ്രവും,
സാകമങ്ങയുതവും, നിയുതം, പ്രയുതവും,
കോടിയുമർബ്ബുദവും, അബ്ജവും, ഖൎവ്വമതും,
കൂടാതെ നിഖൎവ്വവും, പത്മവും, ശംഖം തഥാ
മേലുമങ്ങബ്ധി, മധ്യ, മന്തവും പരാൎദ്ധവും
ആയിട്ടുംവണ്ണം സ്ഥാനപ്പേരുക്കം കൂട്ടിക്രമാൽ.
ചാന്ദ്രവും, സൌരം തഥാ, സാവനമെന്നിങ്ങനേ
മന്നിതിൽ കാലമാനമായതു മൂന്നുവിധം.
വേതനം നൽകുന്നതിൽ സൌരമാം മാനത്തെയും,
കൌസീദവൃദ്ധികളിൽ സൎവ്വദാ ചാന്ദ്രത്തെയും,
ദൈനികമായിടുന്ന ഭൃതികൾ നൽകുന്നതിൽ
സാവനമതിനെയും കണക്കായെടുക്കണം.
ഭൃതികൾ മൂന്നുവിധമായിട്ടങ്ങുദിരിതം
പ്രഥമം "കാൎയ്യമാനം" പിന്നേതു "കാലമാനം"

പ്രഥിത 'കാൎയ്യകാലമാന' മങ്ങിതുകളിൽ
ഏതുപോലേപ്പാടതങ്ങതുപോൽ നൽകീടണം.
ഇക്കണ്ടച്ചുമടിനേ നീയെടുത്തിന്നദിക്കിൽ
വയ്ക്കണമതിന്നു ഞാനിന്നതു കൂലിനൽകാം:
ഇത്തരം ഭൃതിയതു 'കാൎയ്യമാന'മെന്നായി-
ട്ടുക്തമായിടുന്നിതു തദ്വിദഗ്ദ്ധന്മാരാലേ
വത്സരംതോറുമല്ലെന്നാകിലോ മാസംതോറും
തദ്വിധമല്ലെന്നാകിൽ പിന്നെയോ ദിനംതോറും
ഇത്രവേതനം നൽകാമെന്നുള്ള കരാറിന്മേൽ
ഒത്തിടും ഭൃതിക്കുപേരുക്തമാം കാലമാനം.
ഇത്രകാലത്തിന്നുള്ളിലിത്രമാത്രമാം ജോലി
തൃപ്തിയായ് നീയെനിക്കു ചെയ്തുതീൎക്കുന്നതാകിൽ
ഇത്രവേതനം നൽകാമെന്നുള്ള കരാറിന്മേൽ
ബദ്ധമാംഭൃതി 'കാൎയ്യകാലമാന'മെന്നുക്തം.
ഭൃതികൾ നൽകുന്നതിൽ ലോപവും വന്നുകൂടാ
സുദൃഢമതുപോലെ കാലതാമസമതും.
അവശ്യമായിടുന്നോരന്നവസ്ത്രങ്ങൾമാത്രം
സുലബ്ധമാക്കുന്നതാം ഭൃതിക്കു പേരു മദ്ധ്യം.
തരത്തിൽ വേണ്ടുവോളമന്നവസ്ത്രാദി നല്കും
ഭൃതിക്കു പേരുചൊല്ലും "ശ്രേഷ്ഠ"മെന്നുള്ളതായി.
ഒരുത്തന്നാവശ്യമാമുപജീവനം മാത്രം
കരസ്ഥമാക്കുന്നതാം ഭൃതിക്കുപേരു "ഹീനം".
യോഗ്യതയ്ക്കനുരൂപമായിട്ടങ്ങെല്ലാവൎക്കും
വയ്ക്കണംശമ്പളങ്ങൾ നൃവരൻ സ്വക്ഷേമാൎത്ഥം.
താന്താങ്ങൾ രക്ഷിക്കുവാനവശ്യം കടപ്പെട്ട
സന്താനാദികൾതമ്മേ രക്ഷണംചെയ്തിടുവാൻ
സന്തതം ഭൃതകരേ പ്രാപ്തരാക്കിടുംവണ്ണം
ചന്തമോടേകീടണം ഭൃതികളെല്ലാവൎക്കും.

മതിയാംവണ്ണമുള്ള ഭൃതികളില്ലാത്തതാം
ഭൃതകർ സ്വയംകൃതരായുള്ള ശത്രുക്കൾതാൻ;
പരന്മാർസാധകന്മാർ, പണവുംപ്രജയെയും
കവരാനിരിപ്പവർ, പഴുതുനോക്കുന്നവർ.
അന്നവസ്ത്രങ്ങൾ നല്കീടുന്നതുതന്നെ ന്യൂനം
ചൊന്നിടും ശൂദ്രാദിക്കു ശരിയാം ഭൃതിയായി.
മാംസഭക്ഷകർതമ്മേ രക്ഷിച്ചീടുന്ന ജനം
മാംസഭക്ഷകർക്കുള്ള പാപങ്ങൾ കൊണ്ടിടേണം.
ബ്രാഹ്മണൻ കവൎന്നീടുന്ന ധനമതു
വെണ്മയിൽ പരലോകപ്രാപ്തിയേ നല്കീടുന്നു.
ശൂദ്രനു ദത്തമാകും ധനങ്ങളതുപോലേ
നിത്യവും നരകത്തിന്നായിട്ടുംഭവിക്കുന്നു.
മന്ദനും, മധ്യൻ, തഥാ ശീഘ്രനുമെന്നിങ്ങനേ
മന്നിതിൽ ഭവിക്കുന്നു ഭൃതകർ മൂന്നുവിധം.
സമവും, മധ്യം, തഥാ, ശ്രേഷ്ഠവുമെന്നിവിധാ
ത്രിവിധം ഭവിച്ചിടുമതുപോൽ ഭൃതികളും.
ഭൃത്യന്മാൎക്കുള്ള ഗൃഹകൃത്യങ്ങൾ സാധിക്കുവാൻ
നിത്യവുമഹസ്സിങ്കലേകമാം യാമത്തെയും
രാത്രിയിൽ യാമത്രയമായതും നല്കിടേണം
കൃത്യമായ് ദിനഭൃത്യൎക്കുമാം യാമത്തെയും.
ഉത്സവാദികളൊഴിച്ചുള്ളതാം ദിനങ്ങളിൽ
ഭൃത്യരെക്കൊണ്ടു വേല നോക്കിച്ചീടണം നൃപൻ.
ഉത്സവകാലത്തിലുമത്യാവശ്യമായ്വന്നാൽ
ഭൃത്യൎക്കു വേലനൽകാം ശ്രാദ്ധനാളൊഴിക്കണം.
ഭൃത്യന്മാർ രോഗാൎത്തരായ് ഭവിച്ചാലവൎക്കുടു
കാൽഭാഗം കുറച്ചുള്ള ശമ്പളംനൽകീടണം.
മുട്ടാതെയഞ്ചുവർഷം സേവിച്ചഭൃതകനു
തെറ്റാതെ നൽകീടണം ശമ്പളം മൂന്നുമാസം.

ദീർഘമാം കാലത്തേക്കു രോഗാർത്തരായിത്തീരും
ഭൃത്യർക്കു യഥായോഗ്യമാറുമാസംവരേക്കും
തൽസ്ഥാനമതിനുള്ള ശമ്പളംനൽകീടണം
പില്പാടുശമ്പളത്തിന്നർഹതയില്ലന്നൂനം.
അല്പപക്ഷമാം കാലമാർത്തനായ്ഭവിക്കുന്ന
ഭൃത്യന്റെ ഭൃതിയേതും പിടിച്ചുകൂടാ ദൃഢം.
ഒരുവത്സരംപോലുമുഷിതനായിട്ടുകിൽ
ഒരുവൻതന്നെ നൂനംപകരംവച്ചീടണം.
സുമഹൽഗുണിയാകും ഭൃതകനാർത്തനായാൽ
അവനുനൽകീടണം പകുതിശമ്പളത്തെ.
വത്സരംതന്നിൽ പതിനഞ്ചുനാൾ വിരാമത്തെ
ഭൃത്യനു നൽകവേണം നിശ്ചയംമഹീപാലൻ.
നാല്പതുവർഷം സേവിച്ചീടിന ഭൃതകനു
തൽഭൃതിയതിൽ പാതി തജ്ജീവിതാന്തംവരെ
തപ്പാതെനൽകീടണമടുത്തുണായിനിത്യം
കൃത്യങ്ങൾ പുനരൊന്നും കല്പിച്ചിടാതെതന്നേ.
തൽപ്പുത്രനപ്രാപ്തനോ ബാലനോന്തനമായാൽ
നിർബാധമതിൽപ്പാതിയവനു കൊടുക്കണം.
തദ്വികല്പത്തിൽ ഭൃത്യൻതന്നുടെ ഭാര്യയ്ക്കായോ
തൽസുശീലയാം സുതയ്ക്കായിട്ടോ നല്കീടണം.
വത്സരംതോറും നൃപൻ ഭൃതിയിലെട്ടിലൊന്നു
ഭൃത്യനു പാരിതോഷ്യമായിട്ടു കൊടുക്കണം.
ഏല്പ്പെട്ടകാര്യമല്ലാതധികം ചെയ്തീടുകിൽ
തൽക്കാര്യമതിലഷ്ടമാംശത്തേ നല്കീടണം.
ക്ഷിതിപൻകാര്യംതന്നിൽ മൃതനാംഭൃതകന്റെ
സുതനു ബാല്യത്തോളമേകണം തദ്വേതനം.
അവനന്യഥാ വന്നാൽ യോഗ്യതയ്ക്കനുരൂപം
അവനു ഭൃതിയൊന്നു നല്കണംമഹീശ്വരൻ.

ഭൃത്യന്റെ ശമ്പളത്തിൽ നാലിലൊന്നംശമതോ
കൃത്യമായാറിലൊന്നോ പിടിച്ചുവച്ചീടണം.
ഇത്തരം രണ്ടോ മൂന്നോ വർഷങ്ങൾകഴിയുമ്പോൾ
അർദ്ധമോ മുഴുവനോ ഭൃത്യനുകൊടുക്കണം.
വാക്പാരുഷ്യങ്ങൾകൊണ്ടും കഠിനദണ്ഡത്താലും,
ഭോഷ്കല്ല തുലോം കുറഞ്ഞുള്ളോരുഭൃതിയാലും,
പേർത്തുമപമാനംമൂലവും സ്വാമി നൂനം
ശത്രുഭാവത്തിൽ വരുത്തീടുന്നു ഭൃതകനെ.
ഭൃതിദാനങ്ങൾമൂലം സംതൃപ്തചിത്തനായും
ബഹുമാനങ്ങൾകൊണ്ടു സമ്പൂജ്യനായും തഥാ
മൃദുവാക്യങ്ങളാലേ സാന്ത്വിതനായുംമേവും
ഭൃതകൻ ത്യജിച്ചിടാ തന്നുടേ സ്വാമിതന്നെ.
ധനത്തേമോഹിക്കുന്നിതധമഭൃതകന്മാർ,
ധനവുംമാനത്തെയും മോഹിപ്പു മധ്യമന്മാർ,
മാനത്തെയാശിക്കുന്നു നിർണ്ണയമുത്തമന്മാർ,
മാനമാകുന്നു ദൃഢം മഹത്തുക്കൾക്കു ധനം.
തന്നുടേ ഭൃത്യരേയും പ്രജകളേയും നൃപൻ
സന്തതംരഞ്ജിപ്പിച്ചുകൊള്ളണം യഥായോഗ്യം;
നിർണ്ണയമൊട്ടുപേരേ ശാഖാദാനങ്ങൾകൊണ്ടും,
പിന്നെയുമൊട്ടുപേരേ ഫലദാനങ്ങളാലും,
പിന്നെയുമൊട്ടുപേരേ കാരുണ്യദൃഷ്ടികൊണ്ടും,
മന്ദഹാസങ്ങൾകൊണ്ടും, നല്ലവാക്കുകളാലും,
നല്ല സദ്യകൾ നല്ല വസ്ത്രങ്ങളിവയാലും,
നല്ല താംബൂലദാനാൽ ചൊല്ലെഴുംധനദാനാൽ,
പിന്നെയുമൊട്ടുപേരേക്കുശലപ്രശ്നംകൊണ്ടും,
എന്നല്ലയധികാരദാനങ്ങൾകൊണ്ടും തഥാ,
നല്ലഭൂഷണം, നല്ലവാഹനം, ഛത്രങ്ങളും,
നല്ലവെഞ്ചാമരങ്ങളിതുകൾ സമ്മാനിച്ചും,

ചൊല്ലെഴും ക്ഷമയാലും, പ്രണിപാതത്തിനാലും,
നല്ലതാമുപചാരമാദരമിവയാലും,
തന്നുടെബഹുമാനസ്നേഹഭാവങ്ങളാലും,
തന്നുടേ ജ്ഞാനത്താലും സഹവാസത്തിനാലും,
പിന്നെയുമൊട്ടുപേരേ തന്നുടേയൎദ്ധാസനം
എന്നല്ല പൂൎണ്ണാസനംതന്നെയും കൊടുത്തിട്ടും,
പിന്നെയുമൊട്ടുപേരേയവർതൻ സുകൃത്യവും
അന്യോപകാരമവർ ചെയ്തതും പ്രശംസിച്ചും.
ഉരുക്കിനാലോ, തഥാ ചെമ്പിലോ, രീതിയാലോ,
തരത്തിൽ പൊൻവെള്ളികൾ, രത്നങ്ങളിവയാലോ,
രചിച്ചചിഹ്നങ്ങളാലങ്കിതരാക്കിടേണം
നിയുക്തരായുള്ളോരെയോരോരോ കാൎയ്യത്തിലും.
ഓരോരോട്ടുതകന്മാരാരെന്നുള്ളതായി-
ദ്ദൂരത്തുവച്ചുതന്നേ തിരിച്ചങ്ങറിയുവാൻ,
ഓരോരുത്തന്മുള്ള വസ്ത്രവും തലക്കെട്ടും
ഓരോരോമട്ടിൽവേണം വാഹനംവാദ്യങ്ങളും.
തനിക്കുസ്വന്തമാകും വിശിഷ്ടചിഹ്നങ്ങളെ
കൊടുത്തുകൂടാ ദൃഢം ധരിത്രീനാഥനാൎക്കും.
മുഞ്ഞൊന്നപുരോധാദിമന്ത്രിമാർ പത്തുപേരും
ചെഞ്ചെമ്മേഭവിക്കണം വിപ്രന്മാരായി നിത്യം.
വിപ്രന്മാരില്ലെന്നാകിൽ ക്ഷത്രിയന്മാരെവയ്ക്കാം
ക്ഷത്രിയന്മാരുമില്ലെന്നാകിലോ വൈശ്യരേയും.
ശൂദ്രനേവച്ചുകൂടാ മന്ത്രിയായൊരിക്കലും
എത്രമേലവനങ്ങു വൈദഗ്ദ്ധ്യമുണ്ടാകിലും.
രാജഭോഗങ്ങൾ പിരിച്ചീടുന്ന ഭാഗഹാരൻ
വ്യാജമെന്നിയേ സദാ ക്ഷത്രിയനായിടേണം,
സാഹസാധിപനായോൻ ക്ഷത്രിയനാകവേണം.
ഗ്രാമനേതാവുന്തുന്നം വിപ്രനുമെല്ലായ്പോഴും.

ലേഖകനാകുന്നാവൻ നിൎണ്ണയമേതുനാളും
കായസ്ഥജാതിതന്നിൽ ജനിച്ചോനായീടണം.
ശുല്ക്കങ്ങൾ പിരിപ്പവൻ വൈശ്യനായിരിക്കണം
നിശ്ചയംപ്രതിഹാരി സൎവ്വദാ ശൂദ്രൻതാനും.
സേനാധിപതിയെന്നും ക്ഷത്രിയനായിടേണം
നൂനമന്യഥാവന്നാൽ ബ്രാഹ്മണൻതാനുമാകാം.
വൈശ്യനുമല്ലാക്കൂടാ സേനാധിപത്യം നൃപൻ
ശൂദ്രനുംമേലാ തഥാ കാതരന്മാൎക്കും ദൃഢം.
ശൂരനായിരിക്കണം സൎവ്വദാ സേനാപതി,
ധീരനാമവനേതുജാതിജനായും വരാം.
പോരുചെയ്യുന്നകൎമ്മം പാവനമല്ലെങ്കിലും
നാലുജാതിക്കുമതു ധൎമ്മംതാൻ സങ്കരൎക്കും.
ക്ഷോണീശനേതുജാതിക്കാരനായ്ഭവിക്കുന്നു
നൂനമാജാതിക്കവൻ സുഖത്തേവളൎത്തീടും.
കൃതമാമുപകാരം സ്മരിക്കാ, സുസേവനാൽ
ഹൃദയം കുളൎത്തിടാ, കഥയുംമറന്നുപോം,
സതതംസംശയിക്കും, മൎമ്മഭേദവുംചെയ്യും,
ഭൃതകൻവെടിയണമത്തരം നൃപാലനെ.
ഇത്തരമുരചെയ്തു യുവരാജാദ്യന്മാൎതൻ-
ലക്ഷണമതുംതഥാ കൃത്യവും സമഷ്ടിയായ്.

2-ാംഅദ്ധ്യായം സമാപ്തം.

## ൯-ാം അദ്ധ്യായം.

(സാധാരണനീതിവാക്യങ്ങൾ)

(കാകളി)

സാധാരണമായ നീതിശാസ്ത്രമിനി-
യോതാമഹമൊട്ടറിഞ്ഞിടാനേവരും.
ഭൂതാവലിതൻ സുഖാൎത്ഥമെന്നായ് മതം
ഭൂതജാലത്തിൻ സമസ്ത പ്രവൃത്തിയും.
ജാതനായാലൊരാൾ ധൎമ്മിഷ്ഠനാകണം
ജാതമാകാ സുഖം ധൎമ്മമെന്ന്യേ ദൃഢം.
ധൎമ്മാൎത്ഥകാമത്രയവൎജ്ജമായെഴും
നിർമ്മായമാരംഭമാരും ഭജിക്കൊലാ.
ചെമ്മേ ത്രിവൎഗ്ഗാവിരുദ്ധമായ് നിൎണ്ണയം
സമ്മോഹഹീനം ഭജിക്കേണമേവനും.
ചൊല്ലുന്ന ധർമ്മങ്ങളെല്ലാവുമുള്ളതിൽ
കില്ലില്ലിതുതന്നെ നല്ലൊരു മദ്ധ്യമം.
രോമവും ശ്മശ്രുവുമെല്ലാനഖങ്ങളും
ആമയഹീനം തനുപററെ നിൎത്തണം.
പാദയുഗവും മലായനമായതും
ഭേദമെന്ന്യേ മലഹീനമായ് വയ്ക്കണം.
സ്നാനവും നിത്യം പതിവായ് നടത്തണം
ഊനംവിനാ നൽസുരഭിയും ചാൎത്തണം.
ശോഭനമായുള്ള വേഷം ധരിക്കണം
ശോഭയിൽ ഭ്രാന്തിയോ മോടിയോ വേണ്ടതാൻ.
സന്തതമൌഷധം മന്ത്രമിതുകളാൽ
സന്ധിതമായുള്ള രത്നങ്ങൾ ചൂടണം.

ഏന്തിപ്പിടിച്ച കുടയോടുമെപ്പൊഴും
ബന്ധിച്ച പാപ്പാസുമായ് നടന്നീടണം.
റോഡ്ഡിൽ നടക്കുന്ന വേളയിലൊക്കെയും
ദൃഷ്ടികൾ നേർവഴിതന്നിൽ പതിക്കണം.
ആത്യയികമായ കാൎയ്യത്തിലെപ്പൊഴും
രാത്രിയിൽ ദണ്ഡം ധരിക്കണം മൌലിയും.
വേഗനിർമ്മോക്ഷം നടത്തേണ്ടവേളയിൽ
വേറൊരുകാൎയ്യവും ചിന്തയിൽ വയ്ക്കൊലാ.
വേഗനിർമ്മോക്ഷഗതിയെബ്ബലത്തിനാൽ
ആകുലഹീനം തടയാനൊരുങ്ങൊലാ.
നല്ലമിത്രങ്ങളെബ്ഭക്ത്യാ ഭജിക്കണം
പൊല്ലാത്ത വർഗ്ഗത്തെ ദൂരേനിറുത്തണം.
പത്തുപാപങ്ങൾ മനുഷ്യൻ വെടിയണം
നിത്യവും വാക്കാൽ, മനസ്സാൽ, വപുസ്സിനാൽ:-
നിഷ്ക്കൃപം ഹിംസയും, സ്തേയവുമന്യത്ര,
ലഗ്നമാം കാമവും, പൈശുന്യവും, തഥാ,
ഉഗ്രമായിട്ടും പരുഷമനൃതവും,
വ്യഗ്രതയെന്നിയേ വിശ്വാസഭംഗവും,
ദുഷ്ടവിചാരമനാസ്തിക്യവും പുന-
രൊട്ടൊഴിയാതെ വിപൎയ്യയഭാവവും.
ശക്തിക്കൊത്തപോൽ യത്നിച്ചുകൊൾകിലും
സിദ്ധിച്ചിടായ്കിലോ ധർമ്മകാൎയ്യം നൃണാം
സിദ്ധിച്ചിടും ദൃഢം തൽപുണ്യമാം ഫലം
വ്യത്യസ്തഹീനം സമസ്തകാലത്തിലും.
പാപവിചാരം മനസ്സിലുദിപ്പതു
രൂപീകരിക്കരുതാരും പ്രവൃത്തിയിൽ.
ഏവരും കർമ്മഫലത്തെ ഭുജിക്കണം
ഏവമുരയ്ക്കുന്നു ധർമ്മവേദിജനം.

വൃത്തിക്കു മാർഗ്ഗരഹിതരായോരെയും
ദുഃഖാർത്തർ, രോഗാർത്തരിച്ചൊന്നവരെയും
ശക്തിക്കുതക്കോണമെപ്പൊഴുമേവനും
ശ്രദ്ധിച്ചു ചെമ്മേ സഹായിച്ചുകൊള്ളണം.
നിസ്സാരരാകും കൃമികൾ, പിപീലികാ-
വർഗ്ഗങ്ങളിത്യാദിയായുള്ളവയെയും
ഉൾത്താരിലെന്നും നിരൂപിച്ചുകൊള്ളണം
അത്യാദരത്തോടു തന്നോടു തുല്യരായ്.
തപ്പാതെ തന്നോടപകാരമൊന്നു താൻ
ഉൾപ്പൂവിലാശിച്ചു മേവും രിപുവിനും
ഭോഷ്ക്കല്ല നിത്യമുപകാരമേകുവാൻ
ഉൾക്കാമ്പിലാരും തയാറായിമേവണം.
സമ്പദാപത്തുകൾ രണ്ടിങ്കലുമൊരാൾ
ഇമ്പത്തിലെന്നും സമചിത്തനാകണം.
തൻഹൃത്തിലീർഷ്യാ വരാം ഹേതുവായതിൽ
സംഭവിച്ചീടരുതേതും ഫലമതിൽ.
കാലേ ഹിതമായ് മിതമായ് ചതുരമാ-
യിട്ടും വചനം വദിക്കേണമാരൊടും;
പൂർവ്വാഭിഭാഷി, സുമുഖൻ, സുശീലനും
ചാലേ കരുണാമസൃണനുമാകണം.
ഏകനായിസ്സുഖിയാകേണ്ട, ലോകരിൽ
ആകവേ വിസ്രംഭമേന്തേണ്ട ശങ്കയും.
ആരുമേ തന്നുടെ ശത്രുവെന്നായതും
ആരുടെ ശത്രുവും താനെന്നതായതും
ആരുമേ ഘോഷിക്കരുതഹോ സ്വാമിതൻ
ക്രൂരതയും സ്വാമിചെയ്യോരവജ്ഞയും.
യാതൊന്നുകൊണ്ടൊരാൾ സന്തുഷ്ടനാകുമെ-
ന്നാതങ്കഹീനം ഗ്രഹിച്ചുമനസ്സിനാൽ

ചാതുൎയ്യമോടതു ചെയ്തുകൊള്ളുന്നിതു
മേദിനിയിൽ പരാരാധനാപണ്ഡിതൻ.
ഇന്ദ്രിയപീഡനം ചെയ്തുകൂടാ ദൃഢം,
ഇന്ദ്രിയലാളനമായതും മേല താൻ.
തോന്നിയപോലെ വിട്ടന്നാകിലോ പുന-
രിന്ദ്രിയങ്ങൾ ബലാൽ വെന്നിടുംമാനസം.
ഏണവുമാന, പതംഗം, ദ്വിരേഫവും,
മീനവുമെന്നിവ നൂനം യഥാക്രമം
നാദവും, സ്പൎശവും, രൂപവും, ഗന്ധവും,
സ്വാദതുംമൂലം പതിപ്പൂ വിപത്തതിൽ.
ഇച്ഛൊന്നാതിങ്കൽ വരാംഗനമാരുടെ
സ്വച്ഛമായീടും തന്നസ്പൎശമെത്രയും
ഉഗ്രതപസ്സതിൽ വാഴുംമുനിയുടെ
ഉൾക്കാമ്പുപോലും ഹരിക്കുന്നു പാരിതിൽ.
ആകയാലാരും വിഷയോപസേവനം
ആവതുംനോക്കിയനുഷ്ഠിച്ചുകൊള്ളണം.
മാതാ, ഭഗിനി, തനുജാ ഇവരോടു
കൂടെയതീവനികടേ വസിക്കൊലാ.
ഏതൊരുസ്ത്രീയെയും തന്നുടേ ബന്ധമ-
ങ്ങേതുമുറയിലതുപോൽ വിളിക്കണം.
അന്യനാരിയേയും സ്വാന്തരായോരെയും
ധന്യേ ഭഗിനിയെന്നോതി വിളിക്കണം.
അന്യപുരുഷസഹവാസമോ പുന-
രന്യനുമായി പ്രകാശമായ്തന്നെയോ
സല്ലാപമോ പുനരന്യാലയമതി-
ലുള്ളോരു വാസമോ തന്നിഷ്ടമേതുമോ
തന്വീജനത്തിന്നനുവദിച്ചീടരു-
തൊന്നിനാലും നിജതാതനോ കാന്തനോ

മന്നാവൻതാനോ ശ്വശ്ശുരനോ പുത്രനോ
തന്വിയാൾതൻെറ ഗൃഹകൃത്യമെന്നിയേ.
ഷണ്ഡനും ചണ്ഡനും ദണ്ഡനശീലനും
പിന്നേയകാമനും നിത്യംപ്രവാസിയും
എന്നല്ല പാരം ദരിദ്രനും രോഗിയും 9835
അന്യവധൂവിലാസക്തനുമായിട്ടും
കാന്തനേ നൂനം വെറുത്തിടും നാരിമാർ
ഹന്ത പൂകും പരൻതന്നെയുമാശ്രയം.
ദുൎഗ്ഗുണമഞ്ചിവയൊക്കേ വെടിഞ്ഞഥ
രക്ഷണംചെയ്യണം സ്ത്രീജനത്തേ നരൻ.
വസ്ത്രവുമന്നവും ഭൂഷണംപ്രേമവും
സദ്വചസ്സും തഥാ ചാരത്തു വാസവും
ശക്തിപോൽ നല്കിപ്പുരുഷൻ സ്വപത്നിയേ
രക്ഷിച്ചുകൊള്ളണം പുത്രസമന്വിതം.
ചൈത്യങ്ങൾ, പൂജ്യധ്വജങ്ങൾ, ദുശ്ഛായകൾ,
ഭസ്മങ്ങൾ, ധൂളികൾ, കട്ടകൾ, കല്ലുകൾ,
പ്രേത്തും ബലിസ്ഥലം, നൽസ്നാനഭൂമികൾ,
ഇത്യാദിതന്നിൽ കടക്കരുതാരുമേ.
കൈകളാലാറു കടന്നിടാനോക്കൊലാ,
സ്കന്നമാം വഹ്നിയിൽ ചെന്നടുത്തീടൊലാ.
സന്ദിഗ്ദ്ധമാം തരിതന്നിൽ കരേറൊലാ,
സന്ദിഗ്ദ്ധവൃക്ഷേ, തഥാ ദുഷ്ടവാഹനേ.
മൂക്കു ചുളുക്കൊലാ, മണ്ണിൽ വരയ്ക്കൊലാ,
ഭോഷ്ക്കല്ലെ കൈകോൎത്തു മൌലിതടവൊലാ,
ചേഷ്ടകളംഗേന കാട്ടീടൊലാ പുന-
രൊട്ടേറെനേരം പ്രമത്തനായ് വാഴ്കൊലാ.
കായവാങ്മാനസചേഷ്ടകൾ നിൎത്തണം
ആയാസമങ്ങു ഭവിപ്പതിൻ മുമ്പിലായ്.

കുത്തിയിരിക്കൊലാ നിണ്ടൊരു ദിക്കിലും,
നക്തം തരുവിലോ ചത്വരത്തിങ്കലോ,
ചൈത്യഭ്രുവിങ്കലോ ചെന്നുവസിക്കൊലാ,
മദ്യാലയത്തിലോ നാല്കവലയ്ക്കലോ.

ശൂന്യാടവീ, ശൂന്യഗേഹം, ശ്മശാനഭ്രൂ-
വെന്നിവയിൽ പകൽ തന്നിലും പോകൊലാ.
സൂൎയ്യനേയെല്ലാസമയവും നോക്കൊലാ
മൌലിമേൽ ഭാരം വഹിക്കയും ചെയ്യൊലാ.
സൂക്ഷ്മതനുവിലമേധ്യത്തിലും സദാ
നോക്കായ്ക ദീപ്തത്തിലപ്രിയത്തിങ്കലും.
അന്നവും സ്ത്രീജനചിന്തയും നിദ്രയും
അന്തിക്കു ന്യൂനമരുതധ്യയനവും;
അന്തിക്കു മേലാ തഥാ മദ്യവിക്രയം,
സന്ധാനവും ദാനമാദാനമായതും.

ലോകരാണത്രേ സുധീകൾക്കു പാരിതിൽ
ലൌകികചേഷ്ടകൾക്കാചാൎയ്യരായവർ.
ആകയാൽ ന്യൂനമനുകരിച്ചീടണം
ലൌകികകാൎയ്യേ പരീക്ഷകർ ലോകരേ.

രാജാവു, രാജ്യം, കുലമെന്നിവയെയും,
ജ്ഞാതികൾ, സദ്ധൎമ്മമെന്നുള്ളവയെയും,
ദൂഷണം ചെയ്വതിന്നാരുമൊരുങ്ങൊലാ
ദോഷങ്ങൾ ചൊല്ലാൻ പലതുമിരിക്കിലും.
നാട്ടുനടപ്പിനേ ലംഘിച്ചുകൊള്ളുവാൻ
ചെറുനും നിനയ്ക്കരുതാകുന്നതാകിലും.

താൻചെയ്ത കൃത്യവും, താൻചൊന്ന വാക്യവും,
ചെഞ്ചെമ്മെ ന്യൂനമയുക്തമായ്കാണുകിൽ
അഞ്ചാതെ ഹേതുവാലുദ്ധരിച്ചീടണം
ഖണ്ഡിച്ചുകൂടാ ബലത്താലെ നിൎണ്ണയം.

ദോഷങ്ങൾ നേരേ തുറന്നുപറയുവോർ
പാരം കുറഞ്ഞിടും പാരിങ്കലാകയാൽ
മാലോകർമൂലവും ശാസ്ത്രോക്തിയാലെയും,
ബോധിച്ച വിദ്വാനകറേറണമൊക്കെയും.
സൽകൃതിപോലഹോ തോന്നുന്നാദുഷ്കൃതി
യുൾക്കരുന്നാലെയും ചിന്തിച്ചുപോകൊലാ.
പത്തായിരം പിഴ ചെയ്തോരെനിക്കിനി
പ്രത്യേകമെന്തഹോ വന്നിടാനൊന്നിനാൽ,
ഇത്ത്യേവമോർത്തിട്ടു പാപങ്ങൾ ചെയ്യൊലാ,
നീർത്തുള്ളിയാലേ നിറപ്പു ഘടത്തിനെ.
എങ്ങിനേ രായും പകലുമെനിക്കിനി-
യങ്ങുകഴിഞ്ഞിടുമെന്നുള്ള ചിന്തയാൽ
ഖിന്നനായീടൊലാ നിർണ്ണയമാരുമേ
മുന്നിലേ വാർത്ത മറക്കയും ചെയ്യൊലാ.
വാക്കുകൾ കൂട്ടിയടുക്കിയും, സ്വേച്ഛപോൽ
ഹേത്വാദി വാദങ്ങളൊക്കെയുമോതിയും,
കാട്ടിടുമർത്ഥവുമർത്ഥവാദങ്ങളും
വിട്ടിട്ടുസാരം സദൈവ ഗ്രഹിക്കണം.
ധർമ്മതത്വങ്ങൾ ഗഹനങ്ങളാകയാൽ
ചെമ്മേ വിചക്ഷണൻ സജ്ജനംചെയ്തതായ്
കണ്ടിടും വേദസ്മൃതി പുരാണങ്ങളിൽ
ചൊന്നിടും കർമ്മങ്ങളൊക്കെയുംചെയ്യണം.
നാട്ടിലധർമ്മം പുലർത്തി വസിച്ചിടും
മിത്രത്തിനോ, ഗുരുഭ്രതനോ, പുത്രനോ,
രക്ഷണംനൽകൊലാ ഭൂപൻ ശരണ്യവും
മുഷ്ക്കുഴമാതതായിക്കഥ ചോരനും.
അഗ്നിദൻ, പിന്നേ ഗരളദൻ, പിന്നെയും
ശസ്ത്രംധരിച്ചുകൊണ്ടുന്മത്തനായവൻ,

ക്ഷേത്രദാരങ്ങൾ, ധനങ്ങൾ ഹരിപ്പവർ,
ഇത്രയുമാറുപേരാതതായികൾ താൻ.
എട്ടുക്കൂട്ടത്തേയഗണ്യമായ് തള്ളരു-
തൊട്ടുമേ ബുദ്ധിമാൻ—സ്ത്രീ, ശിശു, രോഗവും,
വിത്തവും, ഭൃത്യനും, വിദ്യാഭ്യസനവും,
നൽപ്പശുജാതിയും, സജ്ജനസേവയും.
യാതൊരുദിക്കിലൊരുവനു ഭൂപനും,
വൈദികൻതാനും ഭിഷക്കുമാചാരവും,
പാരം വിരോധമായ് നില്പു ധനികനും
പാടില്ലവിടെയൊരുനാളിൽ വാസവും.
യാതൊരുനാട്ടിൽ നപുംസകൻ, ചണ്ഡനും,
യോഷയും, ബാലനും, സാഹസീ, മൂർഖനും,
വാഴുന്നതുണ്ടധികാരിജനങ്ങളായ്
കോളല്ലവിടെയൊരുനാളിൽ വാസവും.
രാജാവവിടേയവിവേകിയായവൻ,
രാജസദസ്യർ തഥാ പക്ഷപാതികൾ,
പാരാതെ സന്മാർഗ്ഗഹീനർ പഠിച്ചവർ,
പാരമനൃതം കഥിപ്പവർ സാക്ഷികൾ,
പ്രാബല്യമെങ്ങു ദുരാത്മാക്കൾ തങ്ങളിൽ
മേവുന്നു നീചജനങ്ങളിൽ, സ്ത്രീകളിൽ,
ആനാട്ടിലാശിച്ചുകൂടാ ദൃഢം ധന-
മാനങ്ങൾ, ജീവിതമാവാസമായതും.
മാതാവു പാലിച്ചിട്ടില്ല ബാല്യമതിൽ,
ശാസിച്ചിട്ടില്ലാ പിതാവു വേണ്ടുംവിധം;
രാജാവു നൂനം കവരുന്നു വിത്തവും,
ആ നാട്ടിലെന്തേ വിലപിപ്പതിൽ ഫലം?
അത്യാദരത്തോടു സേവിച്ചു കൊൾകിലും
ക്രുദ്ധിച്ചിടും നൃപൻ, മിത്രവും, ബന്ധുവും,

അഗ്നിക്കിരയാമശനിക്കുമാലയം
അദ്ദിക്കിലെന്തേ വിലപിപ്പതിൽ ഫലം?
ആപ്തവാക്യത്തേയനാദരിച്ചും തഥാ
ദപ്പമടഞ്ഞും നടന്നിട്ടും ഹേതുവാൽ
ഒക്കെയുംചെയ്യും വിപരീതമാംഫലം
അദ്ദിക്കിലെന്തേ വിലപിപ്പതിൽ ഫലം?
രാജാവു, ദേവൻ, ഗുരു, വഹ്നി, താപസൻ,
ജ്ഞാനവൃദ്ധൻ തഥാ ധർമ്മവൃദ്ധനിവർ,
ഏഴുപേരേയുമവധാന പൂർവ്വകം
ഏതുജനങ്ങളും സേവിച്ചുകൊള്ളണം.
മാതാ, പിതാ, ഗുരു, സ്വാമീ ഇവരൊടും,
ഭ്രാതാ, സുതൻ, സഖാവെന്നിവർ തമ്മൊടും,
യാതൊരുവൈരുദ്ധ്യമായതും കാട്ടൊലാ,
യാതൊരപരാധമായതും ചെയ്കൊലാ.
സ്വന്തജനത്തോടു നൂനം പിണങ്ങൊലാ,
ചിന്തിക്കൊലാ ബലവാനോടു മത്സരം.
ശണ്ഠയ്ക്കൊരുങ്ങൊലാ മൂർഖരോടും തഥാ
പെണ്ണുങ്ങൾ, കുട്ടികൾ, വൃദ്ധരിവരൊടും.
ഏകനായ് സ്വാദുഭുജിക്കൊലാ പാരിതിൽ,
(1)ഏകനായർത്ഥ വിചിന്തനം ചെയ്കൊലാ,
ഏകനായ്പോകൊലാ നൂനം പെരുവഴി,
പൂകൊലാ ജാഗരമേകൻ സുഷുപ്തരിൽ.
അന്യധർമ്മത്തേയനുഷ്ഠിക്കൊലാ പുന-
രന്യത്തിനു ബത ദ്രോഹവും ചെയ്കൊലാ.
നിന്ദ്യഗുണകർമ്മമുള്ളോരൊടും തഥാ
പെണ്ണുങ്ങളോടുമോരാസനേ മേവൊലാ.

KRISHNA VILASOM GRANDHASALA ... TRUM ... MALAYINKIL

---

(1) കാര്യങ്ങൾ.

ഷഡ്ദോഷമെന്നുമകററി നിൎത്തിടണം
ചട്ടറെറാരൈശ്വൎയ്യമാശിച്ചിട്ടും ജനം:—
നിദ്രയും, തന്ദ്രിയും, ഭീതിയും, ക്രോധവും,
തെററാതലസതാ, ദീൎഘസൂത്രിത്വവും.
ഇച്ചൊന്നതെല്ലാം ഭവിക്കുന്നു പാരിതിൽ
അശ്രാന്തകാൎയ്യ വിഘാതത്തിനൊന്നിനായ്.
തത്വജ്ഞനായോനുപായജ്ഞനായവൻ,
ബുദ്ധിപ്രഭാവവാൻ, യോഗജ്ഞനെന്നിവർ
അത്ഥ്യത്ഥമെന്നും സ്വധൎമ്മനിരതരാം,
നിത്യം പരസ്ത്രീവിമുഖരുമായിട്ടും.
പെട്ടെന്നുദിക്കും പ്രതിഭാബലത്തിനാൽ
ചട്ടറെറാരുത്തരം ചൊല്ലാൻ വിദഗ്ദ്ധനായ്,
ചിത്രകഥനായകുണ്ഠിതവാക്കതായ്
വക്താവതായോൻ ഭവിക്കേണമെപ്പൊഴും.
ദീൎഘമായ് കേൾക്കണമേതൊരു കാൎയ്യവും,
ശീഘ്രമായ്കാൎയ്യം ഗ്രഹിക്കയും ചെയ്യണം.
അത്ഥങ്ങളേതുമറിഞ്ഞു ഭജിക്കണം
ത്യക്തമാക്കീടണം കാമത്തെയും ദൃഢം.
വില്ലംഘലും വാങ്ങലും കാൎയ്യത്തിലങ്ങൊരാൾ
ഉൽക്കടമായിട്ടുമാഗ്രഹം കാട്ടൊലാ.
മററുംതനിക്കുള്ള ദൈന്യഭാവത്തിനേ
മററാക്കുമങ്ങു തുറന്നു കാട്ടീടൊലാ.
കാൎയ്യമില്ലാതേ പരഗൃഹമായതിൽ
കേററുതാരുമനുവാദഹീനവും.
ആരൊടും തൻെറ ഗൃഹകൃത്യമായത-
ങ്ങാരാഞ്ഞിടാതേ കഥിച്ചുകൊണ്ടീടൊലാ.
നല്ലോണമത്ഥബഹുളത പൂണ്ടതും
എള്ളോളമക്ഷരയുക്തവുമാകിയ

സല്ലാപമേവനും ചെയ്തുകൊണ്ടീടണം,
അല്ലലെന്യേ നിജകാൎയ്യങ്ങൾ നേടുവാൻ.
വേണ്ടപോൽകാൎയ്യം ഗ്രഹിക്കാതെ യാവനും
മിണ്ടരുതത്രേയഭിപ്രായമൊന്നിലും;
വേണ്ടുംവിധമറിഞ്ഞിട്ടു പരൻമതം
ഇണ്ടലെന്യേ പുനരുത്തരമോതണം.
ദമ്പതിമാരുടേ ശണ്ഠകാൎയ്യങ്ങളിൽ
തൻപിതൃപുത്രരേ സാക്ഷികളാക്കൊലാ.
രാജ്യകാൎയ്യങ്ങളെ മന്ത്രണംചെയ്തതു
പൂജ്യമായ് പാരം രഹസ്യമായ് വയ്ക്കണം.
കാൽത്താരിൽവീണു ശരണമൎത്ഥിച്ചിടും
മൎത്ത്യനേ വിട്ടുകൊടുക്കരുതാരുമേ.
ശക്തിക്കടുത്തപോൽ യത്നങ്ങൾചെയ്യുവാൻ
തക്കത്തിലാരും തയാറായിമേവണം
ചിക്കെന്നു വല്ല വിപത്തുമണയുകിൽ
ഉൾക്കാമ്പിലേതും മയക്കം ഭവിക്കൊലാ.
ആരുടേ മൎമ്മവും സ്പൎശിക്കൊലാ പുന-
രാരുടേയുമപവാദവുമോതൊലാ.
ശ്ലീലമല്ലാത്തതു കീൎത്തിച്ചുകൊൾകൊലാ.
മേലും പ്രലാപമതായതും ചെയ്യൊലാ.
ലോകനിഷിദ്ധമാം കാൎയ്യമൊന്നും സുര-
ലോകദമായിടാ ധൎമ്മ്യമെന്നാകിലും.
ആരുടേ വാക്യങ്ങളത്രേ സ്വകീയമാം
ഹേതുവാൽതന്നേ നശിക്കാത്തതു ഭുവി?
ഉത്തരമാരൊടുമോൎത്തുരചെയ്യണം
പ്രത്യുത്തരം സഹസാ വദിച്ചീടൊലാ.
സൽഗുണമായതു ശത്രുവിൽകാൺകിലും
സൽക്കാരമോടേ ഗ്രഹിച്ചുകൊണ്ടീടണം.

ദുർഗ്ഗുണം തന്റേറ ഗുരുതന്നെയാകിലും
ഉൾക്കൊണ്ടുകണ്ടാലുടനേ വെടിയണം.
ഉൽക്കർഷവുമപകർഷവും മർത്ത്യന
നില്ക്കുന്നതില്ലഹോ നിത്യമായ്നിർണ്ണയം.
പ്രാക്കർമ്മമൂലം ഭവിപ്പതത്രേ നരൻ
ദീർഘധനികനും നിർദ്ധനൻതാനുമായ്.
ഉൾത്താരിലാകയാലേതു ഭ്രതത്തൊടും
മൈത്രിക്കതെല്ലും വികല്പംവരുത്തൊലാ.
ദീർഘദർശിത്വവും ശീഘ്രബുദ്ധിത്വവും
ആക്രമങ്ങേതുനേരത്തും ഭവിക്കണം.
പാർക്കിലോ സാഹസം യോഗ്യമല്ലാക്രമേ
ദീർഘസൂത്രിത്വവുമാലസ്യശീലവും.
ഏററവും ദുർഘടമെന്നറിഞ്ഞിട്ടവൻ
തെററാതെ യത്നം തുടങ്ങീടുമാദ്യമേ
ദീർഘദർശിത്വമടഞ്ഞും വസിച്ചിട്ടും
ദീർഘസുഖത്തേ ഭുജിച്ചീടുമങ്ങവൻ.
പെട്ടെന്നവസ്ഥയറിഞ്ഞു വർത്തിച്ചിടാൻ
മുട്ടാതെ ചേരും പ്രതിഭായുതനവൻ
പിട്ടല്ല കയ്യിൽവന്നെത്തും പ്രവൃത്തികൾ
ധൃഷ്ടത്വമോടങ്ങുചെയ്യാൻ തുടങ്ങിടും.
കർത്താവുതന്നുടേ ചാപല്യമൂലമോ
കർത്തവ്യമായതിൻ ഗൌരവത്താലെയോ,
പൃഥ്വിയിലേതൊരു കാര്യമതിന്റെയും
സിദ്ധിയതു ബത പൂകുന്നു സംശയം.
കാലത്തുതന്നേ നടത്താതെ കാര്യങ്ങൾ
നീളെനിട്ടുന്നവൻ സാലസനായവൻ.
മേലുമവനു ഭവിക്കില്ല സിദ്ധിയും;
ന്യൂനമടയും വിനാശവും സാന്ത്വയം.

താൻചെയ്തിടുന്ന പ്രവൃത്തിയതിൻ ഫലം
ചെഞ്ചെമ്മേ ലേശം ഗ്രഹിക്കാതെ യാവനും
അഞ്ചാതെ യത്നങ്ങൾ ചെയ്യുന്നതാകിലോ
സംജ്ഞാതനാമവൻ സാഹസിയെന്നതായ്.
പിന്നാലെ ദുഃഖങ്ങൾ പൂകുമവൻ ദൃഢം
തൻവേലയാലങ്ങഥവാ ഫലത്തിനാൽ.
അല്ലേതരം കാലമങ്ങു ചെലവഴി-
ച്ചല്പമായിട്ടും പ്രവൃത്തിചെയ്യുന്നവൻ
ഉക്തനായിട്ടും, ചിരകാരിയെന്നതായ്
ദുഃഖമടയും ലഘുഫലത്താലെയും.
ആകയാലേവനും ദൂരദൃഷ്ടിയുത-
നാകേണമേതുകാര്യത്തിലുമെപ്പൊഴും.
വീണ്ടുവിചാരങ്ങൾ കൂടാതെചെയ്തിടും
കർമ്മംചിലപ്പോൾ സുഫലദമായിടാം.
വീണ്ടുവിചാരം കലർന്നുചെയ്യുന്നതാം
കർമ്മംഫലഹീനമായും ഭവിച്ചിടാം.
എന്നാലുമേതൊരു കാര്യവും യാവനും
തന്നേ തുടങ്ങൊലാ ചെയ്തിടാൻ സാഹസാൽ.
അല്ലാതെ നൂനം തുടങ്ങുംപ്രവൃത്തികൾ
മെല്ലേ നയിക്കുമനർത്ഥത്തിൽ മർത്ത്യനേ.
ഒല്ലാത്തകാര്യം ചിലവേളയായതിൽ
നല്ലഫലത്തേ കൊടുത്തെന്നുവന്നിടും.
എന്നാൽ ശുഭകർമ്മമൂലം ഭവിപ്പതാം
വല്ലായ്മ ദോഷപ്രചോദകമായിടാം.
ഭൃത്യനോ പുത്രനോ സ്വന്തസഹജനോ
പത്നിയോ തന്നെയും ചെയ്യാതിരുന്നിടും
കൃത്യങ്ങളായതു സംശയമെന്നിയേ
മിത്രങ്ങൾ ചെയ്തിടും പൃഥിവിയിൽനിർണ്ണയം.

മിത്രത്തിനുള്ളൊരു ശക്തിയറിഞ്ഞിടാ—
തത്യന്തമന്ദധീയാകുന്ന മാനുഷൻ
മിത്രകാൎയ്യത്തേയവനെയേല്പിക്കുകിൽ
സിദ്ധമായിട്ടും പരാജയമങ്ങതിൽ.
ആൎക്കുമറിയാൻ പ്രയാസമത്രേ പരം
ഭോഷ്ക്കല്ല മാനുസധൎമ്മമെവന്റെയും.
മിത്രലബ്ധ്യൎത്ഥം തതോ വേലചെയ്യണം
മിത്രലബ്ധി മഹാഭാഗ്യമത്രേ നൂനം.
അത്യന്തമാരെയും നമ്പൊലാ പാരിതിൽ
എത്രമേൽ യോഗ്യനെന്നാകിലും നമ്പുവാൻ,
പുത്രനേയോ, നിജസോദരൻ തന്നെയോ,
പത്നിയേയോ തഥാ മന്ത്രിവൎഗ്ഗത്തെയോ.
താൎത്തേൻമൊഴി, ധനം, രാജ്യമിതുകളിൽ
പാൎത്താകിലാരുമതിലോഭികൾ ദൃഢം.
പേൎത്തും പരീക്ഷിച്ചനുഭൂതനാകിയോ-
രാപ്തനേ മാത്രമേ നമ്പാവു പാരിതിൽ.
വിശ്വസിച്ചാലങ്ങൊരാളിനേ തന്നുടെ
വിശ്വാസപാത്രമായാത്മാവിനു സമം
തൽകാൎയ്യമായതു സൂക്ഷിച്ചു സൎവ്വഥാ
വീക്ഷണംചെയ്യണം താൻതന്നെ ശ്രദ്ധമായ്.
തദ്വാക്യമായതു തൎക്കിച്ചനൎത്ഥമായ്
ചിത്തേ നിനയ്ക്കൊലാ ചെറ്റുംവിരുദ്ധമായ്.
എട്ടെട്ടിലൊന്നംശമങ്ങവൻ ചെയ്കതിൽ
പറ്റിയാൽ നാശമതിനേപ്പൊറുക്കണം.
തന്നുടേ ധൎമ്മവും നീതിബലങ്ങളും
നിൎണ്ണയം പാലനം ചെയ്കിടുംമാനുഷൻ
തന്നുടേ വിശ്വസ്തനോടുള്ള മൈത്രിയേ
നന്നായി നിത്യം പരിരക്ഷചെയ്യണം.

ദാനമാനങ്ങൾ, സൽക്കാരമിത്തുകളാൽ
മാനിച്ചുകൊള്ളണം പൂജ്യരെ നിത്യവും.
ഉഗ്രദണ്ഡമൊരു കാലവും നല്ലൊലാ
നിൎഘൃണവാക്യമുരയ്ക്കയും ചെയ്യൊലാ.
നിൎഘൃണമായുള്ള വാക്കിനാലും പുന-
രുഗ്രമായീടുന്ന ദണ്ഡനം മൂലവും
പത്നിയുംതന്നുടേ പുത്രനുംതന്നെയും
ഉദ്വേഗമുള്ളിലടയുന്നു നിൎണ്ണയം.
ദാനം മൃദുവചസ്സെന്നിവ രണ്ടിനാൽ
നൂനം വശംഗമിക്കുന്നു മൃഗങ്ങളും.
വിദ്യയാലോ നിജശൌൎയ്യത്തിനാലെയോ
വിത്തത്തിനാലോ ബലത്താലെയോ തഥാ
മത്തനായിടൊലാ ചെററതിമാനിയും
സദ്വംശജാതനാണെന്നതു മൂലമോ.
വിദ്യയാൽ മത്തനായിടുന്ന മാനുഷൻ
ആപ്തോപദേശങ്ങൾ യുക്ത്യാവെടിഞ്ഞിടും;
വ്യൎത്ഥമായുള്ളോരഭിപ്രായമൊക്കെയും
ചിത്തേ ധരിക്കും പരമാൎത്ഥവത്തതായ്.
പണ്ടു മഹാജനം സഞ്ചരിച്ച വഴി
ഹന്ത വെടിഞ്ഞു ബലാൽഗ്ഗ സാഹസാൽ
ചെന്നു പടയേററു ജീവിതം തന്നെയും
സന്ത്യജിച്ചീടുന്നു ശൌൎയ്യമത്തൻ നരൻ;
തന്നുടെ കയ്യിലുണ്ടായുധമെങ്കിലും
സന്നാഹമൊന്നുമൊരുക്കാതെയും തഥാ
പൊല്ലുഴം വ്യൂഹാദി കൌശലമായത-
ങ്ങെല്ലാം വെടിഞ്ഞും പ്രവൎത്തിക്കകാരണാൽ.
വിത്തത്തിനാലേ മദംപൂണ്ട മാനുഷൻ
ചിത്തത്തിലോൎത്തിടാ ദുഷ്കീൎത്തി ലേശവും,

മൂത്രത്തിനാലേ കഴുകുന്നപോലജം
മൂത്രഗന്ധമയമാകും നിജം മുഖം.
സൽക്കുലംമൂലം മദിക്കുന്ന മാനുഷൻ
ഉൾക്കരുന്നിങ്കലവജ്ഞയാ നണ്ണിടും
ഉത്തമന്മാരെയുമല്ലാത്തവരെയും,
ബുദ്ധിയുംപോകുമകൃത്യത്തിലൊക്കെയും.
തദ്വിധംതന്നേ ബലത്താൽ മദിച്ചവൻ
യുദ്ധേ സഹസാ നിവൃത്തുന്നു ബുദ്ധിയേ;
ഊക്കുകൊണ്ടാരൊടും മല്ലിടാൻ ചെന്നിടും,
ഭോഷ്ക്കല്ല പശ്വാദിയോടുമെതിർത്തിടും.
മാനമത്തൻ നരൻ ചിന്തിച്ചിടുന്നിതു
നൂനം തൃണംപോൽ സമസ്തലോകത്തെയും;
താനങ്ങനർഹനാണെങ്കിലും മുന്തിയ
സ്ഥാനം ലഭിക്കണം സർവ്വസദസ്സിലും!
ഇച്ചൊന്നതൊക്കെയുമൂഢന്മാരുടേ
ചൊൽക്കൊണ്ടിടുന്ന മദങ്ങളാണോർക്കണം.
സജ്ജനത്തിന്നു ഭവിക്കുന്നു നിർണ്ണയം
തൽസ്ഥാനമായതിലെല്ലാം ദമങ്ങളും.
വിദ്യയ്ക്കെഴും ഫലം ജ്ഞാനം വിനയവും,
വിത്തമതിന്റേതു യജ്ഞവും ദാനവും.
ഉത്തമമായിടും സാധുസംരക്ഷണം
ഉത്ഭവിക്കുന്നു ബലത്തിൻ ഫലമതായ്.
ശത്രുക്കൾവന്നു പദതാർ പണിഞ്ഞഥ
കപ്പം കൊടുപ്പതു ശൌര്യമതിൻഫലം.
ചൊൽക്കൊണ്ടിടുന്ന ശമം, ദമമാർജ്ജവം,
സൽക്കുലത്തിങ്കൽ ജനിച്ചതിന്റെ ഫലം.
സർവ്വഭൂതത്തെയുമൊപ്പമായ് കാണ്മതു
ഗർവ്വരഹിതമാം മാനമതിൻ ഫലം.

സത്തായ വിദ്യ, സന്മന്ത്രം, സദൌഷധം
സൽസ്ത്രീമണി, പുനരിങ്ങനേ നാലതും
എത്രയും നീച കുലത്തിൽ നിന്നാകിലും
യത്നേന വാങ്ങണം വിട്ടിട്ടു മാനവും.
നഷ്ടമായ്പോയതു തള്ളിക്കളയണം
കിട്ടുന്നതിനെയെടുക്കയും ചെയ്യണം.
ബാലനേയും നിജഭാൎയ്യയേയുമതി-
ലാളനംചെയ്യൊല്ലാ താഡിക്കൊല്ലാ തഥാ;
ബാലനേ വിദ്യ പഠിക്കാനയയ്ക്കണം
ഭാൎയ്യയേ ഗേഹകൃത്യത്തിനുമാക്കണം.
അല്പമെന്നാലുമദത്തമായുള്ളതാം
വിത്തംപരന്റേതപഹരിച്ചീടൊല്ലാ.
ചൊറുമേ ദൂഷണം ചെയ്യൊല്ലാ ഭാൎയ്യയെ
തിട്ടമോതീടരുതാരുടേ പാപവും.
കള്ളമായുള്ളോരു സാക്ഷ്യംകഥിക്കൊല്ലാ
തെല്ലുംമറയ്ക്കൊല്ലാ കണ്ടസാക്ഷ്യത്തിനേ.
കള്ളമോതാം ദൃഢം പ്രാണനാശത്തിലും
നല്ലമഹൽക്കാൎയ്യസാധനത്തിങ്കലും.
കന്യകാദായിക്കു നിൎദ്ധനൻതന്നെയും,
കള്ളനു ന്യൂനം പണമുള്ളവനെയും,
കൊന്നിട്ടുന്നോനു മറഞ്ഞിരിപ്പോനെയും,
കണ്ടാകിലും ബത കാട്ടിക്കൊടുക്കൊല്ലാ.
ജായാപതികൾ, പിതാക്കൾ, ഭഗിനികൾ,
സോദരർ, സ്നേഹിതർ, സ്വാമിഭൃത്യരിവർ,
ഏതൊരുകൂട്ടരും തമ്മിലുണ്ടാക്കൊല്ലാ
ഭേദം ഗുരുശിഷ്യരായവർതമ്മിലും.
രണ്ടാൾകൾ തങ്ങളിൽ സംഭാഷണമതു
കൊണ്ടുപിടിച്ചു നടക്കുന്നവേളയിൽ

രണ്ടാൾക്കിടയ്ക്കുമൊരാൾ ചെന്നമരൊലാ
രണ്ടുപേരും സ്ഥിതരാണെന്നിരിക്കിലും.
ആത്മസമാനമുപചരിച്ചീടണം
ആത്മസഹോദര ബന്ധുമിത്രങ്ങളേ.
ഗേഹത്തിലാഗതൻ നിസ്സാരനാകിലും
വേഗം കുശലം വിചാരിച്ചുകൊള്ളണം.
പാരാതെ ദാനജലാദിയാലർഹിത-
മായുള്ള സൽക്കാരമായതും ചെയ്യണം.
പുത്രനുള്ളോരു ഗൃഹത്തിൽ സപുത്രയാം
പുത്രിയും ഭർത്തൃമതിയാം ഭഗിനിയും,
പാർത്തിടാൻ ഊനമനുവദിച്ചീടൊലാ,
പാർപ്പിച്ചിടേണമനാഥയായ് വന്നിടിൽ.
സർപ്പവുമഗ്നിയും, ദുഷ്ടനും ഭൂപനും,
പുത്രീപതിയും, ഭഗിനീതനുജനും,
രുക്കതും, ശത്രുവും നിസ്സാരമെന്നതായ്
ഓർത്തുകളയരുതാരുമൊരിക്കലും.
ദൗഷ്ട്യവും, തൈക്ഷ്ണ്യവും, ദുശ്ശീലമായതും,
രാജ്യാധിപത്യവുമാത്മജാഭീതിയും,
പേർത്തും പിതൃക്കൾതൻ പിണ്ഡദാനമതും,
വൃദ്ധിയും ഭീതിയുമോർത്താദരിക്കണം.
രോഗശേഷമൃണശേഷമരാതിതൻ-
ശേഷമിതുകളെ പ്പാലിച്ചു കൊൾകൊലാ.
യാചകരാദികൾ യാചിച്ചുകൊൾകവേ
വാചം കഠോരമുരച്ചുകൊണ്ടീടൊലാ;
കാര്യമവരുടെതങ്ങു തന്നിയെയൊ
വേറെയാൾമൂലമോ സാധിതമാക്കണം.
ദാതാക്കൾ, ധാർമ്മികർ, ശൂരരിവരുടേ
ശ്ലാഘകളോതുകിൽ ശ്രദ്ധിച്ചുകേൾക്കണം.

ഓതുന്നതാകിലവർ തൻ കുറവുകൾ
ഏതുമതുകൾ ചെവിയിൽ പതിയൊലാ.
ആഹാരമായതും നൂനം വിഹാരവും,
പാരം മിതവും ഹിതവുമായിടണം.
കാലമതിങ്കൽ കഴിക്കയും ചെയ്യണം
മേലും വിഘസാശനവുമായിടണം.
ഉത്സാഹവാനായിരിക്കണമെപ്പൊഴും
സുസ്വപ്നവാനും ശുചിയുമായിടണം.
എപ്പൊഴുമങ്ങു വിജനത്തിൽവച്ചുതാൻ
ഭക്ഷണകേളിനിർഹാരങ്ങൾ ചെയ്യണം.
നിത്യം വ്യവസായിയായിബ്ഭവിക്കണം
കൃത്യമായ് വ്യായാമമായതും ചെയ്യണം.
അന്നത്തെ നിന്ദിക്കരുതൊരുനാളിലും,
അന്നം തരുന്നാകിലമ്പിനോടേവനും
നന്ദിയോടേ ബത സ്വീകരിച്ചീടണം
തന്നുടെ ദേഹമനുവദിച്ചീടുകിൽ.
ഭക്ഷണത്തിങ്കൽവച്ചുത്തമമായതു
തിട്ടം മധുരാദി ഷഡ്രസപൂരിതം.
സ്വസ്ത്രീയുമായുള്ള കേളിവിശിഷ്ടവും
വേശ്യയോടുള്ളതങ്ങേററം നിഷിദ്ധവും.
ദക്ഷരോടുള്ളൊരു മുഷ്ടിയുദ്ധം വരം,
സാക്ഷാൽ നദികളോടുള്ള വ്യായാമവും.
ആദ്യമാം യാമവുമന്ത്യവും നീക്കിയാൽ
രാത്രിയിൽ നിദ്ര വിശിഷ്ടമാണേററവും.
ദീനരേയും പുനരന്ധരേയും തഥാ
നൂനം ബധിരർ, മുടവരിവരെയും,
ആരുമപഹസിച്ചീടൊലാ ലേശവും
പാരം കരുണയാ മേവണമെപ്പൊഴും.

കാൎയ്യമല്ലാത്തതിൽ ബുദ്ധിചെലുത്തൊലാ
കാൎയ്യം സ്വകീയം നടത്തണം സത്വരം.
പാരാതെ യത്നേന, ബുദ്ധ്യാ, ബലത്തിനാൽ,
ധൈൎയ്യേണ, സാഹസാലാൎജ്ജവത്താലെയും,
ന്യൂനം പരാക്രമംമൂലവും സാധകൻ,
ഊനംവിനാ വെടിഞ്ഞീടണം ദൎപ്പവും.
കാൎയ്യം കലഹേന തീരുമെന്നാകിലോ
പാരം വരംതന്നെ പാരിൽ കലഹവും.
നേരേ മറിഞ്ഞാൽ സുഖഹാനിദമതാം
ആയുസ്സമൎത്ഥവും കീൎത്തിയും മിത്രവും.
ആരൊട്ടമേതുമനിഷ്ടമുരയ്ക്കരു-
താരുടേ കുററവും ലാക്കാക്കിവയ്ക്കൊലാ.
ആരുമേ രാജാജ്ഞ ഭഞ്ജിച്ചുപോകരു-
താരും മഹാന്മാരിൽനിന്നുള്ളൊരാജ്ഞയും.
നല്ലതല്ലാത്തതുചെയ്യാൻ കഥിക്കുകിൽ
വല്ലഭനാകിലും ചൊല്ലിക്കൊടുക്കണം.
നല്ലതു ചൊന്നാലെളിയവനാകിലും
തെല്ലുമതിന്നെയുല്ലംഘനം ചെയ്യൊലാ.
താരുണ്യസമ്പന്നയാകിയ നാരിയേ
ആരും സ്വതന്ത്രയായ് വിട്ടിട്ടു പോകൊലാ.
മൂലമനൎത്ഥത്തിനൊക്കെയും നാരിതാൻ,
മേലും തരുണീ പരാധീനയാകിലോ?
മത്തനായീടൊലാ മദ്യപാനത്തിനാൽ
ദുസ്സന്തതിയാൽ മയങ്ങയും ചെയ്യൊലാ.
സാധ്വിയാംഭാൎയ്യയും, താതന്റെ ജായയും,
പൂജ്യയാമമ്മയും, പുത്രിയുമച്ഛനും,
പുത്രന്റെ ഭാൎയ്യയും, ഭൎത്തൃരഹിതയോ
പുത്രവിഹീനയോയായുള്ള പുത്രിയും,

തദ്വിധമുള്ള ഭഗിനിയും, മാതുല-
പത്നിയും, ഭ്രാതാവുതന്നുടെ ഭാര്യയും,
അച്ഛന്റെ നേരേ സഹോദരിയും, പുന-
രച്ഛയായൊരു ജനനിസഹജയും,
പുത്രനില്ലാത്ത ജനനീജനകനും
സൽഗുരു, മാതുലൻ, പത്നിതൻ താതനും,
അച്ഛൻ മരിച്ചോരു പുത്രന്റെ പുത്രനും,
പുത്രീസുതനും സ്വകീയസഹജനും,
പൌത്രും ഭഗിനീസുതനും സ്വശക്തിപോൽ
യത്നേന രക്ഷണീയന്മാരവശ്യമായ്.
തൻ പിതൃമാതൃകുലങ്ങൾ, സുഹൃത്തുകൾ,
തൻപത്നി തൻകുലം, ദാസദാസീഗണം
തൻഭൃത്യവർഗ്ഗമിവരെ രക്ഷിക്കണം
സമ്പത്തിലും പുനരാപത്തിലുമൊരാൾ.
അംഗഭംഗങ്ങൾ ഭവിച്ചജനത്തെയും,
അങ്ങിനെതന്നേ പരിവ്രാജകരെയും,
പിന്നെയും ദീനരനാഥരിവരെയും
എന്നും വഴിപോലെ പാലിച്ചുകൊള്ളണം.
തന്റേ കുടുംബംപുലർത്തുന്നതിന്നൊരാൾ
വേണ്ടും പ്രയത്നങ്ങൾ ചെയ്യാതെ മേവുകിൽ
എന്തേഫലം തൻസമസ്തഗുണങ്ങളാൽ?
ഹന്താസുവർജ്ജിതൻ ജീവൻധരിക്കിലും.
സ്വന്തകുടുംബത്തെ രക്ഷിച്ചിടാതെയും,
സ്വന്തശത്രുക്കളെക്കീഴടക്കാതെയും
സ്വന്തധനത്തിനെപ്പാലിച്ചിടാതെയും
ഹന്തമേവുന്നവൻജീവിതാൽകിംഫലം?
സ്ത്രീജിതൻ, പിന്നേക്കടത്തിൽ മുഴുകിയോൻ,
യാചകൻ, നിത്യദരിദ്രനായുള്ളവൻ,

വൈരിക്കു നൂനമടിപണിഞ്ഞീടിനോൻ,
സർവ്വഗുണത്താൽ വിയുക്തനായുള്ളവൻ,
ഏവരുമിങ്ങിവർ ജീവിച്ചിരിക്കിലും
കേവലം പ്രാണൻവെടിഞ്ഞവർ പാരിതിൽ.
ആയുസ്സു, വിത്തം, ഗൃഹച്ഛിദ്രമങ്ങഥ
പൊയ്യല്ല മൈഥുനം, മന്ത്രം, തഥൌഷധം,
ദാനമാനങ്ങളപമാനമെന്നിവ
നൂനം പ്രഗോപ്യങ്ങളൊമ്പതും പാരിതിൽ.
ദേശാടനം, തഥാ രാജസദസ്സതിൽ
വേശനം, തദ്വിധം വേശ്യാദിദർശനം,
ശാസ്ത്രാർത്ഥചിന്തനം, വിദ്വൽസമാഗമം,
പാർത്താകിലാരുമലസാതെ ചെയ്യണം.
ദേശാടനംകൊണ്ടുപാരാതനേകമാം
ആചാരഭേദം, പദാർത്ഥഭേദങ്ങളും,
മാനുഷഭേദം, മൃഗകുലഭേദവും,
സ്വാനുഭൂതമതാം ധർമ്മാദിഭേദവും,
രാജപുരുഷരായുള്ളവരെവ്വിധം?
രാജനീതിനടത്തീടുന്നതെങ്ങിനേ?
വ്യാജവാദങ്ങൾ വദിക്കുന്നതാരുവാൻ?
വ്യാജേതരങ്ങൾ കഥിക്കുന്നതാരഥ?
ഏതുവിധം വ്യവഹാര ചർച്ച? ഇവ
ബോധിച്ചിടാം രാജസംസൽപ്രവേശനാൽ.
ശാസ്ത്രതത്വങ്ങൾ വിചിന്തനംചെയ്യുകിൽ
ദർപ്പമുണ്ടായിടാ ധർമ്മാന്ധ്യവുംവരാ.
ഒററയാംശാസ്ത്രം പഠിച്ചാകിലോ പുന-
രൊട്ടുമുണ്ടായിടാ കാര്യവ്യവസ്ഥയും.
വ്യാപ്തമാണത്രേ വ്യവഹാരമേററവും,
ഓർത്തുകൊണ്ടാകയാൽ ബുദ്ധിമാനായവൻ

ഒട്ടേറെ നോക്കണമാഗമവും പുന-
രൊട്ടേറെമാത്രം പഠിക്കണംശാസ്ത്രവും.
അന്യന്റെ വിത്താ ഗ്രഹിക്കുമവനെയും
തൻപാട്ടിലാക്കിട്ടും പാട്ടിലാകില്ലവൾ,
ഇങ്ങിനേ വേശ്യപോൽ ബുദ്ധിമാൻ ലോകരേ
തൻവശത്താക്കണം വശ്യനാകാതെ താൻ.
വേദശാസ്ത്രങ്ങൾ, പുരാണമിവയുടെ
വാദവിഹീനമാം തത്വബോധമതും
ഭേദമെന്യേ തഥാ ബുദ്ധിവികാസവും
ജാതമാകും ദൃഢം വിദ്വൽസമാഗമാൽ.
ദേവർ, പിതൃക്കളതിഥികളെന്നിവ-
ൎക്കേകിടാതന്നംഭുജിച്ചീടരുതൊരാൾ.
മോഹേന പാരിലാത്മാൎത്ഥം പചിപ്പവൻ
മേവുന്നു നൂനം നരകേ പതിക്കുവാൻ.
മൂപ്പുള്ളവനും, വ്രതിക്കും, ബലിഷ്ഠനും,
രുക്കിനാലാൎത്തനും, പിന്നെശ്ശവത്തിനും,
ശ്രേഷ്ഠനും, ഭൂപനും, യാനഗനുംതഥാ
മാൎഗ്ഗം വഴങ്ങിക്കൊടുക്കേണമേവനും.
അഞ്ചുമുഴങ്ങൾ ശകടത്തിൽനിന്നുമ-
ങ്ങഞ്ചുരണ്ടിതു വൃഷമശ്വമെന്നിവ
തന്നിൽനിന്നും ബത വാങ്ങിനിന്നിടണം
അഞ്ചുനാലഞ്ചു നാഗത്തിൽനിന്നും തഥാ.
ശൃംഗികുലങ്ങൾ, നഖികൾ, ദംഷ്ട്രികുലം.
നിമ്നഗാവൎഗ്ഗം, വധൂജനം, ദുൎജ്ജനം,
എന്നിവരാരും വസിക്കും വസതിയിൽ
വിന്യസിച്ചീടൊല്ലാ വിശ്വാസമീഷലും.
തിന്നുമ്പൊഴുതു വഴിനടന്നീടൊല്ലാ,
നന്നല്ല ഹാസ്യേന ഭാഷിതമായതും.

ഖിന്നനായിടൊല്ലാ നഷ്ടമായ്പോയതിൽ,
തന്നുടേ ചെയ്യുന്ന ജല്പനം ചെയ്യൊല്ലാ.
താൻതന്നെ ശങ്കിച്ചു മേവുന്നവനുടെ
സാന്നിദ്ധ്യമാരും വെടിഞ്ഞുകൊണ്ടീടണം.
സന്തതമാവിധം തന്നേ വെടിയണം
നിന്ദ്യമാം നീചജനങ്ങൾതൻസേവയും.
ആരുടെ സല്ലാപമായതുമാരുമേ
മാറി മറയിൽനിന്നങ്ങു കേട്ടിടൊല്ലാ.
ഉത്തമന്മാരോടു ചേൎന്നൊരു കാൎയ്യവും
തൽസമ്മതം വിനാ ചെയ്യാൻ തുനിയൊല്ലാ.
നിൎജ്ജരന്മാരുമായ് പീയൂഷഭുക്തിയാൽ
വിച്ഛിന്നകന്ധരനായിതു രാഹുവും.
ഉത്തമൻ ചെയ്യുന്ന ദുഷ്കൃത്യമായതും
തൽഭൂഷണാൎത്ഥം ഭവിക്കുന്നുപാരിതിൽ.
മുക്കണ്ണൻ ചെയ്തു ഗരപാനമായതു
മററാൎക്കുമോക്കിലോ മൃത്യുകരമതാം.
ശുദ്ധമായുള്ളോരു വഹ്നിപോൽ സൎവ്വവും
ഭുക്തികൊണ്ടീടുവാൻ ശക്തനാം ശക്തിമാൻ.
നില്ക്കരുതാരും ഗുരുവിന്നഭിമുഖം,
ഭൂക്ഷിത്സമക്ഷവും ശ്രേഷ്ഠന്റെ മുമ്പിലും.
ഭൂക്ഷിത്തു മിത്രമാണെന്നോൎത്തു യാവനും
സ്വേച്ഛപോലൊന്നുമേ ചെയ്യാൻതുടങ്ങൊല്ലാ.
മൂൎഖന്റെ സേവയും സ്വാമിത്വമായതും
ഇച്ഛിക്കൊല്ലാ മഹാൻതന്റെ വിരോധവും.
ഇച്ഛിക്കൊല്ലാ തഥാ ജ്ഞാനലവത്തിനാൽ
ഉദ്ധതനായോന്റെ രഞ്ജനയായതും.
സത്വരം വേണ്ടതും വേണ്ടരുതാത്തതും
ഓൎത്തിട്ടു ബുദ്ധിമാൻ കൃത്യങ്ങൾചെയ്തിടും,

ആദ്യമോ, പിന്നെയോ, വേഗമോ, വൈകിയോ,
ലബ്ധമായ്‌വന്ന ക്രമത്തിനേ നോക്കിയോ.
അച്ഛനാലാജ്ഞപ്തനായിടിലും മാതൃ-
ഹത്ത്യയിങ്കൽ ബത ഗൌതമ നന്ദനൻ
ദുഷ്കൃത്യമെന്നോൎത്തു കാലവിളംബനം
കൈക്കൊണ്ടതേററം പ്രശസ്തമായി ദൃഢം.
സ്നേഹത്തിനാലും സമീപഭൂവിൽ സദാ
വാസത്തിനാലും, നതിയാൽ, സ്തുതികളാൽ,
സേവനത്താലെയും, കൌശല്യമൂലവും,
കേവലം നല്ല കഥയാൽ കഥകളാൽ,
ജ്ഞാനത്തിനാലഥ പാണ്ഡിത്യമൂലവും,
ദാനത്തിനാൽ തഥാ ശൌൎയ്യത്തിനാലെയും,
കാണുമ്പൊളുത്ഥാനമായതു ചെയ്തുടൻ
മാനിച്ചുവന്ദിച്ചു പൂജിപ്പതാലെയും,
ആദരത്താലെയുമാൎജ്ജവത്താലെയും
മാധുൎയ്യമേറുന്ന ഭാഷണത്താലെയും,
ചേലെഴുംതന്നുടേ വിദ്യയാലുമുപ-
കാരങ്ങൾമൂലവും, സ്വാശയത്താലെയും
ഏവരേയും മുദാ പാട്ടിലാക്കീടണം
ഏതുകാലത്തിലും നിൎണ്ണയം ബുദ്ധിമാൻ.
ഇച്ചൊന്ന സൎവ്വവശീകാരമാൎഗ്ഗവും
ദുൎജ്ജനംതന്നിൽ ഭവിച്ചിടും നിഷ്ഫലം.
പ്രാജ്ഞതനതിനാലിവരെയടക്കണം
വഞ്ചിച്ചിവരുടെ സാന്നിദ്ധ്യമെപ്പൊഴും,
രൂക്ഷമാം ദണ്ഡനത്താലേ ഛലത്തിനാൽ
ഊക്കെഴും മററുമാൎഗ്ഗങ്ങളാലേ തഥാ.
വേദങ്ങൾ നാലും, സ്മൃതികൾ, പുരാണങ്ങൾ
ഈരഞ്ചുമെട്ടുമുപവേദസംയുതം

സാംഗം സകലം പഠിപ്പതു മർത്ത്യനു
മങ്ങാതെ നിത്യം ഹിതകരമായിട്ടും.
നായാട്ടു, ചൂതും, വധൂ, മദ്യപാനവും
പൊയ്യല്ല നിത്യം വ്യസനങ്ങളേവനും.
ഈനാലുമങ്ങു വെടിഞ്ഞിട്ടു മാനുഷൻ
ചേണാർന്നയുക്ത്യാ പ്രവർത്തിച്ചുകൊള്ളണം.
ആരൊടും കൂടവ്യവഹാരമായതും
ആരുടേ വൃത്തിവിലോപവും ചെയ്യൊലാ.
ആക്രമങ്ങേതൊരു ദോഷവും നിർണ്ണയം
ഉൾക്കരുന്നാലെയും ചിന്തിച്ചുപോകൊലാ.
മൂന്നുകാലങ്ങളും ഭദ്രമാക്കുന്നതാം
ഏതുകാര്യമതും ശോഭനം പാരിതിൽ:-
ജീവൻ വെടിയവേ സ്വർഗ്ഗമേകുന്നതും
ജീവിതേ നന്മയും കീർത്തിയും ചേർപ്പതും.
നന്നല്ലനുകരിക്കുന്നതൊരുവനും
മന്നവൻതന്നെയും ശ്രേഷ്ഠനായോനെയും.
പന്നഗശാർദ്ദൂലതസ്കരരോടൊരാൾ
ചെന്നെതിർത്തിടൊലാ പിൻതുണയെന്നിയേ.
കൊല്ലാൻ വരുമാതതായി ജനത്തിനേ
കൊല്ലുകവേണം ഗുരുതന്നെയാകിലും.
ചെന്നുസഹായിക്കരുതങ്ങു ശണ്ഠയിൽ,
എന്നാൽ ബഹുക്കൾക്കു നാഥനേ കാക്കണം.
പൂജ്യൻെറ മുമ്പിലും ഭൂപൻെറ മുമ്പിലും
ശ്രേഷ്ഠമാമാസനേ ചെന്നിരുന്നിടൊലാ
തർക്കവാദത്താലിവരുടെ വാക്കിനേ
വക്രിതമാക്കൊലാ ദർപ്പിതനായ് ഹൃദി.
ഉത്തമനായവനാരൊടും തന്നുടേ
കർത്തവ്യമോതിടാ കൃത്യങ്ങൾ ചെയ്കതും;

കൎത്തവ്യമെന്തെന്നറികില്ല മററവർ
ചിത്തത്തിലോൎക്കും കൃതമായതൊക്കെയും.
അമ്മ, മരുമകൾ, സോദരഭാമിനീ,
ചെമ്മേ സപത്നിജനമെന്നിവരുടേ
എന്തുകഥയും കുടുംബിനീ ചൊല്ലുകിൽ
സ്വന്തമനുഭൂതികൂടാതെ നമ്പൊലാ.
കള്ളംപറയലും, സാഹസം, മായയും,
ചൊല്ലാൎന്ന ലോഭവും, മൌൎഖ്യമശൌചവും,
വല്ലാത്ത ദൌഷ്ട്യവുമുള്ളിലേത്തള്ളലും
നല്ലാർകുലത്തിന്റെ ദോഷങ്ങളെട്ടിവ.
ഷോഡശവർഷം തികഞ്ഞ സുതനെയും,
ദ്വാദശാബ്ദങ്ങൾ കഴിഞ്ഞ വധുവെയും
താഡനംചെയ്യൊലാ ദുഷ്ടവാക്യങ്ങളാൽ
പീഡനം ചെയ്കൊലാ സ്വസ്നുഷാദിയേയും.
പുത്രരേക്കാട്ടിലും പാലനീയർ ദൃഢം
പുത്രീതനുജർ, ഭഗിനീജർ, സോദരർ;
പുത്രിയെക്കാട്ടിലും പാലനീയർ തഥാ
സ്വസ്നുഷാ, സ്വസ്വസാ, സ്വഭ്രാതൃഭാമിനി.
വീട്ടിന്നധികാരിയായുള്ള മാനുഷൻ
നേട്ടങ്ങളുണ്ടാക്കിവെയ്ക്കാൻ ശ്രമിച്ചിട്ടും,
കോട്ടംവിനാ തൻ കുടുംബം പുലൎത്തുവാൻ;
മററുള്ളവന്മാരപഹാരികൾ ദൃഢം.
വിത്തവും, ശീലം, കുലവും, പുനരഥ
വിദ്യയും, രൂപം, ബലവും, വയസ്സതും
നോക്കിയങ്ങേവനും കന്യയേ നൽകണം.
ഭോഷ്കല്ല മൈത്രിയും പൂണ്ടുകൊണ്ടീടണം.
വിത്തമില്ലെങ്കിലും പ്രായവും രൂപവും
വിദ്യയുമുണ്ടെങ്കിലേകിടാം കന്യയേ.

വിത്തത്തെ മാത്രമോ രൂപത്തെ മാത്രമോ
നോക്കിയാൽ പോരാ വയസ്സിന്നേ മാത്രമൊ.
ആദ്യമായിട്ടു കുലത്തെ നോക്കീടണം
വിദ്യയെ പ്പിന്നീട്ടു, പിന്നേ വയസ്സിന്നേ,
ശീലം, ധനം, പിന്നെ രൂപവും, ദേശവും,
ആലോകനംചെയ്തു വേളി നടത്തണം.
രൂപത്തെയാശിച്ചിടുന്നിതു കന്യകാ,
സമ്പത്തു മാതാ, പിതാവു ശ്രുതത്തിന്നേ,
ബാന്ധവന്മാർ കുലമിച്ഛിച്ചിടുന്നിതു,
വേറെയുള്ളാളുകൾ മൃഷ്ടാന്നഭോജനം.
മററൊരു നൽഋഷിഗോത്രേ ജനിച്ചതായ്,
ഏററം കുലീനയായ് ഭ്രാതൃമതിയതായ്,
കുററം ജനനീവഴിക്കുമില്ലാതെഴും
ചട്ടററ കന്യയേ ഭാൎയ്യയായ് വേൾക്കണം.
കൂട്ടിവച്ചോരോ ക്ഷണവും കണികയും
പാട്ടിലാക്കീടണം വിദ്യയുമൎത്ഥവും;
ഇച്ഛിച്ചിടുന്നവൻ വിദ്യയുമർത്ഥവും
പുച്ഛിച്ചിടൊല്ലാ ക്ഷണവും കണികയും.
പത്നീതനുജമിത്രങ്ങൾക്കുവേണ്ടിയും
നിത്യം ധനാൎജ്ജനം നന്നു ദാനാർത്ഥവും.
ഇല്ലൊന്നു രണ്ടുമൊഴിച്ചാൽ ധരിത്രിയിൽ
അൎത്ഥേന കിം ഫലം കിംവാ ജനങ്ങളാൽ?
യത്നേന രക്ഷിച്ചുകൊള്ളണമേവനും
തൽഭാവിരക്ഷയ്ക്കുവേണ്ടും ധനത്തിനെ.
നൂററാണ്ടുകാലമിരിക്കുന്നതുണ്ടു ഞാൻ
മുററും ധനത്തിനാൽ മോദിച്ചുകൊണ്ടിടും.
ഇത്ഥം കരുതിയിരുപത്തുമഞ്ചെത്തും

അബ്ദങ്ങൾ വിദ്യാധനങ്ങൾ നേടീടുവാൻ
മുട്ടാതെ ചെമ്മേ നയിച്ചുകൊണ്ടീടണം
വിട്ടാൽ തദൎദ്ധമോ ന്യൂനം തുരീയമോ.
എല്ലാ ധനത്തിലും വിദ്യാധനം വരം,
കില്ലില്ല നൽകിയാൽ നിത്യം വളൎന്നിടും,
എള്ളോളവുമതു ഭാരമായ് വന്നിടാ,
തെല്ലുമൊരുവനും കൊണ്ടു കടന്നിടാ.
എത്രനാളങ്ങൊരാൾ വിത്തവാനായിടും
അത്രനാളന്യരാൽ സേവിതനാമവൻ.
നിൎദ്ധനനായോൻ ഗുണവാനതാകിലും
പത്നിയും വിട്ടുപോം പുത്രനും മിത്രവും.
യാതൊരു കാൎയ്യസാദ്ധ്യത്തിനും പാരിതിൽ
സാരഭൂതമതു വിത്തമായി സ്മൃതം.
ആകയാലാരും ധനമതു നേടുവാൻ
ന്യായമാം മാൎഗ്ഗങ്ങളൂടെ ശ്രമിക്കണം;
ശോഭനമായുള്ള വിദ്യയാലോ, പ്രഭു-
സേവനംമൂലമോ, ശൌൎയ്യത്തിനാലെയോ,
കാൎഷികമാകും പ്രവൃത്തിയാലോ, തഥാ
കൗസീദമാൎഗ്ഗമോ, കച്ചോടമൂലമോ,
ചേണാൎന്നിടുന്ന കലകൾ മുഖേനയോ,
ന്യൂനം പ്രതിഗ്രഹമായതു വാങ്ങിയോ.
യാതൊരു വൃത്തിയാൽ വിത്തവാനായിടും
ആയതുചെയ്വാൻ തുനിയണമേവനും.
വിത്തവാന്മാരുടെ വാതിൽ കാക്കുന്നിതു
നിത്യം ഗുണികളും കിങ്കരരെന്നപോൽ.
വിത്തവാന്മാരുടേ ദുൎഗ്ഗുണമായതും
സൽഗുണമായിപ്പുകഴ്ത്തിടുന്നു ജനം.
നിൎദ്ധനന്മാരുടേ സൽഗുണവും ബത

ദുർഗ്ഗുണമായിപ്പഴിച്ചിടുന്നു ദൃഢം.
നിർദ്ധനരെസ്സദാ സർവ്വജനങ്ങളും
നിർദ്ദയം തള്ളുമവജ്ഞയാ നിശ്ചയം.
നിർദ്ധനരായിബ്ഭവിക്കയാൽ പാരിതിൽ
മൃത്യുവേ പൂകിനാരൊട്ടനേകം ജനം,
ഒട്ടുപേർ പോയിയൊളിച്ചു നാടുകളിൽ,
ഒട്ടുപേർ ചെന്നു മലകളിലും തഥാ,
ഒട്ടുപേർ നാശമടഞ്ഞു, ഭ്രമം ചിലർ,
ഒട്ടുപേർ പൂകി രിപുവിൻ വശമത്തും.
അഷ്ടിക്ക മാർഗ്ഗമില്ലായ്കയാലൊട്ടുപേർ
മററുള്ളവരുടേ ദാസരാവു ഭുവി.
സഞ്ചിതമായ ധനത്തിൻെറ സംഖ്യയും
സഞ്ചിതസ്ഥാനവും തന്നുടേ പത്നിയോ
തന്മകൻതാനോ സുഹൃത്തോ ഗ്രഹിച്ചിടാ-
തുണ്മയിൽ വയ്ക്കണം ലേഖനസംയുതം.
ലേഖനമെന്നിയേ മററൊരു സ്മാരകം
ലോകേ വ്യവഹാരികൾക്കില്ല നിർണ്ണയം.
ലേഖനം കൂടാതെ ചെയ്തുകൂടാ ദൃഢം
യാതോരിടപാടതായതും ബുദ്ധിമാൻ.
നിർല്ലോഭനായോൻ, ധനികൻ, നൃപാലകൻ,
നല്ലവിശ്വസ്തൻ, ക്ഷമിവരനിങ്ങനെ-
യുള്ളവർ തമ്മോടു രേഖകൾ വാങ്ങിയും
കൊണ്ടുകൊടുക്കണം സഞ്ചിതമാം ധനം.
സ്നേഹിതനായവൻ ചോദിച്ചുകൊള്ളുകിൽ
കൌസിദഹീനം കൊടുത്തുകൊണ്ടീടണം;
സ്നേഹിതൻതന്നിൽ ബഹുധനം നില്പതു
ഹാനികരമായി വന്നിടാം നിർണ്ണയം.

വൃദ്ധിയോടാകിലും വാങ്ങും ധനത്തിനാൽ
തൃപ്തിയോടേ തൻപ്രവൃത്തി നടത്തുവാൻ
ശക്തനാണെന്നായറിഞ്ഞാലൊരാളിനു
വിത്തവാനായവനൎത്ഥമേകീടണം;
സത്തായരേഖയിന്മേലുമുറപ്പിലും
സാക്ഷികൾ മുമ്പിലും ജാമ്യസമേതവും.
വട്ടിയേ മോഹിച്ചു, മൂലധനത്തിനു
നഷ്ടംവരുമാറു നല്കീടൊലാ മുതൽ.
ഊണിലും തന്റെ പണമിടപാടിലും
നാണമില്ലാത്തവൻതന്നേ സുഖിവാൻ.
ദാനമേകീടിലോ മൈത്രിക്കുതകിടും,
ന്യൂനമദാനേ രിപുത്വകാരി ധനം.
ആകയാലേവനുമുള്ളിലൗദാൎയ്യവും,
ആളുകൾ കാണവേ കാൎപ്പണ്യഭാവവും
ചാലേ വരിച്ചു വ്യയങ്ങൾ ചെയ്തീടണം
കാലേ നിയതമുചിതമാകും വിധം.
ശക്തിക്കടുത്തപോൽ സൽപത്നിതന്നെയും
സൽപുത്രമിത്രവൎഗ്ഗങ്ങളിവരെയും
രക്ഷിച്ചുകൊള്ളണം സദ്ധനങ്ങളാൽ,
ഭോഷ്കല്ല നിത്യവുമാത്മാവുതന്നെയും.
ആത്മാവു വീണ്ടും വരികില്ല നിൎണ്ണയം,
ആത്മാവൊഴികെ മറ്റൊക്കെയും വന്നിടും.
പൃഥ്വിയിലങ്ങൊരാൾ ജീവിച്ചിരിക്കിലോ
ഭദ്രങ്ങൾ കാണും ശതക്കണക്കിന്നവൻ.
പ്രായംതികഞ്ഞും വിവാഹം കഴിഞ്ഞഥ
ജായമാരോടും സുതന്മാർ വസിക്കുകിൽ
കയ്യോടെ ഭാഗിച്ചു ന്യൂനം ധനത്തിന്നേ
ശ്രേയോഭിലാഷി പിതാവു കൊടുക്കണം.

പ്രായംതികഞ്ഞതാം ഭ്രാതാക്കളായവർ
ജായാസമേതരായ്ത്തീരുന്ന വേളയിൽ
ഭാഗാർഹരായോരവരും പരസ്പരം
ഭാഗംപിരിഞ്ഞു നടന്നു കൊണ്ടീടണം.
ഏവംവിധമുള്ള ഭാഗമൊന്നു പുന-
രാവിർമ്മുദാ നടത്താതേ മരുവുകിൽ
ഏകോദരന്മാരവരെന്നിരിക്കിലും
ആകുന്നമട്ടിൽ വിനാശത്തിലെത്തിടും.
രണ്ടുകളത്രങ്ങളുള്ളോരു മാനുഷൻ
രണ്ടോടുമൊന്നിച്ചൊരുവീട്ടിൽ വാഴ്കൊലാ.
ഒന്നിച്ചുകൂടിക്കിടക്കും പശുകുലം,
എന്നാൽ മനുഷ്യന്നതൊക്കുകില്ലാ ദൃഢം.
വൃദ്ധിക്കു കാരണമാകും ധനത്തെയും,
ഉത്തമന്നു കൊടുക്കേണ്ടതിനെയും,
തദ്വിധമങ്ങധമന്നിൽ നില്പതാം
അർത്ഥത്തെയും സുതർ ഭാഗിച്ചെടുക്കൊലാ.
ആരുടേ സന്മൈത്രിയാശിച്ചിടുന്നു താൻ
ആശിച്ചുകൊൾകൊലാ തെല്ലുമവൻ ധനം.
മേലുമവൻെറ രഹസ്യം പരോക്ഷമായ്
ചാരർമുഖേനയാരായ്കയും ചെയ്കൊലാ.
ഈഷലുമങ്ങവൻ ഭാര്യയുമായൊരു-
ഭാഷണമായതു ചെയ്തുകൊണ്ടീടൊലാ,
ന്യൂനതയൊന്നുമേ കാണാനൊരുങ്ങൊലാ,
ഊനമെതിർവാദമായതും ചെയ്കൊലാ.
കാര്യങ്ങൾ വല്ലതുമങ്ങവൻ ചെയ്കവേ
പൊയ്യല്ലുദാസീനനായിട്ടു വാഴ്കൊലാ,
പാരാതവനൊരനർത്ഥം ഭവിക്കുകിൽ
നേരാണതിനോടുപേക്ഷ കാട്ടീടൊലാ.

വൃദ്ധിയോടായതുമല്ലാത്തതുമതാം
ഔത്തമർണ്ണികമായുള്ള ധനത്തിനെ
ക്ലിഷ്ടത രണ്ടാൾക്കുമുണ്ടാക്കിടാതഥ
തിട്ടമേകീടണം വാങ്ങാത്തതെന്നാപോൽ.

സാക്ഷികൂടാതേ കൊടുത്തുകൂടാ കട-
പ്പത്രത്തിലങ്ങു പുറത്തെഴുതാതെയും.
തന്നുടേ സ്വന്ത ഗുണഗണം മൂലവും,
തൻ പിതൃമാതൃ ഗുണങ്ങൾ മുഖേനയും,
ഉന്നതകീർത്തിമാനായിടുന്ന പുമാൻ-
തന്നെയാണുത്തമന്മാരിൽ വച്ചുത്തമൻ.

സ്വന്തഗുണത്തിനാൽ ഖ്യാതനാകാമൊരാൾ,
സ്വന്തപിതാവിൻ ഗുണത്തിനാലും തഥാ,
സ്വന്തമാതാവിൻ ഗുണത്താലെയുമൊരാൾ
ഹന്ത ഭവിച്ചിടാം ഖ്യാതനായ് പാരിതിൽ.

ഉത്തമമധ്യമ നീചരായി ക്രമാൽ
ഇച്ചൊന്നവരെദ്ധരിച്ചിടുന്നു ഭുവി.
ഭ്രാതൃഗുണത്തിനാൽ ഖ്യാതനാകുംനരൻ
ഭൂതലേ നൂനമധമനാകുന്നവൻ.

ഭാര്യാ,തനുജാ, ഭഗിനിയിവരുടെ
ഭാഗധേയത്തിനാൽ ഭാഗ്യവാനാകുവോൻ
പാരിലുദീരിതനാകുന്നു നിർണ്ണയം
പാരമധമതമനെന്ന പേരിനാൽ.

വിത്തവാനായിബ്ഭവിച്ച ശേഷമൊരാൾ
കൃത്യമായ്പോററണം പോറേറണ്ടുമാൾകളേ.

അർത്ഥിക്കുവല്ലതും നല്കാതൊരിക്കലും
ബുദ്ധിമാൻ നൂനം നയിക്കുകില്ലാ ദിനം.

കാലൻെറ വായിൽ സ്ഥിതിചെയ്തിടുന്നു ഞാൻ,
മേലുമരക്ഷണമായുസ്സതില്ല മേ,

ദാനധർമ്മങ്ങളാം ബന്ധുക്കളെന്നിയേ
നൂനമെനിക്കില്ലമുത്ര സഹായികൾ,
ഏവം നിരൂപിച്ചു ദാനവും ധർമ്മവും
ഏവനും നിത്യവുമാചരിച്ചീടണം.
ദാനശീലാശ്രയത്താലേ നടപ്പതു
നൂനം ശഠാശ്രയംകൊണ്ടല്ല പാരിടം.
ദാനേന മിത്രങ്ങളായിബ്ഭവിച്ചിടും,
ചേണാർന്ന ശത്രുക്കളായവർ തന്നെയും.
ദേവർക്കുവേണ്ടിയും യജ്ഞാർത്ഥവും ക്ഷിതി-
ദേവാർത്ഥമായും ഗവാർത്ഥമായുമൊരാൾ
യാതൊന്നു നൽകുന്നു പാരലൌക്യമതായ്
ഓതുമതിന്നു സംവിദ്ദത്തമെന്നുപേർ.
മാഗധർ, വന്ദികൾ, മല്ലരാദികൾ തൻ-
കേളികൾക്കായിക്കൊടുക്കും ധനത്തിന്നേ
പാരിതോഷ്യമതായ് ചൊൽവു, യശസ്സിനായ്
ഏകുന്നതിന്നേ ശ്രിയാദത്തമെന്നുമായ്.
ബന്ധുക്കൾ, സംബന്ധിവർഗ്ഗം, സുഹൃത്തുകൾ,
എന്നുള്ളവർക്കു വിവാഹാദിവേളയിൽ
സമ്മാനമായിക്കൊടുക്കും പതിവിന്നെ
ചെമ്മേയുരച്ചിടും ഹ്രീദത്തമെന്നതായ്.
ഭൂപതി, പിന്നേ ബലീ, കാര്യഘാതകൻ,
ഈവിധമാൾകൾക്കു കാര്യസാദ്ധ്യാർത്ഥമോ,
പാപഭീമൂലമോ നൽകും ധനത്തിന്നു
പേരതുചൊല്ലിടും ഭീദത്തമെന്നതായ്.
ശത്രുതാവർദ്ധനയ്ക്കായിക്കൊടുപ്പതും,
ദസ്യുകവർന്നതും, ചൂതിൽ കളഞ്ഞതും,
തിട്ടം പരസ്ത്രീഗമനാർത്ഥദത്തവും
ഉക്തമാകുന്നിതു പാപദത്തമതായ്.

യാതൊരുദേവനെസ്സേവിച്ചിടുന്നുതാൻ
ആ ദേവനെയതിശ്രേഷ്ഠനായ് ചൊല്ലണം.
ആ ദേവനേതും കുറവു കല്പിക്കരു-
താ ദേവസേവനം മോദേന ചെയ്യണം.
ദാനമുഗ്രതപമിവരണ്ടുമെന്നിയേ
ന്യൂനം ജഗത്തിങ്കലില്ലാ വശീകരം.
ദാനേന നിത്യം ക്ഷയിച്ചു വൎദ്ധിച്ചെഴും
ഘൃണധരൻ ശുഭൻ വക്രനെന്നാകിലും.
സ്നേഹവും ദ്വേഷവും ചിന്തിച്ചുകൊണ്ടുതാൻ
ഏതും പ്രവൎത്തിച്ചുകൊള്ളണം മാനുഷൻ.
ചെയ്തതിൻശേഷം മറിച്ചാക്കിവയ്ക്കുവാൻ
ചെയ്യുന്നതാം ശ്രമം നന്നല്ല യാവനും.
അത്യധികമതാം ക്രൌൎയ്യവും, ശാഠ്യവും,
അത്യധികം വാദമത്യന്തമാൎദ്ദവം
അത്യധികമതാം കാൎയ്യപ്രസക്തിയും,
അത്യാശയായതുമാക്കമരുതു താൻ.
അത്യധികത്വം വിനാശകാരി ദൃഢം,
അത്യധികത്വം വെടിയേണമാകയാൽ.
ക്രൌൎയ്യംനിമിത്തം ജനങ്ങൾ കോപിച്ചിടും,
കാൎപ്പണ്യമേറിയാൽ നിന്ദിച്ചുകൊണ്ടിടും,
മാൎദ്ദവം കൂടിയാൽ ഗണ്യമാക്കാ ജനം,
പുച്ഛിച്ചിടുമതിവാദം തുടങ്ങിയാൽ.
ദാനം പെരുത്താൽ ദരിദ്രതയിങ്കലും,
ലോഭം മികച്ചാൽ തിരസ്കരണത്തിലും,
ന്യൂനം കലാശിക്കുമത്യാഗ്രഹമതു-
മൂലം ഭവിച്ചിടും മൂൎഖത്വമായതും.
ആചാരലോപാൽ വരും ധൎമ്മഹാനിയും,
ആചാരമേറിയാൽ മൂൎഖത്വമായതും.

ഏതുജനത്തിലും ഞാൻതന്നെ മുന്തിയോൻ
ഏതൊരറിവിലും മുന്തിനില്ക്കുന്നു ഞാൻ,
ഏതദ്വിധമാണു ധമ്മതത്വമതെ-
ന്നേതും നിരൂപിച്ചുകൊൾകൊലാ ബുദ്ധിമാൻ.
ഓക്കണമുണ്ടു തിമിംഗിലമത്സ്യവും,
ഭോഷ്ക്കല്ല പിന്നേ തിമിംഗിലം തിന്നിയും,
ഊക്കേഴുന്നോരു തിമിംഗിലംതിന്നിയേ
കുക്ഷിയിലാക്കുന്ന രാഘവമത്സ്യവും,
ഉഗ്രനായീടുന്ന രാഘവൻതന്നെയും
വ്യഗ്രതയെന്യേ ഗ്രസിക്കുന്ന സത്വവും.
ഓക്കരുതത്രേ സമത്വം സുരരൊടും
ഗോക്കളോടും തഥാ വിപ്രജനത്തൊടും.
ഓക്കുകിലായതനത്ഥകാരിയതാം
കൃത്സ്നമായീടും കുലനാശകാരിയും.
പൂജനം, സേവനം, നൂനം ഭജനവും,
ആശിച്ചിടേണമിവററയോടെപ്പൊഴും.
ആക്കുമറിവില്ലിവററയിൽ ബ്രാഹ്മ്യമാം
ശക്തിയതെത്രമേൽ വത്തിപ്പതെന്നതായ്.
ആക്കും പരാധീനമാക്കിച്ചമയ്ക്കൊലാ
ലാക്കിൽ തരുണി, ധനം, പുസ്തകമിവ.
കിട്ടിയാൽതന്നെയും വീണ്ടും വിധിവശാൽ
ഭ്രഷ്ടയായ്, നഷ്ടമായ്,മർദ്ദിതമായ്വരും.
അല്പകാൎയ്യമതു നേടുവാൻ ബുദ്ധിമാൻ
അല്പേതരം വ്യയം ചെയ്തുകൂടാ ധനം.
അല്പേതരംവ്യയം ചെയ്തഭിമാനമോ-
ത്തല്പകാൎയ്യമതു കൊൾകയും ചെയ്യൊലാ.
അല്പമല്ലത്ഥവ്യയമെന്ന ഭീതിയാൽ
അപ്പാട്ടുതള്ളൊലാ സൽകീത്തിയായതും.

ദൗത്യവാഹിയുടെ ദുർവ്വാക്കു കേട്ടോരാൾ
ചീർത്തിർഷ്യതോ കോപമോ പൂകൊലാ.
മിത്രങ്ങൾ നാണിച്ചുകൊൾകയോ പോകയോ
ചിത്തത്തിലസ്വാസ്ഥ്യമേൽക്കയോ ചെയ്തിടും-
മട്ടിൽ കഥിക്കൊലാ വാക്കുകൾ ബുദ്ധിമാൻ,
ചെററുംവിനോദത്തിനായിട്ടുതന്നെയും.
സദ്വാക്യവുമസത്തായുള്ള വാക്യവും
വ്യർത്ഥമായ് രണ്ടും ഭവിക്കുന്നവനൊടായ്
ചെററുമൊരുവാക്കുരച്ചുകൊണ്ടീടൊലാ,
പൊട്ടന്റെ മുമ്പിലായ് പാടുമോ പാട്ടുകാർ?
ദുർവൃത്തിലാസക്തി ചേരും സുഹൃത്തിനേ
സർവ്വോപദേശവും നല്കി നന്നാക്കുവാൻ
സർവ്വാത്മനാ ശ്രമിക്കാത്ത മിത്രത്തിനേ
നിർവ്വചിക്കുന്നു ബുധന്മാർ നൃശംസനായ്.
ജ്ഞാതികൾതമ്മിൽ പരസ്പരം വന്നിടും
ഭേദങ്ങൾ ചെമ്മേ പറഞ്ഞുതീർത്തിടുവാൻ
ആതങ്കഹീനം ശ്രമിക്കാത്ത ബന്ധുവേ
ഓതിടാ ബന്ധുവായ് പാരിൽ ബുധജനം.
മന്നിൽ പിറന്നനാൾതൊട്ടുപകാരവും,
പിന്നാലെയോരോരൊ ദാനമാനങ്ങളും,
നല്ലോണമേററോരു മിത്രവും കാൽക്ഷണാൽ
കൊള്ളിവാക്കാലേ ഗമിക്കുന്നു ശാത്രവം,
വല്ലാതെ കൊണ്ടുതറച്ചു കഠോരമാം
ശല്യങ്ങളാകുമക്കൊള്ളി വാക്യങ്ങളേ
ഉള്ളത്തിൽനിന്നും പറിച്ചെറിഞ്ഞീടുവാൻ
ഇല്ലായ്കയാൽ തന്നെയുള്ളൂക്കു നിർണ്ണയം.
തന്നിൽ കവിഞ്ഞബലമുള്ള ശത്രുവേ
തന്നുടേ തോളിൽ ചുമന്നുകൊണ്ടീടണം.

എന്നാലവൻബലം നഷ്ടമായ്കാണവേ
തിണ്ണെന്നു കല്ലിൽ കുടംപോലുടയ്ക്കണം.
നല്ലാഭചേന്നോരു ഭൂഷാവിശേഷവും,
ചൊല്ലാന്നവീര്യവും സാമ്രാജ്യലക്ഷ്മിയും,
നിർല്ലോഭമായെഴും വിദ്യയും വിത്തവും,
എല്ലാംവണങ്ങണം സൌജന്യഭൂഷയേ.
അശ്വത്തിൽ വേഗതാ, ധൈര്യംവൃഷങ്ങളിൽ,
രത്നത്തിലാഭാ, ക്ഷമാ ക്ഷോണിപാലരിൽ,
വേശ്യാജനങ്ങളിൽ ഹാവഭാവദ്വയം,
സുശ്രാവ്യതാ തഥാ ഗായകജാതിയിൽ,
ചീർത്തോരുദാരതാ വിത്തവാന്മാർകളിൽ,
വർദ്ധിച്ചശൌര്യം മികച്ചയോദ്ധാക്കളിൽ,
ഗോക്കളിൽ പാല്ക്കുറ കൊള്ളുന്നകോളതു,
ഭോഷ്കല്ല സംയമം സന്ന്യാസിവീരരിൽ,
വക്തൃത്വമായതു വിദ്വജ്ജനങ്ങളിൽ,
നിഷ്പക്ഷപാതിതാ നിത്യം സദസ്യരിൽ,
സാക്ഷിയിൽ സത്യം, ദൃഢഭക്തി ഭൃത്യനിൽ,
മൂർഖങ്കൽ മൌനം, സതീത്വം വധുക്കളിൽ,
സ്വച്ഛമായിട്ടും ഹിതോക്തി യമാത്യരിൽ,
ഇച്ചൊന്നതെല്ലാമതാതിൻ സുഭൂഷണം.
ഇച്ചൊന്നതിന്നു മറിച്ചുള്ളതൊക്കെയും
അശ്രീകരങ്ങളാം ദുർഭൂഷണങ്ങൾ താൻ.
ഒട്ടേറെയംഗങ്ങളൊട്ടധികം വിള-
ക്കൊട്ടേറെയർഭകർ മുട്ടാതെ ഗോക്കളും
തിട്ടമിതുകളാലേററം വിളങ്ങിടും
ഒററയാം നായകനായി വാഴും ഗൃഹം.
തെററാതിതുകളങ്ങൊക്കെയിരിക്കിലും
ചെററുമേ ശോഭിച്ചിടില്ലാ ഗൃഹം ദൃഢം,

ഒട്ടേറെ നായകരുണ്ടാകിലോ പുന-
രൊട്ടുമേ നായകരില്ലാതെയാകിലോ.
ദുഷ്ടമൃഗത്തോടുപേക്ഷ കാട്ടീടൊലാ,
പെട്ടന്നതിനേ വധിക്കണം കാണവേ.
ചിത്തപിശുനതാ, ചണ്ഡഭാവം, തഥാ
മാത്രകവിഞ്ഞോരു ലോഭമനൃതവും,
മാത്സൎയ്യഭാവവും ചൌൎയ്യസ്വഭാവവും,
കൃത്യവിഫലത്വവും, നിത്യമാലസ്യവും,
മുററും ഭവിപ്പു ഗുണികളിൽ തന്നെയും
മററുഗുണങ്ങൾ മറച്ചു ദോഷത്തിനായ്.
പെററമ്മ, ഭാൎയ്യാ, തനുജൻ ഇവരുടെ
വിത്തവിനാശനം പാപമത്രേ പരം,
തിട്ടം ചെറുപ്പും, നടുപ്രായമങ്ങഥ,
മുററും വയോദശയെന്നിവയിൽ ക്രമാൽ.
വിത്തവാൻതന്നുടേ നിസ്സന്തതിത്വവും,
നിൎദ്ധനന്മാരുടേ മൂൎഖത്വവും തഥാ,
ഭൎത്തൃമതിയുടെ ഷണ്ഡഭൎത്തൃത്വവും,
സൌഖ്യത്തിന്നാകാ, സുഹൃന്നിൎഗ്ഗമനവും.
മൂൎഖനാമാത്മജൻ, മൂൎഖയാംകന്യകാ,
കൎക്കശയായുള്ള ഭാൎയ്യാ, ദരിദ്രതാ,
ശാശ്വതമാമൃണം, നീചൻെറ സേവനം,
ഇച്ചൊന്നതാറും സുഖത്തിന്നു പററിടാ.
അധ്യാപനത്തിലുമദ്ധ്യയനത്തിലും,
ഈശ്വരൻതങ്കൽ, ഗുരുവിൽ, ദ്വിജങ്കലും,
പാട്ടിലും, നല്ല കളികളിലും പുന-
രാൎജ്ജവം, സേവനം, സ്ത്രീയെന്നിവയിലും,

മെച്ചമാം ശൌൎയ്യം, തപസ്സ, സാഹിത്യമെ-
ന്നിച്ചൊന്നവയിലുമാരുടേ മാനസം
തിട്ടം രമിക്കില്ലവൻ മുക്തനൊന്നുകിൽ,
ദുഷ്ടനല്ലെങ്കിൽ മനുഷ്യരൂപീ മൃഗം.
അന്യോദയത്തേസ്സഹിക്കവെഹ്യാത്തവൻ,
അന്യനിന്ദാത്മകൻ, ഛിദ്രദൎശി തഥാ,
പിന്നെയും ദ്രോഹവാൻ, കല്മഷമാനസൻ,
എന്നാൽ സുമുഖനവൻ തന്നെ ദുൎജ്ജനം.
വേദകോശത്തിൽ നിന്നുൽഭൃതമായ് പുന-
രേകനുപോലുമപൎയ്യാപ്തമായെഴും
സ്തോകമാം ജ്ഞാനവുമാശയാൽ വൎദ്ധിത-
മാകുന്നതാകിലതു പൂൎത്തികൃതതാം.
നേരെമറിച്ചു തൻ കാൎയ്യസാദ്ധ്യത്തിനും
പാരാതപരൻെറ ദോഷേ ക്ഷണത്തിനും
ആയിപ്രയോഗിച്ചുകൊണ്ടീടിലായതു
പൊയ്യല്ല ദോഷകരമായ് ഭവിച്ചിടും.
അന്യൎക്കുപദേശമേകുന്നതിൽ ഖലൻ
നിന്നിടും സാധുസമാനനായ് നിൎണ്ണയം.
എന്നാൽ സ്വകാൎയ്യങ്ങൾ സാധിച്ചുകൊള്ളുവാൻ
എന്നുമൊരഞ്ഞൂറകൃത്യങ്ങൾ ചെയ്തിടും,
അച്ഛൻെറയാജ്ഞയെ പാലിച്ചിടും സദാ,
നിസ്തന്ദ്രനായ് സ്വയം സേവിച്ചുവാണിടും,
നിത്യവും ഛായപോൽ വൎത്തിച്ചുകൊണ്ടിടും,
വിത്തത്തിനായി പ്രയത്നിക്കുമെപ്പൊഴും,
വിദ്യയിലൊക്കെയും ദക്ഷനായ് നിന്നിടും,
അപ്പുത്രനാൎക്കും സദാ പ്രീതികാരകൻ.
ദുഃഖദനത്രേ മറിച്ചുള്ളൊരാത്മജൻ
ദുൎഗ്ഗുണിനൂനം തഥാ ദ്രവ്യനാശകൻ.

ഭർത്താവിലെന്നുമനുരക്തയും ഗൃഹ-
കൃത്യത്തിലെപ്പൊഴുമത്യന്തദക്ഷയും
പുത്രപ്രസൂവും സുശീലയും യൌവന-
യുക്തയും ഭർത്തൃപ്രിയയുമായും നിജ-
പുത്രാപരാധങ്ങളൊക്കെപ്പൊറുത്തുമ-
ഴ്പുത്രരെപ്പോററിവളത്തിയും വാണിടും,
സ്നിഗ്ദ്ധയാമായമ്മ നിത്യവും പ്രീതിദാ,
ദുഃഖദാമററവൾ നൂനം കുലടയും.

പുത്രൻെറ വിദ്യാഗമനാത്ഥവും തഥാ
പുത്രവൃത്ത്യത്ഥവും വേലകൾ ചെയ്കയും,
യുക്തമാം ശാസനം നൽകയുംചെയ്യിട്ടും
അപ്പിതാ നിശ്ചയം പ്രീതിദനാം പിതാ.

നിത്യവും വേണ്ടസഹായങ്ങൾ ചെയ്കയും,
വിപ്രിയം തെല്ലുമുരയ്ക്കാതിരിക്കയും,
സത്യം ഹിതമിവ ചൊൽകയും ചെയ്യുകിൽ
മിത്രത്വമേററിടാം നൽകിടാം വാങ്ങിടാം.

താണജനത്തോടതിയായ മൈത്രിയും,
നൂനം പരാലയേ നിത്യം ഗമനവും,
ജാതിയും സംഘവുമായി വൈരുദ്ധ്യവും,
ദാരിദ്ര്യവുംതഥാ മാനഹാനിക്കു താൻ.

വ്യാഘ്രത്തൊടെന്നല്ല ഹിംസ്രവർഗ്ഗത്തോടും
ഭോഷ്കല്ലെ തീയൊടും പാമ്പിനോടും തഥാ
കൂട്ടിയുരപ്പതു പാക്കിലൊരിക്കലും
ചെററും ഗുണകരമായിബ്ഭവിച്ചിടാ.

എത്രമേൽ സേവിച്ചുകൊണ്ടാലുമങ്ങിവർ
മിത്രമാകാ ദൃഢം രാജാവുമാക്കുമേ.
മിത്രജനത്തിൻെറ ദുർമ്മനോഭാവവും,
ശത്രുജനങ്ങൾതൻ ശക്തിപ്രവൃദ്ധിയും,

വിദ്വജ്ജനത്തിൻെറ വൃദ്ധദാരിദ്ര്യവും,
തദ്വദ്ദരിദ്രൻെറ ബഹ്വപത്യത്വവും,
വിത്തവാൻ, ഭൂപൻ, ഭിഷക്കും, ഗുണികളും,
അപ്പുമില്ലാതുള്ള ദിക്കിലേവാസവും,
ഒററയെന്നാലും പിതാക്കൾക്കു പുത്രിയും
കഷ്ടദമേററവും പിച്ചതെണ്ടുന്നതും.
സുന്ദരഗാത്രനും വിത്തവാനും പുന-
രന്യൂനശക്തനും വിദ്വാനുമാകിലും,
പെണ്ണിനെ ബ്ഭൎത്താവുകാമിച്ചിടായ്കിലോ
പെണ്ണിന്നവൻ സുഖകൃത്തായ്ഭവിച്ചിടാ.
വേണ്ടുന്നപോലവൻ കാമിച്ചുകൊള്ളുകിൽ
ബന്ധുരാംഗീമണി പാട്ടിലാം നിൎണ്ണയം;
വേണ്ടുന്നപോലെ വളൎത്തിലാളിച്ചിട്ടും
പൊന്നുണ്ണിയമ്മയ്ക്കു പാട്ടിലാകുന്നപോൽ.
കാൎയ്യവും കാൎയ്യസാമഗ്രിയുപായവും
കാൎയ്യസാദ്ധ്യത്തിൽ വരാവും വ്യയമതും
കാൎയ്യമാദ്യേയോൎക്കാതെ ബുദ്ധിമാൻ യാതൊരു
കാൎയ്യവും ചെയ്തിടാ തുച്ഛമെന്നാകിലും.
കാൎയ്യം വ്യയാധികമാണെന്നു കാണുകിൽ
കാൎയ്യം തുടങ്ങൊലാ കാൎയ്യജ്ഞനായവൻ.
ലാഭം വരുമേതുകാൎയ്യവും ചെയ്യുവാൻ
ലോഭംവിനാ വ്യവസായിതുടങ്ങണം.
വിക്രയംചെയ്യുന്ന സാധനമായതിൻ-
തൂക്കമറിയണം തുല്യമായ് മൂല്യവും.
സ്ത്രീയും, കൃഷിയും, തപസ്സുപസേവയും,
പൊയ്യല്ലുപഭോഗമെന്നല്ല ഭോജനം
ഈയ്യാറുകാൎയ്യങ്ങളാൾപ്പേരു വച്ചൊരാൾ
ചെയ്യിക്കൊലാ പുനരന്യത്തിലായിടാം.

ജാരന്നും ചോരന്നുമാശിപ്പു നിർജ്ജന-
സ്ഥാനവും മാധുൎയ്യമേറുന്ന ഭോഗവും;
സാഹസമേറുന്ന ശത്രുവാൽ പീഡിതൻ
സാഹായ്യമെപ്പൊഴുമാശിച്ചുമേവിടും;
പേശലാംഗിമണിയാകിയ വേശ്യതൻ-
ആശയംപോകും ധനവാന്റെ മൈത്രിയിൽ;
ആവിധംപോയിടും ദുർമ്മതിയാകിയ
ഭൂപന്റെചിത്തം ഫലത്തിലെല്ലായ്പൊഴും.
ദുഷ്ടനാംഭൃത്യൻ കൊതിപ്പു യജമാന്റെ
വിത്തത്തെയെപ്പൊഴും ജ്ഞാനിതപത്തെയും;
മുട്ടാതെ ദേവതാപൂജയാൽ തന്നുടെ
അഷ്ടികഴിക്കുന്ന വിപ്രന്റെ മാനസം,
തെററാതെ നിത്യം കൊതിക്കുന്നു നിൎണ്ണയം
ചട്ടററദംഭം, തപം, അഗ്നിയെന്നിവ.
യോഗ്യതയുള്ളോരു നാരീമണിയുടെ-
യാഗ്രഹംപോയിടും സ്വന്തമാം കാന്തനിൽ.
യോഗ്യതയില്ലാത്ത പുംശ്ചലിതന്നുടെ-
യാഗ്രഹമായതു തന്റെജാരങ്കലും.
വില്ക്കാൻ ചരക്കുകൾ സംഭരിച്ചങ്ങിനേ
വയ്ക്കുന്ന വാണിജൻതന്നുടെ മാനസം
തക്കത്തിലൊക്കെകൊടുത്താൽ പെരുത്തതാം
അൎത്ഥം ലഭിക്കുമവങ്കൽ ഗമിച്ചിടും.
രുക്കിനാലാൎത്തനായുള്ളോരു മാനുഷൻ
തിക്കിത്തിരക്കുമൊരു നല്ലവൈദ്യനേ.
നില്ക്കാതെ നോക്കി നടക്കുന്നു യാചകൻ
ദിക്കിൽപ്രസിദ്ധനാം ദാനശീലൻഗൃഹം,
രക്ഷിതാവൊന്നിനേ തേടും ഭയാകുലൻ,
നോക്കിനടന്നിടും ഛിദ്രത്തെ ദുർജ്ജനം.

ശണ്ഠയും ശുണ്ഠിയുമുണ്ടാക്കുമാരൊടും,
ചണ്ടിത്തനംപൂണ്ടുഴറിനടന്നിട്ടും,
കണ്ട ലഹരികൾ സേവിക്കുമൊക്കെയും,
മിണ്ടാതെ പിന്നേയുറങ്ങുകയും ചെയ്തിട്ടും,
വേണ്ടാത്തവേലകൾ ചെയ്യും വൃഥാഫലം,
വേണ്ടുന്നകാൎയ്യങ്ങളെല്ലാം വെടിഞ്ഞിട്ടും,
തന്റേടമില്ലാതെ തൻകാര്യമാകവേ
കൊണ്ടുനഷ്ടത്തിൽവിട്ടും മൂർഖനായവൻ.
ക്ഷത്രിയൻതങ്കൽ തമോഗുണമേറിട്ടും,
സത്വഗുണമത്ര വിപ്രങ്കലും തഥാ,
മററുള്ളവങ്കൽ രജോഗുണമേറിട്ടും
പിട്ടല്ലിവററയിൽ സത്വാധികം വരം.
എല്ലാരിലും മുഖ്യനായുളനായിട്ടും
ചൊല്ലാന്നു വിപ്രൻ സ്വകീയകർമ്മത്തിനാൽ.
ചൊല്ലെഴും ക്ഷത്രിയാദിയിലംശാംശമായ്
ഉല്ലസിപ്പൂ ക്രമാലന്തണന്റെ ഗുണം.
സ്വന്ത ധർമ്മസ്ഥനാം വിപ്രനേ കാണുകിൽ
ഹന്ത പൂകും ഭയം ക്ഷത്രിയാദിജനം.
ചന്തമോടാകയാലേതൊരു മർത്ത്യനും
സ്വന്തധർമ്മത്തേയനുഷ്ഠിച്ചു മേവണം.
സ്വന്തധർമ്മത്തിനു ഹാനിവരാത്തതാം
എന്തൊരു വൃത്തിയും നന്നുതാൻ പാരിതിൽ.
സ്വന്തകുടുംബം പുലർത്താനുതകിട്ടും
എന്തൊരു നാട്ടും വിശിഷ്ടമാം നാട്ടുതാൻ.
മാതാവുപോലേ നദിയൊന്നതുള്ളതാം
ചേതോഹരം കൃഷി വൃത്തിയിലുത്തമം.
വാണിജൻ തന്നുടെ വൃത്തിയിടത്തരം
ന്യൂനമധമമശ്ശൂദ്രന്റെ വൃത്തിയും.

യാചകവൃത്തിയധമതമം, പരി-
വ്രാജകന്മാർക്കു വിശിഷ്ടമെന്നാകിലും
സേവനവും ക്വചിദുത്തമമാം നൃപ-
സേവനവും നൃപൻ ധർമ്മവാനാവുകിൽ.
ആധ്വര്യ്യകർമ്മാദി ചെയ്തു കിട്ടും ഭൃതി
പൃഥ്വിയിൽ ഭൂരിധനത്തിനു പററുമോ?
കെല്പെഴും വാണിജ്യമായതു തന്നെയും
തപ്പാതെ ബഹ്വർത്ഥലാഭത്തിനാകുമോ?
പൃത്ഥ്വീശസേവനം കൂടാതെയാർക്കുമേ
വിത്തം വിപുലം ഭവിക്കില്ല നിശ്ചയം.
പൃത്ഥ്വീശസേവനം ദുർഘടമേററവും,
ആപ്തമാകില്ലതു ബുദ്ധിമാനെന്നിയേ.
ഖഡ്ഗധാരോപമമായിബ്ഭവിച്ചിട്ടും
ബുദ്ധിയുതന്നൊഴിഞ്ഞന്യർക്കു ദുഷ്കരം.
പാമ്പു പിടിച്ചു കളിപ്പിച്ചിടുന്നവൻ
പാമ്പിനെ തൻപാട്ടിലാക്കിനിർത്തുംവിധം
വൻപെഴും ഭൂപനെ തൻമന്ത്രിവര്യനും,
തൻപാട്ടിലാക്കുന്നു മന്ത്രശക്തിവശാൽ.
പ്രാജ്ഞനായുള്ളവൻ ഭൂപനിലേററവും
വാച്യഭീതിയുതനായിബ്ഭവിച്ചിടും.
ബ്രാഹ്മമാം തേജസ്സു ബുദ്ധിമാന്മാരിലും
ക്ഷാത്രം പ്രതിഷ്ഠിതം ഭൂപരിലും ദൃഢം.
ബുദ്ധിമാനായവൻ ദൂരത്തു വാഴ്കിലും
അദ്ധാ വസിക്കുന്നു ചാരത്തു സർവ്വദാ.
ബുദ്ധിപാശാലവൻ ബന്ധിച്ചു താഡിച്ചു
നിർത്തുന്നു പാട്ടിലാക്കുന്നു മനുഷ്യരേ.
ചാരത്തിരിക്കിലും ദൂരസ്ഥനാണവൻ,
മേലുമപ്രത്യക്ഷസാഹായ്യവാനവൻ.
പ്രായോഗികമായ് നിറുത്തണം ബുദ്ധിയേ

ധിയേയന്യവാകരാൽ ഹതമാക്കൊലാ.
പൊയ്യല്ലന്യവാകരാൽ ഹതമായിട്ടും
ധിയതു സവ്ത്ര ഗാമിനിയായിടാം.
ആദ്യകാലമതിൽ ദാരിദ്ര്യമുത്തമം,
ചീത്ധനികതാ നൂനമനന്തരം.
ആദ്യമായ് കാൽനടയാന്ശേഷമൊരാൾ
യാത്രതുടങ്ങണം യാനത്തിലും തഥാ.
സൌഖ്യത്തിനായിട്ടമിച്ചൊന്നതാം ക്രമം
ദുഃഖത്തിനാകും വിപരീതമായിടിൽ.
മൃത്യുവേപ്രാപിച്ച പുത്രനെക്കാൾപ്പരം
ഉത്തമമായതു പുത്രനില്ലായ്കയും.
ദുഷ്ടനായുള്ളോരു വാഹനത്തിൽപ്പരം
ശ്രേഷ്ഠമായുള്ളതു പാദഗമനവും.
ചട്ടററ വൈപരീത്യമതിങ്കൽപ്പരം
തിട്ടമുദാസീനഭാവമാണുത്തമം.
ദിക്കുകൾസർവവും തോലാൽ മറപ്പതി-
ലൊക്കെയുംനല്ലതു പാദനിഗ്രഹനം.
ജ്ഞാനലവജമാം ദൌർവ്വിദഗ്ദ്ധ്യത്തിനേ-
ക്കാളും തുലോം വരമജ്ഞത്വമായ്മതം.
ആരാൻെറവീട്ടിൽ കുടികൊൾവതിൽപ്പരം
പൌരുഷമായതു കാനനവാസവും.
ദുർഭാഗ്യയോടുള്ള വാഴ്ചയെക്കാൾപ്പരം
ഭിക്ഷാടനംനന്നു മൃത്യുവുമുത്തമം.
ദുഷ്ടൻെറ സഖ്യം ഋണം, ഗർഭധാരണം,
തിട്ടം തഥൈവ പ്രഭുത്വമപഥ്യവും,
മുററും സുഖം നൽകുമാരംഭവേളയിൽ
തെററാതെയന്ത്യത്തിലേകുന്ന ദുഃഖവും.
ദുർമ്മന്ത്രിയാൽ നൃപൻ, രോഗി കുവൈദ്യനാൽ,

ദുൎമ്മഹീപാലനാൽ നൂനം പ്രജാവലി,
ദുഃസ്സന്തതിയാൽ കുലമിവനഷ്ടമാം,
ശുദ്ധമാമാത്മാവു ദുശ്ചിന്തയാലെയും.
ഹസ്തിയുമശ്വവും ബാലനും നാരിയും,
തത്തയുമെന്നല്ല പിന്നെയും കാളയും,
യദ്വിധം ശിക്ഷകൻ തദ്വിധമായ്‌വരും
നിത്യവും ലബ്ധമാമഭ്യാസഹേതുവാൽ.
കാലാനുരൂപമാം വാക്കിനാലേ ജയം,
ചേലാൎന്നവസ്ത്രത്തിനാലേ പ്രസിദ്ധതാ,
ഈടാൎന്നവിദ്യയാൽ മാനം സഭാതലേ,
ബാദ്ധംഭവിപ്പു പ്രഭാവാൽ ത്രിതയവും.
സാദ്ധ്വിയാം ഭാൎയ്യാ, സുവിദ്യാ, സുനന്ദനൻ,
സത്തായമിത്രം, പവിത്രമാകും ധനം,
വിശ്വാസയോഗ്യരാം ദാസദാസീജനം,
സുസ്ഥം കളേബരം, ഭദ്രമാകും ഗൃഹം,
ഭദ്രനായുള്ളോരു പൃഥ്വീശനിങ്ങനേ
പത്തും ഗൃഹികൾക്കു സൌഖ്യത്തിനായിടും.
സദ്വൃത്തമാരായ് സുശീലമാരായെഴും
വിശ്വസ്തമാരായ വൃദ്ധവധുക്കളൊ,
തദ്വിധം ക്ലീബരായുള്ള പുരുഷരോ
മാത്രം നിയുക്തരാകേണമന്തഃപുരേ.
മിത്രമെന്നാകിലും യൌവനയുക്തനാം
മൎത്ത്യനേയന്തഃപുരത്തിൽ നേമിക്കൊലാ.
നിത്യവും കാലനിയമനം ചെയ്തഥ
കൃത്യങ്ങൾചെയ്യണമന്യഥാ ചെയ്യൊലാ.
ആത്മാവിനോടു സമാനമായെപ്പൊഴും
ആത്മാവിലോൎക്കണം നൂനം ഗവാദിയേ.
ആത്മാവിനെത്തഥാ സൎവ്വകാലത്തിലും

നിത്തണം നിശ്ചയമത്ഥധർമ്മങ്ങളിൽ.
അന്നംപചിപ്പതിന്നമ്മയേയാക്കണം,
നിണ്ണയം ശിക്ഷണംനല്കുാൻ ഗ്ഗുരുവെയും.
ഖണ്ഡിതമായൊരു ചട്ടവുമെന്നിയേ
ചെന്നുകേറീടണമന്തഃപുരേ സദാ.
ദൂരദേശങ്ങളിൽ പാക്കുന്നവേളയിൽ
ആരുകാൎയ്യങ്ങളുപയുക്തമായിട്ടും.
ഭാൎയ്യാ ശിശ്രൂഷഹീനയായവളാകണം,
സാരമായ്‌വേണമൊരുയാനമുത്തമം,
ഭാരം ചുമന്നിടാൻ വേണമൊരുജനം,
നേരേ സമസ്തവും നോക്കാനപരനും,
വേണം പരദുഃഖഹാരിവിദ്ഭ്യാ തഥാ
വേണംപുനരൊരു ഭൃത്യനനലസൻ.
മാൎഗ്ഗം തടയരുതാക്കുമൊരുവനും
ശക്യമാണെങ്കിലുമങ്ങു തടയുവാൻ.
ഹട്ടമാൎഗ്ഗങ്ങളിൽ ഭൂപതിതന്നെയും
തിട്ടം സുയാനത്തിലാകിലും പോകൊലാ.
പോകണമാരും പെരുവഴി നിണ്ണയം
സാകംസഹായമോടന്യഥാ പോകൊലാ;
പോകുംവഴിക്കൊരുനാട്ടിൽ നല്പാതയും
പൊയ്കയും കണ്ടാലവിടെയിറങ്ങണം.
നേരേമറിച്ചു വഴിമേലിലോ പുന-
രാരണ്യഭൂവിലോ യാത്രയിളയ്ക്കൊലാ.
അത്യന്തമായോരലച്ചിലനശനം,
അത്യന്തമായാസമശ്രാന്തമൈഥുനം
ഇച്ചൊന്ന നാലും ഭവിക്കുന്നു പാരിതിൽ
നിശ്ചയം ദ്രാഗ്‌ജരാകാരികളായ്‌ നൂണാം.
വിദ്യകളായവ സർവത്തിലും നരൻ

ഉദ്യമിക്കേണ്ടും സമസ്തകലയിലും
നിത്യമായുള്ളോരനഭ്യാസമായതും
മർത്ത്യന്നു നൂനം ജരാകാരിയായിടും.
ദുർഗ്ഗുണത്തേ ഗ്ഗുണമായിവർണ്ണിപ്പവൻ
ചിക്കെന്നെവനും പ്രിയനായ്ഭവിച്ചിടും.
സൽഗ്ഗുണംതന്നേ സദൈവ പാടുന്നവൻ
സൽകൃതനാകാതെയാകുമോ മിത്രമായ്?
ദുർഗ്ഗുണമോതിയാൽ പട്ടാങ്ങുമാകിലും
തൽക്ഷണം തീർന്നിടും മിത്രവും ശത്രുവായ്.
ദുർഗ്ഗുണമായിഗ്ഗുണത്തെ വർണ്ണിക്കുകിൽ
ഒക്കുമോ തീരുവാനപ്പുമാൻ മിത്രമായ്?
ചട്ടറ്റദേവതാജാതികൾ തന്നെയും
തിട്ടം സ്തുതികളാൽകിങ്കരരായിടും.
കുറ്റം പലതുള്ള മർത്ത്യൻ പുനരഥ
പറ്റാതെയാകുമോ പാട്ടിൽസ്തുതികളാൽ?
പ്രത്യക്ഷമായിട്ടൊരുവന്റെ ദുർഗ്ഗുണം
കീർത്തിച്ചുകൊണ്ടിടാനാകില്ലയാർക്കുമേ.
കുറ്റങ്ങളാകയാൽ ലോകോക്തിയാലെയും
ശാസ്ത്രങ്ങൾമൂലവും താന്താനറിയണം.
സ്വന്തമാംദുർഗ്ഗുണം കേട്ടിട്ടു യാതൊരാൾ
സന്തുഷ്ടനായിടും കോപിഷ്ഠനായിടാ,
സന്തോഷമോടേ ശ്രവിച്ചുകൊണ്ടായതു
സന്ത്യജിച്ചീടാൻ ശ്രമിക്കയും ചെയ്തിടും;
സ്വന്തമാം സൽഗ്ഗുണം കേട്ടിട്ടഹമ്മതി
ഏന്തിടാതുള്ളിൽ സമചിത്തനായിടും,
ഹന്ത ഞാൻ ദുർഗ്ഗുണത്തിന്നു നിധാനമാ-
ണെന്തിനാരോപിപ്പു സൽഗ്ഗുണമെന്റെമേൽ?
എന്നിലുമജ്ഞതാ പാരമുണ്ടോർക്കുകിൽ

എന്നുള്ളിലോൎത്തു വസിക്കയുംചെയ്തിട്ടും,
എന്നിത്തരം സ്ഥിതിപൂകുന്ന മാനുഷൻ
എല്ലാരിലും വരൻ സാധുതാനങ്ങവൻ.
എന്നുമല്ലോൎത്താൽ നിലിമ്പൎക്കു തന്നെയും
വന്നിടാ നൂനമവൻതൻ കലാലവം.
അല്പമായുള്ളോരുപകാരമായതും
അല്പേതരമായ് ഗണിക്കുന്നു സജ്ജനം.
അല്പേതരം ഗുണംചെയ്കിലും ദുൎജ്ജനം
അല്പമായെന്നും കടുകിലും കീഴിലായ്.
സജ്ജനമെന്നും ക്ഷമിയെബ്ബലിഷ്ഠനായ്
ദുൎജ്ജനം നേരെമറിച്ചും നിനച്ചിടും.
സജ്ജനത്തിന്റെയും ദുൎജ്ജനത്തിന്റെയും
ദുൎഭാഷണത്തിന്നേയാരും പൊറുക്കണം.
ആരോടുമങ്ങു കലഹത്തിന്നായിട്ടും
ക്രീഡകളാരുമേ ചെയ്യാൻതുടങ്ങൊലാ.
ആരെയുംനോക്കി, നിൻഭാൎയ്യാകുലടയെ-
ന്നാരും വിനോദാൎത്ഥമായും കഥിക്കൊലാ.
ആരൊടുമാരുമസഭ്യമാം വാക്കുക-
ളോതരുതുദൃഢം സ്നേഹഭാവത്തിലും.
മിത്രങ്ങളിൽനിന്നു ഗോപ്യങ്ങളൊന്നുമേ
ഗുപ്തങ്ങളായിട്ടുവച്ചുകൊണ്ടിടൊലാ.
മിത്രങ്ങൾതങ്ങടേ ഗോപ്യങ്ങളായതും
പ്രത്യക്ഷമാക്കിക്കൊടുക്കയും ചെയ്കൊലാ.
ശത്രുതപൂകിലും ഗോപ്യങ്ങൾമുമ്പെയ-
ങ്ങുക്തമായുള്ളതു ഗോപ്യമായ്വയ്ക്കണം.
ദുഷ്ടത വല്ലതുമുള്ളതറികിലും
ചെററുമപരനു കാട്ടിക്കൊടുക്കൊലാ;

മുററുമുപശാന്തിചെയ്വാൻ ശ്രമിക്കണം
ഗുപ്തമായ്ശാന്തിമാൎഗ്ഗങ്ങളും നോക്കണം.
സത്യമെന്നാലും പുറത്തു കഥിക്കൊലാ
ശക്തനെന്നെതിരായ വാൎത്തയൊരിക്കലും.
ദൃഷ്ടമായുള്ളതു ദൃഷ്ടമല്ലാതെയും
കേട്ടതു കേൾക്കാത്തതായും നിനയ്ക്കണം.
മൂകനുമന്ധനും ചട്ടനും മുണ്ടനും
ആകണമേവനുമാപത്തുവേളയിൽ.
കേവലമങ്ങു മറിച്ചാകിലോ ദ്രഢം
കൈവരും ദുഃഖവും കാൎയ്യവിഘാതവും.
വൃദ്ധാനുകൂലമാം വാക്യമുരയ്ക്കണം
ഉക്തികളോതൊലാ ബാലാനുരൂപമായ്.
മററൊരാൾതന്നുടേ വീടതു പൂകിയാൽ
ചെററുമവനുടെ ഭാൎയ്യയേ നോക്കൊലാ.
നിൎദ്ധനനോടൊരു വസ്തുവും വാങ്ങൊലാ,
ചിത്തമോദത്തൊടു നൽകാത്തവനൊടും.
ശിക്ഷണം നൽകണം സ്വന്ത ശിശ്ശുവിനു
മററു ശിശ്ശു പിഴച്ചീടിലും വേണ്ടതാൻ.
ധൎമ്മനീതികളേ വിട്ടു നടപ്പവർ,
ചെമ്മേ ചപലർ, സങ്കൎഷകർ, പീഡകർ,
എന്നിവർ വാഴുന്ന നാടുവിട്ടങ്ങൊരാൾ
ചെന്നു വസിക്കണമന്യദേശമതിൽ.
രണ്ടാൾകൾ തങ്ങളിലുള്ള വാദമതിൽ
രണ്ടാം മതവും നിജമായറികിലും
തന്നോടു ചോദിച്ചിടാതെയുരയ്ക്കൊലാ,
നന്നാണിതു വൈരിഭാവമൊഴിക്കുവാൻ.
അന്യന്റെ പക്ഷം പിടിച്ചിട്ടു യാവനും
അന്യനോടങ്ങു വിവാദം തുടങ്ങൊലാ.

സംഘങ്ങളായിട്ടു കൂടിയൊരിക്കലും
സംവാദമാക്കൊലാ രാജമന്ത്രത്തിനെ.
ശാസ്ത്രപരിജ്ഞാനമില്ലാതെയാരുമേ
ജ്യോത്സ്യമാർഗ്ഗങ്ങളും ധർമ്മരീതികളും
കീർത്തിച്ചുകൊൾകൊലാ ദണ്ഡവും നീതിയും,
ശിക്ഷ, ചികിത്സ, ക്രിയാഫലമായതും.
അന്യാശ്രയത്തിൽ പരമില്ല ദുഃഖവും,
സ്വന്താശ്രയത്തിൽ പരമായ സൗഖ്യവും.
സ്വന്താശ്രയത്തിൽ ഗൃഹസ്ഥാശ്രമസ്ഥനായ്
ഹന്താപ്രവാസിയായ് വാഴുവോൻ ഭാഗ്യവാൻ.
പ്രാക്തനർ നൂതനരെന്നീ വ്യവഹാര-
വിത്തുക്കൾ തങ്ങടേ ബുദ്ധിമഹിമയാൽ
പുത്തനായോരോ വ്യവഹാരനീതികൾ
സിദ്ധമാക്കുന്നു പ്രതിക്ഷണമെന്നപോൽ.
സാദ്ധ്യമല്ലായവയൊക്കെ വർണ്ണിക്കുവാൻ
പ്രത്യക്ഷമായുമനുമാനമൂലവും.
ആപ്തമാമെന്നാലുപമാനമൂലവും
ആപ്തോപദേശങ്ങൾ മാർഗ്ഗവും നിർണ്ണയം.
രാജ്യവും രാജാവുമോർത്തറിയേണ്ടതാം
പൂജ്യമാം സാമാന്യ നീതിശാസ്ത്രമിദം
പ്രോക്തമായീ ദൃഢം സംക്ഷിപ്തമായ് മയാ;
പാർത്ഥിവന്മാർക്കിതങ്ങേററം ഹിതാവഹം.

(൯-ാം അദ്ധ്യായം സമാപ്തം)

# ൪–ാം അധ്യായം.

## ഒന്നാം പ്രകരണം

## സംഗതിവിവരം.

---

ഫ—വനു. മിത്രങ്ങൾനാലുവിധം. ശത്രുക്കളും നാലുവിധം. സുഹൃത്തിൻെറ ലക്ഷണങ്ങൾ. ശത്രുവിൻെറ ലക്ഷണങ്ങൾ.

വൌ—നർ. ശത്രുവിൻെറ ലക്ഷണങ്ങൾതന്നേ.

നഒ—നവ്യ. ദ്വേഷിക്കുന്നവനും ദ്വേഷിക്കപ്പെടുന്നവനും പരസ്പരശത്രുക്കൾതന്നേ.

നൻ—ർവ്യ. രാജാവിനു ആരുംമിത്രമില്ല. രാജാവും ആക്കും മിത്രമല്ല.

ർൻ—ണർ. ലോകത്തു ചിലർ സ്വാഭാവികമായിത്തന്നെ മിത്രങ്ങളായി ഭവിക്കുന്നു. ചിലർ അതുപോലെ സ്വാഭാവികമായിത്തന്നെ ശത്രുക്കളായും ഭവിക്കുന്നു. സ്വഭാവേനതന്നേ മിത്രങ്ങളാകുന്നവർ ആരെല്ലാമെന്നു. വിദ്യ, ശൌയ്യം, ദാക്ഷ്യം, ധൈയ്യം, ജയം, ഈ ഗുണങ്ങളും സ്വഭാവേന മിത്രങ്ങളാണു് എന്നു്.

ഒഒ—ഩ്നു. അച്ഛനമ്മമാർ മുതലായവർ ഏതെല്ലാം അവസ്ഥയിൽ ശത്രുക്കളായിബ്ഭവിക്കുമെന്നു.

ഒൌ—ഫർ. ഇന്നിന്ന ആളുകൾ ഒരു മനുഷ്യനു ശത്രുക്കളാകുന്നു എന്നും ഇന്നിന്ന ആളുകൾ ഇന്നിന്നആളുകൾക്കു ശത്രുക്കൾ എന്നും.

ഫഒ—ഫ്നു. ചതുരുപായങ്ങൾ വേണ്ടപോലെ പ്രയോഗിച്ചു ശത്രുക്കളാദികളെ അടക്കിക്കൊള്ളണമെന്നു. ഉപായങ്ങൾകൊണ്ടു സാധിക്കാത്തകാര്യം ഇല്ല. ചതുരുപായങ്ങളുടെയും വിവരണം.

ഫ്നന—ഫൻവ്യ. സാമദാനാദികൾ ആരൊടു ഏതു അവസരത്തിൽ പ്രയോഗിക്കണമെന്നും മററും.

൧൮൮—൨൧൦. ദണ്ഡം എന്ന വാക്കിൻെറ വിവരണം. ദണ്ഡഭേദങ്ങൾ.

൨൧൧—൨൩൬. ദണ്ഡനീതിയുടെ ഉപയോഗങ്ങൾ.

൨൩൭—൨൫൨. ദണ്ഡനീതി ശരിയായും ക്രമമായും നടത്താത്ത രാജാവു പാപിയാണ്. ദണ്ഡനീതി ക്ഷമയോടുകൂടി നടത്തണം.

൨൫൩—൨൬൭. നാലുയുഗങ്ങളിലേയും ദണ്ഡപ്രവൎത്തനം.

൨൬൮—൨൭൭. ധൎമ്മവും അധർമ്മവും വിശിക്ഷണം ചെയ്യുന്നതു രാജാവു ആണ്. അതിനാൽ യുഗത്തിൻെറ പ്രവൎത്തകൻ എന്നാളും രാജാവാകുന്നു. സകലദോഷങ്ങളും ധർമ്മം നടത്തുന്ന രാജാവിൽ നിന്നും ഉത്ഭവിക്കുന്നു. ധർമ്മം ശരിയായി നടത്താഞ്ഞാൽ ഉണ്ടാകുന്നദോഷങ്ങൾ.

൨൭൮—൨൮൨. രാജാവു മദ്യപാനിയായാൽതന്നെയും ഭേദമാണ്. എന്നാൽ ദുഷ്ടനും ദൈ്രണനും ആയിക്കൂടാ.

൨൮൩—൩൧൬. കാമവും ക്രോധവും മദ്യത്തിനെക്കാളും ചീത്തയാണ്. ഈ മൂന്നു കാൎയ്യങ്ങളും അകററിവച്ചുംകൊണ്ടു വേണം നൃപൻ ദണ്ഡം ധരിക്കേണ്ടതു്.

൩൧൭—൪൩൦. കുററങ്ങളുടെ തരംതിരിക്കൽ. ഓരോതരം ആളുകൾക്കും ആദ്യകുററത്തിനും പിന്നീടുള്ളകുററങ്ങൾക്കും കൊടുക്കേണ്ട ശിക്ഷകൾ.

൪൩൧—൪൮൦. സ്വഭാവേന ദുഷ്ടന്മാരായആളുകൾ. അവരെ രാജാവ് അറിഞ്ഞു കണ്ടുപിടിച്ചു നാടുകടത്തണം.

൪൮൧—൫൦൬. രാജദ്രോഹം മുതലായതിനു വധശിക്ഷ കൊടുക്കണം.

൫൦൭—൫൧൪. വേലഒന്നും ചെയ്യാതെ തിണ്ടാടിനടക്കുന്നവരെ പിടിച്ചു തടവിൽപാൎപ്പിച്ചു വഴിപ്പണികൊടുക്കണമെന്നും മറവും.

൫൧൫—൫൩൪. പിഴശിക്ഷ ഇന്നിന്ന തുകയ്ക്കു ഉള്ളതായിരിക്കണമെന്നും മററും.

# ൪-ാം അദ്ധ്യായം.

## ഒന്നാം പ്രകരണം.

(കാകളി)

ഓതാമിനിയഹം മിശ്രപ്രകരണം
ഓതിടാമൊട്ടു സമാസമായ്നിൎണ്ണയം.
ഏതാനുമങ്ങു സൗഹൃദാദിലക്ഷണം
ചേതോവധാനേന കേട്ടുകൊണ്ടീടുവിൻ.
നാലുവിധംവരും മിത്രങ്ങൾ പാരിതിൽ
നാലുവിധമതായ് ശത്രുക്കളും തഥാ,
നേരാണൊരുവനു യാതൊരാളുമുപ-
കാരാപകാരങ്ങൾ ചെയ്ക, ചെയ്യിക്കുക,
ക്രൂരോടനുമതിനൽക, പുനരതി-
ന്നോരോ തുണചെയ്ക, നൂനമിതുകളാൽ.
ആരുടേ ചിത്തമലിഞ്ഞിടുന്നു പര-
ന്മാരുടെ ദുഃഖങ്ങൾ കാണുമവസ്ഥയിൽ,
ആരുതാനന്യഗുണത്തിനായെപ്പൊഴും
ചാരുതയോടഹോ വേലകൾചെയ്തിടും,
പ്രേരണകൂടാതെയാരുതാൻ പിന്നെയും
കാലോചിതമാമുപകാരമേകിടും,
ആരുതാൻ സ്ത്രീധനഗോപ്യങ്ങളായവ
നേരമറിഞ്ഞു പരിരക്ഷചെയ്തിടും,
പാരിതിലായവൻ തന്നെയാണോൎക്കുകിൽ
പാരമാൎത്ഥ്യമതിലുത്തമനാം സുഹൃൽ.
വേറെയുള്ളാളുകൾ കാൽസുഹൃത്തൊന്നുകിൽ

നേർപാതിയല്ലെങ്കിൽ മുക്കാൽസുഹൃത്തുകൾ.
ഏകമാംകാര്യത്തിൽ രണ്ടാൾകൾതങ്ങളിൽ
ഏകാധിപത്യത്തിന്നായി ശ്രമിക്കുകിൽ
ആകുമതു ദൃഢം വൈരിതൻലക്ഷണം
ആകുമന്യോന്യഗുണധ്വംസികളിവർ.
ഭ്രാതാവുതന്നഭാവത്തിൽ സമസ്തമാം
പൈതൃകദ്രവ്യം നമുക്കായ് ഭവിച്ചിടും,
പോകില്ലവനൊരു തെല്ലുമേ നിർണ്ണയം,
ആകമാനമതും പൂകുമെൻകൈവശം,
ഭാഗഭാക്കാകാതവനോട്ടു ഞാനനു-
ഭോഗവാനായിടും സർവമാംസ്വത്തും,
ഏവംവിധമുള്ള ചിന്തയാൽ പ്രേരിത-
രാകുന്ന മാനുഷർരണ്ടും സുവൈരികൾ.
ദ്വേഷിച്ചിടുന്നവൻ, ദ്വേഷമേല്ക്കുന്നവൻ
ദ്വേഷണരാണിവർ രണ്ടാളുമോർക്കുകിൽ.
ഏകമാംപേരത്തു രണ്ടാൾക്കുമൊന്നുപോൽ
ഏകിടാം യാതൊരു ഭേദവുമെന്നിയേ.
ശൂരനുമുത്ഥാനശീലൻ, ബലിഷ്ഠനും,
നീതിമാനുമതാം മർത്ത്യനു പാരിതിൽ,
ഗൃദ്ധശത്രുക്കളും കാലപ്രതീക്ഷക-
ന്മാരുമായ് തീർന്നിടും സർവഭൂപാലരും.
ഏതുമേ വിസ്മയമില്ലിതിലോർക്കുകിൽ
ഭൂമിപർ രാജ്യലോഭികളങ്ങേവരും.
മേദിനീപാലനു മിത്രമില്ലാരുമേ
മേദിനീപാലനും മിത്രമല്ലാർക്കുമേ.
പ്രായേണ കൃത്രിമമിത്രങ്ങളായിവർ
പൊയ്യല്ല തീരുന്നിതത്രെ പരസ്പരം.
ഏതുകാലത്തുമേ മിത്രങ്ങളും പുന-
രേതുകാലത്തുമേ ശത്രുക്കളുമതായ്,

ഏതാനുമാളുകൾ സംഭവിക്കുന്നിതു
സ്വാഭാവികമതായ്ത്തന്നേ ധരിത്രിയിൽ.
മാതാവുമങ്ങഥ മാതൃകുടുംബവും,
താതനും, താതന്റെമാതാപിതാക്കളും,
താതന്റെ കന്യാ, പിതൃവ്യന്റെ കന്യയും,
ജാതമോദം തഥാ തന്നുടേ കന്യയും,
ഭാര്യയും, ഭാര്യാകുടുംബവും, പിന്നെയും
ആര്യമാരാം പിതൃമാതൃസ്വസാക്കളും,
സോദരിതാനും ദുഹിതൃസന്താനവും,
മേദിനീപാലനും, സൽഗുരുനാഥനും,
ഏവരുമങ്ങിവർ മിത്രങ്ങളായ്വരും
സ്വാഭാവികമതായ്ത്തന്നേ ധരിത്രിയിൽ.
വിദ്യയും ശൌര്യവും, ദാക്ഷ്യവും, ധൈര്യവും,
തദ്വദ്ജയമതുമീയഞ്ചുമേവനും
മിത്രങ്ങളത്രേ സ്വഭാവേന പാരിതിൽ,
വർത്തിപ്പതങ്ങിനോടൊത്തും ബുധജനം.
പിത്രാജ്ഞപോലെ സദൈവ വർത്തിച്ചിടും
പുത്രൻ ജഗത്തിങ്കലന്വർത്ഥ നാമവാൻ.
ശ്രേഷ്ഠമാണത്രെ ദൃഢമേകപുത്രനും
വാട്ടമില്ലാതെ ഗുണങ്ങൾ തിരളുകിൽ.
മുട്ടാതൊരു നൂറുപുത്രരുണ്ടാകിലും
ചെറ്റുമുണ്ടോ ഫലം ദുർഗ്ഗുണം പൂകിയാൽ?
തിട്ടം സ്വഭാവേന നൂറുപേരുമിവർ
ദുഷ്ടരും ഹിംസാപരരുമായ്ത്തീർന്നിടും.
കണ്ടമാനം കടമുണ്ടാക്കുമച്ഛനും,
കണ്ടോർക്കട്ടപ്പമാമമ്മയും ഭാര്യയും,
വീണ്ടും പിതൃവ്യരും, സോദരരുമവർ-
തൻഭാര്യമാരും സുതരും രിപുക്കൾതാൻ.

പുത്രന്റെ പത്നി, സപത്നീജനനിയും,
തദ്വൽ സപത്നി, തഥൈവ നനാന്ദയും,
ജ്യേഷ്ഠന്റെ ഭാൎയ്യാ, കനിഷ്ഠന്റെ ഭാൎയ്യയും,
ദുഷ്ടൻ പ്രജ, തഥാ മൂൎഖൻ തനുജനും,
അൎത്ഥിക്കുതകാത്തൊരൎത്ഥസമ്പന്നനും
രക്ഷിച്ചിടാത്തുള്ള ഭൎത്താവുമങ്ങഥ
പിട്ടല്ല പിന്നേ കുവൈദ്യനും പാരിതിൽ
മുട്ടാതെ പാരം പ്രജയ്ക്കു രിപുക്കൾതാൻ.
ദുഷ്ടജനങ്ങൾക്കു ശത്രു നൃപാലകൻ,
തിട്ടം കുലടകൾക്കുശത്രു പതിവ്രതാ,
ദുൎജ്ജനങ്ങൾക്കു രിപു സജ്ജനമത്രം,
മൂൎഖജനത്തിനു ബോധകനും രിപു.
മൂൎഖനുപദേശമങ്ങു കോപത്തിനായ്
ഭോഷ്ക്കല്ല തീരും ശമത്തിന്നു പററിടാ.
സൎപ്പമശിച്ച പയസ്സു വിഷത്തിനു
പററിടുമല്ലാതമൃതത്തിനായിടാ.
ചുററും ചതുൎദ്ദിക്കിൽ വാഴും നൃപാലരിൽ
ഒട്ടൊട്ടകന്നകന്നങ്ങു മേവുന്നവർ,
തെററാതെ മേന്മേൽ ബലം കുറഞ്ഞുള്ളതാം
പററലരായിബ്ഭവിക്കുന്നു പാരിതിൽ.
ശത്രുവായുമുദാസീനനായും ക്രമാൽ
മിത്രമായുമിവർ തീരും സഹജമായ്;
ശത്രുമിത്രങ്ങളുദാസീനരിങ്ങനേ
പേൎത്തും യഥാക്രമം ജ്ഞേയരാം മേല്ക്കുമേൽ,
പൃഥ്വീപതീന്ദ്രർ തഥാ നാലുദിക്കിലും
ശത്രുക്കൾതന്നെയുമായിബ്ഭവിച്ചിടാം.
ഏററമടുത്തോരു ഭൃത്യരമാത്യാദി-
വൎഗ്ഗമിവരേറെയമൎത്തി നിറുത്തണം.

ശക്തനാം മിത്രത്തെ ന്യൂനമമൎത്തണം,
ശക്തിവിഹീനനേ നിത്യം പുലൎത്തണം.
ഭേദനം, കൎഷണം, പീഡനമെന്നിവ
ഭേദമെന്യേ നടത്തീടണം ശത്രുവിൽ.
നാശനമായതും ചെയ്യണം ശത്രുവേ
കൂസലെന്യേ പ്രയോഗിച്ചുപായങ്ങളേ.
വാരണവ്യാളമൃഗേന്ദ്രരേ മാനുഷൻ
പാരിതിലെങ്ങിനേ പാട്ടിൽ നിറുത്തുമോ.
നേരാണതുപോലേ പാട്ടിൽനിറുത്തണം
ചേലാമുപായേന ശത്രുമിത്രങ്ങളേ.
ഊനമവനിയിൽ മേവുന്ന മർത്ത്യനും
വാനേറിവാഴാനുപായേന സാദ്ധ്യമാം.
പാരം കഠിനതചേൎന്ന വജ്രത്തെയും
പാരാതെ ഭേദിച്ചിടാമുപായത്തിനാൽ.
സാമവും ദാനവും ഭേദവും ദണ്ഡവും,
സാമോദമെല്ലാം പ്രയോഗിച്ചുകൊള്ളണം
വെവ്വേറെ യുക്തിപോൽ സ്ത്രീബന്ധുപുത്രരിൽ,
ചൊവ്വേ പ്രജകളിൽ, ശത്രുമിത്രങ്ങളിൽ.
ഏകമാം ശീലം, വയസ്സു, വിദ്യ പുന-
രേകമാം ജാതി, വ്യസനവും വൃത്തിയും
ചേരുന്ന മാനുഷർ സാർജ്ജവരാകുകിൽ
ചേരാം പരസ്പരമൈത്രിയിൽ നിൎണ്ണയം.
നിന്നോടു തുല്യമെനിക്കൊരു മിത്രമി-
ല്ലെന്നു മിത്രത്തോടു ചൊല്ലിയാൽ സാമമാം.
എന്നുടെ ജീവനും സൎവ്വവും നിന്നുടേ-
തെന്നുരച്ചീടുകിൽ ദാനമായി സ്മൃതം.
അന്യനാം മിത്രത്തിനുള്ള ഗുണഗണം

അന്യമിത്രത്തോടു ചൊൽവതു ഭേദനം.
ഇന്നിന്ന കൃത്യങ്ങൾ ചെയ്യായ്കിലോ ഭവാൻ
ഇന്നുതൊട്ടെന്നുടേ മിത്രമാകാ ദൃഢം,
എന്നിങ്ങനേയൊരാൾ മിത്രത്തോടോതുകിൽ
നിർണ്ണയമായതു ദണ്ഡമെന്നീരിതം.
അന്യൻെറയിഷ്ടവും നോക്കുകില്ലാ പുന-
രന്യനുണ്ടാകുമനിഷ്ടവും നോക്കിടാ
എന്നല്ല തന്നുടെ പാടതും പാർത്തിടും,
എന്നാലവനുദാസീനനെന്നുക്തമാം.
അന്യോന്യ പീഡനം മേലാ നമുക്കിനി,
അന്യോന്യശത്രുവിലൊത്തൊരുമിക്കണം,
എന്നിവണ്ണമൊരാളന്യനോടോതുകിൽ
ചൊന്നിടുമായതു സാമമെന്നുള്ളതായ്.
കപ്പംകൊടുത്തോ പ്രതിവത്സരം തഥാ
ക്ലിപ്തമാം ഗ്രാമങ്ങൾ വിട്ടോ യഥാർഹിതം
ശത്രുവേ തൃപ്തിയിൽ വച്ചുകൊണ്ടിടുകിൽ
ഉക്തമാകുമതു നിശ്ചയം ദാനമായ്.
ചീർത്തബലവാനെയാശ്രയം പൂകിയും,
പേർത്തും ബലം കുറഞ്ഞോനെയുയർത്തിയും,
ശത്രുവിൻ സാധകന്മാർക്കു ബലക്ഷയം
ചേർത്തിടുന്ന നയം ഭേദനമായ്സ്മൃതം.
ദസ്യുക്കളാൽ ശത്രുപീഡനംചെയ്യുക,
തദ്ധനധാന്യങ്ങൾ കൊള്ളചെയ്യിക്കുക,
തച്ഛിദ്രമോരോന്നു വീക്ഷിച്ചു സൂക്ഷ്മമായ്
ഉഗ്രമാകുംബലാൽ ഭീഷണിക്കൂട്ടുക,
യുദ്ധം തുടങ്ങിയാൽ നിർത്താതെചെയ്യുമെ-
ന്നുച്ചത്തിലങ്ങു ഭയപ്പാടുകാട്ടുക,
ഇത്ഥമോരോന്നും പ്രവർത്തിച്ചുകൊള്ളുകിൽ
ഉക്തമാകുമതു ദണ്ഡമായ്നിർണ്ണയം.

കാൎയ്യഭേദത്തിനു തക്കോണമെപ്പൊഴും
ഈയുപായങ്ങളും മാറിമറിക്കണം.
സൎവ്വമായിട്ടുമുപായവുമവ്വിധം
നിൎവ്വിശങ്കം പ്രയോഗിക്കണം നിത്യവും;
സൎവ്വഥാ തന്നുടെ ശത്രുമിത്രങ്ങളിൽ,
ഗൎവ്വഹീനം പുനരങ്ങുദാസീനരിൽ,
സൎവ്വരുമെങ്ങിവർ തന്നിൽകവിഞ്ഞിടി-
ല്ലെവ്വിധമവ്വിധം നീതിജ്ഞനാം നൃപൻ.
ആദ്യമായെപ്പൊഴും സാമമെടുക്കണം,
ഉത്തമം പിന്നീടു നിൎണ്ണയം ദാനവും;
ശത്രുവിഭേദനം ശ്രേഷ്ഠമാണെപ്പൊഴും
ശത്രുവിൻദണ്ഡനം പ്രാണഭയത്തിലും.
സാമദാനങ്ങൾ കനത്തരിപുവൊടും,
സാമഭേദങ്ങളധികബലനൊടും,
ഭേദദണ്ഡങ്ങൾ സമന്മാരൊടും വരം,
ഹീനരായോരോടു ദണ്ഡം വിശിഷ്ടവും.
മിത്രത്തൊടുനന്നു സാമവും ദാനവും,
കൎത്തവ്യമല്ലഹോ ഭേദവും ദണ്ഡവും.
ശത്രുപ്രജകളിൽ സംഭേദപീഡകൾ
നിത്യം ജയത്തിന്നു പറ്റിയതായിടും.
ശത്രുപ്രപീഡിതരാകും പ്രജകളോ-
ടൊത്തു സംഗ്രഹം സാമദാനങ്ങളാൽ.
ഉത്തമമെന്നും ഗുണികൾതൻ സംഗ്രഹം
നിത്യവും ദുഷ്ടർതൻനിർവാസനമതും.
സ്വപ്രജൌഘത്തിനേ ഭേദദണ്ഡങ്ങളേ
കൈക്കൊണ്ടുമാത്രം ഭരിക്കാനൊരുങ്ങൊലാ.
നിത്യവും സാമദാനങ്ങളാലാവതും
യത്നേന വേണ്ടുപോൽ പാലനംചെയ്യണം.

സ്വപ്രജൌഘത്തോടു ഭേദവും ദണ്ഡവും
കെല്പോടു കാട്ടാൻ തുടങ്ങിയാൽ നിൎണ്ണയം,
അപ്പോടു ശീഘ്രം വിനാശത്തിലെത്തിടും
തപ്പാതെ രാജ്യം സമസ്തവിധത്തിലും.
സ്വപ്രജൌഘങ്ങൾ കവിഞ്ഞുപോകാതെയും,
കെല്പുകേടായതടഞ്ഞുകൊള്ളാതെയും,
നില്പതാം മട്ടിലവരുടെ പാലനം
എപ്പൊഴും മദ്ധ്യസ്ഥിതിയിൽ നടത്തണം.
തെററായ ധൎമ്മത്തിൽനിന്നു വിരാമവും,
മറ്റൊന്നു ദണ്ഡനംമൂലം ദമനവും,
മുട്ടാതെ യാതൊരുപായേന സാദ്ധ്യമാം,
പിട്ടല്ലതിന്നുതാൻ ദണ്ഡമെന്നാണുപേർ.
ചട്ടററ ദണ്ഡമാമീയുപായമതു
തിട്ടം ഭവിപ്പു നൃപാലന്നധീനമായ്;
നാട്ടിൽ സമസ്തഭൂതത്തിനുമങ്ങവൻ
കോട്ടംവിനാ പതിയായിബ്ഭവിക്കയാൽ.
നിൎഭത്സനമപമാനമനശനം,
നിൎബ്ബന്ധ ബന്ധനം നിഷ്ഠുരതാഡനം,
അൎത്ഥഹരണം നഗരവിവാസനം,
അൎദ്ധപ്രമുണ്ഡനം നിൎണ്ണയമങ്കനം,
ഗൎഹ്യമാം യാനം വധമംഗകൎത്തനം,
യുദ്ധമിതൊക്കെയും ദണ്ഡഭേദങ്ങൾ താൻ.
ദണ്ഡനീതിഭയാൽ തിണ്ണം പ്രജാവലി
മന്നിൽ ഭവിക്കുന്നു ധൎമ്മനിരതരായ്;
എന്നല്ല ചെയ്തിടുന്നില്ലങ്ങതിക്രമം,
ചൊന്നിടുന്നില്ലൊട്ടനൃതവചനവും.
മാൎദ്ദവം പൂകുന്നു ദണ്ഡേന കൎക്കശൻ,
ധൌഷ്ട്യം വെടിയുന്നു ധൃഷ്ടനായുള്ളവൻ,

പശ്വാദിവർഗ്ഗമമന്നു നില്ക്കുന്നിതു,
വിദ്രവിച്ചീടുന്നു ദസ്യുക്കളും ജവാൽ;
ജല്പകരായവർ തീരുന്നു മൂകരായ്,
വിത്രസ്തരാകുന്നിതാതതായിജനം;
കപ്പംകൊടുക്കുന്നു ശത്രുനൃപാലകർ,
തപ്പാതെ പൂകുന്നു ഭീതിയപരരും.
തിട്ടമങ്ങാകയാൽ ദണ്ഡം ധരിക്കണം
പുഷ്ടമോദം നൃപൻ ധർമ്മരക്ഷാർത്ഥമായ്.
തെറ്റും ശരിയും ഗ്രഹിക്കാതെയും തഥാ,
മുറ്റുമഹങ്കാരമാർന്നും, നിരന്തരം
തെറ്റായമാർഗ്ഗമടഞ്ഞും നടപ്പവൻ
ശിക്ഷാർഹനത്രേ ഗുരുതന്നെയാകിലും.
ഉർവ്വീപതിയുടെ സദ്ദണ്ഡനീതിയാൽ
സർവ്വോദ്യമങ്ങളും പൂകുന്നു സിദ്ധിയേ.
സർവധർമ്മത്തിനുമന്ത്യമാമാശ്രയം
നിർവ്വിവാദം ഭുവിദണ്ഡമെന്നീരിതം.
കാട്ടുമൃഗങ്ങളേപ്പോലങ്ങു ദുഷ്ടരെ
നാട്ടിലെവിടെയും ധ്വംസനം ചെയ്വതു
കോട്ടം വെടിഞ്ഞൊരു ഹിംസയാണെങ്കിലും
പിട്ടല്ല ചൊൽവു ശ്രുതികളഹിംസയായ്.
ദണ്ഡാർഹനായോനു ദണ്ഡമേകാതെയും,
തിണ്ണമദണ്ഡ്യനു ദണ്ഡമതേകിയും,
എന്നല്ലതിദണ്ഡമേകിയും വാണിടും
മന്നവൻ പാപിതാൻ, സാധുസന്ത്യക്തനും.
അല്പദാനത്തിനാൽ പുണ്യമല്ലേതരം
ലബ്ധമാമെന്നു് ഋഷിപ്രോക്തമായുള്ളതു
നിത്യം പ്രവൃത്ത്യർത്ഥമായിട്ടു നിർണ്ണയം;
തദ്വദ് ഭയത്തിനായ് ദണ്ഡപ്രണയനം.

അശ്വമേധാദികൾക്കുള്ള പുണ്യമതു
സ്തോത്രപാഠത്തിനാൽ മാത്രം ലഭിക്കുമോ?
തദ്വൽ ക്ഷമാഫലമായുള്ള പുണ്യവും
ആപ്തമായിട്ടുമോ ദണ്ഡപ്രവർത്തനാൽ?
സ്വപ്രജാദണ്ഡനത്താലേ മഹീശനു
ലബ്ധമാമെങ്ങിനേ ശ്രേയസ്സു പാരിതിൽ?
തിട്ടം മഹീശനു തദ്ദണ്ഡനത്തിനാൽ
നഷ്ടമാം കീർത്തിയുമർത്ഥവും പുണ്യവും.
ശുദ്ധമായോരു കൃതയുഗമായതിൽ
പൃഥ്വീപതി ധർമ്മമൂർത്തിതാനാകയാൽ
ചെററുമുണ്ടായിരുന്നില്ലന്നു നിർണ്ണയം
കുററത്തിനുള്ളോരു ദണ്ഡപ്രവർത്തനം.
പില്പാടുവന്നതാം ത്രേതായുഗമതിൽ
കാല്പങ്കധർമ്മം പ്രജാവലിപൂകയാൽ
അപ്പാടുദണ്ഡപ്രവർത്തനം പൂർണ്ണമായ്
തപ്പാതെ നല്കേണ്ടതായ്‌വന്നു നിർണ്ണയം.
തെററാതെ പിന്നെയദ്വാപരമായതിൽ
പററിയോരദ്ധർമ്മത്വം നിമിത്തമായ്
മുക്കാൽ കണക്കിനു ദണ്ഡപ്രവർത്തനം
ഭോഷ്കല്ലവശ്യമായ് വന്നുചേർന്നു ഭുവി.
ഇക്കാലമാകും കലികാലമായതിൽ
ഭ്രക്ഷിത്തു തന്നുടേ ദൌഷ്ട്യഫലമതായ്
നിസ്സ്വരായ്‌തീർന്ന ജനങ്ങൾക്കു നിർണ്ണയം
അർദ്ധദണ്ഡമതുമാത്രം വിഹിതവും.
ധർമ്മവുമെന്നല്ലധർമ്മവും പാരിതിൽ
ചെമ്മേ വിശിക്ഷണം ചെയ്കയാൽ ഭൂമിപൻ
എന്നാളുമങ്ങു യുഗത്തിൻ പ്രവർത്തകൻ
സന്ദേഹഹീനം മഹീനാഥനൊന്നുതാൻ.

ഇല്ലൊരു ദോഷം യുഗങ്ങൾക്കു നിൎണ്ണയം;
ഇല്ല തെല്ലും പ്രജൌഘത്തിനും പാൎക്കകിൽ.
എന്നാൽ സമസ്തദോഷങ്ങളും ഭൂമിപൻ-
തന്നിൽനിന്നാത്രേ ഭവിപ്പു ജഗത്തിതിൽ.
യാതൊരു കൃത്യത്തിനാലേ മഹീവരൻ
മോദമേലുമതു ചെയ്തുകൊള്ളും ജനം.
ലോഭഭയങ്ങളാൽ ഭൂപതിശാസനം
ആദരിക്കാതവരെങ്ങിനെ വാണിടും?
പുണ്യവാനായിടും രാജാവു വാണെഴും
മന്നിൽ പ്രജാവലി ധാൎമ്മികരായിടും,
എന്നാൽ മഹാപാപി നാടുവാഴുന്നതാം
മന്നിൽ പ്രജൌഘമധൎമ്മനിരതരാം.
അമ്മന്നിലുണ്ടായിടാ കാലവൎഷവും,
അമ്മന്നിൽ ന്യൂനം വിളവും കുറഞ്ഞിടും.
ഒന്നിനൊന്നു ചുരുങ്ങിടുമാരാജ്യവും.
വന്നിടുമൎത്ഥക്ഷയമരിവൃദ്ധിയും.
മദ്യപനാകിലും വേണ്ടുകില്ലാ നൃപൻ,
ചെറ്റും ചിതമല്ല ദുഷ്ടനും സ്ത്രൈണനും.
തപ്തരാക്കിടും ജനങ്ങളേ നിൎഘൃണൻ,
ലുപ്തവൎണ്ണാശ്രമരാക്കിടും സ്ത്രീജിതൻ.
മദ്യപിച്ചീടുകിൽ ബുദ്ധിവിഭ്രഷ്ടനാം
കൃത്യവിഭ്രഷ്ടനുമായിടും മാനുഷൻ.
മദ്യതമങ്ങൾതാൻ കാമവും ക്രോധവും,
മദ്യത്തിലുമതി മദ്യങ്ങൾ നിൎണ്ണയം.
അത്യന്തലോഭം നിമിത്തം പ്രജയുടെ
വിത്തം ഹരിച്ചിടും പ്രാണനും ഭൂമിപൻ.
ത്യക്തമാക്കിപ്പുനരിച്ചൊന്ന മൂന്നതും
കൈക്കൊൾകവേണം നൃപൻ ദണ്ഡധാരണം.

ഉള്ളിൽ സദൈവ കനിവും പുറത്തഥ
കൊള്ളിച്ചിടുന്നോരു കാഠിന്യഭാവവും,
എള്ളും പിഴയാതെ പൂണ്ടു മഹീവരൻ
ദണ്ഡിച്ചുകൊള്ളണം സ്വന്തപ്രജകളേ.
എന്നാൽ സ്വഭാവേന കുററങ്ങൾ ചെയ്തുകൊ-
ണ്ടെന്നും പ്രജകൾക്കു കണ്ടകമെന്നപോൽ
നിന്നിടുന്നോരപരാധിജനങ്ങളേ
ദണ്ഡനംചെയ്യണമുഗ്രദണ്ഡങ്ങളാൽ.
കർണ്ണേജപന്മാർ വഴിക്കു രാഷ്ട്രത്തിനു
വന്നുഭവിപ്പു വിനാശം സഹജമായ്.
എന്നതിനാലവർ ചൊന്നിടും വാർത്തകൾ
നന്നായ് വിമർശനം ചെയ്യണം ഭൂമിപൻ.
ഉത്തമനാം നൃപൻ സ്വന്തമാം ദോഷവും
സ്വപ്രജാദോഷവും ദർശിച്ചു വേണ്ടപോൽ,
ആത്മാവെയാദ്യം ശരിപ്പെടുത്തീടണം
പില്പാടു ഭൃത്യരേപ്പിന്നേ പ്രജകളെ.
കുററങ്ങൾ പാരിതിൽ കായികം, വാചികം,
ചുട്ടററ മാനസം, സാംസർഗ്ഗികമിതി
തിട്ടം ചതുർവിധമായിബ്ഭവിച്ചിടും;
ബുദ്ധ്യബുദ്ധികൃതമെന്നായ് ദ്വിവിധവും.
കുററങ്ങൾ പിന്നെയും രണ്ടുവിധങ്ങളായ്
കോട്ടമെന്യേ പ്രവിഭക്തങ്ങളായിടും.
പിട്ടല്ലതിലൊന്നു കാരിതവും തഥാ
മറേറത്തു നൂനമനുമോദിതമത്തും.
കുററമോരോന്നും തദൈവ സകൃത്തത്തും
തിട്ടമസകൃത്തുമഭ്യസ്തവുമഥ
മുട്ടാതെ വീണ്ടും സ്വഭാവജവുമിതി
തെററാതെ നാലുവിധമായ് പകുത്തിടാം.

PRESENTED BY:
SRI M. K. VASUDEVAN NAIR
M...NIY..A VELDU
..M..LAYINKIL
E986

നേത്രവക്ത്രവികാരാദ്യങ്ങളാലെയും
പേർത്തുമൊരുവൻെറ ഭാവങ്ങളാലെയും
പാർത്തറിഞ്ഞീടണം മാനസികങ്ങളായ്
പ്രോക്തങ്ങളാകുന്ന കുററങ്ങളൊക്കെയും.
കായികമായിട്ടും കുററങ്ങൾ പാരിതിൽ
ജ്ഞേയമായീടാമൊരുവൻപ്രവൃത്തിയാൽ.
വാചികമായതു ക്രൂരവാക്യങ്ങളാൽ,
സാഹചര്യത്തിനാൽ സാംസർഗ്ഗികമതും.
കൃത്യത്തിനുള്ള ഗുരുലഘുത്വങ്ങളേ
ശ്രദ്ധയാ വീക്ഷണം ചെയ്തതിൻശേഷമായ്
കൃത്യങ്ങൾ ചെയ്തതിൻ ശിക്ഷ നല്കീടണം
കൃത്യങ്ങളുദ്യമിക്കുന്നതിനുള്ളതും.
ഉത്തമൻ ചെയ്യും ചെറുതരമായിട്ടും
കുററത്തിനാദ്യം വിഹിതമാം ദണ്ഡനം,
'കുററമിതു നിങ്ങൾ ചെയ്തതല്ലേ? ഇതു
തെററല്ലയോ!' എന്നു ചോദിപ്പതായിട്ടും.
ചട്ടററ ധിഗ്ദണ്ഡമാകുമീദണ്ഡനം
മുട്ടാതെ രണ്ടുരു മൂന്നുരു നല്കണം.
ഉത്തമൻ ചെയ്താലിടത്തരം സാഹസം,
ആദ്യം കഥിച്ചപോൽ ധിഗ്ദണ്ഡമാദ്യവും,
പില്പാടതുതന്നെ പിന്നെയും ഗൌരവം
ഒപ്പിച്ചു വർദ്ധിപ്പുവായിട്ടുമേകണം.
ഉത്തമൻ ചെയ്കിൽ ഗുരുതരം സാഹസം
ആദ്യം ചെറുതരത്തിനുള്ളിരട്ടിയും
പില്പാടു മദ്ധ്യമത്തിൻെറ ദ്വിഗുണവും
തപ്പാതെ നല്കണം പിന്നേ തടങ്ങലും.
ബുദ്ധിയോടൊത്ത നൃഹത്യയൊഴിക്കുകിൽ
ഇത്തരംശിക്ഷ വിധിക്കണമേതിനും.

ഉത്തമം മദ്ധ്യമം നീചമെന്നിങ്ങനേ
ശിക്ഷകൾ മൂന്നുവിധമായ് പകുത്തിടാം.
സൽഗുണം, സൽകുലം, വിത്തമിതുകളാൽ
മുഖ്യത ചേൎന്നോരിടത്തരം മാനുഷൻ
കുററം ചെറുതരം ചെയ്തുകൊണ്ടീടുകിൽ
തെററാതെ നല്കേണ്ട ശിക്ഷാവിധിയതു:—
ധിഗ്ദണ്ഡമാദ്യം, പുനരൎദ്ധദണ്ഡവും,
പശ്ചാദനുക്രമാൽ പൂൎണ്ണദണ്ഡമതും,
തപ്പാതെ ന്യൂനം ദ്വിഗുണം ത്രിഗുണവും
പില്പാടുബന്ധനം നീചമാം വേലയും.
മദ്ധ്യമൻചെയ്യുമിടത്തരം കുററത്തി-
നാദ്യം ചെറുതരം ശിക്ഷയിരട്ടിയും,
പില്പാടടിയും തടവും വിധിക്കണം,
പില്പാടു ന്യൂനം വിവാസനമങ്കനം.
മദ്ധ്യമൻ ചെയ്താൽ ഗുരുതരം സാഹസം
ആദ്യമിടത്തരം ശിക്ഷനല്കീടണം.
പില്പാടതുതാൻ ദ്വിഗുണം ത്രിഗുണവും
പില്പാടു ബന്ധനം ജീവാവധിയതും.
ഏററവും താണവൻചെയ്യും ചെറുതരം
കുററത്തിന്നാദ്യമായൎദ്ധദണ്ഡമതും,
പില്പാടതുതാൻ ദ്വിഗുണം ത്രിഗുണവും
തപ്പാതെപിന്നേ തടവും വിധിക്കണം.
ഏററവും താണവൻ ചെയ്യുമിടത്തരം
കുററത്തിന്നാദ്യമായാദ്യകുററമതിൻ
ശിക്ഷയും പിന്നീടിരട്ടിയും നല്കണം,
പില്പാടു ബന്ധനമദ്ധ്വാവിൽ വേലയും.
കുററം ഗുരുതരം താണവൻ ചെയ്യുകിൽ
ആദ്യമിടത്തരത്തിന്നുള്ളിരട്ടിയും,

പില്പ്പാട്ട ജീവാവധിയാം തടവതും
തപ്പാതെ നല്കണം നീചമാം വേലയും.
ചീത്ത പണക്കൊഴപ്പാലേയതിക്രമം
കാട്ടീടുവോൻെറ ധനത്തിൽ നാലൊന്നതും
അർദ്ധവും പിന്നെ ഹരിക്കണം സർവ്വവും
നിത്തണം ബന്ധനേ ജീവാവധി തടാ.
ആൾക്കാരുമൂക്കത്തും വിദ്യയും കൊണ്ടൊരാൾ
ഭോഷ്കല്പഹംകരിച്ചേററം മദിച്ചഥ
നില്ക്കാതെ ദുഷ്കൃതം ചെയ്യാൻ തുടങ്ങിയാൽ
ചേക്കണം ബന്ധനേ നല്കണം താഡനം.
ഭാൎയ്യാ, തനുജൻ, സഹോദരി, സോദരൻ,
ദാസൻ, സ്നുഷ, ശിഷ്യനെന്നിവർ തെററുകൾ
ചെയ്താൽ ചെറുചൂരൽകൊണ്ടു പൃഷ്ഠസ്ഥലേ
നല്കണം താഡനം, മേലാ ശിരസ്സതിൽ.
ഈവിധമല്ലാതെ മററു വിധമതിൽ
ഏവനുമങ്ങടിശിക്ഷനല്കീടുകിൽ
നിൎവ്വിവാദമവൻ ദണ്ഡാർഹനായിടും
സൎവ്വഥാ പാരിതിൽ സ്തേനനു തുല്യനായ്.
പാപകാരികളേ ബന്ധിച്ചു സൎവ്വദാ
പാരം നികൃഷ്ടമാം വേലകൾ നല്കണം;
ഏകമാസം ത്രികം ഷൺമാസവും പുന-
രേകവർഷം തഥാ ജീവപൎയ്യന്തവും.
ആവിധമല്ലാതവൎക്കൊരു നാളിലും
നല്കരുതത്രേ വധശിക്ഷനിൎണ്ണയം.
ആരും ഹനിക്കൊലാ ഭൂതജാലത്തെയെ-
ന്നോതുന്നിതു സൎവ്വമാകും ശ്രുതികളും.
ആകയാൽ നൂനം കൊലശിക്ഷയായത-
ങ്ങാവതും വൎജ്ജിച്ചുകൊള്ളണം ഭൂമിപൻ.

പാരാതതിന്നു പകരം തടങ്ങലും
നേരെ തടവും അടിയും വിധിക്കണം,
അൎത്ഥലോഭത്താൽ ധനദണ്ഡമായത-
ങ്ങത്യൎത്ഥമേകി പ്രജാപീഡചെയ്കൊലാ.
നിസ്സഹായികളാം മാതാപിതാക്കളേ
ശിക്ഷിക്കരുതപരാധികളാകിലും.
പാൎത്തലം തന്നിൽ ക്ഷമാപരനായ് സദാ
പാൎത്തിടുന്നോരു മഹീവരൻതന്നുടെ
കീൎത്തനീയമതാം ദണ്ഡപ്രവൎത്തനം
ഇത്തരം തന്നിലിരുന്നിടുമെപ്പൊഴും.
എന്നാൽ പ്രജാധനം മെല്ലേ ഹരിച്ചഥ
മന്നിപ്പുനല്ലാതെ ചണ്ഡപ്രചണ്ഡനായ്
മന്നവൻവാണാൽ കയൎക്കും പ്രജാവലി
ഭിന്നത ചേൎത്തിടുമന്യജനങ്ങളും.
എന്നതിനാലേ സുഭാഗദണ്ഡി പുന-
രെന്നും പ്രജാവൎഗ്ഗരഞ്ജകനും തഥാ
എന്നല്ല പാരം ക്ഷമായുതനുമതായ്
മന്നവൻ വാഴണം നിൎണ്ണയം സൎവ്വദാ.
മദ്യപൻ, ധൂൎത്തൻ, ധനസ്തേയി, നിഷ്ഠുരൻ,
തദ്വിധം ജാരൻ, സദാഹിംസനാപരൻ,
ത്യക്തവൎണ്ണാശ്രമനാചാരലോപവാൻ,
മിത്ഥ്യാഭിശാപകൻ, നാസ്തിക്യവാൻ, ശഠൻ,
കൎണ്ണേജപൻ, പുനരാൎയ്യവിദ്വേഷകൻ,
പിന്നേയസത്യവാങ്ന്യാസഹാരീ തഥാ,
അന്യോദയത്തിലസൂയാവഹൻ പുന-
രന്യോപജീവനമാൎഗ്ഗവിനാശനൻ,
പിന്നെയും കോഴ കൈക്കൂലികൾ വാങ്ങുവോൻ,
എന്നല്ല പിന്നെയും മന്ത്രാപകാരകൻ,

9835

കാൎയ്യഭേദീ തഥാ വിപ്രിയാലാപവാൻ,
കാൎയ്യമോൎത്തുമ്പോൾ പരുഷമടയുവോൻ,
ആരാമകൂപാദിദേശപ്രബാധകൻ,
പാരാളുവോൻരിപു, നക്ഷത്രസൂചകൻ,
കൂടകാൎയ്യജ്ഞൻ, കുമന്ത്രിവൎയ്യൻ, തഥാ
കൂടസാക്ഷ്യകരനുദ്ധതവേഷവാൻ,
കൂടേ കുവൈദ്യൻ, കുമംഗളശീലവാൻ,
ബാധമശൌചവാൻ, മാൎഗ്ഗനിരോധകൻ,
സ്വാമിവിദ്വേഷകൻ, സ്വീയധനമറ്റു
സീമാവിഹീനം കളഞ്ഞുകളിപ്പവൻ,
മേലും ഗരളദനഗ്നിദനും തഥാ
ശീലരഹിതനാം വേശ്യാപരനഥ,
മാറാതെ പക്ഷംപിടിക്കും സദസ്യന-
ങ്ങാറാത്തവണ്ണം കടുദണ്ഡകാരകൻ,
കയ്യൂക്കുകൊണ്ടഥ കൈപ്പീത്തു വാങ്ങുവോൻ,
പൊയ്യല്ലതിക്രമീ, ദ്വന്ദ്വശീലൻ തഥാ,
യുദ്ധേ പരാങ്മുഖൻ, സാക്ഷ്യവിലോപകൻ,
നിത്യം പിതൃമാതൃമിത്രവിദ്വേഷകൻ,
ശത്രുസഹായകൻ, മൎമ്മവിഭേദകൻ,
പേൎത്തും സതീജനദൂഷണകാരകൻ,
ചീൎത്തോരസൂയകൻ, വംശവിദ്വേഷകൻ,
ഗുപ്തവൃത്തി, ഗ്രാമശല്യൻ, വൃഷലകൻ,
സത്തമവും തന്റെ കുടുംബവും വിട്ടുപോയ്
വ്യൎത്ഥമാകും തപോവിദ്യകൾ തേടുവോൻ,
കാഷ്ഠതൃണങ്ങൾ ചുമലിൽ ചുമക്കുവാൻ
പ്രാപ്തനാണെങ്കിലും ഭൈക്ഷ്യമിരപ്പവൻ,
കന്യാജനത്തെയും വിറ്റുതിന്നുന്നവൻ,
പിന്നേ. കുടുംബം ക്ഷയിപ്പിച്ചിടുന്നവൻ,

ധമ്മേതരത്തേപ്പുറത്തു ചൊല്ലാത്തവൻ,
ചെമ്മേ നൃപാനിഷ്ടമങ്ങുപേക്ഷിപ്പവൻ,
പിന്നേ സ്വതന്ത്രാ, പതിപുത്രഘാതകീ,
നിന്ദിതാ വൃദ്ധരാൽ, പുംശ്ചലീപിന്നെയും,
തന്നുടെ ഗേഹകൃത്യങ്ങൾ വെടിയുവോൾ,
പിന്നെയും ന്യൂനമകൃത്യവതി തഥാ,
എന്നല്ല തന്നുടേ കാന്തനിലപ്രിയം
എന്നും കലന്നേഴും പുത്രകുടുംബിനീ,
എന്നീവിധമാം സ്വഭാവേന ദുഷ്ടരേ
മന്നനറിയണം നാട്ടു കടത്തണം.
ഇച്ചൊന്നയാൾകളേ ബന്ധിച്ചു ഭൂമിപൻ
ദുഗ്ഗത്തിലോ വല്ല ദുർഗ്ഗമദ്വീപിലോ
പാപ്പിച്ചു നിത്യം വഴിപ്പണിയ്ക്കാക്കണം
കഷ്ടിച്ചു വേണ്ടുന്നൊരന്നവും നല്കണം.
ഇപ്പറഞ്ഞോളുകളേതേതു ജാതിയിൽ
ഉൾപ്പെട്ടുന്നോ പുനരായവക്കായ്സ്മൃതി-
കല്പകന്മാർ വിധിച്ചുള്ള തൊഴിലുകൾ
തപ്പാതെ ന്യൂനമവക്കു നല്കീടണം.
ഈവിധമുള്ളോരു ദുഷ്ടജനത്തെയും
ആവിധം ദുസ്സംഗമൂലം ദുഷിച്ചതാം
ആൾകളേയും നൃപൻ ശിക്ഷിച്ചു വേണ്ടപോൽ
നേർവഴിതന്നിൽ ക്രമത്തിൽ നയിക്കണം.
രാഷ്ട്രത്തിനും തഥാ രാജാവിനും നിജ-
ശ്രേഷ്ഠരാം മന്ത്രിഗണത്തിനും യാവനും
മാററലരോടൊത്തു നാശം നിനയ്ക്കുകിൽ
പെട്ടന്നവനേ വധിക്കണം ഭൂമിപൻ.
കൂട്ടങ്ങൾ ചെയ്യുന്ന ദൌഷ്ട്യത്തിനു നൃപൻ
കൂട്ടമോടേ കൊലചെയ്കൊലാ നിർണ്ണയം.

തിട്ടമൊന്നൊന്നായൊതുക്കീടണം പശ്ശു-
ക്കുട്ടി കുടിക്കുന്നപോലേ മുലകളേ.
പാരമധർമ്മവാനായാൽ നരപതി,
നേരെ പ്രജാവലി ഭീഷണികൂട്ടണം,
പാരാതെ ധർമ്മവാനാകും ബലവീര്യ-
മേറും രിപുവിനേക്കുററിസഹായനായ്.
എന്നാൾവരേയൊരാൾ ധർമ്മവാനായിട്ടും,
അന്നാൾവരേതന്നെ ഭൂപനുമായിട്ടും.
എന്നാൽ വിപരീതനായിബ്ഭവിക്കിലോ
മന്നവൻ നാശമടയും പ്രജയൊടും.
അച്ഛനമ്മ, വധൂ എന്നിവരേ വെടി-
ഞ്ഞിച്ഛപോലേയലഞ്ഞീടും ജനത്തിനേ
നിശ്ചയം ചങ്ങലകൊണ്ടു ബന്ധിച്ചഥ
നിശ്ചയിക്കേണം വഴിപ്പണിചെയ്യുവാൻ.
പില്പാടവരങ്ങു ദൈനംദിനക്രമാൽ
ഏർപ്പെട്ടിരിക്കും പ്രവൃത്തിഫലമതായ്
കിട്ടുന്നകൂലിയേ രണ്ടായ്പകുത്തതിൽ
തിട്ടമൊരുപങ്കവർക്കായ് കൊടുക്കണം.
ഏററം കടുത്ത പിഴശിക്ഷയായതു
തിട്ടം ഭവിക്കണമോരായിരം പണം
തെററാതെ രാജമുദ്ര പതിഞ്ഞുള്ളതാം
ചട്ടററ ചെമ്പുതുട്ടാണങ്ങൊരു പണം.
മുട്ടാതതിനുള്ള തൂക്കമൊരുപതു
കോട്ടമററീടിനമാഷമതായിടും.
ഈററമ്പതു (1)വരാടികൾ ചേരുന്നതു
പിട്ടല്ല കാർഷാപണവുമൊന്നായിടും.
മധ്യമമെന്നോരിടത്തരമാം പിഴ

---

വരാടി=കവടി

കൃത്യമായേററം കടുത്തതിൽ പാതിതാൻ.
തദ്വിധമേററം കുറഞ്ഞതാകുംപിഴ
വ്യത്യസ്തമെന്ന്യേയതിങ്കൽ പകുതിയും.
ഏററംകുറഞ്ഞ ചെറുതരമാംപിഴ
തിട്ടം പ്രഥമമാം കുററത്തിന്നേകണം;
മധ്യമത്തിന്നഥ മധ്യമവും പുന-
രേററം കഠിനത്തിന്നേററം കടുത്തതും.
മിശ്രമായോരിപ്രകരണമായതിൽ
ഉക്തമായി മയാ സംക്ഷിപ്തമായ് ദൃഢം
ശത്രുമിത്രങ്ങളുദാസീനരും ക്രമാൽ
വിശ്രുതമാകും ചതുരുപായങ്ങളും.

൪-ാം അദ്ധ്യായത്തിൽ

സുഹൃദാദിലക്ഷണം എന്ന ൩-ാംപ്രകരണം സമാപ്തം.

## നാലാം അദ്ധ്യായം, രണ്ടാം പ്രകരണം

## സംഗതിവിവരം.

---

ഫ—വർ. കോശം എന്നതിൻെറ അൎത്ഥവിവരണം. രാജാവു കോശം ഉണ്ടാക്കണം. അതുകൊണ്ടു സൈന്യരക്ഷയും പ്രജാരക്ഷയും ചെയ്യണം; ഈശ്വരസേവയും നടത്തണം.

വമ—മർ. ന്യായമായ മാർഗ്ഗങ്ങളിൽ ധനം സമ്പാദിക്കണം. അതിനെ പാത്രത്തിൽ ചെലവിടണം. അക്രമമായ നികുതികൾ വാങ്ങരുതു്. ആപത്തുകാലത്തു മാത്രം സമ്പന്നരുടെ ധനങ്ങൾ രാജാവിനു എടുത്തു കൈകാര്യംചെയ്യാം.

മമ—വ്യം. ഇരുപതുവർഷത്തേക്കു സേനയെ രക്ഷിക്കുന്നതിനും മററും പര്യാപ്തമായ വിധത്തിൽ കോശം ഇരിക്കണം. സൈന്യരക്ഷകൊണ്ടു കോശരക്ഷയുണ്ടാകും. കോശരക്ഷകൊണ്ടു സൈന്യരക്ഷയുമുണ്ടാകും.

പുഷ്പമാലാകരൻ പുഷ്പം ഇറുക്കുന്നതുപോലെ രാജാവു നികുതിപിരിക്കണം. അപ്രകാരം ചെയ്യുന്ന നൃപന്മാർ ഉത്തമന്മാരാകുന്നു. അല്ലാത്തവർ ഉത്തമേതരന്മാരും ആകുന്നു.

വ്യഫ—ഫർം. അല്പധനരായ പ്രജകളെ ഭൃതികൾകൊണ്ടു രക്ഷിക്കണമെന്നുംമററും.

ഇന്നിന്നകാലത്തേക്കുള്ള ധനങ്ങൾ രക്ഷിക്കണം.

രാജാവു ധാന്യങ്ങൾ സംഭരിക്കണം. ധാന്യങ്ങൾ ഏതു പ്രകാരത്തിലുള്ളവ ആയിരിക്കണമെന്നു്.

ഫർഫ—ഫ൫൨. ഒരു നിമിഷനേരത്തെ ഉപേക്ഷകൊണ്ടു് ഒരു വസ്തു പെട്ടെന്നു നശിച്ചുപോകും.

ഫ൫ന—ഫ൭ർ. ഇന്നിന്നയാളുകൾ മൂർഖരാണു് എന്നു്.

ഫ൭൫—൫വ്യം. നവരത്നങ്ങളെപ്പററി പ്രതിപാദിക്കുന്നു.

൫വ്യഫ—സഫവ്യ. ധാതുവർഗ്ഗങ്ങളെപ്പററി പ്രതിപാദിക്കുന്നു.

സഫൻ—സ൭൨. പശുക്കൾ, ആടുകൾ, ആനകൾ, ഒട്ടകം, കുതിര, എരുമ മുതലായതുകളുടെ വിലവിവരം മുതലായതു്.

സ൭ന—സൻം. ശുല്കം (ചുങ്കം) എന്നതിൻെറ അർത്ഥവിവരണം.

ചുങ്കംപിരിക്കേണ്ട സ്ഥലങ്ങൾ, ചുങ്കനിരക്കു്.

ഏതെല്ലാം സാധനങ്ങൾക്കു ചുങ്കം മുതലായതു പിരിക്കണമെന്നു്.

സൻഫ—൭൨൨. ഭൂനികുതി ചുമത്തേണ്ടതു എങ്ങിനെ എന്നും നികുതി പിരിക്കേണ്ടതു എങ്ങിനെ എന്നും.

൭൨ന—൭ന൪. ഖനികളിൽനിന്നു കിട്ടുന്ന സാധനങ്ങൾക്കു ചുങ്കം പിരിക്കേണ്ട ക്രമം.

൭ന൫—൭ൻ൨. കാഷ്ഠതൃണാദിവരെയുള്ള സകല ഇനങ്ങളിലും ചുങ്കം പിരിക്കാമെന്നു്.

## ൪-ാം അദ്ധ്യായം.

### ൨-ാംപ്രകരണം.

(കാകളി)

മിശ്രപ്രകരണം തന്നിൽ ദ്വിതീയമാം
കോശപ്രകരണമൊട്ടിനിയോതിടാം.
നിശ്ചയമേവനും സഞ്ചയിച്ചങ്ങഥ
വച്ചിടുന്ന ധനം കോശമെന്നുക്തമാം.
ഏതുവിധവും ധനമതു ഭൂമിപൻ
ഭേദമെന്യേ ബത സംഭരിച്ചീടണം.
ഭൂപനതുകൊണ്ടു രാഷ്ട്രബലങ്ങളും
ദേവകാര്യങ്ങളും രക്ഷണം ചെയ്യണം.
കോശമുണ്ടാക്കിവയ്ക്കുന്നതു ഭൂമിപൻ
ക്ലേശമെന്യേ ദൃഢം മൂന്നുകാര്യത്തിനായ്:-
സൈന്യരക്ഷാർത്ഥം, പ്രജാരക്ഷണാർത്ഥവും
പിന്നെയും നിർണ്ണയം യജ്ഞകാര്യാർത്ഥവും.
സൌഖ്യത്തിനാമിതു രണ്ടുലോകത്തിലും
ദുഃഖത്തിനായിടുമന്യഥാ ചെയ്യുകിൽ.
ഭാര്യാതനുജർക്കു വേണ്ടിയും തന്നുടെ
ഭൂരിസുഖാർത്ഥവും നേടിവയ്ക്കും ധനം
തീരും നരകത്തിനായുള്ള മാർഗ്ഗമായ്,
തീരുകില്ല പരലോക സുഖത്തിനായ്.
അന്യായമായൊരാളാർജ്ജിച്ചിടും ധനം
തന്ന്യായഹേതുനാ പാപകാരിയതാം.
നല്ലമാർഗ്ഗത്തിൽ വരുത്തിപ്പുനരഥ
നല്ലകാര്യത്തിൽ ചെലവിടുന്ന ധനം

മെല്ലെമെല്ലേ സദാ വൎദ്ധിച്ചുകൊണ്ടിട്ടും
അല്ലലെന്ന്യേ ദൃഢമെല്ലാപ്രകാരവും.
നല്ലമാൎഗ്ഗത്തിൽ ധനങ്ങൾ വരുത്തിയും,
നല്ല കാൎയ്യത്തിൽ വ്യയങ്ങൾ ചെലുത്തിയും
നല്ലപോൽ ജീവൻ നയിപ്പവൻ പാത്രവും,
അല്ലാതെയുള്ളോനപാത്രവുമായിടും.
പാത്രമല്ലാത്തവൻ വിത്തമെല്ലാംനൃപൻ
ചേൎത്താൽ തനതിലതിൽ ദോഷമില്ലതാൻ.
ചീൎത്തോരധൎമ്മങ്ങൾകാട്ടും നൃപനുടേ
വിത്തങ്ങളെല്ലാം ബലത്താൽ, ഛലത്തിനാൽ,
പിട്ടല്ല ചോരണത്താലും ഹരിക്കണം
തെററാതെ മററു രാജ്യത്തിൽനിന്നും ക്രമാൽ.
നീതിബലങ്ങൾ വെടിഞ്ഞും പ്രജകളേ
പീഡനംചെയ്യും നൃപനുരുക്കൂട്ടിടും
ശേവധി സൎവ്വമെന്നല്ല രാജ്യവും
വൈരികൾ നഷ്ടമാക്കിടുന്നു നിശ്ചയം.
ശിക്ഷയും, ഭൂനികുതികളും ചുങ്കവും
അക്രമമായി പ്രവൃദ്ധമങ്ങാക്കിയും,
തീൎത്ഥദേവന്മാർ ധനങ്ങളടക്കിയും
വീൎപ്പിക്കൊലാ കോശമാപത്തിലെന്നിയേ.
ശത്രുനാശത്തിനു സൈന്യസംരക്ഷണം
പാൎത്താലവശ്യമായ് തീരുന്നവേളയിൽ
പ്രത്യേകമായുള്ള ശിക്ഷയും ശുല്കവും
പൃഥ്വീവരൻ ദൃഢമേൎപ്പെടുത്തീടണം.
ആപത്തുകാലത്തു സമ്പന്നർതൻധനം
ഭൂപനെടുക്കാം ഭൃതിനൽകി നിൎണ്ണയം.
ആപത്തു തീൎന്നാൽ പുനരതു നിശ്ചയം
വേഗത്തിൽ വട്ടിയുംകൂട്ടി നൽകീടണം.

നേരേ വിപരീതമായാൽ പ്രണഷ്ടമായ്
തീരും പ്രജൌഘവും ഭൂപനും കോശവും.
ചേണാൎന്നിടുന്ന സുരഥാദിഭൂമിപർ
ഹീനരായിടിനാരക്രമദണ്ഡനാൽ.
ശിക്ഷയും ശുല്ക്കവും ഭൂനികുതികളും
വൎദ്ധിക്കാതെ നിത്യം പ്രജാവലിതന്നെയും,
ഭോഷ്കല്ല വിംശതിവൎഷം ബലത്തെയും
രക്ഷിച്ചിടുംപടി കോശമിരിക്കണം.
സൈന്യമൂലമത്രു കോശമത്രേ ദൃഢം,
കോശമൂലമത്രു നിൎണ്ണയം സൈന്യവും.
സൈന്യസംരക്ഷണാൽ ശത്രുക്ഷയംവരും
വന്നിടും കോശരാഷ്ട്രങ്ങൾതൻ വൃദ്ധിയും.
നിൎണ്ണയം മൂന്നിതും സ്വൎഗ്ഗവും സിദ്ധമാം
അന്യൂനമാകും പ്രജാരക്ഷണത്തിനാൽ.
യജ്ഞാൎത്ഥമത്രേ ധനാൎജ്ജനം നിൎണ്ണയം,
യജ്ഞമായുസ്സുഖസ്വൎഗ്ഗലബ്ധ്യൎത്ഥവും.
ശത്രുഹീനത്വവും സൈന്യവും കോശവും
പാൎത്താൽ ത്രിതയവും രാഷ്ട്രവൃദ്ധിക്കുതാൻ.
തദ്വൃദ്ധിയങ്ങു ഭവിക്കും സഹിഷ്ണുവാം
ഭൂക്ഷിത്തുതൻ നീതിനൈപുണ്യമൂലവും.
ആകയാലേവനും യത്നങ്ങൾ ചെയ്യണം
കൈവരുന്നോളവും ബുദ്ധിബ്ബലോദയം.
ഉത്തമനാം നൃപൻ പുഷ്പമാലാകരൻ
വൃത്തിയെ നിത്യമൻകരിച്ചും തഥാ
ശത്രുനൃപരൊടു കപ്പങ്ങൾ വാങ്ങിയും
വൃദ്ധമാക്കിടുന്നു കോശത്തെ നിൎണ്ണയം.
മധ്യമൻ വൈശ്യവൃത്തിയത്രു പൂകിയും
നിത്യമധമനതിശിക്ഷ നൽകിയും,

തിൎത്ഥദേവന്മാർധനങ്ങളൊതുക്കിയും,
വീൎപ്പിച്ചിടുന്നു സ്വകീയകോശങ്ങളെ.
അല്പധനരാം പ്രജകൾ ഭൃതികളാൽ
രക്ഷണീയർ സദാ മദ്ധ്യധനരത്തും;
ഉത്തമന്മാരാമതിദ്രവ്യരായവർ
രക്ഷണീയരധികൃൽപ്രതിഭൂസമം.
തൽസമം പിന്നെയും രക്ഷ്യരായിടണം
ഉത്തമദ്രവ്യരാം വിത്തവാന്മാർകളും.
രക്ഷ്യരാകാ ദൃഢം ഹീനരായിടുകിൽ
രക്ഷ്യരാകാ കഴിഞ്ഞീടിലും ഭൂപരാൽ.
ദ്വാദശാബ്ദത്തിനു പൎയ്യാപ്തമായിടും
ഏതൊരു വിത്തവും നീചമെന്നുക്തമാം.
ഷോഡശാബ്ദത്തിനു നില്ക്കുന്നതായിടും
ശേവധിക്കോതിടും മദ്ധ്യമമെന്നുപേർ.
ത്രിംശദബ്ദത്തിനു നിന്നിടും മട്ടതിൽ
സഞ്ചയിക്കും ധനമുത്തമമായ് സ്മൃതം.
ഇങ്ങനേയോരോ തരങ്ങളിൽ മന്നവൻ
വിന്യസിക്കേണം ധനത്തെയാപത്തതിൽ.
മൂലധനത്തിനാൽ വ്യാപരിപ്പു ദൃഢം
ചാലേ പലിശകൊണ്ടല്ലോ വണിക്കുകൾ.
സാധനവില്പനചെയ്തിടുമങ്ങിവർ
സാധനത്തിൻവില കൂടിനില്ക്കുംവിധൌ.
സാധനസംഭാരമായതുമവ്വിധം
ചെയ്തിടും മൂല്യമിടിഞ്ഞിടും വേളയിൽ.
അന്യഥാ ചെയ്താൽ പ്രജാതാപമായതു
വെണ്ണീറതാക്കിടും സാന്വയം ഭൂപനേ.
മൂന്നുവർഷത്തിനു വേണ്ടിവരുന്നതാം
ധാന്യസംഭാരമതാതുകാലങ്ങളിൽ,

മന്നവൻചെയ്യണം സ്വന്തഹിതാൎത്ഥവും
സ്വന്തരാഷ്ട്രാൎത്ഥവുമായിട്ടു നിൎണ്ണയം.
മൂന്നുവൎഷത്തിൽ കവിഞ്ഞകാലത്തിനും
ധാന്യസംഭാരം സമൃദ്ധനു ചെയ്തിടാം.
ധാന്യമതെന്നാലെളുപ്പം നശിക്കാത്ത-
വണ്ണം ചിരസ്ഥായിയായിട്ടിരിക്കണം.
നല്ലത്തുടി, രുചി, നല്ലനിറം, തരം,
നല്ലമണം, രസം, നല്ലനവമണി,
നല്ലോരുണക്കിവ ചേൎന്ന ധാന്യത്തിനേ
നല്ലപോൽ ശ്രദ്ധിച്ചു ശേഖരിച്ചീടണം.
നല്ലസമൃദ്ധിയും, നീണാൾ നിലവത്തും,
നല്ലവിലയത്തുമുള്ള ധാന്യത്തിനേ
നല്ലവണ്ണം ബത നോക്കി രക്ഷിക്കണം;
അല്ലാതെയുള്ളവ വൎജ്ജിച്ചുകൊള്ളണം.
നഞ്ഞു, മഞ്ഞു, കൊട്ടംതീയിവപെട്ടതും,
തേഞ്ഞതും പിന്നേ പുഴക്കൾകരണ്ടതും,
പിന്നെയും സാരവിവൎജ്ജവുമാകിയ
ധാന്യങ്ങൾ ശേഖരിച്ചിടരുതേതുമേ.
കേടുപറ്റുന്നതിൻമുമ്പു ധാന്യങ്ങളേ
ഉദ്ധമോദം വ്യയം ചെയ്തുകൊണ്ടിടണം.
ബാദ്ധം പ്രതിവൎഷമങ്ങതിൻ തുല്യമായ്
വേറെയിടേണം നവമായ ധാന്യവും.
ധാതുവൎഗ്ഗങ്ങളുമോഷധീജാലവും,
ജാതമോദേന വിറകും തൃണാദിയും,
ബാണങ്ങൾ, യന്ത്രങ്ങളസ്ത്രശസ്ത്രാദിയും,
ഇന്ധനം കരുതണമഗ്നിചൂൎണ്ണങ്ങളും.
ഏതേതുകാൎയ്യത്തിനേതേതു സാധനം
ഭൂതലേ കാൎയ്യസാദ്ധ്യത്തിനു പറ്റുമോ

ആയതു സർവവും സംഭരിച്ചീടണം,
ആയതു കാൎയ്യസാദ്ധ്യത്തിന്നുതകിടും.
സംഭരിക്കുന്ന ധനാദിയെയൊക്കെയും
അമ്പോട്ടു യത്നിച്ചു രക്ഷിച്ചുകൊള്ളുണം.
സംഭരിക്കുന്നതുതന്നേ ശ്രമാവഹം
സംരക്ഷണമതു നൂനം ചതുർഗ്ഗുണം.
പിട്ടല്ലര ക്ഷണംകൊണ്ടുള്ളുപേക്ഷയാൽ
പെട്ടെന്നൊരുവസ്തു നഷ്ടത്തിലെത്തിടും.
ആൎജ്ജിച്ച വിത്തം വിനാശത്തിലെത്തിയാൽ
ആൎജ്ജിച്ചവനേ വ്യസനമുണ്ടായിടൂ.
പത്നിയും പുത്രരുമുണ്ടാകിലുമവ-
ൎക്കത്രയ്ക്കുമാത്രംവരാ ദുഃഖമങ്ങതിൽ.
ഉൾത്താരിലാകയാലന്യജനത്തിന-
ങ്ങെത്രമാത്രംവരാം ദുഃഖമോൎത്തിടണം.
സ്വന്തകാൎയ്യമതിൽ താനമാന്തിക്കുകിൽ
ബന്ധമുണ്ടാമോ മറിച്ചന്യർ ചെയ്യുവാൻ?
സ്വന്തകാൎയ്യം സ്വയം ശ്രദ്ധിച്ചുകൊള്ളുകിൽ
ഹന്ത സഹായരാമന്യരും തൻസമം.
ആൎജ്ജിച്ചുകൊള്ളാൻ സമൎത്ഥനായീടിലും
ആൎജ്ജിച്ചതു ബത രക്ഷിച്ചുകൊള്ളുവാൻ
പ്രാപ്തനല്ലെങ്കിലവനിൽപ്പരമൊരു
മൂർഖനില്ലാ വൃഥാ തച്ഛ്രമമൊക്കെയും.
ഏകമായുള്ളോരധികാരമായതിൽ
ഏകനേയല്ലാതിരുപേരെ വയ്ക്കുവോൻ,
ഏകഭാൎയ്യയൊരാൾ ജീവിച്ചിരിക്കവേ
സാകമപരയേ ഭാൎയ്യയായ് വയ്പവൻ,
പാരമങ്ങാരെയും നമ്പുന്ന മാനുഷൻ,
പാരാതതിധനമാശിച്ചിടുന്നവൻ,

പാരമലസത ചേൎന്നവൻ, സ്ത്രീജിതൻ,
നേരാണഖിലരും മൂൎഖരാണോൎക്കുകിൽ.
ചോരനേയും തഥാ ജാരജനത്തെയും,
ഘോരനായിട്ടുമോരാതതായിയെയും
പാരാതെ സാക്ഷിയാക്കീടുന്ന മൎത്ത്യരും
പാരമാൎത്ഥ്യമതിൽ മൂൎഖരത്രേ പരം.
ലുബ്ധനെന്നോണം ധനത്തെ രക്ഷിക്കണം!
വിത്തമേകേണം വിരക്തനെന്നോണവും.
മൂൎഖത പൂകിടുമന്യഥാ നിൎണ്ണയം
ലാക്കിൽ സ്വകീയധനം വ്യയംചെയ്കിലും.
വസ്തുവകകൾതൻ തത്വമറിയുവാൻ
യത്നങ്ങൾചെയ്യണം താൻതന്നെ സൎവ്വദാ.
രത്നാദിവൎഗ്ഗങ്ങളെല്ലാം പരീക്ഷക-
വൎഗ്ഗങ്ങളെക്കൊണ്ടു നോക്കിച്ചുമങ്ങഥ
വീക്ഷിച്ചു സൎവവും താൻതന്നെയും സ്വയം
ഭ്രക്ഷിണ്ണുചെമ്മേ പരിരക്ഷചെയ്യണം.
ഈടാൎന്ന വജ്രവും, മുക്താഫലമതും,
ബാഢം പ്രവാളവുമിന്ദ്രനീലാഖ്യവും,
പ്രൌഢികലൎന്നൊരു ഗോമേദമായതും,
വൈഡൂൎയ്യവും, പുഷ്യരാഗവും, പാചിയും,
പേരാൎന്ന മാണിക്യവുമാകെയൊമ്പതും
സൂരികളാൽ മഹാരത്നങ്ങളായ് സ്മൃതം.
മാണിക്യവൎഗ്ഗം രവിക്കു പത്ഥ്യം പരം
നൂനമതിൻനിറമിന്ദ്രഗോപോപമം;
ശോണപീതസിത ശ്യാമളമായിടും.
ചേണാൎന്ന മൌക്തികമിന്ദുവിന്നും പ്രിയം;
പീതരക്തരുചി ചേൎന്നെഴും വിദ്രുമം
സ്ഫീതതോഷപ്രദം ഭൌമനും തദ്വിധം;

ചാലേ മയിൽപ്പീലിപോലേ ഹരിതമാം
ചേലെഴം പാചി ബുധനും പ്രിയംപരം;
സ്വൎണ്ണച്ഛവിപൂണ്ട പുഷ്യരാഗമതു
മഞ്ഞനിറം ഗുരുവിന്നുമതിപ്രിയം.
നക്ഷത്രതുല്യപ്രഭം വജ്റമുജ്ജ്വലം
ശുക്രന്നതിപ്രിയം രത്നത്തിലുത്തമം.
ചൊല്ക്കൊണ്ടൊരിന്ദ്രനീലം ഘനശ്യാമളം
ഉൾക്കാമ്പിലേററം പ്രിയം പംഗുപാദനും.
ഗോമേദമായതു പീതാരുണപ്രഭം
ആമോദകാരകം രാഹുവിന്നും പരം.
വൈഡൂൎയ്യരത്നം ബിഡാലാക്ഷി സന്നിഭം
ബാഢം ചലൽപ്രഭം കേതുവിന്നും പ്രിയം.
രത്നത്തിലൊക്കെയും ശ്രേഷ്ഠമായുള്ളത-
ങ്ങുത്തമകാന്തി കലന്ന വജ്റം ദൃഢം.
വിദ്രുമഗോമേദജാതികളായവ
വ്യത്യസ്തമെന്നിയേ നീചങ്ങളും തഥാ.
മാണിക്യവൎഗ്ഗവും ശ്രേഷ്ഠമാണോൎക്കകിൽ
ഗാരുത്മതമതും മൌക്തികജാതിയും.
ഇന്ദ്രനീലമതു നിൎണ്ണയം മദ്ധ്യമം-
തന്നെ വൈഡൂൎയ്യവും പുഷ്യരാഗമതും.
പിന്നെയും രത്നത്തിലൊക്കെയും ശ്രേഷ്ഠമാ-
ണന്ന്യാദൃശദ്യുതിചേൎന്ന നാഗമണി.
സദ്വൎണ്ണവും തഥാ രന്ധ്റവിഹീനവും,
സൽക്കോണവും ബിന്ദുരേഖാവിവൎജ്ജവും
സൽപ്രഭവുമതാം രത്നത്തെയോതിടും
രത്നവിത്തുക്കളതിശ്രേഷ്ഠമെന്നതായ്.
ശൎക്കരാഭമതുമാകാം ദളാഭവും,
രത്നങ്ങൾ വൎത്തുളമാകാം ചിപിടവും.

രക്തവും ശ്വേതവും കൃഷ്ണവും പീതവും
രത്നത്തിന്നുള്ളോരു വൎണ്ണദ്യുതികൾ താൻ.
വൎണ്ണദ്യുതികളതാതിൻ ക്രമത്തിനു
ചേൎന്നീഴം ദോഷവിവൎജ്ജമാം കല്ലുകൾ
തന്നിടും പുഷ്ടിയും കീൎത്തിയും മൎത്ത്യൻ
നിൎണ്ണയം പിന്നെയുമായുസ്സു ശൌൎയ്യവും.
അന്യഥാ ചേൎന്നീഴം രത്നത്തെയൊക്കെയും
ചൊന്നിടും പാരിതിൽ ദോഷവത്തെന്നതായ്.
വൎണ്ണത്തെയാശ്രയിക്കുന്നു ദ്യുതിയതു
വൎണ്ണപ്രകാശിനി പിന്നേ ദ്യുതിയതും.
പത്മരാഗമതു മാണിക്യമായതിൻ-
വൎഗ്ഗഭേദം ദൃഢം രക്തോൽപ്പലപ്രഭം.
പുത്രലബ്ധിക്കായ് കൊതിക്കും വധൂജനം
വജ്റം വപുസ്സിൽ ധരിച്ചുകൂടാ ദൃഢം.
മുക്താഫലമതും വിദ്രുമജാതിയും
നിത്യോപയോഗാൽ പ്രഭാഹീനമായ്വരും.
ദോഷം വെടിഞ്ഞുള്ള രത്നങ്ങൾ പാൎക്കിൽ നി-
ശ്ശേഷം ഗുരുത്വം, പ്രഭാ, വൎണ്ണമാശ്രയം.
ചേലാൎന്ന വിസ്താരമാകാരമെന്നിവ-
മൂലം ഭവിപ്പു വിലയിലുൽകൃഷ്ടമായ്.
മൌക്തികവിദ്രുമ ജാതികളാലെയും
ചൊല്ക്കൊണ്ട വജ്റത്തിനാലെയുമെന്നിയേ
രത്നങ്ങളുല്ലേഖ്യമാകില്ലരുക്കിനാൽ,
ഇത്യുക്തമാകുന്നു രത്നവിത്തുക്കളാൽ.
കണ്ടാൽ വലുതായിടതൂങ്ങിടാത്തതായ്
ഉള്ള കല്ലിന്നു വിലകൂടി നിന്നിടും.
നല്ല ഗുണമുള്ളതെന്നാകിലും മറി-
ച്ചുള്ള കല്ലിന്നു വില കുറവായിടും.

ശക്രാഭകലന്റുള്ള രത്നമതു
നില്ക്കും വിലയതിലേററം കുറഞ്ഞതായ്.
മധ്യമമാം വില കൈക്കൊണ്ടു നിന്നിടും
സിദ്ധമാണെപ്പോഴും പാക്കിൽ ചിപിടവും.
ഏററവും മൂല്യമടഞ്ഞ രത്നമതു
തെററാതെ നിത്യം ദ്വിലാഭമായ് നിന്നിടും.
വൎത്തുളാകാരമാം രത്നമതിൻവില
തൽപ്രിയംപോലെ സദൈവ ഭേദിച്ചിടും.
മൌക്തിക വിദ്രുമജാതികൾ തള്ളിയാൽ
രത്നത്തിനൊന്നും ജരയില്ല നിൎണ്ണയം.
രത്നങ്ങൾതൻവില കൂട്ടമിടിഞ്ഞിടും
പൃഥ്വീപതികൾതൻ ദൌഷ്ട്യഫലമതായ്,
മത്സ്യങ്ങൾ, സൎപ്പങ്ങൾ, ശംഖങ്ങൾ, വാരാഹ-
വൎഗ്ഗങ്ങൾ, വേണുക്കൾ, ജീമൂതശുക്തികൾ,
ഇച്ചൊന്നവയിൽനിന്നുണ്ടായിടുന്നിതു
മൌക്തികം, ശുക്തിയിൽനിന്നാണധികവും.
കൃഷ്ണം, സിതം, തഥാ പീതവും, രക്തവും,
പേൎത്തും ദ്വിപുടം, ചതുഷ്പുടം, സപ്തകം,
തദ്വൽ ത്രിപഞ്ചസപ്താവരണമിവ
മുക്താഫലങ്ങളിൽ മേല്ക്കുമേലുത്തമം.
കൃഷ്ണവും, ശ്വേതവും, ലോഹിതം, പീതവും
വിജ്ഞാതമാകും ക്രമാൽ ജരഠങ്ങളായ്.
ശുക്തിജമായുള്ള മുത്തു കനിഷ്ഠവും
മധ്യമം ശ്രേഷ്ഠവുമെന്നറിവൂ ക്രമാൽ.
വേധ്യങ്ങളായിടുമിത്തരം മുത്തുകൾ
പാൎത്താലവേധ്യങ്ങളന്യങ്ങളായവ.
കൃത്രിമമുത്തുകളുണ്ടാക്കിടുന്നിതു,
ശുദ്ധമാം മുത്തുപോൽ സിംഹളദ്വീപുകാർ.

ഭദ്രമായ് ചെമ്മേ പരീക്ഷിച്ചെടുക്കണം
മുത്തുകളാകയാൽ വാങ്ങുന്നയാളുകൾ.
ഉപ്പതും തൈലവും കൂട്ടിക്കലർത്തിയോ-
രുഷ്ണജലത്തിൽ തലേരാത്രിയിട്ടതാം
മുത്തിനേ ബ്രീഹി(1)കൊണ്ടങ്ങുരച്ചാൽ നിറം
തെററാസ്സിലായതകൃത്രിമം മുത്തുതാൻ.
ഉത്തമകാന്തികലർന്നു ഭവിപ്പതാം
മുത്തതു ശുക്തിജമെന്നറിഞ്ഞീടണം.
മദ്ധ്യമകാന്തി കലർന്നതാകിൽ ദൃഢം
മററുവിധമുള്ളതെന്നും ധരിച്ചിടാം.
രത്നത്തിനുള്ള വിലയറിഞ്ഞീടുവാൻ
രത്നമതിനുടേ തൂക്കമെറിയണം.
ഭോഷ്ക്കല്ല ഗോമേദമൊന്നൊഴിച്ചീടുകിൽ
തൂക്കമെതുതാൻ ശരിയാം പ്രമാണവും.
മൌക്തികമല്ലാത്ത രത്നത്തിനൊക്കെയും
രക്തിയതു ക്ഷുമാവിംശതികൊണ്ടതാം.
മൌക്തികത്തിൻെറ വിഷയത്തിലായതിൻ-
രക്തിത്രയം നാലു കൃഷ്ണലകങ്ങളും.
ഏൺമൂന്നു രക്തികൾ ചേർന്നുകൊള്ളുന്നതു
നിർമ്മായമങ്ങൊരു രത്നടങ്കമതാം.
നാലുടങ്കമതു തോലയൊന്നായിടും
ചാലേ പവിഴത്തിനെന്നല്ല പൊന്നിനും.
ഏകമാം രക്തിയിടതൂങ്ങിടുന്നതും,
ആകുന്നതും ദളവിസ്തൃതിയുള്ളതും,
ആകുന്നോരേക വജ്രത്തിനുള്ള വില
മാഴ്കാതെയഞ്ചു സുവർണ്ണങ്ങളായിടും.

---

(1) ബ്രീഹി=ഒരുതരം നെല്ല്

രക്തികൊണ്ടും ദളവിസ്തൃതിയാലെയും
ഉച്ഛ്റതമൂല്യമൊരഞ്ചിരട്ടിയതാം.
തിട്ടമതുപോലിതുകൾ കുറഞ്ഞിടും-
മട്ടിൽ വിലയ്ക്കു കുറവും ഭവിച്ചിടും.
എട്ടുരക്തിയതു കൂടിയാൽ മാഷമാം,
എട്ടോട്ടു രണ്ടുമാഷങ്ങൾ സുവൎണ്ണവും;
അഞ്ചു സുവൎണ്ണങ്ങൾ ചേൎന്നാലതു പുന-
രഞ്ചു പതിനാറു രൂപ്യകർഷങ്ങളും.
രക്തിക്കണക്കിനാലുള്ള തൂക്കത്തിനേ
നോക്കി വിലവയ്പു വജ്റത്തിനു ഭുവി.
പട്ടം പരന്നിരിക്കുന്ന വജ്റത്തിനു
മുട്ടാതിടിയുന്നു മൂന്നിലൊന്നു വില.
ശക്രൊഭയെഴും വജ്റത്തിനു വില
തക്ക്വിഹീനം പകുതിയായ് പോയിടും.
രണ്ടു വജ്റങ്ങളൊരു രക്തിതൂങ്ങിയാൽ
രണ്ടിനുംകൂടിപ്പകുതിവിലയതാം;
രണ്ടിലധികമതുപോലെ തൂങ്ങിയാൽ
വീണ്ടും കുറയുമതിലും പകുതിയായ്;
നിൎണ്ണയം മധ്യമഹീനങ്ങളാമിവ-
യ്ക്കുണ്ടാം ഗുണങ്ങൾക്കനുരൂപമാം വിധം.
ഒന്നാംതരം വിലയായതിൽ പാതിയോ
പിന്നെയുമായതിൽ തന്നെയും പാതിയൊ,
തന്നെയായ് താണിടും വജ്റമതിൻവില,
ചേൎന്നിടുംപോലെ ഗുണഹാനി നിൎണ്ണയം.
രക്തിയേ ന്യൂനം പതിനാറിലൊമ്പത-
ങ്ങിട്ടു ഗുണിച്ചാലിടത്തരത്തിൻ വില
കിട്ടും പതിനാറിലൊന്നോട്ടു കൂട്ടിയാൽ
മുപ്പതിലൊന്നിനേ ഹീനത്തിനും വില.

ഉത്തമം മദ്ധ്യമം നീചമെന്നിങ്ങനേ
മുത്തിനേനോക്കി വിലവച്ചുകൊള്ളണം.
രക്തികളായിരത്തിൽപ്പരം തൂങ്ങിടും-
മുത്തിനങ്ങു ശതരക്തിക്കെഴും വില
വജ്റവിലയിൽ കലാത്രിംശതകത്തെ
വിട്ടാൽ വരുന്നതാം മിച്ചമതായിടും.
നൂറിൽപരം രക്തി തൂങ്ങുന്ന മുത്തിൽനി-
ന്നോരോ ശതത്തിനും വിംശതിരക്തികൾ
വീതം കുറച്ചാലൊരു രക്തിതൻ വില
വൈരത്തിനുള്ളതാമുത്തമം മൂല്യമാം.
ഇത്ഥം കുറച്ചാൽ ചിപ്പിടമാം മുത്തിനു
കിട്ടും ചിപ്പിടമാം വജ്റമതിൻവില.
കൃഷ്ണരക്തങ്ങളാം ബിന്ദുക്കൾ ചേൎന്നെഴും
രത്നങ്ങൾ മെയ്യിൽ ധരിച്ചുകൂടാ നരൻ.
ഉത്തമമായിടും ഗാരുത്മതത്തിനു
സിദ്ധമാം മാണിക്യമായതിൻേറ വില.
രക്തിക്കണക്കിനു പുഷ്യരാഗത്തിനും
തൽക്രമാൽ നിൎണ്ണയമിന്ദ്രനീലത്തിനും
അത്രയും രക്തികൾ തൂങ്ങുന്ന പൊന്നിനു
വയ്ക്കും വിലയതിൽ പാതിലഭിച്ചിടും.
ചാലേ ത്രിസൂത്രങ്ങളാലേ സ്ഫുരിച്ചുകൊ-
ണ്ടാലോലകാന്ത്യാ വിളങ്ങുന്ന രത്നമാം
ചേലാൎന്ന വൈഡൂൎയ്യമായതിന്നു വില
കോളാൎന്നൊരൊന്നാംതരംതന്നെ വയ്ക്കണം.
തോലക്കണക്കിനു സ്വൎണ്ണത്തിനുള്ളതിൽ
പാതിയതുതാൻ പവിഴത്തിനു വില.
ഗോമേദമായതു തൂക്കേണ്ടനിൎണ്ണയം,
ആമട്ടിലത്രയസാരമതിൻവില.

എണ്ണത്തിന്നിത്രയാണെന്ന കണക്കിൻ
ഖണ്ഡിക്കണം ചെറുരത്നങ്ങൾതൻ വില.
എന്നാൽ ചെറുതുതന്നെയാണെങ്കിലും
നന്നായി വജ്റമത്തു തൂക്കിനോക്കണം.
ഏററവും കാന്തികലൎന്നതായും പുന-
രേററവും ദുർല്ലഭമായും ഭവിച്ചിട്ടും
കോട്ടംവെടിഞ്ഞോരു രത്നത്തിന്നുവില
വാട്ടംവിനാ പ്രിയംപോലെ കൊടുക്കണം.
തൂക്കാതെതന്നേ വില നിശ്ചയിക്കണം
ദോഷ്ക്കല്ല മെച്ചമാം രത്നത്തിനെപ്പൊഴും.
മുത്തിൻെറ രക്തിയേ കാലുംപതിന്നാലു-
മട്ടു ഗുണിച്ചിട്ടുരുനാലുകൊണ്ടതു
തിട്ടം വിഭജിച്ചുകൊണ്ടാൽ വരും ഫലം
മുത്തിൻവിലയാം സുവൎണ്ണരക്തികളിൽ.
മുത്തിൻെറയേറാം കവിഞ്ഞവിലയത-
ങ്ങത്രയും സ്വൎണ്ണമതിൻേറ പകുതിതാൻ.
തിട്ടം ഗുണക്കുറവുണ്ടാകിലായതിൻ-
മട്ടിൽഭവിക്കും വിലക്കുറവായതും.
രക്തവും, പീതവും, വൎത്തുളം, ശ്വേതവും,
ഉത്തമമായവ മുത്തുവൎഗ്ഗങ്ങളിൽ.
ശക്കരാഭമതു നീചം, ചിപിടവും;
മധ്യമമായവ മററുള്ളതൊക്കെയും.
രത്നത്തിനുള്ളോരു ദോഷങ്ങൾ സവ്വവും
ജാത്യാ കടന്നുകൂടുന്നവ നിൎണ്ണയം.
പക്ഷേ മറിച്ചുള്ള ധാതുവൎഗ്ഗത്തിനു
ദോഷ്ക്കല്ല ദോഷങ്ങളുണ്ടാക്കി വയ്പവ.
നിശ്ചയമാകയാൽ ധാതുമൂല്യങ്ങളേ
നിശ്ചയിക്കേണം പരിക്ഷിച്ചു ബുദ്ധിമാൻ.

(1)സ്വൎണ്ണവും, രൂപ്യവും, താമ്രവും, വംഗവും,
പിന്നെയും സീസവും, രംഗവും, ലോഹവും,
നിൎണ്ണയമേഴിതും ധാതുക്കളായവ;
പിന്നെയെല്ലാം ധ്രുവം സങ്കരജാതിയും.
ഇല്ലൊന്നതാകും മുറയ്ക്കിവയൊക്കെയും
നില്ക്കുന്നിതു ദൃഢം ശ്രേഷ്ഠതയിങ്കലും.
കൈയിൽവച്ചുമതിശ്രേഷ്ഠമായതു
ചൊല്ലെക്കൊണ്ടിടുന്ന സുവൎണ്ണമത്രേ ദൃഢം.
വംഗവും താമ്രവും ചേൎന്നു നിൎമ്മിപ്പതാം
സങ്കരവസ്തുതാൻ കാംസ്യമാകുന്നതു്.
നിൎണ്ണയമാവിധം താമ്രവും രംഗവും
ചേൎന്നു ലഭിപ്പതു പിത്തളവൎഗ്ഗവും.
തുല്യമായ് തൂക്കിയ ധാതുഖണ്ഡങ്ങളേ
മെല്ലേ നിരത്തി വെവ്വേറെ വച്ചീടുകിൽ
വൎണ്ണംകുറഞ്ഞതു സ്വൎണ്ണമായ്കണ്ടിടും,
പിന്നെയെല്ലാം ധ്രുവമന്യധാതുക്കളും.
തുല്യമായ് തൂങ്ങുമിരുധാതു ഖണ്ഡങ്ങൾ
രന്ധ്രമൊന്നിൻവഴി തന്തിവലിച്ചഥ
രണ്ടും പുനരപി തൂക്കിനോക്കീടുകിൽ
രണ്ടും സമം നില്ക്കിലില്ലതിൽ കൃത്രിമം.
യന്ത്രശസ്ത്രാസ്ത്രങ്ങളാക്കിച്ചമയ്ക്കുകിൽ
ഹന്ത പൂകുമയസ്സോട്ടധികാ വില.
പൊന്നിൻവിലയതങ്ങേതു കാലത്തിലും
വെള്ളിവിലയുടേയെട്ടുരണ്ടായിടും

---

(1) സ്വൎണ്ണം=പൊന്നു്. രൂപ്യം=വെള്ളി. താമ്രം=ചെമ്പു്. വംഗം=ചുത്തനാഗം. സീസം=ഈയം. രംഗം=തകരം. ലോഹം=ഇരിമ്പു്.

വെള്ളിവിലയത്തു സാധാരണമതായ്
ചെമ്പിൻവിലയുടേയെൺപത്തു പങ്കത്തും.
ചെമ്പിനുള്ള വില വംഗവിലയുടെ-
യൊന്നരകൊണ്ടതായ് നിന്നിട്ടമെപ്പോഴും;
വംഗവിലയത്തു രംഗവിലയുടെ
രണ്ടുഗുണമത്തും സീസത്രിഗുണവും.
ചെമ്പിനുള്ള വില ന്യൂനമിരുമ്പതിൻ-
രണ്ടുമടങ്ങിൻ ത്രിഗുണമതായിട്ടും.
ഇത്രയുമിങ്ങു വിശേഷേണ ചൊല്ലിനേൻ;
മൊത്തമായ് മുമ്പുരചെയ്ത ധാതുക്കളേ.
നല്ലകൊമ്പു, നിറം, നല്ലപാൽ, പാല്ക്കറ,
നല്ല കിടാവിവയുള്ള ഗോവിൻവില
വല്ലാതെ ക്രൂടുമിളംപ്രായമാകിലും
തെല്ലുമോക്കാതേ വലിപ്പം ചെറുപ്പവും.
കുട്ടി കുടിപ്പതും, പ്രസ്ഥദ്ദുഗ്ദ്ധമത്തു
മുട്ടാതെ നിത്യം കറപ്പതുമാകിയ
ചട്ടററ ഗോവിനു വയ്ക്കുന്നിതു വില
തെററാതെ രൂപ്യമൊരുപലം നിണ്ണയം.
വയ്ക്കുമജയ്ക്കു വില ഗോവിലദ്ധ്വം,
വച്ചിട്ടും മേഷിയ്ക്കുതിന്റെയുമദ്ധ്വം.
മുട്ടാടതാണെങ്കിൽ മേഷത്തിനു വില
കിട്ടും ബലിഷ്ഠനു രൂപ്യമൊരുപലം.
ഉത്തമമാംവില ഗോക്കൾക്കു നിണ്ണയം
പത്തുപലം വെള്ളിയല്ലെങ്കിലെട്ടതാം.
മേഷിയുടെയുമജയുടേയും തുല്യം
ക്രൂടിയതാംവില രൂപ്യമൊരുപ്പലം.
മെച്ചമായീടുമെരുമവിലയത്തു
മെച്ചം പത്തുവിലയല്ലെങ്കിലൊന്നര.

നല്ലകൊമ്പു, നിറം, ശക്തി, ദ്രുതഗതി,
നല്ലഭാരംവലി, എൺതാലമുച്ഛ്റയം,
എന്നിഗ്ഗുണങ്ങളെഴും കാളതൻവില
(1) നിന്നീടുമാറുദശപലം വെള്ളിയായ്.
ഒന്നാംതരംവില പോത്തിന്നു നിന്നിടും
എന്നുമേഴുപലമല്ലെങ്കിലെട്ടതായ്.
അശ്വഗജങ്ങൾക്കെഴുന്ന മെച്ചംവില
ദ്വിത്രിചതുസ്സഹസ്രം പലമായിടും.
ഒട്ടകത്തിന്നു മഹിഷമതിൻവില
തിട്ടമുദീരിതമുത്തമമെന്നതായ്.
മുട്ടാതൊരുനാളൊരുനൂറുയോജന
മട്ടിൽഗമിക്കും തുരഗമാണുത്തമം.
പിട്ടല്ലതിന്നെഴും ശ്രേഷ്ഠമാകുംവില
കട്ടായമഞ്ഞൂറു ഹേമങ്ങളായിടും.
മുപ്പതുയോജന ദൂരം ഗമിച്ചിടും
ഉഷ്ട്രത്തെയും തഥാ ശ്രേഷ്ഠമെന്നോതിടും.
തെററാതെ നൂറുപലം വെള്ളിമൂല്യമായ്
കിട്ടുമതിന്നെന്നു നാട്ടിൽ പ്രസിദ്ധവും.
പൊക്കം, ബലം, തഥാ യുദ്ധം, മദമിവ-
യൊക്കെയുംകൊണ്ടു ദൃഢമപ്രതിമനായ്
നില്ക്കും ഗജത്തിന്നു കിട്ടും വിലയതു
(2) നിഷ്കമോരീരായിരമതങ്ങായിടും.
നിഷ്കമെന്നാലൊരു നാലുമാഷമത്തു
തൂക്കമുണ്ടാകും സുവർണ്ണമത്രേ ദൃഢം.
ഹസ്തിയുടേവില നിശ്ചയിക്കുന്നതിൽ

---

(1) ഒരുപലംവെള്ളി=൮ രൂപാ.

(2) നിഷ്കമോരീരായിരം=൩൩൩൦ രൂപാ.

രക്തികളഞ്ചുചേരുന്നതു മാഷമാം.
രത്നമെന്നുള്ളതാം ശ്രേഷ്ഠനാമമതു
നിസ്തുലമായിട്ടുമെന്തിനും ചൊല്ലിടും.
ദിക്കതും കാലവും പാൎത്തിട്ടു നിൎണ്ണയം
വയ്ക്കണം മൂല്യമങ്ങേതിനും മാനുഷൻ.
നിൎഗ്ഗുണമായിട്ടുപയോഗഹീനമായ്
നില്ക്കുന്ന വസ്തുവിനില്ലൊരു മൂല്യവും.
വസ്തുജാലത്തിനു മൂല്യമതു ദൃഢം
തത്തൽഗുണങ്ങൾക്കനുരൂപമാംവിധം
ഉത്തമം, മദ്ധ്യമം, നീചമെന്നിങ്ങനേ
ബുദ്ധിമാൻ മൂന്നുതരത്തിൽ തിരിച്ചിടും.
വില്ക്കലും വാങ്ങലും കാൎയ്യങ്ങളിൽ ക്ഷമാ-
ഭൃത്തിന്റെ പങ്കിനു ശുല്ക്കമെന്നോതിടും.
ശുല്ക്കം പിരിക്കേണ്ട ദിക്കുകളായവ
ഹട്ടങ്ങൾ, മാൎഗ്ഗങ്ങളാകരം സീമകൾ.
വില്ക്കും ചരക്കുകൾക്കേകവാരമതാം
ശുല്ക്കമതത്രേ ഗ്രഹിക്കാവൂ ഭൂമിപൻ.
നില്ക്കാതെ പിന്നെയും പിന്നെയുമങ്ങഥ
ശുല്ക്കം ഛലത്താൽ ഗ്രഹിച്ചുകൂടാ നൃപൻ.
വില്ക്കുന്നവനോടോ വാങ്ങുന്നവനോടോ
ദ്വാത്രിംശഭാഗം ഗ്രഹിച്ചുകൊണ്ടിടണം.
വിംശാംശമോ ഷോഡശാംശമോ മട്ടിനു
ചുങ്കം പിരിച്ചാൽ വിലയ്ക്കു ദോഷംവരാ.
കൊണ്ടവിലയിൽ കുറഞ്ഞവിലയിലോ,
കൊണ്ടതിന്റെ സമമായ വിലയിലോ
കൊണ്ടയാൾ തന്റെ ചരക്കുവിറ്റീടുകിൽ
കൊണ്ടുകൂടാ നൃപൻ ചുങ്കമതിൽ ദൃഢം.
കൊണ്ടവനങ്ങഥ ലാഭമുണ്ടെന്നതായ്

കണ്ടാലവനോടു പിന്നീടു വാങ്ങേണം.
മുല്പാടുഭൂമിയളന്നു വിളവതു
നല്ലതില്ലോ തഥാ മദ്ധ്യമോ എന്നതായ്
തപ്പാതറിഞ്ഞു കരത്തിനിച്ഛ്രിക്കണം,
പില്പാട്ടു ന്യൂനം കരവും ചുമത്തണം.
നഷ്ടനായ്തീരാത്തവണ്ണം കൃഷീവലൻ,
തിട്ടം നൃപാലൻ നികുതിപിരിക്കണം.
പുഷ്പമാല്യം ചമയ്ക്കുന്നവനെങ്ങിനെ
പുഷ്പംഗ്രഹിക്കുമതുപോലെ ഭൂമിപൻ,
ഭോഷ്കല്ല തന്റെ നികുതിപിരിക്കണം,
ലാക്കിൽ കരിക്കാരനെപ്പോലെ മേലതാൻ.
നല്ലതില്ല തഥാ മദ്ധ്യമെന്നിങ്ങനെ
നില്പതാമാദായ താരതമ്യത്തിനേ
എപ്പേരുമോത്തും സദൈവ നികുതിക-
ളുംപ്പെട്ടയുള്ള ചെലവുകൾ തള്ളിയും
നോക്കിയാലങ്ങു വിളവിൻതുകയതു
തക്കമെന്യേ ചെലവിന്റെയിരട്ടിയായ്
നില്ക്കുമെന്നാകിലേ കർഷകന്റെ തൊഴിൽ
ശശ്രേയസ്കരമായിബ്ഭവിച്ചിടൂ.
തദ്വിധമല്ലാതതിൽകുറഞ്ഞിടുകിൽ
ദുഃഖദമായിബ്ഭവിച്ചിടും നിശ്ചയം.
വാപീതടാകകൂപങ്ങൾ വൃഷ്ടി പുന-
രാപഗാ എന്നിവമൂലം നനപ്പതാം
ദേശങ്ങളിൽനിന്നു വാങ്ങാം വിളവതിൻ-
മൂന്നിലൊന്നോ ക്രമാൽ കാലോ പകുതിയോ.
ഊഷരഭൂമിയോ പാഷാണബദ്ധമാം
ദേശമോ ന്യൂനമങ്ങായിടുകിൽ സ്ഥലം
ആറിലൊന്നാദായമായതേ ഭൂമിപൻ

ക്കുറിടാവൂ നിജരാജഭോഗമതായ്.
രാജഭോഗമതായ് കർഷകൻതന്നൊട്ടു
രാജതകർഷമൊരുന്നൂറു വാങ്ങുകിൽ
രാജാവതിൽനിന്നിരുപത്തു നിൎണ്ണയം
വ്യാജഹീനം കൃഷിക്കാരനായ് തള്ളണം.
ആകരജങ്ങളാം വസ്തുവർഗ്ഗത്തിൽനി-
ന്നാകമാനം വ്യയം തള്ളിയശേഷമായ്
ആകെയോരോന്നിനും താഴെയുരച്ചിട്ടും
ഭാഗക്രമത്തിനു ചുങ്കംപിരിക്കണം:—
പൊന്നിനു പാതിയും വെള്ളിവർഗ്ഗത്തിനു
നിൎണ്ണയം മൂന്നിലൊന്നായിട്ടുമംശവും,
ചെമ്പിൻ നാലിലൊന്നായതും വാങ്ങണം,
വംഗമയസ്സിവയ്ക്കാറിലൊന്നും തഥാ;
സീസത്തിന്നാറിലൊന്നായതു വാങ്ങണം
(1) ക്ഷാരത്തിനൎദ്ധവും രത്നത്തിനൎദ്ധവും.
ഏതിനമാകിലും കർഷകരാദി തൻ-
ലാഭാധികത്വത്തെ നോക്കിപ്പിരിക്കണം.
കാഷ്ഠതൃണാദികൾ ശേഖരിപ്പോരൊട്ടു
പററിടാം മൂന്നിലൊന്ന ദായമായതോ
പത്തിൽരണ്ടോ പുനരേഴിലൊന്നോ തഥാ
പത്തിലൊന്നോ ദൃഢമായ്നാലിലൊന്നതോ.
മേഷികൾ, ഗോക്കളെജകൾ, മഹിഷികൾ,
വാജികളെന്നിവ പെററുകൂട്ടുന്നതിൽ
വ്യാജമെന്യേയിരുനാലിലൊന്നായതു
രാജഭോഗമതായ് ഭൂപനെടുത്തിടാം.
കോലാടു, ചെമ്മരിയാടുകൾ, ഗോകുലം,
പാരാതെരുമകളെന്നിവ നല്കീട്ടും

(1) ക്ഷാരം=കണ്ണാടിജാതികൾ.

പാലിൽ പതിനാറിലൊന്നുഭാഗം ധരാ-
പാലൻെറ ഭാഗത്തിനായിട്ടെടുത്തിടാം.
ശില്പികളാദികളോട്ടു വാങ്ങീടണം
പക്ഷത്തിലങ്ങൊരു നാളിലേവേലകൾ.
വൎദ്ധനയ്ക്കായിജ്ജനങ്ങൾ കൃഷിസ്ഥലം
പുത്തനായ്തീൎക്കയോ വെട്ടിനന്നാക്കയോ
കൃത്രിമയാറു, കുളം, തോടതെന്നിവ
ബദ്ധമോദം പണിയിക്കയോ ചെയ്യുകിൽ
മൊത്തത്തിലങ്ങവർ ചെയ്യുംവ്യയത്തിനു
സിദ്ധിച്ചിടുംവരേ രണ്ടിരട്ടി ഫലം
ഭുക്ഷിത്തിനുള്ളോരവകാശമൊന്നുമേ
ഭോഷ്ക്കല്ലെ ചോദിച്ചുകൂടാ മഹീശ്വരൻ.
രാജഭോഗം, ഭൃതി, വൃദ്ധി, ശുല്ക്കം, തഥാ
വ്യാജമെന്ന്യേ കരമുൽക്കോചമെന്നിവ
കാലങ്ങൾതെററാതെ വാങ്ങീടണംനൃപൻ
കാലവിളംബനം നൂനമകററണം.
കർഷകന്മാൎക്കു കരങ്ങൾപതിവിനു
നൽകണം പട്ടയം രാജമുദ്രാങ്കിതം.
ആദ്യമായങ്ങൊരു ഗ്രാമത്തിനുള്ളതാം
മൊത്തമാകുംകരം ക്ഌപ്തപ്പെടുത്തണം.
വിത്തവാനാകുമൊരുവൻ മുഖാന്തരം
അത്തുക പിന്നേ പ്പിരിച്ചുകൊണ്ടീടണം.
സംഖ്യമുഴുവനും മുമ്പേറുവാങ്ങയൊ
ജാമ്യംമുറയ്ക്കു ഗ്രഹിച്ചതിൻശേഷമായ്
മാസങ്ങൾതോറുമൊ കാലങ്ങൾതോറുമൊ
വീതക്രമത്തിനു വാങ്ങയൊ ചെയ്യണം.
അല്ലെങ്കിലങ്ങധികാരിജനങ്ങളെ
ചൊല്ലെഴും ഗ്രാമപന്മാരായിവച്ചഥ

തന്നംശമായതിൻ ഷഷ്ടാംശമേകണം
മന്നവൻഷോഡശദ്വാദശാഷ്ടാംശമോ.
സ്വന്തകുടുംബാൎത്ഥമാരും ഗവാദിയേ
ഹന്ത കറന്നാലതിൽ പങ്കു വാങ്ങൊലാ.
സ്വന്തഭോഗാൎത്ഥമായ് ക്രേതാവു വാങ്ങിടും
ധാന്യവസ്ത്രങ്ങളിൽ പങ്കു വാങ്ങീടൊലാ
വട്ടിപ്പലിശകൾ വാങ്ങുന്നവരോടു
മുപ്പത്തിരണ്ടിലൊരംശം ഗ്രഹിക്കണം.
കൃഷ്ടഭൂമിക്കു കരങ്ങൾ വാങ്ങുന്നപോൽ
കെട്ടിടമാദിസ്ഥലത്തിനും വാങ്ങണം.
കച്ചോടമായത്തു ചെയ്യുന്നവരൊടു
കച്ചോടദ്രനികുതിയത്തും വാങ്ങണം.
മാൎഗ്ഗങ്ങൾ സംരക്ഷണത്തിനായ് ഭൂമിപൻ
മാൎഗ്ഗഗന്മാരൊടും ചുങ്കം പിരിക്കണം.
എല്ലായിടങ്ങളിൽ നിന്നും മഹീവരൻ
കൊള്ളണമാദായവീതങ്ങൾ സൎവ്വഥാ.
എന്നാൽ സമസ്തവും കാത്തുരക്ഷിക്കണം
മന്നവൻനിൎണ്ണയം ദാസനെന്നോണമായ്.
കോശപ്രകരണമേവം സമാസമായ്
ക്ലേശരഹിതം കഥിച്ചീടിനേനഹം.

4-ാം അദ്ധ്യായത്തിൽ

2-ാം പ്രകരണം ആയ കോശപ്രകരണം സമാപ്തം.

# നാലാംഅദ്ധ്യായം മൂന്നാം പ്രകരണം

## സംഗതിവിവരം.

(വരിക്രമത്തിനു്)

---

൧—൬൨. രാഷ്ട്രം എന്ന പദത്തിൽ സകല സ്ഥാവരജംഗമങ്ങളും ഉൾപ്പെട്ടും. ഒരു രാഷ്ട്രം ആൎക്ക അധീനമോ ആ രാഷ്ട്രം അവൻെറ രാഷ്ട്രമാകുന്നു. ലോകത്തു കുബേരത മററുഗുണങ്ങളെ അപേക്ഷിച്ചു ന്യൂനമടങ്ങു മെച്ചമാകുന്നു. എന്നാൽ അതിലും മെച്ചമാണു ഈശ്വരത്വം.

നീതിയും ധൎമ്മവും പാലിക്കുന്ന രാജാവു ദീൎഘയശസ്സിനെ ഭജിക്കും. രാജാവു ജാതിധൎമ്മം, കുലധൎമ്മം, ദേശധൎമ്മം, ഇതുകളെ പാലിക്കണം.

൬൮—൭൨. ബ്രാഹ്മണാദി നാലുജാതികളെ കൎമ്മഭേദങ്ങളെ അടിസ്ഥാനമാക്കി ബ്രഹ്മാവു സൃഷ്ടിച്ചു. ജാതിയെപ്പററിയുള്ള അഭിപ്രായഭേദങ്ങൾ.

൭൮—൨൬. ദ്വിജന്മാൎക്ക എല്ലാവൎക്കും പൊതുവെയുള്ള കൃത്യങ്ങളും ഓരോജാതിക്കും പ്രത്യേകമായുള്ള കൃത്യങ്ങളും.

൨൬—൨൯. വിദ്യയും കലകളും അഭ്യസിച്ചവൻതന്നേ ഗുരുവായിരിക്കണം.

൨൭—൬൭ൎ. മുപ്പത്തിരണ്ടുവിദ്യകളും അറുപത്തിനാലു കലകളും. ഇതുകളുടെ പൂൎണ്ണവിവരണങ്ങൾ.

---

## ൪-ാം അദ്ധ്യായം

### മൂന്നാം പ്രകരണം.

(കേക)

മിശ്രമാമദ്ധ്യായത്തിൽ മൂന്നാമതാകുന്നതാം
വിശ്രുതം രാഷ്ട്രമിനിച്ചൊല്ലിടാം സമാസമായ്.
രാഷ്ട്രമെന്നുള്ള ശബ്ദമായതിൻ വിവക്ഷയിൽ
പെട്ടിടും സർവമാകും സ്ഥാവരജംഗമങ്ങൾ.
യാതൊരു രാഷ്ട്രമതു യാതൊരാൾക്കധീനമോ
വാദമില്ലാരാഷ്ട്രമങ്ങവന്റെ രാഷ്ട്രംതന്നേ.
പാരിതിൽ സർവഗുണഗണത്തിങ്കലും വച്ചു
ന്നൂറിരട്ടിക്കു മെച്ചമായതു കുബേരത.
നേരാണങ്ങതിങ്കലും വച്ചഹോ മെച്ചമായി-
പ്പാരാതെ വിലസുന്നുണ്ടീശതയാകും ഗുണം.
ആയതങ്ങനല്പമാം തപസ്സിൻഫലം പാരിൽ
ആയവൻ ദേവനത്രേ മററാരും ദേവനാകാ.
ലോകരെല്ലാരുമവനാശ്രിതന്മാരാകുന്നു
ലോകരാചരിക്കുന്നിതവനേപ്പോലെ നിത്യം.
ആയവൻ ഭുജിക്കുന്നു രാഷ്ട്രത്തിൻഫലത്തിനെ
മായമെന്നിയേ രാഷ്ട്രം ചെയ്തിട്ടും പാപത്തെയും.
യാതൊരാളിന്റെ നാട്ടിൽ പ്രജകളെല്ലാവരും
ഭേദമെന്നിയേ സ്വസ്വധർമ്മത്തിൽവാണീടുമോ
നീതിയും ധർമ്മമതും പാലിക്കുമാനൃപാലൻ
ഭൂതലേ ഭുജിക്കുന്നു ചിരമാം യശസ്സിനേ.
മന്നിതിൽ സൽകീർത്തിയങ്ങെത്രനാളുണ്ടാകുമോ
വിണ്ണതിൽത്തന്നെ വാഴ്വതത്രയും നാളുമൊരാൾ.

നിൎണ്ണയമകീൎത്തിയാകുന്നതു നരകംതാൻ
എന്നല്ല വേറേയൊരു നരകമില്ല വിണ്ണിൽ.
നരദേഹത്തെ വിട്ടിട്ടന്യമാംദേഹമത്രേ
പരിചോടോൎത്തിടുമ്പോൾ നരകമാകുന്നതും.
ആധിവ്യാധികളാകും രൂപത്തിൽ മനുഷ്യനേ
ബാധിച്ചീടുന്നു പാൎത്താൽ മഹത്താം പാപഫലം.
നൃവരൻതന്നേ സ്വയം ധൎമ്മവാനായ്ഭവിച്ചു
പ്രജകൾതമ്മേ സ്വസ്വധൎമ്മത്തിൽസ്ഥാപിക്കണം.
സ്വയമേ ധൎമ്മിഷ്ഠനായ് നിയതം പ്രമാണമായ്
അമരും രാജാവിനേ പ്രജകൾസേവിക്കുന്നു.
ജാതിധൎമ്മങ്ങൾ, കുലധൎമ്മങ്ങൾ, ദേശധൎമ്മം,
ഖ്യാതരാം മുനിമാരാലീരിതം സനാതനം,
പ്രാചീനം, നവീനമെന്നിവകധൎമ്മമെല്ലാം
ബോധിച്ചു നൃപൻ രാജ്യഗുപ്തിക്കായ്പാലിക്കണം.
ധൎമ്മസംസ്ഥാപനത്താൽ യശസ്സുമൈശ്വൎയ്യവും
നിൎമ്മായം കൈവരുത്തികൊള്ളുന്നു നൃപാലകൻ.
കൎമ്മഭേദങ്ങളാലേ നാലുജാതികൾ മുന്നം
ബ്രഹ്മാവുചമച്ചിതുനിൎണ്ണയം ലോകംതന്നിൽ.
പിന്നെയും പാരിടത്തിൽ സങ്കരമസങ്കരം
എന്നുമല്ലൻലോമം പിന്നെയുംപ്രതിലോമം,
എന്നോരോ മാൎഗ്ഗങ്ങളിലന്തമില്ലാതെ വന്നു
ചേൎന്നതാം ഭേദങ്ങളെച്ചൊല്ലുവാനശക്യം താൻ.
ജന്മനാതന്നേ ജാതിഭേദങ്ങൾ മനുഷ്യനു
സംഭവിച്ചിടുന്നതായ് ചിന്തിച്ചീടുന്ന ജനം
ഉണ്മയോടറിയുന്നുണ്ടെത്തുകൾ നാമങ്ങളും
കൎമ്മാദിഭേദങ്ങളുമെല്ലാവും പൃഥക്കായി.
ചൊന്നിടിൽ ചുരുക്കത്തിൽ ജാതികൾ ജരായുജം

അണ്ഡജം സ്വേദജവും ഉദ്ഭിജ്ജമിവ (1) തന്നേ.
ജന്മത്താലുൽകൃഷ്ടനായ് ഭവിക്കുംനരൻ നീച-
സംഗത്താൽ നീചനായിത്തീരുന്നു പാരിടത്തിൽ.
ജന്മത്താൽ നികൃഷ്ടനായ് ഭവിക്കുന്നവൻ പിന്നെ
സംഗത്താലുൽകൃഷ്ടനായ് തീരുകയില്ലതാനും.
എന്നാലും പഴക്കത്തിലുത്തമ നീചത്വങ്ങൾ
വന്നിടും കർമ്മത്താലും ഗുണങ്ങളാലും ദൃഢം.
വിദ്യകൾ കലകളെന്നിതുകൾ നോക്കി നൂനം
കല്പിക്കുന്നുണ്ടു ജാതിനാമങ്ങൾ പാരിടത്തിൽ.
യജ്ഞവുമധ്യയനം ദാനവുമിവ മൂന്നും
മൊത്തത്തിൽ ദ്വിജന്മാക്കൾക്കുള്ള കർമ്മങ്ങളത്രേ.
വിപ്രന്മാർക്കിതിങ്കലും കൂടുതലായുള്ളതു
നല്ലെഴും പ്രതിഗ്രഹം യാജനമധ്യാപനം.
ക്ഷത്രിയന്മാർക്കു കർമ്മം വൈശിഷ്ട്യാൽ കല്പിപ്പതു
ദുഷ്ടനിഗ്രഹം, ശിഷ്ടരക്ഷണമംശാദാനം.
വൈശ്യന്മാർക്കുള്ളതാകും പ്രത്യേക തൊഴിലുകൾ
നിശ്ചയം ഗോരക്ഷണം കൃഷിയും വാണിജ്യവും.
തദ്വിധം ദാനം തഥാ സേവനമെന്നുള്ളവ
ശൂദ്രന്മാർക്കുള്ള നീചകൃത്യങ്ങളായിച്ചൊൽവു.
കൃത്യഭേദങ്ങൾക്കനുരൂപമാംവണ്ണമുള്ള
വൃത്തിഭേദവും ഭൂതിഭേദവുമാകാമാർക്കും.
ബ്രാഹ്മണരാദികൾക്കു കൃഷിയേ വിധിക്കുന്നു
വെണ്മയിൽ മനപാദികൾ സീരഭേദങ്ങളാലേ.
ബ്രാഹ്മണൻ പതിനാറു ഗോക്കളെ കലപ്പയിൽ
പൂട്ടണം നാലുകുറച്ചീടണം ക്രമാലന്യർ.
അന്ത്യജൻ രണ്ടുഗോക്കൾ മാത്രമേ പൂട്ടീടാവൂ;
സന്തതം ഭൂമിയുടെ മാർദ്ദവം പാർത്തു നൂനം.

---

(1). സസ്യവർഗ്ഗം

ബ്രാഹ്മണന്നല്ലാതുള്ള ജാതിക്കാക്കെല്ലാവക്കും
നിൎമ്മായം വിഗൎഹിതമാണത്രേ ഭിക്ഷാവൃത്തി.
സ്വച്ഛമാം തപസ്സോടും വിവിധ വ്രതത്തൊടും,
വിശ്രുത വിധിക്രിയാമാൎഗ്ഗങ്ങളോടുംകൂടി
ശശ്വദഭ്യസിക്കണം നിൎണ്ണയം ദ്വിജന്മാക്കൾ
കൃത്സ്നമാം വേദങ്ങളും ഗ്രന്ഥാൎത്ഥസമന്വിതം.
വിദ്യയും കലകളുമഭ്യസിച്ചവൻ തന്നേ
പൃഥ്വിയിൽ ഗുരുവായിത്തീരണമെല്ലാവക്കും.
വിദ്യയില്ലാത്ത മൎത്ത്യൻ ജാതിയാലൊരിക്കലും
യോഗ്യനായ് ഭവിക്കില്ല ഗുരുവായ് തീൎന്നിടുവാൻ.
വിദ്യകളനന്തങ്ങൾ, തദ്വിധം കലകളും
ദുസ്സാധമാകുംവിധം വൎണ്ണിപ്പാനസംഖ്യങ്ങൾ.
മുപ്പത്തിരണ്ടാണത്രേ വിദ്യകൾ മുഖ്യമായി,
മുപ്പത്തിരണ്ടുരണ്ടു നിൎണ്ണയം കലകളും.
വാചികമായിടുന്ന കൎമ്മമാണത്രേ വിദ്യാ,
മൂകനുപോലും ചെയ്യാവുന്നതു കലയതും.
മൊത്തത്തിൽ കലാവിദ്യാലക്ഷണമോതിടിനേൻ,
പ്രത്യേകമോതാമിനി നാമവും ചിഹ്നങ്ങളും.
ഋഗ്, യജുസ്, സാമം, പുനരഥൎവ്വമിവ നാലും
വിഖ്യാതമത്രേ പാരിൽ ചതുൎവ്വേദങ്ങളായി.
ചൊല്ലേണ്ടോരായുൎദ്ധനുൎഗ്ഗാന്ധൎവ്വതന്ത്രങ്ങളേ
കീൎത്തിച്ചീടുന്നു ജനമുപവേദങ്ങളെന്നായ്.
ശിക്ഷയും, വ്യാകരണം, കല്പവും, നിരുക്തവും,
ഉക്തമാം ജ്യോതിസ്സതും, ഛന്ദസ്സും വേദാംഗമായ്.
മീമാംസാ, തൎക്കം, സാംഖ്യം, വേദാന്തം, യോഗമതും,
ശ്രീമയമാകുമിതിഹാസങ്ങൾ, പുരാണങ്ങൾ,
പേരെഴും സ്മൃതികളും, നാസ്തിക്യമതമതും,
സാരമാമൎത്ഥശാസ്ത്രവും, പിന്നെയും കാമശാസ്ത്രവും,

ശില്പശാസ്ത്രവു,മലങ്കാരശാസ്ത്രവും, പിന്നേ
ശില്പമാം കാവ്യങ്ങളും, ദൈശികഭാഷയതും,
തദ്വിധമവസരോക്തികളും, യവനന്മാർ-
സിദ്ധാന്തമതും, തഥാ ദേശാദിധർമ്മങ്ങളും
ഉൾപ്പെടെയെല്ലാംകൂടി വിദ്യകൾ പാരിടത്തിൽ
മുപ്പത്തിരണ്ടായിട്ടു നിർണ്ണയം പ്രകീർത്തിതം.
ഋഗ്വേദാദിയിലോതും മന്ത്രങ്ങൾ, ബ്രാഹ്മണങ്ങൾ,
ഒക്കെയും വേദമെന്ന പേരിനാലുക്തമാകും.
നിശ്ചയമതിലുള്ള ജപങ്ങൾ, ഹോമങ്ങളും,
അർച്ചനകളുമെല്ലാം ദേവതാതുഷ്ടി നൽകും.
ഉച്ചരിപ്പതിനാലേ മന്ത്രമെന്നുരചെയ്വു,
തദ്വിനിയോഗം ബത ചെയ്വതു ബ്രാഹ്മണവും.
മന്ത്രങ്ങൾ പാദമായോ പുനരങ്ങർദ്ധമായോ,
വിന്യസിക്കുന്നതാകുമൃഗ്രൂപം തന്നിലായും,
പിന്നെയും ഹൌത്രമായും സ്തുതികളായും കണ്ടാൽ
നിർണ്ണയമുരചെയ്യാമൃഗ്വേദഭാഗമായി.
വൃത്തഗീതികളെന്യേ വായിക്കും മന്ത്രങ്ങളും,
അദ്ധ്വര്യു വഴിയായിട്ടോതുന്ന കർമ്മങ്ങളും,
മൂന്നരു ജപിക്കുന്നോ മന്ത്രബ്രാഹ്മണങ്ങളും,
ചേന്നെഴുന്നോരു വേദം യജുസ്സെന്നായിച്ചൊൽവു.
ശസ്ത്രാദിയാലെയുള്ള യജ്ഞങ്ങൾ യാതൊന്നിങ്കൽ
ഉദ്ഗീഥമായിട്ടുന്നുണ്ടായതു സാമവേദം.
ഉപാസ്യോപാസനങ്ങൾ കഥനം ചെയ്യുന്നതാം
അഥർവ്വമാംഗീരസമെന്നായി പ്രകീർത്തിതം.
ഖ്യാതമായുള്ള നാലുവേദവുമേവംവിധം
ഓതിനേനഹം നൂനം സമഷ്ടിയായിത്തന്നേ.
ആകൃതിയതു പാർത്തുമൌഷധം പ്രയോഗിച്ചും
ആയുസ്സുരക്ഷിക്കയും ആയുസ്സങ്ങറികയും

ചെയ്യുന്ന വിദ്യയാകും പ്രഥിതമായുർവേദം
പൊയ്യല്ല ഋഗ്വേദത്തിന്നുള്ളതാമുപവേദം.
യുദ്ധശസ്ത്രാസ്ത്രങ്ങളിൽ, വ്യൂഹാദിരചനയിൽ,
ഇത്ഥമങ്ങോരോന്നിലും കൌശല്യം നൽകുന്നതാം
വിദ്യയാണത്രേ ദൃഢം, മഹിതധനുർവേദം,
നിശ്ചയമതു യജുർവേദത്തിന്നുപവേദം.
തന്ത്രികൾവഴിയായും കണ്ഠത്തിൽനിന്നുമുണ്ടാം
ചന്തമാമുദാത്താദിസ്വരഭേദങ്ങളൊടും
സന്തതം താളത്തൊടും പാടുന്ന ഗാനത്തിന്റെ
സാന്ദ്രമാം ജ്ഞാനത്തിനെച്ചൊല്ലുന്നു ഗാന്ധർവമായ്.
നാനാദേവതമാരെ സ്സേവിക്കും മന്ത്രങ്ങളും
നാനാമാതിരി മറുമന്ത്രവും പ്രയോഗങ്ങൾ
ആറുമങ്ങവയുടെ ധർമ്മാദിഭേദങ്ങളും
ഓതിടും 'തന്ത്ര'മഥർവ്വത്തിന്റെയുപവേദം.
സ്വരവും കാലം തഥാ സ്ഥാനവും പ്രയത്നവും,
ശരിയാം പ്രദാനവും സവനാദിയുമെല്ലാം
പരിചൊടൊപ്പിച്ചുള്ള വർണ്ണഭേദങ്ങൾ ചെമ്മേ
പഠനംചെയ്യുംശാസ്ത്രം ശിക്ഷയെന്നുദിരിതം.
യജ്ഞങ്ങൾനടത്തുവാൻ നിശ്ചിതമവശ്യമാം
ചട്ടവട്ടങ്ങൾനൽകും ബ്രാഹ്മണത്തിന്റെഭാഗം
ഉക്തമായിട്ടും ശ്രൌതകല്പമെന്നായിപ്പാരിൽ
വിജ്ഞേയമതിന്നന്യം സ്മാർത്തകല്പമെന്നായും.
പ്രത്യയാദിയും, ധാതു, സന്ധിയും, സമാസവും,
തദ്ധിതം ത്രിലിംഗവുമൊപ്പിച്ചു ശബ്ദങ്ങളെ
സ്പഷ്ടമായ് വ്യാകരിക്കും ശാസ്ത്രത്തിന്നോതിടുന്നു
നിശ്ചയം "വ്യാകരണ"മെന്നതാമഭിധാനം.
ശബ്ദങ്ങൾ, വാക്യങ്ങളെന്നിതുകൾക്കഭേദ്യമാം
അർത്ഥങ്ങൾനൽകും ശാസ്ത്രം 'നിരുക്ത'
[മെന്നായ ചൊൽവൂ.

ശ്രോത്രമെന്നുള്ളതാകുമപരനാമത്താലും
വിജ്ഞാതമായിട്ടുന്നു വിദ്യയിതങ്ങു പാരിൽ.
നക്ഷത്രം, ഗ്രഹങ്ങളെന്നിത്തുകൾ ഗതികളും,
നിശ്ചയം സംഹിതകൾ, ഹോരകൾ,ഗണിതങ്ങൾ,
ഇത്യാദികളും പാൎത്തു കാലനിർണ്ണയംചെയ്യും
ശാസ്ത്രത്തിന്നോതിട്ടുന്നു ജ്യോതിഷമെന്ന നാമം.
മഗണയഗണങ്ങളാദിയാൽ പദ്യങ്ങളെ
നിയതം പ്രമാണത്തിൻപടിയായ്കല്പിച്ചിട്ടും
സ്ഫുടമാംശാസ്ത്രത്തിന്നേ "ച്ഛന്ദ"സ്സെന്നോതിട്ടുന്നു.
ദൃഢമങ്ങതു വേദപാദമെന്നപോൽ നില്പു.
വിധിഭേദങ്ങൾനോക്കി വേദവാക്യങ്ങൾക്കെല്ലാം
ഉചിതമാമൎത്ഥത്തിന്നേ കല്പിക്കുംശാസ്ത്രത്തിനു
പ്രഥിതമത്രേദൃഢം "മീമാംസ"യെന്നുനാമം
വിദിതമതു "ന്യായം" എന്നുള്ളപേരിനാലും.
പ്രത്യക്ഷമാദിയായ ശാസ്ത്രീയപ്രമാണങ്ങൾ
മാൎഗ്ഗമായ്പദാൎത്ഥത്തിൻഭാവാഭാവങ്ങളെല്ലാം
വ്യക്തമായ്സകാരണമോതുന്ന കണാദാദി-
സിദ്ധാന്തത്തിന്നുചൊൽവു "തൎക്ക"മെന്നുള്ളനാമം.
പുരുഷനതും പിന്നേ പ്രകൃതികളങ്ങെട്ടും
മുറപോൽ വികാരങ്ങളീരെട്ടുമതുപോലെ
പരിചൊടെണ്ണിച്ചൊല്ലും പ്രഥിതശാസ്ത്രത്തിനു
പറയുന്നുണ്ടുപേരങ്ങുലകിൽ "സാംഖ്യ"മെന്നായ്,
ബ്രഹ്മമൊന്നതേയുള്ളു രണ്ടാമതൊന്നുമില്ലാ
പിന്നെയും നാനാത്വങ്ങളൊന്നുമേതന്നെയില്ലാ
കാണ്മതൊക്കെയും മായാകൃതമാണജ്ഞാനത്താൽ
എന്നുചൊല്ലുന്നതത്രേ വേദാന്തിമാർതൻമതം.
പ്രാണസംയമനാദിക്രിയകളാലും പിന്നേ
ധ്യാനവും സമാധിയുംമൂലവും സർവമാകും

VILASOM GRANDHASALA ... DRUM ... YINKIL

മാനസവൃത്തികളുമടക്കം ശാസ്ത്രത്തിനു
ന്നൂനമങ്ങുരചെയ്‌വൂ“യോഗ”മെന്നുള്ള നാമം.
പ്രാഗ്‌വൃത്തവിവരണ മേകമാംരാജാവിന്റെ
കൃത്യവർണ്ണനയെന്ന ഭാവനയാലുംമററും
വിസ്തരിച്ചോതുന്നതിന്നിതിഹാസമാം നാമം
ഉക്തമായിട്ടമത്തു നിശ്ചയം പുരാവൃത്തം.
സർഗ്ഗവും പ്രതിസർഗ്ഗം വംശവും മന്വന്തരം
വിഖ്യാതികലന്നേഴം വംശാനുചരിതവും
ഉൾക്കൊണ്ട പഞ്ചഗുണാൽ വിലസുംകാവ്യത്തിനു
ചൊല്ലുകൊണ്ട 'പുരാണ'മെന്നുക്തമാകുന്നനാമം.
വർണ്ണാദിധർമ്മങ്ങളെ വേദാവിരുദ്ധമായി
നിർണ്ണയം നിരൂപിച്ചും പിന്നെയുമർത്ഥശാസ്ത്രം
വർണ്ണനംചെയ്തും വിലസീടുന്ന വിദ്യയത്രെ
മന്നിതിലുദിരിതമാകുന്നു സ്മൃതിയായി.
യുക്തിതാൻ ബലീയസ്സു, നിശ്ചയം വേദമില്ലാ,
കർത്താവുമില്ലാ പുനരീശ്വരൻ താനുമില്ലാ,
ഉത്ഭവിക്കുന്നു സർവം പ്രകൃത്യാതന്നെ സിദ്ധം,
ഇത്ഥമോതുന്ന ശാസ്ത്രം 'നാസ്തിക'മെന്നു ചൊൽവൂ.
വേദശാസ്ത്രാനുരൂപമായുള്ള വിധങ്ങളിൽ
രാജവൃത്താദികൾതൻ ശാസനമത്തും തഥാ
ഭൂതലേ സുയുക്തിയോടർത്ഥസമ്പാദനവും
ഓതീടും ശാസ്ത്രത്തിനു് പേരതാണർത്ഥശാസ്ത്രം.
ചൊല്ലുകൊണ്ടശശാദിയുമനുകൂലാദിയുമാം
മുഖ്യഭേദങ്ങൾകൊണ്ട പുരുഷഭേദങ്ങളും
'പത്മിനി' 'സ്വീയാ' മുതലായവകൊണ്ട യോഷാ-
ലക്ഷണങ്ങളുമോതും ശാസ്ത്രംതാൻ 'കാമശാസ്ത്രം.'
പ്രാസാദം പ്രതിമകളാരാമം വാപികളും
വാസാദിഗൃഹങ്ങളും പണിയും ക്രമങ്ങളെ

ചാതുരിയുതം പ്രതിപാദിക്കും ശാസ്ത്രത്തിനേ-
യോതിടുന്നുണ്ടു ശില്പശാസ്ത്രമായ് ഋഷിശ്രേഷ്ഠർ.
തരത്തിൽ സാരൂപ്യാദിഭേദങ്ങൾകൊണ്ടു ചെമ്മേ
സമത്വം ന്യൂനാധിക്യമെന്നുള്ള ഭാവങ്ങളാൽ
ശരിക്ക താരതമ്യപ്പെടുത്തി വൎണ്ണിപ്പതാം
പ്രസിദ്ധവിദ്യയ്ക്കുള്ള പേരതാ'ണലങ്കാരം'.
സരസാലങ്കാരമായദൃഷ്ടശബ്ദാൎത്ഥമായ്
സതതം ചമൽക്കാരഭരിതമായിത്തഥാ
നിയതം പദ്യാദികൾ വഴിയായെഴുതുന്ന
മഹിതമാകും കൃതിയതിനു പേരു "കാവ്യം".
ജനങ്ങൾ ചൊല്ലിടുന്ന ഭാഷയാൽ നോക്കിടുമ്പോൾ
അനിശം സുഗ്രഹവും കോശശാസ്ത്രങ്ങളെന്യേ
മനസ്സിലാക്കിടുവാൻ സുഖവുമായുള്ളതാം
വചനത്തിന്നുനാമം 'ദൈശിക'മെന്നുചൊൽവു.
സന്ദർഭോചിതമായിക്കഥിക്കും വാക്യത്തിനു
ചൊന്നിടുന്നുണ്ടുപേര"അവസരോക്തി"യായി.
അദൃശ്യനീശ്വരൻ താൻ ജഗത്തിൻമൂലമെന്നും
ഭവിപ്പൂ ധർമ്മാധർമ്മം ശ്രുത്യാദിക്കന്യമെന്നും
ശ്രുതിസ്മൃത്യാദിധർമ്മമന്യമാം ധർമ്മമെന്നും
കഥിക്കും മതത്തിനേ "യാവന"മെന്നു ചൊൽവു.
ശ്രുതികല്പിതമായോ മററു മാൎഗ്ഗത്തിലായൊ
സതതം ദേശംതോറുമല്ലെങ്കിൽ കുലംതോറും
വിവിധരൂപങ്ങളിലാചരിക്കുന്ന ധൎമ്മം
ഉദിതമായിടുന്നു "ദേശാദിധർമ്മ"മായി.
വിവിധവിദ്യകൾക്കുമുള്ളതാം ലക്ഷണങ്ങൾ
ഉദിതമായീ ദൃഢം ചൊല്ലിടാം കലകളെ.
കലകൾക്കോരോന്നിനും വിദിതനാമങ്ങളും
പ്രഥിതചിഹ്നങ്ങളും വെവ്വേറെയുണ്ടു നൂനം.

ക്രിയകൾഭേദംപോലെ പാരിതിൽ കലകൾക്കു
നിയതമുണ്ടാകുന്നു ഭേദങ്ങളോരോവിധം.
യാതൊരുപ്രവൃത്തിയേയാശ്രയിക്കുന്നു കല
വാദമില്ലതിൻനാമം കലയ്ക്കുംലഭിക്കുന്നു.
ഹാവഭാവാദിയുതം നൎത്തനം കലതന്നെ,
ആവിധം വാദ്യത്തിങ്കൽ വാദനമതും കലാ.
സ്ത്രീപുമാന്മാർതങ്ങടെ വസ്ത്രാലംകൃതിവിദ്യ-
യായതും കലതന്നെയായിട്ടു ചൊല്ലിടുന്നു.
പലർതൻ വേഷങ്ങളും പലർതൻഭാവങ്ങളും
പരിചോടഭിനയിക്കുന്നതും കലതന്നെ.
ശയ്യോപകരണങ്ങളൊരുക്കുന്നതും കലാ,
പൊയ്യല്ല പുഷ്പമാല്യഗ്രഥനമതും കലാ;
ദ്യൂതുകളാദികൾതൻ ക്രീഡനങ്ങളും കലാ
ചതുരമാകും രതിജ്ഞാനവും കല തന്നെ.
മേൽചൊന്നകലകളങ്ങേഴതും വാദമെന്യേ
പ്രോക്തമാകുന്നു നൂനം ഗാന്ധർവകലകളായ്.
മകരന്ദാസവാദിയായതും മദ്യാദിയും
മികവേ ചമപ്പതും കലയാണത്രേ ദൃഢം.
ശല്യങ്ങളാദികളേ ദേഹത്തിൽ നിന്നെടുത്തു
മെല്ലവേ സിരാവ്യഥതീപ്പതും കലതന്നെ.
രസങ്ങൾ കൂട്ടിച്ചേൎത്തു പചനംചെയ്യുന്നതും
രസമായുള്ളതായ കലയാകുന്നു ദൃഢം.
വൃക്ഷങ്ങൾ നടുന്നതുമാരോപിപ്പതും തഥാ
ചില്ലാടുപാലിപ്പതും നിശ്ചയം കലതന്നെ.
പാഷാണധാതപാദികളുരുക്കിബ്ഭസ്മമാക്കി-
പ്പാരാതെചമപ്പതും നേരാണു കലയത്രേ.
കരിമ്പിൽനിന്നുമോരോസാധനം ചമപ്പതും
തരിമ്പുഭേദമെന്യേ ചൊല്ലുന്നു കലയായി.
ധാതൌഷധങ്ങളുടെ മിശ്രണജ്ഞാനമതും

ഭേദ്യമെന്നിയെ നല്ല കലയായ് ചൊല്ലിടുന്നു.
ധാതുവർഗ്ഗങ്ങളുടെ സാങ്കര്യപാർത്ഥക്യങ്ങൾ
ചാതുര്യമേറുന്നതാം കലയാണത്രേ ദൃഢം.
ധാതുക്കൾ കൂട്ടിച്ചേർത്തു നൂതനസാധനങ്ങൾ
ജാതമാക്കീടുന്നതും നിർണ്ണയം കലതന്നെ.
ക്ഷാരനിഷ്കാസനത്തിൻ ജ്ഞാനമായതു നൂനം
സാരമേറിടുന്നതാം നല്ലൊരു കലതന്നെ.
ഇച്ചൊന്ന പത്തുവിധമായിടും കലകളും
നിശ്ചയമായുർവേദാദ്യങ്ങളിൽ ചൊല്ലുന്നവ.
പദവിന്യാസയുതമായുധ സന്ധാനവും
അതുകൾവിക്ഷേപവും നിർണ്ണയം കലതന്നേ.
സന്ധ്യാഘാതാദി ക്രിയാഭേദങ്ങളാലെയുള്ള
ചന്തമാം മല്ലയുദ്ധമായതും കലതന്നെ.
ആയുധം ധരിക്കാതെ മല്ലന്മാർ മുഷ്ടിമൂലം
ചെയ്തിടും യുദ്ധത്തിനു പേരതു ബാഹുയുദ്ധം.
ആയതിൽ മരിക്കുന്ന മല്ലനു സ്വർഗ്ഗമതോ
ഭൂമിയിൽപോലും യശസ്സായതോ സിദ്ധമാകാ.
രിപുവിൻ ബലദർപ്പനാശത്തിനെത്തുന്നതാം
നിയുദ്ധം പാരിടത്തിൽ യശസ്സിന്നായി മാത്രം.
ബാഹുയുദ്ധമതാകിലും പ്രാണാന്തമായി നൂനം
ഭവിച്ചുകൂടാ തഥാ ഭവിപ്പിപ്പാനും മേലാ.

* * * *

നിശ്ചിതലക്ഷ്യംതന്നിലസ്ത്രമോ യന്ത്രാദിയോ
നിശ്ചയം നിപതിപ്പിക്കുന്നതും കലതന്നെ.
വാദ്യഘോഷത്തിനൊത്തു വ്യൂഹാദി ചമപ്പതും
പ്രത്യേകമാകുമൊരു കലയാകുന്നു ദൃഢം.
ആനതേർകുതിരകൾഗതികൾക്കനുരൂപം
ആയോധനങ്ങൾ ചേർത്തിടുന്നതും കലതന്നേ.

ഇച്ചൊന്നൊരഞ്ചുവിധമായീട്ടും കലകളും
നിശ്ചയം ധനുർവേദമായതിൽ ചൊൽവതത്രേ.
നാനാമാതിരിയുള്ളോരാസന മുദ്രകളാൽ
നാനാദേവതാതുഷ്ടിചെയ്യുതും കലതന്നേ.
തേരുകൾ തെളിപ്പതും വാരണതുരഗങ്ങ-
ളാദികൾഗതികളെപ്പഠിപ്പിപ്പതും കലാ.
കല്ലിലും മരത്തിലും മണ്ണിലും ധാതുവിലും
ഉള്ളതാം പാത്രം മിനുക്കുന്നതു നാലും കലാ.
ചിത്രാദിലേഖനങ്ങൾ ചമയ്ക്കുന്നതും കലാ
തദ്വിധം പ്രാസാദങ്ങൾ, വാപികൾ, തടാകങ്ങൾ,
മെച്ചമാം സമഭ്രമി എന്നിവ ചമപ്പതും
സ്വച്ഛമായുള്ളതാകും കലയാണങ്ങു നൂനം.
ഘടികാരാദികളും വാദ്യാദിയന്ത്രങ്ങളും
വടിവിൽ ചമപ്പതും കലയാണത്രേ ദൃഢം.
ഹീനമദ്ധ്യാദികളാം വർണ്ണയോഗങ്ങൾ മൂലം
ഊനമെന്നിയേ ചെയ്യും ഛായവേലയും കലാ.
ജലവാതാഗ്നികൾ തൻ പ്രവൃത്തിക്കെതിരാകും
സകലപണികളും നിർണ്ണയം കലതന്നേ.
തോണികൾ രഥാദികളിതുകൾ പണിഞ്ഞീടും
ജ്ഞാനവും നൂനം കലയായിട്ടു ചൊല്ലീടുന്നു.
നൂലുകൾ കയറുകളാദിയാം വേലകളും
ചെലെഴും കലയായിട്ടോതിടുന്നുണ്ടു തിട്ടം.
നൂലുകളനേകങ്ങൾചേർത്തു നെയ്യുന്നതാകും
കൌലികവൃത്തിയതും നിർണ്ണയം കലതന്നേ.
രത്നങ്ങൾക്കുള്ള കുത്തുമുതലായവ നോക്കി
സത്തസത്തെന്നുചൊല്ലും ജ്ഞാനവും കലതന്നെ.
സ്വർണ്ണാദി ധാതുക്കൾതൻ യാഥാത്മ്യമതുനോക്കി
നിർണ്ണയിച്ചീടുന്നതാം ജ്ഞാനവും കലയത്രേ.

കൃത്രിമസ്വൎണ്ണങ്ങളും രത്നങ്ങളാദികളും
ഉത്ഭവിപ്പിക്കുന്നതാം വിദ്യയും കലതന്നെ.
സ്വൎണ്ണാദിഭൂഷണങ്ങൾ പണിയുന്നതും കലാ
സ്വൎണ്ണാദിപൂശുന്നതും നിൎണ്ണയം കലയത്രേ.
തോലുകൾ പതംവരുത്തിടുക മുതലായ
ചേലെഴും പണികളുമോതിടും കലയായി.
കന്നുകാലികളുടെ ചൎമ്മങ്ങളുരിക്കുന്ന
കൎമ്മമായതും കലയായിട്ടുചൊല്ലിടുന്നു.
പാലതുകറപ്പതും കലക്കിവെണ്ണയാക്കി-
പ്പാരാതെ ചമപ്പതും ചേലെഴുംകലതന്നെ.
കഞ്ചുകാദികൾ തുന്നീടുന്നതും കലയത്രേ;
ചെഞ്ചെമ്മേ ബാഹ്വാദിയാൽ സലിലതരണവും.
അഞ്ചിതമായിടുന്നകലയായ് ചൊല്ലിടുന്നു;
മഞ്ജുളഗൃഹഭാണ്ഡം മിനുക്കുന്നതും കലാ.
വസ്ത്രങ്ങൾ വെളുപ്പിക്കലായതും കലതന്നേ
തദ്വിധം ക്ഷുരകന്റെ കൃത്യവും കലതന്നേ.
എള്ളിങ്കൽനിന്നും തഥാ മാംസാദിതന്നിൽനിന്നും
ചൊല്ലെഴുമെണ്ണകളങ്ങെടുക്കുന്നതും കലാ.
കലപ്പപൂട്ടുന്നതും മരത്തിൽകേറുന്നതും
കരുത്തായുള്ള രണ്ടുകലകൾതന്നേ ദൃഢം.
മനസ്സിന്നനുകൂലമായ സേവനമന്യ-
ജനത്തിന്നേകുന്നതാം കൃത്യവും കലതന്നെ.
മുളയും പുല്ലുംകൊണ്ടു കുട്ടയും വട്ടികളും
പണിയും വേലകളും സുദൃഢം കലതന്നെ.
സ്ഫടികപാത്രാദികൾ രചനചെയ്യുന്നതും
സ്ഫുടമായുള്ള നല്ലകലയാകുന്നു ദൃഢം.
ജലസേചനമതും ജലസംഹരണവും
ബലമായുള്ള നല്ലകലയായ്തന്നേ സ്മൃതം.

പണിയായുധങ്ങളും പടയായുധങ്ങളും,
പണിയും പ്രവൃത്തിയും കലയാകുന്നു നൂനം.
ആനകളശ്വം വൃഷമൊട്ടകമിതുകൾ തൻ-
ജീനികൾ മുതലായവേലകൾ കലതന്നെ.
ശിശുസംരക്ഷണവും ധാരണം ക്രീഡനവും
ചിത്രമായുള്ള നല്ലകലയാകുന്നു ദൃഢം.
കുററക്കാൎക്കകിട്ടുന്നോരടിശിക്ഷകളുന്നം-
തെററാതെ ശരിയായി നടത്തുന്നതും കലാ.
നാനാദേശീയമാകും ലിപിയിൽ ലേഖനങ്ങൾ
ഊനമെന്നിയേ ചമയ്ക്കുന്നതും കലതന്നെ.
താംബൂലം തിറുക്കുക, സൂക്ഷിക്ക മുതലായ
വെണ്മയാംവിദ്യയതും നിൎണ്ണയം കലതന്നെ.
ഗ്രഹിക്കാൻ ശീഘ്രത്വവും കൊടുപ്പാൻ വിളംബവും
മുറയ്ക്കീരണ്ടും കലയ്ക്കുഴന്ന ഗുണങ്ങൾതാൻ.
ഇത്ഥമോതിനേൻ ചതുഷ്ഷഷ്ടിയാം കലകളെ
ബദ്ധമോദേന നൂനമത്ര ഞാൻ ചുരുക്കത്തിൽ.
ഏതേതു കലകളങ്ങേവരാശ്രയിപ്പതോ
ഭേദമെന്നിയേയവരായതു ചെയ്തീടണം.

നാലാം അദ്ധ്യായം മൂന്നാംപ്രകരണം സമാപ്തം.

---

## ൪-ാം അദ്ധ്യായം, ൪-ാം പ്രകരണം.

## സംഗതിവിവരം.

---

(വരിക്രമത്തിനു്)

൧—൧൬. നാലു ആശ്രമങ്ങളും അവയുടെ വിവരണവും.

൧൭—൧൧൪. സ്ത്രീകളുടെ നിത്യകർമ്മങ്ങളും നൈമിത്തികകർമ്മങ്ങളും.

൧൧൫—൧൩൨. ശൂദ്രന്റെ കൃത്യങ്ങൾ. സജാതീയസ്ത്രീകളിലും അന്യസ്ത്രീകളിലും ബ്രാഹ്മണാദികൾക്കുണ്ടാകുന്ന സന്താനങ്ങളെപ്പററി.

൧൩൩—൧൪൦. യവനന്മാർ എന്നാൽ ആരാണെന്നു്.

൧൪൧—൧൪൮ ക്ഷേത്രമാഹാത്മ്യത്തെയും ബീജമാഹാത്മ്യത്തെയും പററി.

൧൪൯—൧൬൨. ജാതിധർമ്മങ്ങളെ രാജാവു പരിപാലിക്കണം. തൊഴിൽക്കാരരെ ആവശ്യമുള്ളിടത്തോളംമാത്രം സംരക്ഷിക്കണം.

൧൬൩—൧൬൬. ഗഞ്ജാഗൃഹം (കള്ളുകട) എവിടെ സ്ഥാപിക്കണമെന്നു്.

൧൬൭—൨൨൮. നാട്ടുവൃക്ഷങ്ങൾ നാടുകൾതോറും നടണം. കാട്ടുവൃക്ഷങ്ങൾ കാടുകൾതോറും നടുവിക്കണം. വൃക്ഷങ്ങളുടെ പേരുവിവരങ്ങൾ. വൃക്ഷങ്ങൾ ക്ലിപ്തസമയങ്ങളിൽ നനയ്ക്കണം. വൃക്ഷങ്ങൾക്കു ഇടേണ്ട വളങ്ങൾ, വൃക്ഷങ്ങൾ കായ്ക്കയും പൂക്കയും ചെയ്യുന്നതിനുള്ള ഔഷധങ്ങൾ, വൃക്ഷങ്ങൾ നടേണ്ട അകലങ്ങൾ.

വവൻ—വന്നന്ന. വാപികൾ, കൂപങ്ങൾ, കുളങ്ങൾ ഇതുകൾ സുഗമങ്ങളാക്കിവെയ്ക്കണം. ആറുകൾക്കു പാലങ്ങളും തോണികളും വേണം.

വന്നൃ—വർാ. ഓരോ ജാതിക്കാൎക്കുമുള്ള ആരാധനാമൂൎത്തിയുടേയും അവരുടെ ആചാൎയ്യന്മാരുടേയും ഗൃഹങ്ങൾ ഗ്രാമപംക്തിയിൽ അഗ്രഭാഗത്തായി സ്ഥാപിക്കണമെന്നു്.

വർഫ—വന്നവ്വ. ക്ഷേത്രങ്ങൾ സ്ഥാപിക്കണം എന്നും, എവിടെ സ്ഥാപിക്കണമെന്നും. ക്ഷേത്രങ്ങളുടെ ആകൃതി മുതലായതു്.

ക്ഷേത്രങ്ങൾ പതിനാറുവിധം. അവയുടെ പേരുവിവരങ്ങൾ.

വന്നൻ—ർൻർ. വിഗ്രഹങ്ങൾ രചിക്കുന്നതിനുള്ള നിയമങ്ങൾ.

ർൻമ—മവർ. ശ്രീകോവിലിന്റെ പൊക്കവും ക്ഷേത്രം പണിക്കുള്ള കണക്കുകളും.

മവമ—ൃൻവ്വ. ദേവന്മാരുടെ വാഹനങ്ങൾ എങ്ങിനെ ഇരിക്കണമെന്നും, മൂൎത്തികൾക്കു ഏതെല്ലാം ആയുധങ്ങൾ വേണമെന്നും.

പ്രതിമകളെ കുറിച്ചുള്ള മററുവിവരങ്ങൾ.

ബിംബങ്ങൾ തീൎക്കുന്ന സാധനങ്ങൾ ഏതെല്ലാമെന്നും അതിൽ ഏതിനെല്ലാം മാനദോഷങ്ങൾ ഇല്ലെന്നും മററും.

ൃൻൻ—വ്വഫർ. ക്ഷേത്രങ്ങളിൽ ഉത്സവാദികൾ കൃത്യമായി നടത്തണം.

## ൪-ാം അദ്ധ്യായം.

---

### നാലാംപ്രകരണം.

(കേക)

ബ്രഹ്മചൎയ്യവും തഥാ ഗാർഹസ്ഥ്യം, വാനപ്രസ്ഥം,
നിർമ്മായം, പുനരഥ സന്ന്യാസമെന്നിങ്ങനെ
ചൊന്നിട്ടും നാലാശ്രമം വിധിപ്പു യഥാക്രമം
മന്നിതിൽ ബ്രാഹ്മണന്നു സന്തതമവശ്യമായ്.
സന്ന്യാസമൊഴിച്ചുള്ളോരാശ്രമമതുമൂന്നും
നിൎണ്ണയം ക്ഷത്രവൈശ്യശൂദ്രൎക്കും വിധിക്കുന്നു.
ബ്രഹ്മചൎയ്യസ്ഥനാവു വിദ്യാസമ്പാദനാൎത്ഥം,
സമ്മോദാലെല്ലാരെയും പാലിപ്പാൻ ഗൃഹസ്ഥനും;
സംയമം ചെയ്തീടുവാൻ വാനപ്രസ്ഥനുമാവു,
വെണ്മയാം മോക്ഷത്തിനു നിൎണ്ണയം സന്ന്യാസിയും.
വൎണ്ണാശ്രമത്തിൽപ്പെട്ട ജാതികളാരുംതന്നെ
അന്യഥാ വൎത്തിക്കുകിൽ ദണ്ഡ്യരാണത്രേയവർ.
മന്നവനിക്കാൎയ്യത്തിൽ ഗണ്യത വയ്ക്കായ്കയോ
ദണ്ഡ്യനേ ദണ്ഡിക്കാതെ വിട്ടയയ്ക്കയോ ചെയ്താൽ
നിൎണ്ണയം കുലഹീനരായിടും കുലീനന്മാർ,
എന്നല്ല കുലീനന്മാരായിടും ഹീനന്മാരും.
ജപവും, തീൎത്ഥസേവാ, പരിവ്രജ്യയും തഥാ
തപവും, ദേവപൂജാ, മന്ത്രസാധനമതും
ചിതമല്ലശേഷവും ശൂദ്രയാം വധുവിനു
പതിയെക്കൂടാതഹോ നിൎണ്ണയമൊരിക്കലും.
ധൎമ്മാൎത്ഥകാമത്രയം സാധിക്കും വിഷയത്തിൽ

നിർണ്ണയം സ്ത്രീകൾക്കില്ല പൃഥക്കാം കൃത്യമൊന്നും.
ഉത്ഥാനംചെയ്തു ഭർത്താവെഴുന്നേററിടുംമുമ്പായ്
ശുദ്ധിചെയ്തവൾഗാത്രം ശയനം തിരുക്കണം.
പില്പാടു ഗൃഹം തൂത്തു തളിച്ചു വൃത്തിയാക്കി
തപ്പാതെ തീയുമായി യവസാങ്കണം പൂകി,
യജ്ഞപാത്രങ്ങൾ തേച്ചിട്ടുഷ്ണമാം വാരിയാലേ
പ്രോക്ഷണം ചെയ്തു യഥാസ്ഥാനത്തു വച്ചീടണം.
പാത്രത്തിലുള്ള വെള്ളം കളഞ്ഞു പിന്നേയതിൽ
പുത്തനായ് നിറയ്ക്കണം ശുദ്ധമാം ജലത്തിനെ.
ഇത്രയുംചെയ്തുപിന്നേ വെളിയിൽവച്ചുതന്നെ
വൃത്തിയായ് മഹാനസപാത്രങ്ങൾ തേച്ചശേഷം
മൂത്തുകൊണ്ടടുപ്പിനേ മെഴുകിശ്ശുദ്ധമാക്കി
തത്ര തീ കൂട്ടീടണമിന്ധനമിട്ടു ചെമ്മേ.
തട്ടിനതിന്നു പിന്നെ വേണ്ടുന്ന പാത്രങ്ങളും
ഭക്ഷണപദാർത്ഥങ്ങൾ ചമയ്ക്കേണ്ടതുമെല്ലാം
നിശ്ചയംചെയ്തു സർവ്വപൂർവ്വാഹ്നക്രിയകളും
തീർത്തതിൻശേഷം നമിച്ചീടണം ശ്വശുരരെ.
ഭർത്താവിൻ പിതാക്കളാലഥവാ ഭർത്താവിനാൽ,
സ്വഭ്രാതൃപിതൃമാതൃമാതുലബന്ധുക്കളാൽ,
ദത്തമാം വസ്ത്രഭൂഷാരത്നങ്ങളെല്ലാമവൾ
ഉൾത്തോഷമോടു നിത്യം മേനിമേലണിയണം.
വാങ്മനഃ കർമ്മങ്ങളിൽ ശുദ്ധയായ് സ്വച്ഛയായി,
വല്ലഭൻപ്രതിദ്ധ്വനിയായവൻനിഴലായി,
തെല്ലുമേ പിരിയാതെ മിത്രമായ് ഹിതകാര്യേ
നല്ലോണം വിലസണം ചേടിയായ്ദിഷ്ടകാര്യേ.
പശ്ചാദന്നാദി പചിച്ചറിയിച്ചാത്മേശനെ
വൈശ്വദേവന്മാർക്കതങ്ങർപ്പിച്ചു വഴിപോലെ
ഭക്ഷണം നല്കേണ്ടവർക്കൊക്കെയും കൊടുത്തിട്ടു

ഭർത്താവിന്നായ്ക്കൊടുത്തു ശേഷത്തേ ഭുജിക്കണം.
ഇത്രയും കഴിച്ചിട്ടു ബാക്കി ശേഷിക്കും പകൽ
സത്താകുമായയവ്യയചിന്തയാൽ നയിക്കണം.
പിന്നെയും സായന്തനവേളയിൽ ഗൃഹശുദ്ധി
പിന്നെയും ചെയ്തുവീണ്ടും ഭോജനം പചിച്ചഥ
തന്നുടെ ഭർത്താവിനും ഭൃത്യർക്കുമന്നമേകി-
പ്പിന്നീടു താനും ഭുജിച്ചീടണം മിതമായി;
കന്നൽനേർമിഴി പിന്നേ ഗൃഹകൃത്യങ്ങളെല്ലാം
ഒന്നൊന്നായൊതുക്കം ചെയ്തതിനു ശേഷമായി,
ചെന്നുടൻ ശയ്യതട്ടിബ്ഭംഗിയിൽ വിരിച്ചഥ
നന്നായിപ്പരിചരിച്ചീടണം ഭർത്താവിനേ.
ഭർത്താവു സുഷുപ്തിയേ പ്രാപിച്ചശേഷം പിന്നേ
തദ്ഗതചിത്തയായിട്ടപ്രമത്തയായ് നൂനം
മെത്തയിൽ ശയിച്ചുകൊണ്ടീടണമനഘയായ്
നിഷ്കാമയായിത്തഥാ വിജിതേന്ദ്രിയയായി.
ഉച്ചത്തിൽ സംസാരിച്ചീടരുതു പുരുഷനോ-
ടപ്രിയവാക്യമോതീടരുതു ബഹ്വാഹ്വാനം.
നിശ്ചയം കലശൽക്കൂട്ടീടരുതാരോടുമേ
ജല്പനം ചെയ്തീടരുതർത്ഥമില്ലാത്ത വാക്യം.
ഒട്ടുമേ യാതൊന്നിലും ദുർവ്യയം ചെയ്തീടരു-
തൊട്ടുമേ ധർമ്മാർത്ഥങ്ങൾക്കെതിരാം പ്രവൃത്തിയും.
ദർപ്പവും, പ്രമാദോന്മാദേർഷ്യാ കോപോക്തി, ദംഭം,
തദ്വിധമതിനിന്ദ, ഹിംസയും, പൈശുന്യവും,
നാസ്തിക്യം, വിഷയവും, മോഹാഹങ്കാരങ്ങളും,
സാധ്വിയാൾ വർജ്ജിക്കണം സ്തേയവും സാഹസവും.
ഇത്തരം ഭർത്താവിനേ പരദൈവതമായി
നിത്യവും പരിചരിച്ചീടുന്ന പതിവ്രതാ
ഉത്തമം യശസ്സിനേ പ്രാപിക്കുമിഹലോക-

ത്തെത്രയും ഭാഗ്യാവസ്ഥ പരലോകത്തും പൂകും.
യോഷമാരുടെ നിത്യകർമ്മമൊട്ടോതീടിനേൻ,
ഓതിടാം നൈമിത്തകമായിട്ടും കർമ്മമിനി.
യോഷയാൾ രജസ്സാന്റു കാണുകിലുടനടി
തോഷമോടുപേക്ഷിച്ചുകൊള്ളണം സമസ്തവും.
വേഗമോടവളാരും കാണാതെയന്തർഗൃഹം
പൂകണം പുനരങ്ങുവാഴണം സലജ്ജയായ്.
ഏകമാമംബരത്തോട്ധരിച്ചു ശാതോദരി
ദീനയായ്, കൃശാംഗിയായ്, സ്നാനാലങ്കാരമെല്ലാം
മോദേന വെടിഞ്ഞഥ നിയതം മൂന്നുദിനം
ഭൂമിയിലവധാനപൂർവമങ്ങുറങ്ങണം.
നാലാന്നാളുഷസ്സിങ്കലെഴുന്നേററിട്ടു ചെമ്മേ
ചേലകൾമുക്കിയവൾ വാരിയിൽ മുഴുകണം.
പൂതയായിട്ടും പിന്നേ ഭർത്താവെക്കാണും വിധൌ,
പൂതയായ് മുന്നേപ്പോലേകാര്യങ്ങൾ തുടരണം.
ദ്വിജനാരിമാർക്കുള്ള കർമ്മമാണിതു പാർത്താൽ
ഹിതമാണത്രേ പുനരപരനാരിമാർക്കും.
കൃഷിവാണിജ്യാദിയാം പുരുഷകർമ്മങ്ങളിൽ
മഹിളാ ഭവിക്കണം പുരുഷൻപ്രസാധികാ.
സംഗീതം മധുരസംഭാഷണമിതുകളിൽ
തുംഗമാംപ്രീതി പതിക്കുണ്ടെന്നു കണ്ടീടുകിൽ
സംഗീതാദികൾകൊണ്ടു രസിപ്പിക്കണം കാന്താ
വ്യംഗ്യമാം മായകൊണ്ടും കാമകേളികളാലും.
ഭർത്താവു മരിച്ചീടിൽ കൂടവേ ഗമിക്കയോ
നിത്യമാം വ്രതമനുഷ്ഠിക്കയോ ചെയ്തീടണം.
മററൊരുഗൃഹം പൂകീടരുതു ബ്രഹ്മചര്യം
തെററാതെ വരിക്കണം മണ്ഡനം ത്യജിക്കണം.
ഭർത്താവു ദൂരദിക്കിൽ പാർക്കുന്നകാലങ്ങളിൽ
ഉൾത്തോഷമോടു ദേവാരാധനാരതയായും

തദ്ധിതപരയായും മംഗളാത്ഥങ്ങളാന്നും
അല്പഭൂഷണയായും വാഴണം നാരീമണി.
ഭത്താവിനൊത്തുള്ളതാം നാഥനോ ന്യൂനമില്ല
പാത്തട്ടിൽ ഭത്തൃസുഖമതുപോൽ സുഖമതും.
അത്ഥവും സവ്സ്വവുമൊക്കെയുമിരിക്കിലും
പതിക്കു ഭത്താവുതാൻ സവ്മാം ശരണവും.
കണക്കു വച്ചല്ലാതേ കൊടുത്തിടില്ല താതൻ,
കണക്കു വച്ചല്ലാതേ ഭ്രാതാവും സുതൻതാനും.
കണക്കില്ലാതെ സവ്ം കൊടുക്കും ഭത്താവിനേ
ക്കനെക്കപ്പൂജിക്കാത്തതാരാണു നാരീമണി?
ചാതുവ്ണ്യത്തിൽപ്പെട്ട നരനാണങ്ങു ശൂദ്രൻ,
വാദമില്ലാവഴിക്കുണ്ടവനും വണ്ണധമ്മം.
വേദമന്ത്രങ്ങൾ, തഥാ സ്വധയും സ്വാഹയതും
ഭേദമെന്നിയേ വഷട്കാരാദിയായുള്ളതും
ജാതിയാലവനില്ല നിണ്ണയം പുരാണാദി-
യോതിടും നമോന്തമായീടുന്ന കമ്മമെന്യേ.
വിപ്രനു വിവാഹത്തിലൊരുനാരിയിലുണ്ടാം
പുത്രനാചരിക്കണം വിപ്രനെപ്പോലെതന്നേ.
ക്ഷത്രിയവൈശ്യന്മാക്കുമതുപോൽ ജനിച്ചവർ
ക്ഷത്രിയവൈശ്യന്മാർതൻ ധമ്മങ്ങൾ വരിക്കണം.
വൈശ്യയോനിയിൽ ബ്രഹ്മക്ഷത്രന്മാക്കുണ്ടായിട്ടും
പുത്രനെശ്ശൂദ്രനായി ഗണിച്ചീടണം ദൃഢം.
തദ്വിധം ശൂദ്രയോനിയായതിൽ ജനിച്ചവൻ
ശൂദ്രനായിട്ടും കരുതപ്പെടണം നിവ്വിവാദം.
നീചജാതിജനായ പുരുഷൻ മേൽജാതിയിൽ
ജാതനാകുന്ന സുതൻ നീചശൂദ്രനെന്നുക്തം.
ഈവിധമുള്ള നീചശൂദ്രന്മാർ നാമമന്ത്രം
ഓതണമങ്ങു ശൂദ്രൻ തന്നിലും താണമട്ടിൽ.
ചാതുവ്ണ്യവും ന്യൂനമേകമായ് സംക്രമിച്ചു
ലാലസിക്കുന്ന വഗ്ഗമാണത്രേ യവനന്മാർ.

വേദഭിന്നമാം ധർമ്മമിവരാചരിക്കുന്നു,
വാഴ്‌വതങ്ങിവർ പശ്ചിമോത്തരദേശങ്ങളിൽ.
ഇവർതന്നാചാര്യന്മാരിവർക്കു ഹിതാർത്ഥമായ്
പ്രവചിച്ചീടിനാരങ്ങിവർതൻ ശാസ്ത്രത്തിനെ.
നിയതം സകലമാം വ്യവഹാരത്തിങ്കലും
വിധികൾ സാരാംശത്തിൽ രണ്ടിലുമൊന്നുതന്നേ.
ചിലപ്പോൾ ബീജത്തിന്റെ മാഹാത്മ്യംകൊണ്ടും തഥാ
ചിലപ്പോൾ ക്ഷേത്രത്തിന്റെ മാഹാത്മ്യം മൂലമായും
ഭവിപ്പൂ പാരിടത്തിൽ നീചോത്തമത്വം ദൃഢം
ഭവിപ്പൂ ക്ഷേത്രബീജഗുണത്താൽ ശ്രേഷ്ഠത്വവും.
വിശ്വാമിത്രനും തഥാ വസിഷ്ഠൻ മാതംഗനും
വിശ്വവിശ്രുതനായ നാരദനാദികളും
നിസ്തുല തപംമൂലം പ്രാപിച്ചാരുത്തമത്വം
നിശ്ചയം ജാതിയുടെ മാഹാത്മ്യംമൂലമല്ലാ.
ഓരോരോ ജാതികളും താന്താങ്ങൾ ധർമ്മങ്ങളേ
ഓരോന്നിൻ പൂർവ്വികന്മാരനുഷ്ഠിച്ചതുപോലെ
ചാരാതെ സദാകാലമനുഷ്ഠിക്കുകവേണം
നേരാണന്യഥാ ചെയ്താൽ ഭൂപാലൻ ശിക്ഷിക്കണം.
ജാതിവർണ്ണാശ്രമങ്ങളോരോരോ ചിഹ്നങ്ങളാൽ
ജാതമോദേന നൃപനങ്കിതമാക്കിടേണം.
ധാതുകാരന്മാരുടെ യന്ത്രങ്ങൾ കൂടക്കൂടെ
ഭേദമെന്നിയേ നൃപൻ നോക്കി രക്ഷിക്കവേണം.
ചിത്രവേലക്കാർ ശില്പവേലക്കാരാദികള-
ങ്ങെത്രപേരാവശ്യമുണ്ടത്രയും രക്ഷിക്കണം.
മിച്ചമുള്ളോർകളെല്ലാം കൃഷിയിങ്കലും തഥാ
ഭൃത്യവേലയ്ക്കുമായി നിയുക്തരായിടേണം.
ചോരന്മാർ വർഗ്ഗത്തിന്നു ജനകരാകുന്നവർ
പാരിതിൽ പൊൻപണിക്കാരാദിയായവർ തന്നേ.
ഗ്രാമത്തിൻ പുറത്തായിവയ്ക്കണം ഗഞ്ജാഗൃഹം;

പാലിക്കവേണം തത്ര മദ്യപന്മാരെ നിത്യം.
രാഷ്ട്രത്തിനുള്ളിലാരും പകൽ വേളയിലെങ്ങും
കോട്ടമെന്നിയേ ചെയ്തീടരുതു സുരാപാനം.
നാട്ടുവൃക്ഷങ്ങൾ നാനാനാട്ടിലും നൃപാലകൻ
കാട്ടുവൃക്ഷങ്ങളോരോ കാട്ടിലും വേണ്ടുംവിധം
വാട്ടമെന്നിയേ നട്ടുവളർത്തിക്കുകവേണം
തിട്ടമങ്ങോരോന്നിനും വേണ്ടതാമകലത്തിൽ.
ഉത്തമവൃക്ഷങ്ങളേ സ്സന്തതമിരുപതും
മധ്യമങ്ങളേ ന്യൂനം സതതം പതിനഞ്ചും
ഹസ്തങ്ങളകലത്തിൽ വയ്ക്കണം സാമാന്യത്തേ
ഹസ്തങ്ങൾ പത്തുതള്ളിക്കനിഷ്ഠമോരഞ്ചതും.
പുഷ്ടമാക്കണം പിന്നെയോരോന്നുമജാവിഗോ-
വിഷ്ഠകളാലും ജലം മാംസങ്ങളിവയാലും.
അത്തികളരശ്ശുകൾ പുളികൾ പേരാലുകൾ
ശുദ്ധമാം ചന്ദനങ്ങൾ ബകുള(1)കദംബങ്ങൾ(2)
തടിധമശോകങ്ങൾ കപിത്ഥം(3) രാജാദനം(4)
വിശ്രുത ജംഭളങ്ങൾ,(5) പുന്നകൾ, തുദംതഥാ (a)
പേത്തുമങ്ങമൃതകൾ,(6) കൂവളമയനികൾ,
ചീത്തേഴം തേന്മാവുകൾ, ചെമ്പകസരളങ്ങൾ,(7)
ഉത്തമജംബീരങ്ങൾ,(8) നീപങ്ങൾ,(9) ദാഡിമങ്ങൾ, (10)
ഖർജ്ജൂര(11)സിംഭളങ്ങൾ,(12)കുദ്ദാളം,(13)മാതുളുംഗം(14)

---

(1) ബകുളം=ഇലഞ്ഞി. (2) കദംബം=കടമ്പു (3) കപിത്ഥം=വിളാർമരം (4) രാജാദനം=പഴമുൻപാല (5) ജംഭളം=നാരകവർഗ്ഗം (6) അമൃത=കടുക്ക (7) സരളം=ചരളം (8) ജംബീരം=ചെറുനാരകം (9) നീപങ്ങൾ=കടമ്പവർഗ്ഗം (10) ദാഡിമം=മാതുളവർഗ്ഗം (11) ഖർജ്ജൂരം=ഈന്ത (12) സിംഭളം=പന (13) കുദ്ദാളം=കൊങ്ങുമന്താരം (14) മാതുളംഗം=മാതളനാരകം

(a) തുദം=mulberry

അക്ഷോടം,(15) ശിംശുപങ്ങൾ,പ്ലാവുകൾ,
താപിഞ്ഛരങ്ങൾ (16)
ഫല്ഗുകൾ,(17) ക്രമുകങ്ങൾ, രംഭകൾ, നാളികേരം,
ധാത്രികൾ,(18) ക്ഷീരകങ്ങൾ,(19) എന്നിവ സകലവും
ഭോഷ്ക്കല്ല പാരിടത്തിൽ ഫലവൃക്ഷങ്ങളത്രേ.
സൽപുഷ്പവാഹികളാം ശാഖികൾനോക്കി നൃപൻ
വയ്പിച്ചുകൊണ്ടിടണം ഗ്രാമാഭ്യന്തരങ്ങൾതോറും.
ഉദ്യാനം ചമയ്ക്കണമല്ലെങ്കിൽ കുടിപാൎക്കും
സത്മത്തിലോരോന്നിലും വാമഭാഗത്തിലായി.
ഉഷ്ണകാലത്തു നിത്യം രണ്ടുനേരവും തഥാ
ശൈത്യകാലത്തു രണ്ടുനാളിങ്കലൊരിക്കലും
പുഷ്പകാലത്തു നിത്യമഹഃപഞ്ചമത്തിലും
വൃക്ഷങ്ങൾ നനയ്ക്കണം, മഴക്കാലത്തുവേണ്ടാ.
ഫലങ്ങൾ നശിച്ചീടിൽ വൃക്ഷത്തെ കുലത്ഥങ്ങൾ (1)
യവങ്ങൾ, മുദ്ഗം, (2) മാഷം, തിലമെന്നിതുകളാൽ
ശൃതമാം (3) കളുവെള്ളം കൊണ്ടങ്ങുനനയ്ക്കണം
ഉളവാം സുമമെന്നാൽ സുദൃഢം ഫലമതും.
മത്സ്യങ്ങൾകഴുകുന്ന വെള്ളങ്ങളൊഴിപ്പതു
വൃക്ഷത്തിൻ വളർച്ചയ്ക്കുനിശ്ചയം സഹായമാം.
ആട്ടിന്റെ കാഷ്ഠമതും ചെമ്മരിയാട്ടിനുള്ള
കാഷ്ഠവും പൊടിച്ചതും, യവത്തിൻപൊടിയതും,

---

(15) അക്ഷോടം=അക്കോളം (16) താപിഞ്ഛം=പച്ചിലമരം
(17)ഫൽഗു=പേയത്തി(18)ധാത്രി=നെല്ലിക്ക(19)ക്ഷീരകങ്ങൾ=പാൽമരങ്ങൾ

(1) കുലത്ഥം=മുതിര (2) മുദ്ഗം=ചെറുപയറ
(3) ശൃതമാം=കഷായം വച്ച

മാട്ടിറച്ചിയുമെല്ലും, സലിലമതും കൂടി-
ക്കൂട്ടിയങ്ങേഴരാത്രിവച്ചിരുന്നതിൻ ശേഷം
പിട്ടല്ലപിന്നേ എടുത്തുത്സേകം ചെയ്തീടുകിൽ
തെററാതെ വൃദ്ധിപൂകും കായ്കളും പുഷ്പാദിയും. 210
കണ്ടകവൃക്ഷമാകും (1) ഖദിരാദിയും മററും
വന്യജാതിയിൽപ്പെട്ട വൃക്ഷങ്ങൾതന്നേ ദൃഢം.
നിർണ്ണയമിതുകളെയതിനാൽ വനംതോറും
ഖണ്ഡിതമായി നട്ടുപിടിപ്പിക്കുകവേണം.
ഖദിര(1)മശ്മന്തവും,(2) ശാകവു(3)മഗ്നിമന്ഥം,(4)
പ്രഥിതസ്യോനാകവും,(5) ബബ്ബൂലം,(6) തമാലവും,(7)
കുടജം,(8) സാലം,(9) പുനരർജ്ജുനം,(10) പലാശവും,(11)
ധവവും,(12) സപ്തപർണ്ണം,(13) ദേവദാരുവും(14)തഥാ,
ശമിയും,(15) വികങ്കതം,(16) ഭൂർജവു(17)മിംഗുദിയും,(18)
കരമർദവും,(19)തുന്നം,(20)കാഞ്ഞിരം, കരീരവും,(21) 220
തദനു ഭല്ലാതവും,(22) ശമ്പാക(23)മർക്കം,(24)തഥാ
തദനു ശല്ലകിയും,(25) കാശ്മീരം,(26) ഹരീതകീ,(27)
പുനരങ്ങരിമേദം,(28) പുഷ്കരം,(29) ബീജസാരം,(30)
തദനു ശാല്മലിയും,(31) പീതദ്രു,(32) വിഭീതകം,(33)
പ്രഥിതപാരയതും,(34) തിന്ദുകം,(35) നരവേളം,(36)

---

(1) കരിങ്ങാലി (2) മുളംപ്ലാശു (3) തേക്ക (4) മുഞ്ഞ (5) പയ്യാഴാന്ത (6) വെൾവേലം (7) പച്ചിലമരം (8) കുടകപ്പാല (9) പയിനു (10) നീർമരുതു (11) പ്ലാശു (12) ഞമ (13) ഏഴിലമ്പാല (14) ദേവതാരം (15) വഹ്നിച്ചമത (16) വയ്യങ്കത (17) പെരുമരം (18) ഓടൽ (19) ക്ലാക്കാമരം (20) തുന്നം (21) ഒരുതരംവൃക്ഷം (22) ചേർക്കുരു (23) വൻകൊന്ന (24) എരുക്കു (25) ചിററീന്തൽ (26) കുമിഴ (27) കടുക്കാജാതി (28) കരിവേലം (29) പുഷ്കരമൂലം (30) വേങ്ങ (31) ഇലവു (32) ദേവതാരത്തിൻെറഒരുഇനം (33) താന്നി (34) പാടത്താളി (35) പനച്ച (36) നരവേളം

മധുക (37) മാദികളും, നട്ടുകൊള്ളുകവേണം.
പടരും ചെടികളും, സ്തംബിനിവൎഗ്ഗങ്ങളും,
ചട്ടുതലതരങ്ങളാം ഗുല്മിനീജാതികളും,
നടണം ഗ്രാമ്യമായാൽ ഗ്രാമ്യദേശങ്ങൾതോറും,
അടവീജന്യമായാലടവിതോറും തഥാ.
വാപികൾ, കൂപങ്ങളും, പൊയ്കകൾ, കുളങ്ങളും
ആവതും സുഗമങ്ങളാക്കിവയ്ക്കണം സദാ.
വീതിയങ്ങിവയെല്ലാമാഴത്തിലിരട്ടിയോ
മൂവിരട്ടിയോ വേണം പാതയും ചുററാകവേ.
ധാരാളം ജലമെന്നും ലഭിക്കും മട്ടിലിവ
ധാരാളമുണ്ടാകണം നാട്ടിലങ്ങെല്ലാടവും.
ആറുകൾക്കെല്ലാം വേണം പാലങ്ങൾ വേണ്ടുവോളം
ആറുകൾ കടന്നിടാൻ തോണിയും ചങ്ങാടവും.
ഏതൊരുജാതിക്കാരും പൂജിക്കും ദേവൻെറയും,
ജാതിക്കു വിദ്യ നൽകും ഗുരുനായകൻെറയും,
ആലയമതുരണ്ടും തീൎത്തുകൊള്ളുകവേണം
ചാലവേ ഗ്രാമപങ്ക്തിയായതിൻമുന്നിലായി.
ശങ്കരൻ, വിഷ്ണു, ഗണനായകൻ, ദിവാകരൻ,
ശങ്കരിഭഗവതി, എന്നിവർക്ഷേത്രങ്ങളെ
ശങ്കയെന്നിയേ സദാ സ്ഥാപിച്ചുകൊണ്ടീടണം
ശൃംഗാടകത്തിലല്ലെന്നാകിലോ മദ്ധ്യത്തിങ്കൽ.
ക്ഷേത്രങ്ങൾ മേർവാദിയാം ഷോഡശവിധങ്ങളിൽ
തീൎത്തവയായിടേണം സുമനോഹരങ്ങളും.
വൎത്തുളാകാരം, ചതുരശ്രകം, യന്ത്രാകാരം,
ഇത്തരമോരോരൂപം കൊണ്ടതുമായിടേണം.
മണ്ഡപങ്ങളും വേണം, ഗോപുരപ്രാകാരങ്ങൾ
വേണ്ടപോൽവേണം, വേണമുജ്ജ്വലപ്രതിമയും.

---

(37) മധുകം=ഇരട്ടിമധുരം   മധൂകം=ഇലിപ്പ

I am indebted to Mr. Aranmula Narayana Pillai Vaidyan for the meanings of these terms.

രണ്ടുമൂന്നിരട്ടിയാം പൊക്കവുംവേണം പുന-
രുണ്ടായിടേണം ജലമൂലവും ചിത്രാളിയും.
ആയിരം ശിഖരവും നൂറുമൊരഞ്ചും പുന-
രീരഞ്ചുമെരണ്ടതും കൂടിയ നിലകളും
ആയിരം കരം വീതിയായിരമുയരവും
ചേരുന്ന രമ്യമാകും ക്ഷേത്രമാണത്രേ മേരു.
മന്ദരാദികളായിട്ടിതിനു കീഴിൽചെമ്മേ
ചൊന്നിടും ക്ഷേത്രങ്ങളങ്ങോരോന്നും യഥാക്രമം,
നിർണ്ണയം പടിപടിയെട്ടിലൊന്നാംശം വീതം
ഒന്നിനു കീഴിലൊന്നായ് ത്താണുനില്പവയത്രേ.
മന്ദരമക്ഷമാലി, ദ്യുമണിയതും പിന്നെ,
ചന്ദ്രശേഖരൻ, തഥാ മാല്യവാൻ, പാരിജാതം,
പിന്നെയും രത്നശീർഷം, ധാതുമാൻ, പത്മകോശം,
നിർണ്ണയം പുഷ്പഹാസം, ശ്രീകരം, സ്വസ്തികവും,
പിന്നെയും മഹാപത്മം, പത്മകൂടവും പുന-
രെന്നല്ല വിജയവും ക്ഷേത്രഭേദങ്ങളെല്ലാം.
മണ്ഡപമിരിക്കണമതതിൻ തുല്യമായി
നിർണ്ണയമതുപൊക്കമെതിന്റെ മുക്കാൽ ഭാഗം.
ഉദ്ദിഷ്ടദേവന്നനുരൂപമാം ധ്യാനത്തോടെ
നിർദ്ദിഷ്ടവിഗ്രഹത്തെ പ്രതിഷ്ഠിക്കുകവേണം.
വിഗ്രഹമതിനുടേ ലക്ഷണമതു നൂനം
ഉൾക്കാമ്പിൽ ധ്യാനയോഗസിദ്ധ്യർത്ഥമെന്നായ് സ്മൃതം.
വിഗ്രഹം രചിക്കുന്ന മർത്ത്യനങ്ങതിനാലേ
വ്യഗ്രതയെന്ന്യേ ധ്യാനനിഷ്ഠനായ് ഭവിക്കണം.
നിശ്ചയം ധ്യാനത്തിനാലല്ലാതെ മറ്റൊന്നിനാൽ
നിശ്ചയിക്കാവതല്ല വിഗ്രഹലക്ഷണത്തെ.
പ്രത്യക്ഷമായിടുന്ന മാർഗ്ഗത്താലേതുംതന്നേ
വീക്ഷിക്കാനശക്യംതാൻ പ്രതിമാലക്ഷണത്തെ.
മണലും, പിഷ്ടമതും, ലേഖ്യവുംലേപ്യം, മൃത്തും,

മരവും, കല്ലും തഥാ ധാതുവുംകൊണ്ടു നൂനം
പരിചൊടുണ്ടാകുന്ന വിഗ്രഹം പാരിടത്തിൽ;
സ്ഥിരതയിവയ്ക്കുണ്ടു കൂടിട്ടും യഥോത്തരം.
നിർദ്ദിഷ്ടമായിട്ടുള്ളോരവയവങ്ങളെല്ലാം
ഒത്തെഴും വിഗ്രഹങ്ങൾ, പുണ്യദംമനോജ്ഞവും.
നിശ്ചയം മറിച്ചായാലായുസ്സുമർത്ഥമതും
നഷ്ടമാക്കീടുമെന്നല്ലനർത്ഥമതും ചെയ്യും.
ദേവതാപ്രതിമകളുണ്ടാക്കി വയ്ക്കുന്നതു
ഭാവിശ്രേയഃപ്രദംതാൻ സ്വർഗ്ഗദമതും ദൃഢം.
മാനവാദികളുടെ വിഗ്രഹം തീർക്കുന്നതു
നൂനമങ്ങസ്വർഗ്ഗ്യവുമശുഭപ്രദായിയും.
മാനത്തിലധികവും ഹീനവുമല്ലാത്തതാം
ചേണുററബിംബത്തിനെച്ചൊല്ലുന്നു രമ്യമായി.
ദേവന്മാർക്കുള്ള ബിംബം ലക്ഷണംകുറഞ്ഞാലും,
ശ്രേയസ്സുതന്നെ നൽകും മാനുഷന്മാർക്കു നിത്യം:
മാനുഷപ്രതിമകളെത്ര ലക്ഷണമൊത്തും
ന്യൂനതാവിഹീനവുമായിട്ടു ചമയ്ക്കിലും
ചേലൊത്ത നരബിംബം മനുഷ്യനൊരിക്കലും
ശ്രേയസ്സുനല്കുന്നതിന്നായിട്ടു ഭവിച്ചിടാ.
ദേവബിംബങ്ങൾ മൂന്നുവിധമായ് ഭവിച്ചീടും;
ആയവ സാത്വികവും, രാജസം, താമസവും.
വൈകുണ്ഠനാദികൾതൻ ബിംബത്തെ യഥോചിതം
പൂജിക്കാമീവണ്ണമുള്ളവസ്ഥാഭേദങ്ങളിൽ.
യോഗമുദ്രാന്വിതനായ്, സ്വസ്ഥനായ്, വരദനായ്,
മാഴ്കാതെ ലോകർക്കെല്ലാമഭയപ്രദനായി
ആദിതേയേന്ദ്രാദിയാൽ സ്തുതനായ് നുതനായി
രാജിക്കും ബിംബമതു സാത്വികമായി സ്മൃതം.
വാഹനത്തിലോ മറേറാ നൂനമാവിഷ്ടനായി,

ഭൂഷണഭൂഷിതനായ്, ശസ്ത്രാസ്ത്രധരനായി,
ലോകൎക്കു ശരണ്യമോ വരമോ പ്രദാതാവായ്
രാജിച്ചീടുന്നബിംബം രാജസമത്രേ ദൃഢം.
ശസ്ത്രാസ്ത്രജാലങ്ങളാൽ ദൈത്യനിഗ്രഹം ചെയ്യും
കൃത്യത്തിലേൎപ്പെട്ടുകൊണ്ടത്യുഗ്രരൂപനായി,
യുദ്ധത്തിലഭിവാഞ്ഛ കലൎന്ന ചിത്തത്തോടേ
പ്രത്യക്ഷീകൃതമാകും വിഗ്രഹം താമസന്താൻ.
വിഷ്ണുമുഖ്യരാം ദേവന്മാരുടെ ധ്യാനാദികൾ
ഒട്ടു ഞാനുരചെയ്യാം സംക്ഷിപ്തമായി നൂനം.
വിസ്തരിച്ചോതാമേതൽ പ്രതിമാമാനങ്ങളും
തദ്വിധമവയുടെയംഗമാനങ്ങളതും.
സ്വസ്വമാം മുഷ്ടിയുടെ ചതുൎത്ഥമാകുമംശം
ഉക്തമാകുന്നു പാരിലംഗുലമെന്നതായി.
അംഗുലമീരാറു ചേൎന്നിടുമളവിനേ
വ്യംഗ്യമെന്നിയേ ചൊൽവു താലത്തിൻ ദൈൎഘ്യമായി.
സപ്തതാലങ്ങൾ വേണം വാമനപ്രതിമയ്ക്കു,
സപ്തവുമൊന്നും തഥാ മാനുഷബിംബത്തിനും.
നവതാലങ്ങൾവേണം ദേവവിഗ്രഹത്തിനു,
നിയതം പത്തുതാലം രാക്ഷസപ്രതിമയ്ക്കും.
മുകളിലുദീരിതമാകിയ സപ്തതാലം
മുതലാകിയ പൊക്കം ഭേദിക്കും ദേശംതോറും.
സ്ത്രീകൾതൻ പ്രതിമയ്ക്കും വാമനബിംബത്തിനും
മാഴ്കാതെയെവിടെയുമേഴുതാലങ്ങൾ തന്നേ.
നരനാരായണന്മാർ, രാഘവരാമചന്ദ്രൻ,
നരസിംഹവും തഥാ ബാണനും ബലിതാനും,
പുരുഹൂതനും, പിന്നേ ഭാൎഗ്ഗവൻ, കിരീടിയും,
ദശതാലന്മാരെന്നായ് സ്മൃതരാകുന്നു പാരിൽ.
ചണ്ഡിയും ഭൈരവനും വേതാളം നൃസിംഹവും

പിന്നെയും വരാഹവും ഹയശീഷാദികളും
നിൎണ്ണയമെല്ലാവരും ക്രൂരമൂൎത്തികളത്രേ,
ചൊന്നിടുമിവൎക്കെല്ലാം ദ്വാദശതാലബിംബം.
അസുരർ, പിശാചന്മാരെന്നിരു കൂട്ടക്കാരും
പ്രഥിതരത്രേ ദൃഢം ഷോഡശതാലരായി.
ഹിരണ്യകശിപുവും വൃത്രനും രാവണനും,
ഹിരണ്യാക്ഷനും കുംഭകൎണ്ണനും നമുചിയും,
നിസുംഭൻ സുംഭൻ, മഹിഷാസുരൻ രക്തബീജൻ,
ഇവരെല്ലാരും ദൃഢം ഷോഡശതാലന്മാർ താൻ.
പഞ്ചതാലന്മാരായിച്ചൊല്ലുന്നു ബാലന്മാരേ,
അഞ്ചാതെ ഷട്താലരായ് ചൊൽവതു കുമാരരേ.
ദശതാലമാം ബിംബം വിധിപ്പു കൃതയുഗേ;
നവതാലകം ത്രേതായുഗത്തിങ്കലും തഥാ;
ദ്വാപരത്തിങ്കലഷ്ടതാലമാം പ്രതിമയും
ഈരിതം; കലിതന്നിൽ സപ്തതാലകമത്തും.
നവതാലകമാകും ബിംബത്തിൻ വിഷയത്തിൽ
ഒരു താലമാണത്രേ മുഖത്തിൻ പരിമാണം.
നിടിലത്തിന്നുവേണം ചതുരംഗുലം തത്ര
ചതുരംഗുലം വേണം സുദൃഢം നാസികയ്ക്കും.
നാസികമുതൽ ഹനുവരെയ്ക്കും നാലംഗുലം.
ഭേദമെന്നിയേവേണം ഗ്രീവയ്ക്കും നാലംഗുലം.
ഗ്രീവതൊട്ടങ്ങു പിന്നേ ഹൃദയാന്തത്തോളവും
കേവലമനിവാൎയ്യം നിൎണ്ണയമൊരുതാലം.
അതുതൊട്ടങ്ങു വീണ്ടും നാഭിപൎയ്യന്തം ദൃഢം
അതിശോഭിതമായി വേണമങ്ങൊരുതാലം.
നാഭിതൊട്ടങ്ങു മേഢ്റംവരെയുമുള്ള ഭാഗം
ശോഭിതമായിടേണം താലമതൊന്നിനാലേ.
ഊരുക്കളോരോന്നിനും രണ്ടുതാലങ്ങൾ വേണം

ജാനുക്കളോരോന്നിനും ചതുരംഗുലങ്ങളും.
ജാംഘകൾ രണ്ടു മൂരുതുല്യമായിരിക്കണം;
തങ്ങണം ഗുല്ഭത്തിനു കീഴിലായ് നാലംഗുലം.
നവതാലാത്മകമാം ബിംബത്തിനൂർദ്ധ്വമാനം
വിവിധ ബുധന്മാരാലീരിതമേവംവിധം.
ഇത്തോതിലഖിലമാമളവും ഭാഗിക്കണം
സപ്താഷ്ടദശതാല വിഗ്രഹങ്ങൾക്കും നൂനം.
അംഗുലാന്തത്തോളവും ബാഹുക്കൾക്കുള്ള നീളം
മങ്ങാതെ നാലുതാലം കൊണ്ടതായിരിക്കണം.
സ്കന്ധത്തിൽനിന്നും മുഴങ്കയ്യോളമുള്ള ഭാഗം
അയ്നാലംഗുലമാകിലുത്തമമത്രേ ദൃഢം.
കക്ഷത്തിൽനിന്നും മുഴങ്കയ്യിലേയ്ക്കെല്ലായ്പോഴും
പക്ഷമെന്നിയേ വേണം പതിമ്മൂന്നംഗുലങ്ങൾ.
കരത്തിൻനീളം നടുവിരലിന്നററംവരേ
തരത്തിലിരുപത്തെട്ടംഗുലമായിടേണം.
പിന്നെയക്കരതലമായതിന്നേഴംഗുലം
എന്നുമേ വേണം നടുവിരലിന്നഞ്ചംഗുലം.
മൂന്നരയംഗുലങ്ങൾ വേണമംഗുഷ്ഠത്തിനു(1)
നീളവും ചൂണ്ടാണിതൻ മധ്യമപർവംവരേ.
ചൊല്ലെഴുമനാമയും തർജ്ജനി(2)യതുമല്പം-
അല്ലെങ്കിലോരംഗുലം മധ്യമ(3)തന്നിൽനിന്നും
നിർണ്ണയം താണുനിന്നുകൊള്ളണമനാമയിൽ(4)
നിന്നൊരംഗുലം താണുനില്ക്കണം ചെറുവിരൽ. (5)
പാദങ്ങളോരോന്നിനും പതിന്നാലംഗുലങ്ങൾ
വാദമെന്നിയേ വേണമൂനമങ്ങേതും വിനാ.

9835

---

(1) അംഗുഷ്ഠം=പെരുവിരൽ (2) തർജ്ജിനി(പ്രദേശിനി)=ചൂണ്ടുവിരൽ (3) മധ്യമ=നടുവിരൽ (4) അനാമ=മോതിരവിരൽ (5) കനിഷ്ഠ=ചെറുവിരൽ.

അംഗുഷ്ഠമോരോന്നിനും രണ്ടും രണ്ടരയത്തും
അംഗുലംവേണം പ്രദേശിനിക്കുമതുതന്നേ.
രണ്ടംഗുലങ്ങൾ മതിയാക്കിടാം പ്രദേശിനി-
ക്കെന്നാലൊന്നരവേണം മറ്റെല്ലാവിരലിനും.
പാണിപാദങ്ങൾ തന്നിൽ സിരകൾ കാട്ടിക്കൂടാ
ചേണാൎന്ന ഗുൽഫങ്ങളും മറഞ്ഞങ്ങിരിക്കണം.
പ്രതിമയ്ക്കുള്ളൊരേതേതംഗങ്ങളതാതിന്നായ്
തദഭിജ്ഞന്മാർ ചൊല്ലുമളവിൽനിന്നതെല്ലും
അധികമല്ല തഥാ ഹീനവുമല്ല നൂനം
അതുകളെല്ലാമതിശോഭനമെന്നുചൊല്ലും.
സൎവ്വം മനോഹരമാകേണ്ടും പദാൎത്ഥങ്ങൾ
സൎവ്വഥാ സ്ഥൂലമായിടരുതു കൃശംതാനും.
സൎവ്വാംഗരമ്യമാകും വസ്തുവതോൎത്തുകണ്ടാൽ
നിൎവ്യാജം നൂറായിരത്തിങ്കലങ്ങൊന്നായിടും.
ശാസ്ത്രദൃഷ്ടിയാൽ രമ്യമായുള്ള വസ്തുതന്നേ
വാസ്തവത്തിങ്കൽ രമ്യം മറ്റൊന്നുമല്ലാ ദൃഢം.
ശാസ്ത്രമാനങ്ങൾ വെടിഞ്ഞുള്ളവ സകലവും
ബുദ്ധിമാന്മാൎക്കു ചിത്തേ നിശ്ചയമരമ്യംതാൻ.
ഏതാനുംപേക്ഷമാത്രമുൾത്തോഷമേകുംവസ്തു
ഏതാനുംപേക്ഷമാത്രം രമ്യമായ് ഭവിച്ചിടും.
നിടിലത്തിന്നുവേണമെട്ടംഗുലങ്ങൾ ദൃഢം
ചുരികങ്ങൾക്കുംനീളമത്രയുംതന്നെവേണം.
ചില്ലികൾരണ്ടും നീണ്ടു വളഞ്ഞു വില്ലുപോലെ-
യുല്ലസിക്കണം വീതിയരയംഗുലം വേണം.
നേത്രങ്ങൾക്കുള്ള ദൈൎഘ്യം മൂന്നംഗുലങ്ങളത്രേ,
വിസ്തൃതിയതുനൂനം രണ്ടംഗുലങ്ങളത്തും.
നേത്രത്തിൻ കനീനിക മൂന്നിലൊന്നംഗുലംതാൻ,
ചേൎത്തു മങ്ങതുകൃഷ്ണവൎണ്ണവുമായിടേണം.

പുരികങ്ങൾക്കു മദ്ധ്യേ രണ്ടംഗുലങ്ങളിട-
യിടണമോരംഗുലം നാസികാമൂലത്തിനും.
നാസികാഗ്രത്തിനുരണ്ടായിടണമോരംഗുലം
നാസികാവിലദ്വയം ദ്വ്യംഗുലമായിടേണം.
പക്ഷിതൻചുണ്ടുപോലേ നാസികാ ഭവിക്കണം
പുഷ്പത്തിൻസമാനമായിടിലും ശോഭതന്നേ.
നിഷ്പാവസദൃശമായ് നാസികാപുടദ്വയം
നിർബ്ബാധം ഭവിക്കുകിലായതു സുശോഭനം.
കർണ്ണങ്ങൾ രണ്ടും ചില്ലീലതകൾപോലേതന്നേ
നിർണ്ണയം നാലംഗുലം നീളമായിരിക്കണം.
കർണ്ണപാളിക്കു വേണം മൂന്നരയംഗുലങ്ങൾ,
വർണ്ണവുമുണ്ടാകണം പിന്നെയങ്ങർദ്ധാംഗുലം.
നാസാവംശത്തിനർദ്ധമംഗുലം വീതിവേണം
ക്രൂസാതെ സാർദ്ധാംഗുലമുന്നതിയതും തഥാ.
കണ്ഠമൂലത്തിൽനിന്നും സ്കന്ധാന്തംവരേ നീളം
രണ്ടുനാലംഗുലങ്ങൾ ആയിരിക്കുകവേണം.
ബാഹുക്കൾ രണ്ടിന്റെയുമിടയ്ക്കുള്ളതാമിടം
ആകമാനവും രണ്ടു താലമായിരിക്കണം.
സ്തനങ്ങൾരണ്ടിന്റെയുമിടയ്ക്കുള്ളതാം സ്ഥലം
അനിശം ശോഭിക്കണമൊരുതാലമായ്തന്നേ.
കർണ്ണവും കർണ്ണമതും തമ്മിലുള്ളോരന്തരം
നിർണ്ണയമംഗുലങ്ങൾ പതിനാറായിടേണം.
കർണ്ണത്തിൽനിന്നുംഹനുവരെയുമുള്ളോരിടം
പിന്നെയൊരെട്ടംഗുലമായിട്ടു ഭവിക്കണം.
കർണ്ണനാസകളിടയ്ക്കുള്ളതാമിടമതു
കർണ്ണത്തിൽനിന്നും ഹനുവോളവുമുള്ളതത്രേ.
കർണ്ണവും കർണ്ണും തമ്മിലുള്ളോരന്തരമതു
നിർണ്ണയം നാലംഗുലമായിട്ടങ്ങിരിക്കണം.

മുഖത്തിന്നുണ്ടാകണം താലത്തിൻതൃതീയാംശം
തികച്ചുമദ്ധ്യാംഗുലമോഷ്ഠങ്ങൾക്കുണ്ടാകണം.
മസ്തകത്തിന്നു വേണ്ടും ചുററാകെയളവതു
കൃത്യമായ് മുപ്പത്തിരണ്ടംഗുലമായിച്ചൊൽവു.
വിസ്തൃതിയതു നൂനം പത്തംഗുലങ്ങളത്രേ
പത്തോടുരണ്ടംഗുലം നിശ്ചയം ദൈർഘ്യമതും.
ഗ്രീവാമൂലത്തിന്നുള്ള പരിധിയതു നിത്യം
ദ്വാവിംശത്യംഗുലങ്ങളായിട്ടു ഭവിക്കണം.
നെഞ്ചിന്നുചുററുമുള്ളോരളവായതു നൂനം
അംഗുലം നാലും പുനരയ്മ്പതുമായിടേണം.
ഹൃദയത്തിന്നുവേണ്ടും പരിധിയതു താലം
ഒരുമൂന്നതും പുനരംഗുലം പതിനൊന്നും.
സ്തനത്തിൽ നിന്നും പൃഷ്ഠദേശത്തേക്കുള്ളതായ
കനത്തിന്നുണ്ടാകണം പന്തിരണ്ടംഗുലങ്ങൾ.
അരയ്ക്കുചുററാകവേ മൂന്നരത്താലമതും
തരത്തിലംഗുലങ്ങൾ രണ്ടുമുണ്ടായിടേണം.
നിതംബത്തിന്നു വേണം ചതുരംഗുലം പൊക്കം
അതിന്നു വീതിവേണം പിന്നെയും ഷഡംഗുലം.
സ്ത്രീകൾക്കു പശ്ചാൽഭാഗേ നിതംബത്തിന്നുവേണം
തികച്ചുമൊരംഗുലം കൂടുതലായി നിത്യം.
ബാഹുവിന്നഗ്രത്തിന്നു പതിനാറംഗുലവും
ബാഹുവിൻമൂലത്തിന്നു പതിനെട്ടതും വേണം.
ഹസ്തമൂലത്തിൻ പരിധിയതു പതിന്നാലും
ഹസ്താഗ്രമതിൻേറതു പത്തുമംഗുലങ്ങൾ താൻ.
അഞ്ചംഗുലങ്ങൾ കരതലത്തിൻ വിസ്തൃതിയും
അഞ്ചംഗുലങ്ങൾ പാദതലത്തിൻേറതും ദൃഢം.
ഊരുമൂലത്തിൻ പരിധിയതു പിഴയാതെ
തീരണം മുപ്പത്തിരണ്ടംഗുലമായി നിത്യം.

ഊരുവിന്നഗ്രത്തിന്റെ പരിധിയതു ന്യൂനം
ഊനവിംശത്യംഗുലമായിട്ടും ഭവിക്കണം.
ജംഘാമൂലത്തിന്നിരെട്ടംഗുലം വേണം തഥാ
ജംഘാഗ്രത്തിന്നു താന്മൂന്നായതും പരിധികൾ.
മദ്ധ്യമവിരലിന്റെ ചുവട്ടിൻ പരിധിയ-
തസ്സലായ് നാലംഗുലംതന്നെയായിരിക്കണം.
മോതിരവിരലിന്നും ചൂണ്ടാണിവിരലിന്നും
മൂന്നരവേണം ചെറുവിരലിന്നങ്ങു മൂന്നും.
ഓരോരോവിരലിന്റെ യഗ്രത്തിൻ പരിധിയ-
തോരോന്നിൻ ചുവട്ടിന്റെയളവിൽ മുക്കാലത്രേ
പാണിപാദാംഗുഷ്ഠങ്ങൾക്കുള്ളതാം പരിധികൾ
ഊനമെന്നിയേ നാലുമഞ്ചുമംഗുലം ക്രമാൽ.
മററുള്ള കാൽവിരൽകൾക്കുള്ളതാം പരിധികൾ
തിട്ടമങ്ങോരോന്നിന്നും മൂന്നംഗുലങ്ങൾതന്നെ.
വക്ഷോജമണ്ഡലത്തിന്നൊന്നരയംഗുലങ്ങൾ
വയ്ക്കണമോരംഗുലം നാഭിമണ്ഡലത്തിന്നും.
അംഗങ്ങളെല്ലാം യഥാശോഭമായ് വിളങ്ങിടും-
വണ്ണമങ്ങെല്ലാററിലും പാടവം ചമത്തണം.
ഊർദ്ധ്വദൃഷ്ടിയുമധോദൃഷ്ടിയും വർജ്ജിക്കണം
ഉഗ്രദൃഷ്ടിയും മേലാ പ്രതിമയ്ക്കൊരിക്കലും.
എപ്പൊഴും പ്രസന്നാക്ഷമായിരിക്കണം ബിംബം
കല്പിച്ചുകൂടാ ദൃഢം മീലിതനേത്രങ്ങളും.
പ്രതിമവയ്ക്കേണ്ടുന്ന പീഠത്തിന്നുണ്ടാകണം
പ്രതിമയുടെ തൃതീയാംശമല്ലെങ്കിലർദ്ധം.
പ്രതിമവച്ചിടുന്ന മുറിതൻ ദ്വാരത്തിന്നു
പ്രതിമയുടെ പൊക്കമെതിന്റെയിരുപങ്കോ
പ്രതിമയുടെ മൂന്നുപങ്കതോ നാലുപങ്കോ
സതതമുണ്ടാകണം കിളരമവശ്യമായ്.

ദേവാലയത്തിനുള്ള പീഠത്തിനുണ്ടാകണം
ഏകഹസ്തമോ ദ്വിത്രിചതുർഹസ്തമോ പൊക്കം.
ചുവരിൻപൊക്കമെത്തു പീഠത്തിൽനിന്നിട്ടൊരു
ദശഹസ്തങ്ങൾ കൂടിക്കൂടുതലായിടേണം.
പ്രാസാദമതിന്നൂർദ്ധ്വഭൂമിക്ക വാതിലിന്റെ
കൂസാതെ രണ്ടുമടങ്ങുച്ഛ്റയമുണ്ടാകണം.
ശിഖരത്തിന്നുവേണമുയരമാലയത്തിൻ-
സമമോ ദ്വിഗുണമോ നിർണ്ണയം ത്രിഗുണമോ.
ഒററഭൂമികമുതലൊരുനൂററിരുപത്ത-
ഞ്ചററവും ഭൂമികകൾ ക്ഷേത്രത്തിനുണ്ടായിടാം
തിട്ടമാണെന്നാൽ പത്മതുല്യമാമെട്ടുകോണം
മുട്ടാതെയുണ്ടാകണം പ്രാസാദത്തിനു നിത്യം.
പ്രാസാദമതിൻ നാലുപാടിലും മണ്ഡപങ്ങൾ
വേണമങ്ങല്ലെന്നാകിൽ ചുററുമേ നാലമ്പലം.
ആയിരംതൂണുള്ളതാമമ്പലം വരിഷ്ഠവും
ആയതിൽ കുറഞ്ഞവ മദ്ധ്യമമധമവും.
പ്രാസാദമതിങ്കലോ മണ്ഡപത്തിലോ നൂനം
ഭാസിതമാകുംവിധം ശിഖരമുണ്ടാവുകിൽ
തൂണുകൾ പണിയേണ്ടതാവശ്യമില്ല തെല്ലും
ചേണാൎന്ന ഭിത്തിയാണങ്ങതിലും സുഖപ്രദം.
പ്രാസാദമദ്ധ്യത്തിനു വിസ്താരം പ്രതിമത-
ന്നോരാറുപങ്കല്ലെങ്കിലോരെട്ടുപങ്കു ദൃഢം
പാരാതെ വേണം ചുററുമല്ലെങ്കിൽ പുരോഭാഗം
ധാരാളം വിസ്തീർണ്ണതയുള്ളതായ് ഭവിക്കണം.
വാഹനമതുകൃത്യം മൂർത്തിതൻസമാനമ-
താകണമല്ലെന്നാകിൽ സാർദ്ധമോ ദ്വിഗുണമോ.
ദേവതയുടെ രൂപമോതിടാതിരിക്കുമ്പോൾ
ദേവതയ്ക്കെന്നും നാലുഭുജങ്ങൾ കല്പിക്കണം.

ചൊല്ലാഞ്ഞോലായുധങ്ങൾ കീഴിലേ കരംതന്നിൽ
ചൊല്ലെഴുമഭയവും വരവും കുറിക്കണം.
പിന്നെയങ്ങൂർദ്ധ്വകരേ ശംഖചക്രാങ്കുശമോ,
പുണ്യമാംഡമരുവോ, കലശപാശങ്ങളോ,
പങ്കജം, സ്രുവം, ഖഡ്ഗം, മാതുളുംഗമോ ശൂലം
പങ്കഹീനമാം മാല്യം, വീണയോ പുസ്തകമോ.
മുഖങ്ങളനേകങ്ങളുണ്ടാകും മൂർത്തിതന്റെ
മുഖങ്ങളെല്ലാമൊരുവരിയായ് രചിക്കണം.
ഓരോരോ ശിരസ്സിനും ഗ്രീവയും മകുടവും
വെവ്വേറവേണം തഥാ കർണ്ണവും നേത്രങ്ങളും.
ഭുജങ്ങളധികമുണ്ടായിട്ടും വിഷയത്തിൽ
വിഭജിക്കേണ്ടാ ദൃഢം സ്കന്ധങ്ങൾ വെവ്വേറെയായ്.
മുഴങ്കയ്യുടെയൂർദ്ധ്വമേററവും സൂക്ഷ്മമായും
ചിപ്പിടമായുമിരുന്നീടണം ദൃഢമായും.
ഭുജമൂലങ്ങൾ പക്ഷ്മമൂലങ്ങളിവരണ്ടും
സഹജമായമട്ടിൽ കാണിച്ചങ്ങിരിക്കണം.
ബ്രഹ്മാവിൻ മുഖങ്ങളേ ചതുർദ്ദിക്കിലുമായി
നിർമ്മായം വിനിയോഗിച്ചീടുക വേണമത്രെ.
ഹയഗ്രീവനും, ഗണനാഥനും, വരാഹവും,
മുഖത്തെ വിട്ടാൽ നരരൂപരായിരിക്കണം.
മുഖവും നഖങ്ങളും വിട്ടുകൊണ്ടീടും വിധൌ
നരരൂപനാണത്രേ നിർണ്ണയം നൃസിംഹവും.
ആസനമതിങ്കലോ വാഹനത്തിലോ നൂനം
ആസീനരായിട്ടാരുമിഷ്ടദൈവതങ്ങൾ തൻ
വിഗ്രഹം ചമയ്ക്കുമ്പോൾ മുകളിലുക്തമായ
ലക്ഷണമെല്ലാംനോക്കി രചിച്ചുകൊണ്ടീടണം.
നിശ്ചയം ദേവന്മാർതൻ വിഗ്രഹമെല്ലാപ്പോഴും
ശ്മശ്രുവും നിമേഷവും കൂടാതെ ചമയ്ക്കണം.

എപ്പൊഴും പതിനാറു വയസ്സായിരിക്കണം
തപ്പാതെ ദിവ്യഭൂഷാവസ്ത്രാലങ്കൃതമായും.
ദിവ്യവൎണ്ണങ്ങളാലേ ശോഭിച്ചുകൊണ്ടീടണം,
ദിവ്യാലങ്കൃതിയാലേ ഭൂഷിതമായിടേണം;
സൎവ്വദാ വസ്ത്രങ്ങളാലാപാദം വപുസ്സതു
നിർവ്യാജമാച്ഛാദിതമായിട്ടുമിരിക്കണം.
ഹീനാംഗ്യമായൊ പുനരധികാംഗ്യകമായൊ
ചേണൊന്നു ദേവബിംബം പണിയിക്കരുതാരും.
ഹീനാംഗ്യമതു ഗൃഹനാഥനേ ഹനിച്ചിടും,
ന്യൂനമങ്ങധികാംഗ്യം കൊന്നിടും ശില്പിയേയും.
വിഗ്രഹം കൃശമായാൽ ദുൎഭിക്ഷം സിദ്ധമത്രേ,
രുക്കുകൾക്കാസ്പദമാം സ്ഥൂലമായിടിൽ ദൃഢം.
സന്ധികളസ്ഥികളും ധമനികളുമെല്ലാം
അന്തൎഹിതങ്ങളായാൽ സൌഖ്യവൎദ്ധിയാം നിത്യം.
വരദാനാഭയങ്ങൾ ദാനം ചെയ്യുന്നതായും
വനജം ശംഖമിവ കൈകളിൽ ധൃതമായും
രചിതമാകുന്നതാം വിഷ്ണുവിഗ്രഹം പാരിൽ
പ്രഥിതം വിഷ്ണുവിൻെറ സാത്വികം ബിംബമായി.
അഭയം, വരം, വാദ്യം, മൃഗവും കയ്യിലേന്തി-
യമരും സോമബിംബം സാത്വികമത്രേ ദൃഢം.
ഹസ്തത്തിൽ വരാഭയപത്മലഡ്ഡുകങ്ങളേന്തും
ഹസ്തിവക്ത്രൻെറ ബിംബം സാത്വികം തന്നെ നൂനം.
പത്മവും മാല്യം, വരമഭയമതുമേന്തും
പത്മബന്ധുവിൻ ബിംബമായതും സാത്വികം താൻ.
വീണയോടഭയവും വരവും ലൃംഗമതും
പാണിയിൽ ധരിച്ചിടും ശ്രീബിംബം സാത്വികം താൻ.
ശംഖചക്രങ്ങൾ, ഗദാപത്മങ്ങളിവയാലും,
ശങ്കയെന്നിയേ പുനരന്ന്യായുധങ്ങളാലും,

പങ്കജേക്ഷണനാദിയാകിയ മൂൎത്തികൾക്ക
പങ്കമെന്നിയേ വരും രൂപങ്ങളാറുവിധം.
സമസ്തവ്യസ്തങ്ങളാം വൎണ്ണാദിഭേദങ്ങളേ
ക്രമത്തിലുപാധികൾ ഭേദങ്ങൾകൊണ്ടും തഥാ
തരത്തിലവയവസംയോഗ വിഭാഗങ്ങൾ-
വഴിക്കും മനുഷ്യനു ഗ്രഹിക്കാമത്രെ ദൃഢം.
ലേഖ്യലേപ്യങ്ങൾ തഥാ സൈകതമൃത്തുക്കളും
ചൊല്ലേറുണ്ട പിഷ്ടമതും വഴിയായ് പ്രതിമയ്ക്കു
ലക്ഷണാഭാവമേതും ഭവിച്ചുകൊണ്ടിടുകിൽ
ഉക്തമാകില്ല ന്യൂനമായതു ദോഷമായി.
തദ്വിധം സ്വയംഭൂതമാകിയ ബാണലിംഗം,
ശുദ്ധമാമിന്ദുകാന്തം,ഗണ്ഡകീനദീജമാം
രത്നമെന്നിതുകളാൽ നിൎമ്മിക്കും പ്രതിമയ്ക്കും
കൃത്യമായ് നോക്കിടേണ്ടാ മാനമൂലമാം ദോഷം.
കല്ലിലും ധാതുവിലുമുണ്ടാക്കും പ്രതിമയ്ക്കേ
ചിന്തിച്ചിടേണ്ടതുള്ളൂ മാനദോഷങ്ങൾ പാരിൽ.
ശ്വേതവും, പീതം, രക്തം, കൃഷ്ണവുമാകും ശിലാ-
ഭേദങ്ങൾകൊണ്ടു യുഗഭേദങ്ങൾക്കനുസൃതം
പാരാതെ നിൎമ്മിക്കണം പ്രതിമ ശില്പിവൎയ്യൻ,
വേറെയുള്ളതുകളാൽ രുചിഭേദത്തിനൊത്തും.
ശ്വേതവൎണ്ണമാം ബിംബം സാത്വികമായിസ്മൃതം
പീതരക്തങ്ങൾ രണ്ടും രാജസമെന്നതായും.
കൃഷ്ണവൎണ്ണത്തേ ച്ചൊൽവു താമസംരൂപമായി
നിശ്ചയം മററുള്ളതാം ലക്ഷണമൊത്തിടേണം.
ബിംബങ്ങൾ കൃതയുഗേ തീൎക്കണം സുവൎണ്ണത്തിൽ
വെണ്മയാം വെള്ളിതന്നിൽ ത്രേതായുഗത്തിങ്കലും;
നിൎണ്ണയം ദ്വാപരത്തിൽതാമ്രത്തിൽ നിൎമ്മിക്കണം
പിന്നെയക്കലികാലേ നിൎമ്മായം രീതികൊണ്ടും.

ശങ്കരബിംബമതു ശ്വേതവൎണ്ണമായ് പ്രോക്തം
ശങ്കയെന്നിയേ കൃഷ്ണവൎണ്ണമായ് വൈഷ്ണവവും;
സൂൎയ്യബിംബവും ശക്തിബിംബവും ഗണേശൻെറ
ചേലെഴും ബിംബമതും താമ്രവൎണ്ണമെന്നുക്തം.
വിഗ്രഹമേതുംതന്നേയഭീഷ്ടംപോലെയാക്കാം
വ്യഗ്രമെന്നിയേ തീക്കാമിരുമ്പിലീയ്യത്തിലും.
താൽക്കാലികാൎച്ചനയ്ക്കോ സ്ഥിരമാമൎച്ചനയ്ക്കോ
ചമയ്ക്കാം വിഗ്രഹങ്ങൾ പ്രാസാദികൾക്കായ് ദൃഢം.
ദോഷ്ക്കല്ലങ്ങിവയെല്ലാമുക്തമാം ലക്ഷണത്തിൽ
തീക്ഷ്ണം മറിച്ചായാൽ സൎവ്വസൌഖ്യം ഹനിക്കും.
സേവ്യസേവക ഭാവമായതിൽ പ്രതിഷ്ഠിത-
മായിട്ടു ചൊല്ലിടുന്നു പ്രതിമാ ലക്ഷണങ്ങൾ.
പ്രതിമയ്ക്കെന്തെല്ലാവും ദോഷങ്ങളിരുന്നാലും
ഹൃദയമീശ്വരങ്കലൎപ്പിച്ച ഭക്തൻതൻെറ
നിശിതതപോബലമാഹാത്മ്യം ഹേതുവാലേ
നിമിഷംകൊണ്ടതെല്ലാം തുലയുമസംശയം.
ദേവവാഹനത്തിനെസ്സൎവ്വദാ മണ്ഡപത്തിൽ
ദേവൻെറ മുമ്പിലായി സ്ഥാപിച്ചുകൊണ്ടീടണം.
ഗരുഡൻ സുബാഹുവും, സുചഞ്ചു, സുനേത്രനും,
നരരൂപനും, ചഞ്ചുമുഖനും പുനരഥ,
നിയതം സുപക്ഷവാൻ, മകുടധാരനത്രം,
കവചാംഗദധരൻ, നമ്രശീൎഷനും, പിന്നേ
സുദൃഢം സേവ്യപാദകമലലോചനനും,
സതതംകൃതാഞ്ജലിതാനുമായ് ഭവിക്കണം.
ദേവവാഹനങ്ങളായ് ഭവിച്ച പക്ഷികൾക്കു
രൂപഭേദങ്ങളേതും ധരിക്കാമിച്ഛപോലെ.
ആവിധം കാമ്യരൂപം ധരിക്കാം, വൃഷാദിക-
ളായിട്ടുമന്യമാകും ദേവവാഹനങ്ങൾക്കും.

വാഹനങ്ങളെയെല്ലാം തീൎക്കണമതാതിന്റെ
നാമരൂപങ്ങൾക്കനുരൂപമാം വിധങ്ങളിൽ;
മേവണമവരെന്നും ദേവാഗ്രമണ്ഡപത്തിൽ
ധ്യാനതല്പരരായി ബ്ഭൂഷാലംകൃതരായി.
വ്യാഘ്രത്തെത്തീൎത്തീടണം മാൎജ്ജാരാകൃതിതന്നിൽ
ചൊല്ക്കൊണ്ട പീതവൎണ്ണേ കറുത്തവരയോടും.
എത്രയും ബൃഹദ്ഗാത്രനായിരിക്കണമവൻ
പേൎത്തുമങ്ങവനൊട്ടും സടകൾ പാടില്ലതാൻ.
സിംഹത്തെ രചിക്കണം സുമനോഹരനായി,
സംഹൃതാംഗനായ് സൂക്ഷ്മകടിയായ് മഹാനായി,
പിന്നെയും മഹാബലൻ ബൃഹദ്ഭ്രൂഗണ്ഡനേത്രൻ,
എന്നല്ല സടാവാനും ബാലവേഷനുമായും.
വൎണ്ണമങ്ങവനെന്നും ധൂസരമായിടേണം,
ഉണ്ടായിടേണമതിൽ കൃഷ്ണലാഞ്ഛനങ്ങളും.
സിംഹവും വ്യാഘ്രമതും തമ്മിലുള്ളതാം ഭേദം
സംസ്ഥിതമാകുന്നതു ലാഞ്ഛനസടകളിൽ.
എന്നല്ലാതിവരുടെയാകൃതികൊണ്ടു പാൎത്താൽ
ചൊന്നിടാനില്ല ഭേദമൊന്നുമെതന്നെ നൂനം.
വാരണവദനവും നരരൂപവും ധ്വസ്ത-
മാകിയ കൎണ്ണങ്ങളും പൃഥുളമുദരവും,
സ്ഥൂലമായ് സംക്ഷിപ്തമായ്, ഗഹനമായിത്തഥാ
പീനമായ് വിലസിടും സ്കന്ധാംഘ്രിപാണികളും,
ദീൎഘശുണ്ഡവും മഗ്നവാമദന്തവും പുന-
രീപ്സിതവാഹനവുമല്പമായ് വളഞ്ഞേഴും
യഷ്ടിപോലിടത്തോട്ടു ഭഗ്നമാം തുമ്പിയതും
തിട്ടമുണ്ടായിടേണം ഹേരംബബിംബത്തിനു:
സന്ധ്യസ്ഥിധമനികൾ മറഞ്ഞങ്ങിരിക്കണം
സന്തതം സൂക്ഷ്മമാകുമളവിങ്കലും വേണം.

ശുണ്ഡാദണ്ഡത്തിന്നെന്നും നാലരവേണം താലം
അംഗുലം പത്തുവേണം മസ്തകത്തിനും തഥാ;
പിന്നെയും നാലംഗുലം വേണമങ്ങെല്ലായ്പ്പോഴും
നിൎണ്ണയം ഭ്രൂദണ്ഡങ്ങൾ രണ്ടിനുമൊന്നുപോലെ.
നാസികയായതവന്നുത്തരോഷ്ഠമാണത്രേ
ശേഷിച്ച ശുണ്ഡാഗ്രത്തിൽ പുഷ്കരമതുംവേണം.
കൎണ്ണത്തിന്നുണ്ടാകണം പത്തംഗുലങ്ങൾ ദൈൎഘ്യം
നിൎണ്ണയം വിസ്താരവുമെട്ടംഗുലങ്ങൾ വേണം.
കൎണ്ണങ്ങൾ രണ്ടിന്റെയുമന്തരേ വ്യാസമതു
പൂൎണ്ണമായേകതാലം ദ്വ്യംഗുലമായിടേണം.
മസ്തകമതിന്നുള്ള പരിധിയെല്ലായ്പ്പൊഴും
അസ്സലായ് മുപ്പത്തിയാറംഗുലമായിടേണം.
അത്രയുമംഗുലങ്ങൾ ലബ്ധമാകണം വീണ്ടും
മസ്തകപരിധിയായ് നേത്രത്തിന്നുപാന്തത്തിൽ.
നേത്രത്തിൻ കീഴിലായിക്കരത്തിൻ പരിവേശം
കൃത്യമായ് രണ്ടുതാലം രണ്ടംഗുലങ്ങൾ ദൃഢം.
കരത്തിന്നഗ്രത്തിനും പുഷ്കരത്തിനും വേണം
തരത്തിൽ ദശാംഗുലം പരിധിയെല്ലായ്പൊഴും.
കണ്ഠത്തിൻ ദൈൎഘ്യമതു മൂന്നംഗുലങ്ങളത്രേ
കണ്ഠത്തിൻ പരിവേശം മുപ്പതംഗുലങ്ങളും.
വയററിൻ പരിവേശം സൎവ്വദാ നാലുതാലം
വയററിൻ ദൈൎഘ്യമാറതല്ലെങ്കിലെട്ടംഗുലം.
ദന്തത്തിൻ ദൈൎഘ്യമതു നിൎണ്ണയം ഷഡംഗുലം
ദന്തമൂലത്തിൻ പരിണാഹവുമത്രതന്നേ.
അധരോഷ്ഠത്തിൻ ദൈൎഘ്യമാറംഗുലങ്ങൾ ദൃഢം
കമലാനചിതമായിപ്പുഷ്കരമിരിക്കണം.
മുപ്പത്താറംഗുലങ്ങൾ പരിധിയുണ്ടാകണം
എപ്പോഴുമൂരുമൂലമതിന്നു പിഴയാതേ.

തപ്പാതെ വേണമിരുപത്തിമൂന്നംഗുലങ്ങൾ
കെല്പാന്നോരൂരുവിൻെറയഗ്രത്തിൻ പരിധിയായ്.
ജംഘാമൂലത്തിനുള്ള പരിധിയത്തുനിത്യം
ശങ്കാഹീനമായെങ്ങുമയ് നാലംഗുലം തന്നേ.
ബാഹുമൂലത്തിനൊന്നു രണ്ടംഗുലങ്ങൾ കൂടി
ബാഹ്വഗ്രമതിന്നേക്കാൾ പരിധിയുണ്ടാകണം.
ശ്രോത്രനേത്രങ്ങൾ തമ്മിലുള്ളോരന്തരത്തിനു
ചോദ്യമെന്നിയേ വേണം നാലംഗുലങ്ങൾ നീളം.
നേത്രയുഗ്മത്തിൻ മൂലമധ്യാഗ്രാന്തരങ്ങൾക്കു
പത്തുമൊരേഴുമാറുമംഗുലം വേണം ക്രമാൽ.
പ്രത്യേകമായിഗ്ഗണനാഥൻെറ ബിംബത്തിനു-
ങ്ങിത്രയുമളവുകൾ തജ്ജ്ഞന്മാർ വിധിക്കുന്നു.
സ്ത്രീകൾതൻ സ്തനത്തിനു കിളരം വണ്ണമിവ-
യാകുലമെന്യേ വേണമഞ്ചംഗുലങ്ങൾ വീതം.
സ്ത്രീകൾതൻ കടിപ്രദേശത്തിനു പരിണാഹം
ഈരംഗുലങ്ങളോടു താലങ്ങൾ മൂന്നുദ്രാഢം.
സ്ത്രീകൾതന്നവയവമാകമാനവും കൂടി
മാഴ്കാതെയേഴ്താലം കൊണ്ടതായിരിക്കണം.
വൃദ്ധർതാലമാം കണക്കാകിലും മുഖത്തിനു
കോഴക്കൂടാതെ വേണ്ണം ദ്വാദശാംഗുലമാനം.
ബാലന്മാരാദികൾക്കു ദൈർഘ്യമതെല്ലാമെപ്പോഴും
ചാലവെ പൃഥക്പൃഥക്കായിട്ടു ഭവിച്ചിടും.
ശിശുക്കൾക്കുള്ള കണ്ഠം ഹ്രസ്വമായിരുന്നിടും
ശിശുക്കൾശീർഷം തഥാ സർവ്വദാ പൃഥുളവും.
കണ്ഠത്തിൻ കീഴ്ഭാഗങ്ങൾ വളരുംക്രമത്തിനു
കണ്ടിടാ ശീർഷത്തിനു വളച്ച് ശിശുക്കളിൽ.
കണ്ഠത്തിൻ കീഴ്ഭാഗങ്ങളാകവേ ബാലന്മാരിൽ
കണ്ടിടും മുഖത്തിൻെറ നാലരകൊണ്ടതായി.

കണ്ഠത്തിൻ കീഴ്ഭാഗത്തിൽ തുടങ്ങിസ്ഫിഗ്നാന്തവും
ഉണ്ടാകും ദൈർഘ്യമതു നിർണ്ണയമിരട്ടിയും.
പിന്നെയും തുടമുതൽ ശേഷിക്കും ഭാഗത്തിനു
വന്നിടും മുഖത്തിന്റെ രണ്ടുപങ്കളവതും.
ഹസ്തങ്ങൾക്കുള്ള നീളം മുഖത്തിൻ രണ്ടേകാലോ
തദ്വിധം മുഖത്തിന്റെ രണ്ടതോകൊണ്ടതാകും.
സ്ഥൂലതാവിഷയത്തിൽ നിയമമൊന്നുമില്ലാ
സ്ഥൂലത യഥാശോഭമിട്ടുകൊള്ളുകവേണം.
ബാലന്മാർ വളരുന്നു നിർണ്ണയം ദിനേദിനേ
മേലുമപ്പഞ്ചാബ്ദത്തിൽ തുടങ്ങി ദ്രുതംദ്രുതം.
നാരിമാർ ഷോഡശാബ്ദേ സർവാംഗപൂർണ്ണകളാം
പൂരുഷരതുപോലെ വിംശതിയതിങ്കലും.
ആകയാലേഴുതാലമാദിയാം മാനമതു
മാഴ്കാതെയിരുവർക്കുമർഹമായ് ഭവിക്കുന്നു.
ബാല്യത്തിൽ തന്നേവരും, ചിലർക്കു രൂപോച്ഛ്രയം
താരുണ്യേ വരും ചിലർക്കന്യർക്കു വാർദ്ധക്യത്തിൽ.
മുഖത്തിൻ കീഴിലായി ഗ്രീവയ്ക്കു മൂന്നംഗുലം
തികച്ചുംവേണം ഹൃദയത്തിനു നവാംഗുലം.
ഉദരത്തിനും വസ്തിയതിനും സക്ഥികൾക്കും
സതതംവേണം തഥാ പതിനെട്ടംഗുലങ്ങൾ.
ജാനുവിനുണ്ടാകണം മൂന്നംഗുലങ്ങൾ ദൃഢം.
ഊനമെന്നിയേ മുഴങ്കാലിനു പതിനെട്ടും.
ഗുല്ഫത്തിന്നധോഭാഗം ത്ര്യംഗുലമായിടേണം
നിർബാധം സപ്തതാലപ്രതിമയ്ക്കെല്ലായ്പോഴും.
നാലംഗുലങ്ങളെന്നും ഗ്രീവയ്ക്കുണ്ടാകവേണം
ചേലാന്ന പത്തംഗുലം ഹൃദയത്തിനും വേണം.
ഉദരത്തിനുവേണം നിർണ്ണയം ദശാംഗുലം,
അതുപോൽ ദശാംഗുലം വസ്തിക്കുമുണ്ടാകണം.

ഇരുപത്തൊന്നംഗുലം സക്‌ഥികൾക്കുവേണം
സുദൃഢം നാലംഗുലം വേണമജ്ജാനുവിന്നും.
ഇരുപത്തൊന്നുവേണം ജംഘകൾക്കംഗുലങ്ങൾ
ഇരുനാലതുന്നതം ഗുല്‌ഫാധഃസ്ഥലത്തിനും.
ഇതുകളെല്ലാമഷ്ടതാലങ്ങൾ കൊണ്ടീടുന്ന
പ്രതിമയ്ക്കുള്ള കണക്കാണെന്നു ധരിക്കണം.
മുഖത്തിന്നുണ്ടാകണം പതിമൂന്നംഗുലങ്ങൾ
തികച്ചുമത്രതന്നേ ഹൃദയത്തിനുംവേണം.
ഉദരത്തിന്നുവേണം പത്തംഗുലങ്ങൾ ദൃഢം
സതതം വസ്തിക്കുമങ്ങത്രയുംതന്നെ വേണം.
ഗുല്‌ഫാധഃസ്ഥലത്തിനും ഗ്രീവയ്ക്കും ജാനുവിനും
തപ്പാതെവേണം നിത്യമഞ്ചംഗുലങ്ങൾവീതം.
സക്‌ഥികൾക്കുണ്ടാകണമിരുപത്താറംഗുലം
അത്രയുംവേണം തഥാ നിർണ്ണയംജംഘകൾക്കും.
പത്തുതാലങ്ങളുള്ള ബിംബത്തിനുണ്ടാകണം
ഉച്ചിമേലൊരുമണിയംഗുലപ്രമാണത്തിൽ.
പത്തുതാലമാം ബിംബമതിന്നു ബാഹുക്കൾക്കു്
കൃത്യമായ്‌വേണമത്രേ പതിനഞ്ചംഗുലങ്ങൾ.
കുറഞ്ഞ കണക്കതിൽ തീർക്കുന്ന ബിംബങ്ങൾക്കു
കുറയുമിവ ന്യൂനം രണ്ടംഗുലങ്ങൾ വീതം.
നവതാലമാം ബിംബമതിനെക്കണക്കാക്കി-
സ്സതതം ന്യൂനാധിക്യം കല്പിച്ചുകൊണ്ടീടണം.
ദശതാലമാം ബിംബമതിന്നു പാദമാനം
ദശവുമഞ്ചുമാകുമംഗുലമായിടണം.
ദശതാലത്തിൽ കവിഞ്ഞുള്ളതാം ബിംബങ്ങൾക്കു
സതതം മുഖാദിയാം സകലഭാഗത്തിനും
അധികമായ്‌വരുന്ന താലത്തിനോരോന്നിനും
നിയതമോരംഗുലം കൂട്ടിവയ്ക്കുകവേണം.

അസുരർ, പിശാചന്മാർ, രാക്ഷസരിവരുടേ
പ്രതിമ, ദീർഘോരുവും ദീർഘജംഘവുമായും,
പണിതീടണം ക്രൂരം, വികടം, കരാളവും
ചിലവേളയിലതികൃശവുമായും തഥാ.
ഊനമാം കണക്കതിൽ തീൎത്തിടും ബിംബങ്ങൾക്ക
ന്യൂനമങ്ങോരോന്നിനും പാദങ്ങൾക്കുള്ള മാനം
ഓരോരോ വിരൽവീതം കുറച്ചുകൊണ്ടീടണം
നേരാണു പണിചെയ്യും വിദഗ്ദ്ധൻ ശില്പിവൎയ്യൻ.
യാതൊരുകണക്കിലും മദ്ധ്യമവിരലിന്റെ
നീളമതഞ്ചംഗുലമായതിൽ കുറഞ്ഞതായ്
തീരരുതത്രേ ദൃഢം, നിൎണ്ണയമൊരിക്കലും
ആറംഗുലത്തിൽ കവിഞ്ഞീടുന്നതായും തഥാ.
ബിംബങ്ങൾ ചമയ്ക്കുന്ന ശില്പികളൊരിക്കലും
നിൎമ്മിച്ചുകൂടാ ദൃഢം ബാലതുല്യമാം രൂപം.
ഉണ്മയിൽ തരുണന്റെ ബിംബംതാൻ പണിയണം
നിൎമ്മായം വൎജ്ജിക്കണം വൃദ്ധതുല്യവും നിത്യം.
ഈവിധം ദേവന്മാരെ പ്രതിഷ്ഠിക്കണം നൃപൻ
ആവിൎമ്മോദേന നൂനം രാജ്യത്തിലെല്ലാടവും.
ദേവന്മാൎക്കുള്ളതാകുമുത്സവാദികളെല്ലാം
ഭൂപതി വൎഷന്തോറും നടത്തിക്കണം ക്രമാൽ.
ക്ഷേത്രത്തിലെങ്ങും മാനഹീനമാം ബിംബത്തെയോ
ഭഗ്നമാം ബിംബത്തെയോ വച്ചുകൊണ്ടിരിക്കൊലാ.
ക്ഷേത്രവും ബിംബങ്ങളും ജീൎണ്ണോദ്ധാരണം ചെയ്തും
ആസ്ഥയാ ദേവന്മാരെ നിത്യവുമാരാധിച്ചും
ക്ഷേത്രത്തിലുണ്ടാകുന്ന നൃത്യാദി സമീക്ഷിച്ചും
ചിത്തശുദ്ധിയോടെന്നും പൃഥ്വീശൻ വാണീടണം.
തദ്വിധമല്ലാതെ തൻസ്വന്തമാം ഭോഗങ്ങളിൽ
ചിത്തത്തെയൊരിക്കലും നിൎത്തരുതത്രേ നൃപൻ.

പ്രജകളുൽഷ്ഠിക്കുമുത്സവങ്ങളെയെല്ലാം
പരിചിൽ പാലിക്കണം നിൎണ്ണയം പ്രജാപാലൻ.
പ്രജകളാനന്ദിക്കേ മോദിച്ചുകൊണ്ടിടണം
പ്രജകൾ ദുഃഖിക്കവേ ദുഃഖവും പൂകിടേണം.

നാലാം അധ്യായം നാലാംപ്രകരണം സമാപ്തം

## നാലാംഅധ്യായം അഞ്ചാം പ്രകരണം

## സംഗതിവിവരം.

---

(വരിക്രമത്തിനു്)

ഫ—വർ. രാജാവു ദുഷ്ടനിഗ്രഹണം ചെയ്യണം. വ്യവഹാര കാൎയ്യങ്ങൾ കേട്ടു തീൎച്ചചെയ്യണം.

വ്യവഹാരം എന്നതിൻെറ അൎത്ഥവിവരണം.

ഏകനായിട്ടു വാദകാൎയ്യങ്ങൾ രാജാവു കേൾക്കരുതു്. സഭയിൽവച്ചു പരസ്യമായി കേൾക്കണം.

വഌ—ർന്ന. പക്ഷപാതാരോപണത്തിനുള്ള കാരണങ്ങൾ.

രാജാവിനു സ്വയം സഭയിൽചെന്നു കാൎയ്യങ്ങൾ കേൾക്കാൻ സൌകൎയ്യമില്ലാതെ വരുമ്പോൾ ഉള്ള നടപടി. അതായതു തൽസ്ഥാനത്തിൽ വിദ്യാസമ്പന്നനായ ഒരു വിപ്രനെ നിയമിക്കണമെന്നു.

ർ൭—ന്ന൨. അപ്രകാരമുള്ള വിപ്രൻെറ അഭാവത്തിൽ ക്ഷത്രിയനെ നിയമിക്കണം. ശൂദ്രനെ നിയമിച്ചുകൂടാ. രാജാവു ഏതു ജാതിജനാണോ ആ ജാതിജനെ നിയമിക്കാം. സാമാജികന്മാരായി നിയമിക്കപ്പെടേണ്ടവർ എങ്ങിനെയുള്ളവരായിരിക്കണമെന്നു.

ന്ന൨—വ്യർ. ചില കൂട്ടക്കാരുടെ വിഷയത്തിൽ അവരുടെ കാൎയ്യങ്ങൾ അവർമുഖേനതന്നേ കേട്ടു തീൎച്ചചെയ്യിക്കണം.

വ്യ൭—ഫ൨. തൽകാൎയ്യത്തിനു ആസ്പദമാകുന്ന ഗ്രാമത്തിലുള്ളവരാണു് വാദകാൎയ്യങ്ങൾ നിൎണ്ണയിക്കുന്നതിനു ഏററവും പററിയവർ. എന്നാലും യോഗ്യന്മാരായ സഭ്യന്മാർ ഉണ്ടായിരിക്കണം.

ഫന്ന—ഫവ്വ. സഭയിൽ പോകയാണെങ്കിൽ സത്യം പറയണം. അല്ലെങ്കിൽ സഭയിൽ പോകരുതു. അല്ലാത്തവൻ പാപിയാണു്.

൧൦൯—൧൨൪. ചിലതരം കേസുകൾ വിസ്തരിക്കുന്നതിനു പ്രത്യേക കുടുംബക്കാരെയും പഞ്ചായത്തു മുതലായവയെയും ചുമതലപ്പെടുത്താം.

൧൨൫—൧൩൨. ഒററശ്ശാസ്ത്രം മാത്രം പഠിച്ചവൻ കാൎയ്യങ്ങൾ കേട്ടു തീർച്ച ചെയ്യുന്നതിനു യോഗ്യനല്ല. ബഹുശാസ്ത്രങ്ങൾ അഭ്യസിച്ചിരിക്കണം.

൧൩൩—൧൩൬. സഭാസ്താരൻ (സഭയുടെ കാൎയ്യദർശി) എങ്ങിനെയുള്ളവനായിരിക്കണമെന്നു.

൧൩൭—൧൫൮. വ്യവഹാരങ്ങൾ കേട്ടു തീർച്ച ചെയ്യാൻ വിളിച്ചുകൂട്ടുന്ന രാജസഭയിൽ പത്തു സാധനാംഗങ്ങൾ ഉണ്ടായിരിക്കണം. അവ (൧) ഭൂപതി (൨) അധികാരികൾ (൩) സഭ്യന്മാർ (൪) സ്മൃതികൾ (൫) ലേഖകൻ (൬) ഗണകൻ (കണക്കപ്പിള്ള) (൭) സ്വർണ്ണം (൮) അഗ്നി (൯) വെള്ളം (൧൦) സ്വപുരുഷൻ (വക്കീൽ).

ഈ ഓരോ അംഗങ്ങളുടെയും ജോലിയും ഉപയോഗവും.

൧൫൯—൧൬൨. ധർമ്മാധികരണം (നീതിന്യായക്കോടതി) എന്നതിന്റെ അൎത്ഥവിവരണം.

൧൬൩—൧൬൮. വ്യവഹാരങ്ങൾ കേൾക്കാനായി രാജാവു സഭയിൽ പ്രവേശിക്കുമ്പോൾ ആരാലെല്ലാം അനുഗതനാകണമെന്നു. രണ്ടുഭാഗവും ഒരുപോലെ വീക്ഷിക്കണം.

൧൬൯—൨൦൪. ജാത്യാചാരങ്ങളും നാട്ടാചാരങ്ങളും മററും ആദരിക്കണം. പൂർവ്വന്മാർ പരമ്പരയായി ആചരിച്ചുവന്ന കൎമ്മങ്ങൾ അനുഷ്ഠിക്കുന്നതു കുററകരമല്ല. എന്നാൽ ദുഷ്കൃത്യം ചെയ്യുന്നവരെ ശരിയായി ശിക്ഷിക്കണം. സാധാരണയായി മദ്ധ്യാഹ്നത്തിൽവേണം വ്യവഹാരങ്ങൾ കേൾക്കേണ്ടതു. എന്നാൽ നരഹത്യ മുതലായ ഗുരുതരങ്ങളായ കാൎയ്യങ്ങളിൽ ഈ നിയമം ബന്ധിക്കയില്ല.

൨൦൫—൨൧൨. അന്യായക്കാരൻ ഏതു അവസരത്തിൽ സഭയിൽ ചെന്നു അയാളുടെ സങ്കടം അറിയിക്കണമെന്നു. ആ സങ്കടം എഴുതിയോ മററോ വിവരമായി അറിയിക്കണം.

൨൧൩—൨൩൩. രാജാവു അന്യായക്കാരനോടു എന്തെല്ലാം ചോദ്യങ്ങൾ ചോദിക്കണമെന്നും; അയാളുടെ മൊഴി രേഖപ്പെടുത്തണമെന്നും; ചോദ്യങ്ങൾ രാജാവിന്റെ അഭാവത്തിൽ പ്രാഡ്വിവാകൻ ചോദിക്കണമെന്നും.

൨൩൬—൨൪൦. പ്രാഡ്വിവാകൻ എന്ന പദത്തിന്റെ അൎത്ഥം.

൨൪൧—൨൪൨. സഭ്യന്മാർ എന്നാൽ ആരാണു്?

൨൪൩—൨൪൪. വ്യവഹാരകാരണം അന്യായം ഫയലാക്കുമ്പോൾ ഉത്ഭവിക്കും.

൨൪൫—൨൫൩. രാജാവോ രാജപുരുഷന്മാരോ സ്വയമേ കേസുകൾ ഉണ്ടാക്കിക്കൂടാ. കക്ഷിയുടെ പരാതിയിന്മേലേ പാടുള്ളൂ. എന്നാൽ രാജാവുതന്നെ വാദിയായി വരാവുന്ന സംഗതികളിൽ കേസുകൾ സ്വയമേ എടുക്കാം.

൨൫൬—൨൬൪. സൂചകർ, സ്തോഭകർ, എന്നീ പദങ്ങളുടെ അൎത്ഥവ്യാഖ്യാനം.

൨൬൫—൩൨൩. അന്യായംകൂടാതെ എടുക്കാവുന്ന കേസുകളുടെ വിവരങ്ങൾ.

൩൨൬—൩൩൦. അന്യായക്കാരൻ കോർട്ടലക്ഷ്യം കാണിച്ചാൽ ശിക്ഷിക്കണം.

൩൩൧—൩൪൦. ആവേദനം (അന്യായം) എന്നാൽ എന്തു്?

ആദ്യമായിട്ടു അന്യായക്കാരനെ വിസ്തരിക്കണം. പിന്നീടു തെളിവു വാങ്ങണം. മൊഴികളിൽ വാദിയെക്കൊണ്ടു അടയാളം വയ്പിക്കണം.

൩൪൧—൩൪൪. പക്ഷപാതം മുതലായതു കാണിക്കുന്ന സഭ്യരെ പിരിച്ചുവിടണം.

൩൪൫—൩൫൩. വാദിയുടെ മൊഴികൊണ്ടും മററും പൂർവ്വപക്ഷം (അതായതു കേസുണ്ടെന്നു) സ്ഥാപിച്ചു കഴിഞ്ഞാൽ മേൽനടപടി ആരംഭിക്കണം.

തെളിവു വാങ്ങുന്നതുവരെ വാദിയെ നിരോധത്തിൽ നിറു ത്തണം.

പ്രതിക്കാരൻ ഹാജരാകയില്ലെന്നോ മറേറാ കണ്ടാൽ അവ നെ ആസേധത്തിൽ (തടങ്ങലിൽ) നിറുത്തുന്നതിനു വാദിക്കു അപേക്ഷിച്ചു കല്പന വാങ്ങാം.

൩൫൭—൩൭൭. ആസേധം നാലുവിധം. ആസേധത്തിനു വിഷയമാകുന്നവൻ അതു ലംഘിച്ചുകൂടാ.

൩൭൮—൪൧൪. പ്രതിക്കു ആഹ്വാനം (സമൻസു) അയ ക്കണം. ഇന്നിന്ന ജനങ്ങളുടെമേൽ നിർബന്ധിത നടപടികൾ നടത്താൻ മേലാ എന്നും, എന്നാൽ കാൎയ്യത്തിൻെറ ഗൌരവം അനു സരിച്ചു ഇവരുടെമേലും ചിലപ്പോൾ നടപടി നടത്താമെന്നും.

൪൧൫—൪൩൨. വക്കീൽവച്ചു വാദിക്കാം. രക്ഷാകൎത്താക്കൾ ക്കും ബന്ധുക്കൾ മുതലായവൎക്കും കാൎയ്യങ്ങൾ ബോധിപ്പിക്കാം. വക്കീലിനു കക്ഷിയുടെ സകല അധികാരവുമുണ്ടു്.

൪൩൩—൪൪൮. വക്കീലിനു (നിയുക്തനു) കൊടുക്കേണ്ട ഫീസ്സു ഇന്നതാണെന്നു.

വക്കീൽ യോഗ്യതയുള്ളവനായിരിക്കണം.

൪൪൯—൪൫൨. കക്ഷിയുമായി യാതൊരു അർഹതയുമില്ലാത്ത യാൾ വന്നു വാദിക്കാൻ തുടങ്ങിയാൽ ശിക്ഷിക്കണമെന്നു.

൪൫൩—൪൫൬. ചില തരം സ്ത്രീകളെ സമനയച്ചും മററും വരുത്താമെന്നു.

൪൫൭—൪൬൦. അന്യായത്തിലെ കക്ഷികൾ മരിച്ചാൽ അവ കാശികൾ കക്ഷിചേരാം. അപ്രകാരം ചെയ്യാഞ്ഞാൽ കേസു തള്ളാം.

൪൬൧—൪൬൬. കൊലപാതകം മുതലായ ചില കുററങ്ങ ളിൽ വക്കിൽ പാടില്ല; പ്രതിതന്നെ വാദിക്കണം.

൪൬൭—൪൭൦. സമൻപ്രകാരം ഹാജരാകാതെ അഹങ്കരിച്ചു മനഃപൂൎവ്വം പിൻവാങ്ങിനിൽക്കുന്നവനെ ശിക്ഷിക്കണം.

൪൭൧—൪൮൬. ജാമ്യത്തിൽ വിടാം. ജാമ്യഉടമ്പടിയുടെ വാചകം. ജാമ്യക്കാരൻ ഏതുപ്രകാരമുള്ളവനായിരിക്കണമെന്നു്.

ർവ്വൌ—ർൻർ. കള്ളത്തെളിവു നിർമ്മിക്കാൻ ഇടവരാതെ ഇരുകക്ഷികളേയും നിരോധത്തിൽ നിറുത്തണം.

ർൻമ—ർൻവ്വ. സാധ്യം, പക്ഷം എന്നി വാക്കുകളുടെ അർത്ഥങ്ങൾ.

ർൻൻ—ദവവ. ഭാഷാദോഷം പക്ഷാഭാസം ഇതുകൾ വർജ്ജിക്കണം.

അപ്രസിദ്ധം, നിരാബാധം, നിഷ്പ്രയോജനം, വിരുദ്ധം, നിരർത്ഥം എന്നിവാക്കുകളുടെ അർത്ഥവിവരണം.

ദവന—ദവൌ. വാദി എതിർഭാഗംചേൎന്ന വിപരീതമായി വാദിക്കയോ മററോ ചെയ്താൽ അവനെ ശിക്ഷിക്കണം.

ദവവ്വ—ദർവ്വ. ആദ്യമായി പൂർവ്വപക്ഷം നിശ്ചയപ്പെടുത്തി കാര്യത്തിൻെറ ഗ്രാഹ്യാഗ്രാഹ്യം ശോധന ചെയ്യണം. അതായതു വാദിയുടെ മൊഴി മുതലായതുകൊണ്ടു കേസ്സ് ഉണ്ടോ എന്നു നിശ്ചയിക്കണം. അതിനുശേഷംവേണം ഉത്തരപക്ഷം ഗ്രഹിക്കേണ്ടതു്. അതായതു പ്രതിയുടെ മൊഴി മുതലായതു വാങ്ങേണ്ടതു്. പ്രതികൊടുക്കുന്ന മൊഴി സാരമായ എല്ലാഭാഗങ്ങൾക്കും സമാധാനമായിരിക്കണം. ചോദിക്കാതെ ആരും ഉത്തരം പറഞ്ഞുകൂടാ. പ്രതി ഉത്തരം ബോധിപ്പിക്കാതെ മൌനം ദീക്ഷിച്ചാൽ സാമദാനാദികൾ പ്രയോഗിക്കണം.

ദർൻ—ദദവ. കക്ഷികൾ മുതലായവർ മൊഴിയിൽ മനഃപൂർവ്വമായോ അറിവുകേടുകൊണ്ടോ വിട്ടുകളയുന്ന ഭാഗങ്ങൾ ചോദ്യം ചെയ്തു വരുത്തണം.

ദദന—ദൻവ. പ്രതിയുടെ ഉത്തരം നാലുപ്രകാരത്തിൽ ഇരിക്കും.

(ക) സത്യം (അതായതു അന്യായം സമ്മതിക്കുക)

(ഖ) മിഥ്യോത്തരം (വിസമ്മതിക്കുക)

(ഗ) പ്രത്യവസ്കന്ദനം (അന്യായത്തിലെ വാചകം സമ്മതിച്ചും, മററു കാരണങ്ങളാൽ തർക്കിച്ചും മൊഴികൊടുക്കുക)

(ഘ) പൂർവ്വന്യായം (മുമ്പു തീർച്ചപ്പെട്ട കാര്യം അതായതു Resjudicata എന്നു വാദിക്കുക)

൨൯൩—൩൦൨. ഓരോ കാൎയ്യത്തിലും (ഓരോ കേസിലും) നാലു പാദങ്ങൾ ഉണ്ടു്.

അവ (൧) പൂൎവപക്ഷം (വാദിയുടെ കേസ്സു)

(൨) ഉത്തരം (പ്രതിമൊഴി)

(൩) ക്രിയാ (തെളിവു)

(൪) നിൎണ്ണയം (തീൎപ്പ്)

൩൦൩—൩൧൩. പ്രതിയുടെ ഉത്തരത്തെ പരാമർശിച്ച ശേഷം തെളിവുഭാരം ആൎക്കാണെന്നു സഭ്യന്മാർ നിശ്ചയിക്കണം. പ്രാങ്ന്യായം (Resjudicata) വാദിക്കുന്ന ആൾ അതിനെ തെളിയിക്കണം.

ഉത്തരം ബോധിപ്പിക്കേണ്ടു ഭാരം ചിലപ്പോൾ വാദിക്കും ഉണ്ടാകും.

൩൧൬—൩൩൦. തെളിവുകളെ പ്രഥമമായി രണ്ടായി തരംതിരിക്കാം.

(൧) മാനുഷം സാക്ഷ്യം

(൨) ദൈവികം സാക്ഷ്യം

മാനുഷം സാക്ഷ്യം മൂന്നുവിധം:—

(൧) വാചാസാക്ഷ്യം

(൨) രേഖാസാക്ഷ്യം

(൩) ഭുക്തി (വസ്തു അനുഭോഗം)

മാനുഷം സാക്ഷ്യത്തിനു ഭൂതം എന്നും ദൈവികത്തിനു ഭവ്യം എന്നും പേരു പറയും. സാക്ഷ്യങ്ങൾ സത്യമെന്നും അസത്യമെന്നും വീണ്ടും രണ്ടുവിധം വരും.

കള്ളസ്സാക്ഷ്യത്തെ തടയണം.

൩൩൧—൩൪൦. സാധന ദർശനം. അതായതു തെളിവു മുതലായതു വാങ്ങി വിസ്താരം നടത്തുക. സാധനദർശനത്തിൽ കാലതാമസം പാടില്ല. കാലതാമസം കാൎയ്യഹാനിദമായി വരും. സാധനത്തിന്റെ ദോഷങ്ങൾ (തെളിവിന്റെ ന്യൂനതകൾ) എതിർകക്ഷി ചൂണ്ടിക്കാണിക്കണം.

൩൪൧—൩൪൪. കള്ളക്കേസ്സ കൊണ്ടുവരുന്നവനെ ശിക്ഷിക്കണം. കേസ്സ തള്ളുകയും വേണം.

൩൪൫—൩൫൨. കള്ളസ്സാക്ഷ്യം ഹാജരാക്കുന്നവനെയും കള്ളസ്സാക്ഷി എഴുതുന്നവനെയും ശിക്ഷിക്കണം.

൩൫൩—൩൬൦. ലിഖിതസാക്ഷ്യം (രേഖാസാക്ഷ്യം). രേഖ രണ്ടുവിധം.

(൧) രാജകീയം, (൨) ലൌകികം.

രേഖ സ്വന്ത കയ്യുടയായും വരാം. അന്യൻെറ കയ്യുടയായും വരാം. സാക്ഷിവച്ചതായും അല്ലാത്തതായും വരാം.

ലൌകിക ലിഖിതങ്ങൾ (൧) ഭാഗപത്രം, (൨) ദാനപത്രം, (൩) ക്രയപത്രം, (൪) വിക്രയപത്രം, (൫) ആദാനം, (൬) സംവിദ്ദാനം, (൭) ഋണപത്രം ഇങ്ങിനെ ഏഴുവിധം.

രാജശാസനം മൂന്നുവിധം.

൩൬൧—൩൯൨. രാജകീയ ലിഖിതത്തിൻെറ വൎണ്ണന.

രേഖകളിൽ അടങ്ങേണ്ട സംഗതികൾ.

൩൯൩—൪൦൩. ഇന്നിന്നപ്രകാരമുള്ള രേഖകൾ സ്വീകാൎയ്യമല്ല.

൪൦൪—൪൧൨. സാക്ഷി എന്ന പദത്തിൻെറ അൎത്ഥവിവരണം.

സാക്ഷികൾ പലവിധം.

(൧) ദൃക്സാക്ഷി.

(൨) ശ്രുതി സാക്ഷി

വീണ്ടും (൧) കൃതസാക്ഷി

(൨) അകൃതസാക്ഷി.

൪൧൩—൪൫൨. സാക്ഷി പറയാൻ യോഗ്യന്മാർ ആരെല്ലാം എന്നു.

ആരെ എല്ലാം സാക്ഷിയാക്കിക്കൂടാ എന്നു.

൪൫൩—൪൬൦. ഇരുകക്ഷികളുടെയും മുമ്പിൽവച്ചു തെളിവു എടുക്കയും വിസ്താരം നടത്തുകയും ചെയ്യണം. കോർട്ടിൽനിന്നും, മൊഴി കൊടുക്കണമെന്നു ഒരാളിനോടു ആവശ്യപ്പെട്ടാൽ അയാൾ

അപ്രകാരം ചെയ്യണം. അല്ലാത്തവൻ ശിക്ഷാർഹനാണ്.

തെളിവു എടുക്കേണ്ടും ക്രമം.

൭വ്യ൧—വ്യ൧൨. കള്ളസ്സാക്ഷ്യം കഥിക്കുന്നതിൻെറ ദോഷങ്ങൾ സാക്ഷിയെ പരസ്യമായി പറഞ്ഞു മനസ്സിലാക്കണം. കള്ളസ്സാക്ഷ്യത്തിൽ നിന്നും ഉണ്ടാകുന്ന പാപങ്ങളെ വർണ്ണിക്കണം.

വ്യ൧ന—വ്യ൧ന്ന. തെളിവു ഹാജരാക്കുന്നതിൻ വേണ്ടിടത്തോളം കാലം അനുവദിക്കണം.

വ്യ൧൭—വ്യ൫ന്ന. രേഖാസാക്ഷ്യത്തിൻെറ അഭാവത്തിൽ എന്തു ചെയ്യണമെന്നു. വാചാസാക്ഷ്യത്തിൻെറ അഭാവത്തിൽ എന്തുചെയ്യണമെന്ന്. ശരിയായ അനുഭവം തെളിയാത്തപ്പോൾ എന്തു നടപടി എന്നു. ഓരോതരം സാക്ഷ്യത്തിൻെറയും ന്യൂനതകൾ.

വ്യ൫൭—വ്യവ്യ. കാലഹരണനിയമങ്ങൾ.

വ്യവ്യ൧—ൻ൦൨. മുൻപറഞ്ഞ മൂന്നുതരം തെളിവും ഇല്ലെങ്കിലുള്ള നടപടി.

ൻ൦ന—ൻവ്യന്ന. ‘ദിവ്യ’സാക്ഷ്യം പ്രയോഗിക്കേണ്ടതിനെപ്പററി. (ദിവ്യം=trial by ordeal) ദിവ്യം എന്നതിൻെറ അർത്ഥവിവരണം. ദിവ്യസാക്ഷ്യത്തിൻെറ വിവിധരൂപങ്ങൾ. ദിവ്യം എപ്പോൾ പ്രയോഗിക്കണമെന്നു. ദിവ്യം ചെയ്യണമെന്നു പ്രതിയോടേ ആവശ്യപ്പെടാവൂ.

വാദി സ്വയമേ സമ്മതിച്ചാലാകാം. വാദി ശിരസ്ഥാനത്തിരിക്കുമ്പോൾ പ്രതിക്കു ദിവ്യം കൊടുക്കണം.

ൻവ്യ൭—൧൦൨ർ. വാദിയുടെ മുമ്പിൽ വച്ചല്ലാതെ ദിവ്യസാക്ഷ്യം ഏതേതു കാൎയ്യങ്ങളിൽ ആകാമെന്നു. ചില സംഗതികളിൽ ദിവ്യസാക്ഷ്യം മാത്രമേ വിധിക്കാവൂ.

കൊലപാതകക്കുററത്തിനു ദിവ്യം കൊടുക്കണമെന്നു അപേക്ഷിച്ചാൽ അപ്രകാരം ചെയ്യണം. ഏതെല്ലാം സംഗതികളിൽ ദിവ്യം വിധിക്കാമെന്നു.

൧ർ൨൫—൧ർവ്യ. ഇന്നിന്ന സംഗതികളിൽ ദിവ്യം പാടില്ലാ എന്നു.

൧൦൪൮—൧൦൫൨. കാൎയ്യനിൎണ്ണയം (കേസിന്റെ തീരുമാനം) ആറു മാൎഗ്ഗങ്ങൾമൂലം ആയിരിക്കും. അതായത്—

൧. പ്രമാണത്താൽ (തെളിവുകളാൽ)

൨. ഹേതുവാൽ (വാദപ്രതിവാദങ്ങൾ)

൩. ചരിതത്താൽ (നാട്ടുനടപ്പ്)

൪. ശപഥത്താൽ (സത്യം ചെയ്യൽ)

൫. രാജകല്പനയാൽ.

൬. പ്രതിയുടെ സമ്മതത്താൽ.

൧൦൫൩—൧൦൬൦. ഇന്നിന്ന കാൎയ്യങ്ങളിൽ രാജകല്പനകൊണ്ടു തീരുമാനിക്കണമെന്ന്.

൧൦൬൧—൧൦൭൪. രാജാവിനും സഭ്യന്മാൎക്കും ചില ധൎമ്മോപദേശങ്ങൾ.

൧൦൭൫—൧൦൭൭. ഇന്നിന്ന ശിക്ഷകൾ സഭ്യന്മാൎക്കുവിധിക്കാം.

പിഴശിക്ഷയും കൊലശിക്ഷയും രാജാവിന്റെ അധികാരമാണ്.

൧൦൭൮—൧൧൦൪. കേസു പുതുതായി കേട്ടു തീൎച്ച ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ.

൧൧൦൫—൧൧൧൨. ജയപത്രം (ജഡ്ജിമെന്റ്) എങ്ങിനെ ലഭിക്കുന്നു എന്ന്.

൧൧൧൩—൧൧൨൦. ധൎമ്മോപദേശങ്ങൾ.

൧൧൨൧—൧൧൫൪. അച്ഛൻ, പുത്രൻ, ആദിയായവരുടെ വസ്തു അവകാശം.

൧൧൫൫—൧൧൬൭. മുതൽ കൈവശംവച്ചു കൊണ്ടിരിക്കുന്നതുകൊണ്ടു മാത്രം മുതലിനു ഒരാൾ ഉടമസ്ഥനാകയില്ല. അതു ചട്ടപ്രകാരം ലഭിക്കണം.

൧൧൬൮—൧൧൭൨. പുത്രൻ പുത്രി ആദിയായവരുടെ ഭാഗവീതവും പിൻവാഴ്ച്ചക്രമവും.

൧൧൭൩—൧൧൮൦. 'സൌദായികം ധനം' എന്നാൽ എന്ത്?

ഫഫൻഫ—ഫ,ഫൻർ. പിതൃധനത്തോടു ബന്ധമില്ലാത്ത പ്രത്യേക സ്വത്തിന്മേൽ ഉടമസ്ഥന്നു സർവ്വസ്വാതന്ത്ര്യവും ഉണ്ടു്.

ഫഫൻ൭—ഫഫൻവ്യ. സ്വത്തിനെ കള്ളന്മാരിൽനിന്നും മററും രക്ഷിക്കുന്നവന്നു അതിന്മേൽ ഒരു അംശത്തിന്നു അവകാശം ഉണ്ടു്.

ഫഫൻൻ—ഫവന൦. വേലക്കാക്കു കൂലി കൊടുക്കേണ്ടതിന്റെ കൂലിക്രമവും മററും.

ഫവനഫ—ഫവനവ്യ. ഒമ്പതുകൂട്ടം ധനം ഒരിക്കലും അന്യാധീനപ്പെടുത്തിക്കൂടാ. അവകാശമില്ലാത്ത മുതലിനെ കൊടുക്കൽ വാങ്ങൽ ചെയ്യുന്നവർ ശിക്ഷാർഹരാണു്.

ഫവനൻ—ഫവർന്ന. ഋത്വിക്കിനെയും യാജ്യനെയും സംബന്ധിക്കുന്ന കാര്യങ്ങൾ.

ഫവർ൬—ഫവ൭൦. കച്ചവടലാഭം ചെലവുനീക്കി മുപ്പത്തിരണ്ടിലൊന്നോ പതിനാറിൽ ഒന്നോ അംശമായിരിക്കണമെന്നു്.

ഫവ൭ഫ—ഫവ൭ന്ന. മൂലധനത്തിന്റെ ഇരട്ടിപലിശ പററിയാൽ പിന്നീടു മൂതലിൻ അല്ലാതെ പലിശയ്ക്കു അവകാശമില്ല.

ഫവ൭൬—ഫവന്ന൦. ചക്രവൃദ്ധി (പലിശയ്ക്കു പലിശ) അനുവദിക്കരുതു.

ഫവന്നഫ—ഫവ൬ർ. കടക്കാരന്നു കടംവീടാൻ ശക്തിയുണ്ടെങ്കിൽ അവനെക്കൊണ്ടു കടം വീട്ടിക്കണം.

കടപ്പത്രം കൈമോശം വന്നുപോയാലുള്ള നടപടി മുതലായതു.

ഫവ൬൭—ഫവ൬ന്ന. ശില്പികൾക്കു കൂലി കൊടുക്കേണ്ട വിധം.

ഫവ൬൬—ഫവവ്യ൦. വെള്ളി വില്പനക്കാർ ചുങ്കമായി കൊടുക്കേണ്ട അംശം.

ഫവവ്യഫ—ഫനവർ. പൊന്നു, വെള്ളി മുതലായ ലോഹങ്ങളിൽ കള്ളം ചേർത്താൽ അറിയേണ്ട മാർഗ്ഗങ്ങൾ മുതലായതു്.

## ൪-ാം അദ്ധ്യായം.

### ൧-ാം പ്രകരണം.

(കേക)

ദുഷ്ടനിഗ്രഹണം ചെയ്തീടണം പൃഥ്വീപതി,
നിഷ്ഠയാ വ്യവഹാരമനുദൎശിച്ചു സദാ.
സ്വാജ്ഞപോൽ വൎത്തിക്കുവാൻ ശക്യരാം പ്രജാവലി
നിശ്ചയം നൃപാലനു നിത്യവും സ്വാധീനർ താൻ.
ദുഷ്ടനായിട്ടുന്നവൻ, സ്വേഷ്ടഹാനിയേ ചെയ്വൂ,
ശത്രുവാണവൻ മേലും പ്രചരിപ്പിപ്പൂ പാപം.
സ്വപ്രജാക്ഷേമത്തിനേ സ്സമ്പാദിപ്പതും നൃപൻ
സ്വപ്രജാപാലനത്തേച്ചെയ്വതും ന്യായ്യമെന്നും.
ശത്രുനാശനത്തിനാലുദ്ദിഷ്ടമാകുന്നതു
ശത്രുവിൽ നിന്നുമുണ്ടാമനിഷ്ടനിവാരണം.
ദുഷ്ടനിഗ്രഹണത്താലുദ്ദിഷ്ടമാകുന്നതും
ദുഷ്ടകൃത്യത്തിൽ നിന്നും വിരമിപ്പിപ്പതത്രേ.
സത്തിൽ നിന്നസത്തിനേപ്പരിച്ഛേദനം ചെയ്തു,
നിത്യവുമാത്മാവെയും സ്വപ്രജാവൎഗ്ഗത്തെയും
ശുദ്ധമാംധൎമ്മത്തിങ്കൽ സ്ഥാപിച്ചുവയ്ക്കുന്നതും
അൎത്ഥസംസിദ്ധി വരുത്തുന്നതും വ്യവഹാരം.
ധൎമ്മശാസ്ത്രത്തിനൊത്തും ക്രോധലോഭങ്ങൾ വിട്ടും
വെണ്മയിൽ പ്രാഡ്വിവാകൻ, ബ്രാഹ്മണൻ, പുരോഹിതൻ,
പിന്നെയുമമാത്യനെന്നിവരോടൊത്തും നൃപൻ
ശാന്തമായ് വ്യവഹാരകാൎയ്യങ്ങൾ ചിന്തിക്കണം.
ഏകനായ് വാദകാൎയ്യം കേട്ടുകൊൾകൊലാ നൃപൻ,
ഏകനായ് വിസ്തരിച്ചിടരുതു കക്ഷികളേ.

കാൎയ്യജ്ഞനാകും നൃപൻ താനും തൻസദസ്യരും
കാൎയ്യങ്ങളൊരിക്കലും ഗൂഢമായ് കേട്ടീടൊലാ.
പക്ഷപാതാരോപണത്തിന്നുള്ളകാരണങ്ങൾ
പക്ഷമെന്നിയേ പാരിലഞ്ചാണു സുപ്രസിദ്ധം.
നിശ്ചയമവ രാഗദ്വേഷങ്ങൾ, ലോഭം, ഭീതി,
കക്ഷിയിൽനിന്നുവാങ്ങും ഗൂഢമാമറിവതും.
പൌരകാൎയ്യങ്ങൾ ചെമ്മേ ചെയ്യാത്ത മഹീശ്വരൻ
ഘോരമാം നരകത്തിൽ തപ്തമാമസംശയം.
അധൎമ്മമായി മോഹാൽ കാൎയ്യങ്ങൾചെയ്യും നൃപൻ
അവിളംബിതംതന്നേ ശത്രുക്കൾക്കടിപെടും.
മന്നവന്മാൎക്കു വാക്യേ നിൎണ്ണയം സ്വയംകൃതി
മന്നിതിലസ്വാൎഗ്ഗ്യവും ലോകനാശദവുമാം.
അന്യസൈന്യത്തിന്നുള്ള ഭയത്തേ ധ്വംസിച്ചിട്ടും
എന്നല്ലയായുൎബ്ബീജമായതും നശിപ്പിക്കും.
ആകയാൽ രാജാവെന്നും ശാസ്ത്രാൻസൃതമായി
മാഴ്കാതെ കാൎയ്യങ്ങളെക്കേട്ടതിക്കവേണം.
മന്നാവൻ താനേതന്നെ കാൎയ്യങ്ങൾ കേട്ടതിക്കാൻ
നിൎണ്ണയം സാധിക്കാതേവരുന്ന വിഷയത്തിൽ
വന്ദ്യനും വേദപാരംഗതനും ജിതേന്ദ്രിയൻ,
എന്നല്ല പക്ഷപാതരഹിതൻ, കുലീനനും,
എൻമേ സ്ഥിരചിത്തൻ, പരത്രഭീരു, പിന്നെ
ധൎമ്മൈകനിരതനുമുദ്വേഗരഹിതനും,
പിന്നെയും സ്ഥിരോത്സുകൻ, കാമവൎജ്ജിതനുമാം
അന്യൂനഗുണവാനാം വിപ്രനേ നേമിക്കണം.
വിദ്യാസമ്പന്നനാകും വിപ്രൻെറയഭാവത്തിൽ
നിശ്ചയം ധൎമ്മശാസ്ത്ര പരഗനായി വാഴും
ക്ഷത്രിയൻതന്നെ നേമിച്ചീടണം വൈശ്യനേയോ
വൎജ്ജിച്ചുകൊണ്ടീടണം ശൂദ്രനെ പ്രയത്നിച്ചും.

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYAKA VEEDU
MALAYINKIL

യദ്വർണ്ണജാതനായിബ്ഭവിപ്പൂ നരാധിപൻ
തദ്വർണ്ണജാതൻതന്നെ നിയുക്തനാക്കീടണം.
ഭോഷ്കല്ല രാജാവിന്റെ വർണ്ണത്തിൽ ജനിച്ചവർ
യോഗ്യരായിട്ടുതന്നേ പ്രായേണ ഭവിച്ചിടും.
വ്യവഹാരജ്ഞരായി, പ്രാജ്ഞരായ്, വൃത്തശീല-
ഗുണസമ്പന്നരായി, സ്സത്യവാദികളായി,
രിപുമിത്രാദിഭേദഹീനരായ്, ധർമ്മജ്ഞരായ്,
വിജിതകാമക്രോധലോഭരായ്, നിസ്തന്ദ്രരായ്,
സതതം പ്രിയംവദരായ്, സദാ കാര്യ്യജ്ഞരായ്,
അമരും ജനങ്ങളേ സ്സ്വജാതിയിൽ നിന്നും
നൃവരൻ വഴിപോലെ തിരഞ്ഞുകണ്ടെടുത്തി-
ട്ടവരെസ്സാമാജികന്മാരായി നേമിക്കണം.
കീനാശർ, കാരുകന്മാർ, ശില്പികൾ, കുസീദികൾ,
ശ്രേണികൾ, നർത്തകന്മാർ, ലിംഗികൾ, തസ്കരന്മാർ,
എന്നിവരെല്ലാവരും താന്താങ്ങൾ കാര്യ്യങ്ങളേ
സ്വന്തമാം ധർമ്മത്തിനാൽ നിർണ്ണയംചെയ്തിടേണം.
അന്യരാലിതു ശക്യമാകയില്ലാകയാലേ
തന്നുള്ളിലുള്ളോർകളാൽ നിർണ്ണയിപ്പിച്ചിടേണം.
ആശ്രമകാര്യ്യങ്ങളിൽ ദ്വിജന്മാർ തമ്മിൽതമ്മിൽ
അശ്രാന്തം നടക്കുന്ന രൂക്ഷമാം വാദങ്ങളിൽ
സൂക്ഷ്മമാം ധർമ്മത്തിനേക്കുറിക്കുമഭിപ്രായം
സ്വക്ഷേമകാംക്ഷിയായ നൃവരൻ കല്പിക്കൊലാ.
താപസന്മാർ തങ്ങളിലുണ്ടാകും വാദങ്ങളിൽ
വാദനിർണ്ണയം ചെയ്യിച്ചീടണം ത്രൈവിദ്യരാൽ.
മായായോഗജ്ഞരായോർകാര്യ്യത്തിലവരുടെ
കോപാവേശത്തെയോർത്തു തീർച്ചചെയ്കൊലാ സ്വയം.
വിജ്ഞന്മാരുൽകൃഷ്ടന്മാരുത്തമസ്വഭാവന്മാർ,
വിഖ്യാതഗുരുഭൂതരാചാര്യ്യർ താപസന്മാർ,

ഇച്ചൊന്ന ജനങ്ങൾക്കു നിൎണ്ണയമൊരിക്കലും
പൃഥ്വീശനുപദേശമായതു നല്കീടൊലാ.
ആരണ്യരാരണ്യരാൽ, സാൎത്ഥികർ സാൎത്ഥികരാൽ,
സൈനികർ സൈനികരാൽ, ഗ്രാമീണരയൽക്കാരാൽ;
ഈവണ്ണമോരോകൂട്ടർ സ്വന്തമാമിനക്കാരാൽ
പൊയ്യല്ല നിരന്തരം വിസ്തരിക്കപ്പെടേണം.
തൽക്കാൎയ്യത്തിനെല്ലാമാസ്പദമാകുന്നതും
തൽക്കക്ഷികൾ രണ്ടും പാൎപ്പതുമാകുന്നതാം
ദിക്കിലുള്ളവർ തന്നേ കാൎയ്യത്തിൻഗുണദോഷം
തക്കപോൽ വിചാരിക്കാൻ യോഗ്യരായീടുന്നവർ.
തിട്ടമെന്നാലും നൃപൻ ധാൎമ്മികന്മാരും തഥാ
തെറ്റാതെ പരീക്ഷിച്ചു യോഗ്യരെന്നറിഞ്ഞോരും,
ക്രൂരനെപ്പോലെ വാദകാൎയ്യങ്ങൾ വഹിക്കുവാൻ
പ്രാപ്തരുമായുള്ളോരേസ്സഭ്യരായ് നേമിക്കണം.
ലോകവേദജ്ഞരായും ഖ്യാതധൎമ്മജ്ഞരായും
ആകെയങ്ങേഴല്ലെങ്കിൽ നിൎണ്ണയമഞ്ചോ മൂന്നോ
ബ്രാഹ്മണർ കൂടി ന്യൂനമംഗങ്ങളായുള്ളതാം
വെണ്മയാം സഭ യജ്ഞസദൃശീസഭതന്നേ.
തത്രശ്രോതാക്കളായിട്ടെപ്പോഴുമുണ്ടാകണം
എത്രയും വിചക്ഷണരായിട്ടും വണിക്കുകൾ.
നിയുക്തനായീടിലുമല്ലാതെയിരിക്കിലും
വിദഗ്ദ്ധധൎമ്മജ്ഞനു സഭയിൽ സംസാരിക്കാം.
ശാസ്ത്രംകൊണ്ടുപജീവിച്ചീടുന്ന മനുഷ്യന്റെ
ഉക്തിയായതു നൂനം ദൈവിയാം വാക്കുതന്നേ.
സഭയിലൊന്നുകിലോ കേറാതെയിരിക്കണം,
അഥവാ കേറിട്ടുകിൽ സത്യത്തേക്കഥിക്കണം.
സഭയിൽചെന്നശേഷം മൌനിയായിരിക്കയോ
കപടമുരയ്ക്കയോ ചെയ്യുവോൻ പാപിതന്നേ.

പൃഥിവീവരനാലെ സമ്യക്കായ് വിദിതമാം
പ്രഥിതകുലങ്ങളും, ശ്രേണികൾ, ഗണാദിയും,
വഴിപോൽ വിചാരണചെയ്തുകൊണ്ടിടാമത്രേ
കളവൊന്നൊഴിച്ചുള്ള മററു കാൎയ്യങ്ങളെല്ലാം.
കുലങ്ങൾ വിചാരണചെയ്യാത്ത കാൎയ്യങ്ങളെ
സകലം ശ്രേണികളും, ശ്രേണികൾ ചെയ്യാത്തവ
നിഖിലം ഗണങ്ങളും, ഗണങ്ങൾ വിടുന്നവ
നിയതം വിചാരണചെയ്യണം നിയുക്തരും.
കുലങ്ങളാദിയെക്കാൾ സഭ്യന്മാരത്രേ ശ്രേഷ്ഠർ,
അഖിലസഭ്യരെക്കാളധ്യക്ഷൻ വിശിഷ്ടനാം,
സകലരിലുംവച്ചു നൃപതിതന്നേ ശ്രേഷ്ഠൻ
നിഖിലധൎമ്മാധൎമ്മ പ്രേരകനാകമൂലം.
ഉത്തമാധമം തഥാ മധ്യമമെന്നിങ്ങനെ
സിദ്ധമാം തൎക്കകാൎയ്യം ചൎച്ചചെയ്തിട്ടും വിധൌ
ശ്രേഷ്ഠമാം മനുഷ്യൻെറ ബുദ്ധിയായതു പാരിൽ
ഉത്തരോത്തരം ശ്രേഷ്ഠതരമായ് ഭവിക്കുന്നു.
ഏകമാം ശാസ്ത്രം പഠിച്ചീടിന ജനത്തിനു
കാൎയ്യനിൎണ്ണയം ചെയ്വാൻ വഴിപോൽ സാധിച്ചിടാ.
ആകയാൽ ബഹുശാസ്ത്രമഭ്യസിച്ചവൻ തന്നേ
ഭൂപനാൽ നിയുക്തനായിടണം കാൎയ്യം കേൾപ്പാൻ.
അധ്യാത്മചിന്തചെയ്യുമേകൻെറ വാക്കുപോലും
വ്യത്യസ്തമെന്യേ പാരിൽ ധൎമ്മമായ്ഭവിച്ചിട്ടും
ശ്രേഷ്ഠോത്തരന്മാരായ സഭ്യരേ വച്ചുകൊണ്ടു
പ്രത്യേകം പ്രത്യേകമായ് തൎക്കകാൎയ്യത്തെ നൂനം
പൃഥ്വീശനൊന്നോ രണ്ടോ മൂന്നോ പിന്നെയും നാലോ
പ്രത്യേകവേളകളിൽ ചിന്തനം ചെയ്തീടണം.
അൎത്ഥിയും, പ്രത്യൎത്ഥിയും, സഭ്യരും, ലേഖകരും,
തദ്വിധം പ്രേക്ഷകരുമാകിയോരെല്ലാരെയും

യുക്തമാം ധർമ്മവാക്യംകൊണ്ടു തൃപ്തിപ്പെടുത്താൻ
ശക്തനായവൻ സഭാസ്താരനായ് ഭവിക്കണം.
ഭൂപതി, അധികൃതർ, സഭ്യന്മാർ, സ്മൃതികളും,
ലേഖകൻ, ഗണകനും, ഹേമാഗ്നിതോയങ്ങളും,
കൂടാതെ സ്വപൂരുഷനായതും കൂടി നൂനം
സാധനാംഗങ്ങൾ ദശമാണത്രേ വ്യവഹാരേ.
ഇച്ചൊന്ന ദശാംഗങ്ങളൊക്കെയുമുള്ളതായി
നിശ്ചിതമായറിഞ്ഞും കൃതബുദ്ധിയായ്തിന്റും,
പൃഥ്വീശൻ ന്യായാന്യായം ചിന്തിച്ചുകൊള്ളുന്നതാം
പാർത്ഥിവസഭയതങ്ങധ്വരസമം തന്നെ.
അംഗങ്ങളിവ പത്തും ചെയ്യേണ്ടും കൃത്യങ്ങളും
മങ്ങാതെയുരചെയ്യാം നിർണ്ണയം പൃഥക്കായി.
വക്താവാകുന്നതിതിലദ്ധ്യക്ഷനാകുന്നവൻ,
ശാസ്താവു നൃപൻ, കാര്യാവേക്ഷകർ സഭ്യന്മാരും,
ജപദാനങ്ങൾ തഥാ ദമമെന്നിതുകൾക്കു
വിധികൾ ചൊല്ലുന്നതു നിർണ്ണയം സ്മൃതിയത്രെ.
സ്വർണ്ണവുമഗ്നിയതും ശപഥത്തിന്നായ് ദ്രവം
പിന്നെയജ്ജലം തൃഷ്ണാവിഷ്ടർക്കും ക്ഷുബ്ധന്മാർക്കും.
പണങ്ങളെണ്ണീടണം ഗണകനാകുന്നവൻ,
ലിഖിതം ചെയ്തിടേണം ന്യായത്തെ ലേഖകനും.
ശബ്ദാഭിധാനങ്ങൾതൻ സകലതത്വത്തിലും
വിജ്ഞരും ഗണിതത്തിലത്യന്തം വിദഗ്ദ്ധരും
നിശ്ചയം ശുചികളും വിവിധലിപിജ്ഞരും
ആക്കിവയ്ക്കണം നൃപൻ ഗണകലേഖകരെ.
ധർമ്മശാസ്ത്രത്തിന്നനുരൂപമാം വിധങ്ങളിൽ
ഉണ്മയിലർത്ഥശാസ്ത്രമായതിൻ വിവേചനം
നിർമ്മായമധികാരപൂർവ്വമായ് ചെയ്യും സ്ഥാനം
ധർമ്മാധികരണമെന്നുക്തമാകുന്നു പാരിൽ.

വ്യവഹാരങ്ങൾ കേട്ടുതീർത്തിടാനാശിച്ചിട്ടും
നൃവരനെല്ലായ്പ്പൊഴും ബ്രാഹ്മണരോടും തഥാ
നിയതം മന്ത്രജ്ഞരാം മന്ത്രിമാരൊടുംകൂടി
സഭയിൽ പ്രവേശിച്ചുകൊള്ളണം വിനീതനായ്.
ധർമ്മാസനത്തിൽ പിന്നീടാരൂഢനായശേഷം
ധർമ്മനിഷ്ഠയാ കാര്യം കേൾക്കുവാൻ തുടങ്ങണം.
രണ്ടുഭാഗവും സമവീക്ഷണം ചെയ്തു ചെമ്മേ
രണ്ടുകക്ഷികളോടും ചോദ്യങ്ങൾ ചെയ്തീടണം.
നാൾതോറും ദേശങ്ങളിൽ ദൃഷ്ടവും ശാസ്ത്രങ്ങളിൽ
ഈരിതമതുമാകും ഹേതുക്കൾകൊണ്ടു നൃപൻ,
ജാതിധർമ്മവും കുലധർമ്മവും നാട്ടുധർമ്മം,
ശ്രേണിധർമ്മവുംനോക്കി സ്വധർമ്മം പാലിക്കണം.
ദേശങ്ങൾ, ജാതി, തഥാ കുലങ്ങളിവ പണ്ടേ
ആചരിച്ചുണ്ടുപോരും ധർമ്മങ്ങളെല്ലായ്പ്പൊഴും
പാലിച്ചുകൊണ്ടീടണമതുപോൽ തന്നേ നൃപൻ,
ഭേദിച്ചാൽ പ്രജാവലി ക്ഷോഭിച്ചുവശായിടും.
ദക്ഷിണദേശത്തെല്ലാം മാതുലകുമാരിയെ-
യുദ്വഹിപ്പതു ചട്ടം ബ്രാഹ്മണജാതിതന്നിൽ.
മദ്ധ്യദേശത്തിലുള്ളോർ മത്സ്യാദരെല്ലാവരും,
ഭക്ഷിപ്പുഗോമാംസത്തെ ശില്പിയും തൊഴിൽക്കാരും.
തദ്ദേശവാസികളാം സ്ത്രീജനം വ്യഭിചാര-
തൽപ്പരമാരായ് ബത ഭവിച്ചീടുന്നു സദാ.
ഉത്തരദേശത്തുള്ള നാരിമാർ മദ്യപിപ്പു
സ്പൃശ്യരാണിവർ നൂനമൃതുകാലത്തിങ്കലും.
കശദേശത്തിലുള്ളോർ ഭ്രാതാവിൻ ഭാര്യതന്നേ
വിധവയായി വന്നാൽ പരിണയിച്ചീടുന്നു.
ഇത്തരം പ്രവൃത്തിയാലിവരങ്ങാരും പ്രായ-
ശ്ചിത്തത്തിനർഹരായിത്തീരുന്നതില്ലാ ദൃഢം.

പൂൎവ്വന്മാർ പരമ്പരയായനുഷ്ഠിച്ചു പോന്നോ-
രാചാരക്രമങ്ങളെയന്യങ്ങൾ വൎജ്ജിച്ചഥ,
പാരാതെ പരിപാലിച്ചീടുന്ന കാരണത്താൽ
നേരാണങ്ങിവക്കൊരു ദൂഷണം വരാനില്ല.
പരസ്ത്രീധനങ്ങളേക്കൊതിച്ചും, മദ്യപിച്ചും,
ത്യജിച്ചു വേദങ്ങളും, വരിച്ചു തന്ത്രങ്ങളും,
തരിമ്പു വിദ്യാധനാൽ മദിച്ചും വാണിടുന്ന
ജനത്തേ ദണ്ഡിക്കണം തീക്ഷ്ണമായ് കലിതന്നിൽ.
മദ്ധ്യാഹ്നത്തിങ്കൽ നൃപൻ ന്യായങ്ങൾ കേട്ടിടേണം.
നിശ്ചയം പൂൎവ്വാഹ്നത്തിൽ സ്മൃതികൾ ചിന്തിക്കണം.
തിട്ടമാണെന്നാൽ നരഹത്യാദി കുററത്തിനും
ചട്ടററ കളവിനും സമയക്ലപ്തം വേണ്ടാ.
പെട്ടെന്നങ്ങിതുകളേ വഴിപോൽ കേട്ടു നൃപൻ
തെററാതെതന്നെ വേണ്ടവിധികൾ കല്പിക്കണം.
ധൎമ്മാസനസ്ഥനായി മന്ത്രിമാരോടുകൂടി-
സ്സമ്മോദാൽ നൃപാലകൻ സ്ഥിതികൊൾവതു കണ്ടാൽ
അമ്മാത്രതന്നിൽ സഭാമണ്ഡപം പൂകിടേണം
ഉണ്മയോടങ്ങു നേരേ സങ്കടക്കാരനായോൻ.
തന്നുടെ നിവേദനമല്ലെങ്കിൽ സങ്കടത്തേ
നന്നായിപ്പഠിച്ചിട്ടോ പുനരങ്ങെഴുതിട്ടോ
മന്നവൻ തന്നെയറിയിക്കണം പിന്നെയവൻ
അഞ്ജലിബദ്ധനായിക്കുമ്പിട്ടു വിനീതനായ്.
മന്നവൻ പുനരങ്ങു വിപ്രന്മാരോടുമിവൻ-
തന്നെയങ്ങഭ്യൎത്ഥിച്ചു സാന്ത്വന വാക്കുകളാൽ
നിൎണ്ണയം സമാധാനപ്പെടുത്തീടിന ശേഷം
തന്നുടെ ധൎമ്മത്തിനേ പ്രതിപാദിച്ചിടേണം.
കുമ്പിട്ടുകൂപ്പി മുമ്പിൽനില്ക്കുന്ന കാൎയ്യാൎത്ഥിയോ-
ടമ്പോടു ചോദിക്കണം പിന്നെയങ്ങേവംവിധം:—

സംഗതിയെന്തേ തവ? സങ്കടമെന്താണു തേ?
തെല്ലുമേ പേടിക്കേണ്ടാ, ചൊല്ലുക കാൎയ്യത്തിനേ.
എങ്ങുവച്ചേതുദുഷ്ടൻ തന്നിൽ നിന്നിട്ടുഭവാ-
നെങ്ങിനേ പീഡിതനായ്? എപ്പൊഴുതോതീടുക.
ഇത്തരം ചോദ്യമെല്ലാം ചെയ്തതിൻശേഷം പിന്നേ
പൃഥ്വീശനവൻ ചൊല്ലുമുക്തിയേക്കേട്ടീടണം.
ഉക്തമാകുന്നതെല്ലാം പ്രസിദ്ധഭാഷയിലും
അക്ഷരത്തിലുംചെമ്മേ ലേഖകനെഴുതണം.
അൎത്ഥിയും പ്രത്യൎത്ഥിയും ചൊല്ലുന്ന മൊഴികളേ
വ്യത്യസ്തമായിട്ടെഴുതീടുന്ന ലേഖകനെ
തൽക്ഷണം നരപതി ചൌരനെയെന്നപോലെ
തൎജ്ജനം ചെയ്തീടണം ലേശവും മടിയാതെ.
അപ്രകാരത്തിലവനെഴുതും മൊഴികളേ
സഭ്യരുമനുവദിച്ചീടരുതൊരിക്കലും.
ബലത്താൽ മൊഴിവാങ്ങി രേഖയാക്കീട്ടുന്നൊരു
ജനത്തേച്ചോരനെന്ന കണക്കിൽ ദണ്ഡിക്കണം.
നൃപൻെറയഭാവത്തിൽ ചോദ്യങ്ങളെല്ലാമേവം
സഭയിൽ ചോദിക്കണം നിയതം പ്രാഡ്വിവാകൻ.
കക്ഷികളോടുകാൎയ്യം പൃച്ഛിക്കയാലേ 'പ്രാട്ടും'
സഭ്യരോടൊത്തു കാൎയ്യം ചൎച്ചചെയ്കയോ തഥാ
വ്യക്തമാം ധൎമ്മാധൎമ്മം വിവചിക്കയൊ മൂലം
നിശ്ചയം 'വിവാക'നുമായിട്ടു ഭവിക്കുന്നു.
തദ്വിധം സഭതന്നിൽ യോഗ്യരും ഹിതരുമായ്
വൎത്തിപ്പോൎതന്നെ സഭ്യർ, സാധുക്കളവർ നൂനം.
സ്മൃത്യാചാരങ്ങളെ വിട്ടിട്ടന്യരിൽ നിന്നുണ്ടാകും
അക്രമങ്ങളിൽനിന്നു രക്ഷനേടുവാനൊരാൾ
പൃഥ്വീശനോടുചെന്നു കാൎയ്യങ്ങളുണൎത്തിച്ചാൽ
നിശ്ചയമതുതന്നേ വ്യവഹാരത്തിൻപദം.

പൃഥ്വീശൻതാനോ രാജപൂരുഷന്മാരോ സ്വയം
ഉൽപ്പാദിപ്പിച്ചീടരുതേതൊരു കാര്യത്തെയും.
രാഗാധിക്യത്തിനാലോ ലോഭാതിരേകത്താലോ
ക്രോധാവേശത്തിനാലോ ഭൂപാലനൊരിക്കലും
പാരാതെ പരന്മാരാൽ പ്രാപിതമല്ലാത്തതാം
കാര്യങ്ങളേതുംതന്നേ സ്വയമേ ഗ്രസിക്കൊലാ.
ക്ഷോണിപൻതന്നെ ന്യൂനം വാദിയായ് വരുന്നതാം
വേണ്ടെഴും സാഹസങ്ങൾ, ഛലങ്ങളിതുകളെ
ക്ഷോണീശനെടുത്തിടാമന്യായം കൂടാതെ താൻ
സൂചകസ്തോഭകന്മാർ വഴിയായറിഞ്ഞീടിൽ.
നരപാലനാൽ സ്വയം ചോദിതനല്ലെങ്കിലും
നലമാം ശാസ്ത്രങ്ങളാൽ നിഷിദ്ധമായുള്ളതാം
പണത്തിലാർത്തിമൂലമറിവു കൊടുത്തിടും
ജനത്തെ ച്ചൊല്ലീടുന്നു "സ്തോഭക"നെന്നതായി.
പരന്മാർദോഷങ്ങളെ വീക്ഷണം ചെയ്തു ചെമ്മേ
പരിചോടറിഞ്ഞെല്ലാം വഴിയേ ഗ്രഹിപ്പിക്കാൻ
ധരണീനാഥനാലേ നിയുക്തനാകുന്നതാം
നരനേയോതിടുന്നു "സൂചക"നെന്നതായി.
മാർഗ്ഗങ്ങൾ ഭഞ്ജിപ്പവർ, പരരേയാക്ഷേപിപ്പോർ,
ഊക്കെഴും പ്രാകാരങ്ങൾ കയറിച്ചാടുന്നവർ,
നാല്ക്കാലികൾക്കജലം വയ്ക്കുന്ന നിപാനവും,
പാർക്കുന്ന നികേതവും ധ്വംസനംചെയ്യുന്നവർ,
ചട്ടററ പരിഖകൾ നികത്തിക്കളയുന്നോർ,
കുററങ്ങൾ നൃപനേററു പറഞ്ഞു പരത്തുന്നോർ,
കെല്പെഴുമന്തഃപുരം, ശയനഗൃഹം, കോശം,
തപ്പാതെ മഹാനസം, ഇതുകൾ ലംഘിപ്പവർ,
ഭക്ഷണത്തിനു ചെല്ലാൻ ക്ഷണിച്ചീടാതെ ചെന്നു
ഭക്ഷണം കഴിപ്പതു നോക്കിക്കൊണ്ടിരിപ്പവർ,

മൂത്രവും, പുരിഷവും, ശ്ലേഷ്മവും, വാതങ്ങളും,
ഭൂക്ഷിത്തു കാൺകെട്ടാർദ്ധ്യാൽ വിസൎജ്ജിച്ചീടുന്നവർ,
ഭൂക്ഷിത്തുമുമ്പിൽ മുഖ്യസ്ഥാനത്തങ്ങിരിപ്പവർ
ഭൂക്ഷിത്തിൻമുമ്പിൽ സ്വൈരമുപവേശിച്ചിടുന്നോർ,
പൃഥ്വീശൻവേഷത്തിന്നേ താഴ്ത്തിനിത്തീടുംമട്ടിൽ
വസ്ത്രാലംകൃതി പൂണ്ടുഞെളിഞ്ഞു നടപ്പവർ,
പൃഥ്വീശൻസമക്ഷത്തു തെററായ സമയത്തും
പശ്ചാദ്ദ്വാരംവഴിക്കുമുദ്ധതരായും ചെൽവോർ,
രാജാവിൻ ശയനവും രാജപാദുകങ്ങളും
രാജാസനങ്ങളതുമുപയോഗിച്ചിടുന്നോർ,
രാജശയ്യാസനത്തിൽ കേറിയോ സമീപത്തോ
രാജന്യാസനശയ്യ തന്നിലോ ശയിപ്പവർ,
രാജാവിൻ ശത്രുക്കളേസ്സേവനംചെയ്യുന്നവർ,
രാജാവു പറയാതെ സ്വസ്ഥാനത്തിരിപ്പവർ,
അന്യന്മാൎക്കുള്ള വസ്ത്രഭൂഷകളതോ തഥാ
സ്വൎണ്ണങ്ങളതോ ചാൎത്തിച്ചമഞ്ഞു നടപ്പവർ,
തന്നെത്താൻ താംബൂലത്തെ ഗ്രഹിച്ചുഭക്ഷിപ്പവർ,
തന്നോടു ചോദിക്കാതേ ഭാഷണം തുടങ്ങുവോർ,
മന്നവൻ തന്നിലാക്രോശങ്ങളേയുരപ്പവർ,
പിന്നെയുമേകാംബരരായിട്ടു ചെല്ലുന്നവർ,
പിന്നെയും മുക്തകേശരവകുണ്ഠിതർ തഥാ
വൎണ്ണങ്ങളണിഞ്ഞവർ, മാലകൾ ചാൎത്തീടിനോർ,
നിൎണ്ണയമഭ്യക്തന്മാർ, വസ്ത്രങ്ങൾ കുടയുവോർ,
എന്നല്ല ശിരഃപ്രച്ഛാദകരായ് ചെല്ലുന്നവർ,
അന്യന്മാർ ഛിദ്രങ്ങളേ തേടുവാൻ വിരുതന്മാർ,
നിന്ദ്യമാം മദ്യം ദ്യൂതമിവയിലാസക്തന്മാർ,
പിന്നെയും മുക്തവേശർ, ദന്തോല്ലേഖനകന്മാർ,
കൎണ്ണാക്ഷിനാസകളേ വീക്ഷിച്ചുകൊണ്ടിരിപ്പോർ,

പിന്നെയും തിരുമുമ്പിൽ മൂക്കുകൾ തുമിക്കയും
കണ്ണുങ്ങൾ നന്നാക്കയും ചെയ്യുവാൻ ശ്രമിപ്പവർ,
എന്നേവം നൃപാന്തികേ കാട്ടിടും ചപലങ്ങള-
ങ്ങയ്മ്പതായിട്ടു ചെമ്മേ ചൊല്ലുന്നു പ്രസിദ്ധമായ്.
ആജ്ഞോല്ലംഘനകൃത്യം, സ്ത്രീവധം, പുനരഥ
പ്രാജ്ഞരാൽ നിഷിദ്ധമാം വർണ്ണസങ്കരകർമ്മം,
നിശ്ചയം പരഭാര്യാഗമനം, ചൌരകൃത്യം,
തദ്വിധം പതിയില്ലാതുണ്ടാകും ഗർഭാധാനം,
ഉഗ്രമായുദീരിതമായിട്ടും വാക്പാരുഷ്യം,
ഉഗ്രദണ്ഡനം, പുനരവാച്യവാഗ്ഭാഷണം,
രൂക്ഷമാം ഭ്രൂണഹത്യയെന്നിവ പത്തും പാരിൽ
ഉക്തമാകുന്നു നൂനമപരാധങ്ങളായി.
(1)ഉൽകൃതീ-(2)സസ്യഘാതി, (3)അഗ്നിദൻ, പിന്നെനൂനം
ഉഗ്രമാം രാജദ്രോഹകർത്താവു പുനരഥ,
പൃഥ്വീശൻമുദ്രകളെ വ്യത്യാസപ്പെടുത്തുവോൻ,
പൃഥ്വീശമന്ത്രത്തിന്നേ ഭേദനം ചെയ്യുന്നവൻ,
ബദ്ധനാം മനുഷ്യനേ വിമുക്തനാക്കുന്നവൻ,
ഉദ്ധതനായി നൂനമന്യനേ ദണ്ഡിപ്പവൻ,
അസ്വാമികാത്ഥമതിൻ വിക്രയം ദാനമത്തും
തദ്വിധമതിൻ ഭാഗമായതും ചെയ്യുന്നവൻ,
ചൊല്ലെഴ്ക്കൊള്ളും പെരുമ്പറഘോഷത്തെത്തടയുവോൻ
ധിക്കാരമൊട്ടുപുനരംഗകത്തനം ചെയ്വോൻ,
അസ്വാമികാത്ഥത്തെയും പൃഥ്വീശൻധനത്തെയും
സ്വസ്വമായ് കൈവശത്തിലമത്തിവയ്ക്കുന്നവൻ,

---

(1) ഉൽകൃതീ=ദുഷ്ടകൃത്യം ചെയ്യുന്നവൻ
(2) സസ്യഘാതി=സസ്യങ്ങൾനശിപ്പിക്കുന്നവൻ
(3) അഗ്നിദൻ=തീവയ്പുകാരൻ

ഇച്ചൊന്നൊരിരുപത്തിരണ്ടുകൂട്ടക്കാരുടെ
കുററങ്ങളങ്ങ്‘രാജജ്ഞേജ്ഞയ’മെന്നുക്തമാകും.
വാദിയായ്‌വരുന്നാവനുദ്ധതൻ താനോ തഥാ
ക്രൂരവാഗ്വൈഷൻ, ചണ്ഡൻ, നിർണ്ണയംഗർവ്വിഷ്ഠനോ
മേലുമങ്ങതിമാനീ, പിന്നെയും സഹാസനൻ-
താനോ നൂനമങ്ങാകിലവനേശ്ശിക്ഷിക്കണം.
അർത്ഥിയായവൻവന്നു ഭൂപന്റെ മുമ്പിൽചൊല്ലും
അഭ്യർത്ഥനയ്ക്കുനല്കും നാമമാണാവേദനം.
ഉക്തമാകണമതു പ്രാഡ്വിവാകാദിമുമ്പിൽ
വ്യക്തമായാക്ഷേമറിവായിട്ടും ഭാഷതന്നിൽ.
ആദ്യമായ് കാര്യാർത്ഥിയേ സൂക്ഷ്മമായ് യഥാവിധി
വിസ്തരിച്ചതിൻശേഷം സഭ്യന്മാരാദിയായോർ
സാക്ഷ്യങ്ങൾവേണ്ടുന്നവ പിന്നെയുംവാങ്ങീടണം
ബാക്കിയുള്ളവയെല്ലാം ത്യജിച്ചുകൊണ്ടീടണം.
സാക്ഷ്യങ്ങൾ വാദിയെക്കൊണ്ടുടയാളപ്പെടുത്തി-
ബ്ഭ്രക്ഷിത്തിൻ മുദ്രയോടേ സൂക്ഷിക്കപ്പെട്ടിടേണം
രാഗലോഭമോ ഭീയോ മൂലമായ്‌പരമാർത്ഥം
ആരാഞ്ഞിടാതെ പക്ഷപാതമായ് വിധിനല്കും
രാജപൂരുഷർ, സഭ്യരിവരേട്ടണ്ഡിച്ചഥ
രാജാവു നൂനം പിരിച്ചയച്ചിടുകവേണം.
കാര്യത്തിൻ ഗ്രാഹ്യാഗ്രാഹ്യം ചിന്തിച്ചശേഷമത്രേ
കാര്യങ്ങളംഗീകരിച്ചീടാവു ഭൂമീശ്വരൻ.
ഇങ്ങിനേ പൂർവ്വപക്ഷം സഞ്ജാതമായശേഷം
മങ്ങാതെ നിറുത്തണം വാദിയെ നിരോധത്തിൽ.
പിന്നെയങ്ങെതിർ കക്ഷി മൊഴികൾ നൽകുന്നതിൽ
നിന്ദയുമവജ്ഞയും കാട്ടിവാഴുന്നതാകിൽ,
അന്യായമനുസരിച്ചവനേ വിസ്തരിപ്പാൻ
ചെന്നിടുമാഹ്വാനത്തിൻ ദർശനത്തിൻവരേക്കും

മാന്ന്യരും സത്ത്യോക്തിയിൽ നിരതന്മാരും പുന-
രുന്നിദ്രന്മാരുമാകും ശസ്ത്രാസ്ത്രധരന്മാരേ
മന്നവൻ തന്നാജ്ഞയാ വാദി നേമിച്ചിടേണം
നിർണ്ണയമവൻതൻെറ ഗതികൾ തടയുവാൻ.
ഇങ്ങനെ ചെയ്യുന്നതാം തടങ്ങലിന്നു നൂന-
മങ്ങഹോ പേരുചൊല്ലും "ആസേധ"മെന്നതായി.
ആസേധമതുനാലുവിധമായ്ഭവിച്ചിട്ടും,
ആയവ സ്ഥാനാസേധം, പിന്നെയും കാലാസേധം
കൂടാതെ വീണ്ടും പ്രവാസത്തിൽ നിന്നാസേധവും
കൂടവേ കർമ്മങ്ങളിൽ നിന്നുമുള്ളാസേധവും.
ആസേധമതിനങ്ങു വിഷയീഭൂതനായോൻ
കൂസാതെയതുപിന്നെ ലംഘിച്ചുകൂടാ ദൃഢം.
ആസേധപരിധിയിൽ കവിഞ്ഞിട്ടേതൊരാളും
ആസിദ്ധേന്ദ്രിയ വൃത്തിയായതു തടകയോ
വ്യാഹാരോച്ഛ്വാസനാദി ചെയ്കയോ ചെയ്യുന്നാകിൽ
ആയവൻതന്നൊട്ടുദണ്ഡിച്ചീടണം മഹീപതി.
ആസേധകാലത്തിങ്കലാസിദ്ധനാകുന്നവൻ
ആസേധമതിലംഘിച്ചീടുന്നതായി കണ്ടാൽ
അവനെ മുറപോലെ വിനയിക്കുകവേണം
ധ്രുവമന്യഥാ ചെയ്യുമാസേദ്ധാ ദണ്ഡ്യനത്രേ.
വല്ലകുററവുമൊരാൾ ചെയ്തതായിട്ടോ തഥാ
വല്ലാതെ ഭയപ്പെടുത്തുന്നതായിട്ടോ ദൃഢം
അന്ന്യായംവന്നാലുടനവനെ വരുത്തണം
മന്നവൻ മുദ്രയാലോ നിർണ്ണയമാൾക്കാരാലോ.
ശങ്കിതനാകുന്നവൻതന്നുടെ നടത്തയും
സംസർഗ്ഗമാദികളും കുററത്തിൻ ലക്ഷ്യങ്ങളും
സന്ദർശിച്ചിട്ടു ചെമ്മേ ദക്ഷനായിടുന്നവൻ
സന്ദേഹം തീർത്തു സത്യം ഗ്രഹിച്ചുകൊണ്ടീടുന്നു.

ആതുരരായുള്ളവർ, ബാലന്മാർ സ്ഥവിരന്മാർ
ആപത്തിലകപ്പെട്ടോർ, ജോലിയാലാകുലന്മാർ,
കാര്യങ്ങൾ കിടന്നുപോമെന്നുള്ളിൽ ഭീതർ, രാജ്യ-
കാര്യങ്ങൾ, മംഗലങ്ങളെന്നിവയിലേപ്പെട്ടവർ,
മത്തന്മാരുന്മത്തന്മാർ പിന്നെയും പ്രമത്തന്മാർ
ഭൃത്യന്മാരിവരാരുമാഹൂതരാകാൻ മേലാ.
തദ്വിധം ഹീനപക്ഷയായിട്ടും തരുണിയും,
ഈററില്ലംതന്നിൽ പ്രസവാർത്തയും, കുലസ്ത്രീയും,
അജ്ഞാതപ്രഭവാകും നാരിയും, നാനാജാതി-
യുത്തമകന്യമാരുമാഹൂതരാകാൻ മേലാ.
ഉദ്വാഹമെടുത്തവർ, രോഗാർത്തർ, യിയുക്ഷുക്കൾ,
പ്രത്യേകം മററാൾകളാൽ കുററങ്ങൾക്കഭിയുക്തർ,
പൃഥ്വീശകാര്യം തന്നിലുദ്യുക്തരായുള്ളവർ,
സസ്യവാപനം തന്നിലേപ്പെട്ട കൃഷീവലർ,
ഗോക്കളേ മേയ്ക്കുംവിധൌ ഗോപാലരായുള്ളവർ,
വിഗ്രഹത്തിങ്കൽ പെട്ടെന്നായുധമെടുത്തവർ,
അപ്രാപ്തവ്യവഹാരർ, വ്യസനസ്ഥിതരായോർ,
ശില്പികൾ, ദാനോന്മുഖർ വ്രതികൾ ദൂതരായോർ,
ദുർഗ്ഘടസ്ഥിതിതന്നിൽ വർത്തിപ്പോരിവരാരും
തർക്കമില്ലാസിദ്ധരായീടരുതാഹൂതരും.
നദികൾ മരുകര കടക്കും നേരത്തിലും
വിപിനങ്ങളും തഥാ ദുർഗ്ഘടസ്ഥലങ്ങളും
അളവേ കടന്നങ്ങുപോകുന്ന സമയത്തും
നിയതാ വിപ്ലവങ്ങളുണ്ടാകും കാലത്തിലും
ഒരുവനാസേധത്തെ ലംഘിച്ചുകൊണ്ടീടുകിൽ
അവനേയതിനായി ശ്ശിക്ഷിപ്പാൻമേലാ ദൃഢം.
കാലദേശങ്ങൾ പാർത്തും കാര്യത്തിൻ ബലാബലം
മേലുമങ്ങോർത്തുകണ്ടുമാതുരരാദികളേ

ക്ഷോണിപനാജ്ഞമൂലമാഹ്വാനം ചെയ്തുകൊള്ളാം,
യാനങ്ങൾ വഴിക്കുവേണമെന്നാലും വരുത്തുവാൻ.
അന്യായം കൊടുത്തതിൻ വിവരമറിഞ്ഞതിൽ-
പ്പിന്നിട്ടു കാട്ടിൽപ്പോയിത്തപസ്സു ചെയ്യുന്നവൻ-
തന്നെയും നരവരനാഹ്വാനം ചെയ്തുകൊള്ളാം
നിർണ്ണയം ഗുരുതരമായിട്ടും കാര്യങ്ങളിൽ.
അർത്ഥിയും പ്രത്യർത്ഥിയുമായിട്ടു വരുന്നവർ,
അത്യർത്ഥം വ്യവഹാരകൃത്യത്തിലജ്ഞന്മാരോ,
മററു ജോലികൾമൂലമത്യന്തം വ്യഥിതരോ,
തെററാതെ കാര്യംചൊല്ലാൻ പേർത്തുമങ്ങപ്രാപ്തരോ,
ഏററവുംമന്ദന്മാരോ, മത്തരോ, വൃദ്ധന്മാരോ,
മുററാത്തബാലന്മാരോ, സ്ത്രീകളോ, രോഗാർത്തരോ,
തിട്ടമങ്ങായിട്ടുകിലവർക്കു യഥാവിധി
മുട്ടാതെ നിയമിക്കാം പ്രതിപൂരുഷന്മാരെ.
ചോദ്യങ്ങൾ ചോദിപ്പതിന്നുത്തരമോതിടുവാൻ
പ്രാപ്തരാം ബന്ധുക്കളും നിയുക്തരാകാം ദൃഢം.
അച്ഛനമ്മമാർ, ഭ്രാതാ, ബന്ധുക്കൾ, സുഹൃത്തുകൾ,
നിശ്ചയം സംബന്ധികളിങ്ങനെയുള്ളാളുകൾ,
അർപ്പിക്കും സങ്കടങ്ങളായതും നരവരൻ
നിർബ്ബാധം ഗ്രഹിക്കണം നിർണ്ണയം യഥാവിധി.
യാതൊരാളിനുവേണ്ടി യാതൊരു നിയുക്തനും
യാതൊരു കാര്യമത്രം ചെയ്തുകൊള്ളുന്നതാകിൽ,
ആയതങ്ങവൻതന്നെ സ്വയമേ ചെയ്തതായി
ന്യായമായ് പരിഗണിച്ചിടണമനിവാര്യം.
നിയുക്തനാകുന്നവനേകേണ്ടും ഭൃതിയത്തു
മുറയ്ക്കു വിവാദത്തിൻ ഷോഡശാംശമതത്രേ.
തരത്തിലിരുപതിലൊന്നംശമത്രമാകാം
തദർദ്ധമത്രമാകാം തദർദ്ധം തദർദ്ധവും.

സലകൾ കൂട്ടംതോറും ഭൃതിതൻതുകയത്തു
തരസാ കുറഞ്ഞുപോം നിർണ്ണയം യഥാക്രമം.
ഒന്നിലങ്ങധികമാമാൾകളേ നിയോഗിക്കിൽ
പിന്നെയങ്ങതിനുള്ള കണക്കു വേറേതന്നെ.
ധർമ്മജ്ഞരായും വ്യവഹാരജ്ഞരായുമുള്ള
മാന്യരേ മാത്രമത്രേ നിയുക്തരാക്കിടാവൂ.
അന്യഥാ ഭൃതിയത്തു വാങ്ങിട്ടും നിയോഗിയെ
മന്നവൻ ശിക്ഷിക്കണം നിർണ്ണയം വഴിപോലെ.
തന്നുടെ ബുദ്ധിതന്നിൽ തോന്നുന്നപോലെ നിത്യം
മന്നവൻ നിയമിച്ചുകൊൾകൊലാ നിയോഗിയെ.
അന്യഥാ ലോഭമൂലം വരുന്ന നിയോഗിയെ
നിർണ്ണയം യഥാർഹിതം ശിക്ഷിക്കവേണം നൃപൻ.
അണ്ണനോ, തമ്പിതാനോ, താതനോ, തനുജനോ,
പിന്നെയും നിയോഗിയോ നൂനമങ്ങാകാത്തയാൾ
വന്നിട്ടു പരാർത്ഥമായ് വാദിച്ചുകൊണ്ടിടുകിൽ
മന്നവൻ കനിവെന്യേയവനേ ശ്ശിക്ഷിക്കണം.
ഭൂപാലനധീനകളായിട്ടും നാരിമാൎക്കും
സ്വൈരിണിമാൎക്കും തഥാ വാരയോഷിത്തുകൾക്കും
കൂടാതെ പതിതമാരായോൎക്കും കുലഹീന-
മാരാകും വധുക്കൾക്കുമാഹ്വാനമയച്ചിടാം.
അന്യായം സഭമുമ്പിൽ വന്നതിൻശേഷമായി-
ട്ടന്യായമതിൽപ്പെട്ട കക്ഷികൾ മരിക്കുകിൽ
നിർണ്ണയം തൽസ്ഥാനത്തു പുത്രൎക്കു കക്ഷിചേരാം;
അന്യഥാ വരുന്നാകിലന്യായം തള്ളിടണം.
കൊലപാതകം, തഥാ കളവു, വ്യഭിചാരം,
കുലഹാനിദമാകുമഭക്ഷ്യഭോജ്യാശനം,
ബലമായ് കന്യമാർതൻഹരണം പ്രദുഷണം,
പരുഷവാക്യം, കൂടകരണം, രാജദ്രോഹം,

കഠിനമായീടുന്ന സാഹസമിതുകളിൽ
പ്രതിതാൻ വാദിക്കണം പ്രതിപൂരുഷൻ മേലാ.
ആഹൂതനാകുന്നവൻ ദർപ്പമോ ബന്ധുബല-
മായതോമൂലം ബലാൽ ഹാജരാകാതിരുന്നാൽ
ആയവൻസാഹസത്തിന്നനുരൂപമാംവിധം
ന്യായ്യമാംവണ്ണം ദൃഢമവനേ ശ്ശിക്ഷിക്കണം.
ദൂതനാലാഹ്വാനിതനായിട്ടും പ്രത്യർത്ഥിക്കു
ചെയ്യിടാനുണ്ടു മററുകാര്യ്യങ്ങളെന്നുകണ്ടാൽ
പൊയ്യല്ല യഥാർത്ഥമാം ജാമ്യങ്ങൾ വാങ്ങിക്കൊണ്ടു
വൈകാതെ വിട്ടയയ്ക്കാൻ മാർഗ്ഗങ്ങൾ ചിന്തിക്കണം.
"ഇവനാലദത്തമാകുന്നതു നൽകാമഹം"
"ഇവനെ സമക്ഷത്തുകൊണ്ടു ഞാൻ ഹാജരാക്കാം"
"ഇവനെക്കൊണ്ടു വേണ്ടുമുറപ്പു തരുവിക്കാം"
"ഇവനിൽനിന്നു ഭയമേതുമേവേണ്ടാ ദൃഢം"
"ഇവനാൽ കൃതമാകാതുള്ളതു ചെയ്യിടാം ഞാൻ"
"ഇവനു വൃത്തിമാർഗ്ഗമിന്നതാകുന്നു നിജം"
"ഉണ്ടെന്നു ചൊല്ലുന്നതു തെല്ലുമേ കളവല്ലാ"
"ദണ്ഡമെന്നിയെ നൂനമിതിനെ സ്വീകരിക്കാം"
ഇരുകക്ഷികളോടും ജാമ്യം വാങ്ങുകവേണം
പരിചിൽ ജാമ്യക്കാരൻ നിസ്തന്ദ്രൻ പ്രഗല്ഭനും
ജനസമ്മതൻ തഥാ വിശ്രുതൻ വിശ്വസ്തനും
ധനിയും കാര്യ്യപ്രാപ്തിയുതനുമായിടേണം.
കൂടസാക്ഷ്യങ്ങൾ ചമച്ചീടുവാനിടവരു-
ത്തിടാതെ നിരന്തരം തത്വമിച്ഛിക്കും നൃപൻ
ഗാഢമാം നിരോധത്തിൽ നിർത്തണമിരുകക്ഷി-
ക്കാരെയും വിവാദങ്ങൾ കേട്ടിടും മുമ്പിലായി.
ഇവരെ സ്വന്തമാകും ചെലവിന്മേലോ തഥാ
നൃവരൻതന്റെ ചെലവിന്മേലോ രക്ഷിക്കണം.

ഇവരാൽ സംരക്ഷിതരാകേണ്ടും ജനങ്ങളെ
ധ്രുവമങ്ങിവർതന്നെ രക്ഷിച്ചുകൊണ്ടീടേണം.
സൽക്കാരണങ്ങൾചേൎന്നും പ്രതിജ്ഞാദോഷംവിട്ടും
ലബ്ധമാം കാൎയ്യത്തിനേ "സാധ്യ"മെന്നായും തഥാ
നിശ്ചിതമായ ലോകസിദ്ധത്തേ "പക്ഷ"മായും
പക്ഷവിത്തുക്കളായോർ ചൊല്ലുന്നു ധരിത്രിയിൽ.
അന്യാൎത്ഥം ധ്വനിപ്പതും നിരൎത്ഥമായുള്ളതു
നിൎണ്ണയം സാക്ഷികളും രേഖയുമില്ലാത്തതും
പിന്നെയുമെഴുത്തിലെ കൂട്ടുതൽകുറവതും
ഭ്രംശവുമെല്ലാം ഭാഷാദോഷങ്ങളായിച്ചൊൽവൂ.
അപ്രസിദ്ധമോ, നിരാബാധമോ, നിരൎത്ഥമോ,
നിഷ്പ്രയോജനമതോ നിൎണ്ണയമസാധ്യമോ,
തദ്വിധം വിരുദ്ധമോ നൂനമങ്ങാകുന്നതാം
"പക്ഷാഭാസ"ത്തേ വൎജ്ജിച്ചീടണം നിഷ്കൃഷ്ടമായ്.
കേട്ടുകേൾവിയോ കണ്ടുമുട്ടലോ പാരിടത്തിൽ
കീഴ്ക്കടയില്ലാത്തത്'അപ്രസിദ്ധ'മായ് ചൊൽവൂ.
നാക്കില്ലാത്തവൻ ശപിച്ചീടിനാൻ, വന്ധ്യാപുത്രൻ
ഭോഷ്കല്ല താഡിച്ചുവെന്നോതുന്നതിതിൽചേരും.
ആ വീട്ടുകാരനെന്നും പാടുന്നു പഠിക്കുന്നു,
പൊയ്യല്ല കളിക്കുന്നു തന്നുടേ വീട്ടിനുള്ളിൽ
വാതിലങ്ങവന്റേതു മൽഗൃഹത്തോടടുത്താ-
ണീവണ്ണം ജല്പിപ്പതു നിൎണ്ണയം „നിരാബാധം."
മദ്ദത്ത കന്യയോടു ജാമാതാ രമിക്കുന്നു
നിത്യമെന്നോതുന്നതു നിഷ്പ്രയോജനം നൂനം.
ഈവന്ധ്യ പെറുന്നില്ല മിണ്ടാത്തതെന്തീമൃതൻ
ഈ രണ്ടുമസാധ്യവും വിരുദ്ധമതും ക്രമാൽ.
എന്നുടെ സുഖദുഃഖത്തിങ്കലീലോകരാരും
സന്തുഷ്ടികാട്ടുന്നില്ല സന്താപമതുമേതും

എന്നിത്ഥമോതുന്നതു നിർണ്ണയം "നിരത്ഥം"താൻ
എന്നല്ല പാർത്തിടുകിൽ "നിഷ്പ്രയോജനമതും".
വാദകാര്യത്തെ സ്സഭമുമ്പിലർപ്പിച്ചശേഷം
വാദിയായവനെതിർഭാഗത്തു ചേർന്നനിന്നു
വാദസംഗതിവിട്ടോ വാദത്തിന്നെതിരായോ
വാദിച്ചാൽ ഹീനനവനവനെ ശ്ശിക്ഷിക്കണം.
പൂർവ്വപക്ഷത്തെയാദ്യമായിട്ടു നിർണ്ണയിച്ചും
കാര്യത്തിൽഗ്രാഹ്യാഗ്രാഹ്യം ശോധനചെയ്തും തഥാ
ആ ഭാഗം സ്ഥിരീഭൂതമായതിൻശേഷം പിന്നെ
ലേഖനം ചെയ്തീടണമുത്തരപക്ഷത്തിനെ.
ആദ്യമായ് വാദിയോടു ചോദ്യം ചെയ്യുകവേണം
കൃത്യമായ് പ്രതിയോടു പിന്നീടുചോദിക്കണം.
ചോദ്യങ്ങൾക്കുത്തരങ്ങൾ സഭ്യന്മാർ മുഖാന്തരം
പ്രാഡ്വിവാകാഖ്യൻ ചെമ്മേ ഗ്രഹിച്ചുകൊണ്ടിടണം.
പ്രത്യത്ഥിപറയുന്നൊരുത്തരം സാരഭാഗം
ഒക്കെയുൾക്കൊണ്ടതായും വ്യാപകമായും തഥാ
സുസ്പഷ്ടമായും വാദികാൺകെയുമെഴുതണം
വ്യാഖ്യാനമെന്ന്യെ കാര്യം ഗ്രഹിക്കത്തക്കോണവും.
സന്ദിഗ്ദ്ധമായും വാദകാര്യത്തിന്നത്യല്പവും
എന്നുമല്ലതിമാത്രം സ്ഥൂലവുമായും തഥാ
പിന്നെയുമേകദേശവ്യാപകമായുമവൻ
ചൊന്നിടുന്നോരുമൊഴിയുത്തരമാകാ ദൃഢം.
ചോദിക്കാതേതൊരാളുമേതുമൊന്നോതിടുകിൽ
വാദമില്ലവൻ ഹീനനവനേ ശ്ശിക്ഷിക്കണം.
പൂർവ്വപക്ഷത്തിനുള്ളോരുത്തരമോതിടാതെ
മൌനമങ്ങവലംബിച്ചിരിക്കും പ്രത്യർത്ഥിയിൽ
സാമദാനാദികളാം മാർഗ്ഗങ്ങളോരോന്നതും

---

അത്ഥി=വാദി. പൂർവ്വഭാഗം=അന്യായഭാഗം
പ്രത്യത്ഥി=പ്രതി. ഉത്തരപക്ഷം=എതിർഭാഗം

സാമോദം പ്രയോഗിച്ചുകൊള്ളണം യഥോചിതം.
അജ്ഞാനം ഹേതുവാലൊ മനസ്സാൽ തന്നെയായോ
നിശ്ചയമിരുകക്ഷിക്കാരരും മൊഴികളിൽ
ഉക്തമാകാതെ വിട്ടുകളയും കാൎയ്യമെല്ലാം
വ്യക്തമായ് ചോദ്യംചെയ്തു വരുത്തിക്കൊണ്ടിടണം.
സത്യവും, മിഥ്യോത്തരം, പ്രത്യവസ്കന്ദനവും,
തഥാ പൂൎവ്വന്യായവിധിയുമെന്നിങ്ങനേ
കൃത്യമായ് നാലുവിധമായിട്ടു ഭവിച്ചിട്ടും
പ്രത്യൎത്ഥി സഭമുമ്പിൽ നൽകിടുമുത്തരങ്ങൾ.
വാദസംഗതി നിജമെന്നായിസ്സമ്മതിച്ചു
വാദമെന്നിയേ പ്രതി മൊഴിനൽകുന്നതാകിൽ,
ആയതു സത്യോത്തരമെന്നതായുരച്ചിടും
മായമെന്നിയേ 'പ്രതിപത്തി'യെന്നായും ചൊല്ലും.
അന്യായമതു ചെമ്മേ വായിച്ചു കേട്ടശേഷം
തിണ്ണെന്നങ്ങതിലുള്ള ഭാഷയുമൎത്ഥത്തെയും
നിൎണ്ണയം പ്രതിക്കാരൻ പ്രതിഷേധിച്ചുകൊൾകിൽ
ചൊന്നിടും "മിഥ്യോത്തര"മെന്നതായതുത്തമം.
'ഇതു ഞാനറിഞ്ഞില്ലാ, കളവാണിതു സൎവ്വം,
'ഇതിലോതുന്നനാളിലവിടേ പോയീല ഞാൻ,
'ഇതിലേ ദ്ദിനംതന്നിൽ ഞാൻ ജനിച്ചില്ല പാരിൽ,
'ഇതുപോലങ്ങു നാലുവിധമാം മിഥ്യോത്തരം.
അന്യായമതിലുള്ളവാചകം സമ്മതിച്ചും
അന്യമാം ഹേതുക്കളാൽ തൎക്കിച്ചുകൊണ്ടും തഥാ
നിൎണ്ണയമുരചെയ്യും വാദത്തിന്നങ്ങു പാരിൽ
ചൊന്നിടും "പ്രത്യവസ്കന്ദന"മെന്നുള്ള നാമം.
മുമ്പൊരു കാൎയ്യത്തിങ്കലീവാദിതന്നെ നൂനം
വമ്പോടു കൊണ്ടുവന്നാനീവാദമതുതന്നെ
എന്നാലന്നെന്റെഭാഗം സാധുവായ് വിധിയുണ്ടായ്
എന്നു ചൊല്ലുന്നവാദം "പ്രാങ്ന്യായ"മെന്നോതിടും.

അന്നു ഞാനക്കാൎയ്യത്തിൽ ജയിച്ചു എന്നുള്ളതി-
ന്നിന്നു ഞാൻ തീൎപ്പിനാലോ സഭ്യന്മാൎമുഖേനയോ
പിന്നെയും സാക്ഷിമൂലംതന്നെയോ തെളിയിക്കാം
എന്നേവം മൂന്നുവിധം പ്രാങ്ങ്ന്യായമുരച്ചിട്ടും.
കക്ഷികൾ കൊടുക്കുന്ന മൊഴികളെല്ലാം രണ്ടു-
കക്ഷിയും നില്ക്കുമ്പൊഴുതല്ലാതെ വാങ്ങുന്നതാം
സഭ്യരേ ദ്ദുഷ്ടരാകും ചൌരരെയെന്നപോലെ
തപ്പാതെ മഹീശ്വരൻ ശിക്ഷിച്ചുകൊണ്ടിടണം.
അൎത്ഥിപ്രത്യൎത്ഥിമാൎതൻക്രിയകളെല്ലാമ്പൊഴും
വ്യക്തമായെഴുത്തിട്ടു പരിശോധിച്ചു ചെമ്മേ
നിൎദ്ദോഷമെന്നു കണ്ടുകൊള്ളണമതിൽപ്പിന്നേ
തൽക്കാൎയ്യത്തിങ്കലതു കാരണമായ് ഭവിക്കും
(1) കാൎയ്യത്തിലോരോന്നിലും പാദങ്ങൾ നാലുണ്ടത്രേ
നേരാണങ്ങതിലാദ്യമായതു (2) പൂൎവ്വപക്ഷം,
പാരാതെ രണ്ടും മൂന്നു(3) മുത്തരം ക്രിയകളും
നാലാമത്തേതു നൂനം (4) നിൎണ്ണയമാകുന്നതും.
സാധിപ്പാനുള്ളതായ കാൎയ്യത്തേ 'കാൎയ്യ'മെന്നും
സാധനത്തിനേപ്പിന്നേ ചൊല്ലിട്ടും ക്രിയയെന്നും.
വാദിയായവൻ മൂന്നാം പാദത്തിൽ ക്രിയയാലെ
വാദസംഗതിയതു സ്ഥാപിച്ചുകൊണ്ടിടണം.
നാലുപാദങ്ങളുണ്ടാം വ്യവഹാരത്തിനെല്ലാം
നൂനമങ്ങൊഴിക്കുകിൽ പ്രതിപത്യുത്തരത്തേ.
കാൎയ്യങ്ങൾവരുന്നതാംമുറയ്ക്കോ, കാൎയ്യത്തിന്റെ
ഗൌരവക്രമത്തിനോ, പീഡതന്നാധിക്യമോ
കാൎയ്യാധിക്യമോ പാൎത്തോ വൎണ്ണാനുക്രമത്തിനോ
പാരാതെ മുമ്പേമുമ്പേയെടുത്തുകൊണ്ടിടണം.

---

(1) കാൎയ്യം=കേസ്സ്. (2) പൂൎവ്വപക്ഷം=വാദിമൊഴി. (3) ക്രിയാ (അല്ലങ്കിൽ) സാധനം=സാക്ഷിവിചാരണ (4)നിൎണ്ണയം=തീൎപ്പ്.

സഭ്യന്മാർ പ്രതിയുടെയുത്തരം ചർച്ചചെയ്തു
കല്പിക്കവേണമാൎക്കു തെളിവുഭാരമെന്നായ്.
കല്പിക്കപ്പെടുന്നവൻ സാരഭാഗത്തിനെല്ലാം
തപ്പാതെ നല്കീടണം രേഖാദിസാക്ഷ്യങ്ങളേ.
രണ്ടാളുകൾ തമ്മിലുണ്ടാമേകമാം വിവാദത്തിൽ
രണ്ടുഭാഗവുംക്രിയ മിഥ്യയായിടാൻ മേലാ.
മുമ്പുണ്ടായൊരുകാൎയ്യം വാദത്തിൽ കൊണ്ടുവന്നു
തൻബലത്തിനാൽ പ്രതി പ്രാങ്ന്യായം വാദിക്കുകിൽ
അങ്ങിനേ പൂൎവ്വന്യായം വാദിക്കുമവൻ തന്നേ
മങ്ങാതെയക്കാൎയ്യത്തിൽ തെളിവുകൊടുക്കണം.
ഉത്തരം കൊടുക്കേണ്ട കൃത്യമായതു ചില
പ്രത്യേക കാരണത്താൽ വാദിയിങ്കലും വരാം.
അത്തരുണത്തിലെല്ലാം കൃത്യമായ് തെളിവുകൾ
എത്രയും വേഗം വാദി എഴുതിക്കൊണ്ടീടണം.
അത്തരം തെളിവുകൾ മാനുഷമായും വരാം
തദ്വിധം വരാമതു ദൈവികമായും ദൃഢം.
മാനുഷം സാക്ഷ്യമതു മൂന്നുമാതിരിവരും,
രേഖയും, ഭുക്തിയതും, വാചാസാക്ഷ്യവുമെന്നായ്.
മാനുഷമായ സാക്ഷ്യം നിഷ്ഫലമായിക്കണ്ടാൽ
ദൈവികം പ്രയോഗിക്കാം നിൎണ്ണയം ഘടാദിയേ.
(1)ഭൂതവും (2)ഭവ്യമതുമായിട്ടും സാക്ഷ്യം ദ്വിധാ
ഭേദിക്കും തത്വം ഛലമെന്നിവയ്ക്കനുരൂപം.
സത്യത്തേക്കുറിപ്പതു തത്വമെന്നായിച്ചൊൽവു
മിഥ്യയേ വൎണ്ണിപ്പതു നിശ്ചയം ഛലമായും.
യുക്ത്യനുമാനങ്ങളാം നൈയ്യായികങ്ങളാകും
മാൎഗ്ഗങ്ങൾ രണ്ടുംതഥാ സാമാദിചതുഷ്കവും
മേല്ക്കുമേൽ പ്രയോഗിച്ചു തടഞ്ഞുഛലത്തിനേ,

---

(1) ഭൂതം=മാനുഷം. (2) ഭവ്യം=ദൈവികം.

ഭോഷ്ക്കന്യെ നയിക്കണം വ്യവഹാരത്തെ നൃപൻ.
(1)സാധനദർശനത്തിൽ കാലതാമസം വരാ-
തേതുനേരവും ഭൂപൻ സൂക്ഷിച്ചുകൊണ്ടിടണം.
കാലതാമസം മഹാദോഷമായ് ഭവിച്ചിട്ടും
മേലുമങ്ങതു ധർമ്മഹാനിലാഞ്ഞരനവുമാം,
വാദകക്ഷികൾരണ്ടും മുമ്പിലില്ലാതേ നൃപൻ
(2)സാധനം ഗ്രഹിക്കരുതൊരുകാലത്തും തന്നെ.
സാധനമതിനുള്ള ദോഷത്തെയെല്ലാമെതിർ-
വാദത്തെ നയിപ്പവൻ ചൂണ്ടിക്കാണിക്ക വേണം
ഗൂഢാത്ഥങ്ങളെ സഭ്യർ കാണിച്ചുകൊടുക്കണം
ഊഢമോദേന നൂനം ശാസ്ത്രസാക്ഷ്യങ്ങൾമൂലം.
കള്ളമായൊരാളിന്മേൽ ദൂഷണംചെയ്യുന്നവൻ
തെല്ലുമേ കനിവെന്യേ ദണ്ഡ്യനായ്ഭവിക്കണം.
എന്നുമല്ലവൻ കൊണ്ടുവന്നതാം കാൎയ്യത്തിനെ
നിൎണ്ണയം തള്ളിടണം കാൎയ്യപങ്ക്തിയിൽനിന്നും.
സമ്യക്കായ് തെളിവുകൾ പരിശോധിച്ചശേഷം
സമ്മോദാൽ ചെയ്തീടണം കാൎയ്യനിൎണ്ണയം ഭൂപൻ.
കള്ളമാംതെളിവുകൾ ഹാജരാക്കുന്നമർത്ത്യൻ
നല്ലപോലുടനടി ദണ്ഡിതനായിടേണം.
കള്ളമാം സാക്ഷ്യം വഹിച്ചീടുന്ന ജനത്തിനും
ഉള്ളതു പറയാതെ മറയ്ക്കും മനുഷ്യനും
കള്ളമാം തെളിവുകൾ ഹാജരാക്കീടുന്നവ-
നുള്ളതിലിരട്ടിയാം ദണ്ഡനം നല്കീടണം.
വൎണ്ണിക്കാമിനിയഹം ലിഖിതസാക്ഷ്യത്തിനെ
വൎണ്ണിക്കാം ക്രമാലഹമഖിലസാക്ഷ്യത്തെയും.
ബ്രഹ്മാവു മുന്നം ചമച്ചീടിനാൻ ലിഖിതത്തേ
ഓൎമ്മയിൽ വച്ചീടുവാൻ കഴിഞ്ഞകാൎയ്യങ്ങളെ.

---

(1) സാധനദൎശനം=തെളിവു എടുക്കൽ (2) സാധനം=തെളിവു

ലിഖിതമതു രണ്ടുവിധമായ് ഭവിച്ചിടും
നിയതം രാജകീയം ലൌകികമെന്നിങ്ങനേ.
ലിഖിതമതു സ്വന്തഹസ്തത്തിലായും വരാം
മികവുമപരനേക്കൊണ്ടെഴുതിച്ചതായും.
അതുപോലതു സാക്ഷിവച്ചതായിട്ടും വരാം
സുദൃഢം മറിച്ചങ്ങു സാക്ഷിവയ്ക്കാത്തതായും.
ഏതുപോലായീടിലും ദേശാചാരത്തെയതു
വഴിപോലനുസരിക്കുന്നതായ് ഭവിക്കണം.
ലൌകികമായിടുന്ന ലിഖിതമതു പാരിൽ
ഭാഗവും ദാനംതഥാ ക്രയവും വിക്രയവും
ആദാനം സംവിദ്ദാനം പിന്നെയുമൃണമതും
ഏവമങ്ങാകെയേഴു വിധമായ് ഭവിച്ചിടും.
രാജശാസനമതു മൂന്നുമാതിരി വരും
ശാസനാത്ഥവും തഥാ ജ്ഞാപനാത്ഥവും പിന്നേ
വ്യാജമെന്നിയേ വീണ്ടും നിണ്ണയാർത്ഥവുമേവം
രാജകീയകമാകും ശാസനം മൂന്നുവിധം.
സാക്ഷിമത്തായും തഥാരിക്ഥികളെല്ലാവരും
ഒപ്പിട്ടതായും ഭവിച്ചീടുകിൽ ഭാഗപത്രം
ഔജ്ജിത്യം പ്രാപിച്ചീടുമല്ലാതെയച്ഛൻതന്നെ
യൊപ്പിട്ടുകൊടുത്താലും നിശ്ചയം സാധുവാകാ.
സ്ഥാവരവസ്തുവിൻെറ ദാനപത്രവും പുന-
രാവിധം ക്രയപത്രം വിക്രയപത്രമതും
സാധുവായ് വരും നൂനം ദായാദർ സമ്മതിച്ചും
ഗ്രാമപാദികൾ സാക്ഷിനിന്നുമങ്ങെഴുത്തിട്ടാൽ.
രാജാവു തുല്യംചാത്തി സ്വന്തമാം മുദ്രയതു
പാരാതെ പതിച്ചതും പ്രകൃതിമാരായവർ
താന്താങ്ങൾമുദ്രകളേ വച്ചതുമായുള്ളതാം
അഞ്ചിതമാകും ലേഖ്യം രാജകീയമായ്ചൊല്ലും.

കാലവും, വർഷം, മാസം, പക്ഷവും, തിഥിയത്തും,
വേളയും, പ്രദേശവും, രാജ്യവും, സ്ഥലമത്തും,
ഈരീതമായിടേണമാളിന്റെ പേരും വയ-
സ്സാകൃതി, സാധ്യം ക്രമസംഖ്യയും പ്രമാണവും;
കൂടാതെ രാജാവിന്റെ നാമവുമാവാസവും,
കൂടവേ സാധ്യനാമം, പൂർവ്വന്മാർ നാമങ്ങളും,
പീഡയും ക്ഷമാചിഹ്നമാദിയുമടങ്ങണം
ആഹർത്തൃദായകന്മാർനാമവും ലേഖ്യം തന്നിൽ.
മേൽച്ചൊന്ന വിവരങ്ങളൊക്കെയുമില്ലാത്തതാം
ലേഖ്യത്തെയുരച്ചിടും ഹീനമെന്നുള്ളതായി.
മുറകളില്ലാതെയോ മുറകൾ മറിഞ്ഞിട്ടോ,
ചിതറുമർത്ഥത്തോടോ നിരർത്ഥമായോ തഥാ,
ശരിയായുള്ള കാലമതിലംഘിച്ചോ ദുഢം
ലിഖിതമാകും ലേഖ്യം സാധനക്ഷമമാകാ.
അതുപോലപ്രഗൽഭനായിടും പുമാനൊടും,
അബലാജനത്തോടും പിന്നെയും ബലാൽക്കാരം
സുദൃഢം പ്രയോഗിച്ചും വാങ്ങുന്നതായിടുന്ന
സകലവിധമാകും ലേഖ്യവുമസാധുതാൻ.
സത്തായ ലേഖ്യത്താലും, സൽസാക്ഷിമാരാലെയും;
സ്വത്തനുഭോഗം ദിവ്യമെന്നിവയാലും നരൻ
പൃഥ്വിയിൽ വ്യവഹാരേ വിജയം പൂകിടുന്നു
ഭുക്തികൊള്ളുന്നു പരലോകത്തു സുഖമത്തും.
കക്ഷിയല്ലാത്തൊരേവൻ കാര്യത്തിൻ വിവരങ്ങൾ
സൂക്ഷ്മമായറിയുന്നുണ്ടായവൻ സാക്ഷിയായോൻ.
സാക്ഷിയുമനേകധാ ഭവിക്കുന്നുണ്ടു പാരിൽ
ദൃക്‌സാക്ഷിയൊന്നു പിന്നേ ശ്രുതസാക്ഷി മറ്റൊന്നതും.
ചട്ടറ്റ കൃതസാക്ഷി, യകൃതസാക്ഷി പിന്നേ

---

ഫ. സംഖ്യ=നമ്പർ

തിട്ടമീവണ്ണം വീണ്ടും ഭവിപ്പു രണ്ടുവിധാ.
അൎത്ഥി പ്രത്യൎത്ഥിമാർതൻ സന്നിധാനത്തിൽവച്ചു
കൃത്യങ്ങൾ കണ്ടും കേട്ടും നേരിട്ടുമറിഞ്ഞവൻ
സാക്ഷിയായ് വരാമത്രേ നിൎണ്ണയമക്കാൎയ്യത്തിൽ
വാക്യങ്ങളുരപ്പത്തു തുല്യമായിരിക്കുകിൽ.
ബുദ്ധിയുമോൎമ്മയതും ശ്രോത്രവുമൊരാളിന-
ങ്ങെത്രനാൾവരെ നില്ക്കും കുററമില്ലാതെതന്നേ
അത്രയും കാലമവൻ സാക്ഷിയായ് വന്നീടുവാൻ
എത്രനാൾ ചെന്നീടിലുമൎഹനായ് ഭവിച്ചിടും.
സത്യമല്ലാതെയുരചെയ്കയില്ലെന്നു ലോക-
ബോധ്യമുള്ളവൻ തന്നേ സാക്ഷിയാകുവാൻ യോഗ്യൻ.
ധൎമ്മജ്ഞനാകുമേകസാക്ഷിയും മതിയാകും
സമ്മതനായുള്ളവൻ രണ്ടുകക്ഷികളാലും.
ജാതിവൎണ്ണങ്ങൾക്കനുരൂപമായിരിക്കണം
യാതൊരുകാൎയ്യത്തിലുമേതൊരു സാക്ഷികളും.
സാക്ഷികളായ് വരുന്നോർ ഗൃഹസ്ഥന്മാരായവർ,
ദോഷ്ക്കെന്ന്യേ പരാധീനരഹിതരായുള്ളവർ,
പേൎത്തുമങ്ങപ്രവാസിജനങ്ങൾ, സൂരിവൎഗ്ഗം,
പ്രാപ്തരാം യുവാക്കന്മാരിവരായിരിക്കണം.
സ്ത്രീജനങ്ങളേബ്ബന്ധിച്ചീടുന്ന കാൎയ്യങ്ങളിൽ
സ്ത്രീജനങ്ങളേ സാക്ഷിയാക്കണമെന്നു ചൊൽവു.
സാഹസങ്ങളും, സൎവ്വസ്തേയ സംഗ്രഹണങ്ങൾ,
മായമെന്നിയേ തഥാ വാഗ്ദണ്ഡപാരുഷ്യങ്ങൾ,
ഈവക കാൎയ്യങ്ങളിൽ സാക്ഷികളാക്കുന്നതിൽ
ഈവക വിവേചനമാവശ്യമില്ല തെല്ലും.
ബാലനെയജ്ഞാനത്താൽ, നാരിയെയസത്യത്താൽ,
പാപാഭ്യാസത്തിനാലേ (1)കൂടകൃത്തായോനെയും,

(1) കൂടകൃത്=കള്ളപ്രമാണം ചമയ്ക്കുന്നവൻ

പാരിച്ചൊരഭിമാനാൽ ജാതിയല്ലാത്തോനെയും,
പൂരിച്ച മമതയാൽ ബന്ധുവാം ജനത്തെയും,
ചേണുററലോഭത്തിനാൽ നിൎണ്ണയം ശഠനെയും,
വീറൊത്ത വൈരത്തിനാൽ സപത്നമാം ശത്രുവേയും,
ചേലൊത്ത വൃത്തിമാൎഗ്ഗഹ്രാസത്താൽ ഭൃത്യനേയും,
പാടില്ലാ ദൃഢം സാക്ഷിയാക്കുക കാൎയ്യങ്ങളിൽ.
അൎത്ഥബന്ധങ്ങളാലേ ബന്ധിതരായോരെയും
തദ്വിധം വിദ്യയാലുമുദ്വാഹനത്തിനാലും
ബദ്ധരായുള്ളോരെയും നിശ്ചയമതുപോലെ
വിസ്തരിക്കൊല്ലതാനും സാക്ഷികളാക്കിയാരും.
ശ്രേണികളാദിയോടും വൎഗ്ഗങ്ങളോടും വല്ല
മാനുഷന്മാൎക്കുമുള്ളിൽദ്വേഷമുണ്ടെന്നു വന്നാൽ
ആയവരുടെ സാക്ഷ്യമവർതൻ കാൎയ്യങ്ങളിൽ
പൊയ്യല്ല വൎജ്ജിക്കണം ശത്രുക്കളാകയാലെ.
സാക്ഷികളോടു ഭൂപൻ സംഭാഷണങ്ങൾ ചെയ്തു
ഭോഷ്കല്ല കളയരുതേതുമേ കാലത്തിനെ.
അൎത്ഥിപ്രത്യൎത്ഥിമാർ തൻമുമ്പാകെ വച്ചു സാക്ഷി-
വിസ്താരം നടത്തണം മറിച്ചുമേലാ ദൃഢം.
സാക്ഷ്യമേകേണമെന്നായാജ്ഞാപിച്ചതിൻ ശേഷം
സാക്ഷ്യമേകാതെ മേവുന്നവനെ ശിക്ഷിക്കണം.
ഭൂക്ഷിത്തിനാലെ സാക്ഷാൽ നിൎദ്ദിഷ്ടനാകാതെയോ
സാക്ഷിയായ് വഴിപോലെ യാഹൂതനാകാതെയോ
കല്പനക്കൂടാതെയൊ മിഥ്യയോ സത്യംതാനോ
ജല്പിക്കും മനുഷ്യനെ ശിക്ഷിച്ചു കൊണ്ടീടണം.
വ്യത്യസ്താഭിപ്രായങ്ങളുണ്ടാകുമവസ്ഥയിൽ
വ്യത്യസ്തമെന്യേ ഭൂരിപക്ഷത്തേ ഗ്രഹിക്കണം.
സമമായ് വിഭജിച്ചാൽ ഗുണികൾ പക്ഷമതും
അധികഗുണികൾ തൻ പക്ഷവുമെടുക്കണം.

കല്പന ചെന്നുവന്നോനല്ലെന്നാകിലും മുമ്പിൽ
നില്പവനോടു ഭൂപൻ ചോദിച്ചുകൊണ്ടീടുകിൽ
സത്യമായവനങ്ങു കണ്ടതും കേട്ടതുമാം
കൃത്യങ്ങളതേവിധം നിജമായുരയ്ക്കണം.
വിവിധവേളകളിൽക്കണ്ടതും കേട്ടതുമാം
വിവിധകാൎയ്യങ്ങളും വെവ്വേറെയുരയ്ക്കണം.
അതുപോൽ ചെയ്യുന്നതു നിൎണ്ണയം സനാതന-
വിധിയാണെന്നതായിട്ടറിഞ്ഞുകൊണ്ടീടണം.
സാക്ഷികൾ സ്വഭാവേന ചൊല്ലുന്ന മൊഴിതന്നേ
തൎക്കമെന്നിയേ സദാ ലിഖിതമായിടേണം.
ഭോഷ്കല്ല മറച്ചങ്ങു ബലത്താലൊരിക്കലും
സാക്ഷികളോടങ്ങൊരു കൈപ്പീത്തും വാങ്ങിടൊലാ.
സാക്ഷികൾ മൊഴിനല്കികഴിഞ്ഞശേഷം പിന്നേ-
യാൎക്കുമേ വീണ്ടും വീണ്ടും ചോദ്യങ്ങൾ ചെയ്യാൻമേലാ.
സാക്ഷിയേ വിളിച്ചഥ സത്യംചെയ്യിച്ചു ചെമ്മേ
ചൊല്ലേണ്ടുള്ളും പുരാണങ്ങൾ, സത്യത്തിൻമാഹാത്മ്യങ്ങൾ,
രൂക്ഷമാമസത്യത്തിൻ ദോഷങ്ങളിവയെല്ലാം
ഉൾക്കോട്ടു ധരിപ്പിച്ചു ചോദ്യങ്ങൾ ചോദിക്കണം.
ഏതുദിക്കിങ്കലെപ്പോളെങ്ങിനേയാരിൽ നിന്നും
ഏതു കാൎയ്യത്തേക്കണ്ടുകേട്ടുവല്ലെങ്കിൽ ഭവാൻ
ഏതൊന്നു ലിഖിതമായ് അല്ലെങ്കിൽ ലേഖിതമായ്
ഓതുക പരമാൎത്ഥമേതുമേ മറയ്ക്കാതെ.
സത്യമോതുന്ന സാക്ഷി മൎത്ത്യജന്മത്തെ വിട്ടാൽ
സത്വരം ഗമിക്കുന്നു പുഷ്കലലോകങ്ങളെ;
ഇജ്ജന്മമതിങ്കലങ്ങുത്തമകീൎത്തിയേയും
നിശ്ചയം പ്രാപിച്ചീടുമിത്യുക്തം വിധാതാവാൽ.
സത്യത്താൽ പൂതനായിബ്ഭവിച്ചീടുന്നു സാക്ഷി,
സത്യത്താൽ ധൎമ്മമതുവൎദ്ധിപ്പൂ ജഗത്തിങ്കൽ,

സത്യത്തെയതിന്നാലെയോതുകവേണം സാക്ഷി
കൃത്യമായ് സർവ്വവർണ്ണക്കാരിലുമൊപ്പമായി.
സാക്ഷിയാകുന്നതാക്കർമ്മാത്മാവു തന്നെ നൂനം
ആക്കർമ്മേ ഗതിയതുമാത്മാവുതന്നെ ദൃഢം
ആക്കർമ്മമങ്ങവമാനിക്കാവതില്ലാത്മാവിനേ.
സാക്ഷിത്വമോർത്താൽ നരകത്തമമത്രേ പരം.
താൻചെയ്യും പാപമാരും കാണുന്നില്ലെന്നതായി-
ച്ചെഞ്ചെമ്മേ നിരൂപിപ്പു വൻപാപിയാകുന്നവൻ.
എന്നാലോ മനുഷ്യന്റെ സർവ്വമാം കൃത്യത്തെയും
വിണ്ണവർ കാണുന്നുണ്ടിതന്തരപൂരുഷനും.
നിന്നുടെ ജന്മാന്തരമായതിൻ ശതങ്ങളിൽ
ഹന്ത നീസമ്പാദിച്ച വല്ലപുണ്യവും നില്ക്കിൽ
നിർണ്ണയമത്തുനീ നിൻമൃഷയാ തോല്പിച്ചിടാൻ
നണ്ണുന്നജനത്തിന്റെ വകയാമറിഞ്ഞാലും.
പിന്നെയും നൂറുജന്മംകൊണ്ടവൻ ചെയ്തപാപം
വന്നടയുന്നു നിന്നിൽ നിർണ്ണയമെല്ലാനാളും.
എന്നെല്ലാം സഭമുമ്പിൽവച്ചഹോ പരസ്യമായ്
ചൊന്നുകൊള്ളണം നൃപൻ സാക്ഷിയോടായി നൂനം.
സാധനദർശനത്തിന്നാവോളമവസരം
ഏതാൾക്കും നല്കീടണം ദേശാനുരൂപം ദൃഢം;
പാരാതെ ദൈവകൃതമല്ലെങ്കിൽ രാജകൃതം
ആയിട്ടുമുപാധിയേ ചിന്തിച്ചുവഴിപോലെ.
രേഖാസാക്ഷ്യങ്ങളെല്ലാം നഷ്ടമായ്ഭവിക്കുകിൽ
വാചാസാക്ഷ്യം ഗ്രഹിച്ചും പിന്നെയുംവസ്തുവിന്റെ
കൈവശമനുഭോഗമെന്നിവ പാർത്തും നൃപൻ,
ചൊല്ലോട്ടു കാര്യത്തിന്നേ ചിന്തനംചെയ്തിടേണം.
രേഖയും സാക്ഷികളുമില്ലാതെ വരുംവിധൌ
ഭോഗത്തെമാത്രം നോക്കിക്കാര്യത്തേച്ചിന്തിക്കണം.

സത്തായഭോഗമതങ്ങില്ലെന്നു വരുന്നാകിൽ
സാക്ഷിയും രേഖകളും മൂലമായ്ചിന്തിക്കണം.
ഭോഗവും സാക്ഷികളും രേഖയുമുള്ളതിങ്കൽ
ഏകമാൎഗ്ഗത്താൽ മാത്രം കാൎയ്യത്തെച്ചിന്തിക്കൊലാ.
കൌശല്യശാലിയാകും കുടിലനാകുന്നവൻ
കൂസാതെ നിൎമ്മിച്ചിടും ലേഖ്യബിംബങ്ങൾ പാരിൽ.
ആകയാൽ ലേഖ്യത്തിന്റെ സാക്ഷ്യത്തെ മാത്രംകൊണ്ടു
വാദഭാഗങ്ങളൊന്നും സിദ്ധിപൂകിടാൻ മേലാ.
സ്നേഹലോഭങ്ങൾ, ഭയം, ക്രോധമെന്നിവയാലും
കൂടസാക്ഷ്യം നിമിത്തം ജാതമാം ശങ്കയാലും
കേവലം സാക്ഷികൾതൻമൊഴികൾ കൊണ്ടുമാത്രം
വാദകാൎയ്യങ്ങളൊന്നും സിദ്ധിപൂകിടാൻ മേലാ.
പിന്നെയുമുടമസ്ഥനില്ലാത്ത വസ്തുക്കളും
എന്നല്ലയുടമസ്ഥനുള്ളവസ്തുക്കൾ പോലും
സ്വന്തമായ് കൈബലത്താലമൎത്തിവയ്ക്കുന്നതാം
ശങ്കിതഭോഗമതും കാൎയ്യസിദ്ധിക്കു പോരാ.
ശങ്കയ്ക്കുവഴിയുള്ള വ്യവഹാരങ്ങൾ തന്നിൽ
ശങ്കയുണ്ടായിടേണമന്യഥാ മേലാ ദൃഢം.
അന്യഥാ ശങ്കിക്കുന്ന സഭ്യരെ നൃപാലകൻ
ദണ്ഡിച്ചുകൊണ്ടിടണം ചൌരരെയെന്നപോലെ.
അന്യഥാ ശങ്കിക്കുവാൻ തുടങ്ങിടുന്നതാകിൽ
നിൎണ്ണയമനവസ്ഥയായതു വന്നുകൂടും;
എന്നല്ല ലോകരെല്ലാം ഭിന്നിച്ചു വശായിടും
വന്നിടും ധൎമ്മലോപം വ്യാപാരക്ഷയമതും.
ദീൎഘകാലികമായും നിൎവ്വിഘ്നമായും തഥാ
നിൎബ്ബാധമായും തൽകക്ഷിതൻ മുന്നിൽവച്ചും
ഭുക്തികൊള്ളുന്നതാകിൽ രേഖയോടൊരുവസ്തു
തക്കതാം സാക്ഷ്യമാകും ഭുക്തിയങ്ങതു നൂനം.

കൈവശക്കാരനെന്നു വാദിച്ചീടുന്നനേരം
എവ്വഴികിട്ടിയെന്നു രേഖകൾ കാട്ടീടുവാൻ
വയ്യാതെയിരിപ്പവൻ തന്നുടെ വാദമതു
പൊയ്യായതത്രേ ദൃഢം സ്തേനനാണവൻ നൂനം.
വസ്തുവിൻ കൈവശത്തോടല്ലാത്ത രേഖയതും
വസ്തുവിലവകാശം സ്ഥാപിപ്പാൻ മതിയാകാ.
തന്നുടെമുതലേതും പത്താണ്ടുകാലംവരെ
അന്യനങ്ങനുഭവിക്കുന്നതായ്ക്കണ്ടുകൊണ്ടു
നിർണ്ണയമടങ്ങിയങ്ങൊതുങ്ങിപ്പാർക്കുന്നവൻ
പിന്നെയാമുതൽ വാങ്ങാനർഹനായ് ഭവിച്ചിടാ.
തന്നുടെയൊരുഭൂമിയന്യന്റെ കൈവശത്തിൽ
ചെന്നുചേർന്നിരുപതു വർഷങ്ങൾ കഴിഞ്ഞാകിൽ
പിന്നെയായതു മീളാൻതാനെത്രബലവാൻ താൻ
എന്നിരുന്നാലുമതു സാദ്ധ്യമാകില്ലാ ദൃഢം.
അന്യന്റെവസ്തുവതു യാതൊരുരേഖകളു-
മെന്നിയേയനവധി നൂററാണ്ടുകാലംപോലും
നിർണ്ണയമനുഭവിച്ചീടുന്ന പാപിതന്നെ-
ദ്ദണ്ഡിച്ചുകൊണ്ടീടണം ചൌരനെപ്പോലെ നൃപൻ.
യാതൊരുവസ്തുവതും പന്തീരഞ്ചബ്ദകാലം
യാതൊരുരേഖകളും കൂടാതെകണ്ടാകിലും
വാദമെന്നിയെയൊരാൾ ഭുക്തികൊണ്ടീടിലതു
യാതൊരുത്തനും മീളാനർഹതയുണ്ടായീടാ.
(1) ആധിയും സീമകളും ബാലന്റെ ധനമതും
സ്ത്രീകൾതന്നുപനിധി പിന്നെയും (2) നിക്ഷേപവും
രാജസ്വം ശ്രോത്രിയസ്വമായതും വിപരീത-
കൈവശംമൂലം നശിച്ചീടുകില്ലൊരിക്കലും.

---

(1) ആധി=പണയംവെച്ചവസ്തു
(2) നിക്ഷേപം=വിശ്വാസമായി ഏല്പിച്ചധനം
—Trust property.

മുൻചൊന്നകാലസംഖ്യ മുഴുവൻതീരുംവരെ
ചെഞ്ഞെമ്മെ മൌനം ദീക്ഷിച്ചിരിക്കും ധനിക്കങ്ങു
തന്നുടെവസ്തു മീണ്ടുകൊള്ളുവാനവകാശം
പിന്നീടങ്ങൊരിക്കലുമുണ്ടാകയില്ലാ ദൃഢം.
വസ്തുഭോഗത്തെപ്പററിസ്സംക്ഷേപിച്ചുരചെയ്തേൻ,
വിസ്തരിച്ചോതാമിനിദ്ദ്രവ്യത്തെക്കുറിച്ചല്പം.
വസ്തുവിന്നുടമസ്ഥൻതന്നുടേ പ്രമാദത്താ-
ലത്ത്രിവിധമാം സാക്ഷ്യം ലബ്ധമാകാതെ വന്നും,
സത്യത്തെയെതിർകക്ഷി മറച്ചുമിരിക്കുകിൽ
തത്രചെയ്യേണ്ടും വിധി നിശ്ചയംമൂന്നാകുന്നു.
ആദ്യമായ് നിർഗ്ഗളമായിട്ടും പ്രചോദനം,
യുക്തിവാദങ്ങൾ പിന്നേ രണ്ടാമതായും തഥാ,
ചൊല്ലെല്ക്കാള്ളും ദിവ്യസാക്ഷ്യം മൂന്നാമതായുംനൂനം,
ഒക്കെയും പ്രയോഗിച്ചുകൊള്ളണം യഥാക്രമം.
ശാസ്ത്രശാസനത്തിന്നും സജ്ജനഹിതത്തിന്നും
പാൎത്താകിൽ വിരുദ്ധമല്ലാത്തതും സ്വാൎത്ഥസിദ്ധി
ചേൎത്തിടാൻ പ്രയുക്തവുമായുള്ള വിശിഷ്ടമാം
തൎക്കിതതന്നെ യുക്തി, മറെറാന്നുമല്ലാ ദൃഢം.
ദാനവും (1) പ്രജ്ഞാപനമായതും ഭേദമതും,
ഊനമെന്നിയേ തഥാ സംപ്രലോഭനമതും
ആയിട്ടും നാലുതരം ക്രിയയും മനുഷ്യന്റെ
മാനസം തിരിക്കുവാൻ ചേണാൎന്നമാൎഗ്ഗങ്ങൾതാൻ.
ഒന്നൊന്നായ്പ്രചോദനം നില്ക്കാതെ തുടങ്ങണം
തെല്ലുമേ ഗണിക്കാതെ പ്രത്യൎത്ഥിതൻവാക്കിനെ.
മൂന്നുനാലാവൃത്തികളല്ലെങ്കിലഞ്ചാവൃത്തി
ചെല്ലുമ്പോളവൻ പിന്നേ വഴിപ്പെട്ടെന്നുവരും.

---

(1) പ്രജ്ഞാപന=ബഹുമതി.

യുക്തിയും വിഫലമായ്തീരുന്നതായിക്കണ്ടാൽ
നിത്താതെ വിമർദ്ദിച്ചുകൊള്ളണം ദിവ്യങ്ങളാൽ.
ദുഷ്കരതരങ്ങളായുണ്ടാകും കാൎയ്യങ്ങളിൽ
ചൊല്ലിക്കൊള്ളും മഹാത്മാക്കളാകിയ ദൈവതങ്ങൾ
തക്കത്തിൽ പരസ്പരശുദ്ധ്യർത്ഥം പ്രയോഗിച്ച
മാർഗ്ഗങ്ങളാകയാലേ ദിവ്യങ്ങളെന്നുചൊൽവൂ.
സപ്തൎഷിമാരാലെയും സ്വീകൃതമത്രേയിതു
നിശ്ചയമാത്മശുദ്ധിക്കൊത്തതാം മാർഗ്ഗമായി.
വിശ്വവിശ്രുതരായ വസിഷ്ഠപ്രമുഖന്മാർ
അശ്രാന്തമാശ്രയിച്ചോരിദ്ദിവ്യധമ്മത്തിനെ
സ്വപ്രധാനത്വമോൎത്തും ജ്ഞാനദൎപ്പത്തിനാലും
ധിക്കരിക്കുന്ന മർത്ത്യൻ ധമ്മതസ്കരൻതന്നെ.
ദിവ്യമാംസാക്ഷ്യമിതു സാദ്ധ്യമാകിലും ജ്ഞാന-
ഗർവ്വത്താൽ സത്യമിതു ചെയ്യാതെ വസിച്ചിട്ടും
ഉൎവ്വീദേവൻെറ ധമ്മമായതിൽ പകുതിയെ
നിർവ്വ്യാജം ഹരിക്കുന്നു ചൊവ്വോടെയമരന്മാർ.
ആത്മശുദ്ധിയെയുള്ളിലാഗ്രഹിക്കുന്ന മർത്ത്യൻ
ഉൾസന്തോഷമോടുചെമ്മേ ദിവ്യമായതുചെയ്തു
ശുദ്ധിയെയടഞ്ഞിട്ടു യശസ്സും സ്വർഗ്ഗമതും
ലബ്ധമാക്കുന്നു സ്വയമന്യഥാ വരാ ദൃഢം.
കാൎയ്യങ്ങൾ ദിവ്യമായി നിർണ്ണയം ചെയ്യുന്നതിൽ
പാരാതെ തീയും, വിഷം, കുടവും, വെള്ളമതും,
കൂടാതെ ധമ്മാധമ്മം, കൂടവേ തണ്ഡുലവും,
ഈരടാന്ന ശപഥവും മുനിമാർ നിർദ്ദേശിച്ചു.
ഇച്ചൊന്ന ദിവ്യങ്ങളങ്ങാദ്യമാദ്യംകണക്കിൽ
നിശ്ചയം നിന്നിടുന്നു ഗൗരവാധിക്യത്തിലും.
ആസ്ഥിതിക്കോരോന്നതും കാൎയ്യഗൗരവംനോക്കി
ഭൂക്ഷിത്തു വഴിപോലെ നിർദ്ദേശിക്കുകവേണം.

ഇത്തരമോരോന്നിനും ഗൌരവഭേദങ്ങളെ
വിദ്വാന്മാർ കല്പിച്ചീടുന്നുണ്ടെന്നാങ്ങിരുന്നാലും
വാസ്തവം വിചാരിച്ചാൽ ദിവ്യങ്ങളെല്ലാംതന്നെ
ഭേദ്യമെന്നിയെ സാക്ഷാൽഗൌരവയുതങ്ങൾതാൻ.
തപ്തമാം ലോഹഗോളം കയ്യിലേന്തിയുംകൊണ്ടു
സപ്തവും രണ്ടുമടി തെററാതെ ഗതികൊൾക,
തപ്തമാം തീക്കട്ടയിൽ കാലുകൾ വച്ചു നൂനം
സപ്തമാം ചുവടുകൾ നടന്നുകൊണ്ടീടുക,
തപ്തതൈലത്തിലിട്ടോരായസമാഷത്തിനെ
തപ്പാതെയതിൽനിന്നും കൈമുക്കിയെടുക്കുക,
ചുട്ടങ്ങു പഴുപ്പിച്ചോരിരിമ്പുപാളത്തിനെ
ചെററുമേ കോട്ടമെന്യേ നാവിനാൽ നക്കീടുക,
രൂക്ഷമാംവിഷമതു ഭക്ഷിച്ചുകൊണ്ടീടുക,
കൃഷ്ണസർപ്പത്തെ കയ്യിലുയർത്തിക്കാട്ടീടുക,
ചട്ടററ (1) തുലാസതിൽ തന്നെത്താൻ തൂക്കിനോക്കി
കിട്ടീട്ടും ന്യൂനാധിക്യംകൊണ്ടു ശോധനചെയ്തു,
ഇഷ്ടദേവതയ്ക്കുഭിഷിക്തമാം ജലത്തിനെ
പുഷ്ടമോദേന ഭക്ത്യാ ഭുജിച്ചിടിനശേഷം
മുട്ടാതെ (2) സലിലത്തിൽ കഌപ്തമാം നേരത്തേക്കു

---

(1) തുലാശുദ്ധി=ഇതിനു ഘടശുദ്ധിയെന്നും പേരുപറയും. പ്രതിക്കാരനെ രണ്ടുപ്രാവശ്യം ത്രാസിൽതൂക്കണം. ഒരു വലിയ കുടത്തിൽ വെള്ളവും മററു സാധനങ്ങളും സമം ഇട്ടാണു തൂക്കേണ്ടതു്. ആദ്യം തൂക്കിയപ്പോൾ ത്രാസിന്റെ രണ്ടുഭാഗവും ശരിയിട്ടും പിന്നീടു നോക്കുമ്പോൾ കൂടുതൽ കുറവായും കണ്ടാൽ കുററക്കാരനാകും.

(2) ജലമജ്ജനം=വെള്ളത്തിൽ മുങ്ങിക്കിടക്കു. ശ്വാസംമുട്ടുന്നതുവരെ കിടക്കണം. കഌപ്തസമയംവരെ ശ്വാസംമുട്ടിയില്ലെങ്കിൽ ശുദ്ധിയായി. ഇല്ലെങ്കിൽ കുററക്കാരനാകും.

തിട്ടമങ്ങഹോ പിന്നേ മജ്ജനംചെയ്തീടുക,
കോട്ടമററൊരു (3) ധർമ്മാധർമ്മവിഗ്രഹങ്ങളെ
തെററാതെ കണ്ണുകെട്ടിക്കൊണ്ടു തൊട്ടെടുക്കുക,
പേർത്തുമങ്ങൊരുകർഷം (4) തണ്ഡുലം വായിലിട്ടു
ചെററുമേ ശങ്കയെന്യേ ചർവ്വണംചെയ്തീടുക,
പൂജ്യപാദന്മാർപാദത്തിങ്കലും പുത്രാദിതൻ-
ഉത്തമാംഗത്തിങ്കലും കൈകളാൽ തൊട്ടീടുക,
ഉത്തമധനങ്ങളെ സ്സംസ്പർശംചെയ്തീടുക,
സത്യത്തേ ചെയ്തീടുക പിന്നെയങ്ങുടനടി,
ദുഷ്കൃതം പൂകട്ടെഞാൻ, പേർത്തുമിങ്ങഹം മുമ്പിൽ
ആർജ്ജിച്ച പുണ്യമെല്ലാം നഷ്ടമായ്ഭവിക്കട്ടെ
ഇത്തരമങ്ങു സത്യവാക്യത്തെയുരയ്ക്കണം
പ്രത്യർത്ഥിതന്നെയാണു ചെയ്യേണ്ടതിവയെല്ലാം.
ആയിരം പണം തുക വരുന്നതായുള്ളതാം
സ്തേയസംഗതികളിൽ തീശ്ശുദ്ധി വിധിക്കുന്നു.
ആയതിൽ കാല്പങ്കതു കുറയും വിഷയത്തിൽ
മായമെന്നിയേ വിഷഭോജ്യവും ചൊല്ലിടുന്നു.
മൂന്നിലൊന്നങ്ങു കുറഞ്ഞീടുകിൽ ഘടശ്ശുദ്ധി
നൽകണം പാതിയായാൽ ജലശ്ശുദ്ധിയും വേണം.
പാതിയിൽ പാതിയായാൽ ധർമ്മാധർമ്മവും പിന്നെ-
യായതിൽ പാതിയായാൽ തണ്ഡുലക്രിയയതും.
പൊയ്യല്ല ഷോഡശാംശമാകുമ്പോൾ ശപഥവും
ചെയ്യണം ദിവ്യങ്ങളങ്ങീവണ്ണം വിധിക്കുന്നു.

---

(3) ധർമ്മാധർമ്മം=ധർമ്മവിഗ്രഹവും അധർമ്മവിഗ്രഹവും കണ്ണു കെട്ടിക്കൊണ്ടു തൊടണം. തൊട്ടതു ധർമ്മവിഗ്രഹം ആണെങ്കിൽ ശുദ്ധമായി. അല്ലെങ്കിൽ കുററക്കാരൻതന്നെ.

(4) തണ്ഡുലക്രിയാ=അതായതു അരിചവയ്ക്കൂ. ചവച്ചുകൊണ്ടിരിക്കുമ്പോൾ ശ്വാസംമുട്ടിയാൽ കുററക്കാരനാകും. അല്ലെങ്കിൽ ശുദ്ധമാകും.

ഇച്ചൊന്ന തുകകളേക്കല്പിപ്പൂ നികൃഷ്ടക്കായ്,
മദ്ധ്യമന്മാൎക്കിതിന്റെയിരട്ടി വിധിക്കുന്നു.
ഉത്തമരായവൎക്കു നാന്മടങ്ങതു ചെമ്മേ
കല്പിച്ചുകൊണ്ടീടണം നിൎണ്ണയം പരീക്ഷകർ.
അഭിയോക്താവു ശിരോവൎത്തിയായിരിക്കാഞ്ഞാൽ
അഭിയുക്തനുദിവ്യം നൽകരുതെന്നു ന്യായം.
അഭിയോക്താവു ശിരസ്ഥാനത്തിലിരിക്കവേ
അഭിയുക്തനു ദിവ്യമെന്നതു സുപ്രസിദ്ധം.
അഭിയുക്തനുമാത്രം ദിവ്യമേകണമെന്നായ്
ശ്രുതികൾ നിരന്തരമായിട്ടു ഘോഷിക്കുന്നു.
അഭിയോക്താവിനോടു ദിവ്യങ്ങളനുഷ്ഠിക്കാൻ
അനുശാസനമതു ചെയ്യരുതൊരിക്കലും.
അഭിയോക്താവുതന്നെ സ്വയമേയനുഷ്ഠിക്കിൽ
ഭവിച്ചീടണം ശിരോവൎത്തിയായഭിയുക്തൻ.
പൃഥ്വീനായകൻതന്നാൽ ശങ്കിതരായുള്ളോൎക്കും,
ദസ്യുക്കളാലേ സ്വയം നിൎദ്ദിഷ്ടരായവൎക്കും,
നിൎദ്ദോഷം തെളിയിക്കാനിച്ഛിക്കും ജനങ്ങൾക്കും
കല്പിക്കാം ദിവ്യമഭിയോക്താവിൻ പരോക്ഷത്തിൽ.
അന്യന്റെ ഭാൎയ്യയോടുമഗമ്യയോടുമുള്ള
സംഗമമതിങ്കലും പെരുതാം പാപത്തിലും
നിൎണ്ണയം ദിവ്യസാക്ഷ്യമതുതാൻ വിധിക്കണം,
അന്യമാം സാക്ഷ്യമൊന്നുമെടുത്തുകൂടാ ദൃഢം.
ബലമാം ശങ്കയുള്ള കളവുകുററങ്ങളിൽ
അലസാതങ്ങു തപ്തമാഷത്തേ വിധിക്കുന്നു.
കൊലപാതകക്കുററമായതിൽ ദിവ്യമതു
മതിയാമെന്നായ് വാദി സ്വയമേ ചോദിക്കുകിൽ
അവനോടങ്ങു പിന്നീടിതരസാക്ഷ്യങ്ങളാൽ
തെളിയിക്കണമെന്നായാവശ്യപ്പെട്ടുകൂടാ.

(1) സോപധമായിട്ടുന്ന തെളിവുണ്ടായുമതു
ഭൂപതിയുടെമുമ്പിൽ ശ്രാവിതമായുംവന്നാൽ
ക്ഷോണിപനതുചെമ്മേ ധർമ്മാസനസ്ഥനായി-
ച്ചേണെഴും ദിവ്യത്തിനാൽ ശോധനചെയ്തിടണം.
നാമഗോത്രങ്ങളാലേ ലേഖ്യത്തിനാവശ്യമാം
മാനങ്ങളെല്ലാമുണ്ടെന്നാകിലും ദ്രവ്യമതു
നൽകിയില്ലെന്നുള്ളതാം വാദമുണ്ടാകുംവിധൌ
ദിവ്യങ്ങൾകൊണ്ടു കാൎയ്യം നിൎണ്ണയം ചെയ്തിടേണം.
മാനുഷമായ സാക്ഷ്യം സാദ്ധ്യമല്ലാതെവരും-
ചേണെഴും കാൎയ്യങ്ങളിൽ, ദിവ്യത്തെ നൽകീടണം:—
കാനനത്തിലും, രാത്രൌ, നിൎജ്ജനസ്ഥാനത്തിലും,
ഊനമെന്നിയേ വീട്ടിന്നകത്തും നടന്നതാം
കാൎയ്യത്തിൽ, സാഹസത്തിൽ, സ്ത്രീകൾതൻ ചാരിത്ര്യത്തിൻ-
ദൂഷണങ്ങളിൽ, പിന്നേ സൎവ്വം നിഷേധിക്കിൽ.
അന്യമാം സാക്ഷ്യമെല്ലാം പ്രദുഷ്ടമെന്നുകണ്ടാൽ
നിൎണ്ണയം ദിവ്യങ്ങളാൽ ശോധന ചെയ്തിടേണം.
പിന്നെയും മഹാപാപാരോപണമതിങ്കലും,
എന്നല്ല നിക്ഷേപങ്ങൾ കൊള്ളചെയ്യതിങ്കലും,
ഉന്നതതരരാകും സാക്ഷികളുണ്ടെങ്കിലും
ഉണ്മയിൽ പരിക്ഷണം ചെയ്യണം ദിവ്യങ്ങളാൽ.
വ്യത്യാസമായിച്ചൊന്നാൽ പ്രഥമ സാക്ഷികളും,
വ്യത്യസ്തപ്പെട്ടുകണ്ടാൽ തദപിധമിതരരും,
വ്യത്യാസപ്പെട്ടിടുകിൽ പിന്നെയുമപരരും,
സത്യത്താൽ വിധിക്കണം നിശ്ചയമക്കാൎയ്യത്തേ.
സ്ഥാവരവസ്തുക്കൾതൻ വാദസംഗതിയിലും,
ശ്രേണികം, പൂകം, ഗണമെന്നിവർകാൎയ്യത്തിലും,
ദത്തങ്ങളദത്തങ്ങളെന്നുള്ള വാദത്തിലും,
ഭൃത്യനും യജമാനനുമായുള്ള തൎക്കത്തിലും,

(1) സോപധം=സത്യത്തെ പരീക്ഷിക്കേണ്ടതായി കാണുന്ന.

വിററതാം വസ്തുവിൻെറ വിനിവൎത്തനത്തിലും,
വിററതിൻ വിലയൎത്ഥം കിട്ടാത്ത കാൎയ്യത്തിലും,
സാക്ഷിയുമനുഭോഗമായതും പുനരഥ
ലേഖ്യവുംമൂലമുള്ളതെളിവാൽ സ്ഥാപിക്കണം.
ഉദ്വാഹകാൎയ്യത്തിലുമുത്സവമതിങ്കലും, 9835
തദ്വിധം ദ്യൂതത്തിലുമുണ്ടാകും തൎക്കങ്ങളിൽ
സാക്ഷികൾമൂലമാകും തെളിവല്ലാതെകണ്ടു
ലേഖ്യമോ ദിവ്യങ്ങളോ പാൎക്കിലാവശ്യമാകാ.
മാൎഗ്ഗങ്ങൾ, പ്രവേശനദ്വാരങ്ങൾ, പ്രണയങ്ങൾ,
ഭോഷ്യൈന്യേ ജലവാഹമിത്യാദികാൎയ്യങ്ങളിൽ,
സാക്ഷിയോ ദിവ്യമതോ ബലമാകില്ല തിട്ടം
ഭുക്തിയൊന്നതുമാത്രമുറച്ച സാക്ഷ്യമാകും.
മാനുഷം സാക്ഷ്യമതുവേണമെന്നൊരുത്തനും
വേണമേ ദിവ്യമെന്നു മററാളും വാദിക്കുകിൽ
ക്ഷോണിപൻ മാനുഷത്തെ ഗ്രഹിച്ചുകൊണ്ടിടേണം
ന്യൂനമങ്ങുപേക്ഷിച്ചുകൊള്ളണം ദിവ്യത്തിനേ.
മാനുഷമായ സാക്ഷ്യമേതാനും ഭാഗത്തിന്നേ
ന്യൂനമങ്ങാകെയുള്ളുവെന്നാലും ഗ്രഹിക്കണം.
ദൈവികം സാക്ഷ്യമതുവാദിപ്പോർ നൽകുന്നതു
നിയതം സമഗ്രമാണെങ്കിലും തള്ളിടേണം.
കാൎയ്യനിൎണ്ണയമാറുവിധത്തിലത്രേ ദൃഢം;
ആയവ പ്രമാണത്താൽ,(1) ഹേതുവാൽ;(2) ചരിതത്താൽ(3)
പൊയ്യല്ല ശപഥത്താൽ പിന്നെയും നൃപാജ്ഞയാൽ,
മെയ്യെന്നായ് പ്രതിതന്നേസമ്മതിപ്പതിനാലേ.
രേഖയുമൊന്നുമില്ലാ, സാക്ഷിയുമില്ലന്യനം

---

(1) പ്രമാണം=തെളിവുകൾ
(2) ഹേതു=വാദപ്രതിവാദങ്ങൾ
(3) ചരിതം=നാട്ടുനടപ്പു

ആകുലഹീനമാകും ഭുക്തിയുമില്ലതന്നേ,
ദൈവികമായ സാക്ഷ്യമായതുമില്ലയെന്നാൽ
കേവലമരചൻതാൻ പിന്നീടു പ്രമാണവും.
സീമകളാദികളാം സംശയകാൎയ്യങ്ങളിൽ
വാദനിൎണ്ണയം ചെയ്വാൻ ശക്യമല്ലാതേ വരും.
ആവക കാൎയ്യങ്ങളിൽ ഭൂപൻതാൻ പ്രമാണമാം,
ഏവൎക്കുമവൻ പാരിൽ പ്രഭുവാകിയമൂലം.
വാദകാൎയ്യങ്ങൾ നൃപൻ സ്വേച്ഛയാ വിധിച്ചീടിൽ
ഭൂമിനായകൻതാനും കില്ബിഷിയായ്ഭവിക്കും.
ആകയാൽ ധൎമ്മശാസ്ത്രമായതിന്നനുരൂപം
ആയിട്ടു വിചാരിച്ചുകൊള്ളണമൎത്ഥശാസ്ത്രം.
രാജാവു, മന്ത്രിമാരെന്നിവർതൻപ്രലോഭത്താൽ
വ്യാജമെന്നിയേ ദൂഷിക്കുന്നിതു വ്യവഹാരം,
ലോകരും ധൎമ്മച്യുതരായിട്ടുഭവിക്കുന്നു,
പോകുന്നു ബുദ്ധിയതും ക്രൂടമാം കാൎയ്യങ്ങളിൽ.
ദുൎഭരമായ കാമക്രോധലോഭങ്ങളോടേ
കെല്പെഴും വ്യവഹാരമായതു നടക്കുകിൽ,
കക്ഷികൾ, സാക്ഷികൾ, നൽസഭ്യരെന്നിവരെയും
ഭോഷ്ക്കല്ല ബാധിച്ചിടുമായവ ഭൂപനേയും.
നിശ്ചയമതിനാലങ്ങിവക ദോഷങ്ങളെ
സ്വച്ഛമായ് ചുവടോടേ ഛേദനം ചെയ്തുചെമ്മേ
പൃഥ്വീശൻ വ്യവഹാരകാൎയ്യത്തെയെല്ലായ്പൊഴും
ഭദ്രമായ് വഴിപോലെ ചിന്തിച്ചുകൊണ്ടീടണം.
നേരുകേടായകാൎയ്യം നേരെന്നു നൃപാലനോ-
ടാരുമങ്ങറിയിച്ചാലതിനേ വിശ്വസിച്ചു
നേരായിസ്വീകരിച്ചാലതിന്റെ കൎത്താ നൃപ-
നായിട്ടുമെൺമടങ്ങുപാപവും ഭുജിച്ചിടും.
മററുമോരധൎമ്മത്തേ ചെയ്തീടും നൃപാലനോ-

ടൊട്ടുമോരൗദാസീന്യം കാട്ടരുതത്രേ സഭ്യർ.
തിട്ടമാണെന്നാലവർ പൃഥ്വീശനോടുകൂടി
നിഷ്ഠുരനരകത്തിൽ നിക്ഷിപ്തരായ് ഭവിക്കും.
ധിഗ്ദണ്ഡം, വാഗ്ദണ്ഡമെന്നുള്ളവ രണ്ടും സഭാ-
സത്തുക്കൾക്കുള്ളതാകുമധികാരങ്ങളത്രേ.
ചൊല്ലേല്ക്കൊള്ളുമർത്ഥദണ്ഡം വധമെന്നിവ രണ്ടും
ഭൂക്ഷിത്തിനുള്ളതാകുമധികാരങ്ങൾ നൂനം.
ആദ്യമായൊരു തീർപ്പു ചെയ്തതു ധർമ്മമല്ലെ-
ന്നാക്ലമേ പരാതിയതുള്ളതായ് വന്നാൽ നൃപൻ
പേർത്തുമക്കാര്യത്തിനെയെടുത്തു വിസ്തരിക്കാം,
കെട്ടിവച്ചീടിൽ ദ്രഢമിരട്ടിപ്രായശ്ചിത്തം.
സാക്ഷികൾ പിഴച്ചുപോയ്, നിശ്ചയമതുപോലെ
സഭ്യരും ദൂഷിച്ചുപോയ്, ഭൂപനും തെററിപ്പോയി,
ഇത്തരം വാദംവന്നു പുനരിന്നപേക്ഷിച്ചാൽ
കൃത്യമായ് വീണ്ടും കാര്യമെടുക്കാമെന്നു ന്യായം.
പ്രാഡ്വിവാകനോ, പിന്നേ നിർണ്ണയമമാത്യനോ,
തെററായിട്ടൊരുകാര്യം തീർച്ചചെയ്തതായ് കണ്ടാൽ
തിട്ടമക്കാര്യത്തിന്നേ പുനരായ് കേട്ടീടണം,
തെററുകാരനു പിഴയിടണമോരായിരം.
ദണ്ഡനംകൂടാതാരും നേർവഴിനടന്നിടാ,
നിർണ്ണയമതിനാലേ സഭ്യർതൻദോഷങ്ങളേ
കണ്ണിനു കാട്ടിടുമ്പോൾ കാര്യങ്ങൾ പുനരായി
മന്നവനെടുത്തിട്ടു പിന്നെയും കേട്ടിടേണം.
സാക്ഷ്യങ്ങൾമുഖേനയും വാദങ്ങൾ കൊണ്ടും തഥാ
പ്രാഡ്വിവാദികൾക്കുണ്ടാമാദരമതിനാലും
ചട്ടററ ജയപത്രലബ്ധിയാലെയും നൂനം
പിട്ടല്ലങ്ങൊരുകക്ഷി വിജയിയായിടുന്നു.
സഭ്യന്മാരാദിയായോർ വേണ്ടപോൽ നിരൂപിച്ചും,

നിർബ്ബാധമെതിർവാദി നിസ്തൎക്കം സ്വീകരിച്ചും,
കൃത്യമായ് തയാർചെയ്ത ജയപത്രത്തെ നോക്കി
പൃഥ്വീശൻ വിജയിച്ചകക്ഷിക്കു കൊടുക്കണം.
കാൎയ്യമന്യഥാ വന്നാലഭിയോക്താവുതന്നേ
പാരാതെ നിരോധത്തിൽ നിൎത്തണം ബഹുവൎഷം;
നേരുകേടാകുമഭിയോഗത്തിന്നനുരൂപം
സാരമായഭിയോഗിതന്നെയും മാനിക്കണം.
കാമക്രോധങ്ങൾ ചെമ്മേ സംയമംചെയ്തു നൃപൻ
സാമോദം യഥാന്യായം കാൎയ്യങ്ങൾ കേട്ടീടുകിൽ
ലോകരെല്ലാരുമനുവൎത്തിക്കും നൃപാലനേ
സാഗരത്തിന്നെ നിത്യം സിന്ധുക്കളെന്നപോലെ.
അച്ഛനമ്മമാർ ജീവിച്ചിരിക്കുംകാലങ്ങളിൽ
വൃദ്ധനാകിലും പുത്രൻ സ്വതന്ത്രനാകാ ദൃഢം.
അച്ഛനാണമ്മയേക്കാൾ ശ്രേഷ്ഠത്വം കൂടുന്നയാൾ
നിശ്ചയം ബീജത്തിൻെറ മാഹാത്മ്യംഹേതുവാലെ.
അച്ഛൻെറയഭാവത്തിൽ ശ്രേഷ്ഠയങ്ങമ്മതന്നേ,
അച്ഛയാമമ്മ പോയാലഗ്രജന്മാവും തഥാ.
അഗ്രജന്മാരിൽവച്ചും ജ്യേഷ്ഠനുമാത്രമത്രേ
വ്യഗ്രതയെന്യേ പൂൎണ്ണസ്വാതന്ത്ര്യം നല്കീടാവൂ.
ജ്യേഷ്ഠത്വം ഭവിക്കുന്നു വയസ്സുകൊണ്ടുംതഥാ
കോട്ടമററുള്ള ഗുണശാലിത്വംനിമിത്തവും.
അച്ഛൻെറ പത്നിമാരായുള്ളോരെയെല്ലാരെയും
നിശ്ചയം മാനിക്കണം സ്വന്തമാതാവിനേപ്പോൽ.
തനിക്കു ലഭിപ്പതുപോലുള്ള ഭാഗംകൊണ്ടു
കനക്കെപ്പാലിക്കണമിവരെയെല്ലാരെയും.
നിനയ്ക്കിൽ പ്രജകളങ്ങെല്ലാരുമസ്വതന്ത്രർ,
ധരിത്രീധവൻമാത്രം സ്വതന്ത്രനാകുന്നവൻ.
തരത്തിലതുപോലെ ശിഷ്യന്മാരസ്വതന്ത്രർ

സമസ്തസ്വാതന്ത്ര്യവും വത്തിപ്പു ഗുരുവിങ്കൽ.
ശാസനാവിഷയത്തിൽ സ്വാതന്ത്ര്യം പുത്രന്റെമേൽ
താതനുണ്ടഹോ ദൃഢം പുത്രന്റെ ഭാൎയ്യമേലും.
ദാനമേകുന്നതിന്നും വിക്രയംചെയ്തിടാനും
ന്യൂനമില്ലധികാരം താതനു പുത്രന്റെമേൽ.
പാരതന്ത്ര്യത്തിലിരുന്നീടിലുമിവരെല്ലാം
നേരത്രേ സ്വതന്ത്രരാണനുശാസനംതന്നിൽ.
കൂടാതെ വിസൎഗ്ഗത്തിലവിസൎഗ്ഗത്തിങ്കലും
ഈടെഴും സ്വതന്ത്രരാണങ്ങിവരെല്ലാവരും.
മാണിക്യംമുക്താഫലം പവിഴമിവയെല്ലാം
ന്യൂനമപ്പിതാവുതാൻ പ്രഭുവായിട്ടുന്നവൻ.
ചേണെഴും സ്ഥാവരങ്ങൾക്കൊന്നുമേ മറിച്ചങ്ങു
താതനോ താതൻതന്റെതാതനോ പ്രഭുവാകാ.
ഗൃഹിണി, പുത്രൻ, ദാസനെന്നിവർ മൂന്നുപേരും
അഖിലശാസ്ത്രത്തിലുമധനരായിച്ചൊൽവു.
ഇവരങ്ങാരുടേതായ് ഭവിക്കുമവൻതന്റെ
വകയായ്തീൎന്നിടുന്നുണ്ടിവർതൻ സമ്പാദ്യങ്ങൾ.
മുതൽകൈവശക്കാരനായതുകൊണ്ടുമാത്രം
മുതലിന്നുടമസ്ഥനായിട്ടു ഭവിച്ചിടാ.
ഒരുവൻമുതലത്രു വേറൊരാളിന്റെകയ്യിൽ
വരുവതങ്ങു ചോരന്മാരിലും കാണുന്നില്ലേ?
അതിനാൽ മുതലിന്റെയുടമസ്ഥാവകാശം
അനുഭോഗത്താൽ വരാ ശാസ്ത്രത്താൽസിദ്ധിക്കണം.
മറിച്ചാകിലൊ ന്യൂനമൊരുവൻതന്റെമുതൽ
തരത്തിലന്യൻ മോഷ്ടിച്ചെന്നതായ് ചൊല്ലാൻമേലാ.
ശാസ്ത്രത്തിൽ ധനാഗമമോരോന്നുമുരയ്ക്കുന്നു
സ്സ്പോക്തമാകുന്നതഥാ വൎണ്ണവ്യത്യാസങ്ങളും.
ശാസ്ത്രത്തിൽചൊല്ലുന്നവ ബന്ധിതമായിട്ടുന്നു

മ്ലേച്ഛജാതികൾപോലും നിൎണ്ണയമനാരതം.
ലോകരക്ഷയെയോൎത്തു മുമ്പുള്ളോരാചാൎയ്യന്മാർ
ആകവേയോതീടിനാരിവക ധൎമ്മങ്ങളെ.
പുത്രനും ഭാൎയ്യമാൎക്കും സ്വത്തവകാശം സമം
പുത്രന്റെ പകുതിയപ്പുത്രിക്കും വിധിക്കുന്നു.
പുത്രിമാൎക്കുള്ളതിന്റെ പകുതിഭാഗമതു
പുത്രിതൻ പുത്രന്മാൎക്കും വിധിക്കുന്നിതു സിദ്ധം.
ഇച്ചൊന്നവിധമുള്ള ഭാഗവിതങ്ങളെല്ലാം
അച്ഛൻതൻ മരണത്തിൻ പില്പാടും ലഭിച്ചിടും.
സ്വത്തിന്റെ നാലിലൊന്നു മാതാവിന്നേകീടേണം,
തദ്വിധമതിൽ പാതിനല്കണം ഭഗിനിക്കും,
ഭഗിനീസുതനായി നല്കണമതിൽപ്പാതി,
നിയതം ശേഷിപ്പതു പുത്രനുമെടുക്കേണം.
പുത്രനും, നപ്താവഥ, പത്നിയും, പുത്രി, തഥാ
പുത്രിതൻ പുത്രൻ, പിന്നെ മാതാവു, പിതാവഥ,
പൌത്രമങ്ങഹോ, ഭ്രാതാ, തൽപുത്രനേവംവിധം,
സ്വത്തവകാശിയാകും പൂൎവ്വാലാഭക്രമത്തിൽ.
സൌദായികാഖ്യം ധനം പ്രാപിച്ചാലതു പിന്നെ
സ്ഥാവരമായിടിലും ബോധിച്ചവണ്ണം സ്വയം
സ്ത്രീകൾക്കു വിററുകൊള്ളാം ദാനവും ചെയ്യാമത്രേ
സൎവ്വമാം സ്വാതന്ത്ര്യവുമവൎക്കുണ്ടാകയാലേ.
ഊഢയാം കന്യകയ്ക്കു ഭൎത്താവുതന്റെ പിതൃ-
ഗേഹത്തിൽനിന്നുചെമ്മേ സിദ്ധിച്ചതായോ തഥാ
മാതൃപിത്രാദികളാൽ ദത്തമതായോ വരും
യാതൊരു ധനത്തിനും പേരതു സൌദായികം.
പിത്രാദിധനത്തോടു ബന്ധമില്ലാത്തതായി-
സ്വത്തുക്കൾ സമ്പാദിക്കിൽ നിൎണ്ണയമാരാകിലും
അദ്ധ്വാനമവൻതന്റെയിച്ഛപോൽ ഭുജിച്ചിടാം,

പേർത്തുമദ്ധനമവിഭാജ്യമായ് ഭവിച്ചിടും.
വെള്ളത്തിൽനിന്നോ തഥാ കൊള്ളക്കാർതന്നിൽനിന്നോ
പിന്നെയും രാജാവിലോ വഹ്നിയിങ്കലോ നിന്നോ
വല്ലതും മുതലൊരാൾ തൽബലാൽ രക്ഷിക്കുകിൽ
നിർണ്ണയം പത്തിലൊന്നിന്നാർഹനായീടുമവൻ.
സ്വർണ്ണവേലക്കാർ മുതലായവരൊരുമിച്ചു
വല്ലതും ശില്പവേല വല്ലോർക്കും ചെയ്തീടുകിൽ
എല്ലാർക്കുമവനവൻചെയ്ത വേലയെ നോക്കി
നിർണ്ണയം യഥാർഹിതം കൂലി നല്കുകവേണം.
തന്നുടെ കലതന്നിൽ വല്ലഭനായിട്ടുന്ന
നല്ല വേലക്കാരനെ ശില്പിയെന്നായിച്ചൊൽവു.
ഹർമ്മ്യങ്ങൾ, ദേവാലയം, വാപികളിത്തുകളും
ഹർമ്മ്യാദി തന്നിലിടും സാധനസാമഗ്രിയും
ഒന്നിച്ചങ്ങൊട്ടാളുകൾ പണിതാൽ പണിക്കാരിൽ
മുമ്പനു നൽകിടണം രണ്ടാളിൻ കൂലി നൂനം.
നർത്തകന്മാർക്കുമിതുതന്നെയാണത്രെ ധർമ്മ-
നിർദ്ദേശമെന്നതായിച്ചൊല്ലുന്നു ബുധജനം.
നിശ്ചയം താളക്കാർക്കു പാതിയേ കൂലിയുള്ളൂ,
സ്വച്ഛരാം ഗായകന്മാർക്കെല്ലാർക്കും സമവീതം.
ചോരന്മാർ നൃപാജ്ഞയാ മറുരാജ്യത്തുന്നിന്നും
ചോരണം ചെയ്തീടുകിലേതൊരു മുതലതും
ആറിലൊന്നതിൽ നിന്നു രാജാവിനായി നീക്കി,
കൂറുകൊള്ളണം ബാക്കിയുള്ളതു സമമായി.
കൂട്ടത്തിലൊരാളിനേ ശത്രുക്കൾ പിടിപെട്ടാൽ
കോട്ടമെന്നിയേ പിന്നെയവനെ മോചിപ്പിക്കാൻ
ബാക്കിയുള്ളവർ ധനം തുല്യമായെടുത്തിട്ടു
നീക്കമെന്നിയേ നൂനം ചെലവു ചെയ്തിടണം.
സ്വർണ്ണവും രസങ്ങളും ധാന്യാദിവസ്തുക്കളും

നിൎണ്ണയം വണിക്കുകൾ പങ്കുകച്ചോടം ചെയ്കിൽ
പങ്കിന്റെ സമത്വവും ന്യൂനാധിക്യവും പാൎത്തു
പങ്കിട്ടു കൊണ്ടീടണം ലാഭവീതത്തേയവർ.
ആദ്യമേ സമം ന്യൂനമധികമെന്നിങ്ങനേ
കൃത്യമായ്കരാർ ചെയ്കിലതുപോൽ നടക്കണം.
ഭേദ്യമെന്നിയെ എല്ലാച്ചെലവും വഹിക്കണം,
കൃത്യവും നടത്തണം ലാഭവും വീതിക്കണം.
വാണിജന്മാൎക്കെന്നപോൽ കൃഷികജനങ്ങൾക്കും
കാണിയും പിഴയാതെ ബാധിക്കുമിതേന്യായം.
സാമാന്യധനം തഥാ, യാചിതം, ന്യാസമാധി,
ദാസന്മാർ, ദാസധനം, നിക്ഷേപമന്വാഹിതം,
കുലത്തിലാളുള്ളപ്പോൾ സൎവ്വസ്വമിയൊമ്പതും
കൊടുത്തുകൂടാ ബുധനാപത്തിൽപോലുമാകും.
കൊടുക്കാനവകാശമില്ലാത്തമുതലിനേ
കൊടുക്കുന്നവനെയും വാങ്ങിക്കും ജനത്തെയും
കനക്കേ ചോരനെന്നാകണക്കിൽ ശിക്ഷിക്കണം
കടുത്തസാഹസത്തിൻപിഴയും വിധിക്കണം.
യാതൊരുമുതലതും തൽസ്വാമിയല്ലാത്തതാം
യാതൊരാളിങ്കൽ നിന്നോ ചോരനിൽനിന്നോ തഥാ,
യാവനും ഗ്രഹിക്കയോ ഗൂഢമായ്വിലവാങ്ങി
യാവനുമെടുക്കയോ ചെയ്താകിൽ ശിക്ഷിക്കണം.
യാതൊരുതെററുമെന്യേ യാജ്യനേ വിട്ടുപോകും
യാതൊരുഋത്വിക്കിനെയും ഭൂമിപൻ ശിക്ഷിക്കണം;
യാതൊരുതെററുമെന്യേ ഋത്വിക്കിനേയും തഥാ
കൈവിടും യാജ്യനേയുമാവിധം ശിക്ഷിക്കണം.
കച്ചോടലാഭമതു വ്യയങ്ങൾ പാൎത്തുകണ്ടും
കച്ചോടസ്ഥലത്തിന്റെ ഗുണദോഷങ്ങളോൎത്തും
മുപ്പത്തിരണ്ടിലൊന്നു ഭാഗമതായോ തഥാ

നിർബ്ബാധം പതിനാറിലൊന്നായോ കല്പിക്കണം.
അൎത്ഥമാം ധനമതു വൃദ്ധികൂടാതെ നൽകി
ത്തദ്ധനംകൊണ്ടുസദാ വാണിജ്യം ചെയ്യിക്കണം.
തെററാതെ മൂലധനമായതിലിരട്ടിയാം
വട്ടിപററിയശേഷമുത്തമൎണ്ണന്നു പിന്നേ
തിട്ടമാമൂലധനം മാത്രമേ നല്കിക്കാവു
മറെറാന്നുമതിന്മീതേ കല്പിച്ചുകൂടാ ദൃഢം.
(1)ചക്രവൃദ്ധിയെന്നുള്ള പേരത്തും പറഞ്ഞുകൊ-
ണ്ടുത്തമൎണ്ണന്മാർ പ്രജാധനത്തേ കവരുകിൽ
അത്തരക്കാരിൽനിന്നും പ്രജയെ രക്ഷിക്കേണം
ബദ്ധകങ്കണം സദാ പൃഥ്വിയേപ്പാലിപ്പവൻ.
കൊണ്ടതാം കടം വീടാൻ ശക്തനാണെന്നാകിലും
മിണ്ടാതെയൊരുപുമാൻ മീളാതെകഴിക്കുകിൽ
വേണ്ടപോൽ സാമദണ്ഡമവനിൽ പ്രയോഗിച്ചു
നിൎണ്ണയം കടമതു വീട്ടിക്കവേണം നൃപൻ.
കടത്തിനുള്ളപത്രം കൈമോശം വന്നതായി-
ട്ടൊരുത്തൻ കഥിച്ചുകൊണ്ടന്യായം ബോധിപ്പിക്കിൽ,
തരത്തിൽ സാക്ഷികളാൽ സത്യത്തേ ഗ്രഹിച്ചിട്ടു
കൊടുപ്പിക്കണം ധനം തിരിച്ചു മുൻചൊന്നപോൽ.
അദത്തമായധനം വാങ്ങിക്കുന്നവനെയും
സുദത്തമായുള്ളതു വീണ്ടുമിച്ഛിപ്പോനെയും
മുറയ്ക്കു ധൎമ്മജ്ഞനായിടുന്ന മഹീശ്വരൻ
കനക്കെദ്ദണ്ഡിക്കണം സംശയമെന്യേ ദൃഢം.
മായമാം ചരക്കുകൾ വില്ക്കുന്ന മനുഷ്യനെ
ന്യായമായ്ശിക്ഷിക്കണം ചോരനുതുല്യമായി.
ചെയ്യുന്നപണിയതും ഗുണവും പാൎത്തുകണ്ടു
പൊയ്യെന്യേ ശില്പികൾക്കു കൂലികൾ കൊടുക്കണം

(1) ചക്രവൃദ്ധി=പലിശയ്ക്കുപലിശ

വെള്ളിവില്പന നടത്തിടുന്ന ജനത്തിൽ നി-
ന്നൊള്ളുമേ പിഴയാതേ നാലിലൊന്നംശമതോ
പിന്നെയും മൂന്നിലൊന്നോ രണ്ടിലൊന്നതോ ദിനേ
ചുങ്കമായ് പിരിക്കണം കൂടുതൽ പാടില്ലതാൻ.
പൊന്നൊരുനൂറുപലമുരുക്കി നോക്കീടുകിൽ
ഒന്നുമേ കുറയായ്കിൽ ശുചിയാംപൊന്നുതന്നേ.
വെള്ളിക്കു കുറവുണ്ടാം നാനൂറിലൊരുഭാഗം
തെല്ലുമേ ഭേദംവിനാ ചെമ്പിനു നൂറിലൊന്നും.
വംഗവും ജസദവും സീസവും കുറഞ്ഞിടും
മങ്ങാതെ ഷോഡശാംശമയസ്സാരഷ്ടാംശവും.
അന്യഥാ കണ്ടിടുകിൽ ദണ്ഡിച്ചുകൊണ്ടീടണം
മന്നവൻ മടിയാതെ നിർണ്ണയം ശില്പിതന്നെ.
ശരിയായ്പ്പണിയുമ്പോൾ പൊന്നിനങ്ങിരുനൂറിൽ
ഒരുഭാഗവും തഥാ വെള്ളിക്കു നൂറിലൊന്നും
കുറവു വരുമത്രേ കൂട്ടുചേർക്കുന്നതാകിൽ
സുദൃഢം പതിനാറിലൊന്നംശം കൂടെയുണ്ടാം.
മറിച്ചുകണ്ടിടുകിൽ ദണ്ഡിച്ചുകൊണ്ടീടണം
മുറയ്ക്കു പണിചെയ്ത പണിക്കൻതന്നെ നൃപൻ.
കൂട്ടുചേർക്കലും പണിത്തരവും നോക്കി നൂനം
തെററാതെ നിർണ്ണയിക്കാം കൂടുതൽകുറവുകൾ.
പൊൻപണിത്തരങ്ങളിലൊന്നാംതരത്തിൻ കൂലി
കമ്പമെന്നിയേ നില്ക്കും മുപ്പതിലൊന്നംശമായ്.
രണ്ടാംതരത്തിനുള്ളതായതിൽ പാതിയായും
നിന്നിടുമതിൽ താണതായതിൽ പാതിയായും.
കടകങ്ങൾക്കു പണിക്കൂലിയതെല്ലായ്പൊഴും
ദൃഢമഞ്ചതിങ്കലും പാതിയായ്ക്കുറഞ്ഞിടും;
അതിലും പാതിയായിക്കുറയുമത്രേ ദൃഢം
സതതം സ്വർണ്ണത്തിനേയുരുക്കാനുള്ള കൂലി.

വെള്ളികൊണ്ടുണ്ടാക്കുന്ന മെച്ചമാം പണികൾക്കു
ചൊല്ലീടുന്നുണ്ടു കൂലിയൊന്നുപാതിയായെങ്ങും;
ചൊന്നിടുമിടത്തരത്തിന്നതിൽപ്പാതിയായി-
ച്ചൊന്നിടും ഹീനത്തിന്നങ്ങതിലും പാതിയായും.
വെള്ളികൊണ്ടുണ്ടാക്കുന്ന കങ്കണങ്ങൾക്കു കൂലി
ചൊല്ലുമങ്ങതിങ്കലും പാതിയായിട്ടൂന്നം.
ചെമ്പിലും വംഗത്തിലും ജസദത്തിലും തീക്ഷ്ണം
ഇമ്പമാം പണികൾക്കു കാൽഭാഗമത്രേ കൂലി.
എന്നാലങ്ങിരിമ്പിനു പാതിയും സമമത്തും
എന്നല്ലയിരട്ടിയുമെട്ടിരട്ടിയുമാകും.
ധാതുവിൽമായംചേർക്കും പണിക്കാരനു ധരാ-
നാഥനേകുകവേണമിരട്ടിക്കുള്ള ദണ്ഡം.
ആദികാലത്തു മുനിമാരിൽനിന്നാരംഭിച്ചോ-
രാചാരമനന്തമായ് വർദ്ധിച്ചു പാരാകവേ.
നേരാണങ്ങവയെല്ലാമൊന്നൊന്നായ് വർണ്ണിക്കുവാൻ
ആരാലുമസാദ്ധ്യമാം ഭൂമിയിൽ മനുഷ്യരിൽ.
അഞ്ചാമതാകുന്നതാം രാഷ്ട്രമാം പ്രകരണം
ചെഞ്ചെമ്മേ ചൊല്ലീടിനേൻ നിർണ്ണയം സമാസമായ്.
ചൊല്ലാതെയതിൽ വിട്ടുപോയതാം ഗുണാഗുണം
എല്ലാവും ലോകശാസ്ത്രംകൊണ്ടുതാനറിയണം.

നാലാം അദ്ധ്യായം അഞ്ചാം പ്രകരണം സമാപ്തം

# നാലാം അദ്ധ്യായം

## ആറാം പ്രകരണം

### (ദുർഗ്ഗപ്രകരണം)

( ഇതിൽ ദുർഗ്ഗങ്ങളുടെ വിവിധഭേദങ്ങളും ഉപയോഗങ്ങളും പ്രതിപാദിക്കപ്പെടുന്നു. )

ചൊല്ലാമിനിയഹമാറാമതായിട്ടും
ചൊല്ലുന്ന ദുർഗ്ഗപ്രകരണമല്പമായ്.
കല്ലുകൾ മുള്ളുകളെന്നിവയാലെയും,
നല്ലോരഗാധമാം ഖാതങ്ങളാലെയും,
വല്ലാതെ ദുർഗ്ഗമമാക്കിയ കോട്ടയേ
ച്ചൊല്ലിടും പാരിതിലൈരിണമെന്നതായ്.
ചുററും മഹത്താം കിടങ്ങുകളുള്ളതാം
ചുട്ടററകോട്ടയേ ച്ചൊല്ലിടും പാരിഖം;
ഇഷ്ടകാപാഷാണമൃത്തുക്കളാൽ ഭിത്തി
കെട്ടിയകോട്ടയേ പ്പാരിഘമെന്നുമായ്.
ഘോരമാം മുള്ളും മഹാവൃക്ഷജാലവും
പാരം നിറഞ്ഞാൽ വനദുർഗ്ഗമെന്നതായ്
ഈരിതമായിട്ടും നിർജ്ജലമായിട്ടും
ഭൂമികൾ ചൂഴവേ ധന്വദുർഗ്ഗവുമായ്.
നാലുവശങ്ങളും നൂനം ജലാശയ-
ത്താലേ സദാ പരിവേഷ്ടിതമാവുകിൽ
ചാലേ വിദിതമാമക്കോട്ട പാരിതിൽ
ചേലൊന്നിടുന്ന ജലദുർഗ്ഗമെന്നതായ്.

വേണ്ടുന്നവണ്ണം ജലപുഷ്ടമായതും
ഉന്നതമാകുന്ന കുന്നിൻമുകളതിൽ
ഉല്ലസിക്കുന്നതുമാകിയ കോട്ടയേ
ചൊല്ലിടുന്നു ഗിരിദുർഗ്ഗമെന്നുള്ളതായ്.
വിക്രാന്തരും വ്യൂഹവിത്തുക്കളുമതാം
ചൊല്ക്കൊണ്ട യോദ്ധൃവർഗ്ഗത്താൽ നിറഞ്ഞതും
ചെററുമേ ഭേദ്യമല്ലാത്തതുമാകിയ
കോട്ടയേ ച്ചൊല്ലിടും സൈന്യദുർഗ്ഗമതായ്.
ശൂരരുമെന്നല്ലനുകൂലരുമതായ്
പാരാതെ മേവുന്ന മിത്രങ്ങൾ തങ്ങടേ
പേരാർന്ന കോട്ടയ്ക്കു പേരതുചൊല്ലിടും
സാരമായിടും സഹായദുർഗ്ഗമതായ്.
പാരിഖമായിടും കോട്ടയേക്കാട്ടിലും
ഐരിണമായതു പാരം വിശിഷ്ടവും,
ഐരിണത്തിൽ പരം പാരിഘമായതും
പാരിഘത്തിൽ പരമാരണ്യദുർഗ്ഗവും.
ഈടാർന്നൊരാരണ്യമായതിങ്കൽ പരം
കേടററ ധന്വമതീവ വിശിഷ്ടവും,
ചേണാർന്ന ധന്വാൽപരം ജലദുർഗ്ഗവും
ന്യൂനമതിൽപ്പരം ശൈലദുർഗ്ഗമതും.
ദുർഗ്ഗവർഗ്ഗത്തിനു ഭൂഷകളായവ
ചൊല്ക്കൊണ്ട സൈന്യസഹായദുർഗ്ഗങ്ങൾതാൻ.
പിട്ടല്ലിവതന്നഭാവത്തിൽ മന്നനു
മററുള്ള ദുർഗ്ഗങ്ങൾ വ്യർത്ഥങ്ങൾ സർവ്വവും.
സർവ്വദുർഗ്ഗത്തിലും ശ്രേഷ്ഠമായിബ്ബുധർ
നിർവ്യാജമോതുന്നു സൈന്യദുർഗ്ഗത്തിനെ.
പൊയ്യല്ല മററുള്ള ദുർഗ്ഗങ്ങളൊക്കെയും

ഇയ്യൊന്നതിന്റെ സഹായികൾ കേവലം.
സവ്വഥാ രക്ഷിച്ചുകൊള്ളണമാകയാൽ
ഉവ്വീപതി സദാ സൈന്യദുർഗ്ഗത്തിനെ.
സൈന്യദുൎഗ്ഗമതു കയ്യിലുണ്ടെങ്കിലോ
മന്നിടം സർവ്വവും മന്നനു പാട്ടിലാം.
നിണ്ണയമായതു തന്നഭാവമതിൽ
അന്യമാം ദുർഗ്ഗങ്ങൾ ബന്ധനമൊക്കെയും.
ആപത്തുകാലത്തു മററു ദുർഗ്ഗങ്ങളെ
ഭൂപൻ സമാശ്രയം പൂകിടാം നിണ്ണയം.
അസ്ത്രമുണ്ടെങ്കിലോ നൂറുപേരോടൊരാൾ
യുദ്ധത്തിനു മതി ദുർഗ്ഗസ്ഥനാവുകിൽ.
പിട്ടല്ലൊരു നൂർപേർ മതിയായിടും
തെററാതെതിർപ്പാൻ ദശസഹസ്രത്തിനേ.
കോട്ടമററാകയാൽ ഭൂപതിയെപ്പൊഴും
കോട്ടകൾ സവ്വഥാ രക്ഷിച്ചുകൊള്ളണം.
ശൂരനും സൈന്യദുൎഗ്ഗസ്ഥനുമായവ-
ന്നോതൊരുസ്ഥാനവും ദുൎഗ്ഗമാകും ദൃഢം.
സൈന്യവും സൈന്യസംഭാരവും പിന്നെയും
ധാന്യങ്ങൾ വിത്തങ്ങളസ്ത്രങ്ങളെന്നിവ
കൊണ്ടു നിറയ്ക്കണം ദുർഗ്ഗങ്ങളൊക്കെയും
അല്ലലെന്ന്യേ നൃപനെല്ലാസമയവും.
മിത്രങ്ങളാൽ പരിപുഷ്ടമായുള്ളതാം
ഭദ്രമാം കോട്ടയതു ശ്രേഷ്ഠമേററവും.
മിത്രപുഷ്ടങ്ങളാം ദുർഗ്ഗങ്ങളെപ്പൊഴും
പാൎത്ഥിവന്മാൎക്കു വിജയപ്രദങ്ങൾ താൻ.
യാതൊന്നു യാതൊന്നു പാരിൽസഹായിക-
വ്രാതങ്ങളാലേ പരിപുഷ്ടമായിടും

ഭേദംവിനാ ഭവിച്ചീടുമതൊക്കെയും
ഭൂതലേ നിത്യം ഫലപ്രദംതന്നെയായ്.
ദുർഗ്ഗങ്ങളെല്ലാം പരസ്പരം യോജിച്ചു
നില്ക്കുന്നതാകിലനുകൂലമായ് സദാ
നിശ്ചയം സർവ്വഥാ മന്നവന്നായതു
നിസ്തുലമാകും ജയത്തിനേ നല്കീടും.

നാലാംഅദ്ധ്യായം ആറാംപ്രകരണം സമാപ്തം.

# നാലാം അദ്ധ്യായം ൧-ാം പ്രകരണം

## സംഗതിവിവരം.

---

(വരിക്രമത്തിന്)

൧—൨൪. സൈന്യം എന്നാൽ എന്ത്? സൈന്യത്തെ പ്രഥമമായി രണ്ടായി തിരിക്കാം:--(൧) സ്വഗമം. (൨) അന്യഗമം. സ്വഗമം എന്നതിൻെറ അർത്ഥവിവരണം. അന്യഗമം എന്നതിൻെറ അർത്ഥവിവരണം. സൈന്യത്തെ ദൈവ്യം എന്നും ആസുരം എന്നും വീണ്ടും രണ്ടായി തിരിക്കാം. രാജ്യരക്ഷയ്ക്കും കോശരക്ഷയ്ക്കും സൈന്യം ആവശ്യം. നിസ്സാരനായ ഒരു ആളിനും ബലമുണ്ടെങ്കിൽ സർവ്വരും അവൻെറ പാട്ടിലാകും. കെല്പുകേടു വന്നാൽ എല്ലാവരും ശത്രുക്കൾതന്നെ.

൨൫—൪൦. ബലം ആറുവിധം:—(൧) ശരീരബലം, (൨) ശൌര്യബലം, (൩) സൈന്യബലം, (൪) അസ്ത്രബലം, (൫) ധീബലം (൬) ആയുർബലം. ഈ ആറുവിധം ബലങ്ങളും ഒരാളിന് ഉണ്ടാകുമെങ്കിൽ അവൻ ഭൂമിയിൽ വിഷ്ണുതന്നെയാണ്. ശക്തിക്ഷയം വന്നാൽ ആരും പരാശ്രയം പൂകേണ്ടിവരും. അതിനാൽ രാജാവു അച്ഛേദ്യമായ ബലം സമ്പാദിക്കണം.

൪൧—൫൨. സൈന്യബലം രണ്ടുവിധം:—(൧) സ്വന്തസൈന്യത്തിൻെറ ബലം. (൨) മിത്രസൈന്യത്തിൻെറ ബലം. സൈന്യബലം വീണ്ടും രണ്ടായി തിരിക്കാം:- (൧) മൌലികം (സ്ഥിരമായ സൈന്യം (൨) സാദ്യസ്കം (താൽക്കാലികസൈന്യം). ഇവയെ തന്നെ വീണ്ടും പലവിധം വിഭാഗിക്കാം.

൫൩—൮൨. സ്വീയസൈന്യം, മൈത്രസൈന്യം, മൌലികം, സാദ്യസ്കം, സാരം, അസാരം, ശിക്ഷിതം, അശിക്ഷിതം, ഇതുകളുടെ അർത്ഥവിവരണവും മററും.

൮൩—൮൯. ദുർബ്ബലമായി കരുതേണ്ട സൈന്യങ്ങൾ ഏതെല്ലാമെന്ന്.

൮൭—൧൦൮. മുൻപറഞ്ഞ ആറുതരം ബലങ്ങളും എങ്ങിനെ വളൎത്തണമെന്നും മററും.

൧൦൯ — ൧൨൦. കാലാൾപ്പടകൾ കുതിരപ്പടയുടെ നാലുമടങ്ങും, കാളകൾ അഞ്ചിലൊന്നും പാലിക്കണം. കുതിരയുടെ എട്ടിലൊന്നു ഒട്ടകവും ഒട്ടകത്തിൻെറ നാലിലൊന്നു ആനയും ആനയിൽ പാതി രഥവും വേണം.

൧൨൧—൧൩൨. ഒരുലക്ഷം കൎഷം ഒരാണ്ടിൽ വരവുള്ള നൃപൻ കാലാൾ, കുതിര, ആന മുതലായതു എത്ര എത്രവീതം പാലിക്കണമെന്നു്.

൧൩൩—൧൬൦. സ്വന്ത ചെലവിനും മന്ത്രിമാരുടെയും മററം ചെലവുകൾക്കും എത്ര എത്ര തുകവീതം എടുക്കണമെന്നും എന്തു തുക കോശത്തിൽ വയ്ക്കണമെന്നും. പട്ടാളക്കാരുടെ കുപ്പായം മുതലായ വയ്ക്കു അവരിൽനിന്നുതന്നെ പണം ഈടാക്കണമെന്നും, രാജാവു തേരു പണിയിക്കണമെന്നും.

൧൬൧—൧൮൪. ഏതുതരം ആനകൾ ചീത്ത, ഏതു നല്ലവ എന്നു്. ആനകളുടെ വകഭേദങ്ങൾ നാലു് (൧) ഭദ്രൻ (൨) മന്ദ്രൻ (൩) മൃഗം (൪) മിശ്രൻ.

൧൮൫—൨൦൨. മുമ്പറഞ്ഞ ഓരോതരം ആനയ്ക്കും ഉള്ള അളവു മുതലായതു്.

൨൦൩—൨൦൬. ആനയുടെ അളവുകണക്കും കുതിരയുടെതും തമ്മിൽ വ്യത്യാസം ഉണ്ടു്.

൨൦൭—൨൧൪. കുതിരകൾ നാലുവിധം:-(൧) ഉത്തമോത്തമൻ (൨) ഉത്തമൻ (൩) മധ്യമൻ (൪) നീചൻ. ഇവയുടെ വിവരണങ്ങൾ.

൨൧൫_൨൧൬. കുതിരയുടെ ഓരോ അവയവത്തിനും ഉള്ള അളവു് കുതിരയുടെ മുഖത്തിൻെറ അളവിനോടു സാദൃശ്യപ്പെടുത്തിയാണു പറയപ്പെടുന്നതു്.

൨൧൭_൩൪൦. കുതിരയുടെ ഓരോ അവയവത്തിൻെറയും അളവുകൾ.

ന൪ഫ—നർർ. ഇന്നിന്നപ്രകാരം അളവുകൾ ഇരുന്നാൽ കുതിര സുന്ദരമായിരിക്കുമെന്നു്.

നർദ—നദന്ദ. ദേവസത്വം എന്ന കുതിരയുടെ ലക്ഷണങ്ങൾ.

നദൈ—ദ൦ന്ദ. കുതിരയുടെ ചുഴികളെപ്പററി പ്രതിപാദിക്കുന്നു. ശംഖു, ചക്രം ആദിയായ ചുഴികൾ ഉത്തമം. ഇന്നിന്ന സ്ഥാനത്തുള്ള ചുഴികൾ ഉത്തമം. ഇന്നിന്ന ലക്ഷണങ്ങൾ ഉള്ള കുതിരയെ പൂർണ്ണഹർഷൻ എന്നു പറയുമെന്നു്. ഇന്നിന്നലക്ഷണമുള്ളവൻ സൂര്യൻ, ഇന്നിന്ന ലക്ഷണമുള്ളവൻ ത്രികൂടൻ. സർവ്വനാമാവു എന്നുപേരുള്ള കുതിര അതിൻെറ യജമാനനു നാശം ഉണ്ടാക്കും. ശിവൻ എന്നവൻെറ ലക്ഷണങ്ങൾ. ഇന്നിന്ന ചുഴികൾ ഉള്ളവൻ ധനനാശിയായി ഭവിക്കും. ഇന്ദ്രാക്ഷൻ, വിജയൻ എന്നീ കുതിരകൾ നല്ലതു്. പത്മൻ എന്നവൻ തൻെറ യജമാനനു പത്മക്കണക്കിനു ധനമുണ്ടാക്കിക്കൊടുക്കും. ശുൽക്കൻ വളരെ നല്ലവനാണു്. ധൂമകേതു, കൃതാന്തൻ എന്നീ കുതിരകൾ ചീത്തയാണു്. അവയുടെ ലക്ഷണങ്ങൾ.

ഒ൦ൈ—ഒഫ൦ പഞ്ചകല്യാണൻ കുതിര.

ഒഫഫ—ഒഫർ. അഷ്ടമംഗലൻ.

ഒഫദ—ഒഫവ്വ. ശ്യാമകർണ്ണൻ.

ഒഫൻ—ഒന്ന൦. ജയമംഗലൻ.

ഒന്നഫ—ഒന്നവ്വ. തീരെ നിന്ദ്യനായ കുതിരയുടെ ലക്ഷണങ്ങൾ.

ഒന്നൻ—ഒർന്ന. ഇന്നിന്ന ഗതികൾ ഉള്ള കുതിരകൾ നല്ലതു എന്നു്.

ഒർൈ—ഒദ൦. ഇന്നിന്ന ഗുണങ്ങളുള്ളവൻ ശ്രേഷ്ഠൻ.

ഒദഫ—ഒദർ. ഇന്നിന്ന ഗുണങ്ങളുള്ളവൻ നിന്ദ്യൻ.

ഒദദ—ഒസര. ചില ദോഷങ്ങൾ ഇരുന്നാലും കുതിര സർവ്വാംഗരമ്യനായും മററും ഇരുന്നാൽ അതു ഗുണവാൻ തന്നെ.

ഒസന—ഒൈ൦. കുതിരക്കു ക്രമാതീതം അദ്ധ്വാനം കൊടുക്കരുതു്. തീരെ അദ്ധ്വാനിപ്പിക്കാതെയും ഇരിക്കരുതു്. ആഹാരം അധികം കൊടുക്കരുതു്. തീരെ കുറഞ്ഞുംകൂടാ.

ഭ൭൧—ഭ൬൯. കുതിരയെപ്പുഴക്കുന്നവൻ കുതിരപ്പുറത്തു എങ്ങിനെ ഇരിക്കണമെന്നു.

ഭ൭൨—ഭൻന്നു. കുതിരയെ നിർദ്ദയമായി തല്ലരുതു്; മൃദുവായി അടിക്കണം. ഇന്നിന്ന സ്ഥാനങ്ങളിൽ ഇന്നിന്ന അവസരങ്ങളിൽ അടിക്കണം.

ഭൻ൨—ന്ന൦൨. തെററായ സമയത്തും തെററായ സ്ഥാനത്തും കുതിരയെ അടിച്ചാൽ അതു പാഴായിപ്പോകും.

ന്ന൦൩—ന്ന൦൪. ദുഷ്ട വാജിയെ എങ്ങിനെ വശത്തു വരുത്തണമെന്നു.

ന്ന൦ൻ—ന്ന൨൨. ഉത്തമനായ കുതിര എത്രനേരംകൊണ്ടു എത്ര ദൂരം പോകുമെന്നും മററും.

ന്ന൨൩—ന്ന൩ർ. കുതിരയ്ക്കു സവാരികൊടുക്കണം. ഓരോ ഋതുവിലും ഏതേതു നേരത്തു സവാരിചെയ്യണമെന്നും മററും.

ന്ന൩ഭ—ന്ന൩൪. അശ്വത്തിന്റെ ശക്തിയും ആരോഗ്യവും ശരിയായി നിയന്ത്രിക്കുന്ന ഗതികൾകൊണ്ടു സാധിപ്പിക്കണം.

ന്ന൩ൻ—ന്നർന്ന. ദൂരസ്സവാരികൊണ്ടും മററും ക്ഷീണിച്ച കുതിരയെ പേണേണ്ട പ്രകാരവും കൊടുക്കേണ്ട ആഹാരവും.

ന്നർ൨—ന്നന്നന്ന. ദൂരസ്സവാരികഴിഞ്ഞു വന്നാൽ ഉടൻ എന്തു ചെയ്യണമെന്നും എന്തു മരുന്നു കൊടുക്കണമെന്നും.

ന്നന്ന൨—ന്ന൭൦. അതിഭക്ഷണം കൊടുത്തുംകൊണ്ടു കുതിരയെ സവാരിചെയ്യിക്കരുതു്.

ന്ന൭൧—ന്ന൭ർ. കുതിരയ്ക്കു കൊടുക്കേണ്ട ഭക്ഷണസാധനങ്ങൾ.

ന്ന൭ഭ—൭൦ർ. കുതിരയ്ക്കു് ആറു ഗതികൾഉണ്ടു്. അവയുടെ വിവരം.

൭൦ഭ—൭൧ന്ന. കാളകളെപ്പററി പ്രതിപാദിക്കുന്നു. കാളയുടെ അളവുകൾ, അവയുടെ വകഭേദങ്ങൾ.

൭൧൭---൭൨൦. ഏററവും നല്ല ഒട്ടകത്തിന്റെ ലക്ഷണം.

൭൨ഫ—൭൨ർ. | ആനയ്ക്കും മനുഷ്യനും പരമായുസ്സ് ൧൦൦
൭൨ഒ—൭൩ന | വർഷം. രണ്ടുകൂട്ടൎക്കും ബാല്യം ൨൦ വയസ്സുവരെ. മനുഷ്യന്റ മദ്ധ്യവയസ്സ ൬൦-വരെ. ആനയ്ക്കു മദ്ധ്യവയസ്സ ൮൦-വരെ. കുതിരയ്ക്കു പരമായുസ്സ വയസ്സ ൩ർ. ഒട്ടകത്തിന്നും കാളയ്ക്കും ൨ഒ. ഇവമൂന്നിനും ബാല്യം ഒ-വയസ്സുവരെ. മദ്ധ്യവയസ്സ ൧൬-വരെ.

൭൩൭—൮൦൦. കുതിര, കാള ഇതുകളുടെ പല്ലനോക്കി വയസ്സുപറയാം. പല്ല പൊടിക്കുന്നതും പല്ലിന്റെ നിറവും നോക്കി പറയാം. പല്ലുകൾ വരുന്നതും കൊഴിയുന്നതും ആയ വിവരങ്ങൾ. ഇതിൽ ൭൩൮ മുതൽ ൮൦-വരെ വരികളിൽ ശ്രേഷ്ഠന്മാരായ കുതിരകളെപ്പററി പ്രതിപാദിക്കുന്നു. ഒട്ടകത്തിന്റെ വയസ്സും മേൽപ്രകാരം നിൎണ്ണയിക്കാം.

൮൦ഫ—൮ഫ൮. ആനയ്ക്കു തുറട്ടി വേണം, കുതിരയ്ക്കു കടിഞ്ഞാൺവേണം, കാളയ്ക്കും ഒട്ടകത്തിനും മൂക്കിൽ കയറുവേണം. സപ്തഫാലംകൊണ്ടു തുടയ്ക്കണം.

൮ഫൻ—൮൨൨. കുതിരയേയും കാളയേയും അന്ത്യപഭൂമിയിലും, ആനയേയും ഒട്ടകത്തെയും ജാംഗലഭൂമിയിലും കാലാൾ പടയെ സാധാരണ ഭൂമിയിലും നിറുത്തി രക്ഷിക്കണം.

൮൨൩—൮൨൬. നൂറാളുകൾവീതമുള്ള ഒരു സംഘം പട്ടാളത്തെ നാട്ടിൽ ഓരോ ദിക്കിലും സ്ഥാപിക്കണം.

൮൨൭—൮൩൨. ഭാരം വലിക്കുന്നതിനു ഒന്നാമൻ ആനയാണു്; രണ്ടാമത്തു ഒട്ടകവും, മൂന്നാമത്തു കാളയും, നാലാമത്തു കുതിരയും ആകുന്നു.

൮൩൩—൮൩ർ. വാഹനങ്ങളിൽവച്ചു് ഉത്തമം വണ്ടിയാണു്. എന്നാൽ മഴക്കാലത്തേക്കു കൊള്ളുകയില്ല.

൮൩ഒ- ൮ർ൬. നിസ്സാരനായ ഒരു ശത്രുവോടുതന്നെയും ചൊട്ടപ്പടയോടുകൂടി എതിക്കാൻ ചെല്ലരുതു്. അതുപോലെ പെട്ടെന്നുകൂട്ടിച്ചേൎത്ത സൈന്യസഹിതമായും പോരിനു പോകരുതു്. പോരിൽ പഴക്കമില്ലാത്ത സൈന്യവും പഞ്ഞിയും തുല്യമാണു്.

൮ർ൭—൮ഒർ. അശ്ശുരനു പോരിൽനില്ക്കാൻ സാധിക്കയില്ല.

വൃർദ—വൃന്നം. എപ്പൊഴം പോരിനു പഴക്കിയ മൌലസൈസെന്യത്തോടു (Standing army) കൂടിതന്നെ പടയ്ക്കുപോകണം.

വൃന്നൻ—വൃവെ. ഇന്നിന്ന കാരണങ്ങളാൽ സൈന്യത്തിന്റെ ഇടയിൽ അസംതൃപ്തിയും പിണക്കവും ഉണ്ടാകുമെന്നു അതിലേക്കു ഇടകൊടുക്കരുതു. എന്നാൽ ശത്രുസൈന്യത്തിൻ അസംതൃപ്തിയും ഭിന്നിപ്പും ഉണ്ടാക്കാൻ ശ്രമിക്കണം.

വൃവെ—വൃവൃർ. അത്യധികം ബലവാനായ ശത്രുവെ സേവയും താഴ്മയുംകൊണ്ടു തൃപ്തിപ്പെടുത്തണം. സാമാന്യബലവാനെ ദാനങ്ങൾകൊണ്ടു തൃപ്തിപ്പെടുത്തണം. ദുർബ്ബലനോടു യുദ്ധംചെയ്യണം. ശത്രുസൈന്യത്തിൽ ഭിന്നിപ്പുണ്ടാക്കുന്നതിനെക്കാൾ ഉത്തമമായതു ഒന്നുമേ ഇല്ല.

വൃദ—വൃവൃവൃ. ഒരാളിനു എത്രനാൾ ശക്തിയുണ്ടോ അത്രനാളും മിത്രവും ഉണ്ടു്. എങ്ങിനെയെന്നാൽ പുഷ്ടമായ അഗ്നിക്കേ വായുവിന്റെ സഹായമുണ്ടാകയുള്ളു.

വൃവൻ—വൃൻവ. ഇന്നിന്ന സൈന്യങ്ങളെ മുഖ്യസൈന്യത്തോടു അടുത്തു നിറുത്തിക്കൂടാ എന്നും മററും.

വൃൻന—വൃൻവൃ. അസ്ത്രം എന്നതിന്റെ അർത്ഥവിവരണം. ശസ്ത്രത്തിന്റെ അർത്ഥവിവരണം.

വൃൻൻ—ൻ൦ന. അസ്ത്രങ്ങൾ രണ്ടുവിധം:—(ഫ) മാന്ത്രികാസ്ത്രം ൨) നാളികാസ്ത്രം.

ൻ൦ൈ—ൻഫർ. നാളികാസ്ത്രങ്ങൾ (തോക്കുകൾ) രണ്ടുവിധം:—(ഫ) ലഘുനാളികം (ചെറിയതോക്കു) (൨) ബൃഹന്നാളികം (പീരങ്കി)

ൻഫദ—ൻനൻർ. ലഘുനാളികത്തിന്റെ വിവരണവും ഉപയോഗവും

ൻനൻദ—ൻർവ. ബൃഹന്നാളികത്തിന്റെ വിവരണവും ഉപയോഗവും.

ൻർന—ൻരെ. അഗ്നിചൂർണ്ണം (വെടിമരുന്നു) ഉണ്ടാക്കേണ്ട വിധങ്ങൾ; അഗ്നി ഗോളങ്ങൾ (വെടിയുണ്ടകൾ) ഉണ്ടാക്കേണ്ട പ്രകാരങ്ങൾ മുതലായവ.

ൻ൭ർ—ൻവൃന്ന. നാളികാസ്ത്രങ്ങൾ ഉപയോഗിക്കേണ്ട വിധങ്ങൾ.

ൻവ്വ൭—ൻൻ൦. ബാണത്തിൻെറ (അമ്പിൻെറ) വിവരണം.

ൻൻ൫—൫൦൨ന്ത. ഗദാ, പട്ടീശം, ഏകധാര, ക്ഷുരപ്രാന്തം, പ്രാസം, കുന്തം, ചക്രം, സുപാർശ്വം, കവചം, കരജം ഇതുകളുടെ വിവരണം.

൫൦൨൭—൫൦൩൪ർ. എങ്ങിനെയുള്ള രാജാവു പോരിനു പോകണമെന്നു.

൫൦൩൪൧—൫൦൧ർ. യുദ്ധം എന്നതിൻെറ അൎത്ഥവിവരണം. യുദ്ധം മൂന്നുവിധം. (൫) ദൈവികം (൨) ആസുരം (൩) മാനവം. പോരിനു പുറപ്പെടുന്നതിനു മുമ്പു എന്തെല്ലാം കാൎയ്യങ്ങൾ ആലോചിക്കണമെന്നു.

൫൦൧൧—൫൦൭൨. യുദ്ധത്തിനു ഏതേതു ഋതുക്കൾ പററിയതു എന്നു.

൫൦൭൩—൫൦വ്വർ. യുദ്ധത്തിനു പററിയസ്ഥലങ്ങൾ.

൫൦വ്വ൧—൫൦ൻ൨. സ്വന്തസൈന്യവും ശത്രുസൈന്യവും തമ്മിൽ സംഘൎഷപ്പെടുത്തുമ്പോൾ സ്വന്തസൈന്യം ഇന്നപ്രകാരം ഇരുന്നാലേ ജയം സിദ്ധിക്കയുള്ളു എന്നു.

൫൦ൻ൩—൫൫വ്വവ്വ. സന്ധി, വിഗ്രഹം, യാനം, ആസനം, സമാശ്രയം, ദ്വൈധീഭാവം എന്നിതുകൾ ഏതേതു അവസരത്തിൽ ആരോടു പ്രയോഗിക്കണമെന്നും അവയുടെ വിവരണങ്ങളും.

൫൫വ്വൻ—൫൨൫ന്ത. യാനങ്ങൾ (Expedition's) എത്ര വിധം എന്നും അവയുടെ വിവരണങ്ങളും.

൫൨൫൭—൫൨ർവ്വ. യുദ്ധത്തിനു പുറപ്പെടുംമുമ്പേ സൈന്യത്തെ സമ്മാനങ്ങൾ കൊടുത്തും മററും തൃപ്തിപ്പെടുത്തണം. ഏതേതു അവസരങ്ങളിൽ ഏതേതുതരം വ്യൂഹങ്ങൾ ചമയ്ക്കണമെന്നു. വ്യൂഹങ്ങളുടെ പേരുവിവരങ്ങൾ.

൫൨ർൻ—൫൩൨൬ന്ത. വ്യൂഹരചനകളും കബോത്തുകളും വാദ്യഭാഷയിൽ അറിയിക്കണമെന്നു. വാദ്യഭാഷ സ്വന്ത സൈന്യത്തിനല്ലാതെ മററാൎക്കും അറിവായിക്കൂടാ.

ഫ്നഭൈ—ഫ്നന്നം. സന്ധായത്ത്യസനം എന്നതിൻെറ വിവ രണം.

ഫ്നസ്ഥ—ഫ്നസ്വ്യ. ഏതേതു അവസ്ഥയിൽ ഏതേതുവിധം ആളിനെ ആശ്രയം പ്രാപിക്കണമെന്നു്.

ഫ്നന്നൻ—ഫ്നൈ്യ. ദ്വൈധീഭാവത്തിൻെറ വിവരണവും അതു പ്രയോഗിക്കേണ്ട സമയവും.

ഫ്നൌൻ—ഫ്നവ്വ. സത്തായ ഉപായവും സന്മന്ത്രവും ഉത്സാഹവും ഉണ്ടെങ്കിൽ ഏതു കാൎയ്യവും സാധിക്കാമെന്നു.

ഫ്നവ്വന—ഫ്നവ്വന്ന. ഉത്സാഹം കൊണ്ടല്ലാതെ മനോരഥം കൊണ്ടു കാൎയ്യം സാധിക്കയില്ല.

ഫ്നവ്വൈ—ഫ്ർഠവ. ഉപായംകൊണ്ടു സൎവ്വകാൎയ്യവുംസാധിക്കാം. ഉപായത്തിൽവച്ച ഉത്തമം ഭേദമാണു്. ഷഡ്ഗുണത്തിൽ വച്ച ഉത്തമം സമാശ്രയം ആണു്. ഇവരണ്ടും യുദ്ധത്തിൽ ജയം കാംക്ഷി ക്കുന്ന ആളിനു് ആവശ്യമാണു്.

ഫ്ർഠന—ഫ്ർഠന്ന. ശത്രുവിൻെറമന്ത്രിമാരും സേനാനായക ന്മാരും പ്രജകളും ഭിന്നിക്കാനുള്ളമാൎഗ്ഗങ്ങൾ നോക്കണം.

ഫ്ർഠൈ—ഫ്ർവവ. സൎവ്വവും കൊള്ളചെയ്യപ്പെട്ടുമ്പോൾ പ്രാണാ വസാനംവരെ യുദ്ധംചെയ്യണം. വലുതായനാശങ്ങൾ വരുമ്പോൾ വേദപാരായണംചെയ്യുന്ന വിപ്രൻപോലും പോരിനു് ഇറങ്ങണം. പോരിനു്ഇറങ്ങിയാൽ പ്രാണൻപോകുംവരെ പൊരുതണം.

ഫ്ർവന—ഫ്ർൎന്ന. പോരുചെയ്യാത്ത ഭൂമീശനേയും പുറദേ ശത്തു പോകാത്ത ഭൂസുരനെയും ഭൂദേവി വിഴുങ്ങിക്കളയുകയാണു് ചെയ്യുന്നതു. ആപത്തുകാലത്തു ക്ഷത്രിയധൎമ്മം ബ്രാഹ്മണൻ അനു ഷ്ഠിക്കുന്നതു ഉത്തമമാണു്. സ്വസ്ഥനായി പായിൽകിടന്നു മരിക്കു ന്നതു ക്ഷത്രിയൻ ചെയ്യുന്ന അധൎമ്മമാകുന്നു എന്നും മററും.

ഫ്ർൎൈ—ഫ്ർൎര. പോരിൽ മരിക്കുന്ന രാജാക്കന്മാരും യോദ്ധാക്കളും സ്വൎഗ്ഗംപ്രാപിക്കും എന്നും മററും.

ഫ്ർൎഭ—ഫ്ർൎവ്വ. ചരങ്ങൾക്കു അചരങ്ങൾ ഭക്ഷണം; ദംഷ്ട്രികൾക്കു ദംഷ്ട്രയില്ലാത്തവ ഭക്ഷണം; കൈഉള്ളവൎക്കു കൈ യില്ലാത്തവ ഭക്ഷണം; അതുപോലെ ശൂരന്മാൎക്കു ഭീരുക്കൾ ഭക്ഷണമാ കുന്നു.

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL



ഫദൻഫ—ഫന്ദ്ന്ദ. യുദ്ധം തുടങ്ങുന്നതിനുള്ള വേളയും പിരങ്കിമുതലായതു നിരത്തേണ്ട സ്ഥലങ്ങളും. ആദ്യമായി സേനാധിപൻ യുദ്ധം തുടങ്ങണം. പിന്നീട്ടു അമാത്യന്മാരും ഒടുവിൽ രാജാവും യുദ്ധം നടത്തണം.

ഫന്ദ൦—ഫന്ദവവ. ഇന്നിന്ന ദുർഘടാവസ്ഥകളിൽ സ്വന്ത പട്ടാളത്തിനെ പ്രത്യേകം രക്ഷിക്കണമെന്നും മററും.

ഫന്ദവന—ഫന്ദന൨൦. സേനയെ സംബന്ധിച്ചുണ്ടാകുന്ന ആപത്തുകളിൽ വച്ചു ഏററവും ഗൌരവമേറിയതു സേനയിലുണ്ടാകുന്ന ഭിന്നിപ്പാണെന്നും മററും.

ഫന്ദനഫ—ഫന്ദന്ദ. നാലുപായങ്ങളും ആറുമന്ത്രങ്ങളും രാജാവു പരിചിന്തിക്കണം. ധമ്മയുദ്ധത്തിലോ കൂടയുദ്ധത്തിലോ ശത്രുവിനെ കൊല്ലണം. ഇന്നിന്നയായുധങ്ങൾ ഇന്നിന്ന ആയുധങ്ങൾക്കു എതിരായി ഉപയോഗിക്കണമെന്നും മററും.

ഫന്ദന്ദഫ—ഫന്ദ്ദ്രന്ദ. ഇന്നിന്ന ആളുകളെ യുദ്ധത്തിൽ കൊന്നുകൂടാ എന്നു.

ഫന്ദ്ര—ഫന്ദവ്വന്ദ. എന്നാൽ ഈ നിബന്ധനകൾ കൂടയുദ്ധത്തിനെ ബന്ധിക്കയില്ല.

ഫന്ദവ്വ—ഫ൦ർ. ഉപായങ്ങൾ പ്രയോഗിച്ചു ശത്രുവിൻെറ മനസ്സിൽ വിശ്വാസം ജനിപ്പിക്കണമെന്നും മററും.

ഫ൦മ—ഫ്രഫവ. സ്വന്തസേനയിൽ ശത്രുക്കൾ മുഖേന ഭിന്നത പററിയാൽ അതിനെ ഉടനെ ഒടുക്കിക്കളയണം.

ഫ്രഫന—ഫ്രവന്ദ. ശത്രുവിനു ഭക്ഷണസാധനങ്ങൾ കൊണ്ടുപോകുന്നവരെ തടഞ്ഞു നിറുത്തിയുംമററും ശത്രുവിനെ അപകടത്തിലാക്കണം. ശത്രുസൈന്യത്തിൻെറ ഇടയിൽ കള്ളസ്വണ്ണം വിതരണം ചെയ്യണം, ഇത്യാദി.

ഫ്രവ്ര—ഫ്രന൦. സ്വന്തരാജ്യത്തെ തൊട്ടുകിടക്കുന്ന അയൽ രാജ്യം അന്യൻ കൈവശപ്പെടുത്താൻ ഇടയാക്കരുതു്.

ഫ്രനഫ—ഫ്രനവ്വ. ശത്രുവിനെ പെട്ടെന്നു എതിക്കണം. കൊള്ളക്കാർ ചെയ്യുംവണ്ണം പെട്ടെന്നു നാലുപാടിലും എതിക്കണം.

ഫ്നെ൯—ഫ്ഭന്ദ. ഒരു രാജ്യം പിടിച്ചാൽ ആ രാജ്യത്തിലെ രാജാവിനു അടുത്തൂൺ കൊടുക്കണം.

ഫ്ഭെ—ഫ്ന്ദർ. മന്ത്രിമാർ യുവരാജാവുവഴി കാൎയ്യങ്ങൾ രാജാവിനെ അറിയിക്കണമെന്നും മററും.

ഫ്ന്ദഭ—ഫ്വൈ്ന. സൈന്യത്തെ എപ്പോഴും ഗ്രാമത്തിനു പുറത്തായി സ്ഥാപിക്കണമെന്നും ഏതുസമയവും ഒരായിരം ഭടന്മാർ സന്നദ്ധരായിരിക്കണമെന്നും.

ഫ്വൈ—ഫ്വ്നന്ദ. പട്ടാളത്തിൻെറ ഡിസിപ്ലിനുള്ള ചട്ടങ്ങൾ. അവരുടെ ശമ്പളം മുതലായതു കൊടുക്കുന്നതിനെപ്പററി.

ഫ്വ്ന—ഫ൯൦൨. യാമികന്മാരെ (ഗാട്ടുകാരെ) നിയമിക്കേണ്ട വിധങ്ങൾ.

ഫ൯൦൨—ഫ൯ഫ൨. രാജാവുതന്നെ ശരിയായി നിയമത്തെ പരിപാലിച്ചാലേ രാജാവു സൎവ്വത്ര പൂജ്യനാകയുള്ളു. കൃത്യനിഷ്ഠയുള്ളവനേ നൃപതാപം ഭുജിക്കാൻ സാധിക്കു.

ഫ൯ഫ൨-മുതൽ. രാജാവു ദുഷ്ടനായിബ്ഭവിച്ചാൽ ശക്തനായ വേറൊരു രാജാവിനെക്കൊണ്ടു ആയാളെ അമൎത്തണം. എങ്ങിനെയെന്നാൽ ചേറിൽ പുതഞ്ഞ ആനയെ വേറൊരു ആനയെക്കൊണ്ടുവേണം കരേററിവിടേണ്ടതു. ജനങ്ങൾ ഒത്തൊരുമിച്ചാൽ രാജാവിനെക്കാൾ ശക്തരാകും എന്നും മററും.

---

## ൪-ാംഅദ്ധ്യായം.

---

### ൭-ാംപ്രകരണം.

(സൈന്യം)

(കാകളി)

ഓതിനേനൊട്ടഹം ദുർഗ്ഗപ്രകരണം,
ഓതാമിനിസ്സൈന്യമാകുന്ന സപ്തമം.
സേനയെന്നുള്ളതു ശസ്ത്രാസ്ത്രയുക്തരാം
മാനുഷരാദികൾ ചേർന്നെഴുന്ന ഗണം.
സേനയെ രണ്ടുതരമായ് പകുത്തിടാം
നൂനം സ്വഗമവുമന്യഗമവുമായ്.
മേലുമിതുകളേ ദൈവ്യവുമാസുരം
മാനവവുമെന്നു മൂന്നായ് തിരിച്ചിടാം.
ഓരോന്നുമങ്ങിതു നൂനം യഥാക്രമം
പാരാതെ മുമ്പിട്ടുനില്പു ബലത്തിലും.
സ്വന്തസഹായേന നീങ്ങുന്ന സേനയേ
ഹന്ത കഥിക്കുന്നു പാരിൽ സ്വഗമമായ്
അന്യഥാ വാഹനേ സഞ്ചരിക്കുന്നതി-
ന്നന്യഗമമെന്ന പേരുമുരച്ചിടും.
നൂനം സ്വഗമമാകുന്ന പദാതികൾ,
ആനതേരശ്വങ്ങൾ മൂന്നുമന്യഗമം.
സേനയില്ലെങ്കിലോ രാജ്യമില്ലാ ദൃഢം,
നൂനമില്ലാ ധനമില്ലാ പ്രതാപവും.
നിസ്സാരനാകും മനുഷ്യനുതന്നെയും
അസ്സാരമേറും ബലമതുണ്ടെങ്കിലോ
തപ്പാതെ സർവ്വരും പാട്ടിലാകും ഭുവി,

കെല്പുകെട്ടീടുകിലേവരും ശത്രുതാൻ.
ആ സ്ഥിതിക്കോതേണ്ടതുണ്ടോ ബലക്ഷയാൽ
പാൎത്ഥിവന്നുണ്ടായ്‌വരുന്നോരവസ്ഥയേ?
ഒന്നാമതാം ബലം ശാരീരമാം ബലം
രണ്ടാമതു ബലം ശൌൎയ്യബലം യുധി,
മൂന്നാമതായതു സൈന്യമതിൻബലം,
നാലാമതു പുനരസ്ത്രബലം ദൃഢം,
അഞ്ചാമതായതു ധീബലം കേവലം,
ആറാമതായുൎബ്ബലമതും നിൎണ്ണയം.
ആറുബലവുമൊരാളിൽ തിരളുകിൽ
നേരാണവൻ വിഷ്ണുതന്നേ ധരണിയിൽ.
ആക്കം ബലം വിനാ വെൽവാനശക്യമാം
ഭോഷ്കല്ലൊരല്പനാം ശത്രുവേത്തന്നെയും.
ചൊല്ലേണ്ടദേവരസുരർ മനുഷ്യരും
ശക്തിക്ഷയത്താൽ പരാശ്രയം പൂകിടും.
ശത്രുവേ തോല്പിപ്പതിന്നു ബലംതന്നെ-
യുത്തമമായുള്ള മാൎഗ്ഗമെല്ലായ്പൊഴും.
നിശ്ചയമാകയാൽ ഭൂപതിയെപ്പൊഴും
അച്ഛേദ്യമാകും ബലത്തെ രക്ഷിക്കണം.
സൈന്യബലമതു രണ്ടുവിധം ഭുവി
സ്വന്തബലം തഥാ മൈത്രബലമിതി.
പിന്നെയും സൈന്യം ദ്വിവിധം വിഭക്തമാം
നിൎണ്ണയം (1)മൌലികം (2)സാദ്ധ്യസ്ഥമെന്നതായ്.
ചൊന്നിടും സാരമസാരമെന്നും തഥാ
രണ്ടിനെയും പുനരങ്ങു യഥാക്രമം.
എന്നല്ല ശിക്ഷിതമെന്നുമശിക്ഷിതം
എന്നും പകുത്തിടാം വീണ്ടും ദ്വിവിധമായ്.

ദത്താസ്ത്രശസ്ത്രം സ്വശസ്ത്രാസ്ത്രസംയുതം
ദത്തയാനം തഥാ സ്വന്തയാനയുതം
ഇത്ഥം പുനരപി ന്യൂനം പകുത്തിടാം
പൃഥിവീതലമതിലെങ്ങും പൃതനയേ.
സൌജന്യമായിപ്പരന്മാരയച്ചിട്ടും
സേനയ്ക്കു ചൊല്ലിടും മൈത്രമെന്നുള്ളപേർ.
ശമ്പളമായത്ര നല്കി രക്ഷിച്ചിടും
കമ്പമററ ബലം സ്വീയമെന്നോതിടും.
ഏററിയകാലമായ് രക്ഷിച്ചുപോന്നിടു-
ന്നോരുസൈന്യമതു മൌലമെന്നുക്തമാം.
നേരേ മറിച്ചുള്ള താൽക്കാലികത്തിനു,
പേരതു ചൊല്ലിടും സാദ്യസ്കമെന്നതായ്.
പോരിനു ദക്ഷരും സന്നദ്ധരുമതായ്
പാലിതമാം ബലം സാരമെന്നോതിടും.
നേരാണു നേരെമറിച്ചുള്ള സൈന്യമ-
ങ്ങീരിതമായിട്ടും പാരാതസാരമായ്
വ്യൂഹരചനയിൽ ശീലിതമായിട്ടും
വാഹിനിക്കോതിടും ശിക്ഷിതമെന്നുപേർ.
നേരേ വിപരീതമാകും ചമുവിനു
പേരതു ചൊല്ലുമശിക്ഷിതമെന്നുമായ്.
(1) സാധികാരിയതാം സേനയേ ച്ചൊല്ലിടും
ബാധകമെന്നിയേ ഗുൽമീകൃതമതായ്.
ഓതിടും തങ്ങടേ സ്വന്തനേതാവിനാൽ
നീതരാവോരേ,യഗുൽമികരുമതായ്.
ശസ്ത്രാസ്ത്രജാലങ്ങൾ ഭൂപന്റെ കയ്യിനാൽ
ദത്തമാകുന്നവർ ദത്താസ്ത്രരാദികൾ.
ദത്തമാകാതേ സ്വയമേവ ശസ്ത്രാസ്ത്ര-
ഭൃത്തുക്കളാകുവോരന്യരായുള്ളവർ.

---

(1) സാധികാരി=അധികാരിയോടു (ഉദ്യോഗസ്ഥനോടു) കൂടിയവൻ.

ഗുല്മീകൃതർ, സ്വയം ഗുല്മമായുള്ളവർ,
കെല്പെഴും വാഹനം ദത്തമായുള്ളവർ,
തദ്വദാരണ്യർ, കിരാതരാദികളായ്
പേർത്തും സ്വതേജസാ സ്വാധീനരായവർ,
ഇത്ഥം ബഹുവിധമാകും വിഭാഗങ്ങൾ
ഉൽഭൃതമാകുന്ന സൈന്യത്തിൽ നിർണ്ണയം.
ശത്രുക്കൾ പോരിലുപേക്ഷിച്ച ശേഷമായ്
ഭൃത്യവർഗ്ഗത്തിൽ നിവേശിച്ച സേനയും,
ശത്രുവിൻപ്രേരണയ്ക്കുൾപ്പെട്ട സൈന്യവും,
ശത്രുവിന്റേ ബലമായിക്കരുതണം.
ഇത്തരമാളുകൾ ദുർബ്ബലരെന്നതായ്
ഉക്തമാകുന്നിതു സാധകരായിടാ.
തുല്യരാം മല്ലരുമായുള്ള മല്ലുകൾ,
നല്ല നതികൾ, വ്യായാമങ്ങൾ, ഭക്ഷണം,
ഏന്നിവകൊണ്ടു ശരീരബലത്തിനെ
മന്നൻ വളർത്തണം മല്ലയുദ്ധത്തിനായ്.
ശാർദ്ദൂലജാതിയേ വേട്ടചെയ്തും ക്രമാൽ,
ശസ്ത്രാസ്ത്രവിദ്യകളഭ്യസിച്ചും തഥാ
പേർത്തും മഹാവീരർസംഗമത്താലെയും
വർദ്ധിതമാക്കണം ശൌര്യബലം നൃപൻ.
സേനാബലത്തേ സുവേതനം നല്കിയും,
നൂനം തപോബലമഭ്യാസമൂലവും
ചേർന്നൊന്നു ധീബലം വിദ്വത്സമാഗമ-
ത്താലും വളർത്തണം മേന്മേൽ ത്രിതയവും.
തന്നുടേ സ്വന്തമാം സൽപ്രവൃത്തികളാൽ
തന്നുടെ രാജ്യം സ്വകീയമാമന്വയേ
നിർണ്ണയം ദീർഘപ്രതിഷ്ഠിതമായിടും-
വണ്ണം നയിക്കണമായുസ്സു മന്നവൻ.

തന്നുടേ വംശത്തിലെത്രകാലത്തോളം
തന്നുടെ രാജ്യം പ്രതിഷ്ഠിതമായിട്ടും
അന്നാൾവരെ സ്വയം ജീവിച്ചിരിപ്പതായ്
ചൊന്നിടുന്നു മഹീപാലനേ പ്പാരിതിൽ.
കാലാൾപടകൾ കുതിരപ്പടയുടെ
നാലുമടങ്ങതു പാലിക്കണം നൃപൻ.
ചേണാറൊന്നാരഞ്ചിലൊന്നങ്ങു വൃഷഭവും
വേണം കുതിരതന്നെട്ടിലൊന്നുഷ്ട്രവും.
ഒട്ടകമായതിൽ നാലിലൊന്നാനയും
തിട്ടമങ്ങാനയിൽപ്പാതി രഥങ്ങളും,
മുട്ടാതെ വേണം രഥത്തിലിരട്ടിയായ്
ചട്ടററ നല്ല ബൃഹന്നാളികങ്ങളും.
എപ്പൊഴും സംഖ്യയിൽ കാലാൾകൾ മുന്[illegible]ം,
തപ്പാതിടമട്ടിൽ നില്ക്കണം വാജികൾ;
അല്പമായാനയും സാമാന്യമായ് വൃഷം
ഉഷ്ട്രവും നില്ക്കണം ക്രൂടരുതാനകൾ.
തുല്യവയസ്സെഴും ശസ്ത്രാസ്ത്രധാരികൾ
നല്ലവേഷധരർ നൂറുപേരങ്ങതും,
മെല്ലേ ലഘുനാളികങ്ങൾ ധരിച്ചതായ്
ഉള്ള കാലാളുകൾ പിന്നെ മൂന്നൂററതും,
എൺപതു വാജിയും തേരതൊന്നും തഥാ,
കമ്പമെന്യേ ബൃഹന്നാളികം(2) രണ്ടതും,
ഒമ്പതുമൊന്നും ക്രമേളകവും പുന-
രിമ്പമാന്നാനകൾ രണ്ടും പുനരഥ
രണ്ടു ശകടം പതിനാറ് ഋഷഭവും.
രണ്ടുമൂന്നായിടും ലേഖകവൃന്ദവും,

---

(1) ലഘുനാളികം=കൈത്തോക്കുകൾ (2) ബൃഹന്നാളികം=വലിയതോക്കു.

മന്ത്രിത്രിതയവും പാലിക്കണം നൃപൻ
ആണ്ടിനാൽ ലക്ഷകൎഷം വരവുള്ളവൻ.
സംഭാരദാനഭോഗാൎത്ഥം നരവരൻ
അമ്പോടു കൎഷങ്ങളയ്മ്മൂന്നൂറത്തും,
കമ്പം വെടിഞ്ഞുള്ള ലേഖകന്മാൎക്കോരി-
രയ്മ്പത്തും, മന്ത്രിമാൎക്കോരയ്മ്പതാറത്തും
തൻപ്രിയാപുത്രൎക്കു മൂന്നൂറുമങ്ങഥ,
വമ്പെഴും പണ്ഡിതന്മാൎക്കിരുന്നൂറത്തും,
തൻസാദിവൎഗ്ഗങ്ങൾ, കാലാൾ, കുതിരകൾ
എന്നിവയ്ക്കായിട്ടു നാലായിരമത്തും,
പിന്നെയങ്ങാനകൾ, കാളകളൊട്ടകം
എന്നല്ല നാളമിവയ്ക്കു നാന്നൂറത്തും,
ചെഞ്ചെമ്മെ മാസം ചെലവിട്ടശേഷമായ്
അഞ്ഞൂറൊടായിരം കോശേ കരുതണം.
സൈനികന്മാരുടേ കുപ്പായമാദിയും
സൈനിക വേഷവും സംബന്ധമായ്യതും
സൎവ്വവ്യയങ്ങളും വൎഷംപ്രതി നൃപൻ
ചെവ്വോടവരോടുതന്നെ പിരിക്കണം.
തേരത്തു ചെമ്മേയിരുമ്പിൽ പണിയണം
പാരം സുഗമമാം ചക്രസമന്വിതം,
ആന്ദോളികായിതദൃഢമായും തഥാ
മഞ്ജുളമഞ്ചകപീഠസമേതവും,
തേരാളിതൻേറയിരിപ്പിടമായതു
തേരിൻെറ മദ്ധ്യഗമായും പുനരഥ
പാരാതെയായുധജാലങ്ങൾ വയ്ക്കുവാൻ
സാരമായുള്ളിൽ സ്ഥലത്തോടുകൂടിയും,
ഛായയെ നൂനം നിയന്ത്രിച്ചിടുന്നതി-
ന്നായതാം മട്ടിലും രമ്യമായും തഥാ.

ഈവിധമുള്ള രഥത്തെ രക്ഷിക്കണം
ഉർവ്വീവരൻ വരവാജികൾ സംയുതം.
നീലതാലുയുതൻ, നീലജിഹ്വായുതൻ,
ഉന്നതദന്തൻ തഥാ വക്രദന്താന്വിതൻ,
ദീർഘവിദ്വേഷകൻ, ക്രൂരൻമദകരി,
ദീർഘമാം വാലിനാൽ പൂഴിതൂക്കുന്നവൻ,
പൃഷ്ഠം കുലുക്കുവോൻ, തിട്ടം നഖങ്ങള-
ങ്ങഷ്ടാദശമതിലൊട്ടുകുറഞ്ഞവൻ,
ഇത്തരമാനകൾ ദോഷവാന്മാർ ഭുവി,
തദ്വിപരീതകരെല്ലാം ശുഭാവഹർ.
ഭദ്രനും, മന്ദ്രൻ, മൃഗം, മിശ്രനിങ്ങനേ
ഉക്തമാമാനകൾ നാലുജാതികളായ്.
മധ്വാഭദന്തനായ്, ശക്തിയുക്തനതായ്,
പേർത്തും സമാംഗനായ്, വർത്തുളാകാരനായ്,
ഏററം സുമുഖനായ്, ന്യൂനമവയവ-
ശ്രേഷ്ഠനായ്കാണുന്നൊരാന ഭദ്രൻ സ്മൃതം.
ചീർത്തോരുദരവും സിംഹദൃഷ്ടിയും
കട്ടിത്തൊലിയും ബൃഹദ്കണ്ഠശുണ്ഡവും,
മധ്യമമാകുമവയവവുമെഴും
ദീർഘകായൻ ഗജം മന്ദ്രനായി സ്മൃതം.
അല്പമാം കണ്ഠവും ദന്തവും കണ്ണവും,
അല്പമാം ശുണ്ഡവും സ്ഥൂലമാം നേത്രവും
ഹ്രസ്വമാം ചുണ്ടതും മേഢ്രവും ചേന്നെഴും
പൊക്കമില്ലാത്ത ഗജംതാൻ മൃഗം ദൃഢം.
ഇച്ചൊന്ന ചിഹ്നങ്ങൾ മിശ്രമായ് ചേന്നെഴും
ഹസ്തിയേ ച്ചൊല്ലിടും മിശ്രനെന്നുള്ളതായ്.
ആനകൾ മൂന്നുതരത്തിനും പാരിതിൽ
മാനമുരയ്ക്കുന്ന വെവ്വേറെ നിർണ്ണയം.

KRISHNA VILASOM GRANDHASALA
TRIVANDRUM
MALAYINKIL

ആനയുടേയളവായതെട്ടപ്പതിൽ
ന്യൂനം യവോദരമെട്ടാണൊരംഗുലം.
ആറുനാലംഗുലം ചേരുന്നതു പുന-
രൂനംവിനാ കരമായും പ്രകീർത്തിതം.

ഏഴുകരങ്ങളുയരമതായതും
ഏഴോട്ടു മൂന്നു വയററിൻ പരിധിയും
ഏഴുമൊന്നും തഥാ നീളവും ഭദ്രനു
മാഴ്കാതെ നിത്യവുമുണ്ടായിരുന്നിട്ടും.
നേരാണു മന്ദ്രമൃഗങ്ങൾക്കിതിങ്കൽനി-
ന്നോരോ കരങ്ങൾ കുറയും യഥാക്രമം.

നീളമതായതിൽ ഭദ്രനും മന്ദ്രനും
ചാലേ സമമെന്നു ചൊൽവൂ ബുധജനം.
പാരം വിപുലമാം ഭ്രൂഗണ്ഡഫാലവും,
ഭാരിച്ച ശിർഷഗതിയും പുനരഥ
പാരാതെ സർവ്വശുഭചിഹ്നമായതും
ചേരുന്നൊരാനതാൻ കുംഭീന്ദ്രരിൽ വരൻ.

ആനതൻ മാനമതിൽനിന്നു ഭിന്നമായ്
ന്യൂനം ഭവിക്കുന്നു വാജിമാനം ഭുവി.
നേരാണതിങ്കൽ യവോദരമഞ്ചതു
ചേരുന്നതായിട്ടുമോരംഗുലം ദൃഢം.

ആറുനാലംഗുലം മാനമുണ്ടാം മുഖം
ചേരുന്ന വാജിയേയുത്തമോത്തംസമായ്
ഓതുന്നിതു തഥാ നാലൊമ്പതംഗുലം
ചേരുന്നതാകിലങ്ങുത്തമനമതായ്.

ഈരെട്ടുരണ്ടതു ചേർന്നീടിലങ്ങവൻ
ഈരിതന്നായിട്ടും മധ്യമനായ് ധ്രുവം.
ഈരേഴരണ്ടാകിൽ നീചനെന്നുള്ളതാം
പേരതും ചെമ്മേ വിധിച്ചിട്ടും പണ്ഡിതർ.

സർവ്വാവയവവും വാജിജാതിയതിൽ
സർവ്വദാ ചൊല്ലും മുഖത്തിൻകണക്കതിൽ.
അർവ്വൌച്ചമെപ്പൊഴും നിന്നിടും നിർണ്ണയം
അർവ്വമുഖത്തിൻെറ മൂന്നിരട്ടിയതായ്.
അശ്വമതിൻെറ ശിരോമണിതൊട്ടതിൻ
പുച്ഛമൂലംവരേയുള്ള ദൈർഘ്യമതു
തിട്ടം മുഖത്തിൻെറ നാലിരട്ടിയതും
തെററാതെ പിന്നെയും മൂന്നിലൊന്നംശവും.
കുക്ഷിയതിൻെറ പരിണാഹമായതു
വക്ത്രത്രിഗുണവും മൂന്നംഗുലമതും.
ഇത്ഥമോതീടിനേൻ സാമാന്യമാമള-
വുക്തമാകാമിനി വിസ്തരിച്ചൊക്കെയും.
ഈരേഴ രണ്ടംഗുലങ്ങളുള്ളന്നിട്ട-
ന്നോരുമുഖമാന്നോരശ്വമതിൻ ഖുരം
പാരാതെ നിന്നിടും മൂന്നംഗുലമതായ്
നാലംഗുലം മണിബന്ധത്തിനും വരും.
നാലഞ്ചതുവരും ജംഘകൾക്കും തഥാ
നാലിൽനിന്നൊന്നു കുറഞ്ഞു ജാനുവിനും.
(1)ക്രൂപ്പ്രാന്തമങ്ങു തുടകൾക്കു രണ്ടിനും
തപ്പാതെ മാനമരുനാലതായിട്ടും.
ക്രൂപ്പംതുടങ്ങിക്കഴുത്തോളമുള്ളിടം
മുപ്പത്തിരണ്ടുമിരുമൂന്നുമായിട്ടും.
പിൻകാലുകൾതൻ തുടകൾക്കു രണ്ടിനും
കമ്പംവിനാ മുഖത്തിൻെറയളവുതാൻ.
ജംഘകൾരണ്ടും മുഖത്തിൻെറ നാലൊന്നു
പങ്കു കുറഞ്ഞതായ് നിന്നിടുമെപ്പൊഴും.

---

(1) മുട്ട

ഉച്ഛ്റായമായതാണിച്ചൊന്നാവ ദൃഢം
ദൈർഘ്യമരച്ചിടാം ശാസ്ത്രാനുസാരമായ്.
ദൈർഘ്യമുണ്ടായിട്ടും ന്യൂനംകഴുത്തിന്ന
പാക്കിലെല്ലാമ്യൊഴുമല്ലേതരമതായ്.
പിട്ടല്ലതു മുഖത്തിൻെറയിരട്ടിയും
മുട്ടാതെ പിന്നെയുമാറിലൊന്നമതാം.
പൊക്കം കഴുത്തിന്ന കാൽപ്പങ്കതോടര-
യ്ക്കാൽപങ്കന്യൂനം മുഖത്തിൽനിന്നൊപ്പൊഴും.
സ്കന്ധംമുതല്ക്കങ്ങു (1)മുഷ്കമൂലംവരേ
കണ്ഠത്തിനുള്ളോരളവുതാൻ നിന്നിട്ടും.
പിന്നേ (2)ത്രികത്തിന്നവിടെനിന്നുമൊരു
രണ്ടിലൊന്നംശവുമാറിലൊന്നമതാം.
പൃഷ്ഠദണ്ഡത്തിന്ന ന്യൂനം മുഖത്തിൻെറ-
യദ്ധദൈർഘ്യംവരും ശിശ്നത്തിനും തഥാ.
പൃഷ്ഠദണ്ഡം ശിശ്നമെന്നിവതങ്ങടെ-
യദ്ധദൈർഘ്യംവരുമണ്ഡങ്ങൾ രണ്ടിനും,
കണ്ണമതിൻനീളമാറംഗുലമതായ്
നിന്നിട്ടും നാലുമായഞ്ചുമായും കചചിൽ.
പിന്നേ ഖുരത്തിൻ പരിധിയതോതിട്ടും
എന്നും മുഖാദ്ധവുമംഗുലമൊന്നമായ്.
ജംഘകൾക്കും മണിബന്ധങ്ങൾരണ്ടിനും
ഉണ്ടാം പരിധി ഖുരത്തിൻപകുതിതാൻ.
രമ്യമാമൂരുവിനുള്ളോരു ചുററള-
വംഗുലമൊമ്പതും രണ്ടുമതായിട്ടും.
പൃഷ്ഠോരുവിൻെറ പരിധി മുഖമതിൻ
ഷഷ്ഠാംശമായതിൻ മൂന്നമടങ്ങുതാൻ.

---

(1) ഗുഹ്യസ്ഥലം. (2) ത്രികം=നട്ടെല്ലിൻെറ കീഴ്ഭാഗം.

പൃഷ്ഠോരുജംഘകരംബാഹ്യഭാഗമതു
തിട്ടം വളഞ്ഞതാം വില്ലുപോൽ നില്ക്കണം.
തെററാതെ കാലിന്റെ കണ്ണിൻപരിധിയായ്
കിട്ടണമംഗുലമൊമ്പതു നിർണ്ണയം.
മുട്ടാതതുപോലെ പിൻകാലിന്നുള്ളതാം
ചുററളവായതു മുൻകാലുപോലെയും.
ഊരുദ്വയത്തിന്നിടയ്ക്കുള്ളതാമിടം
പാരാതൊരംഗുഷ്ഠമാനമതായിടും.
ഗ്രീവോപരി സടാസ്ഥാനമതിന്നുടേ
വീതിയതൊന്നരയംഗുലവും തഥാ.
നേരേ ശിരോമണിതൊട്ടു കഴുത്തതിൻ
മൂലംവരെയ്ക്കും സടകൾ നൽഭംഗിയായ്
കീഴോട്ടു ചെമ്മേ വളൻകിടക്കണം
ചേലോടൊരുകരം നീളത്തിലെപ്പൊഴും.
ഒന്നരഹസ്തമോ രണ്ടതോ നീണ്ടതായ്
നിന്നീടിൽ വാലിന്റെ രോമം സുശോഭനം.
കണ്ഠത്തിനംഗുലമേഴതോയെട്ടതോ,
പിന്നെയും നിർണ്ണയമൊമ്പതോ പത്തതോ,
കൊണ്ടതായുള്ളതാം ദൈൎഘ്യമുണ്ടായിടും
മൂന്നല്ലയെങ്കിൽ നാലംഗുലം വീതിയും.
കണ്ഠനാളം തടിച്ചീടരുതല്പവും
കണ്ഠം പരന്നുമിരുന്നുകൂടാ ദൃഢം;
എന്നാൽ മയൂരമതിന്റെ കഴുത്തുപോൽ
സന്ദേഹമെന്യേ വിളങ്ങണം ഭംഗിയായ്.
മേല്ക്കഴുത്തിന്റെ പരിധിമുഖമതിൻ-
ദൈൎഘ്യവും മുഷ്ടിയതൊന്നുമതായിടും.
കീഴ്ക്കഴുത്തിന്റതു പത്തംഗുലമതു
നീക്കിവരുന്ന മുഖത്തിന്നിരട്ടിയും.

സൽക്രോഡമായുള്ള വക്ഷസ്സതു സദാ
നില്ക്കും മുഖത്തിൻെറ മൂന്നിലൊന്നൂനമായ്.
നേത്രോപരി പരിണാഹമശ്വത്തിനു
തീൎത്തും മുഖത്തിൻെറ നീളമതായതും
തെററാതെ പിന്നെയുമെട്ടംഗുലമതും
സ്പഷ്ടമായെന്നാളുമുണ്ടായിരുന്നിടും.
നേത്രത്തിനുകീഴിൽ നാസോപരി തഥാ
വ്യത്യസ്തമെന്നിയേ ചുററളവെപ്പൊഴും,
അശ്വത്തിനാസ്യത്തിനുണ്ടായിടുന്നതാം
ദൈൎഘ്യത്തിൽ മൂന്നിലൊന്നൂനമായ്നിന്നിടും
വിസ്തൃതിയായതു നേത്രത്തിനു സദാ
സപ്തിക്കു രണ്ടംഗുലമെന്നു ചൊന്നിടും.
തടപിധം ദൈൎഘ്യവും സാധാരണമതായ്
ഉക്തമാകുന്നിതു മൂന്നംഗുലമതായ്.
വിസ്താരമായതോരൎദ്ധാംഗുലമതും
പേൎത്തുമൊരംഗുലം ദൈൎഘ്യമതായതും
സപ്തിവൎഗ്ഗത്തിനു കൂട്ടതലായ്ബത
സിദ്ധമായ്വന്നിടാം നേത്രത്തിനു ദൃഢം.
ഊരുദ്വയത്തിന്നിടയ്ക്കുള്ളതാമിടം
നേരെ മുഖത്തിൻെറ മൂന്നിലൊന്നായിടും.
നേത്രങ്ങൾ രണ്ടിനും തമ്മിലുള്ളന്തരം
കൃത്യമായാസ്യത്തിലഞ്ചിലൊന്നായിടും.
കൎണ്ണങ്ങൾതമ്മിലുള്ളന്തരമായതും
കൎണ്ണനേത്രങ്ങൾക്കിടയ്ക്കുള്ളിടങ്ങളും
നിൎണ്ണയമെപ്പൊഴുമശ്വമുഖത്തിൻെറ
യഞ്ചിലൊന്നാംശമതായിട്ടു നിന്നിടും.
കാലുകൾ പൂഴിമേലൂന്നി നില്ക്കുംവിധൌ
ചാലേ കുളമ്പുകൾ തമ്മിലുള്ളന്തരം

ചേലാൎന്നിടുന്ന ശ്രവണത്തിന്നുള്ളതാം
നീളമതുതന്നെയായിബ്ഭവിച്ചിടും.
കൺമിഴിതമ്മിലും ഭ്രൂലതതമ്മിലും,
കണ്ണതും നാസികയായതും തമ്മിലും
ഉള്ളതാമന്തരം നിൎണ്ണയമെപ്പൊഴും
പിൻതുടയായതിൻ മൂന്നിലൊന്നായിടും.
ചേണാൎന്നിടുന്ന മുകൾച്ചുണ്ടതായതു
നൂനം മുഖത്തിന്റെ മൂന്നിലൊന്നെപ്പൊഴും.
നാസാവിവരങ്ങൾതമ്മിലുള്ളന്തരം
ക്രൂസാതെ നിത്യം നവാംശമായ്നിന്നിടും.
കായമതിന്നു നരാദ്ധ്വിസ്താരമാം
മായംവിനാ ത്രികേ നെഞ്ചിന്റെ മാനവും.
ബാഹുമൂലമതിൽനിന്നു നെഞ്ചു, മുഖ-
മായതിൻനാലൊന്നു കീഴില്യ്മേവണം.
ബാഹുക്കൾതങ്ങളിൽ നെഞ്ചിലേയന്തരം
നൂനം മുഖത്തിന്റെയാറിലൊന്നായിടും.
താടിയും കീഴിലേ ചുണ്ടതും കൂടിയാൽ
ആടലെന്ന്യേ വരുമൊന്നരയംഗുലം.
ഉന്നതമാകുന്ന കന്ധരമായതും
ഖിന്നതയെന്നിയേ താണമുതുകതും
നിൎണ്ണയമൊന്നുപോൽ ചേൎന്നെഴുന്ന ഹയം
മങ്ങാതെ ശോഭകലൎന്നു ലസിച്ചിടും.
ശ്മശ്രുവിഹീനമാം വക്ത്രവും കാന്തമായ്
ഉത്ഭടമായെഴുമുത്തുംഗനാസയും,
ദീൎഘോച്ഛ്രിതമായ കന്ധരവും പുന-
രേററം കുറിയ ഖുരം, കുക്ഷി, കണ്ണവും,
ഏററവും ശോഭനമാകും ഭ്രമരവും,
ഓട്ടം വെടിഞ്ഞോരു ശീഘ്രഗതിയതും,

ഊററമാം ഹംസജീമൂത നിനാദവും,
വാട്ടമില്ലാത്ത സൽഗന്ധവൎണ്ണാഭയും,
മുട്ടാതെ ചേൎന്നതിമൃദുവുമതീ-
ദൃഷ്ടന്മല്ലാതെയായും വിലസിടും
ചട്ടററ സുന്ദരഗാത്രനാം വാജിയെ
പിട്ടല്ല ചൊല്ലിടും ദേവസത്വമതായ്.
അശ്വഭ്രമരം ദ്വിവിധം വിഭക്തമാം
നിശ്ചയം ദക്ഷിണം വാമമെന്നിങ്ങനെ.
ഉക്തമാം പിന്നെയും പൂൎണ്ണമപൂൎണ്ണവും
ദീൎഘവും ഹ്രസ്വവുമെന്നായ് ദ്വിവിധവും.
വാമമാകും ചുഴി വാമമാർതന്നിലും
വാമേതരം തഥാ പൂരുഷന്മാരിലും
ഈരിതമാകും ഫലം നല്കുമന്യഥാ
പാരാതെ വന്നാലതുപോലെ നല്കിടാ.
നീചവുമൂൎദ്ധ്വവും തിൎയ്യങ്മുഖവുമായ്
ജാതങ്ങളാകും ദ്വിവിധഭ്രമങ്ങൾതൻ,
ഭേദങ്ങളാലേ ഗുണാഗുണഭേദങ്ങൾ
ജാതങ്ങളാകുന്നു വാജിയിൽ നിൎണ്ണയം.
ശംഖം, ചക്രം, ഗദാ, പത്മവും, വേദിയും,
പങ്കമെന്ന്യേ തഥാ സ്വസ്തികം, തോരണം
വമ്പെഴും ഹൎമ്മ്യം, ശരാസനം, മാല്യവും,
കമ്പവിവൎജ്ജമാം ഖഡ്ഗവും, മീനവും
സമ്പൂൎണ്ണകുംഭവും, സ്വസ്തികവും, പുന-
രിമ്പം കലൎന്നെഴും ശ്രീവത്സമായതും,
ലാഞ്ഛനമായ്‌വരുമേതു ചുഴിയതും
അഞ്ചിതവും ശുഭകാരിയുമായിടും.
നാസികാഗ്രമതിൽ, ശംഖത്തിൽ, നെററിയിൽ,
ഭാസുരമസ്തകം, കണ്ഠമിതുകളിൽ,

ഭാസിച്ചെഴും ചുഴിയോടഹോ കൂടിയ
വാജിവരൻ തുരഗങ്ങളിലുത്തമൻ.
നെഞ്ചതിൽ, സ്കന്ധേ, ഗളത്തിൽ, കടിയതിൽ,
അഞ്ചിതമായിട്ടും നാഭിയിൽ, കുക്ഷിയിൽ,
അഞ്ചാതെ പാൎശ്വാഗ്രഭാഗത്തിലങ്ങഥ,
ചെഞ്ചെമ്മെ ചേരും ചുഴിയതു മദ്ധ്യമം.
നെററിയിൽ രണ്ടു ചുഴികളുമാവിധം
തെററാതെ മൂന്നാമതൊന്നു തലയിലും,
കോട്ടമെന്യേ ധരിച്ചീടും കുതിരയെ
പിട്ടല്ല ചൊല്ലിടും സമ്പൂൎണ്ണഹൎഷനായ്.
നട്ടെല്ലതിന്മേൽ ചുഴിയൊന്നതുള്ളതാം
ചട്ടററ വാജിവരൻ നിജ സ്വാമിതൻ-
സമ്പത്തിവൎഗ്ഗത്തെ പ്രവൃദ്ധമങ്ങാക്കിടും;
ശ്രേഷ്ഠനാകുമവൻ സൂൎയ്യസംജ്ഞാവഹൻ.
നെററിയിൽ മൂന്നുചുഴിയുള്ളവാജിയെ
തെററാതെചൊല്ലും ത്രികൂടനെന്നുള്ളതായ്.
പിട്ടല്ലവനിരിക്കുന്ന ഗൃഹമതിൽ
മുട്ടാതെവൎദ്ധിച്ചുകൊണ്ടിടും വാജികൾ.
പേൎത്തുമതുപോലെ മൂന്നുചുഴിയതു
പൂൎത്തിയായ്തൻെറ കഴുത്തിൽ വഹിപ്പവൻ
പാൎത്ഥിവമന്ദിരമായതിലെപ്പൊഴും
ചിത്തെഴും വാജിശനായിബ്ഭവിച്ചിടും.
രണ്ടു ചുഴികൾ കപോലത്തിലുള്ളവൻ,
തൻെറ യജമാനൻെറ രാജ്യവും കീൎത്തിയും
ഇണ്ടലെന്യേ സദാ വൎദ്ധിതമാക്കിടും
രണ്ടുപക്ഷമതിലില്ലതു നിൎണ്ണയം.
എന്നാലൊരുചുഴിമാത്രം കപോലത്തി-
ലുണ്ടായിട്ടും സൎവ്വനാമാവതാം ഹയം

തൻെറയജമാൻെറ നാശത്തെയെപ്പൊഴും
മിണ്ടാതെതന്നേ നിരീക്ഷിച്ചുനിന്നിടും.
ദക്ഷിണഗണ്ഡത്തിലേകമാകും ചുഴി
ലക്ഷണമൊത്തു വഹിച്ചിടുന്ന ഹയം
വിഖ്യാതനത്രേ ശിവനെന്ന പേരിനാൽ
സൌഖ്യം വളത്തിടും സ്വാമിക്കവൻ പരം.
ലക്ഷണമൊന്നിതു വാമഗണ്ഡമതിൽ
ലക്ഷ്യീകൃതനായ് ഭവിച്ചീടുന്ന ഹയം
ദുഷ്ടനായ്തീന്നിടുമെന്നല്ല പിന്നെയും
നഷ്ടംവരുത്തും പ്രഭുവിൻധനത്തെയും.
കണ്ണുമൂലങ്ങളിൽ രണ്ടുചുഴികളും
പിന്നെ സ്തനങ്ങളിൽ രണ്ടും യഥാക്രമം
നിന്നാൽഹയങ്ങളെ ച്ചൊല്ലുമത്രെ ദൃഢം
ഇന്ദ്രാക്ഷനെന്നും വിജയനെന്നും ക്രമാൽ.
രണ്ടുപേരും ശുഭന്മാരിവർ നിർണ്ണയം
രണ്ടുപേരും നൃപരാജ്യ വൃദ്ധികരർ;
രണ്ടുപേരും തഥാ പോരിങ്കൽ മന്നവ-
ന്നിണ്ടലെന്യേ സദാ കീത്തികാരികളും.
സ്കന്ധപാർശ്വമതിൽ രണ്ടുചുഴികള-
ങ്ങുണ്ടാകിലായവൻ പത്മനെന്നുക്തമാം.
തൻെറ പ്രഭുവിനു പത്മക്കണക്കിനാ-
ലുണ്ടാക്കുമത്ഥമവൻ നിത്യകീത്തിയും.
നാസികാമധ്യത്തിലേകമാവത്തമോ
ഭാസുരമാകുംത്രയമോ വഹിപ്പവൻ
ഈശ്വരിതനായിടും ചക്രവത്തിയതായ്,
പേരതുകൊണ്ടിടും ഭൂപാലനെന്നുമായ്.
കണ്ഠത്തിലേകം മഹാവത്തമുത്തമം
ഉണ്ടായിടുന്നോരു വാജിയെ ച്ചൊല്ലിടും

ചിന്താമണിയെന്നപേരിനാലേവരും
ചിന്തിതാൎത്ഥപ്രദനായതുകാരണാൽ.
ഫാലത്തിലും നിജകണ്ഠത്തിലും പുന-
രാവൎത്തമൊന്നുവഹിക്കും തുരംഗമം
ഈശ്വരിതനായിടും ശൂല്കനെന്നുള്ളതായ്
ഭൂരിസമൃദ്ധിയും കീൎത്തിയും നൽകിടും.
വക്ത്രത്തിലോ വയററിൻെറ ചുവട്ടിലോ
പ്രത്യക്ഷമാവൎത്തമൊന്നുള്ളതാം ഹയം
മൃത്യുവേ പ്രാപിക്കമൊന്നുകിൽനിൎണ്ണയം
തദ്ധിപരിതേ ഹനിക്കുംപ്രഭുവിനെ.
മുട്ടുകളിൽ ചുഴിയുള്ള തുരംഗമം
തീട്ടം വിവാസനക്ലേശദാതാവതാം.
മേഡ്രത്തിലേവം ചുഴിയതുണ്ടാവുകിൽ
തട്ടിക്കളെയും വിജയവും ലക്ഷ്മിയും.
ചട്ടററ നല്ല ത്രികത്തിൽ ചുഴിയതു
പെട്ടാൽ ത്രിവൎഗ്ഗത്തെ നാശത്തിലാക്കിടും.
പുച്ഛമൂലത്തിൽ ചുഴിയതുണ്ടാവുകിൽ
ദുഃഖം വളൎത്തിടും ധൂമകേതുവവൻ.
ഗുഹ്യത്തിലും തഥാ നൂനം ത്രികത്തിലും
പുച്ഛത്തിലും പുനരാവൎത്തമുള്ളവൻ
നിശ്ചയം പാരം ഭയാവഹനായ്വരും
കീൎത്തിതനാകും കൃതാന്തനെന്നുമവൻ.
കണ്ണിലും ശംഖം ഹനുവെന്നിവയിലും,
ഗണ്ഡത്തിലും ഹൃദയത്തിൽ ഗളത്തിലും,
നിൎണ്ണയം പ്രോഥത്തിൽ, വസ്തിയതിങ്കലും,
പിന്നെയിളിയിലും, മുട്ടിൽ, മുഷ്കത്തിലും,
പിന്നെയും പൊക്കിൾ, കകുത്തു, ഗുദമിവ-
തന്നിലും, കുക്ഷിയിൽ ദക്ഷഭാഗത്തിലും,

എന്നല്ല ദക്ഷിണപാദത്തിലും ചുഴി
യുണ്ടാകിലായതു ശുഭദമായിടും.
കണ്ഠത്തിലും മുതുകിങ്കലും കിഴിലേ
ചുണ്ടിലും ദേഹത്തിൽ രണ്ടുപാർശ്വത്തിലും,
കണ്ണുനേത്രങ്ങൾക്കിടയ്ക്കുള്ളടിക്കിലും,
നിർണ്ണയം കുക്ഷിയിൽ വാമഭാഗത്തിലും,
പിന്നെയും വാജിതൻ നാലുതുടയിലും,
എന്നല്ല മുൻവശം കാലുകൾരണ്ടിലും,
കണ്ടിടുന്നാകിൽ ചുഴികളവ ദൃഢം
ഇണ്ടലെന്ന്യേ ശുഭദായകമായിടും.
ചേലൊത്ത രണ്ടുചുഴികൾ വെവ്വേറെയായ്
ഫാലത്തിൽ രണ്ടിടത്തായി വിളങ്ങുകിൽ,
മാനത്തിലർക്കചന്ദ്രന്മാരതെന്നപോൽ
മൌനത്തിൽ നല്കും ശുഭത്തെയെല്ലായ്പൊഴും.
രണ്ടും പരസ്പരം മേളിച്ചുനില്ക്കുകിൽ
ഉണ്ടാം ഫലമതു മധ്യമമായിടും.
രണ്ടുമതിലഗ്നമായിട്ടു മേവുകിൽ
ഉണ്ടായിടുന്നതു ദോഷവുമായിടും.
മൂന്നുചുഴികൾ നിടിലത്തിലൂർദ്ധ്വമായ്
മൂന്നിടത്തായിട്ടു നിന്നാൽ ശുഭദമാം.
രണ്ടെണ്ണമങ്ങതിലഗ്നമായ് നില്ക്കുകിൽ
ഉണ്ടാക്കിടുമവ ദോഷത്തെ നിർണ്ണയം.
മൂന്നുചുഴികൾ ത്രികോണാകൃതിയതിൽ
നിന്നാൽ നിടിലത്തിലായതു ദുഃഖദം.
എന്നാൽ ഗളമധ്യമായിട്ടൊരു ചുഴി
നിന്നാൽ ശുഭകരം സർവ്വദോഷാപഹം.
പാദത്തിലുള്ളോരധോമുഖമാം ചുഴി
പാരിച്ച നന്മയതുതന്നെ ചെയ്തിടും.

ഫാലത്തിലൂൎദ്ധ്വമുഖമായതും തഥാ
പാരം ശുഭപ്രദമായിബ്ഭവിച്ചിടും.
പൃഷ്ഠമുഖിയാം ശതപദിയേ ബുധർ
തീട്ടും ഗണിപ്പതില്ലത്യന്തദോഷമായ്.
മേഢ്രമതിനുടേ പിന്നിലായും മുല-
മൊട്ടിലുമുണ്ടാം ചുഴികൾ ദോഷപ്രദം.
ശ്രോത്രത്തിനുസമീപത്തു ലഭിപ്പതാം
ചിത്തചുഴിയതു നിന്ദിതമെപ്പൊഴും.
ഗ്രീവോപരി പാൎശ്വഭാഗേ ഭവിച്ചിടും
ഏകരശ്മിയതു നിന്ദ്യമത്രേ പരം.
കാലിങ്കലൂൎദ്ധ്വമുഖമാം ചുഴിയതു
കീലം പറിപ്പതാണായതു നിന്ദിതം.
ദോഷയുതങ്ങളായുള്ള ചുഴികളും
ദോഷഹീനങ്ങളും രണ്ടുമൊരുവനിൽ
ഭേദമെന്യേ കലൎന്നങ്ങു നിന്നീടുകിൽ
ഓതും ഹയത്തിനേ മദ്ധ്യമനെന്നതായ്.
വക്ത്രത്തിൽ വെള്ളയും കാലുകൾനാലിലും
തക്കത്തിൽ നല്ലവെളുപ്പും തെളുതെളെ
കൈക്കൊണ്ടുമേവിടും വാജിയേ ച്ചൊല്ലിടും
ചൊല്ലെഴ്ക്കൊണ്ടിടുന്നോരു പഞ്ചകല്യാണനായ്.
ഇച്ചൊന്നരങ്കങ്ങളോരഞ്ചുമങ്ങഥ
മെച്ചത്തിലോമനപ്പൂവാലതായതും
വക്ഷസ്സിൽ വെള്ളയും തോളിൽ വെളുപ്പതും
കൈക്കൊണ്ടുമേവും ഹയമഷ്ടമംഗലൻ.
എല്ലായിടവുമൊരേവൎണ്ണമായതും
ചൊല്ലാൎന്നകൎണ്ണങ്ങൾമാത്രം കറുപ്പുമായ്
മെല്ലേ വിലസുന്ന വാജിയെ ച്ചൊല്ലിടും
എല്ലാജനങ്ങളും ശ്യാമകൎണ്ണനതായ്;

എന്നാലതിങ്കലും തൂയവെള്ളയത്തു
തന്നേയുടലിനു ചേൎന്നെഴുന്ന ഹയം
പുണ്യവാൻ നിൎണ്ണയമശ്വജാതിയതിൽ
ധന്യനാകുമവൻ പൂജ്യനാണേററവും.
അക്ഷതമായുള്ള വൈഡൂൎയ്യകാന്തിപൂ-
ണ്ടക്ഷീണദീപ്ത്യാ പ്രശോഭിച്ചെഴുന്നതാം
ഈക്ഷണഭംഗികലൎന്നെഴും വാജിയെ
ഭോഷ്കല്ല ചൊല്ലും ജയമംഗലനതായ്.
ഒററനിറമതോ മിശ്രനിറമതോ
തിട്ടമിതേതു ഭവിച്ചുകൊണ്ടീടിലും
ചട്ടററ സൌന്ദൎയ്യമുണ്ടാകിലോ ഹയം,
പിട്ടല്ലെവിടെയും പൂജ്യനായ്തീൎന്നിടും.
നാലുകാലും കറുത്തോരു കുതിരയും
പാരാതൊരുകാലുമാത്രം വെളുപ്പനും
ബാലേയവൎണ്ണനും ധൂസരൻ, രൂക്ഷനും
പാരം വിഗൎഹിതർ വാജിജാതിയതിൽ.
താലു കറുപ്പനും നാവു കറുപ്പനും,
ചേലൊത്തചുണ്ടുകൾരണ്ടും കറുപ്പനും,
മാലനിറമുള്ള മേനിയിൽ ബാലധി
ചാലേ വെളുപ്പനും ഗൎഹ്യരത്രേ പരം.
ഉച്ചത്തിലങ്ങു കുതിച്ചുകാൽവയ്പവർ
മെച്ചമാം വ്യാഘ്രദ്വിപഗതിയാൎന്നവർ,
തിത്തിരഹംസമയൂരപാരാവത-
പത്രികൾതൻഗതി പൂണ്ടവർ, പിന്നെയും
കൃഷ്ണസാരഗതി, വാനരത്തിൻഗതി,
ഉഷ്ട്രഗതിപുനരങ്ങു വൃഷഗതി,
ഇത്തരമോരോ ഗതികളടഞ്ഞവർ,
നിശ്ചയമേവരും പൂജ്യരത്രേ പരം.

മട്ടുകവിഞ്ഞന്നപാനങ്ങൾ ചെയ്കഥ
തിട്ടം തുരഗീസവാരിചെയ്തീടുകിൽ,
ക്ലിഷ്ടത ചേർക്കാത്തൊരശ്വമതിൻഗതി
ശ്രേഷ്ഠമത്രേ ദൃഢം, ശ്രേഷ്ഠൻ തുരഗവും.
നെററിയിൽനല്ല വെളുത്തചുട്ടിയതും
മറെറങ്ങുമന്യമാം വർണ്ണവുമുള്ളതാം
അശ്വത്തിനേ ദള്ളഭഞ്ജിയെന്നോതിടും
തൽസ്വാമിയായവൻ നിന്ദ്യനത്രേ പരം.
ഇമ്പം കലർന്നൊരു വർണ്ണമുള്ള ഹയം
കമ്പംവിനാ വർണ്ണദോഷം ഹനിച്ചിടും.
പങ്കങ്ങൾ വർണ്ണജമായവയൊന്നുമേ
തങ്ങുന്നതില്ലങ്ങവന്റെമേൽ നിർണ്ണയം.
ദോഷം ഭ്രമരാദി സർവ്വമിരിക്കിലും
പാരം സുഗതിയായ്, സർവ്വാംഗരമ്യനായ്,
ചാലേ ബലിയായതിക്രൗര്യഹീനനായ്,
മേവും ഹയം മഹാൻ സർവ്വദാ പൂജ്യനാം.
ന്യൂനം ക്രമാതീതമാകുമവ്വഹനാൽ
ചേർന്നാന്ന വാജികൾ ദോഷയുതരതാം.
ഭാരം ക്രമത്തിലധികം വഹിക്കുകിൽ
പാരം കൃശരായി രോഗാർത്തരായ്‌വരും.
ജോലികളൊന്നും കൊടുക്കാതിരിക്കുകിൽ
ജോലിക്കു കൊള്ളാതെ നിന്ദ്യരായ്ത്തീർന്നിടും.
പോഷണമില്ലാതിരിക്കുകിൽ ക്ഷീണരാം,
പോഷണം കൂടിയാൽ രോഗവശഗരും.
അശ്വഗതിയതു നല്ലതാം തീയതാം
ശിക്ഷകൻതന്റെ ഗുണാഗുണാനുഗുണം.
മുട്ടിനു താഴേ ചലിക്കുന്ന കാലൊടും
തെററാതൃജുകായമാർന്നും, സ്ഥിരാസനം

കൈക്കൊണ്ടുമങ്ങിരുന്നീടണം വാജിമേൽ
ശിക്ഷകനൊപ്പം പിടിച്ച ഖലീനവും.
കൌഞ്ചിയാൽ ചെററു മൃദുവായടിക്കണം.
അഞ്ചാതെ നിഷ്ഠുരമായിട്ടു തല്ലൊലാ.
മദ്ധ്യമമായിട്ടും താഡനം നല്കണം
നിശ്ചിതസ്ഥാനത്തു യോഗ്യനാം ശിക്ഷകൻ.
കക്ഷത്തടിക്കണം ഹേഷിക്കുകിൽ ഹയം
പക്ഷങ്ങൾതന്നിൽ, സ്ഖലിക്കുന്നവേളയിൽ,
മാർഗ്ഗം പിഴയ്ക്കിൽ കഴുത്തിലടിക്കണം,
ഭോഷ്ക്കല്ല കണ്ണാന്തരത്തിൽ ഭയന്നിടിൽ.
കോപിച്ചിട്ടും വിധൌ ബാഹുമദ്ധ്യമതിൽ
താഡിക്കണം ഭ്രമം പൂകുകിൽ കുക്ഷിയിൽ.
ഈവണ്ണമല്ലാതെ കണ്ടിടത്തൊക്കെയും
താഡിച്ചുകൊൾകൊലാ വാജിയേ ബ്ബുദ്ധിമാൻ.
അല്ലെങ്കിലശ്വമതങ്ങു ഹേഷിക്കുകിൽ
മെല്ലെന്നടിക്കണം തോളിങ്കൽ നിർണ്ണയം,
പിന്നെ സ്ഖലിക്കിൽ ജഘനാന്തരത്തിലും
എന്നല്ല പേടിക്കിൽ വക്ഷഃസ്ഥലത്തിലും
തിണ്ണെന്നടിക്കണം കോപിക്കിൽ വാലിലും-
നിർണ്ണയം വക്ത്രത്തിൽ മാർഗ്ഗം പിഴയ്ക്കുകിൽ.
എന്നാൽ ഭ്രമിച്ചു ചമഞ്ഞു തുടങ്ങുകിൽ
ദണ്ഡിക്കണം ദൃഢം മുട്ടിങ്കലശ്വഗൻ.
തെററായ ദിക്കിലും കാലത്തുമെപ്പൊഴും
ചെററുമടിക്കൊലാ വാജിയെയാരുമേ.
കിട്ടുന്ന ദിക്കിലങ്ങൊക്കെയടിക്കുകിൽ
ചട്ടററ ദോഷങ്ങളെല്ലാം വളർത്തിടാം;
കട്ടയിൽ വയ്ക്കും വരയ്ക്കും പുനരവ
മുട്ടാതെ നില്ക്കയും ചെയ്കിട്ടും നിർണ്ണയം:

ധൃഷ്ടനാം വാജിയേ ചമ്മട്ടികൊണ്ടുതാൻ
തെററാതെ ചെമ്മേ വശത്തു വരുത്തണം.

ധൃഷ്ടനാം വാജിമേൽ കൌഞ്ചിയതെന്നിയേ
പുഷ്ടമോദം കയറീടരുതാരുമേ,
ഉത്തമനായുള്ളോരശ്വം പതിനാറു
മാത്രകൊണ്ടങ്ങു ഗമിക്കും ധനുശ്ശതം.
നിശ്ചയമായതിൽ താണഗതിയെഴും
അശ്വങ്ങൾ മേല്ക്കുമേൽ ഹീനരായ് നിന്നിടും.

വാജിഗതിയതു ശിക്ഷണം ചെയ്യുവാൻ
വ്യാജഹീനമതാമുത്തമം മണ്ഡലം
ഓരായിരം ചാപമുള്ളതായീടണം,
നേരാണതിൽ പാതിയായീടിൽ മദ്ധ്യമം.
ആയതിൽ പാതിയായിട്ടുകിൽ നീചമാം
മായമെന്ന്യേയൊരുന്നൂറാകിലല്പവും.
ആയതിൽ പിന്നെയും പാതിയായിട്ടുകിൽ
ആയതു വീണ്ടുമത്യല്പവുമായിടും.

മുട്ടാതൊരുന്നൂറു യോജന നിത്യവും
ക്ലിഷ്ടേതരം ഗമിച്ചീടുംപടി ദൃഢം

പുഷ്ടമാക്കേണം ദിനേ ദിനേ ശിക്ഷകൻ
തിട്ടം ഹയഗതി മണ്ഡലവിക്രമാൽ.

അന്തിനേരത്തുമുഷസ്സിങ്കലുമതായ്
രണ്ടു സവാരിഹയത്തിന്നു നൽകണം;
നിർണ്ണയം ഹേമന്തകാലം, സുമാഗമം,
എന്നല്ലന്നൂനം ശിശിരമിതുകളിൽ.

അന്തിനേരത്തിലൊരു സവാരിയതു
ഹന്ത മതിയാകുമുഷ്ണകാലമതിൽ.
സന്തതമങ്ങു ശരൽക്കാലമായതിൽ
ചന്തമോടൊന്നു മതിയാമുഷസ്സിലും.

വർഷകാലത്തു ഹയത്തിന്നു ജോലികൾ
ഈഷലുമാരും കൊടുത്തുകൂടാ ദൃഢം.
സർവ്വകാലത്തും വിഷമഭൂമികളിൽ
അവ്വമതിന്റെ സവാരി വർജ്ജിക്കണം.
അശ്വത്തിനുള്ളോരുശക്തിയുമഗ്നിയും,
അശ്വമതിന്റെയാരോഗ്യവുംദാർഢ്യവും
സത്തായ് നിയന്ത്രിച്ചിടുന്നഗതികളാൽ
നിത്യവുംനേരെ വിവർദ്ധിതമാക്കണം.
ഭാരം നിമിത്തവും ദൂരം നിമിത്തവും
ക്ഷീണിച്ച വാജിയെ പഥ്യേ നടത്തണം.
പാരാതെ ശക്കരാസക്തുകമിശ്രിത-
മായുള്ള തൈലമകത്തും കൊടുക്കണം.
നല്ല ഹരിമന്ഥമോടുമകുഷ്ഠകം
നല്ലമാഷമിവ ശുഷ്കവുമാർദ്രവും
നല്ലപോൽ വേകിച്ച മാംസമതും തഥാ
മെല്ലെ കൊടുക്കണം ഭക്ഷണാർത്ഥം ദൃഢം.
നൂനം സ്ഖലിതമായുള്ള ഭാഗങ്ങളിൽ
വേണം പ്രയോഗിച്ചുകൊള്ളുവാൻ കൌഞ്ചിയേ.
ദൂരസ്സവാരി കഴിഞ്ഞു വന്നാലുടൻ
പാരാതെ കോപ്പങ്ങിറക്കാതെ സത്വരം
നൂനം ഗുളവും ലവണവും നല്കണം-
ചേണൊന്ന വാജിബലത്തിനെ പ്പേണുവാൻ.
സ്വേദം പുനരൊട്ടൊട്ടടങ്ങിയ ശേഷമായ്
ഖേദംവെടിഞ്ഞവൻ സ്വസ്ഥനായ് നില്ക്കവേ
മേലിൽ കിടക്കുന്ന കോപ്പങ്ങഴിച്ചഥ
നേരേ കടിഞ്ഞാണിൽനിന്നു വിടുർത്തണം.
ദേഹം തുടച്ചു മൃദുവാക്കി നല്ലപോൽ
പൂഴിയിൽ പിന്നെയുരുളിച്ചുകൊള്ളണം.

സ്നാനപാനങ്ങളും ഭക്ഷണമായതും
ന്യൂനം വഴിപോൽ കൊടുത്തു രക്ഷിക്കണം.
മദ്ദ്യവും ജാംഗലസാരമതായതും
ഒത്തുകലത്തിക്കൊടുത്തുകൊണ്ടീടുകിൽ
അശ്വത്തിനുള്ളതാം സർവ്വദോഷങ്ങളും
നിശ്ചയമായതുന്മൂലനംചെയ്തിടും.
ദുഗ്ദ്ധവും നെയ്യതും വെള്ളവും വേണ്ടപോൽ
സക്തുക(1)മായതുമുള്ളിൽ ചെലുത്തണം.
ഭക്ഷണം നൽകിജ്ജലവും കൊടുത്തഥ
തൽക്ഷണമങ്ങു സവാരിചെയ്തീടുകിൽ
നിശ്ചയം ശ്വാസവും കാസവും മററുമാം
രുക്കുകൾ വാജിക്കു വന്നു ഭവിച്ചിടും.
അശ്വത്തിനുത്തമഭക്ഷണമായതു
വിശ്രുതമാകും യവവും കടലയും
മദ്ധ്യമം ന്യൂനം മകുഷ്ടകം(1) മാഷവും
തദ്വിധം ഹീനം മസൂരയും(2) മുദ്ഗവും (3)
ആറുഗതിയതു വാജികൾക്കോതിടും
സാരമാം ധാര, ആസ്കന്ദിതം, രേചിതം
ചേലാൎന്നിടും പ്ലുതം, ധൌരിതകം, തഥാ
പേരാൎന്ന വല്ഗിതമിങ്ങനേയാറതും.
ഓരോന്നിനുമുണ്ടു വെവ്വേറെ ലക്ഷണം
ഓരോന്നുമോതിടാം ന്യൂനം യഥാക്രമം.
ധാരാഗതിയതു വേഗതരം പരം
നേരാണതുതന്നിൽ വൎത്തിച്ചിടുംവിധൌ
പാരാതെ പാൎഷ്ണിയിൽ തോദിതനായിടിൽ
പാരം മതിമറന്നങ്ങുപായും ഹയം.

---

(1) സക്തുകം=ധാന്യങ്ങൾ പൊടിച്ചപൊടി

(1) മകുഷ്ടം=പയറ്. (2) മസൂര=മുതിര. (3)മുദ്ഗം=ചെറുപയർ.

മുൻകാലുരണ്ടും ചുളുക്കിവച്ചങ്ങിനെ
സങ്കോചഹീനം കുതിച്ചു കുതിച്ചഥ
ചെയ്യുമെന്നെ വാജി ഗതിയതുകൊള്ളുകിൽ
സംജ്ഞാതമാമതങ്ങാസ്‌കന്ദിതമതായ്‌.
അല്പാല്പമാകും കുതികളോടും പുന-
രല്പവുമങ്ങുമടുപ്പുകൂടാതെയും
നിർബ്ബാധമശ്വം ഗതികൊണ്ടുകൊള്ളുകിൽ
അപ്പാടതുക്തമാം രേചിതമെന്നതായ്‌.
നാലുകാലും പുനരങ്ങുകുതിച്ചഥ
ചേലാന്ന കൃഷ്ണമൃഗത്തിന്നുതുല്യമായ്‌
ആലോലമോടുന്ന പോക്കിനെച്ചൊല്ലിടും
ചേലാന്നിടും ‘പ്ലുത’മെന്നുള്ളപേരിനാൽ.
കാലുകൾരണ്ടും മടക്കാതെയും തഥാ
തേരുവലിക്കാൻ വരമാംവിധത്തിലും
ഓടുന്നവാജിയതിന്റെ ഗതിയതു
ചാരുതരമായ ധൌരിതകം ദൃഢം.
കാലുകൾരണ്ടും ചുളുക്കാതെയും തല
ചാലേമയൂരസദൃശമുയർത്തിയും
ദൌളായിതാങ്‌ശരീരമായും തഥാ
ലാലസിക്കുംഗതി വല്ഗിതമായ്‌സ്മൃതം.
കാളയ്ക്കു കക്ഷിയതിന്നു മുഖത്തിന്റെ-
നാലുമടങ്ങു പരിധിയുണ്ടായിടും.
ചാലേ കകുത്തതടക്കമൊമുന്നതി
നേരേ മുഖത്തിന്റെ മൂന്നുമടങ്ങതും.
കാളതൻനിളം സദൈവ മുഖമതിൻ-
നീളമതിനുടെ മൂന്നരകൊണ്ടതാം.
ഏഴരതാലമെഴും കാളപൂജ്യൻ ദൃഢം
കോഴയെന്യേ ഗുണമെല്ലാം തികയുകിൽ.

സ്ഥായിയും മന്ദനമാകാതെയുമതി-
ക്രൂരനാകാതെയും രമ്യനായും തഥാ
മേവും സുവോഢ(1) നായിട്ടും സുപൃഷ്ഠവാ-
നാകും വൃഷത്തിനെ ശ്രേഷ്ഠനെന്നോതിടും.
മുപ്പതുയോജന പ്രത്യഹം പോകുവോൻ,
കെല്പെഴും ദേഹവാൻ, ഭാരംചുമപ്പവൻ,
തപ്പാതെയൊമ്പതു താലമുയന്നവൻ,
സൽപ്പൂജ്യനത്രെ സുമുഖനാമൊട്ടകം.
ഏററവുംക്രൂടിയോരായുസ്സു മർത്ത്യനും
തിട്ടം ഗജത്തിനും നൂറുവയസ്സുതാൻ.
പിട്ടല്ല ബാല്യമിരുവക്കുമൊന്നുപോൽ
തെററാതിരുപതുവർഷങ്ങളായിട്ടും.
മദ്ധ്യവയസ്സു മനുഷ്യനാറുപതാ-
മബ്ദംവരെക്കുമിരിക്കുമെന്നോതിടും.
കൃത്യമായെൺപതു ചെല്ലുന്നതുവരെ
മദ്ധ്യവയസ്സു ഗജത്തിനും നിന്നിടും.
അശ്വത്തിനുള്ള പരമമായുസ്സതു
മുപ്പത്തിനാലു വയസ്സെന്നു ചൊല്ലിടും.
ഉഷ്ട്രത്തിനുംവൃഷഭത്തിനുമുള്ളവ
തിട്ടമിരുപത്തിയഞ്ചെന്നുമോതിടും.
ബാല്യകാലമിവ മൂന്നിനുമൊന്നുപോൽ
ചൊല്ലിട്ടുമഞ്ചുവയസ്സെന്നതായ്ദൃഢം.
മദ്ധ്യമമാകുംവയസ്സതു മൂന്നിനും
കൃത്യംപതിനാറു പിന്നീടു വാദ്ധക്യം.
പല്ലിൻെറയുദ്ഗമം വണ്ണമിതുകളാൽ

(1) സുവോഢൻ=നല്ലഭാരം വഹിപ്പവൻ.

ചൊല്ലിടാമശ്വവൃഷങ്ങൾവയസ്സുകൾ
ഒന്നാംവയസ്സിങ്കലശ്വത്തിന്നു ദൃഢം
ഉണ്ടാമിരു മൂന്നുപല്ലുകൾ വെള്ളയായ്.
രണ്ടാംവയസ്സതിൽ കീഴ്പന്തിയിങ്കലേ
പല്ലുകൾ ചെമ്മേ കറുത്തുചെമ്പിച്ചിടും.
മൂന്നാംവയസ്സിൽ തുടങ്ങിക്കറുത്തിടും
മുമ്പല്ലുരണ്ടതുമാറുവയസ്സോളം.
നാലാംവയസ്സിലതിൻ പാർശ്വവർത്തികൾ
ചാലേ കൊഴിഞ്ഞു പുതുപ്പല്ലു വന്നിടും.
അഞ്ചാംവയസ്സിങ്കലന്ത്യത്തിലുള്ളതാം
ദംശങ്ങൾ വീണു നവങ്ങൾ മുളച്ചിടും
ഷഷ്ഠവർഷംമുതൽ കൃഷ്ണമാകും ക്രമാൽ
മദ്ധ്യമപാർശ്വാന്തഗങ്ങൾ രണ്ടിതതായ്.
ഒമ്പതാമത്തേ വയസ്സു മുതല്ക്കിവ
കമ്പമെന്ന്യേ ക്രമാൽ പീതവർണ്ണമതാം.
പന്തിരണ്ടാംവയസ്സാകുന്നതു മുതൽ
ചന്തമാം ശ്വേതനിറമതടഞ്ഞിടും.
പിന്നേ പതിനഞ്ചുതൊട്ടു ക്രമാലിവ
കണ്ണാടിവർണ്ണമടഞ്ഞു ചമഞ്ഞിടും.
അഷ്ടാദശം മുതൽ പിന്നേ ക്രമാലിവ
തെററാതെ മാക്ഷികവർണ്ണമതാന്നിടും.
പേർത്തുമിരുപത്തിയൊന്നു മുതല്ക്കിവ
ശുദ്ധമാം ശംഖിൻനിറമതു പൂകിടും.
മുട്ടാതിരുപത്തിനാലാമതു മുതൽ
ചട്ടററ പല്ലുകൾ ന്യൂനമുലഞ്ഞിടും.
കൂട്ടത്തിൽ മുമ്മൂന്നതായി ക്രമാലിവ
ചോട്ടിങ്കൽനിന്നു പറിഞ്ഞു കൊഴിഞ്ഞിടും.
പ്രായപൂർത്തിവരുമശ്വത്തിന്നു ദൃഢം

പ്രോഥ(1)ത്തിൽ മൂന്നു വലയമുണ്ടായിടും.
ചാലേ വലയമിതങ്ങു കുറഞ്ഞിടും-
പോലെ ഇരുന്നിടും പ്രായക്കുറവതും.
മുട്ടു കുടയുവോൻ, ചുണ്ടുകൊണ്ടൂതുവോൻ,
പൃഷ്ഠം കുലുക്കുവോൻ, പെട്ടെന്നു നില്പവൻ,
മേല്പോട്ടു ചാടുവോൻ, പിന്നോട്ടു പായുവോൻ,
കെല്പോടുചെന്നു ജലത്തിൽ മജ്ജിപ്പവൻ,
പിട്ടല്ലപിന്നെ മലൎന്നു വീഴുന്നവൻ,
തിട്ടമങ്ങേററവും ഭീരുത്വമാൎന്നവൻ,
സൎപ്പജിഹ്വായുതൻ, രൂക്ഷവൎണ്ണൻ തഥാ,
സപ്തികളങ്ങിവർ നിന്ദ്യരാണൊക്കെയും.
നെററിമേലുള്ള തിലകത്തിലങ്ങൊരു
പൊട്ടലുള്ള ഹയം നിന്ദ്യനത്രേ പരം.
കെട്ടും കയറു കടിച്ചു പിന്നുന്നതാം
ദുഷ്ടനാമശ്വവും നിന്ദ്യനാണേററവും.
എട്ടുപല്ലും വെളുപ്പായി വൃഷത്തിനു
തെററാതെ നാലാംവയസ്സിൽ മുളച്ചിടും.
അററത്തിലുള്ളതാം രണ്ടു പല്ലങ്ങതിൽ
പിട്ടല്ല പഞ്ചമാബ്ദത്തിൽ പതിച്ചിടും.
തൽസ്ഥാനമായതിലന്യമാം രണ്ടതു
പുത്തനായ് ചെമ്മേ മുളയ്ക്കയും ചെയ്തിടും.
ഷഷ്ഠവയസ്സിലടുത്തതാം രണ്ടതും
പെട്ടെന്നു പോകും പകരം മുളച്ചിടും.
സപ്തമാബ്ദത്തിലതിനടുത്തുള്ളതും
അഷ്ടമാബ്ദമതിൽ മദ്ധ്യഗമായതും
തിട്ടമങ്ങു പതിച്ചീടുമീരണ്ടതായ്

(I) പ്രോഥം=മേൽചുണ്ടു

സ്പഷ്ടമായ് രണ്ടിതു പുത്തനായും വരും.
കൃഷ്ണവും, പീതവും, ശ്വേതവും, പിന്നെയും
രക്താഭയും തഥാ ശംഖ്യദ്യുതിയതും
കൈക്കൊണ്ടിടും ക്രമാൽ പല്ലുകളങ്ങിവ
ഭോഷ്കല്ല രണ്ടിതുകൊല്ലങ്ങൾ കൂടവേ.
പിന്നിട്ട വത്സരംതോറുമിപ്പല്ലുകൾ
തിണ്ണെന്നുലഞ്ഞു കൊഴിഞ്ഞുകൊള്ളും ക്രമാൽ.
നിർണ്ണയമൊട്ടകത്തിന്റെ വയസ്സതും
നിർണ്ണയിച്ചീടാമിതേപ്രകാരമതിൽ.
പ്രേരണമാകർഷണമിവ രണ്ടിനും
സ്വൈരമുതകും മുഖങ്ങളെഴുന്നതാം
ചേലൊന്നു നല്ല തുറട്ടിയൊന്നെപ്പൊഴും
ചാലേ കരത്തിലേന്തീടണം ഹസ്തിപൻ.
ചേണാർന്നിടുന്നോരതിനാൽ പുനരവൻ
ആനയേ നൂനം നയിക്കണം വേണ്ടപോൽ.
വാജിക്കു നല്ല കടിഞ്ഞാണതൊന്നിഹ
വേണം, ഹയത്തേയതിനാൽ നയിക്കണം.
മൂക്കിൽ കയറിനാൽ നൂനം നയിക്കണം
ഊക്കാർന്നൊരുഷ്ട്രം വൃഷഭമിതുകളെ.
തീക്ഷ്ണാഗ്രമായിട്ടിരിമ്പിലുണ്ടാക്കിയ
ചൊല്ലേറാണ്ട സപ്തഫാലത്താൽ തുടയ്ക്കണം.
ചാലേ സുതാഡനംമൂലം നയിക്കണം
നീളേ മൃഗത്തെയും മാനവൻ തന്നെയും.
ചേണാർന്ന സൈനികന്മാരേ വിശേഷത
ചേരുന്ന ദണ്ഡനാൽ ദണ്ഡിച്ചുകൊള്ളണം.
നൂനം ധനദണ്ഡമായതിവക്കൊരു
നാളും കൊടുത്തിടരുതു നൃപാലകൻ.

വാജിവൃഷങ്ങളനൂപ(1)ഭൂവിങ്കലും,
വാരണോഷ്ട്രൌഘങ്ങൾ ജാംഗലം(2)തന്നിലും,
സാധാരണ ഭൂവിൽ നൂനം പദാതിയും
സ്ഥാപിതമായ് ക്രമാൽ രക്ഷിതമാകണം.
നൂറാൾകൾ ചേർന്നെഴുമോരോ പൃതനയേ
പാരാതെ സർവ്വദാ രാജ്യത്തെവിടെയും
ഓരോരൊ യോജനക്കൂട്ടം സ്ഥലങ്ങളിൽ
വീറോടു മന്നവൻ സ്ഥാപിച്ചുകൊള്ളണം.
ആനയുമുഷ്ട്രവും കാളയുമശ്വവും
ഭാരം വഹിപ്പതിൽ ശ്രേഷ്ഠരാണേവരും.
ആനയൊന്നാമനും രണ്ടാമനുഷ്ട്രവും
കാള മൂന്നാമനും നാലാമനശ്വവും.
വാഹനജാതിയിൽ വണ്ടിയാണുത്തമം
പേമഴ പെയ്യുന്നകാലമൊഴിക്കുകിൽ.
സാരമില്ലാത്ത രിപുവോടുതന്നെയും
പോരിന്നു ചൊട്ടപ്പടയോടു പോകൊലാ.
വാട്ടമില്ലെങ്കിലും സംഖ്യാബലമതിൽ,
പെട്ടെന്നസൈന്യമായ് കൂട്ടിയിണക്കിയ
മുട്ടുപടയുമായ് പോരതു കൂട്ടൊലാ
ചട്ടററബുദ്ധിമാനായോനൊരിക്കലും.
പോരിൽ പഴക്കം കുറഞ്ഞോരസാരരാം
പോരാളിവർഗ്ഗവും തൂലവും തുല്യർതാൻ.
പാരാതിവരേ നിയമിക്കണം ബുധൻ
പോരൊന്നൊഴിഞ്ഞു മററുള്ളകാര്യങ്ങളിൽ.
പ്രാണാത്യയത്തിൽ പട വിട്ടുമണ്ടിടും
ആണത്വമില്ലാത്തൊരല്പജനം ഭുവി

(1) അനൂപം=നനഞ്ഞപ്രദേശം (2) ജാംഗലം=കാട്ടുപ്രദേശം

ച്ചേൎന്നററ ശത്രുവേയോടിച്ചുകൊള്ളുവാൻ
ത്രാണിയുള്ള ജനം വിട്ടിടാ പോൎക്കളം.
പോരിങ്കൽനില്പാൻ രിപുവോടശ്ശൂരന്ന
ഭൂരിബലത്തൊടും സാധിച്ചിടാ ദൃഢം.
സ്തോകമാകുംബലത്തോടു പിന്നെയവ-
നാകുന്നതെങ്ങിനേ പോരിങ്കൽനിന്നിടാൻ?
ശിക്ഷിതമാകിയോരല്പസൈന്യത്തൊടും
ശക്യമാം ശ്ശൂരന്ന ശത്രുവെ വെല്ലുവാൻ.
ശിക്ഷിതരാം പൃഥുസേനയാ ചെല്ലുകിൽ
ശക്യമാകാ പുനരെന്തവന്നു ഭുവി?
എപ്പൊഴും തന്നുടേ മൌലസൈന്യമതിൽ
കെല്പെഴും ശിക്ഷകഴിച്ചു മേവുന്നതാം
ശക്തരാം ഗുല്മങ്ങളോടു പുറപ്പെട്ടു
ശത്രുവോടേല്ക്കണം പോരിന്നു മന്നവൻ.
പ്രാണൻവെടികിലും മൌലസൈന്യമൊരു-
നാളും വെടിഞ്ഞിടാ തന്നുടേ സ്വാമിയെ.
ക്രൂരവാഗ്ദണ്ഡനം, വേതനഹ്രാസനം,
പാരം ഭയം ശ്രമം നിള്ളും വിവാസനം,
പാരാതിത്തുകളാൽ ഭേദിച്ചുകൊണ്ടിട്ടും
നേരാണസംതൃപ്തരായി ബ്ഭടജനം.
സൈന്യങ്ങൾ ഭേദിച്ചുകൊണ്ടാൽ ജയമതു
പിന്നേയസാദ്ധ്യമാം നിൎണ്ണയമാകയാൽ
മന്നവൻ ഭേദഹേതുക്കളെറിയണം
സ്വന്തസൈന്യത്തിലും ശത്രുസൈന്യത്തിലും.
ശത്രുസേനയതിൽ ഛിദ്രമുണ്ടാക്കിടാൻ
പററുമുപായങ്ങളായവയൊക്കെയും,
ചട്ടററ ദാനം, ഛലമെന്നിത്തുകളാൽ
തിട്ടം പ്രയോഗിച്ചുകൊള്ളണം ഭൂമിപൻ.

അത്യന്തശക്തനായുള്ളോരു ശത്രുവെ
പ്രത്യേകസേവയും താഴ്മയും മൂലവും,
ശക്തനാം ശത്രുവേ ദാനവും മാനവും
ശക്ത്യാ പ്രയോഗിച്ചു നൂനമവ്വണ്ണവും,
യുദ്ധേന സർവ്വദാ ദുർബ്ബലൻതന്നെയും,
മൈത്രിയാൽ നിത്യം സമാനബലനെയും,
തപ്പാതെ പാട്ടിലാക്കേണം ധരാധിപൻ
കെല്പാൎന്ന ഭേദേന സർവ്വജനത്തെയും.
ശത്രുബലമതിൽ ഛിദ്രമെല്ലായ്പ്പൊഴും
ഉൽഭൂതമാക്കിച്ചമയ്ക്കുന്നതിൽപ്പരം
ശക്തതരമാമുപായമില്ലോൎക്കിൽ
ശത്രുവേത്തന്റെ വശത്തു നയിക്കുവാൻ.
എത്രനാളങ്ങൊരാൾ ശക്തനായ്നിന്നിടും
അത്രയും നാളവൻ നീതിമാനാകണം;
അത്രനാളുണ്ടാമവന്നു മിത്രങ്ങളും
പുഷ്ടമാമഗ്നിക്കു വായുവെന്നോണമായ്.
ശത്രുവിൽനിന്നും പിരിഞ്ഞ സൈന്യത്തിനെ
മുഖ്യസൈന്യത്തോടടുത്തു നിറുത്തൊലാ.
പ്രത്യേകജോലിയവൎക്കു കൊടുക്കണം
യുദ്ധത്തിലാണെങ്കിലഗ്രേ നിറുത്തണം.
മിത്രസൈന്യത്തെയടുത്തു നിറുത്തണം
പക്കത്തിലല്ലെങ്കിലങ്ങു പിറകിലായ്.
മന്ത്രമോ, യന്ത്രമോ, വഹ്നിയോ മാൎഗ്ഗമായ്
ഹന്ത വിടുന്നതോ പായിച്ചിടുന്നതോ,
എന്നുമല്ലൂക്കോടെയപ്പതോ തന്നെയാം
എന്തായുധമതുമസ്ത്രമെന്നോതിടും.
കുന്തവും വാളും തുടങ്ങിയതാകിയോ-
രന്യായുധങ്ങളങ്ങൊക്കെയും ശസ്ത്രവും.

അസ്ത്രങ്ങൾ രണ്ടുവിധങ്ങളായ് പാരിതിൽ
ഉക്തമാം മാന്ത്രികം നാളികമിങ്ങനേ.
ഊക്കാൎന്ന മാന്ത്രികമില്ലാത്ത വേളയിൽ
ലാക്കിൽ ധരിക്കണം നാളികം ഭൂമിപൻ.
ഭോഷ്ക്കല്ലിതിനോടുകൂടി ജ്ജയാൎത്ഥമായ്
വിഖ്യാതമായുള്ള ശസ്ത്രൌഘമൊക്കെയും.
ശസ്ത്രാസ്ത്ര ജാതികൾക്കോതിടും പാരിതിൽ
തടിജ്ജനങ്ങളനേകമാം പേരുകൾ,
ദീൎഘലഘ്വാകാരഭേദങ്ങൾ നോക്കിയും
ചൊല്ലേറുണ്ട ധാരാവിശേഷതാമൂലവും.
നാളികാസ്ത്രങ്ങളേ രണ്ടുവിധങ്ങളായ്
നീളേ തിരിക്കുന്നു പാരിൽ ബുധജനം.
ആയതിലൊന്നു 'ബൃഹന്നാളിക'മതും
മായമെന്ന്യേ 'ലഘുനാളികം' മററതും.
ചെററുവിലങ്ങി മേല്പോട്ടു ചുവടതിൽ
ചട്ടററ രന്ധ്രവും പഞ്ചവിതസ്തികം(1)
ദീൎഘമാം നാളവും രണ്ടു തലയ്ക്കലും
ലക്ഷ്യഭേദി തിലബിന്ദുവും ചേൎന്നതും,
കാഞ്ചിഘാതത്തിനാലഗ്നികൃത്തായതും,
കണ്ണുമൂലേ ചരൽചൂൎണ്ണങ്ങൾ പൂണ്ടതും,
നല്ല തടിയതിൽ കൈപിടിയുള്ളതും,
പൊള്ള നടുവിരൽ വ്യാസമതാൎന്നതും,'
നല്ല വെടിമരുന്നുള്ളിലേന്തുന്നതും
മെല്ലേ നിറകോപ്പതൊന്നുള്ളതുമതാം
ചൊല്ലാൎന്ന നാളാസ്ത്രമായതിന്നങ്ങുപേർ
ചൊല്ലിടുന്നു "ലഘുനാളിക"മെന്നതായ്.
നാളത്തിന്നങ്ങുപയുക്തമതാക്കിടും

(1) പഞ്ചവിതസ്തി=രണ്ടരമുഴം നീളം.

വേണുവിന്നുള്ളതാം വണ്ണവുമങ്ങഥ
ന്യൂനമതിന്നുള്ള പൊള്ളയുമുണ്ടതൻ-
നീളവും വീതിയുമാശ്രയിച്ചെപ്പൊഴും
ദൂരത്തിരിക്കുന്ന ലക്ഷ്യവിഭേദനം
ചേലൊത്ത നാളാസ്ത്രമായതു ചെയ്തിടും.
ചോടതിലുള്ളതാമാണി തിരിക്കവേ
പാരാതെ ലക്ഷ്യത്തെ ലാക്കാക്കി വയ്ക്കുവാൻ
സാധിപ്പതും മരക്കൂട്ടിൽ തിരിവതും
ബാധകമെന്നിയേ വണ്ടിയിൽ വാഹ്യവും
ആകുന്നതായിടും നാളികാസ്ത്രത്തിന്നേ
ഓതുന്നിതു "ബൃഹന്നാളിക"മെന്നതായ്.
നേരായമട്ടിൽ ബൃഹന്നാളികമുപ-
യോഗിച്ചുകൊണ്ടാൽ ജയപ്രദമായിടും.
അഞ്ചുപലം വെടിയുപ്പു (1) മൊരുപലം
ഗന്ധാശ്മവും സ്നുഹി അർക്കാദിയെന്നിവ
തെല്ലും പുകകളയാതെ മൂടിയെരി-
ച്ചുണ്ടാക്കുമംഗാരമങ്ങു പലമതും,
നല്ലപോൽ ശുദ്ധിചെയ്തെല്ലാം കലത്തിയും,
വെള്ളുള്ളിയർക്കസ്നുഹിയെന്നിതുകൾതൻ
ചൊല്ലാർന്നനീരിൽ കുഴച്ചും വെയിലത്തു
മെല്ലെയുണക്കിയും പഞ്ചസാരോപമം
പിന്നെപ്പൊടിച്ചുമെടുത്തിടും സാധനം
അന്യൂനമായിടുമഗ്നിചൂർണ്ണ(2)മതാം.
എന്നാലിതിൽ വെടിയുപ്പിൻ പലമതു
നിർണ്ണയമാറതും നാലതുമായിടാം.

---

(1) The word occurring in the original is സുവർച്ചിലവണം
I have translated it as വെടിയുപ്പു.
(2) അഗ്നിചൂർണം=വെടിമരുന്നു്.

ഗന്ധാശ്മവും പുനരംഗാരമായതും
മുൻചൊന്ന മട്ടിലിരിക്കേണമെപ്പൊഴും.
ഉണ്ടകളെല്ലാമിരിമ്പിലുണ്ടാക്കണം
ഉണ്ടായിടാമുള്ളിലന്യഘുടികകൾ.
എന്നാൽ സമസ്തമിരിമ്പായിടുന്നതിൽ
ഒന്നുമേയില്ലാ വിരോധവും നിൎണ്ണയം.
വ്യാസം കുറഞ്ഞ കുഴലുകൾക്കുണ്ടകൾ
സീസത്തിലായിടാമന്യധാതുവിലും.
നാളാസ്ത്രമായതിരിമ്പിലും തീൎത്തിടാം
ചേലൊന്നമറേറതു ധാതുവതിങ്കലും.
നാൾതോറുമങ്ങു തുടയ്ക്കണം വൃത്തിയായ്
ആവൃതമാകണമസ്ത്രപാത്രികളാൽ.
അഗ്നിചൂൎണ്ണങ്ങൾ വെളുത്തതും മററുമായ്
തദ്വിദശ്രേഷ്ഠന്മാർ ചമപ്പു ബഹുവിധം,
തക്കത്തിലംഗാരമെന്നല്ല ഗന്ധകം
ചൊല്ക്കൊണ്ട ലാക്ഷാ, വെടിയുപ്പു ശിലാ,
സ്വച്ഛമാം കാന്തപ്പൊടി ഹരിതാലകം,
നിശ്ചയം സീസമലം നീലി ഹിംഗുലം,
പേൎത്തും സരളരസം ചന്ദ്ര(1)മെന്നിവ
ചേൎത്തു തുല്യാധികന്യൂനക്രമങ്ങളിൽ.
നാളികാസ്ത്രങ്ങൾതൻ നാളഗമായിടും
ഗോളങ്ങളല്ലെങ്കിലുണ്ടകളായവ
പാരാതെ തീയുമായ് ബന്ധമുണ്ടാകവെ
വീറോടു പായും തദീയലക്ഷ്യമതിൽ.
നാളാസ്ത്രമാദ്യം തുടച്ചുവച്ചീടണം
ചാലേ കടത്തണമഗ്നിചൂൎണ്ണമതിൽ

---

(1) ചന്ദ്രം=കർപ്പൂരം.

കോളോടുപിന്നെ നിറകോലിനാലുടൻ
കീഴോട്ടുചൂണ്ണമടിച്ചുറപ്പിക്കണം;
പിന്നിട്ടുനാളത്തിലുണ്ടകടത്തണം
പിന്നെ വെടിമരുന്നാങ്ങു കണ്ണത്തിലും;
കണ്ണത്തിലഗ്നി കൊടുത്താലുടനടി
ഉന്നത്തിലുണ്ടയെപ്പായിച്ചുകൊണ്ടിടാം.
രണ്ടുകരം സദാ നീളമുണ്ടാകണം
ഇണ്ടലെന്യേ ദൃഢം ബാണത്തിനൊക്കെയും;
പിന്നെയും ഞാണിൽനിന്നാങ്ങു വിട്ടീടവേ
ഉന്നമതിൽ തറച്ചീടണം ബാണവും.
അഷ്ടാശ്രമായിട്ടിരുന്നീടണം ഗദാ
തിട്ടം പൃഥുബുധ്നമായും ഭവിക്കണം.
ത്തെററാതെ പിന്നെ മുലക്കണ്ണെതററവും
കട്ടായമുണ്ടായിടേണമുയരവും.
പട്ടിശമായതിന്നെല്ലാ സമയവും
തദ്ബാഹകൻ തൻെറ ദൈർഘ്യമുണ്ടാകണം;
ക്രുത്തധാരയതു രണ്ടു വശത്തിലും
പേത്തുമുണ്ടാകണം കൈപിടിയായതും.
ഏകധാരയ്ക്കു ചതുരംഗുലമതു
വീതിവേണം ചെറുതാകും വളവതും.
നൂനം ക്ഷുരപ്രാന്തമായതിന്നു സദാ
നാഭിവരെക്കുമുയരമുണ്ടാകണം;
ചേലൊത്ത കട്ടിയാം മുഷ്ടിവേണം തഥാ
പാരാതെ ചന്ദ്രസമാനപ്രഭയതും.
നാലുഹസ്തമതു നീളമുണ്ടാകണം

ചേലെഴും പ്രാസ(1)ത്തിനെല്ലാസ്സമയവും
മേലും ക്ഷുരകൻെറ കത്തിക്കു തുല്യമാം
ധാരയുണ്ടാകണം ദണ്ഡബുധ്ന(2)മത്തും.
കുന്തത്തിനെപ്പൊഴും പത്തുകരമത്തു
സന്ദേഹമെന്നിയേ ദൈൎഘ്യമുണ്ടാകണം.
ശങ്കു(3)ബുധ്നം പുനരുണ്ടായിരിക്കണം
ശങ്കയെന്യേ നല്ല ഫാലാഗ്രമായതും.
ചക്രത്തിനു പരിണാഹമെല്ലായ്പൊഴും
തക്കമെന്യേയാറുഹസ്തമായിടണം,
തിട്ടം ക്ഷുരകൻെറ കത്തിപോൽ വായതും
മുട്ടാതെ വേണം തഥൈവ സുനാഭിയും.
മൂന്നുഹസ്തമത്തു നീളവും നിൎണ്ണയം
മൂന്നു ശിഖരവും ലോഹരജ്ജുവതും
ചേൎന്നെഴുന്നീടുന്ന ദണ്ഡത്തിനങ്ങുപേർ
ചൊന്നിടും പാരിൽ സുപാശകമെന്നതായ്.
ഗോധൂമസമ്മിതസ്ഥൂലപത്രമതായ്
ലോഹത്തിൽ നിൎമ്മിച്ച നൽക്കവചത്തിനാൽ
പാരാതെയൂൎദ്ധ്വദേഹത്തെ രക്ഷിക്കണം
ചേലൊന്നിടുന്ന ശിരസ്ത്രാണസംയുതം.
തീക്ഷ്ണാഗ്രമാകും കരജമെല്ലായ്പൊഴും
ശ്രേഷ്ഠമത്രേ പരം ലോഹസാരമയം.
ധാരാളമായുള്ള സംഭാരമുള്ളവൻ,
പേരാൎന്ന ഷഡ്ഗുണമന്ത്രവിത്തായവൻ,
ധാരാളമസ്ത്രങ്ങൾ ശേഖരിച്ചീടിനോൻ,
പാരാളുമാനൃപൻ പോരിന്നു പോകണം.

---

(1) പ്രാസം=Dagger (2) ബുധ്നം=ചുവട് (3) ശങ്കു= ആണി (4) ഫാലം=കൊഴു.

നേരാണു മററുവിധത്തിലുള്ള നൃപൻ
ഭാരിച്ച ദുഃഖമതിങ്കലകപ്പെട്ടും,
പോരെങ്കിലങ്ങുതൻ രാജ്യത്തിൽ നിന്നവൻ
പാരാതെ നിൎണ്ണയം ഭ്രഷ്ടനുമായിടും.

ശത്രുഭാവമെഴും രണ്ടാൾകൾ തങ്ങളിൽ
സ്വാൎത്ഥസിദ്ധ്യൎത്ഥമായസ്ത്രങ്ങളാദിയാൽ
ഏറ്റുകൊണ്ടിടും വ്യാപാരമായതി-
നുക്തമാകുന്നിതു യുദ്ധമെന്നുള്ളപേർ.

യുദ്ധങ്ങൾ ദൈവികമാസുരം മാനവം
ഇത്ഥം ഭവിക്കുന്നു മൂന്നുവിധങ്ങളായ്.
സിദ്ധമന്ത്രാസ്ത്രങ്ങൾമൂലം പൊരുതിടും-
യുദ്ധത്തിനോതിടും ദൈവികമെന്നുപേർ.

കെല്പെഴും നാളാസ്ത്രമാദിയാലേ പട-
വെട്ടുന്നതായാലതിന്നുപേരാസുരം.

ശസ്ത്രവും ബാഹുവും മൂലമായ്ചെയ്തിടും-
യുദ്ധത്തെയോതുന്നു മാനവമെന്നതായ്.

ഏകൻബഹുക്കളോടായും, ബഹുക്കളോ-
ടായിബ്ബഹുക്കളുമേകനോടേകനും
പൊയ്യല്ല രണ്ടാൾകൾ രണ്ടാൾകൾതമ്മൊടും
ആയിബ്ഭവിച്ചിടും പോരുകൾ പാരിതിൽ.
കാലദേശങ്ങളും, ശത്രുബലമതും,
സ്വീയബലവും നിരീക്ഷിച്ചശേഷമായ്
നാലുപായങ്ങളും ഷഡ്ഗുണമന്ത്രവും
മേലും നിനയ്ക്കണം പോരിന്നൊരുങ്ങുവോൻ.

പൊരിന്നു നന്നു ശരൽക്കാലമേററവും,
ഹേമന്തവുംതഥാ നൂനം ശിശിരവും,
ഓതിടും മദ്ധ്യമമായ് വസന്തത്തിനേ
ഓതുമധമമായ് ഗ്രീഷ്മത്തെയെപ്പൊഴും.

വർഷകാലമതും നന്നല്ല പോരിനു
വർഷമതു സദാ സാമത്തിനുത്തമം.
അത്യധികം ബലയുക്തനായ് ഭൂമിപൻ
യുദ്ധസംഭാരസമ്പന്നനായ് വാണിടും
ചിത്തശക്തിപ്രദമായുള്ള വേളതാൻ
യുദ്ധത്തിനു ശുഭം നൽശകുനപ്രദം.
അത്യന്തമാവശ്യമായ് വരും വേളയിൽ
ഭദ്രേതരമതായ് കാലം ഭവിക്കുകിൽ
ഉൾക്കാമ്പിലീശനേ ഭക്ത്യാഭജിച്ചഥ
ലക്ഷണംനോക്കിപ്പടയ്ക്കിറങ്ങീടണം.
ഗോക്കളും സ്ത്രീകളും വിപ്രജനങ്ങളും
മേല്ക്കുമേൽ നഷ്ടമടഞ്ഞിടുംവേളയിൽ
മേൽച്ചൊന്ന കാലനിയമങ്ങളൊന്നുമേ
തീർച്ചയായ് ബന്ധിച്ചു കൊണ്ടിടാ ഭൂപനേ.
സ്വന്തസൈന്യത്തിനു വ്യായാമഭൂമികൾ
ഹന്ത വേണ്ടുംവിധം സിദ്ധമാകുന്നതും
അന്യർക്കനേരെ മറിച്ചുള്ളതുമതാം
എന്തുദേശമതുമുത്തമം ദേശമാം.
സ്വന്തസൈന്യത്തിനും ശത്രുസൈന്യത്തിനും
അന്തരമെന്നിയേ വ്യായാമഭൂമികൾ
ചന്തമോടൊന്നുപോൽ നല്കുന്നദിക്കിനേ
ചൊന്നിടും നിർണ്ണയം മധ്യമമെന്നതായ്.
ശത്രുസൈന്യത്തിനു വ്യായാമഭൂമികൾ
ദത്തമാക്കുന്നതും സ്വന്തസൈന്യത്തിനു
ദത്തമാക്കാത്തതുമാകിയ ദിക്കിനേ
വ്യക്തമായോതുമധമമതെന്നതായ്.
ശത്രുവിൻേറബലം മൂന്നിലൊന്നൂനമോ
തദ്വിധമങ്ങതു ശിക്ഷാവിഹീനരാം

സാദ്ധ്യസ്സുരാകുമസാരരോയാവുകിൽ
സിദ്ധിച്ചിടും ജയമെന്നു കരുതിടാം.
പുത്രരെപ്പോലെ താൻ പോററുവോരും തഥാ
നിത്യവും ദാനമാനങ്ങളാൽ പുഷ്ടരും
യുദ്ധസംഭാരസമ്പന്നരുമായെഴും
സ്വപ്രിയസൈന്യം ജയംതന്നെ നൽകിടും.
സന്ധിയും വിഗ്രഹം യാനവുമാസനം
പിന്നെസ്സമാശ്രയം ദ്വൈധികഭാവവും
നിർണ്ണയമാറിതും മന്ത്രമതിന്നുടെ
ബന്ധുരമാകും ഗുണങ്ങളായ് ചൊല്ലിടും.
എന്തുപ്രവൃത്തിയാൽ ശക്തനാംശത്രുവെ
ബന്ധുഭാവത്തിൽ വരുത്തിടാം പാരിതിൽ
ചന്തമോടായതു "സന്ധി"യെന്നോതിടും
ചിന്തിക്കണം പണിപ്പെട്ടുമതു നൃപൻ.
കർഷണംമൂലമായ് ശത്രുവേ തന്നുടേ
കൈവശത്താക്കിയമർത്തി നിറുത്തുകിൽ,
ആയതിന്നോതിടും "വിഗ്രഹ"മെന്നുപേർ
ആയതോർത്തീടണം മന്ത്രിമാരോടുമായ്.
ശത്രുനാശത്തെയും സ്വേഷ്ടലാഭത്തെയും
ചിത്തത്തിലോർത്തു കുറിച്ചുകൊണ്ടങ്ങഥ
ശത്രുവിൻനേരേ പുറപ്പെട്ടുകൊള്ളുകിൽ
ഉക്തമാകുമതു "യാന"മെന്നുള്ളതായ്.
യാതൊരുസ്ഥാനത്തു നിന്നാൽ സ്വകീയമാ-
യീടുന്നരക്ഷയും ശത്രുവിൻ നാശവും
ഭേദമെന്ന്യെബത ലബ്ധങ്ങളാക്കിടാം
ഓതുമതിനെയ"ങ്ങാസന"മെന്നതായ്.
യാതൊന്നിനാലേ സുരക്ഷിതനാകവേ
വീതഖേദമൊരു ദുർബ്ബലൻ തന്നെയും
സ്ഫീതബലയുതനായിബ്ഭവിച്ചിടും
ഓതുമതിനെയ"ങ്ങാശ്രയ"മെന്നതായ്.

ഗുല്മഗുല്മങ്ങളായ് സ്വന്തമാം സേനയേ
നിർത്തിയാലായതു "ദ്വൈധിക"ഭാവമാം.
ശക്തനാം ശത്രുവിൽനിന്നു പരാജയം
പ്രാപ്തനായന്യ പ്രതിക്രിയാ ഹീനനായ്,
നിശ്ചയമാപദി മേറുന്ന വേളയിൽ
പൃച്ഛിക്കണം സന്ധി ശീഘ്രതരം നൃപൻ.
ഏകമാം സന്ധിയെ തൃപ്തിദമായിട്ടു,
ലോകേ പുനരത്രുപഹാരമൊന്നുതാൻ.
നേരാണു മൈത്രമൊഴിച്ചീടുകിലുപ-
ഹാരഭേദം ദൃഢം സർവ്വമാം സന്ധിയും.
കൈയ്ക്കലാക്കാതെ ബലത്തിനാൽ വല്ലതും,
നിർഗ്ഗമിക്കില്ലഭിയോക്താവൊരിക്കലും.
ചൊല്ക്കൊണ്ടിടുന്നോരുപഹാരമെന്നിയേ
പാർക്കിലുണ്ടാകയില്ലൊരു സന്ധിയും.
ശത്രുവിന്നെത്രമേൽ ശക്തിയുണ്ടായിടും
അത്രമേൽ സ്ഥൂലമാമങ്ങുപഹാരവും.
ഭോഷ്ക്കല്ല സേവനം ചെയ്യണമൊന്നുകിൽ
തക്കത്തിലല്ലെങ്കിൽ നല്കണം കന്യയേ,
രാജ്യത്തിൽനിന്നൊരു ഭാഗം കൊടുക്കണം
തീർച്ചയാണല്ലെങ്കിലല്പേതരം ധനം.
ശത്രുവേ വെന്നിടാൻ സ്വന്തസാമന്തരാം
പൃഥ്വീവരരെയും സന്ധിയിൽ വയ്ക്കണം.
തദ്വിധം സന്ധിയിലങ്ങു മേവീടണം
പേർത്തുമനാര്യരോടായിട്ടുതന്നെയും.
തിട്ടം വിപരീതമായീടിലങ്ങവർ
തെറ്റാതടുത്തിട്ടു നാശങ്ങൾ ചെയ്തിടും.
ചുറ്റും നിബിഡമായ് കണ്ടകം പൂണ്ടതും
കൂട്ടമായ് നില്പതുമാകിയ വേണുവെ

വെട്ടിത്തൂലയ്ക്കാനെളുതല്ലൊരുത്തനും
കൂട്ടോടെനില്ക്കണം മന്നവനാവിധം.
ശക്തനു സന്ധിയും, ദുർബ്ബലേ യാനവും,
ഊക്കെഴും പോരതു തുല്യബലങ്കലും,
ആശ്രയസ്ഥാനവും ദുർഗ്ഗാദിവാസവും
അശ്രാന്തമങ്ങു സുഹൃത്തിനും നല്കണം.
ബുദ്ധിമാനായവനാപത്തുവേളയിൽ
ശക്തനുമായിട്ടു സന്ധിക്കൂടീടണം.
ശത്രുക്കൾ ധാരാളമുണ്ടാമവസ്ഥയിൽ
യുക്തമാം കാലേ സ്വയരക്ഷ ചെയ്യണം.
ശക്തനുമായിട്ടു പോരിനേല്ക്കേണമെ-
ന്നുക്തിയുമില്ലാ പ്രമാണവുമില്ലതാൻ.
കാററിന്നെതിരായി മേഘവൃന്ദം ദിവി
ധാർഷ്ട്യമോടേ ഗതികൊണ്ടിടാ നിർണ്ണയം.
തക്കകാലമതിൽ ശക്തൻെറ കാലിണ
ശക്തിയോടേ പണിഞ്ഞീടുന്ന മർത്ത്യനേ
അല്പവും ശ്രീദേവി വിട്ടു പിരിഞ്ഞിടാ
കീഴ്പ്പോട്ടൊഴുകുമൊഴുക്കിനേയാറുപോൽ.
ശത്രുവുമായിട്ടു സന്ധിയുണ്ടാകിലും
വിസ്രംഭമേതുമവനിൽ വച്ചീടൊലാ.
അദ്രോഹസത്യമതു ചെയ്തശേഷമായ്
വൃത്രനേ വൃദ്ധശ്രവസ്സു കൊന്നിടിനാൻ.
ആപത്തിലും, പരൻ പീഡചെയ്യുമ്പൊഴും,
ആവിർമ്മുദാ സ്വകീയാഭ്യുദയത്തിനെ,
ആശിച്ചിടുംപൊഴും യുദ്ധംതുടങ്ങിടാം,
ദേശകാലബലോപേതനായിട്ടുകിൽ.
മിത്രരഹിതനായ് സൈന്യവിഹീനനായ്
ആർത്തനായ് കോട്ടയിലുള്ളിൽ കുടുങ്ങുക,

ശത്രുവായ്‌വന്നൊതിത്തീടുക, പിന്നെയും
അത്യന്തലമ്പടനായിട്ടുവാഴുക,
പേർത്തും പ്രജാധനം കൊള്ളചെയ്തീടുക,
പ്രാപ്തരാം മന്ത്രിബലങ്ങൾ ഭിന്നിക്കുക,
ഇത്യാദ്യവസ്ഥയിൽ മേവുന്ന മന്നനേ
അദ്ധാ വലയണം പീഡനംചെയ്യണം.
വിഗ്രഹമായിട്ടിതിനേ ഗ്രഹിക്കണം
മററുള്ളതെല്ലാം കലഹമത്രേ ദൃഢം.
വിഗ്രഹംചെയ്യരുതല്പബലന്നൊരാൾ
വിക്രാന്തനാകും മഹാബലൻതാനുമായ്.
വിഗ്രഹമായതിൽ സർവ്വനാശങ്ങളും
മർത്ത്യക്കു വന്നു ഭവിക്കുന്നു പാരിതിൽ.
ഏകകാര്യമതിലാശപോകുന്നതാ-
ണേതുകലഹമതിൻെറയും കാരണം.
മററുപായങ്ങളങ്ങൊന്നുമില്ലെങ്കിലേ
തിട്ടം തുടങ്ങാവു വിഗ്രഹമേവനും.
യാനങ്ങളഞ്ചുവിധങ്ങളെന്നുക്തമാം
നൂനം വിദഗ്ദ്ധരായുള്ള ജനങ്ങളാൽ.
ചാലേ വിഗൃഹ്യ, സന്ധായ, സംഭൂയ ച,
മേലും പ്രസംഗാലുപേക്ഷയാലിങ്ങനേ.
ശത്രുവർഗ്ഗത്തിനോടൊക്കെ ബ്ബലത്തിനാൽ
വിഗ്രഹംചെയ്തു പുറപ്പെട്ടും യാത്രയെ
ചൊല്ലിക്കൊണ്ടിടുന്ന "വിഗൃഹ്യയാന"മതായ്
തദ്വിദഗ്ദ്ധന്മാർ കഥിക്കുന്നു പാരിതിൽ.
ശത്രുവിൻമിത്രങ്ങളോടങ്ങു തന്നുടെ
മിത്രങ്ങളേവിട്ടു വിഗ്രഹിപ്പിച്ചഥ
ശത്രുവിനോടു താൻതന്നേ പുറപ്പെട്ടിൽ
ഉക്തമാകുമതു 'വിഗൃഹ്യയാന'മായ്.

ശത്രുവിൻ പാർഷ്ണിയിൽ നില്ക്കുന്നവരുമായ്
തുഷ്ടിയാം സന്ധിയുണ്ടാക്കിയശേഷമായ്
യുദ്ധേ ജയേച്ഛയാ നൂനം പുറപ്പെടും
യാത്രയെച്ചൊല്ലിടും "സന്ധായയാന"മായ്.
യുദ്ധത്തിലേററം വിദഗ്ദ്ധരും ശൂരരും
ശക്തരുമായെഴും സാമന്തരോടുമായ്
ശത്രുവിൻനേരേ പുറപ്പെടും യാത്രയെ
കീർത്തിച്ചിടുന്നിതു "സംഭൂയയാന"മായ്.
മററൊരുകാര്യത്തെ ലക്ഷ്യമാക്കിപ്പുറ-
പ്പെട്ടശേഷം പുനരന്യകാര്യമതിൽ
തിട്ടമാഗന്തുകം ചെന്നുചേരുന്നതാം
യാത്രയേച്ചൊല്ലും "പ്രസംഗയാന"മതായ്.
ശത്രുവുമായിബ്ബലത്തോടെതിർത്തതിൽ
സിദ്ധിക്കുമൂലം വിപരീതമാം ഫലം,
ശത്രുവേ ചെമ്മെയുപേക്ഷിച്ചു മണ്ടിടും
യാത്രയേ ചൊല്ലു"മുപേക്ഷാഗമന"മായ്.
ദുർവൃത്തനും കുലഹീനനുമാകിലും
ഉർവ്വീപതി നല്ല ദാതാവതാകുകിൽ,
സർവ്വദാ രഞ്ജന പൂണ്ടു വർത്തിച്ചിടും
സർവ്വമാം സൈന്യവുമങ്ങവൻതന്റെ മേൽ.
പാരിതോഷ്യങ്ങൾമുഖേന സൈന്യജനം
പാരം പ്രഹൃഷ്ടരായ് കണ്ടതിൻശേഷമായ്
പാരാതെമുമ്പേ ഗതികൊണ്ടുകൊള്ളണം
ധീരപുരുഷ വൃതനായി നായകൻ
മദ്ധ്യേഗമിക്കണം ഭാര്യയും സ്വാമിയും
തദ്വിധം കോശം ധനങ്ങൾമററൊക്കെയും.
എത്രയുമൗത്സുക്യമോടു രക്ഷിക്കണം
വ്യത്യസ്തമെന്യേ ദിവാനിശം സേനയെ.

നദ്യദ്രികാനനദുർഗ്ഗദേശങ്ങളിൽ
യദ്യൽസ്ഥലങ്ങളിൽ ഭീതിയുണ്ടാകുമോ
തത്തൽസ്ഥലങ്ങളിൽ സേനയേ വ്യൂഹമായ്
തീർത്തു സേനാപതി ചെമ്മേ നടക്കണം.
മുന്നിലാമ്മാറു മഹാഭയം വല്ലതും
വന്നിടാനുണ്ടിടയെന്നു കണ്ടീടുകിൽ
ഉന്നതമായ "മകര"വ്യൂഹമത്തു
തിണ്ണെന്നു ചെമ്മേ ചമച്ചുകൊണ്ടീടണം.
അല്ലെങ്കിലപ്പോൾ ദ്വിപക്ഷയുതമതാം
ചൊല്ലെഴും "ശ്യേന"വ്യൂഹം രചിച്ചീടണം.
രണ്ടുമല്ലെങ്കിലോ "സൂചി"തൻ രീതിയിൽ
തിണ്ണെന്നണിനിരത്തീടണം സേനയെ.
മുന്നിലാണത്രെ ഭയമെന്നുകാണുകിൽ
നിർണ്ണയം നല്ല "ശകട"വ്യൂഹമത്തു
തന്നേ ചമയ്ക്കണമെന്നല്ല പാർശ്വഭൂ-
തന്നിലാണെന്നാകിൽ "വജ്ര"വ്യൂഹമത്തും.
നാലുപാടും ഭയംവന്നാൽ രചിക്കണം
വ്യാളമോ ചക്രമോ സർവ്വതോ ഭദ്രമോ.
ദേശാനുരൂപം ചമയ്ക്കണമേതൊരു
വ്യൂഹമായാലും രിപുസൈന്യഭേദകം.
വാദ്യഘോഷമത്തു മാർഗ്ഗം കഥിക്കണം
സ്വസ്യ സൈന്യമതിൻ വ്യൂഹരചനയേ
തെററാതെ തന്നുടേ സൈനികർക്കെന്നിയേ
മററാർക്കുമെപ്പേരുമജ്ഞേയമാം വിധം.
അശ്വസൈന്യത്തിനുമാനകൾക്കും തഥാ
നിശ്ചയം കാലാൾപ്പടകൾക്കുമൊക്കെയും
പ്രത്യേകമായിട്ടും വ്യൂഹങ്ങൾ തീർക്കണം
ബുദ്ധിമാനായവൻ നാനാപ്രകാരവും.

ദക്ഷിണംതന്നിലോ വാമഭാഗത്തിലോ
മദ്ധ്യത്തിലോ പുനരഗ്രത്തിലോ നൃപൻ,
സംസ്ഥിതനായിട്ടുറക്കെ കഥിക്കണം
സംസ്പഷ്ടമായ് നിജ വ്യൂഹരചനയേ.
കേട്ടുകൊണ്ടാലതു പിന്നീടു സൈനികർ
കോട്ടമെന്യേയതുപോലെ നടക്കണം.
ഒന്നിച്ചു കൂടുക പിന്നെപ്പരക്കുക,
തിണ്ണെന്നു ചുററുക, പിന്നെത്തിരിയുക,
മന്ദം നടക്കുക, ശീഘ്രം ഗമിക്കുക,
പിന്നെപ്പുറകോട്ടു ചെമ്മേ വലിയുക,
ഉണ്മയിൽ മുന്നോട്ടണിയിട്ടു പോവുക,
ചെമ്മേ നിലകൊൾക, വീണു കിടക്കുക,
പിന്നെയഷ്ടദളം ചക്രവും ഗോളവു-
മെന്നല്ല സൂചി ശകടമദ്ധേന്ദുവും
എന്നീ വടിവുകൾ പൂണ്ടു നിന്നീടുക,
പിന്നെയല്പാല്പഗണമായ് പിരിയുക,
പിന്നെയും ന്യൂനമണിനിരത്തീടുക,
തിണ്ണെന്നു ശസ്ത്രാസ്ത്രധാരണം ചെയ്യുക,
ഉന്നങ്ങൾ നോക്കുക, ഉന്നം പിളക്കുക,
പിന്നെയും പിന്നെയുമസ്ത്രമയയ്ക്കുക,
പിന്നേ സംഗ്രഹണമായതു ചെയ്യുക.
പിന്നെയും ശസ്ത്രാസ്ത്രജാലങ്ങൾമൂലവും
തൻതൻ പദയുഗവിക്രമമായതു—
കൊണ്ടും പ്രതിഘാതനമതു ചെയ്യുക,
പിന്നെയും രണ്ടതോ മൂന്നതോ നാലതോ
ചേർന്നിട്ടണിയണിയായിഗ്ഗമിക്കുക,
മുന്നോട്ടു പായുക, പിന്നോട്ടു വാങ്ങുക,
പിന്നെയും രണ്ടു പാർശ്വത്തിലും നീങ്ങുക,

ഇങ്ങനെയോരോവിധങ്ങളങ്ങായിട്ടും
മങ്ങാതെ വാദ്യഭാഷയതിലോതുക.
അസ്ത്രമെട്ടുക്കുവാൻ മുന്നോട്ടു പായണം;
അസ്ത്രവിമോക്ഷണേ പിന്നോട്ടു വാങ്ങണം;
മുന്നോട്ടു കാലതു വച്ചുകൊണ്ടിട്ടു താൻ
തിണ്ണെന്നായയ്ക്കണമസ്ത്രത്തെയെപ്പൊഴും.
അസ്ത്രമയച്ചാലിരിക്കണമൊന്നുകിൽ
കൃത്യമായല്ലെങ്കിൽ മുന്നോട്ടു പായണം;
പാഞ്ഞടുക്കും വിധൌ ശത്രുവിരിപ്പതായ്
കാണവേ സ്വാസ്ത്രവിമോചനം ചെയ്യണം;
ഏകൈകമായോ ദ്വികങ്ങളായോ തഥാ
വൈകാതെ സംഘങ്ങളായോ വരുതിപോൽ.
ക്രൌഞ്ചങ്ങൾ വാനിൽ ഗതികൊണ്ടിടുംവിധം
ചെഞ്ചെമ്മെ ദേശബലങ്ങൾക്കനുസൃതം
അഞ്ചാതെ പംക്തിയായ് വ്യൂഹംചമയ്ക്കുകിൽ
സംജ്ഞാതമാമതു ക്രൌഞ്ചവ്യൂഹമതായ്.
കണ്ഠം കൃശമായി വാലു സാമാന്യമായ്
കുണ്ഠേതരം തഥാ പക്ഷങ്ങളേലായവ
രണ്ടും കൃശേതരമായിട്ടിരുന്നിടും
കണ്ടാകിലോ ക്രൌഞ്ചവ്യൂഹം മനോഹരം.
പക്ഷങ്ങൾരണ്ടും പൃഥുളമായും ഗള-
പുച്ഛങ്ങൾ മധ്യമമായും പുനരഥ
വക്ത്രം തുലോം കൃശമായും ഭവിപ്പതാം
ചൊല്ലൊണ്ടിടും വ്യൂഹമുക്തമാംശ്യേനമായ്.
ദീർഘവും സ്ഥൂലവുമായെഴും വക്ത്രവും
ഉരക്കാന്നെഴുന്നിട്ടുമോഷ്ഠദ്വയമതും
ഭോഷ്കല്ല പിന്നേ ചതുഷ്പാദമായതും
കൈക്കൊണ്ട വ്യൂഹം മകരമെന്നുക്തമാം.

സൂക്ഷ്മതപാരം കലൎന്ന മുഖമത്തും
ദീൎഘമാം ദണ്ഡവുമഗ്രേ സുഷിരവും
കൈക്കൊണ്ടുനിന്നിടും വ്യൂഹത്തെയോതിടും
ചൊല്ലേറുണ്ട സൂചിനിരയെന്നതുള്ളതായ്.
എട്ടു വളയവുമൊററമാൎഗ്ഗമതും
തിട്ടമുണ്ടാവതു ചക്രവ്യൂഹം ദൃഢം.
എട്ടു പരിധികൾ നാലുപാടിങ്കലായ്
കിട്ടീടിലായതു സൎവ്വതോഭദ്രവും.
ചെററും ഗതാഗതമാൎഗ്ഗമില്ലാതെയും
എട്ടുവ യവും ചുററും മുഖങ്ങളും
തെററാതെ ചേൎന്നും ഭവിച്ചീടിലങ്ങതു
പിട്ടല്ലുദിതമാം ഗോളവ്യൂഹമതായ്.
ചൊല്ലേറുണ്ട നല്ലശകടരൂപമതു
കൈക്കൊണ്ടുനിന്നാൽ ശകടവ്യൂഹമതാം.
ഭോഷ്കല്ല ചൊല്ലേഴും വ്യാളരൂപമതു
കൈക്കൊൾകിലായതു വ്യാളവ്യൂഹമെന്നും.
മാൎഗ്ഗം, രണസ്ഥലം, സൈന്യസംഖ്യയിവ
നോക്കിയഥോചിതമൊന്നതോ രണ്ടതോ
തിക്കണം വ്യൂഹങ്ങൾ രണ്ടിലധികമോ
തക്കത്തിൽ നിൎണ്ണയം സങ്കരവ്യൂഹമോ.
യന്ത്രാസ്ത്രജാലങ്ങൾമൂലമരിയുടെ
ചന്തമാം സൈന്യം വിപാടനംചെയ്യുവാൻ
അന്തരം ചെമ്മെ ലഭിക്കുമിടമതിൽ
സ്വന്തസൈന്യത്തോടു നായകൻ നില്ക്കണം.
സഞ്ചിതമായിടുമീനിലയ്ക്കോതിടും
അഞ്ചിതമാകുമോരാസനമെന്നുപേർ;
ആസനമായതുകൊണ്ടു തടയണം
കൂസലെന്യേ ദൃഢം ശത്രുസൈന്യത്തിനെ

സാധനസംഭാരമാദികൾ കൊണ്ടുപോം
പോഷകൌഘലങ്ങളെ നാലുവശത്തിലും.
വിച്ഛിന്നമാക്കിസ്സഹായരേയൊക്കെയും,
പ്രക്ഷീണമാക്കി യവസേന്ധനങ്ങളും,
ശത്രുപ്രജകളേ വിഗ്രഹിച്ചും തഥാ
ശത്രുവേ കാലേ വശത്തു വരുത്തണം.
വക്കാണമേററു ജിഗീഷുവും ശത്രുവും,
പ്രക്ഷീണരായിബ്ഭവിക്കുമവസ്ഥയിൽ
ചിക്കെന്നു സന്ധിക്കൊരുങ്ങീടിലങ്ങതു
ചൊല്ലുകൊണ്ട സന്ധായം ആസന്നമായിട്ടും.
ശക്തനിൽനിന്നടിപൊട്ടോൻ, പ്രതിക്രിയാ-
മാർഗ്ഗമില്ലാതെ വരുമ്പോൾ ഗുരുതര-
ശക്തനായ്, ആഢ്യനായ്, സദ്വംശ്യനായെഴും
സത്യനാമന്യനേയാശ്രയം പൂകണം.
ആക്രമിപ്പോനേസ്സഹായികളെപ്പൊഴും
ഭോഷ്കല്ല ദായാദർ, ബന്ധുക്കൾ, മിത്രവും
മററുള്ളഭൂമിപർ കൈക്കൊണമൊന്നുകിൽ
പററിയോരല്ലെങ്കിലംശങ്ങൾ കൊള്ളുവോർ.
ആശ്രയമായതാണിച്ചൊന്നതു ദൃഢം
ആശ്രയമായ്സ്മൃതം ദുർഗ്ഗങ്ങളായതും.
എന്തുപായമതു തേടേണമെന്നതായ്
അന്തരംഗത്തിൽ കുറിക്കാതെയും തഥാ
സന്ദർഭമായതു നോക്കിയും വാഴുകിൽ
അന്തർമ്മുദാ തദാ കാകന്റെ നോക്കുപോൽ
അന്തരാ നോക്കണമൊന്നിൽ പ്രകാശമായ്
ചന്തമോടെന്യേ പതിക്കണം ശ്രദ്ധയെ.
ഇങ്ങിനെ ദ്വൈധികമായ ഭാവമതു
മങ്ങാതെ ചെമ്മേയനുഷ്ഠിച്ചുകൊള്ളണം.

സത്താമുപായവും സന്മന്ത്രവും പുന-
രുത്സാഹവുംകൊണ്ടു സർവ്വകാര്യങ്ങളും
സിദ്ധമാം പാരിതിലല്പനാം മർത്ത്യനും;
സിദ്ധമാകാതേ വരുമോ നൃപാലനു?
ഉത്സാഹമൊന്നിനാലത്രേ മനുഷ്യനു
സിദ്ധിപ്പു കാര്യങ്ങളല്ലോ മനോരഥാൽ.
സ്വസ്ഥനായ് ചെമ്മേയുറങ്ങും ഹരിയുടെ
വക്ത്രേ പതിച്ചിടാ ചെന്നു കരിവരൻ.
ഭേദ്യമല്ലാത്തോരരിമ്പിനേത്തന്നെയും
തീർത്തുകൊള്ളാം ദ്രവമായുപായത്തിനാൽ;
പേർത്തും ജലത്താൽ കെടുത്തിടാമഗ്നിയെ
ചീർത്ത പരമാർത്ഥമത്രേ ദൃഢമിതും.
തിട്ടും ജലത്തെയും പെട്ടെന്നുണക്കിടാം
ചുട്ടററ നല്ലോരുപായപ്രവർത്തനാൽ.
മത്തഗജത്തിൻ തലയിലും കാലതു
വച്ചിടാം പാരിലുപായേന നിർണ്ണയം.
ഉത്തമമായതുപായത്തിലൊക്കെയും
ശക്തമായുള്ളോരു ഭേദമത്രേ ദൃഢം.
ഷഡ്ഗുണം തന്നിൽവച്ചുത്തമമായതു
തദ്വിധം വിശ്രുതമാകും സമാശ്രയം.
യുദ്ധേ ജയിപ്പതിന്നിച്ഛിച്ചിടുന്നതാം
മർത്ത്യനു രണ്ടിതുമാവശ്യമെത്രയും.
നിശ്ചയമാകയാലീരണ്ടിനാലെയും
വർജ്ജിതനാം നൃപൻ പോകേണ്ട പോരിന്നായ്.
ശത്രുസേനാധിപർ, മന്ത്രിമാർ, തമ്മിലും
ശത്രുപ്രജകൾ പരസ്പരവും തഥാ
ശത്രുവിൻ സ്ത്രീജനം തമ്മിലുമെപ്പൊഴും
ഛിദ്രിച്ചിടാനുള്ളുപായങ്ങൾ നോക്കണം.

ശത്രുവിനുള്ളതും സ്വന്തവുമായിട്ടും
ഷഡ്ഗുണമന്ത്രവും നാലുപായങ്ങളും
പാൎത്തു പോർചെയ്യണം പ്രാണാത്യയംവരെ
അൎത്ഥവും സർവ്വവും കൊള്ളചെയ്യുംവിധൌ.
സ്ത്രീജനപീഡയും ഭൂസുരഹിംസയും
ഗോവധമായതും ചെയ്തിടുംവേളയിൽ
വേദപാരായണം ചെയ്യുന്ന വിപ്രനും
വീതശങ്കമിറങ്ങീടണം പോരിന്നായ്.
പോരിന്നിറങ്ങിയശേഷമൊരുവനും
പോരിങ്കൽനിന്നു തിരിഞ്ഞുമണ്ടീടൊലാ.
നേരാണു നേരേ മറിച്ചങ്ങു ചെയ്തിടും
ഭീരുവേ നൂനം ഹനിക്കുന്നു ദേവകൾ.
തന്നിൽ കവിഞ്ഞവൻ, തന്നിലെളിയവൻ,
തന്റെ സമനിവർ വെല്ലുവിളിക്കുകിൽ
ചെല്ലാതിരിക്കരുതേതും പ്രജാധിപൻ
ചൊല്ലാൎന്നിടും ക്ഷത്രധൎമ്മം സ്മരിപ്പവൻ.
പോരതുചെയ്യാത്ത ഭൂപനേയും പുറ-
ദേശത്തുപോകാത്ത ഭൂസുരൻതന്നെയും,
ഭൂദേവി ചെമ്മേ വിഴുങ്ങുന്നിതു വില-
ദേശേ ശയിക്കുന്ന ജീവിദ്വയ ഭോഗിപോൽ.
ക്ഷത്രധൎമ്മത്തെ വിപത്തിൽ വരിച്ചിട്ടും
വിപ്രന്റെ ജീവിതം ശ്ലാഘ്യമത്രേ തുലോം.
പാൎക്കിലൊ ക്ഷത്രിയ ധർമ്മമതായതും
ഉൽകൃഷ്ടം ബ്രഹ്മസമുത്ഭവം നിൎണ്ണയം.
സ്വസ്ഥനായ് പായിൽ കിടന്നു മരിപ്പതു
ക്ഷത്രിയൻ ചെയ്യുമധൎമ്മമത്രേ പരം.
ശ്ലേഷ്മപിത്തങ്ങൾ വിസൎജ്ജിച്ചു ദീനനായ്
കഷ്ടതപൂകി നിലവിളികൂട്ടിയും

അക്ഷതനായും ജഡമത്തു പാരിതിൽ
മോക്ഷണം ചെയ്യുവോൻ ക്ഷത്രിയനായിടാ.
അത്തരം കൃത്യമൊരിക്കലും ശ്ലാഘ്യമായ്
കീർത്തിച്ചിടില്ലാ പുരാവൃത്തവേദികൾ.
യുദ്ധത്തിലല്ലാതെ വീട്ടിൽ മരിപ്പതു
മൂർദ്ധാഭിഷിക്തനു ശ്ലാഘ്യമല്ലേതുമേ.
ശൂരരായുള്ള ജനങ്ങൾക്കശൂരതാ
പാരം കൃപണമധർമ്മമററും ദൃഢം.
ശസ്ത്രാസ്ത്രമേററു മുറിഞ്ഞ തനുവോടേ
യുദ്ധത്തിൽനിന്നും മട്ടററുമണ്ടി നിജ-
പത്ന്യാദിവർഗ്ഗപരിതനായ് മേവിടും
ക്ഷത്രിയനർഹിപ്പൂ നൂനം വധത്തിനേ.
യുദ്ധത്തിലന്യോന്യമേററു തെരുതെരെ
ബദ്ധമോദം പൊരുതങ്ങു മരിച്ചിടും
ഭൂക്ഷിദ്വരന്മാർ ഗമിക്കുന്നു നിർണ്ണയം
ഭോഷ്കല്ല പുണ്യമാം സ്വർഗ്ഗാലയത്തിനേ.
ഭൂക്ഷിത്തിനായിപ്പടത്തലയായതിൽ
വിക്രാന്തിയോടേ പൊരുതു തെരുതെരേ
ചീർത്തയശസ്സോടു ജീവൻ ത്യജിച്ചിടും
യോദ്ധാവു പൂകുന്നു സ്വർഗ്ഗമനന്തകം.
ആഹവത്തിങ്കൽ മരിക്കുന്ന ശൂരനായ്
ശോകമടയരുതാരുമേ പാരിതിൽ.
പാപവിനിർമ്മുക്തനായിട്ടവൻ പരി-
പൂതനായ് പൂകുന്നു സാലോക്യമാം പദം.
ആഹവത്തിങ്കൽ മരിക്കുന്ന ശൂരനേ
സ്വാഗതംചെയ്തു തൻഭർത്താവതാക്കുവാൻ
ആയിരമായിരമായിവന്നംബര-
ചാരിമാർനാരിമാർ മത്സരിപ്പൂ ദിവി.

ദീർഘതപസ്സാൽ തപോധനക്കാപ്തമാം
ശ്ലാഘ്യമാം പൂജ്യമഹനീയമാം പദം
ഭോഷ്കല്ല യുദ്ധേ മരിക്കും പ്രശൂരരാം
യോദ്ധാക്കൾ ശീഘ്രമടയുന്നു നിർണ്ണയം.
യുദ്ധേ മരിപ്പതു നൂനം തപസ്സുതാൻ,
നിത്യപുണ്യം തഥാ ധർമ്മം സനാതനം.
യുദ്ധേ പലായനം ചെയ്യാത്തവനുടേ-
തത്രേ നിനയ്ക്കിൽ ചതുരാശ്രമങ്ങളും.
ഇത്രിലോകമതിൽ ശൌര്യാൽപ്പരമൊരു
വസ്തുവില്ലാ ദൃഢം ചിന്തിച്ചുകൊള്ളുകിൽ.
രക്ഷിച്ചിടുന്നതു ശൂരനാണൊക്കെയും
കൃത്സ്നഭുവനവും ശൂരനിൽ സ്ഥാപിതം.
തിട്ടം ചരങ്ങൾക്കചരങ്ങളന്നവും,
ദംഷ്ട്രികുലത്തിന്നദംഷ്ട്രജാലങ്ങളും,
ചട്ടററ പാണിയുതക്കപാണികളും,
പിട്ടല്ല ശൂരക്കു കാതരരന്നവും.
പാരിതിൽ പൂരുഷർ രണ്ടാണു പാർക്കുകിൽ
അര്യ്യമമണ്ഡലം ഭേദിച്ചിടുന്നവർ.
ആയതിലൊന്നു തപോധനൻ മററതു
പൊയ്യല്ല നേരിട്ടു പോരിൽ മരിപ്പവൻ.
ആതതായികളാം മർത്ത്യരേയും ഗുരു-
ഭൂതരേയും തഥാ വിപ്രരേയും യുധി
പാരാതെ കൊന്നും സ്വയംരക്ഷചെയ്യുവാൻ
നേരാണനുവദിക്കുന്നു വേദങ്ങളും.
കാരുണ്യമുള്ളവരാചാര്യരേവരും
ഓതുന്നു പാപവിമുക്തിയേ പണ്ഡിതർ;
ഏതുമെന്നാലും മഹാഭയവേളയിൽ
ചോദിച്ചിടേണ്ടതിവരോടു നിർണ്ണയം.

കോലകം നല്ലസഭകളുപവന-
ജാലങ്ങളെന്നിവതന്നിൽ പട്ടതയിൽ
പാഠകം ചൊല്ലിടാൻ യോഗ്യരാം പണ്ഡിതർ
ബാഢം പ്രശോഭിക്കുമങ്ങീസ്ഥലങ്ങളിൽ.
യാഗങ്ങളസ്ത്രപഠനങ്ങൾ, വൈദിക-
യോഗങ്ങളാത്മപ്രവീണത കാട്ടുവാൻ
സ്ഥാനംലഭിക്കും സഭകളിതുകളിൽ
നൂനം പ്രശോഭയടയുന്നു പണ്ഡിതർ.
അന്യജനത്തിൻ വിവരം ഗ്രഹിപ്പതിൽ,
എന്നല്ല മർത്ത്യചരിതങ്ങൾ ചൊൽവതിൽ,
പിന്നെയുമാനതേർവാജികാര്യങ്ങളിൽ,
പിന്നേ ഖരോഷ്ട്രാജമേഷകർമ്മങ്ങളിൽ,
ഗോക്കൾ, ധനങ്ങൾ, തെരുവുകളെന്നതിൽ,
ഭോഷ്ക്കല്ല വീണ്ടും വിവാഹമുഖങ്ങളിൽ,
സംസ്കാരദോഷത്തിലന്നദോഷങ്ങളിൽ,
സൌഷ്ഠവമോടേ വിളങ്ങുന്നു പണ്ഡിതർ.
അന്യരുടേ ഗുണവർണ്ണന ചെയ്തിട്ടും
പണ്ഡിതന്മാരേ പിറകിലായ്ത്തള്ളിയും.
തന്നുടെ ശത്രുവിനുള്ള ഗുണാഗുണം
തന്നുടെ ദൃഷ്ടിയിൽ സർവ്വദാ നിർത്തിയും,
തന്നുടെ സൈന്യത്തിനങ്ങൊരു ഭംഗവും
വന്നിടുമെന്നതായ് ശങ്ക വയ്ക്കാതെയും,
തന്നുടേ ശത്രുവേ ക്കൊന്നിടാൻ തക്കതാം-
വണ്ണം നിരൂപിച്ചുകൊള്ളണം നീതിയേ.
ആതതായിത്വമടഞ്ഞിടിൽ വിപ്രനും
ഭേദമില്ലങ്ങൊരു ശൂദ്രനും തങ്ങളിൽ.
ആതതായികളേക്കൊല്ലുന്നതിലൊരു
ദോഷവും വന്നുഭവിച്ചിടാനില്ലതാൻ.

ആയുധമോങ്ങിയടുക്കുന്ന ഘാതകൻ
ഭ്രൂണനെന്നാകിലും കൊല്ലണം തൽക്ഷണം.
ഭ്രൂണഹാവായിടാ കൊല്ലുകിൽ നിർണ്ണയം
ഭ്രൂണഹാവായിടും കൊല്ലാതയയ്ക്കുകിൽ.
ആയുധമോങ്ങിയവസാനമോളവും
ആയോധനംചെയ്തു നില്ക്കുന്ന വിപ്രനേ
കേവലം ക്ഷത്രിയനെന്നോർത്തു കൊല്ലുകിൽ
കൈവരാ കിൽബിഷം ബ്രഹ്മഹത്യാത്മകം.
ജീവനേ മോഹിച്ചു പോരിൽനിന്നു ഭയാൽ
ധാവനം ചെയ്യും നരാധമൻ നിർണ്ണയം
ജീവിച്ചിരിക്കിലും പ്രേതനത്രേയവൻ
മേലുംഭുജിച്ചിടും രാഷ്ട്രകൃതമഘം.
മിത്രത്തെയോ നിജ സ്വാമിയേയോ തഥാ
യുദ്ധേ വെടിഞ്ഞിട്ടു മണ്ടുന്ന മാനുഷൻ
ചത്താലടയും നരകത്തെ നിർണ്ണയം;
പൃഥിവിയിൽ വാഴ്കിലോ സർവ്വത്ര നിന്ദയും.
ആപത്തിൽ മിത്രമകപ്പെട്ട വേളയിൽ
ആകും സഹായങ്ങൾ ചെയ്യാത്ത മാനുഷൻ
ലോകത്തു പാരമകീർത്തിക്കു പാത്രമാം
ചാകുന്ന കാലത്തു പൂകും നരകവും.
വിശ്വസിച്ചാശ്രയം പൂകിയ മർത്ത്യനേ
നിഷ്കൃപം സന്ത്യജിച്ചിടുന്ന ദുർമ്മതി,
എട്ടുമാറുമതാമിന്ദ്രരുള്ളാളവും
നിഷ്ഠുരമാകും നരകേ വസിക്കണം.
ക്ഷത്രിയൻ ദുർവൃത്തനായിബ്ഭവിക്കുകിൽ
വിപ്രജനങ്ങളവനേ ഹനിക്കണം;
ശസ്ത്രാസ്ത്രജാലമെടുത്തിട്ടുതന്നെയും
യുദ്ധം തുടങ്ങിയാലില്ല പാപമതിൽ.

ക്ഷത്രിയർ ഹീനരായ്തിൻ, ജനാവലി
നിർദ്ദയം നീചരാൽ പീഡിതരാകിലും
സത്വരം കൊന്നൊടുക്കീടണം നിശ്ചയം
ക്ഷത്രകുലത്തിനേ തപ്പാതെ ഭൂസുരർ.
ഉത്തമം മാന്ത്രികാസ്ത്രത്തിനാൽ സംഗരം,
മദ്ധ്യമം നാളികാസ്ത്രത്തിനാലുള്ളതും;
ശസ്ത്രത്തിനാലുള്ള യുദ്ധം കനിഷ്ഠവും
തിട്ടമധമമബ്ബാഹുയുദ്ധമതും.
മന്ത്രപ്രചോദിതമായ ബാണാദിയാൽ
ചന്തമോടെ രിപുനാശനം ചെയ്തിടും
മാന്ത്രികാസ്ത്രത്തിനാലുള്ളതാം പോരിനേ
ചൊന്നിടും പോരതിലുത്തമമെന്നതായ്.
നാളഗമായിട്ടുമഗ്നിചൂർണ്ണം വഴി
ചേലെഴുമന്നത്തിലുണ്ട പായിച്ചിട്ടും
പേരെഴും നാളികാസ്ത്രത്തിനാലുള്ളതാം
പോരതു പാരം രിപുനാശകാരകം.
നാളാസ്ത്രജാതികളില്ലാത്ത വേളയിൽ
ചേണാർന്ന കുന്തങ്ങളാദിയാൽ ശത്രുവെ
സൂദനം ചെയ്തിടും പോരതിന്നോതിടും
പേർത്തു പാരിതിൽ ശസ്ത്രയുദ്ധമതായ്.
സന്ധിമർമ്മങ്ങൾതൻ കർഷണം, ബന്ധനം,
എന്നിവയാൽ പ്രതിലോമക്രമത്തിലോ
ചൊല്ലെഴുന്നോരനുലോമക്രമത്തിലോ
കൊൽവതു ശത്രുവെബ്ബാഹുയുദ്ധം ദൃഢം.
ചുററിപ്പിടിക്കയിടംകയ്യിനാൽ കചം,
മുററും ബലത്താൽ നിലംപതിപ്പിക്കുക,
തെററാതെ കാലാൽ ശിരസ്സിലടിക്കുക,
മുട്ടുകൾ രണ്ടും വയററിലമർത്തുക,

ചട്ടററ മാലൂരമായതിന്നൊപ്പമായ്
മുഷ്ടി ചുരുട്ടിച്ചെകിട്ടിലടിക്കുക,
പെട്ടെന്നു കൈമുട്ടുകൊണ്ടു താഡിക്കുക,
കിട്ടുന്ന ദിക്കിലങ്ങൊക്കെയടിക്കുക,
മുട്ടാതെ ജാലം പ്രയോഗിച്ചു നിൎണ്ണയം
ചുററിക്കറങ്ങിത്തിരിഞ്ഞുകൊണ്ടീടുക,
പിട്ടല്ലിവണ്ണം നിയുദ്ധക്രമങ്ങള-
ങ്ങെട്ടുവിധത്തിൽ ഭവിക്കുന്നു പാരിതിൽ.

ഇത്തരമെട്ടുവിധമാം ക്രിയകളിൽ
ക്ഷത്രിയൻതന്നേ ഹനിച്ചിടാം നാലിനാൽ,
ക്ഷത്രാധമനേ വധിച്ചിടാമഞ്ചിനാൽ,
വ്യത്യസ്തമെന്നിയേ വൈശ്യനേയാറിനാൽ;
ശൂദ്രനേ കൊന്നിടാമേഴിനാൽ നിൎണ്ണയം,
മിശ്രജാതീയരേയെട്ടിനാലും തഥാ.

ശത്രുവോടത്രേ എടുത്തിടാവൂ; ഇവ
മിത്രത്തിനോടൊരുനാളിലും മേലതാൻ.

നാളാസ്ത്രജാലം ചെറുതും വലുതത്തും,
നീളേ നിരത്തിപ്പടതൻെറ മുന്നിലായ്,
കാലാൾപ്പടയേ പിറകിൽ നിറുത്തിയും,
ചാലേ ഗജാശ്വങ്ങൾ പാൎശ്വസ്ഥമാക്കിയും,
പോരു തുടങ്ങണം പാരിങ്കലേവനും
പാരാതെ തന്നുടെ കൂടലർ തന്നൊടായ്
നേരാണവനുടേ മന്ത്രിയും സേനയും
നേരേ വിഭിന്നമായ് നില്ക്കുന്ന വേളയിൽ.

യുദ്ധാനുകൂലമാം ഭൂമിയതൊന്നതു
സിദ്ധമാകുംവരേ സൈന്യപരായവർ,
അല്പസൈന്യത്തിനാൽ മുന്നിലുമങ്ങഥ
പക്കത്തിലും രണമാദ്യം തുടങ്ങണം.

പശ്ചാദമാത്യരാൽ ഗോപിതമായിട്ടും
അക്ഷൌഹിണിയോടമാത്യർ നയിക്കണം.
പില്പാട്ടു ഭൂമിപൻതന്നേ നയിക്കണം
യുദ്ധത്തിന്നേ പ്രാണസംശയത്തിങ്കലും.

ദീർഘമാം യാത്രയാൽ ക്ഷീണിച്ചുമേവുക,
ക്ഷുൽപ്പിപാസാപരിക്ലിഷ്ടരായിടുക,
രുക്കുകൾ, പട്ടിണി, തസ്കരൌഘം, ശിലാ-
വൃഷ്ടികളാദിയാൽ പീഡപൂകീടുക,

കർദ്ദമം, പാംസു, ജലമെന്നിതുകളാൽ
വ്യസ്തരായ്തീരുക, സുപ്തിയിൽ മേവുക,
ഭക്ഷണം ചെയ്യുക, ശ്വാസാർത്തരാവുക,
വ്യഗ്രത പൂകുകയഗ്നിഭയത്തിനാൽ,
നിശ്ചയം ഭൂമിഷ്ഠരല്ലാതെ മേവുക,

സംസ്ഥിതരല്ലാതെ നൂനമമരുക,
വൃഷ്ടികൾ, വാതങ്ങളെന്നിവയാൽ പരി-
ക്ലിഷ്ടരായേററം വലഞ്ഞു മരുവുക,
ഇത്യാദ്യവസ്ഥയിലെല്ലാററിലും നൃപൻ
ഭദ്രമായ് തന്നുടെ സ്വന്തസൈന്യത്തിന്നേ
രക്ഷണംചെയ്യണമെന്നല്ല ശത്രുവിൻ
കൃൽസ്നസൈന്യത്തെയും നഷ്ടവുമാക്കണം.

സേനയെ ബ്ബാധിക്കുമാപദ്ഗണങ്ങളായ്
ചേണാർന്ന വിദ്വജ്ജനങ്ങളോതുന്നതിൽ
നൂനം പ്രധാനവും പാപിഷ്ഠമായതും
സേനയിൽ വന്നിടും ഭിന്നിപ്പതൊന്നു താൻ.

ഭിന്നിച്ചു നില്ക്കുകിൽ മൌലസൈന്യമതും
മന്നന്നു ദുശ്ശങ്കയുള്ളിലുണ്ടാക്കിടും.
പിന്നേ കഥിക്കേണ്ടതുണ്ടോ പലവക
സൈന്യങ്ങൾ ഭിന്നത പൂണ്ടുനിന്നീടുകിൽ?

നാലുപായങ്ങളും ഷഡ്ഗുണമന്ത്രവും,
ചാലേ സ്വകീയവും ശത്രുവിനുള്ളതും
ഊനംവിനാ പരിചിന്തിച്ചുകൊള്ളണം
ചേണെഴും നായകനെല്ലാ സമയവും.
കൂടാതെയും തഥാ കൂടയുദ്ധത്തിലോ
കേടകന്നുള്ളോരു ധർമ്മയുദ്ധത്തിലോ
കൂടലർ തന്നേ കൊലചെയ്തു കൊള്ളണം
കൂടുന്നവേഗത്തിലാകുന്ന മട്ടിലും.
പോരിനു യാത്ര പുറപ്പെടും വേളയിൽ
പാരിച്ച മോദേന ഭൃത്യർക്കു മന്നവൻ
പാരാതെ കാല്പങ്കു ശമ്പളമായതു
മാറാതെ നിർണ്ണയം കൂട്ടിക്കൊടുക്കണം.
ചെന്നിടും മുമ്പായ് രണാങ്കണമായതിൽ,
മന്നവൻ തന്നുടെ ദേഹരക്ഷയതു
ഉണ്മയിലങ്ങഹോ ചെയ്തുകൊണ്ടീടണം
ചർമ്മം കവചമിത്തുകളാൽ നിർണ്ണയം.
മദ്യങ്ങൾ നല്കി പ്പരാക്രമത്തെ പ്പരം
ഉത്തേജനംചെയ്തു കൊണ്ടതിൻ ശേഷമായ്
നിർദൈന്യധരും രണശൂരരുമാകിയ
യോദ്ധാക്കളെ രണഭൂവിലയയ്ക്കണം.
ചൊല്ലേറുന്ന നാളികാസ്ത്രങ്ങൾ വാളാദിയാൽ
വെക്കം രിപുവിനെ കൊന്നൊടുക്കീടണം.
കുന്തങ്ങൾ കൊണ്ടെതിർത്തീടണം സാദിയെ
അമ്പുകൊണ്ടശ്വരഥഗജാരൂഢരേ
ചന്തമോടാനയേ യാനയാൽ നിർണ്ണയം
അന്തരാ വാജിയെ വാജിയാലും തഥാ
ബന്ധുരമാകും രഥത്തേ രഥത്തിനാൽ
ഹന്ത കാലാളിനേ കാലാളിനാലെയും,

അഞ്ജസാ ശസ്ത്രേണ ശസ്ത്രത്തെയും പുന-
രഞ്ചാതെ യസ്ത്രത്തെയസ്ത്രങ്ങൾ മൂലവും.
പററി നിലത്തു കിടക്കുന്നവൻ, തഥാ
തിട്ടം കൃതാഞ്ജലി, ക്ലീബൻ, തലമുടി
കെട്ടാതഴിച്ചുപാടിട്ടിട്ടിരിപ്പവൻ,
മുററും തവാഹം വിധേയനെന്നോതുവോൻ,
സുപ്തൻ, പുനരഥ സന്നാഹവർജ്ജിതൻ,
നഗ്നൻ, നിരായുധൻ, യുദ്ധം പ്രവീക്ഷകൻ,
യുദ്ധത്തിലന്യനോടേർപ്പെട്ടു നില്പവൻ,
ഭക്തം ഭുജിപ്പവൻ, തണ്ണീരശിപ്പവൻ,
പിട്ടല്ല മററു കാര്യങ്ങള ലാകുലൻ,
ചട്ടററ ഭീതൻ, പരാവൃത്തനായവൻ,
ഇത്തരമാളുകളെ കൊന്നുകൂടാ ദൃഢം
സദ്ധർമ്മമുള്ളിലനുസ്മരിക്കുന്നവൻ.
വൃദ്ധനും ബാലനും ധ്യരല്ലേതുമേ
പേർത്തും വധൂജനം കേവലൻ ഭ്രാന്തനും.
യുക്തമായ് വേണ്ടവയെ കൈയോർത്തിട്ടഥ
ശത്രുവെ കൊല്ലുകിൽ ധർമ്മഹാനി വരാ.
ചട്ടങ്ങളുണ്ടിവ ധർമ്മയുദ്ധത്തിന്നേ
പററിട്ടു പററിടാ കൂടയുദ്ധമതിൽ.
കെല്പാർന്ന ശത്രുവെ കൊന്നൊടുക്കിടുവാൻ
ഇപ്പാരിലൊന്നില്ല കൂടയുദ്ധോപമം.
കൈക്കൊണ്ടു പണ്ടിതു രാമനും കൃഷ്ണനും
ചൊല്ലെഴാണ്ട വൃത്രാരിമുഖ്യരാം ദേവരും.
ചട്ടററ ബാലിയേ രാഘവൻ കൊന്നതും,
തിട്ടം യവനനേ കൃഷ്ണൻ ഹനിച്ചതും
പേർത്തും നമുചിയേ വജ്രി വധിച്ചതും
ആർത്തിഹരമായ കൂടയുദ്ധത്തിനാൽ.

ബാഢം തെളിഞ്ഞ വദനം, മധുരത
ക്കൂട്ടും വചന, മപരാധസമ്മതം,
ദാനം, നതി, സ്തുതി, സേവ, പുനരുപ-
കാരം, ശുഭാശംസ, ദിവ്യമിത്തുകളാൽ
പാരം പരന്നുള്ളിൽ വിശ്വാസമായത്തു
പാരാതെ ചെമ്മേ ജനിപ്പിച്ചുകൊള്ളണം.
മേലും ക്ഷുരധാര പോലുള്ളധീബല-
ത്താലെ ഗ്രഹിക്കണം വൈരിതൻഛിദ്രവും.
ന്യൂനമപമാനമായത്തു മുന്നിലും
മാനത്തിനേസ്സദാ പിന്നിലും വച്ചഥ
നേടിടണം നിജകാര്യ്യത്തിനേ ബുധൻ
നേടാതിരിക്കില്ലോ ഭോഷത്വമായിട്ടും.
മഞ്ചത്തിലേറിശ്ശതാനീകനായവൻ
ചിന്തിച്ചുകൊള്ളണം സൈന്യകാര്യ്യത്തിനേ.
അഞ്ചിത വ്യൂഹസങ്കേത വാദ്യധ്വനി,
നെഞ്ചിൽ ധരിച്ചു ഭടൌഘവുമന്വഹം
അഞ്ചാതെ സഞ്ചരിച്ചീടണം നാട്ടിനും
ചെഞ്ചെമ്മെ മന്നനും ക്ഷേമകാംക്ഷികളും.
ആടലേകുംപടി തന്നുടേ സേനയിൽ
കൂടലർമൂലമായ് ഭിന്നിപ്പു വല്ലതും
കൂടിയാലായത്തു കണ്ടിട്ടും മാത്രയിൽ
പാടേയൊടുക്കിക്കളയണം മന്നവൻ.
നൂതനമാകും പ്രവൃത്തികളേവനും
ചെയ്തതായ് കണ്ടാൽ പ്രവൃത്തിക്കനുസൃതം
നല്കണമത്ഥമോ പാരിതോഷ്യമഥോ
വൈകാതെ തന്നേയധികാരദാനമോ.
അന്നവും പുല്ലും ജലവും തടഞ്ഞുകൊ-
ണ്ടന്വഹം പീഡകളോരോന്നു ചെയ്തഥ

തന്നുടെ ശത്രുവേ നിൎണ്ണയം ദുർഘലടം
തന്നിൽ കുടുക്കിട്ടുവിടേയൊടുക്കണം.
കള്ളമാം സ്വൎണ്ണങ്ങൾ നിർല്ലോഭമായ്കൊടു-
ത്തുള്ളിൽ ഭടന്മാൎക്കു ഭിന്നിപ്പു നൽകിയും
ചൊല്ലാൎന്നിടുന്നോരുറക്കമിളപ്പിനാൽ
എല്ലാൎക്കുമുണ്ടാം ശ്രമത്തിൻ ഫലമതായ്
അല്ലലോടേ വരും നിദ്രയ്ക്കു സർവ്വദാ
നല്ലോണമെല്ലാ പ്രലോഭനം നല്കിയും
എല്ലാവിധത്തിലും ശത്രുബലത്തിനു
വല്ലായ്മ ചേൎത്തു വിനാശം വരുത്തണം.
എന്നാലവന്റെ സഹായബലമത്തു
കുന്നായ്മ ചെയ്താലുമങ്ങിനേ ചെയ്യൊലാ.
തന്നുടേ രാജ്യത്തോടേററമടുത്തതാം
അന്യരാജ്യത്തിന്നേയന്യനാകുമൊരാൾ
തന്നുടെ കൈവശം ചേൎക്കാനൊരിക്കലും
നിൎണ്ണയമാരുമനുവദിച്ചീടൊലാ.
തിണ്ണെന്നു പോരിന്നിറങ്ങണം യാവനും
തിണ്ണെന്നു പിന്നിൽ വലികയും ചെയ്യണം.
എന്നല്ല തസ്ക്കരക്കൂട്ടർചെയ്യും വിധം
തിണ്ണെന്നെതിൎക്കണം നാലുപാടികലും.
സ്വൎണ്ണവും വെള്ളിയുമന്യധാതുക്കളും
നിൎണ്ണയം ജേതാവു തന്റെ വകകൾതാൻ.
നന്ദിച്ചിതുകളേ നല്കി യഥാർഹിതം
സന്തുഷ്ടരാക്കണം യോധരേ മന്നവൻ.
വെന്നുകഴിഞ്ഞാകിലേവം രിപുവിന്റെ
വെന്നരാജ്യത്തിലോ രാജ്യഭാഗത്തിലോ
നിന്നു കരങ്ങൾ പിരിക്കണം മന്നവൻ,
തിണ്ണം പ്രജകളേ സന്തൃപ്തരാക്കണം.

മംഗളമാകും പെരുമ്പറഘോഷമോ-
ടങ്ങു പുരിയിൽ പ്രവേശിക്കണം തദാ.
നന്ദനരെന്നപോൽ പാലിച്ചുകൊള്ളണം
തന്നുടെ സ്വന്തരായ് തീൎത്ത ജനങ്ങളെ.
മന്ത്രിഗണത്തെപ്പുനരൊന്നു സത്വരം
ഛന്ദ നിയോഗിച്ചു കൊള്ളണം മന്നവൻ,
നിൎണ്ണയം ദേശകാലങ്ങളും പാത്രവും
എന്നല്ല പിന്നെയുമാദിമദ്ധ്യാന്തവും
വേണ്ടപോലോൎത്തിട്ടു മന്ത്രവിചിന്തനം
വേണ്ടുന്നപോലഥ ചെയ്തുകൊണ്ടിടുവാൻ.
എന്തെന്തുപായ പ്രയോഗങ്ങൾമൂലവും
എന്തെന്തു കൃത്യങ്ങളാലും പുനരഥ
മന്ത്രഫലമതു സിദ്ധമായ്‌വന്നിടും
എന്നുനിരൂപിച്ചുകൊള്ളണം മന്ത്രിമാർ.
മന്ത്രിപ്രഭൃതികൾ കാൎയ്യങ്ങളാദ്യമായ്
ചെന്നു യുവനൃപനോടറിയിക്കണം.
പിന്നിടവരുമായ് പ്പോയി യുവനൃപൻ
മന്നവൻമുമ്പിലുണൎത്തിച്ചുകൊള്ളണം.
മന്നവൻതന്നുടെ കല്പനയാദ്യമായ്-
തന്നെ യുവനൃപനോടരുളിടണം.
പിന്നെ യുവനൃപൻ മന്ത്രിമാൎക്കോതണം;
മന്നവൻ മുമ്പിലധികൃതരോടവർ.
നല്ലതും തീയതുമായ കാൎയ്യങ്ങളെ
ചൊല്ലണം മന്നവനോടു പുരോഹിതൻ.
സൈന്യത്തെയെപ്പൊഴും ഗ്രാമത്തിനുപുറ-
ത്തെന്നാലടുക്കലായ് സ്ഥാപിച്ചുകൊള്ളണം.
ഗ്രാമജനങ്ങളും സൈനികന്മാരുമായ്
മേലാ പണമിടപാടുകളൊന്നുമേ.

സൈനികൎക്കായുള്ള വാണിജ്യമൊക്കെയും
സൈന്യസങ്കേതത്തിനുള്ളിൽ നടത്തണം.
ഓരാണ്ടുകാലമൊരുതിക്കൽ മന്നവൻ
പാരാതെ സേനയേ സ്ഥാപിച്ചു കൊൾകൊലാ.

ഓരായിരം ഭടരേത്തുസമയവും
നേരെ നൊടിക്കുള്ളിലാപ്തമായിടുവാൻ
തയ്യാറതായിട്ടിരിക്കുംപടി സദാ
പൊയ്യല്ല സേനയേ വച്ചുകൊണ്ടീടണം.
എട്ടുദിനത്തിലൊരിക്കൽ പടയുടെ
ചട്ടങ്ങൾ സൈനികൎക്കോതിക്കൊടുക്കണം.

ഉഷ്ണതാപവും പുനരാതതായിതാപവും,
തിട്ടം നൃപാലൻെറ കാൎയ്യേ വിളംബവും
പിട്ടല്ല ഭൂപന്നനിഷ്ടങ്ങൾ വല്ലതും,
പററിയാലപ്പോളുപേക്ഷയെന്നുള്ളതും
വിട്ടീടണം ഭടർ ധൎമ്മവിലോപവും
പററലരോടുള്ള സല്ലാപമായതും.

ഭൂപാജ്ഞകൂടാതെ സൈനികരാരുമേ
ഗ്രാമത്തിനുള്ളിൽ കടന്നുകൂടാ ദൃഢം.
സ്വാധികാരിഗണത്തിൻെറ കുററങ്ങളെ-
യേതുമേ ചൂണ്ടിക്കൊടുക്കയും ചെയ്യൊലാ.
സ്വാമികാൎയ്യത്തിൽ സമസ്തമാം സേനയും
സാമോദമെന്നും സുമൈത്രിയിൽ മേവണം.

ശസ്ത്രാസ്ത്രജാലവും കുപ്പായവും ഭടർ
സൂജ്ജ്വലമായിട്ടു രക്ഷിച്ചുകൊള്ളണം.

ഭോജ്യവും, പ്രസ്ഥജലവും കരുതണം
ഒട്ടനേകൎക്കു പചിക്കുവാൻ പാത്രവും.

"ആജ്ഞയേ ലംഘിച്ചിടുന്ന ഭടരെ ഞാൻ
ശ്രാദ്ധദേവൻെറ പുരത്തിലയയ്ക്കുവൻ.

പററലർതൻ ധനം കൊള്ളചെയ്യുന്നതു
തെററാതെയൊക്കെയും കാട്ടേണമിങ്ങു മേ.
നിത്യവും ഭൂമിപൻ വ്യൂഹാദിവിദ്യകൾ
അഭ്യസിക്കേണം സ്വസൈനികന്മാരുമായ്.
അസ്ത്രപാതത്താലയനത്തിലൊക്കെയും
ലക്ഷ്യങ്ങൾ ഭേദിച്ചുകൊൾകയും ചെയ്യണം.
സൈനികരേ നൃപനെണ്ണിനോക്കീടണം
നൂനമുഷസ്സിലും സായന്തനത്തിലും.
ജാതിയറിയണമാകൃതിയും തഥാ
പ്രായവും, ദേശവും, ഗ്രാമവും, ധാമവും.
സേവനകാലവും ദേയവും ദത്തവും,
വെവ്വേറെയോരോ ഭൃതകനങ്ങുള്ളതും,
വേതനം പാരിതോഷ്യങ്ങളുമുള്ളതിൽ
ആകവേ ഭൃത്യർക്കു ദത്തമാം സംഖ്യയും,
ലേഖനം ചെയ്യിച്ചു വയ്ക്കണം മന്നവൻ
നല്കിയ സംഖ്യയ്ക്കു രേഖയും വാങ്ങണം.
ഓരോ ഭൃതകന്റെ വേതനപത്രവും
പാരാതവനു കൊടുത്തുകൊണ്ടീടണം.
ശിക്ഷിതരാകിയ സൈനികർക്കൊക്കെയും
നിഷ്കർഷമായ് മുഴുവേതനം നല്കണം.
ശിക്ഷണം പൂർത്തിയാകാതെയിരിപ്പവ-
ർക്കൊക്കെയും വേതനമായതിൽ പാതിയും.
ദുഷ്ടജനത്തിന്നേയാശ്രയം പൂകയൊ
ശത്രുജനത്തോടടുക്കയോ ചെയ്തിട്ടും
അക്ഷൌഹിണിയേ നശിപ്പിച്ചു കൊള്ളണം
നിഷ്കരുണം നൃപനൊട്ടൊഴിയാതെ താൻ.
പൃഥ്വീശ ദുർഗ്ഗുണത്തിങ്കൽ നിരതരും
സൽഗ്ഗുണം തന്നിൽ വിരോധികളും തഥാ

ദുൎഗ്ഗുണത്തിങ്കലുദാസീനരുമതാം
ദുർഭടന്മാരെയറിഞ്ഞു ഹനിക്കണം.
സൽഗ്ഗുണശാലികളായിരുന്നീടിലും
അത്യധികം സുഖാസക്തരായ് വാണിടും
ഭൃത്യജനത്തിന്നേ നിത്യം നരവരൻ
നിശ്ചയം ദൂരേ ത്യജിച്ചുകൊണ്ടീടണം.
അന്തഃപുരം മുതലാകുമിടങ്ങളിൽ
അന്തഃശ്ശുചിയുള്ള വിശ്വസ്തഭൃത്യരെ
അന്തർമുദാ നിയമിച്ചുകൊണ്ടീടണം
സന്തതമങ്ങു ധനാദിവ്യയത്തിലും.
ബാഹ്യകാൎയ്യത്തിലുമൊക്കെയു മാവിധം
നിശ്ചയിച്ചീടണം ലോകവിശ്വസ്തരേ.
തദ്വിധമല്ലാതെയന്യഥാ ചെയ്യുകിൽ
നിത്യം പരിവാദനത്തിനു ഹേതുവാം.
ശത്രുവിൻ മന്ത്രിമാർ ഭിന്നിച്ചു നില്പവർ,
ശത്രുവാലേ ഹൃതമാനരാം സജ്ജനം,
പേൎത്തും സ്വകാൎയ്യസാദ്ധ്യത്തിനു പററിയോർ
രക്ഷണീയരിവർ ഷീത്ത്ഭൃതികളാൽ.
ലോഭവും സേവാനലോപവും മൂലമായ്
ഭേദിച്ചു നില്ക്കും രിപുമന്ത്രിമാരെയും
പോഷണം ചെയ്യണം നിൎണ്ണയം മന്നവൻ
പോഷണീയരിവരൎത്ഥഭൃതികളാൽ.
ശത്രുവാൽ ത്യക്തരാം സൽഗ്ഗുണി വീരരെ
സൽഭൃതിയായതു നല്കി രക്ഷിക്കണം.
മററൊരു ഭൂപൻെറ രാജ്യം പിടിക്കുകിൽ
തെററാതടുത്തുണവനു കൊടുക്കണം.
പുത്രനു പാതിയടുത്തുണതേകണം
പത്നിക്കു നിൎണ്ണയം കാൽഭാഗമായതും.

പുത്രാദ്യർ സൽഗ്ഗുണരായി ബ്ഭവിക്കുകിൽ
ബദ്ധമോദം തഥാ കാൽഭാഗമായതോ,
രാജ്യത്തിൽ നിന്നും ലഭിക്കും നികുതിയിൽ
മുപ്പത്തിരണ്ടിലൊന്നംശമോ നല്കണം.
ശിഷ്ടമുള്ള ധനം ഭോഗാർത്ഥമായ് നൃപൻ
മുട്ടാതെടുത്തിട്ടു പാതിയോ സർവമോ
വട്ടിക്കിടേണമിരട്ടിയാകും വരേ
ചെറുമതിങ്കൽ കവിഞ്ഞുകൂടാ ദൃഢം.
സ്വന്തമാഹാത്മ്യ പ്രദർശനാർത്ഥം നൃപൻ
ഹന്ത ഹൃതരാജ്യർ സദ്വൃത്തരാവുകിൽ
വന്നോതിലോരോ ബഹുമതി നല്കണം;
സന്തതം പീഡനം ദുർവൃത്തരാവുകിൽ.
രാപ്പകലോരോന്നുമെട്ടതോ പത്തതോ
തപ്പാതെ പന്തിരണ്ടായതോ ഭാഗമായ്
കല്പിച്ചുകൊള്ളണം യാമികാർത്ഥം നൃപൻ
എപ്പേരുമോർത്തിട്ടു യാമിക സംഖ്യയെ.
ഇത്ഥമംശിക്കും ഗഡുക്കളെ യാമികർ
ആദ്യമൊരുമുറ വച്ചു കാത്തിടണം.
പില്പാടതിങ്കലങ്ങാദ്യനായ് നിന്നവൻ
നിർബാധമന്ത്യമതിങ്കൽ ഗമിക്കണം.
അഗ്ഗഡു പിന്നേയടുത്തവൻ കാക്കണം
തൽഗഡു പിന്നേയടുത്തവനും ക്രമാൽ.
തദ്വിധമല്ലെങ്കിലന്ത്യഗനായവൻ
ആദ്യഗഡുവിലും പിന്നേയൊടുവിലും.
പൊയ്ക്കൊള്ളണം ക്രമാൽ പിന്നേയടുത്തവൻ
പിറേറദ്ദിനം തൊട്ടതേ ക്രമത്തിങ്കലും.
ഓരോ ദിനത്തിലും നാലിലധികമാം
യാമികന്മാരേ നിയമിക്കണം നൃപൻ.

ന്യൂനമതോടൊത്തു പിന്നെപ്പലരെയും
[illegible] നമിച്ചിടാം കാൎയ്യഭാരാനുരൂപമായ്.
നാലിൽ കുറഞ്ഞിട്ടൊരുകാലവും നൃപൻ
നേമിച്ചു കൊൾകൊലാ യാമികൌഘത്തിനെ.
യാമികനോടുപദേശിച്ചു കൊള്ളണം
യാതൊന്നവനാലെ രക്ഷ്യമെന്നുള്ളതായ്.
യാമികനേകേണ്ട മററുപദേശവും
സാമോദമങ്ങവനേകീടണം നൃപൻ.
സൎവ്വും യാമികൻമുമ്പിലിരിക്കണം,
സൎവ്വമങ്ങവൻ കാത്തുരക്ഷിക്കണം;
നിൎവ്യാജമങ്ങു മരമുറിയായതിൽ
സൎവ്വദാ സൂക്ഷിച്ചിടുന്ന ഹേമാദികൾ.
അവ്വിധം തൻേറ മുറയത്തു ചെവ്വോടേ
നിൎവ്വിഘ്നമായി നടത്തിയശേഷമായ്
നിൎവ്വിശങ്കമവൻ ബോധ്യപ്പെടുത്തണം
സൎവ്വും പിൻഗാമിയായ് വരുമാളിനേ.
യാമികന്മാരുടെ കാൎയ്യം മുഹുൎമ്മുഹുൎ-
ദ്ദൂരത്തുനിന്നു വിളിച്ചു ചോദിക്കണം.
സത്തുക്കളായവരുണ്ടാക്കിവച്ചതാം
ഉത്തുംഗമാകും നിയമങ്ങൾ സൎവ്വദാ
പൃഥ്വീവരൻതന്നെ കാത്തുകൊണ്ടീടിലേ
പൂജ്യനാകൂ നൃപൻ നാന്യഥാ സൎവ്വരാൽ.
ആൎക്കുണ്ടു കൃത്യനിയമം ജഗത്തിതിൽ
ആൎക്കുണ്ടു സൽഗ്രഹത്തിങ്കൽ നിയമവും
ഉൗക്കെഴും ത്യാഗമസദ്ഗ്രഹത്തിങ്കലും
ദീൎഘം ഭുജിക്കും നൃപതാപമവൻ ഭുവി.
കൎമ്മത്തിലില്ലാ നിയമം വചസ്സിലും,
സന്മിത്രമോടും കുടിലത കാട്ടിടും,

അമ്മാനഷ്ഷൻ ദൃഢം തൽസ്ഥാനമായതു
ചെമ്മേ കളഞ്ഞുകുളിച്ചു നശിച്ചിടും.
വ്യാഘ്രത്തിനോ തഥാ വാരണവീരനോ
ശക്യമാകാ തടഞ്ഞീടാൻ മൃഗേന്ദ്രനെ.
ശക്യമാകാ തഥാ മന്ത്രിമാർക്കാർക്കുമേ
സ്വച്ഛന്ദനാകും പ്രഭുവേത്തടയുവാൻ.
മന്ത്രിമാരെല്ലാം നൃപാലനു ഭൃത്യർതാൻ,
ഹന്ത നിസ്സാരരാണാകയാലായവർ.
പഞ്ഞിച്ചുമടുകളായിരം കെട്ടിയാൽ
ബന്ധിച്ചുകൂട്ടുമോ ദന്തിപ്രവീരനേ?
ചേറിൽ പുതഞ്ഞ ഗജത്തേ ബലത്തിനാൽ
ചേറിങ്കൽ നിന്നും കരേററി വിട്ടിടുവാൻ
ആരാലുമോർത്താലശക്യമത്രേ പരം
ചേണാർന്നൊരന്യ ഗജത്തിനാലെന്നിയേ.
നീതിയിൽ നിന്നും ച്യുതനായ മന്നനേ
നീതിയിലേക്കു തിരിച്ചു നയിക്കുവാൻ
സാധിതമായിടാ നിർണ്ണയമാവിധം
ഖ്യാതനാമന്യ നൃപാലനാലെന്നിയേ.
ശക്തനാം ഭൂപന്റെയല്പരാം ഭൃത്യരും
ശക്തിയും ലക്ഷ്മിയും ചേർന്നവരായിടും.
അത്തരം ശ്രീയും പ്രതാപവുമല്പരാം
പാർത്ഥിവർക്കോ നിജ മന്ത്രിമാർക്കോ വരാ.
ഒത്തൊരുമിക്കിൽ ബഹുജനം നിർണ്ണയം
ശക്തരായ്ത്തീരും മഹീശനെക്കാൾപ്പരം,
ഒട്ടധികമിഴയിട്ടുകയറിനാൽ
കെട്ടിയിഴയ്ക്കാം ഹരിവരൻ തന്നെയും.
അല്പനാം രാജ്യത്തിനീശൻ രിപുവിന്റെ
ഭൃത്യനവൻ ബഹുസേനയേ വയ്ക്കൊലാ.

കോട്ടമെന്ന്യേയവൻ കോശം വളൎത്തണം
തിട്ടം സുതാദികൾക്കഭ്യുദയത്തിന്നായ്;
ഭക്ഷണം ചെയ്യണം ക്ഷുൽശമനാൎത്ഥമായ്;
മെത്തമേലേറണം നിദ്രാൎത്ഥവും തഥാ.
ചെററും മറിച്ചങ്ങു ചെയ്തീടിലങ്ങവൻ
മുററും ദരിദ്രനായ്ത്തീരും ദിനേ ദിനേ.
നിത്യവുമിച്ചൊന്നപോലെ വ്യയം നൃപൻ
കൃത്യമായ്ചെയ്യണമന്യഥാചെയ്യൊല്ലാ.
ഉത്തമമായിട്ടും നീതിയുംധൎമ്മവും
ഉൽസൃജിക്കും ബലഹീനനാം മന്നനേ
ശക്തനും സദ്ധൎമ്മയുക്തനുമായിട്ടും
പാൎത്ഥിവൻ ദണ്ഡനം ചെയ്യണം ചൌരവൽ.
സൎവ്വധൎമ്മത്തെയും രക്ഷണം ചെയ്യുകിൽ
സൎവ്വഥാ ശ്രേഷ്ഠനാം നീചനാം മന്നനും.
നിൎവ്വിവാദം തഥാ ധൎമ്മവിധ്വംസകൻ
സൎവ്വഥാ നീചനാമുത്തമനാകിലും.
ധൎമ്മത്തിന്നെന്നല്ലധൎമ്മത്തിനും സദാ
ചെമ്മേ നൃപൻതന്നെ കാരണം പാരിതിൽ.
പുണ്യമായീട്ടും നൃപത്വം ലഭിപ്പവൻ
മന്നിതിൽ ശ്രേഷ്ഠരിൽ ശ്രേഷ്ഠനത്രേ പരം
മന്വാദിമുഖ്യരാലാദൃതമാകിയ
മാന്യമാം ശാസ്ത്രമിതു നീതിസാരമായ്
ചൊന്നാനുശനസ്സു രണ്ടായിരത്തൊടു
രണ്ടുനൂറായതു ചേൎന്ന പദ്യങ്ങളിൽ.
ശുക്രോക്തമാകിയ നീതിസാരമിതു
വിഘ്നമെന്ന്യേ സദാ ചിന്തചെയ്യും നൃപൻ
ശക്തനാകും വ്യവഹാര ഭാരമതു
ശക്തിയോടേററു വഹിച്ചുകൊണ്ടീടുവാൻ.

ശുക്രനീതിക്കു സമാനമാം നീതിയൊ-
ന്നിത്രിലോകമതിലില്ല നിസ്സംശയം.
ശുക്രന്റെ നീതിതാൻ നീതി മററുള്ളവ-
യൊക്കെ വ്യവഹാരികൾക്കു കുനീതിതാൻ.
നീതിയേയാശ്രയിക്കാത്തുള്ള ഭൂമിപൻ
വാദമില്ലാ തുലോം മന്ദഭാഗ്യൻ ഭുവി;
കാതൎയ്യമോ തഥാ ലോഭാതിരേകമോ
ഹേതു വാൽ പൂകും നരകത്തെയുമവൻ.

൪-ാംഅദ്ധ്യായം ൧-ാംപ്രകരണം സമാപ്തം.

## ൫-ാംഅദ്ധ്യായം.

---

(കേക)

ഓതിടാമിനിയഹം ശേഷിച്ച നീതിഭാഗം,
ഏതുമേ പിഴയാതെ ശാസ്ത്രത്തിൽനിന്നു നൂനം.
വാദമില്ലതു രാജ്യസപ്താംഗങ്ങൾക്കും ഹിതം
ഭേദമെന്നിയേ തഥാ സർവ്വമാം ജനങ്ങൾക്കും.
നൂറുവർഷമാംകാലം വേണ്ടിവന്നാലുമഹം
വൈരിയേയടക്കീട്ടും പാട്ടിലിങ്ങാക്കിവയ്ക്കും,
മാറാതെയേവംവിധം ചിന്തിച്ചു രിപുവിന്റെ
ഓരോരോ കുറവതും കുറിച്ചുവച്ചീടണം.
ധീരരാം മന്ത്രിമാരും ബലവുമില്ലാത്തതാം
വൈരി പേടിക്കവേണം രാഷ്ട്രത്തിൻ ഭൃത്യന്മാരെ.
നേരാണു മറിച്ചുള്ള രണ്ടുമുള്ളോരു നൃപൻ
വീറോടു യുക്തിപൂർവ്വം പ്രവൃത്തിനടത്തിടും,
ചേലെഴും സ്വസേവനം മൂലവും വണിഗ്വൃത്തി-
പോലുമങ്ങാചരിച്ചും പഠിച്ചു ശത്രുരാജ്യം.
ദുർവൃത്തിതന്നിലതിസക്തനാം രിപുവിനു
സർവ്വമാമഭയവും വിശ്വാസമതുമുള്ളിൽ
പയ്യവേ ജനിപ്പിച്ചു മാർജ്ജാരലുബ്ധകന്മാർ
ചെയ്യുമ്പോലവസാനേ ചെയ്യണം വിനാശവും.
പററലർബലത്തിനേ ധ്വംസനംചെയ്തീടുവാൻ
പററിടും സൈന്യത്തിനേ യുദ്ധത്തിനയയ്ക്കണം.
പററലർരാജ്യസ്ഥരെയയച്ചുകൂടാ ദൃഢം
ചെററുമേ സ്വകീയരാം വിദ്വേഷി ജനത്തെയും.

സ്വന്തമാം സൈന്യത്തിന്നു നാശമുണ്ടാക്കീടൊലാ
ഹന്ത സാഹസംമൂലം പുറപ്പെട്ടങ്കത്തിന്നായ്.
സ്വന്തഭൂപനേ ഭൃത്യർ വെടിഞ്ഞുകൊണ്ടിടൊലാ
അന്തരാ ദാനമാനവിയുക്തരായിടിലും.
സ്വന്തമാം ധനങ്ങളും പ്രാണനും രക്ഷിക്കുവാൻ
സ്വന്തഭൂപനേ വിട്ടു ശത്രുവേ പ്രാപിക്കൊലാ.
അംബുദവാരിപോലേ പുഷ്ടിനല്കുമോ പാരി-
ന്നുണ്മയിൽ നദ്യാദിയിൽനിന്നു കിട്ടുന്നാജലം?
എന്നപോൽ മഹീധവൻതന്നുടെ ധനത്തിനാ-
ലെന്നിയേ പ്രജാവലിക്കാകവേ പുഷ്ടിയതു
വന്നിടാൻ സാധ്യമാമോ നിൎണ്ണയം പാരിടത്തിൽ
ഉന്നതധനവന്മാർതങ്ങടെ ധനങ്ങളാൽ?
മന്നിതിൽ പുരുബലവീൎയ്യനാം പുമാൻതാനും
നിൎണ്ണയംകാണിച്ചിട്ടു മാർദ്ദവമെല്ലായ്പ്പൊഴും,
തന്നുടെ രിപുവിന്റെ രാജ്യത്തിൽ പ്രവേശിച്ചാൽ
ഒന്നാമതവൻകാൎയ്യം സാധിക്കാൻ യത്നിക്കണം.
പിന്നീടു തന്റെ ചുവടുറച്ചു കഴിയുമ്പോൾ
തിണ്ണെന്നു രിപുരാജ്യം മുഴുവൻ ഹരിക്കണം.
പിന്നെയാരിപുവിന്റെ ദ്വിഷ്ടന്മാർ, ദായാദന്മാർ,
പിന്നെയും സേനാധിപരെന്നിവൎക്കംശങ്ങളെ
ഒന്നൊന്നായ് കൊറ്റത്തിട്ടു രിപുവിൻവേരറുത്തു
നന്നായിരാജ്യത്തിനെ വശത്തുവരുത്തണം.
മരത്തിൻവേരു വെട്ടിയറുത്തുകൊണ്ടിടുകിൽ
തരത്തിൽ ശാഖയെല്ലാം ശുഷ്കിച്ചു വരണ്ടുപോം.
ക്രമത്തിലതുപോലെ സൈന്യപരാദികളും
നശിച്ചുതുലഞ്ഞിടും ഭൂപന്റെയഭാവത്തിൽ.
രാജ്യമാം വൃക്ഷത്തിന്റെ ചുവടു ഭൂപാലനും,
പൂജ്യരാം മന്ത്രിമാരങ്ങതിന്റെ മരമളും,

ഭോഷ്കല്ല സൈന്യപന്മാർ ശാഖകളാകുന്നതും,
ഊരക്കെഴും സൈന്യങ്ങളങ്ങൊക്കെയും പത്രങ്ങളും,
ചൊല്ക്കൊള്ളും പ്രജാവലി നിർണ്ണയം സുമങ്ങളും,
തക്കമെന്നിയേയോരോ ഭൂഭാഗം ഫലങ്ങളും,
വിത്തു ഭൂമിയതുമിത്തരം ജഗത്തിങ്കൽ
മൊത്തമായ്മഹാജനം കല്പിപ്പൂ രാജ്യത്തിനെ.
വിശ്വസ്തനായിടിലുമന്യനാം നൃപന്റെമേൽ
വിശ്വാസമൊരുനാളുമർപ്പിച്ചുകൊണ്ടിടൊലാ.
അല്പമാം സഹായരുമായിട്ടങ്ങവൻതന്റെ
സദ്മത്തിൽ ചെന്നിടൊലാ നിർജ്ജനസ്ഥാനത്തിലും.
തന്നുടെ രൂപം വേഷമെന്നതിൽ സദൃശരേ
മന്നവൻ സമീപത്തു സന്തതം രക്ഷിക്കണം.
സന്ദർഭം നോക്കി നൃപൻ പ്രത്യേകചിഹ്നത്താലും
തന്നെത്താൻ രക്ഷിക്കണമന്യന്റെ വേഷത്തിലും.
വേശ്യകൾ, മദിരകൾ, നടന്മാർ, ഗായകന്മാർ,
ഇത്തരമോരോന്നിനാൽ ശത്രുവേ മയക്കണം.
വിശിഷ്ടവസ്ത്രങ്ങളും ഭൂഷണങ്ങളുംപൂണ്ടും
വിശിഷ്ടചിഹ്നങ്ങളെ ധരിച്ചുകൊണ്ടും തഥാ
ഗമിച്ചുകൊണ്ടിടൊലാ കുടുംബസമേതവും
കനത്തപോരിനായി മനസ്സിൽ ഭീതിയൊടും.
സ്ത്രീജനം, ഭൃത്യൻ, പുത്രൻ, ശത്രുവെന്നിവരോടു
ജാഗ്രൂകതയെന്യേ വർത്തിച്ചുകൊണ്ടിടൊലാ.
സൽഗുണിയായിടിലും പുത്രനു സ്വജീവിതേ
ദത്തമാക്കരുതത്രെ പൂർണമാം സ്വാമിത്വത്തേ.
തദ്വിധം ചെയ്യുന്നതു നിർണ്ണയമനർത്ഥത്തി-
ന്നുത്തമം നിദാനമാം മദവും വളർത്തിടും.
വിഷ്ണുമുഖ്യന്മാർ പോലുംനൽകിയതില്ല നൂനം
കൃത്സ്നമാമധികാരം സ്വന്തമാം പുത്രർക്കായി.

അല്പമായുസ്സുമാത്രം ശേഷിക്കുമവസ്ഥയിൽ
സൽപ്പുത്രനേകീടണം പൂർണ്ണമാം സ്വാമിത്വത്തെ.
സ്വാമ്യലാഭത്തിനാലും ചാപലംകൊണ്ടും തഥാ
സ്വന്തഗൌരവത്താലും യുവരാജാദ്യരാരും
നിർണ്ണയം ക്ഷണമപി ഭരിക്കാൻ ശക്തരാകാ
മന്നിതിലരാജകം പൂകിയ രാജ്യത്തിനെ.
പുത്രനു പൂർണ്ണമാകും സ്വാമിത്വം ലഭിക്കുമ്പോൾ
എത്രയും നീതിയോടെ പ്രജയെ പാലിക്കണം.
നിശ്ചയം പിതാവിന്റെ മന്ത്രിവീരരെയെല്ലാം
അച്ഛനെപ്പോലെ നിത്യം മാനിച്ചുകൊണ്ടീടണം.
പുത്രന്റെ ശാസനത്തെ മന്ത്രിമാരായുള്ളോരും
യുക്തമായ് കണ്ടാൽ മാനിച്ചീടണം പൂർവ്വാധികം.
യുക്തമല്ലാതെ വന്നാൽ കാലതാമസം മൂലം
അക്കാര്യം നിഷേധിച്ചുകൊൾകയും ചെയ്തിടേണം.
അർത്ഥലാഭത്തെയോർത്തു പുത്രന്റെ യനീതിയേ
തദ്വിധമനുവർത്തിച്ചിട്ടുകിലമാത്യന്മാർ,
അത്തരമനീതിയാൽ രാജാവിനോടുകൂടി
സത്വരം പതിച്ചിടും നിർണ്ണയമമാത്യരും.
തന്നുടെ കുലത്തോടു ഭക്തരാം ജനങ്ങളെ
അന്വഹം വെറുത്തിട്ടു നവ്യരെബ്ഭജിച്ചിടും
മന്നവനടിപെടും ശത്രുവിൽനിന്നു നൂനം
എന്നല്ല വിയുക്തനാം ധനത്താൽ ജീവനാലും.
വേണ്ടപോൽ ഗുണങ്ങളും നീതിയും നവ്യന്മാരിൽ
കണ്ടീടിൽ പൂർവ്വരെപ്പോലവരെപ്പാലിക്കണം.
വീണ്ടുമപ്പൂർവ്വരോടൊത്തിവരേക്കാര്യങ്ങളിൽ
ഇണ്ടലെന്നിയേ നൃപൻ നിയമിക്കയുംവേണം.
അത്യന്തം മൃദുസ്തുതി നതികൾ, സേവാ, പുന-
രത്യന്തം മധുരവാക്, സത്യവാഗ്ദാനമിവ

പ്രത്യക്ഷം പരോക്ഷമെന്നീമട്ടിൽ പ്രയോഗിച്ചു
പൃഥ്വിയിൽ ജനങ്ങളേ മയക്കാൻ വിദഗ്ദ്ധരാം
ചൊല്ലുകൊള്ളും 'സാധുജനം' സ്വന്തകാൎയ്യങ്ങൾ നേടാൻ
തക്കവും നോക്കി മഹീനാഥനോടടുത്തിടും.

പുഷ്കരധരണികൾതമ്മിലുള്ളോരന്തരം
തൎക്കമെന്നിയേയുണ്ടു രണ്ടുകൂട്ടരും തമ്മിൽ.
ധൂൎത്തനും ജാരൻ, ചോരൻ, പിന്നെയും ബഹുശ്രുതൻ
ഇത്തരം നാലാൾകളും മായയേ ജനിപ്പിപ്പോർ.
സത്യമാണെന്നാകിലുമിക്കാൎയ്യം തന്നിലെന്നും
ധൂൎത്തന്റെ പിന്നിൽതന്നെ നില്ക്കണം ബഹുശ്രുതൻ.
പരസ്വമപഹരിക്കുന്നതുമൂലമായി
പരക്കെ നിന്ദിക്കുന്നു ജാരചോരരെ ലോകർ.
ഒളിച്ചങ്ങെടുക്കുന്നു നിൎണ്ണയം ജാരചോരർ
മറിച്ചു പരസ്യമായെടുത്തീടുന്നു ധൂൎത്തൻ.
നല്ലതു തീയതെന്നും തീയതു നല്ലതെന്നും
നല്ലപോൽ പ്രകാശിപ്പിച്ചജ്ഞന്റെ മുമ്പിൽ ധൂൎത്തൻ
മെല്ലവേ സ്വകാൎയ്യത്തേ സാധിച്ചുകൊണ്ടിടുന്നു
വല്ലാതെ വിശ്വസിപ്പിച്ചൊടുവിൽ ഹനിക്കുന്നു.
ആൎക്കൊരു ദോഷം ചെയ്വാനാഗ്രഹിച്ചീടുന്നു താൻ
നാൾക്കുനാളവനോടു കാട്ടണം പ്രിയംതന്നേ.
ദോഷ്ക്കല്ല മൃഗത്തിനേ വധിപ്പാനൊരുങ്ങുന്ന
ദക്ഷനാം വേടൻ സദാ പാടുന്നു മൃദുഗാനം.
ധൃഷ്ടമാം കപടംകൊണ്ടല്ലാതെ മഹാധനം
പെട്ടെന്നു സംഭരിക്കാനാൎക്കുമേ സാധിച്ചിടാ.
കോട്ടമെന്നിയേ തഥാ പരസ്വം കവരാതേ
ചട്ടററ മഹാധനനാകാനുമശക്യം താൻ.
പിട്ടല്ലങ്ങതുതാനുമിച്ഛപോൽ സാധിച്ചിടാൻ
പററിടാ വീണ്ടും വെറും കപടംകൊണ്ടെന്നിയേ.

പരസ്വാപഹരണത്തെപ്പരമം ധൎമ്മമായി
വരിച്ചു മനതാരിൽ പൂജ്യരാം നരപന്മാർ
മുറയ്ക്കു പരസ്പരം ഘോരമാം പോരിലേററു
പരുക്കു പററിബ്ഭ്രത ത്യജിപ്പു ജീവനേയും.
ധരിത്രീധവന്മാൎക്കങ്ങിതിങ്കൽ പാപമില്ലെ-
ന്നിരിക്കിൽ പാപമൊന്നും ഭവിക്കാ ചോരന്മാൎക്കും.
സമസ്തപാപങ്ങളും ധരിത്രീതലം തന്നിൽ
ഭവിപ്പു ധൎമ്മമായിട്ടാശ്രയ ഭേദത്തിനാൽ.
ബഹുക്കൾ നന്ദിക്കുന്ന കൎമ്മമെല്ലാവും ധൎമ്മം,
ബഹുക്കൾ നിന്ദിക്കുന്നതൊക്കെയുമധൎമ്മവും.
പെരുത്തു ഗഹനമാം ധൎമ്മശാസ്ത്രം ഗ്രഹിപ്പാൻ
ഒരുത്തനാലുംതന്നേ ശക്യമല്ലിഹത്തിങ്കൽ.
മാത്രയേക്കവിഞ്ഞുള്ള ദാനവും തപസ്സതും
സ്ത്യനിഷ്ഠയും പാരിലുണ്ടാക്കും ദാരിദ്ര്യത്തേ.
പേൎത്തുമങ്ങതുപോലെ ധൎമ്മാൎത്ഥസാധനത്തി-
ന്നോക്കിലാകാത്തതാകും വാക്യവും നിരൎത്ഥം താൻ.
അൎത്ഥത്തിലല്ലെന്നാകിൽ ധൎമ്മത്തിൽ സമൎത്ഥനും,
പൃഥ്വിയിൽ ദേശകാല വിത്താകും മനുഷ്യനും
പൂജ്യരാണത്രേ ദൃഢം സംശയ വിഹീനനും,
നിശ്ചയം സംശയിതാവാൎക്കുമേ പ്രിയനാകാ.
അൎത്ഥത്തിനെല്ലാനാളും മാനുഷൻ ദാസനത്രേ
അൎത്ഥമോ പുനരാൎക്കും ദാസനായിടാ ദൃഢം.
അൎത്ഥാൎത്ഥമതിനാലേ വേലചെയ്യണം നരൻ
നിത്യവും സമസ്തമാം ശക്തിയേ പ്രയോഗിച്ചും.
അൎത്ഥത്താൽ മനുഷ്യനു ധൎമ്മവും കാമങ്ങളും
ലബ്ധമാകുന്നു നൂനം വഴിയേ മോക്ഷംതാനും.
ശസ്ത്രശാസ്ത്രമില്ലെന്നാകിൽ ശൌൎയ്യമുണ്ടാകാ നൂണാം
തടിധാം സ്ത്രീയില്ലാഞ്ഞാലുണ്ടാകാ ഗാൎഹസ്ഥ്യവും.

ഒത്തൊരുമിച്ചിടാഞ്ഞാൽ യുദ്ധവുമുണ്ടായ്വരാ,
പാൎത്തട്ടിൽ സാമൎത്ഥ്യവുമറിവാനാളില്ലാഞ്ഞാൽ.
ഇച്ഛിച്ചവണ്ണമുള്ള സാഹായ്യം ലഭിക്കാഞ്ഞാൽ
നിശ്ചയം വിപത്തു ദുഃഖത്തിൽ കലാശിക്കും.
ഉററമിത്രത്തിനൊത്ത സാഹായ്യമുണ്ടായ്‌വരാ
ചെററുമേ മനുഷ്യന പൃഥിവിയിൽ വിപത്തിങ്കൽ.
പങ്കുകൾ കൊള്ളുംവരേ സ്വന്തരേ സ്നേഹത്താലും,
പങ്കു വാങ്ങിയശേഷം സൌജന്യദാനത്താലും,
സന്തതം മിത്രങ്ങളേ സ്വന്തഭോഗങ്ങളാലും
സന്തോഷിപ്പിച്ചിടേണം നിൎണ്ണയം സത്യത്താലും.
ഭൂമിപൻ, ബന്ധുജനം, ഭാമിനീ, പുത്രൻ, തഥാ,
സേവകൻ, സുഹൃത്തുകൾ, ദസ്യുക്കളാദികൾക്കായ്
ഭാഗിച്ചശേഷംതന്നേ തന്നുടെ സ്വകീയമാം
ഭോഗാൎത്ഥമെടുക്കണം സ്വന്തമാം ധനത്തിനേ.
ദൎപ്പവും കാൎപ്പണ്യവും മാനവുമുദ്വേഗവും,
ഉൾപ്പൂവിൽ സാധ്വസവുംവെടിഞ്ഞു നരവരൻ
നിത്യവും സ്വാൎത്ഥസിദ്ധിക്കായിട്ടു യത്നിക്കണം
വ്യത്യസ്തമായിട്ടൊരുകാലവും ചെയ്തീടൊലാ.
പ്രത്യേക ഭൃതികളും, പ്രേമവും, മാനങ്ങളും,
ചീൎത്തെഴുമധികാരദാനവും, സ്ഥാനങ്ങളും,
മേല്ക്കുമേൽ കൊടുത്തിട്ടു തന്നുടെ ഭൃത്യന്മാരേ
ഭക്ഷിത്തു നിരന്തരം സന്തോഷിപ്പിച്ചിടേണം.
ബ്രാഹ്മണൻ, അഗ്നി, ജലം, സ്തവമെന്നിതുകളാൽ
സന്തതം ഭക്ഷിതനായിടുന്ന ധനിയായോൻ.
നിൎണ്ണയമവനുണ്ടു സുഖവുമാമോദവും,
അന്യഥാ വരുന്നാകിലുണ്ടാകും കഷ്ടപ്പാടും.
അന്യന്റെ വലിപ്പത്തേക്കറ്പ്പാനിച്ഛിപ്പതു
തന്നെയാണെന്നോൎത്തുകണ്ടാൽ ദൎപ്പമായതു പാരിൽ.

എല്ലാരിൽവച്ചുമഹം ഭൂമിയിൽ ശ്രേഷ്ഠനാണെ-
ന്നുള്ളിലുണ്ടാകുമഹംഭാവമാകുന്നു മാനം.
വല്ലാത്തലോഭം തന്റെ വ്യയത്തിൽ കാട്ടീടുകിൽ
ചൊല്ലിടുമതിന്നാങ്ങു കാർപ്പണ്യമെന്നു നാമം.
പൊല്ലാത്ത നാശം തനിക്കുണ്ടാകുമെന്നു ശങ്ക-
യല്ലലോടുണ്ടാവതു ഭയമെന്നായിച്ചൊൽവു.
മനസ്സിലവസ്ഥാനമില്ലാതെ വരുന്നതു
നിനയ്ക്കിലുദ്വേഗമായ് ഭവിച്ചീടുന്നു പാരിൽ.
എളിയമനുഷ്യനും നിർണ്ണയമപമാനം
വലിയ വൈരത്തിനു കാരണമായിത്തീരും.
ദാനവും, മാനം, സത്യം, ശൌര്യ്യവും, മൃദുത്വവും,
നൂനമങ്ങിവയഞ്ചും മൈത്രിയെയുണ്ടാക്കിടും.
ആപത്തുവരുംകാലം ബുധന്മാർ, ഗുരുക്കന്മാർ,
ഭ്രാതാക്കൾ, ബന്ധു, ഭൃത്യർ, ജ്ഞാതികൾ, സദസ്യന്മാർ,
ഈവണ്ണമെല്ലാരെയും വരുത്തിപ്പൂജിച്ചഥ
ചോദിച്ചു നരപാലനഭീഷ്ടമറിയേണം.
"ആപത്തു തരണംചെയ്തീടുവൻ ഭവാന്മാർതൻ-
ഭാരിച്ചൊരഭിപ്രായമെനിക്കു ലഭിക്കുകിൽ;
ദാസന്മാരല്ല നിങ്ങൾ മിത്രങ്ങളത്രേ മമ
സാഹായ്യം ഭവത്തുല്യം മറ്റെനിക്കില്ലാ ഭുവി."
മൂന്നിലൊന്നല്ലയെങ്കിൽ നേർപാതിവേതനത്തെ
നിർണ്ണയം പിടിക്കണം ഭോജനത്തിന്നായ് നൃപൻ.
ആപത്തു തീരുന്നേരം ശേഷമുള്ളതും നല്കാം
താപത്തെ വെടിഞ്ഞു ഞാൻ കൃതജ്ഞനായി നൂനം.
ഈരെട്ടു വർഷത്തിലേ സേവനധനമുള്ളോർ
ഓരെട്ടുകാലം ഭൃതികൂടാതെ സേവിക്കണം.
മാനിച്ചങ്ങപരന്മാർ താന്താങ്ങൾധനത്തിന്റെ
മാനത്തിനൊത്തവണ്ണം സേവനംചെയ്തീടണം.

നിർദ്ധനരായുള്ളവരന്നവും വസ്ത്രങ്ങളും
പൃഥ്വീശനേകുന്നതു പററിയുംകൊണ്ടു നിത്യം
മുട്ടാതെ നല്കീടണം താന്താങ്ങൾസേവനത്തെ
തിട്ടമന്യഥാ ചെയ്വാനാക്കർമ്മേ പാടില്ലതാൻ.
യാതൊരുത്തന്റെയന്നം ഭക്ഷിച്ചുകൊണ്ടു പാരിൽ
യാതൊരാൾ ദുഃഖിക്കയില്ലവന്റെ ദുഃഖങ്ങളിൽ
ആയവൻതന്നെ നിന്ദിച്ചീടുന്ന കൃതഘ്നനാ-
യായവൻസ്വാമിതാനുമന്യരാം ഭൃത്യന്മാരും.
ഒരിക്കലൊരാൾ തന്നോരന്നത്തേ ഭക്ഷിച്ചാകിൽ
ത്യജിച്ചു കൊണ്ടീടണം പ്രാണനുമവനായി.
വിപത്തുവേളതന്നിൽ സ്വാമിയെ ത്യജിക്കാത്ത
സുഭൃത്യൻതന്നെ പാരിൽ ഭൃത്യരിൽ പൂജ്യനായോൻ.
സ്വഭൃത്യനായിക്കൊണ്ടു ജീവിതംപോലും തഥാ
ത്യജിക്കും സ്വാമിതന്നേ സ്വാമിയായീടുന്നവൻ.
രാമനു സമാനനായ് നീതിമാനായിട്ടൊരു
ഭൂമിപനുണ്ടായീല കിഴിലീജഗത്തിങ്കൽ.
കേവലമവനുടെ ഭൃത്യത്വം സ്വീകരിച്ചു
മേവിനാരനാരതം വാനരജാതിപോലും.
ഒത്തൊരുമിച്ചിടുമ്പോൾ ചോരന്മാർപോലും പാരം
ശക്തരായ്തീർന്നിടുന്നു രാഷ്ട്രത്തെ നശിപ്പിക്കാൻ.
ആസ്ഥിതിക്കരചനും ഭൃത്യരുംകൂടി ച്ചേർന്നാൽ
ശക്തരാകാതെയാമോ ശത്രുവെയൊടുക്കുവാൻ?
കൂടനീതിക്കു പാരിൽ ശ്രീകൃഷ്ണസദൃശനായ്
ബാധമുണ്ടായതില്ലാ വേറൊരുഭൂമിപാലൻ.
കൂടവിദ്യയാലല്ലേ ഫൽഗുനൻതന്നെക്കൊണ്ടു
സോദരിസുഭദ്രയേയുദ്വാഹിപ്പിച്ചതവൻ?
സ്വന്തമാംശ്രേയസ്സിനു പററുന്ന കാര്യമെല്ലാം
സന്തതം യുക്തിതന്നേ നീതിമാൻതന്റെകണ്ണിൽ.

തനിക്കു ഹിതകൃത്തായവന്റെ സ്നേഹമതു
കണക്കിൽ സമ്പാദിച്ചുകൊള്ളണമാദ്യമായി;
പുനസ്തു സ്നേഹമതും ധർമ്മവാദവുംമൂലം
ഹിതത്തേ സാധിക്കണം മധ്യസ്ഥനാകുന്നവൻ.
അന്യോന്യസംപ്രീതിക്കായ് നന്മകൾ പാടുന്നതും,
പിന്നെയുമിഷ്ടാന്നങ്ങൾ, ധനങ്ങൾ, വസനങ്ങൾ
എന്നിവ മൂലമോരോ ലോഭനം നല്കുന്നതും
നിർണ്ണയമെല്ലാം കാര്യസാധ്യത്തിന്നുതകുന്നു.
ആണകളിടുന്നതും നുണകൾ ചൊല്ലുന്നതും,
ഊനമെന്നിയെ ധൈര്യവർദ്ധനം നല്കുന്നതും,
ന്യൂനമങ്ങുപായങ്ങളാക്കിവയ്ക്കുന്നു പാരിൽ
ചേണെഴും മധ്യസ്ഥത വഹിച്ചീടുന്ന ജനം.
ആത്മഗോപനയുക്തി ചിന്തിച്ചീടാത്ത ജനം
മുഗ്ദ്ധരാകുന്നു തുലോം മൃഗത്തേക്കാളും ഭുവി.
ഭോഷ്ക്കല്ല നാരീജനം പോലുമങ്ങാചരിപ്പു
ലാക്കിലിച്ഛലത്തിനേ മറയ്ക്കാൻ ജാരകൃത്യം.
യുക്തിയെന്നതു പാർത്താൽ മിക്കതും ഛലംതന്നെ
യുക്തിഭേദമാണത്രേ യോജനാത്മികയതും.
ധർമ്മചാരികളോടായ് ധർമ്മംതാനെടുക്കണം
സച്ഛീലംനശിച്ചിടുമന്യഥാ മഹാന്മാക്കൾ.
ബുദ്ധിമത്തുക്കളുടേ ശ്രേണിയുണ്ടസംശയം
പൃഥ്വിയിലില്ലാകയാൽ ബുദ്ധിമാനേകനായോൻ.
പ്രാക്തനങ്ങളെക്കൊണ്ടു ഫലമില്ലെന്നുകണ്ടാൽ
ചൊല്ലേണ്ട നീതിശാസ്ത്രവിദഗ്ദ്ധരായുള്ളവർ,
പാർത്തിട്ടു കാലദേശപുരുഷഭേദങ്ങളെ
തീർത്തിടും നവ്യമാകും നീതിയും യുക്തികളും.
ധർമ്മവിദ്യയിൽപാരം കുശലരായുള്ളവർ,
ശക്തമാം മന്ത്രങ്ങളുമൌഷധങ്ങളും തഥാ

പ്രത്യേക വേഷം, കാലം, വാഗ്, അത്ഥമാത്രകളും
ആശ്രയിച്ചോരോതരം ധമ്മങ്ങൾ ചമയുന്നു.
മാലോകരധികൃതർ മുമ്പാകെ വാങ്ങുന്നതും
ചേലോട്ടു വില്ക്കുന്നതും ദാനമായ്ഗ്രഹിപ്പതും
ആയുള്ള വസ്ത്രങ്ങൾക്കും ഭാണ്ഡാദിവകകൾക്കും
കയ്യോടെ കൊടുക്കണം സ്വന്തമാമടയാളം.
ചോരന്മാർതന്നിൽനിന്നും വ്യാജകൃത്യത്തിൽനിന്നും
സ്വൈരമീവകകളേ രക്ഷിച്ചുകൊണ്ടീടുവാൻ
പാരാതെ വിവരങ്ങൾ കാണിച്ചു നിവേദനം
പാരാളും ജനത്തിനു നല്കുയുംചെയ്തീടണം.
ബുദ്ധിഹീനന്മാർ, ബാലരന്ധരെന്നിവരുടെ
സ്വത്താകും ധനങ്ങൾക്കു നിശ്ചയം മഹീശ്വരൻ,
തെററാതെ കൊടുക്കണം വട്ടിയതെല്ലായ്പ്പോഴും
ചെറുതുമേ ലോപം വരുത്തീടാതെതന്നെ നൂനം.
സ്വീയകൾ, സാമാന്യകൾ, പരകീയകളെന്നായ്
ന്യായേന മൂന്നുതരം വധുക്കളുള്ളപോലെ
പൊയ്യെന്യേ ഭൃതകരുമുത്തമമദ്ധ്യാധമർ
ആയിട്ടു ഭവിക്കുന്നു ഭൂമിയിൽ മൂന്നുവിധം.
സ്വാമിയിൽത്തന്നെ സദാ ഭക്തനാം ഭൃതകനെ
സാമോദം കഥിച്ചിടുമുത്തമഭൃതകനായ്;
ധാരാളം ഭൃതിനല്കും യജമാനനെ നോക്കി
സേവിക്കും ഭൃതകനേ മദ്ധ്യമനെന്നു ചൊൽവൂ.
പോററുന്നതൊരുവനാണെങ്കിലുമപരനെ
കോട്ടമെന്നിയേ സേവിച്ചീടുന്നോനധമനും.
തൻെറമേലപകാരം കാട്ടിയതോത്തിടാതേ
മിണ്ടാതെ യുപകാരംതന്നെ ചെയ്യുന്ന ഭൃത്യൻ
നിണ്ണയമാവിധത്തിലുത്തമൻതന്നേ പാരിൽ
അന്യമാം മട്ടിലവനധമനായിടിലും.

സമത്വമാശിക്കുന്ന മദ്ധ്യമനായ ഭൃത്യൻ,
സമസ്തകാലത്തിലും സ്വാർത്ഥത്തെയപരനും.
ജഗത്തിലുപദേശം കൂടാതെയറിവൊന്നും
ഭവിക്കില്ലാൎക്കുംതന്നെ പൂൎണ്ണമായ് പ്രമാണത്താൽ.
ബാല്യമായാലോ തഥാ താരുണ്യമായിടിലോ
പ്രാരംഭിച്ചതാം കൎമ്മമായതു പൂൎത്തിയാക്കും.
മേധാവിജനത്തിൻെറ കാൎയ്യത്തിലൊരിക്കലും
ഏതുമേ ചിന്തിക്കേണ്ട വാൎദ്ധക്യഭാവത്തിനെ.
തുടങ്ങിക്കൊണ്ടാൽ ദ്രുതം തീൎക്കാവും കാൎയ്യമത്രേ
തുടങ്ങിടാവു നരൻ നിൎണ്ണയമെവിടെയും.
ഒരുമിച്ചനേകമാം കാൎയ്യങ്ങൾ തുടങ്ങിയാൽ
ഒരുനേരവും ഹൃദി നൽകിടില്ലതു സുഖം.
തുടങ്ങിക്കഴിഞ്ഞതു പൂൎത്തിയാക്കാതെയാരും
തുടങ്ങിക്കൊണ്ടീടൊലാ മറെറാരുകാൎയ്യത്തിനേ.
തുടങ്ങീടുകിലാദ്യകാൎയ്യവും സിദ്ധിപൂകാ
മുടങ്ങിപ്പോകും തഥാ രണ്ടാമതെടുത്തതും.
സുഖമേ സമാപിക്കും കാൎയ്യമായതുതന്നെ
അകമേ സുഖമോടു തുടങ്ങിടുന്നു കൃതി.
കലഹംകൊണ്ടുകാൎയ്യം സാധിക്കാൻ കഴിയുകിൽ
കലഹംപോലും തുലോമുലകിൽ ശുഭംതന്നെ.
കളവല്ലന്യഥാത്വേ തുലയുമായുസ്സതും
ധനവും, സൽകീൎത്തിയും, ധൎമ്മവും, മിത്രങ്ങളും.
ഈൎഷ്യയും, ലോഭം, തഥാ മദവും, മമത്വവും,
വാച്ചഭീതിയും പിന്നേ ക്രോധവും, സാഹസവും,
തീൎച്ചയായേഴമിവ ഹേതുക്കളായിച്ചൊൽവൂ
സച്ഛിദ്രമാക്കീടുവാനേതൊരുകാൎയ്യത്തെയും.
ഛിദ്രമെന്നിയേ കാൎയ്യം സാധിക്കാൻപററുംവിധം
ഭദ്രമായ് കാൎയ്യമെല്ലാം നടത്തിക്കൊണ്ടീടണം;

പെട്ടെന്നോ താമസിച്ചോ നിശ്ചയം വിപത്തിലോ
ചെറ്റുമേ ബുധന്മാൎക്കു വിപ്രിയം വരുത്താതേ.
ദശഗ്രാമിയും, ശതാനീകനുമെല്ലായ്പ്പൊഴും
സുശക്തിയുതരായ സേവകസമന്വിതം,
ചരിച്ചുകൊണ്ടീടണം ഹയത്തിൻമുകളേറി,
തരത്തിൽ സപ്തിയിങ്കൽ കയറി ഗ്രാമപനും.
സാഹസ്രികനും ശതഗ്രാമത്തിന്നധിപനും
ഏകാശ്വം പൂട്ടീടിന യാനത്തിൽ ചരിക്കണം;
കൂടാതെ ശസ്ത്രാസ്ത്രങ്ങൾ ധരിച്ചോരീരഞ്ചുപേർ
കൂടെയുണ്ടായിടേണം പോയിടാം വാജിമേലും.
സഹസ്രം ഗ്രാമത്തിനു പതിയായീടുന്നവൻ
മനുഷ്യൻ ചുമക്കുന്ന വാഹനമതിങ്കലോ
തരത്തിൽ വാജിദ്വയം പൂട്ടിയ യാനത്തിലോ
ചരിച്ചുകൊണ്ടീടണമെന്നായി വിധിക്കുന്നു.
പതിനായിരം സൈന്യമതിന്നു പതിയായോൻ
സതതമാനതന്നിൽ സഞ്ചരിക്കുകവേണം.
അനുചാരകന്മാരുമവന്നങ്ങുണ്ടാകണം
പുനരോരിരുപത്തു പുരുഷരൊഴിയാതേ.
അയുതഗ്രാമാധിപനേതുവാഹനത്തിലും
നിയതം സഞ്ചരിക്കാം വാജികൾ നാലുവേണം.
അയുതമോരഞ്ചിനു പതിയാം സേനാധിപൻ
സതതം ബഹുഭൃത്യസഹിതം പോയിടേണം.
അധികമധികമാമാധിപത്യക്കണക്കിൽ
അധികമധികമായ് കല്പിക്കുമാഡംബരം.
അതുപോൽ ധനികന്മാർ, ഗുണികളെന്നിവൎക്കും
അധികക്കണക്കൊത്തു കല്പിപ്പൂ ബഹുമാനം.
ശ്രേഷ്ഠരാം ജനങ്ങൾക്കു മാനത്തിൽ ഹീനത്വവും
പെട്ടെന്നു ഹീനന്മാൎക്കു മാനത്തിലാധിക്യവും

പററാതെ നടത്തണം കാൎയ്യങ്ങൾ രാഷ്ട്രംതന്നിൽ
പുഷ്ടമോദേന ഭൂപൻ ശ്രേയസ്സിനാശിപ്പവൻ.
ഹീനമദ്ധ്യോത്തമന്മാരായിട്ടും കുടുംബികൾ-
ക്കൂനമെന്നിയേ പാൎപ്പാനിടങ്ങൾ കല്പിക്കണം
ഭൂമിപനെല്ലായ്പ്പൊഴും തന്നുടെ രാജ്യംതന്നിൽ
ഗ്രാമഭൂവിലും തഥാ നഗരപ്രദേശത്തും.
ദ്വാത്രിംശദ്ഹസ്തമത്തു ദൈൎഘ്യവുമതിൽപ്പാതി
വിസ്താരമത്തും ചേരും ഭൂമികളധമൎക്കും
തദ്ദ്വിഗുണമാം ഭൂമിയുത്തമന്മാൎക്കും തഥാ
സാൎദ്ധമാനമാം ഭൂമി നൽകണം മദ്ധ്യമൎക്കും.
കുടുംബമോരോന്നിൻെറ സ്ഥിതിയെ നോക്കി നൂനം
ഇടങ്ങൾ കല്പിക്കണം ന്യൂനാധിക്യങ്ങളെന്യേ.
ക്ഷിതിപാലരാലധികൃതരായീടുന്നവർ
സതതം വസിക്കണം ഗ്രാമത്തിൻ ബഹിൎഭാഗേ.
ഗ്രാമത്തിനുള്ളിൽ കടന്നീടരുതൊരിക്കലും
ഭൂമിപകാൎയ്യത്തിന്മേലല്ലാതെ സൈനികന്മാർ.
ഗ്രാമവാസികൾതമ്മേ യാതൊരുദിക്കിൽവച്ചും
ഹേമിച്ചുക്കൂടാ ഭടർ പീഡയും ചെയ്തുക്കൂടാ.
സൈനികജനങ്ങളും ഗ്രാമീണന്മാരുംതമ്മിൽ
ദൈനികവ്യവഹാരമൊന്നുമേ പാടില്ലതാൻ.
ശൌൎയ്യവൎദ്ധനയ്ക്കുള്ള ധൎമ്മോപദേശങ്ങളും
ശൌൎയ്യത്തെ വൎദ്ധിപ്പിക്കുമാട്ടവും കൂത്തും പാട്ടും
ഉൎവ്വീനായകൻ മുദാ സിദ്ധമാക്കുകവേണം
സൎവ്വമാം ദിനത്തിലും സൈനികന്മാൎക്കു ചെമ്മേ.
യുദ്ധാവൃത്തിയിലല്ലാതന്യമാം കാൎയ്യങ്ങളിൽ
പൃഥ്വീശൻ പ്രവേശിപ്പിക്കരുതു സൈന്യത്തിനേ.
സത്യമായ് സ്വാവൃത്തികൾ പാലിച്ചശേഷം നിജ-
സ്വത്തുക്കളെല്ലാം പോയി നശിച്ച ധനികരേ

കൃത്യമായ് മഹിനാഥനദ്ധാരിപ്പിക്കവേണം
ബദ്ധമോദേന കൃഷിക്കാരെയുമന്യരേയും.
നിശ്ചയമതേവിധം സൈനികധനികൾക്ക്
നിശ്ചയിച്ചങ്ങുവച്ച വേതനമതും തഥാ
തദ്ധനവ്യയത്തിന്റെ ത്രിംശാംശമതുംകൂടി
ചേർത്തിടിൽ വരും പാരദേശ്യവും നല്കീടണം.
എത്രയും ശ്രമപ്പെട്ടുമിവർതൻ വിത്തങ്ങളേ
പാർത്ഥിവൻ രക്ഷിക്കണം സ്വന്തമാം കോശംപോലെ.
മിഥ്യകൾ പെരുമാറും ധനികന്മാരിൽനിന്നും
പൃഥ്വീശൻ ഹരിക്കണം സർവ്വമാം ധനത്തെയും.
കൊടുത്ത ധനത്തിന്റെ നാന്മടങ്ങെഴും വട്ടി
കൊടുത്തുകഴിഞ്ഞതു വാങ്ങിച്ചിടിനശേഷം
ലഭിപ്പാൻ ധനമൊന്നുമുത്തമർണ്ണന്നു പിന്നേ
ഭവിപ്പാനില്ല ദ്രവ്യമധമർണ്ണങ്കൽ നിന്നും.

൮-ാം അദ്ധ്യായം സമാപ്തം.

ശുക്രനീതി സമാപ്തം

ശുഭം.

9835

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

ശ്രീരാമവിലാസം പ്രസ്സ്, (ബ്രാഞ്ച്) തിരുവനന്തപുരം.

B 986

# ശുക്രനീതി.

പി. വി. നാണുപിള്ള ബി. എ.

Indic Digital Archive Foundation
gpura.org